# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2021 ജൂലൈ 28, ബുധൻ

സ്പീക്കർ
**ശ്രീ. എം.ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

92/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം,എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശു വികസനവകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

## **ഉള്ളടക്കം**


*പേജ്*

**I ചോദ്യോത്തരങ്ങൾ** ..1

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..84

**II അടിയന്തരപ്രമേയം**

സ്വർണ്ണക്കടത്ത് കേസ്

— ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(അവതരണാനുമതി നിഷേധിച്ചു) ..442

**III ശ്രദ്ധക്ഷണിക്കൽ**

(1) ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക വകമാറ്റം

— ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ..457

(2) അനധികൃത മാലിന്യനിക്ഷേപം

— ശ്രീ. അൻവർ സാദത്ത് ..460

**IV സബ്മിഷൻ**

(1) കൊമേഴ്സ്യൽ കോംപ്ലക്സ് ആൻഡ് വെജിറ്റബിൾ സൂപ്പർ മാർക്കറ്റ്

— ശ്രീമതി കെ. കെ. രമ ..464

(2) റീസർവ്വേ നടപടികൾ

— ശ്രീ. കെ. യു. ജനീഷ് കുമാർ ..467

(3) റവന്യൂ ടവർ നിർമ്മാണം

— ശ്രീ. പി. ഉബൈദുള്ള ..469

*പേജ്*

(4) കൈവശ ഭൂമിക്ക് പട്ടയം

— ശ്രീ. പ്രമോദ് നാരായൺ ..472

(5) വന്യമൃഗ ശല്യം

— ശ്രീ. ടി. പി. രാമകൃഷ്ണൻ ..474

(6) ചെളി നീക്കം ചെയ്യൽ

— ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ..476

(7) പായൽ നീക്കം ചെയ്യൽ

— ശ്രീ. എം. വിൻസെന്റ് ..479

(8) കാർഷിക വിളകളുടെ വിലയിടിവ്

— ശ്രീ. പി. ടി. തോമസ് ..480

(9) ബൈപ്പാസ് നിർമ്മാണം

— ശ്രീ. എ. എൻ. ഷംസീർ ..483

(10) പാലം നിർമ്മാണം

— ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..484

**V ക്രമപ്രശ്നം**

ചട്ടവിരുദ്ധമായി ഉത്തരവിറക്കിയതു സംബന്ധിച്ച്

— പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ..486

**റൂളിംഗ്**

**VI ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ - V — ചരക്ക് സേവന നികുതിയും കാർഷികാദായവിൽപ്പന നികുതിയും ..491

*പേജ്*

ധനാഭ്യർത്ഥന നമ്പർ - VI — ഭൂനികുതി

ധനാഭ്യർത്ഥന നമ്പർ - XI — ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ - XXI — ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ - XXVI — പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

ധനാഭ്യർത്ഥന നമ്പർ— XXVIII — പലവക സാമ്പത്തിക സർവ്വീസുകൾ

**അനുബന്ധം** ..649

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ജൂലൈ 28, ബുധൻ*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2021 ജൂലൈ മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ.......

ചോദ്യം നമ്പർ *121 ചോദ്യം നമ്പർ *143-മായി ക്ലബ്ബ് ചെയ്യുന്നതിന് ചീഫ് വിപ്പ്, ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചോദ്യം നമ്പർ *121, *143 എന്നിവയ്ക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

### സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ

1 (*121) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. യു. എ. ലത്തീഫ്</u>:
<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധനപീഡനത്തെ തുടർന്നുള്ള ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം പോരുവഴിയിൽ വിസ്മയ എന്ന യുവതിയുടെ മരണം സംബന്ധിച്ച അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) 2011 മുതൽ 2016 വരെ 100 സ്ത്രീധന പീഡനമരണങ്ങളും ആത്മഹത്യയും സംസ്ഥാനത്തുണ്ടായിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിക്കുകയാണെങ്കിൽ ഇവയുടെ എണ്ണം 54 ആണ്. 2020-ലും 2021-ലും 6 വീതം ആത്മഹത്യാ കേസ്സുകളാണ് റിപ്പോർട്ട് ചെയ്തത്. സ്ത്രീധനപീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്തുണ്ടാകാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) കൊല്ലം ജില്ലയിലെ ചടയമംഗലം സ്വദേശി വിസ്മയ എന്ന പെൺകുട്ടി ഭർതൃഗൃഹത്തിൽ തൂങ്ങിമരണപ്പെട്ട സംഭവത്തിന് ശൂരനാട് പോലീസ് സ്റ്റേഷനിൽ IPC 498(A), 304(B) വകുപ്പുകൾപ്രകാരം ക്രൈം 791/2021 ആയി കേസ്സ് രജിസ്റ്റർ ചെയ്യുകയും കേസിന്റെ വിശദമായ അന്വേഷണം നടത്തിവരികയുമാണ്. നിലവിൽ കേസ്സന്വേഷണം അന്തിമഘട്ടത്തിലാണ്. വിവിധതരം ശാസ്ത്രീയ പരിശോധനാഫലങ്ങൾകൂടി ലഭിക്കേണ്ടതായിട്ടുണ്ട്. മരണപ്പെട്ട വിസ്മയയുടെ കുടുംബത്തിന്റെ അപേക്ഷ പരിഗണിച്ച് കേസിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറെ നിയോഗിച്ചിട്ടുണ്ട്.

(സി) സ്ത്രീകൾക്കെതിരെയുള്ള അക്രമം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത്തരം അക്രമം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. സ്ത്രീയെ രണ്ടാംകിട പൗരയായും കാഴ്ചവസ്തുവായും കാണുന്ന കാഴ്ചപ്പാടുകൾക്ക് എതിരെയുള്ള ബോധവത്ക്കരണം ഇതോടൊപ്പം ഉയർത്തിക്കൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. സമൂഹമാകെ യോജിച്ചുനിന്നുകൊണ്ട് നടത്തേണ്ടൊരു സമരമാണിതെന്ന നിലയിൽ അനുയോജ്യമായ വിധത്തിലുള്ള പ്രവർത്തന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ അനുഭവങ്ങൾകൂടി പരിശോധിച്ച് കൂടുതൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിയമ സംവിധാനങ്ങളിൽ ഉൾപ്പെടെയുള്ള മാറ്റങ്ങളും സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്. നിലവിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

1. സ്ത്രീകൾക്കെതിരെയുള്ള വിവിധ തരത്തിലുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ് തുടങ്ങിയവ ഈ രംഗത്തെ പോലീസ് ഇടപെടലിന്റെ ഭാഗമാണ്. എല്ലാ പോലീസ് ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലാണ്. അതോടൊപ്പം സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി 'അപരാജിത', 'നിഴൽ', 'വനിതാ സ്വയം പ്രതിരോധം' എന്നിവയും നടപ്പിലാക്കിവരുന്നു.

2. ദൃശ്യ-ശ്രവ്യ, സോഷ്യൽ മീഡിയകളിലൂടെ സ്ത്രീധന പീഡനത്തിനെതിരെയുള്ള വ്യാപകപ്രചരണങ്ങൾ നടക്കുന്നുണ്ട്. സ്ത്രീകളുമായി നിരന്തരം ഇടപെടുന്ന വിഭാഗമെന്ന നിലയിൽ സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവർക്ക് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയും അവകാശങ്ങളെയും സംബന്ധിച്ച് ബോധവത്ക്കരണം നടത്തിവരുന്നു. ഇതിലൂടെ സ്ത്രീകൾക്കിടയിൽ അവബോധം ഉയർത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

3. ഉദ്യോഗസ്ഥരുടെ ഇടയിലെ സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം സർക്കാർ ഉദ്യോഗസ്ഥരിൽനിന്ന് വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ജെൻഡർ അവയർനസ് ക്യാമ്പെയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

4. സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗ വിവേചനത്തിനെതിരായ അവബോധന പ്രവർത്തനങ്ങൾക്കുമാവശ്യമായ വിഹിതം പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

2 (*143) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെമേൽ ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീ സുരക്ഷ ഉറപ്പാക്കാനായി സർക്കാർ പുതുതായി നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനും സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹികപീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പോലീസ് താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

CAP (Children and Police) House, CCSE (Counter Child Sexual Exploitation), CCPWC Project (Cyber Crime Prevention against Women & Children). കുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൗൺസിലിംഗ് നൽകുന്നതിനും മറ്റുമായി 'CHIRI' പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ Child Friendly Police Station-കൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്കിത് വ്യാപിപ്പിക്കും. കുട്ടികളുടെ നഗ്നചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കുമെതിരെ സൈബർ ഡോമിന്റെ നേതൃത്വത്തിൽ " Operation P-Hunt" എന്ന പേരിൽ സൈബർ ഇടങ്ങളിൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ

സ്വീകരിച്ചുവരുന്നു. സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയും കുട്ടികളെ വിദഗ്ധ കൗൺസിലിംഗിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും കുട്ടികളുടെ ഇത്തരം അശ്ലീല ചിത്രങ്ങൾ നീക്കംചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ, ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് 28 ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഉപദ്രവങ്ങൾ, സൈബർ ലോകത്തെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് " 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

(1) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി.

(2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം.

(3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി.

(4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.

(5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി ‘ 181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്.

(6) ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു.

(7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം ലഭ്യമാണ്. ഇതിനുപുറമേ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏത് സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള "കമാൻഡ് സെന്ററി"ൽ ലഭ്യമാണ്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ക്യാമ്പെയിൻ സംഘടിപ്പിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(ബി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ പോലീസ് കർശന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ഉയരുകയോ ചെയ്താൽ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ഓരോ വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. നിലവിൽ വനിതാ പോലീസ് സ്റ്റേഷനില്ലാത്ത തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലാണ് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുക. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ സ്ത്രീ/ശിശു സൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ ചോദ്യം നിയമസഭയുടെ മുമ്പിൽ വന്നത് ഏത് സാഹചര്യത്തിലാണെന്ന് എല്ലാവർക്കുമറിയാം. കേരള ചരിത്രത്തിൽ, ഒരുപക്ഷേ ഇന്ത്യാ ചരിത്രത്തിൽത്തന്നെ ആദ്യമായാണ് ഒരു ഗവർണർക്ക് ഉപവാസമിരിക്കേണ്ട സാഹചര്യമുണ്ടായത്. സംസ്ഥാനത്തെ നിയമവാഴ്ച നോക്കുകുത്തിയായതിലുള്ള മനോവേദനയാണ് ഗവർണറെ അതിന് പ്രചോദിപ്പിച്ചത്, അത് പലർക്കും അരോചകമുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞയാഴ്ച ഗവർണറുടെ കത്ത് എല്ലാ എം.എൽ.എ.-മാർക്കും ലഭിച്ചിരുന്നു. അതിന്റെ ആദ്യവാചകത്തിൽ പറയുന്നത് 'സ്ത്രീധനവും ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ തുടരെയുണ്ടായ മരണങ്ങൾനിമിത്തം നമ്മുടെ പ്രിയ സംസ്ഥാനം വാർത്തയിൽ നിറയുന്ന പശ്ചാത്തലത്തിലാണ് ഞാൻ ഈ കത്ത് എഴുതുന്നത്' എന്നാണ്. ഗവർണറുടെ ഈ വരികൾ അഭിമാനമാണോ അപമാനമാണോ; ഈ ചുരുങ്ങിയ കാലയളവുകൊണ്ട് ഗവർണർ ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്കറിയില്ല. അങ്ങ് മുഖ്യമന്ത്രിയായതിനുശേഷം അല്ലെങ്കിൽ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായതിനുശേഷം സ്ത്രീധനവും ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് എത്ര മരണങ്ങളും ആത്മഹത്യകളും സംസ്ഥാനത്തുണ്ടായി; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഓരോ കാര്യവും ഓരോരുത്തരുടെ മനോഭാവമനുസരിച്ചാണ് കാണപ്പെടുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്നിന് അദ്ദേഹത്തിന്റേതായ മനോഭാവമുണ്ട്, പണ്ഡിതനുമാണ്; പക്ഷെ പാണ്ഡിത്യം മറ്റൊരു ഭാഗത്താണ്; അതിന്റെ ഭാഗമായാണ് ഗവർണറുടെ ഉപവാസത്തെക്കുറിച്ച് വളരെ തെറ്റായ രീതിയിൽ പരാമർശിച്ചത്. ഗവർണർ സമൂഹത്തെ ബോധവത്കരിക്കുന്ന തരത്തിലുള്ള ഗാന്ധിയൻ ഇടപെടലാണ് നടത്തിയത്. ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്നിനെപോലുള്ളവർക്ക് സംശയമുണ്ടായപ്പോൾ ഗവർണർതന്നെ അക്കാര്യം പരസ്യമായി വ്യക്തമാക്കിയിട്ടുമുണ്ട്. അതിനുശേഷവും ഇത്തരത്തിലുള്ള സംശയങ്ങൾ പ്രകടിപ്പിക്കുന്ന നിലയാണുണ്ടായത്. അദ്ദേഹം കഴിഞ്ഞ നിയമസഭയിലും അംഗമായിരുന്നു. ഞാൻ മുഖ്യമന്ത്രിയായി വന്നതാണോ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായി വന്നതാണോ ആദ്യം സംഭവിച്ചത് എന്നാണ് അദ്ദേഹം ചോദിച്ചത്. പക്ഷെ അദ്ദേഹത്തിന് ഓർമ്മക്കുറവുണ്ടെന്ന് ഇതുവരെയും മനസ്സിലായിട്ടില്ല. ബഹുമാന്യനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ചുമതലയേൽക്കുന്നതിനുമുമ്പ് റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. പി. സദാശിവം ഗവർണറായി ഇവിടെ ഉണ്ടായിരുന്നില്ലേ; അതെന്താണ് അദ്ദേഹം മറന്നുപോയത്. ഞാൻ മുഖ്യമന്ത്രി പദത്തിൽ എത്തിയ സമയം തന്നെയാണ് ആദ്യം ഉണ്ടായത്.

2016 മുതൽ 2021 വരെയുള്ള കാലയളവിൽനടന്ന ആത്മഹത്യയും മരണവുമെത്രയാണെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. 2011 മുതൽ 2016 വരെ നൂറ് സ്ത്രീധന പീഡന മരണങ്ങളും ആത്മഹത്യയും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്ന് നേരത്തേ സൂചിപ്പിച്ചതാണ്. 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിച്ചാൽ ഇവയുടെ എണ്ണം 54 ആണ്. 2020-ഉം 2021-ഉം പ്രത്യേകമായി പരിശോധിച്ചാൽ ആറുവീതം ആത്മഹത്യാകേസ്സുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും ദുഃഖിതരാണ്. സ്ത്രീധന പീഡനത്തിന്റെ ഭാഗമായ ആത്മഹത്യാശ്രമം, അതിലൂടെ സംഭവിക്കുന്ന മരണം, കൊലപാതകം എന്നിവയെല്ലാം നാടിന് അപമാനം വരുത്തിവയ്ക്കുന്നതാണ്. അക്കാര്യത്തിൽ നല്ലരീതിയിലുള്ള ബോധവത്കരണം നടത്തേണ്ടത് ഏറ്റവും പ്രധാനമാണ്. ബഹുമാന്യനായ ഗവർണറുടെ നടപടി ആ ബോധവത്കരണ പ്രക്രിയയെ വലിയതോതിൽ സഹായിക്കുകയാണ് ചെയ്തിരിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഞാൻ പാണ്ഡിത്യം വിളമ്പാനല്ല ശ്രമിച്ചത്; ബഹുമാനപ്പെട്ട ഗവർണറുടെ കത്തിലെ വരികൾ ഉദ്ധരിച്ചുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സംഭവത്തിനുശേഷം 'സ്ത്രീ വിൽപ്പന ചരക്കല്ല' എന്നുപറഞ്ഞ വാചകം സമൂഹത്തിന് നല്ല സന്ദേശമാണ് നൽകുന്നത്. ഈ അടുത്തകാലത്ത് ഒരു വീടിന്റെ പുറത്തുള്ള വാതിലിൽ 'സ്ത്രീധനം വാങ്ങുന്ന കല്ല്യാണത്തിന് ക്ഷണിക്കാൻ ഈ വീട്ടിൽ ആരും വരരുത് എന്നൊരു ബോർഡ് വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഈ ബോർഡിലെ വാചകവും മുഖ്യമന്ത്രിയുടെ പ്രസ്താവനയും നല്ലൊരു സന്ദേശമാണ് നൽകുന്നത്. ഇതുമായി ബന്ധപ്പെട്ട് സമൂഹത്തിൽ ബോധവൽക്കരണം ആവശ്യമാണ്. Male Government staffs in Kerala to give 'a no-dowry declaration' എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്, നല്ല കാര്യമാണ്. 1961-ൽ പാർലമെന്റിലൊരു ആക്ട് പാസ്സാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒരു എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുണ്ട്. സ്ത്രീപീഡനമുണ്ടായാൽ ഐ.പി.സി. വകുപ്പ് 498 എ പ്രകാരം പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടാൽ കേസെടുക്കാറുണ്ട്. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ ഏതെങ്കിലും സ്ത്രീ പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെല്ലുമ്പോൾ ലഭിക്കുന്ന മറുപടി, കൊറോണക്കാലം കഴിഞ്ഞ് കേസെടുക്കാമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഗൗരവമേറിയ ഇത്തരം കേസ്സുകൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക സൗകര്യമൊരുക്കണം.

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം പറഞ്ഞത് വാസ്തവ വിരുദ്ധമായ കാര്യമാണ്. കേരളത്തിലെ ക്രമസമാധാനനിലയ്ക്ക് ഭംഗംവരുന്ന കാര്യം ഏതെങ്കിലും പ്രദേശത്ത് സംഭവിച്ചാൽ അതുമായി ബന്ധപ്പെട്ട പരാതികൾ കൊറോണയായതുകൊണ്ട് മാറ്റിവയ്ക്കുന്ന രീതിയുണ്ടാകുന്നില്ല. പരാതികൾ പോലീസ് ഗൗരവമായി കാണുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ ഘട്ടത്തിൽ എത്രയോ കാര്യങ്ങൾ തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. സ്ത്രീപീഡനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്.

ശ്രീ. യു. എ. ലത്തീഫിനുവേണ്ടി (പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ): സർ, അങ്ങ് മറുപടിയിൽ പറഞ്ഞതുപോലെ ധാരാളം നിയമങ്ങളുണ്ടെങ്കിലും, അവ പ്രാവർത്തികമാകുന്നില്ല. അങ്ങയുടെ മറുപടിയിൽ 'അപരാജിത' പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 'അപരാജിത' ആരംഭിച്ച ദിവസംതന്നെ ഏകദേശം 108 കേസ്സുകൾ ഫോണിലൂടെയും 218 കേസ്സുകൾ അപേക്ഷയായും ലഭിച്ചിരുന്നു. നിയമങ്ങളുണ്ടെങ്കിലും അത് പരിപൂർണ്ണമായും നടപ്പിലാകുന്നില്ല. ഗവൺമെന്റ് സർവ്വീസിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ വിവാഹം കഴിക്കുമ്പോൾ വിവാഹം രജിസ്റ്റർചെയ്ത് സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ സ്ത്രീധനം വാങ്ങിയിട്ടില്ലെന്നും സ്ത്രീധനം വാങ്ങുന്നില്ലെന്നുമുള്ള സത്യവാങ്മൂലം മേലുദ്യോഗസ്ഥർക്ക് നൽകണമെന്നാണ്. അതുപോലെ Dowry Prohibition Officer-മാരുമുണ്ട്. സർക്കാരുദ്യോഗസ്ഥർക്ക് ലഭിക്കുന്ന തരത്തിലുള്ള വിവാഹ സർട്ടിഫിക്കറ്റ് സമൂഹത്തിൽ സാർവ്വത്രികമാക്കാൻ കഴിയുമോ; ഡൗറി പ്രൊഹിബിഷൻ ഓഫീസേഴ്സിന് നൽകിയിരിക്കുന്ന ഡെസിഗ്നേറ്റഡ് അധികാരത്തിനുപകരമായി അവർക്ക് കല്യാണം നടക്കുന്ന സ്ഥലത്ത് സ്പോട്ട് ഇൻസ്പെക്ഷൻ നടത്തി നേരിട്ട് കേസെടുത്ത് നിയമനടപടികൾ സ്വീകരിക്കാൻകഴിയുന്ന തരത്തിൽ നിയമത്തിൽ മാറ്റംവരുത്താൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടെയും പരിമിതിയാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. രാജ്യത്ത് നിയമം നിലനിൽക്കുന്നുണ്ടെങ്കിലും വിദ്യാസമ്പന്നരുൾപ്പെടെ നിയമവൈദഗ്ദ്ധ്യം നേടിയവർപോലും അത് ശരിയായ രീതിയിൽ പാലിക്കുന്നില്ല. സ്ത്രീധനം വാങ്ങാനും കൊടുക്കാനും തയ്യാറായി ഒരു വിഭാഗം ആളുകൾ സമൂഹത്തിലുണ്ട്. സ്ത്രീധനം നൽകില്ല, വാങ്ങുകയുമില്ലെന്ന നിലയിലേയ്ക്ക് സമൂഹത്തിന്റെ പൊതുബോധം ഉയർത്തണം. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ അങ്ങനെയൊരു പ്രക്രിയ ഉയർന്നുവരുമ്പോൾ നിയമത്തിലോ ചട്ടങ്ങളിലോ ശക്തിപ്പെടുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അത് ചെയ്യാവുന്നതാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, നിലവിൽ കോടതികളിലെ തിരക്കു കാരണം സ്ത്രീധനപീഡനമുൾപ്പെടെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംഭവിച്ച് മാസങ്ങൾ കഴിഞ്ഞ് കോടതികളിലെത്തുന്ന കേസ്സുകളിലെ കുറ്റാരോപിതർക്ക് അർഹമായ ശിക്ഷവിധിക്കുന്നതിന് പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിലൊരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇതിനുവേണ്ടി പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറൽ ബഹുമാന്യനായ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ചർച്ചചെയ്യുകയും അദ്ദേഹം അതിനോട് യോജിപ്പ് പ്രകടിപ്പിച്ചിരിക്കുകയുമാണ്. അത് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ നടത്തുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ കേരളീയ പൊതുസമൂഹത്തിന് മതിപ്പാണുള്ളത്. പലപ്പോഴും അക്രമങ്ങൾ കുറയ്ക്കുന്നതിന് കൂടുതൽ അവബോധമുണ്ടാക്കേണ്ടതാവശ്യമാണെന്ന അഭിപ്രായം പൊതുവിലുണ്ട്. അതുകൊണ്ട് സ്കൂൾ കരിക്കുലത്തിൽ പ്രത്യേകിച്ച് ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസുകളിലെ പാഠ്യഭാഗങ്ങളിൽ സ്ത്രീപക്ഷ നിയമങ്ങളും മറ്റ് നിയമങ്ങളിലെ പ്രസക്ത വകുപ്പുകളും ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ഉദാഹരണമായി, ഇൻഡ്യൻ പീനൽ കോഡിലെ 354, 376, 498 എ തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരിരക്ഷയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അത്തരം അവബോധം സമൂഹത്തിൽ വ്യാപകമാക്കുന്നതിന് ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലങ്ങളിലെ പാഠ്യപദ്ധതിയിൽ സ്ത്രീപക്ഷ നിയമങ്ങളുടെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, വളരെ പ്രസക്തമായ കാര്യമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ബോധവൽക്കരണത്തിലെ പ്രധാനഘടകം വളർന്നുവരുന്ന കുഞ്ഞുങ്ങളിൽ അതിനെക്കുറിച്ച് ധാരണയുണ്ടാക്കുക എന്നതാണ്. അത് കൃത്യമായി നടത്തിയാൽ ഒരു കുഞ്ഞ് വളർന്ന് മുതിർന്ന ആളാകുമ്പോൾ പ്രതികരിക്കുന്ന നില അവരിലുണ്ടാകും. സ്ത്രീധനത്തിനെതിരെ പൊതുബോധം ഉയർത്തത്തക്കനിലയിൽ ആവശ്യമായ കാര്യങ്ങൾ പാഠഭാഗത്തിലുൾപ്പെടുത്തേണ്ടതുണ്ടെന്നാണ് സർക്കാർ കാണുന്നത്. ഇക്കാര്യം നേരത്തേതന്നെ പരസ്യമായി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത്തരം പീഡനങ്ങളെ സംബന്ധിച്ച് വീടുകളിലെത്തി വിവരം ശേഖരിക്കുന്നതിന് പോലീസിന്റെ പ്രത്യേകവിഭാഗത്തെ നിയോഗിച്ചിട്ടുണ്ടോ; അതോടൊപ്പം 498A ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, 498 A എന്നുപറഞ്ഞാൽ എനിക്ക് മനസ്സിലാകില്ല, ഞാനൊരു നിയമജ്ഞനല്ല. അത് കൃത്യമായി പറഞ്ഞാൽ മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പ്രമോദ് നാരായൺ: സർ, ലോകത്തെ വികസിത രാജ്യങ്ങൾക്ക് മാതൃകയാകുന്ന അതിശക്തമായ നടപടിയാണ് സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് ലോകത്തെ വികസിതരാജ്യങ്ങൾ ഫലപ്രദമായി പരീക്ഷിക്കുന്ന സമ്പ്രദായമാണ് റെസ്പോൺസിബിൾ പാരന്റിംഗ്. ഒരു പെൺകുട്ടിയും തന്റെ ഇരയല്ലെന്നും മറിച്ച് ഓരോപെൺകുട്ടിയും തന്റെ ഉത്തരവാദിത്വമാണെന്നുമുള്ള ബോദ്ധ്യത്തിലേയ്ക്ക് കുട്ടികളെ കൊണ്ടുവരാൻ സാധിക്കുന്നതരത്തിലുള്ള റെസ്പോൺസിബിൾ പാരന്റിംഗ് വീടുകളിൽനിന്നുതന്നെ ആരംഭിക്കാനും വിവാഹപൂർവ്വ കൗൺസിലിംഗുകളിൽ രക്ഷകർത്താക്കൾകൂടി പങ്കാളികളാകുന്ന സമഗ്ര പദ്ധതി ആവിഷ്കരിക്കാനും സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കരുതലുകൾ സ്വീകരിക്കേണ്ടതുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഇക്കാര്യത്തിൽ ഉൾപ്പെടുത്താവുന്നതും അതിനുള്ള പരിശ്രമം നടത്താവുന്നതുമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ സർക്കാരും കഴിഞ്ഞ സർക്കാരും സ്ത്രീധനവിരുദ്ധ പ്രവർത്തനങ്ങൾക്കായി ശക്തമായ നിലപാടെടുത്തിട്ടുണ്ട്. 2019-ൽ സംസ്ഥാന വനിതാ-ശിശുക്ഷേമ വകുപ്പിന്റെ കീഴിൽ ധാരാളം പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. നവംബർ 26-ന് സ്ത്രീധനവിരുദ്ധ ദിനമായി സംസ്ഥാന സർക്കാർ ആചരിക്കുകയാണ്. സ്ത്രീകൾ ആദരിക്കപ്പെടുന്ന സ്ഥലങ്ങളിൽ ദേവന്മാർ വിരാജിക്കുന്നുവെന്നാണ് ഭാരതീയ കാഴ്ചപ്പാട്. സമൂഹത്തിൽ പലപ്പോഴും വളരെയേറെ അക്രമങ്ങൾക്കും അതിക്രമങ്ങൾക്കും സ്ത്രീകളിരയാകുന്ന സാഹചര്യം ദുഃഖകരമാണ്. പിങ്ക് പോലീസ് സംവിധാനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; അതിനായി കൂടുതൽ പോലീസുദ്യോഗസ്ഥരെ വിന്യസിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, പിങ്ക് പോലീസ് സംവിധാനം പൊതുവിൽ ഗുണകരമാണ്; അത് കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികളെ കൊലയ്ക്കുകൊടുക്കുന്ന സംഭവങ്ങളും സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും നാട്ടിൽ വർദ്ധിച്ചുവരികയാണ്. മിക്കവീടുകളിലും പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നതോടെ മാതാപിതാക്കൾ കടക്കെണിയിലാകുന്നത് പെൺകുട്ടികൾക്ക് അലോസരമുണ്ടാക്കുന്നു. വിവാഹ ശേഷം പെൺകുട്ടികൾ ഭർതൃവീടുകളിൽ ചെല്ലുമ്പോൾ വീണ്ടും സ്വർണ്ണത്തിനും വാഹനത്തിനും പണത്തിനുംവേണ്ടി നിർബന്ധിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തിരിച്ച് സ്വന്തം വീട്ടിലേയ്ക്ക് പോകുകയെന്നതാണ് ആ കുട്ടിയുടെ മുമ്പിലുള്ള വഴി. പക്ഷെ തന്റെ വിവാഹം നടത്തി കടക്കെണിയിൽപ്പെട്ട കുടുംബത്തിന് താൻ ഭാരമാകരുതെന്ന് കരുതിയാണ് പെൺകുട്ടികൾ ആത്മഹത്യയിലേയ്ക്ക് പോകുന്നത്. മറ്റൊരു വിഷയം, വിവാഹമോചിതയായ പെൺകുട്ടിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട് സംബന്ധിച്ചാണ്. Patriarchal Society-യിൽ ആണുങ്ങൾ തെറ്റ് ചെയ്യാറില്ലെന്നും സ്ത്രീകളാണ് തെറ്റു ചെയ്യുന്നതെന്നുമുള്ള ചിന്തയാണ് സമൂഹത്തിനുള്ളത്. വിവാഹമോചിതരാകുന്നത് പെൺകുട്ടിയുടെ കുറ്റമാണെന്ന് ധരിച്ചുവയ്ക്കുന്ന സമൂഹംകൂടിയാണിത്. ഒരു പെൺകുട്ടിക്ക് ഇത്തരം പ്രശ്നമുണ്ടായാൽ സംസ്ഥാനവും സമൂഹവും പെൺകുട്ടിയെ സംരക്ഷിക്കുമെന്ന് ഉറപ്പുവരുത്തണം. അത്തരം സന്ദർഭങ്ങളിലാണ് വനിതാ കമ്മീഷൻപോലുള്ള പ്രസ്ഥാനങ്ങൾ പെൺകുട്ടികളുടെ വിശ്വാസ്യത തകർന്നു പോകാതെ അവർക്ക് ആത്മവിശ്വാസവും ആത്മധൈര്യവും പകരുന്നരീതിയിൽ സംരക്ഷണം നൽകേണ്ടത്. ഇക്കാര്യത്തിൽ സർക്കാർ മുൻകയ്യെടുക്കണം. സ്ത്രീധനപീഡനം സഹിക്കാനാകാതെ നിരവധി പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായിട്ടും ഇന്ത്യൻ പീനൽ കോഡിലെ വകുപ്പ് 304 ബി പ്രകാരം പോലീസ് കേസെടുക്കുന്നത് കുറവാണ്. 2019-ൽ എട്ടും 2020-ൽ അതിനേക്കാൾ കുറവും കേസ്സുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇത് ജീവപര്യന്തംവരെ തടവുശിക്ഷ കിട്ടുന്നതാണ്. യഥാർത്ഥ തെളിവുകൾ ലഭിക്കുകയും വിവാഹംകഴിഞ്ഞ് ഏഴുവർഷത്തിനുള്ളിൽ സംഭവിക്കുന്ന കൃത്യമായ സ്ത്രീധന മരണമാണെന്ന് ഉറപ്പുള്ള കേസ്സുകളിൽ നിർബന്ധമായും ഐ.പി.സി. വകുപ്പ് 304 ബി ചുമത്തി കേസെടുക്കാനുള്ള നിർദ്ദേശം പോലീസിന് കൊടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ചോദ്യത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞ കാര്യങ്ങൾ പ്രസക്തിയുള്ളതാണ്. സംസ്ഥാനത്തിന്റെ പൊതുവായ സാമൂഹിക രംഗം എങ്ങനെ ശക്തിപ്പെടണമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതിനോട് സർക്കാർ പൂർണ്ണമായും യോജിക്കുന്നു. Patriarchal Society-യുടെ മനോഭാവത്തിൽ വലിയ മാറ്റം വരേണ്ടതുണ്ട്. ഏതെങ്കിലും പെൺകുട്ടിക്ക് ഇത്തരം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവരുമ്പോൾ അത് ചോദ്യംചെയ്യാൻ പെൺകുട്ടിയും തയ്യാറാകുന്ന നിലയിലുള്ള മാനസികാവസ്ഥ യുണ്ടാകണം. കുടുംബം തുടർന്നും കൂടുതൽ ഭാരംതാങ്ങേണ്ടിവരുമെന്ന് ആലോചിച്ച് യുവതികൾ നിസ്സഹായാവസ്ഥയിൽപ്പെടുകയാണ്. അത്തരം ദുർബലാവസ്ഥയാണ് കൂടുതൽ അപകടങ്ങളിലേയ്ക്കെത്തിക്കുന്നത്. പൊതുവായി സ്ത്രീശാക്തീകര ണമെന്ന അവസ്ഥ സമൂഹത്തിൽ കൂടുതൽ ഉണ്ടാകേണ്ടതുണ്ട്. അതിനാവശ്യമായ കാര്യങ്ങളൊക്കെ ചെയ്യുന്നതാണ്. പോലീസിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന പരാതികൾക്ക് കൃത്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച തരത്തിലുള്ള സംഭവങ്ങൾ പ്രത്യേകമായി ഉന്നയിച്ചാൽ അതിനുത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതാണ്. ആവശ്യമായ എല്ലാ കരുതലുകളും ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി സി. കെ. ആശ:</u> സർ, ഏറ്റവും കൂടുതൽ സൈബർ ആക്രമണങ്ങൾക്കിരയാകുന്നത് സ്ത്രീകളാണ്. സർക്കാർ നടപ്പിലാക്കിവരുന്ന സ്ത്രീസുരക്ഷയുടെ ഭാഗമായി സൈബർ ഇടങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, സൈബർ ആക്രമണങ്ങൾക്ക് വലിയതോതിൽ സ്ത്രീകളും കുട്ടികളും ഇരയാകുന്നുവെന്നുള്ളത് ശരിയാണ്. അക്കാര്യത്തിൽ പ്രത്യേക സുരക്ഷയൊരുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്; തുടർന്നും സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ:</u> ധാരാളം ബഹുമാനപ്പെട്ട അംഗങ്ങൾ ഉപചോദ്യം ആവശ്യപ്പെട്ടിരുന്നു. പൊതുവിൽ സ്ത്രീധനമെന്ന സാമൂഹിക വിപത്തിനെതിരെയുള്ള സഭയുടെ വികാരമാണ് ഇവിടെ പ്രകടമായിട്ടുള്ളത്. അടുത്ത ചോദ്യത്തിലേയ്ക്ക് പോകാം.

## മദ്രസ അദ്ധ്യാപക ക്ഷേമനിധി

3 (*122) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ അദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ ശമ്പളം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മദ്രസ അദ്ധ്യാപകർക്ക് സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) മദ്രസ അദ്ധ്യാപകർക്കായി കേരളത്തിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണഭോക്തൃ വിഹിതവും സർക്കാർ വിഹിതവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ ആകെ എത്ര അംഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ഇ) മദ്രസ അദ്ധ്യാപക ക്ഷേമനിധിക്കായി സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഇല്ല.

(ബി) മദ്രസാദ്ധ്യാപകർക്കായി സംസ്ഥാന സർക്കാർ ഒരു ആനുകൂല്യങ്ങളും നൽകുന്നില്ല. എന്നാൽ അവർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മദ്രസാദ്ധ്യാപകർക്കായി കേരളത്തിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലംഗമായ ഓരോ മദ്രസാദ്ധ്യാപകനും 50 രൂപയും ടിയാൻ അംഗമായ കമ്മിറ്റി 50 രൂപയും വീതം പ്രതിമാസം അംശദായം അടയ്ക്കേണ്ടതാണ്. ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിനും മെച്ചപ്പെട്ട ആനുകല്യങ്ങളുറപ്പാക്കാനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഗ്രാന്റിൽനിന്നും കോർപ്പസ് ഫണ്ടായി സർക്കാർ തുക അനുവദിക്കുന്നുണ്ട്. പലിശരഹിത നിക്ഷേപമായ ഇ-ഫണ്ട് ഇൻഷ്വറൻസ് പ്രീമിയം, സേവന ചാർജ്ജ്, വിരമിക്കുന്ന അംഗങ്ങൾക്കുള്ള തുക, സർക്കാർ അംഗീകരിക്കുന്ന മറ്റ് ചെലവുകൾ എന്നിവ നിറവേറ്റാനുപയോഗിക്കുന്നു.

(ഡി) 23,809.

(ഇ) കേരള മദ്രസാദ്ധ്യാപക ക്ഷേമനിധിക്ക് കോർപ്പസ് ഫണ്ടായി 2010-ൽ 10,00,00,000 (പത്ത് കോടി രൂപമാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 2015-2016 സാമ്പത്തിക വർഷത്തിൽ ട്രഷറിയിലെ പലിശരഹിതനിക്ഷേപത്തിനുള്ള ഇൻസെന്റീവായി 3,75,33,000 (മൂന്നുകോടി എഴുപത്തിയഞ്ചുലക്ഷത്തി മുപ്പത്തിമൂവായിരം രൂപമാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 4,01,99,412 (നാല് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നാനൂറ്റിപന്ത്രണ്ട് രൂപമാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാരിൽനിന്ന് മദ്രസ അദ്ധ്യാപകർക്കായി പ്രത്യേകിച്ച് ആനുകൂല്യങ്ങൾ നൽകുന്നില്ലെന്നും ക്ഷേമനിധിയിൽനിന്നുള്ളവ മാത്രമാണ് നൽകുന്നതെന്നും വ്യക്തമാക്കുകയുണ്ടായി. മദ്രസ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുക്കുന്നുവെന്ന പ്രചരണങ്ങൾ ന്യൂനപക്ഷങ്ങൾ വലിയതോതിൽ ഉയർത്തുന്നു. അനർഹമായത് നേടിക്കൊണ്ടു പോകുന്നുവെന്നും മുസ്ലീങ്ങൾ പലതും നേടിയെടുക്കുന്നുവെന്നും സമൂഹ മാധ്യമങ്ങളിലും പൊതുസമൂഹത്തിലും വലിയ രീതിയിലുള്ള പ്രചരണം നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കിയതുപോലെ ഏതെല്ലാം സമുദായങ്ങൾക്ക് ഏതെല്ലാം രീതിയിലുള്ള സഹായങ്ങൾ സർക്കാർ നൽകുന്നുവെന്നത് സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കി വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശ്രീ. ടി. വി. ഇബ്രാഹിം ഉന്നയിച്ച ചോദ്യത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞ കാര്യം വസ്തുതയാണ്. സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കാനുള്ള ഒരുപാട് ശ്രമങ്ങൾ ചില വർഗ്ഗീയ താല്പര്യങ്ങൾവച്ചുകൊണ്ട് ഉയർന്നുവന്നുവെന്നത് ശരിയാണ്. അതിന്റെ ഭാഗമായി എന്തോ അനർഹമായ ആനുകൂല്യങ്ങൾ നേടിക്കൊണ്ടിരിക്കുന്ന വിഭാഗമാണ് മുസ്ലീം വിഭാഗം എന്ന ചിത്രം വരച്ചുകാണിക്കാൻ ചിലർ ശ്രമിച്ചുവെന്നതും ശരിയാണ്. അത് ഗൗരവമായി കാണേണ്ടതുണ്ട്. ഒരു മതനിരപേക്ഷ സമൂഹം എന്ന നിലയ്ക്ക് മതനിരപേക്ഷത ശക്തിപ്പെടുത്തുന്ന നിലപാടുകളാണ് എല്ലാഭാഗത്തുനിന്നും ഉയർന്നുവരേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ഒരു ധവളപത്രമിറക്കേണ്ട ആവശ്യകത ഉയർന്നുവരുന്നില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സമൂഹമാധ്യങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വലിയരീതിലുള്ള പ്രചരണം വന്നപ്പോൾ അന്ന് സർക്കാർ ഇത് വ്യക്തമാക്കാത്തതിനാലാണ് സാമൂഹികാന്തരീക്ഷം കൂടുതൽ വഷളായത്.

അതുകൊണ്ടാണ് ധവളപത്രമിറക്കുമോയെന്ന് ചോദിച്ചത്. മദ്രസാദ്ധ്യാപകർ അംശദായമായി പ്രതിമാസം 100 രൂപ അടച്ചുകൊണ്ടാണ് ക്ഷേമനിധി നിലനിർത്തുന്നത്. എന്നാൽ മറ്റ് ക്ഷേമനിധികൾ, ഉദാഹരണത്തിന് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ മാസത്തിൽ 10 രൂപവച്ച് വർഷത്തിൽ 120 രൂപയാണ് അവർ അടയ്ക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് 2009-ൽ 10 കോടി രൂപയും 2016-ൽ 3.75 കോടി രൂപയും മാത്രമാണ് ഇതിന് കൊടുത്തിട്ടുള്ളതെന്നാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഒരു നയാപൈസപോലും കൊടുത്തിട്ടില്ല. കെട്ടിടം മോടിപിടിപ്പിക്കാനുള്ള ചെലവ് 32 ലക്ഷം രൂപയാണ്. മാത്രമല്ല ക്ഷേമനിധി നിലനിൽക്കുന്നതിനു വേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡിന്റെ ചെയർമാന് വലിയ തുക ഓണറേറിയമായി നൽകുന്നു.18 പേരാണ് അതിലംഗങ്ങളായിട്ടുള്ളത്. അവരുടെ യാത്രാബത്ത തുടങ്ങിയ മറ്റ് ചെലവുകൾ മുഴുവൻ വഹിക്കുന്നത് പാവപ്പെട്ട മദ്രസാദ്ധ്യാപകർ കൊടുക്കുന്ന 100 രൂപയുടെ ക്ഷേമനിധി വിഹിതത്തിൽ നിന്നാണ്. സത്യത്തിൽ സർക്കാരെന്താണ് ചെയ്യുന്നത്; അധിക ചെലവുകൾ നിയന്ത്രിക്കാനും സപ്പോർട്ട് ചെയ്യാനും സഹായിക്കാനും എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അദ്ദേഹം യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമല്ല. മദ്രസാദ്ധ്യാപക ക്ഷേമനിധിക്ക് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങളുണ്ടെങ്കിൽ മാത്രമേ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അത്തരത്തിലൊരു പ്രയാസം ഇപ്പോൾ നിലനിൽക്കുന്നില്ലെന്നാണ് തോന്നുന്നത്. എന്നാൽ ഇതിന്റെ പേരിൽ സർക്കാരിനെ കുറ്റപ്പെടുത്താനാകുമോ എന്നാണ് അദ്ദേഹം നോക്കുന്നത്. അത് അത്ര എളുപ്പത്തിൽ സാധിക്കില്ല. 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 4,01,99,412 രൂപ അനുവദിച്ച കാര്യം ചോദ്യത്തിനുത്തരമായി പറഞ്ഞതാണ്. ഇപ്പോൾ എന്റെ പക്കൽ ഓരോ വർഷത്തെയും ഇനംതിരിച്ച കണക്കില്ല. ഇക്കാര്യത്തിൽ സർക്കാർ ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നുണ്ട്. മദ്രസാദ്ധ്യാപക ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികളുണ്ടായിട്ടില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ച തരത്തിൽ മദ്രസാദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനത്തിനായി നേരത്തെ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ പ്രയാസമൊന്നുമില്ലാതെ കാര്യങ്ങൾ നടന്നുവരികയാണ്. എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോഴാണ് മറ്റുകാര്യങ്ങൾ ചിന്തിക്കേണ്ടത്.

ശ്രീ. നജീബ് കാന്തപുരം: സർ, സാമൂഹിക ജീവിതത്തെ ആഴത്തിൽ മുറിവേൽപ്പിക്കുന്ന തരത്തിലുള്ള വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ പ്രചരിപ്പിക്കുന്ന സാഹചര്യമുണ്ട്. അതിന് സംഘ്പരിവാറാണ് കേരളത്തിൽ ഏറ്റവുംകൂടുതൽ ശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്നത് എല്ലാവർക്കുമറിയാം. വളരെ ആസൂത്രിതമായി ചില ക്രിസ്ത്യൻ വ്യാജ പ്രൊഫൈലുകളുപയോഗിച്ച് ഇത്തരത്തിലുള്ള പ്രചരണങ്ങൾക്ക് കൊഴുപ്പുകൂട്ടുന്നത് മദ്രസാദ്ധ്യാപകർക്ക് പൊതുഖജനാവിൽനിന്ന് വലിയ തുക നൽകുന്നുവെന്ന് പറഞ്ഞുകൊണ്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് അറുതിവരുത്തിക്കൊണ്ട് വളരെ കൃത്യതയോടെ മദ്രസാദ്ധ്യാപകർക്ക് ഒരു രൂപപോലും നൽകുന്നില്ലെന്ന് സഭയിൽ വ്യക്തമാക്കുകയുണ്ടായി. ഈ പ്രചരണം തടയാനും വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാനും തയ്യാറാകുമോ; ഇത്തരം പ്രചരണം നടത്തുന്നവർക്കെതിരെ ഏതെങ്കിലും കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സമൂഹത്തിൽ സംഘ്പരിവാർ ഈ പ്രവർത്തനം നടത്തുന്നുവെന്നുപറയുന്നത് ശരിയാണ്. അതിനോട് പൂർണ്ണമായും യോജിപ്പാണുള്ളത്. പക്ഷെ അദ്ദേഹത്തിന്റെ ചോദ്യത്തിലെ മറ്റൊരുഭാഗത്ത് പറഞ്ഞ കാര്യത്തോട് യോജിക്കുന്നില്ല. സമൂഹത്തിലെ പ്രധാന ജനവിഭാഗങ്ങൾ എന്നുപറയുന്നത് ഹൈന്ദവർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നിവരും അതിനുപുറമെ മറ്റുവിഭാഗങ്ങളുമുണ്ട്. എല്ലാ വിഭാഗങ്ങളും മതനിരപേക്ഷതയ്ക്ക് ഊന്നൽകൊടുത്ത് പ്രവർത്തിക്കുന്നവരാണ്. സമൂഹത്തിൽ ഏറ്റവും കൂടുതൽ കരുത്താർജ്ജിക്കേണ്ടത് മതനിരപേക്ഷതയിലാണ്. ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ മഹാഭൂരിപക്ഷംപേരും മതനിരപേക്ഷതയ്ക്കുവേണ്ടി നിലകൊള്ളുന്നവരാണ്. എന്നാൽ വർഗ്ഗീയതാൽപ്പര്യത്തോടെ തെറ്റായ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ സമൂഹം ജാഗ്രത പാലിക്കേണ്ടതുണ്ട്. ക്രൈസ്തവ സമൂഹം പൊതുവിൽ വർഗ്ഗീയ കാര്യങ്ങൾ അത്രയധികം ഉയർത്തിക്കൊണ്ടുവരുന്നവരല്ല. അത് വ്യാജ പ്രൊഫൈലാണെന്ന് അദ്ദേഹം പറഞ്ഞപ്പോൾത്തന്നെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ തിരുത്താൻ ശ്രമം നടത്തിയതിനെ നമ്മൾ തെറ്റിദ്ധരിക്കേണ്ടതില്ല. വർഗ്ഗീയശക്തികൾ പല രൂപത്തിലും വേഷത്തിലും വരും. ചിലപ്പോൾ മറ്റുള്ളവരുടെ പേരുകൾ സ്വീകരിച്ചുകൊണ്ട് ഈ പ്രചരണത്തിന് ആക്കം കൂട്ടിയെന്നുംവരും അതിൽ കുടുങ്ങാതിരുന്നാൽ മതി. അത്തരം കാര്യങ്ങളിൽ യോജിച്ചുനിന്നുകൊണ്ട് വർഗ്ഗീയനീക്കങ്ങളെ പൂർണ്ണമായുമെതിർക്കുന്ന നിലപാട് സ്വീകരിക്കാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ന്യൂനപക്ഷ ക്ഷേമനിധിക്കുവേണ്ടി 2010-ൽ അന്നത്തെ ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാർ കോഴിക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ 10 കോടി രൂപ കോർപ്പസ് ഫണ്ടായി നിക്ഷേപിച്ചിരുന്നു. പലിശ ഉപയോഗിച്ചുകൊണ്ടാണ് ഈ ക്ഷേമനിധി പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കിയ അദ്ധ്യാപകർ ക്ഷേമനിധിയിൽ ചേരാൻ വൈമനസ്യം പ്രകടിപ്പിച്ചു. പിന്നീടുവന്ന യു.ഡി.എഫ്. സർക്കാർ ആ സംഖ്യ ട്രഷറിയിലേയ്ക്ക് മടക്കിനിക്ഷേപിക്കുകയും വർഷംതോറും ഗ്രാന്റടിസ്ഥാനത്തിൽ പണംനൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ക്ഷേമനിധിയിലേയ്ക്ക് 3.75 കോടി രൂപ ഗ്രാന്റായി നൽകുകയും ചെയ്തു. അതിനുശേഷം വന്ന എൽ.ഡി.എഫ്. സർക്കാർ നാളിതുവരെ ഒരു നയാപൈസപോലും ആ ക്ഷേമനിധിക്ക് നൽകിയിട്ടില്ല. ഈ തുക നൽകാനുദ്ദേശിക്കുന്നുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വിശദീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ക്ഷേമനിധിയുടെ നടത്തിപ്പിന് പ്രയാസങ്ങളുണ്ടാകുമ്പോൾ ആവശ്യമായ സഹായം സർക്കാർ നൽകുമെന്ന് വ്യക്തമാക്കിയതാണ്. ഇപ്പോൾ മറ്റുതരത്തിലുള്ള പ്രയാസങ്ങൾ ഇല്ലാത്തതു കൊണ്ടാണ് വലിയതോതിൽ പ്രശ്നങ്ങളുണ്ടാകാതെ പോകുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പങ്കെടുത്ത കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ചചെയ്ത കാര്യത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. സഭമുമ്പാകെ വരുന്ന ചോദ്യങ്ങൾക്ക് തലക്കെട്ട് നൽകുന്നതും മറ്റനുബന്ധ കാര്യങ്ങൾ ചെയ്യുന്നതും നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നാണ്. ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് സമൂഹത്തിൽ വ്യാജപ്രചരണം നടത്തി വർഗ്ഗീയ ചേരിതിരിവുണ്ടാക്കുന്ന ചോദ്യങ്ങളാണ് ഇവിടെ വരുന്നത്. ശ്രീ. നജീബ് കാന്തപുരം വ്യാജ പ്രൊഫൈലെന്ന് പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. സമൂഹത്തിൽ ചേരിതിരിവുണ്ടാക്കുന്നതിന് ഇല്ലാത്ത കാര്യങ്ങൾ പറയുകയാണ്. അത് സൂചിപ്പിക്കുന്ന തലക്കെട്ടാണ് ഈ ചോദ്യത്തിന് കൊടുക്കേണ്ടിയിരുന്നത്. ചോദ്യം ചോദിച്ചവരുടെ ഉദ്ദേശ്യം അവരുടെ ചോദ്യത്തിൽനിന്ന് മനസ്സിലായല്ലോ. സാമുദായിക വിഭജനമുണ്ടാക്കുന്നതിന് ഇല്ലാത്ത കാര്യങ്ങൾ പറയുകയാണ്.

മി. സ്പീക്കർ: ചോദ്യത്തിന്റെ തലക്കെട്ട് തെറ്റിദ്ധരിപ്പിക്കുന്നതല്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തെറ്റിദ്ധരിപ്പിക്കുന്നതാണ്. കാരണം, ഏത് ക്ഷേമനിധിയാണെങ്കിലും ഒന്നുകിൽ അവരുടെ പണമെടുത്ത് ക്ഷേമനിധിയുണ്ടാക്കും, അതിന് സർക്കാർ മുൻകയ്യെടുക്കും; അല്ലെങ്കിൽ ചെറിയ

വിഹിതം സർക്കാർ വഹിക്കും. ഈ പ്രചരണമുണ്ടായപ്പോൾ സംഭവിച്ച കാര്യം ഞങ്ങൾ പരിശോധിച്ചിരുന്നു. സർക്കാർ കൂടുതൽ തുകയൊന്നും കൊടുക്കുന്നില്ല. പക്ഷേ ബോർഡ് മെമ്പർമാരായി 18 അംഗങ്ങളെ നിയമിച്ചിരിക്കുന്നു. അവരുടെ ചെലവിൽ ചെയർമാനെ കൊടുക്കുകയും കാർ അനുവദിക്കുകയും ചെയ്തശേഷം വലുതായി എന്തോ നൽകിയിരിക്കുന്നുവെന്ന തരത്തിൽ വ്യാജപ്രചരണം നടത്തുന്നു. ഇതിനെതിരെ മെമ്പർമാർ കൊടുത്ത മഹത്തായ ചോദ്യത്തിന്റെ തലക്കെട്ടുകൊണ്ടും അവതരണംകൊണ്ടും തലതിരിഞ്ഞിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയാണ്. വ്യാജപ്രചരണത്തിലൂടെ സാമുദായിക വിഭജനമുണ്ടാക്കു ന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്ന തരത്തിലുള്ള ഉപചോദ്യങ്ങളാണ് വരേണ്ടിയിരുന്നത്. അതല്ലാതെ കൂടുതൽ ക്ഷേമനിധി വരുത്തണമെന്നോ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണമെന്നോ ആരും ആവശ്യപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം വിശദീകരിക്കുന്നത് സമൂഹത്തിന് നല്ലതാണെന്നുമാത്രം പറയാനാഗ്രഹിക്കുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ കൂടുതലുണ്ടോ എന്നുള്ളത് പരിശോധിക്കാം; അതിന്റെ ഘടന പരിശോധിക്കുന്നതിൽ തെറ്റില്ല. മദ്രസാദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നുണ്ടെന്നാണ് നാം കാണേണ്ടത്. ഭവന വായ്പയുടെ കണക്ക് - 2016-17-ൽ 113 പേർക്ക് രണ്ടുകോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപയും 2017-18-ൽ 101 പേർക്ക് രണ്ടുകോടി ഇരുപത്തിയെട്ടുലക്ഷത്തി അറുപത്തിയയ്യായിരം രൂപയും 2018-19-ൽ 80 പേർക്ക് ഒരുകോടി എഴുപത്തിനാലുലക്ഷത്തി പതിനയ്യായിരം രൂപയും 2019-20-ൽ 100 പേർക്ക് ഒരുകോടി മുപ്പത്തിമൂന്നുലക്ഷത്തി തൊണ്ണൂറായിരം രൂപയും 2020-21-ൽ 74 പേർക്ക് ഒരുകോടി ആറുലക്ഷത്തി ഇരുപത്തിയയ്യായിരം രൂപയും നൽകിയിട്ടുണ്ട്. രണ്ടരലക്ഷം രൂപ വീതമാണ് നൽകുന്നത്; പ്രസ്തുത തുക ഒരുമിച്ച് നൽകുന്നില്ല. അതുകൊണ്ടാണ് മൊത്തം തുകയിൽ വ്യത്യാസംവരുന്നത്. ഇത് കൃത്യമായി മദ്രസ ബോർഡ് നിർവ്വഹിച്ചുവരികയാണ്. മാത്രമല്ല, ചികിത്സാസഹായമായി 500 രൂപ മുതൽ 25,000 രൂപ വരെയും പ്രസവാനുകൂല്യമായി 15,000 രൂപയും മരണാനന്തര ധനസഹായമായി 10,000 രൂപ മുതൽ 50,000 രൂപ വരെയും മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് സംസ്കാരചടങ്ങുകൾക്കായി 5,000 രൂപയും പെൻഷൻകാരുടെ ആശ്രിതർക്ക് 3,000 രൂപയും നൽകുന്നുണ്ട്. ഇതെല്ലാം എൽ.ഡി.എഫ്. സർക്കാർ ആരംഭിച്ച പദ്ധതികളാണ്. ചില കാര്യങ്ങൾ യു.ഡി.എഫ്. സർക്കാരും ചെയ്തിട്ടുണ്ട്; മെരിറ്റ് അവാർഡായി 2,000 രൂപയും വിവാഹ ധനസഹായമായി 10,000 രൂപയും പെൻഷനായി 500 രൂപയും നൽകിയിരുന്നു. എല്ലാ സർക്കാരുകളും ഈ വിഭാഗത്തെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ചോദ്യത്തിന്റെ തലക്കെട്ട് വളച്ചൊടിച്ചുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പ്രസ്താവന നടത്തിയത് നിർഭാഗ്യകരമാണ്. കാരണം, '(എ)' മുതൽ '(ഇ)' വരെയുള്ള ചോദ്യങ്ങൾ നോക്കിയാൽ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ അല്ലെന്ന് കാണാൻ സാധിക്കും. മാത്രമല്ല, ചോദ്യകർത്താക്കൾ മൂന്നുപേരും അത്തരത്തിൽ ആക്ഷേപം ഉന്നയിച്ചിട്ടുമില്ല. നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചവന്നിട്ടുണ്ടെങ്കിലത് പരിശോധിക്കുകയും അതംഗീകരിച്ച് ചെയർ റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ അത്തരമൊരു പ്രസ്താവന നടത്തിയത് നിർഭാഗ്യകരമാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നലെ കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ചചെയ്ത വിഷയം ക്വാട്ട് ചെയ്തുകൊണ്ട് പറഞ്ഞതാണ്. ചില ചോദ്യങ്ങൾ ഫ്ലോറിൽ വരുമ്പോൾ ആ ചോദ്യം അപ്രസക്തമോ റെലവൻസില്ലാത്തതോ തെറ്റിദ്ധാരണയുണ്ടാക്കുന്നതോ ആണെങ്കിലുള്ള കാര്യമാണ് പറഞ്ഞത്.

മി. സ്പീക്കർ: ഈ ചോദ്യത്തിലങ്ങനെ സംഭവിച്ചിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെ സംഭവിക്കാറുണ്ടെന്ന് കക്ഷിനേതാക്കളുടെ യോഗത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പൊതുവായി പറയുകയും അത്തരം കാര്യങ്ങൾ തിരസ്കരിക്കുന്നതിന് ബഹുമാനപ്പെട്ട നിയമസഭാ സ്പീക്കർക്ക് അധികാരമുണ്ടല്ലോയെന്നും ഞാൻ സൂചിപ്പിച്ചിരുന്നു. നിയമസഭാ സെക്രട്ടേറിയറ്റ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നു.

മി. സ്പീക്കർ: ഇക്കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി കാണുന്നില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മദ്രസാദ്ധ്യാപകർക്ക് ക്ഷേമനിധിയുണ്ട്. എന്നാൽ കോവിഡ് വന്നതിനുശേഷം മദ്രസകളെല്ലാം അടച്ചിട്ടിരിക്കുകയാണ്. അവർക്ക് പള്ളികളിൽനിന്നാണ് ശമ്പളം കൊടുക്കുന്നത്. യഥാർത്ഥത്തിൽ മദ്രസാദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ അവരെ സഹായിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മദ്രസാദ്ധ്യാപക ക്ഷേമനിധിയുടെ കാര്യമാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ സഹായം ആവശ്യമാണെങ്കിൽ ചെയ്യുന്നതാണ്.

## സൈബർ കുറ്റകൃത്യങ്ങൾ

4 (*123) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ഇടപാടുകളുടെ ഭാഗമായി ജനങ്ങൾ ചതിയിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ ഇടപാടുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട കരുതലുകൾ സംബന്ധിച്ച് സാധാരണ ജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം നൽകുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സൈബർ ഇടപാടുകൾ അതിവേഗം പ്രചാരത്തിൽവരുന്ന സാഹചര്യത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനങ്ങൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിലെ ബോധവൽക്കരണത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത് സ്റ്റേറ്റ് പോലീസ് മീഡിയാ സെന്ററും പോലീസ് സോഷ്യൽ മീഡിയാ സെല്ലുമാണ്. സൈബർ അപകടങ്ങൾ, അവയിലെ ചതിക്കുഴികൾ എന്നിവയെപ്പറ്റി വീഡിയോ, ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ നിർമ്മിച്ച് സമൂഹമാധ്യമങ്ങളിലൂടെ വ്യാപക പ്രചരണം നടത്തുന്നുണ്ട്. ഇന്ന് ലോകത്തെ ശ്രദ്ധേയമായ സോഷ്യൽ മീഡിയാ പ്ലാറ്റ്ഫോം കേരളാ പോലീസിന്റേതാണ്. ഏകദേശം 5 ലക്ഷത്തിലധികം പേർ ഇതിലെ ഉള്ളടക്കങ്ങൾ പങ്കുവയ്ക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യുന്നതായി കണ്ടിട്ടുണ്ട്. ഇതിനുപുറമേ പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് വിവിധതലത്തിലുള്ള ക്ലാസുകളും നൽകിവരുന്നുണ്ട്.

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന കേരളാ പോലീസിന്റെ വിഭാഗമാണ്

സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായി റിസർവ് ബാങ്കുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ, റാൻസംവയർ/ മാൽവെയർ അറ്റാക്ക് എന്നിവയെക്കുറിച്ചുള്ള അനാലിസിസ് തുടങ്ങിയവ ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ ഡിജിറ്റൽ അസറ്റുകളുടെ സുരക്ഷയ്ക്കാവശ്യമായ സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുന്നതിനുപുറമേ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സൈബർ ഡോം സ്വീകരിച്ചുവരുന്നു. കേരളാ പോലീസിന്റെ സൈബർ ഡോമിന്റെ മികവിന് ദേശീയ/അന്തർദ്ദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടിവരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യംചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരികയാണ്. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതിക വിദ്യയ്ക്ക് നിർണ്ണായക പങ്കുണ്ട്. ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, CCTV Footage-കൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു. ഡ്രോൺ ഫോറൻസിക് ആൻഡ് റിസർച്ച് സെന്റർ, ഡ്രോൺ ഫോറൻസിക് ലാബ്, ഡാർക്ക്നെറ്റ് മോണിറ്ററിംഗ് ടൂൾ, വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം എന്നിവയെക്കുറിച്ചൊക്കെ ഇതിൽ വിശദമാക്കുന്നുണ്ട്. ഉപചോദ്യത്തിന് സമയമില്ലാതാകണ്ട എന്നുകരുതി അത് ഞാൻ വായിക്കുന്നില്ല, മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. വാഴൂർ സോമൻ: സർ, കോവിഡ് വ്യാപനത്തെത്തുടർന്ന് സമൂഹത്തിൽ കൊച്ചുകുട്ടികൾ മുതൽ എല്ലാവരും മൊബൈൽ ഫോണും ഇന്റർനെറ്റും ഉപയോഗിക്കുന്ന സാഹചര്യത്തിൽ അഞ്ചാം ക്ലാസ്സ്മുതൽ കോളേജുതലം വരെയുള്ള വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഉപയോഗിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. പോലീസ് സംവിധാനം വഴിയുള്ള സൈബർ നിരീക്ഷണം ശക്തിപ്പെടുത്തുകയും, ഇക്കാര്യത്തിൽ നടപടിയുണ്ടാകുമെന്ന് സമൂഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ചെറിയ കുട്ടികൾ വലിയ തോതിൽ സൈബർ കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. പഠനത്തിന്റെ ഭാഗമായി ഓൺലൈൻ ക്ലാസ്സുകളാരംഭിച്ചപ്പോൾ ഡിജിറ്റൽ ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കുകയാണ്. അക്കാര്യത്തിൽ ഒരു കരുതൽ ഉണ്ടാകണമെന്നത് ശരിയാണ്. പോലീസിന് മറ്റു പരാതികൾ വരുമ്പോഴാണ് ഇടപെടാൻ സാധിക്കുന്നത്. പക്ഷെ ഓരോ കുടുംബവും കുട്ടികളുടെ കാര്യത്തിൽ വളരെയധികം ജാഗ്രത കാണിക്കുന്നുണ്ട്; കുറെക്കൂടി ജാഗ്രത ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം, മറ്റേതെങ്കിലും തലത്തിലേയ്ക്ക് പോകുന്നുണ്ടോ എന്ന് ഓരോ കുടുംബവും ശ്രദ്ധിക്കേണ്ട അവസ്ഥയുണ്ടെന്നാണ് അനുഭവങ്ങളിൽനിന്നും മനസ്സിലാകുന്നത്.

ശ്രീ. വാഴൂർ സോമൻ: സർ, ടെലികോം വകുപ്പ് കേന്ദ്ര സർക്കാരിന്റെ കീഴിലാണ്. മൊബൈൽ, ഇന്റർനെറ്റ് സേവനദാതാക്കളുടെ കുറ്റകരമായ നിസ്സഹരണം സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. ബി.എസ്.എൻ.എൽ. (ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്) ഉൾപ്പെടെയുള്ള കമ്പനികൾ ഇത്തരം നിലപാടാണ് സ്വീകരിക്കുന്നത്. സൈബർ പോലീസിന് ലഭിക്കുന്ന പരാതിയിന്മേൽ ഇന്റർനെറ്റ് സേവനദാതാക്കൾ വിവരങ്ങൾ നല്കാൻ തയ്യാറാകുന്നില്ല. എഫ്.ഐ.ആർ. (ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട്) രേഖപ്പെടുത്തിയതിനുശേഷം മാത്രമേ അവർ വിവരങ്ങൾ നല്കാൻ തയ്യാറാകുന്നുള്ളൂ. ഇത്തരം പരാതികളിൽ പലരും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ താല്പര്യം കാണിക്കുന്നില്ല. ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സമൂഹം പൊതുവെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. വിവിധ ഘടകങ്ങൾ ഒത്തുവരുന്ന കാര്യമായതിനാൽ അത്രയും സൂക്ഷ്മതയോടെയാണ് ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്. എന്നാൽ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് യാതൊരു പ്രയാസവുമില്ല. പക്ഷെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചിലർ അതുമായി ബന്ധപ്പെട്ട പരാതി നൽകാൻ തയ്യാറാകുന്നില്ല. കൂടുതൽ പ്രശ്നങ്ങളുണ്ടാകേണ്ടെന്ന ചിന്തയുടെ ഭാഗമായാണ് അത്തരം സാഹചര്യങ്ങളുണ്ടാകുന്നത്. ഇത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി അതിലിടപെടുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. പോലീസ് കൃത്യമായി സൈബർ ഡോം വഴിയുള്ള ഇടപെടലുകൾ, നിരീക്ഷണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, സോഷ്യൽ മീഡിയയെ വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് നിലവിലുള്ളത്. പ്രത്യേകിച്ച് മൊബൈലുപയോഗിച്ച് നടത്തുന്ന ഗെയിമുകളുമായി ബന്ധപ്പെട്ട് ഒട്ടേറെ സംഭവങ്ങൾ അനുദിനം റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യമുണ്ട്. പല സന്ദർഭങ്ങളിൽ ലഭിച്ച റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി, എഞ്ചിനീയറിംഗിനും പ്രൊഫഷണൽ കോളേജുകളിലുമൊക്കെ പഠിക്കുന്ന വിദ്യാർത്ഥികളുൾപ്പെടെയുള്ളവർ ഗെയിമിൽ പങ്കെടുക്കുകയും പിന്നീട് ആത്മഹത്യ ചെയ്തതുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇത് ബ്ലോക്ക് ചെയ്യുന്നതിനുള്ള സംവിധാനം മൊബൈലിൽ സാദ്ധ്യമാക്കാൻ കഴിയുമോ; പോലീസ് സംവിധാനത്തിലൂടെ ഇത് തടയുന്നതിന് എന്തെങ്കിലും മാർഗ്ഗം സ്വീകരിക്കാൻ സാധിക്കുമോ; ഇത് സമൂഹത്തെ ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് ഗൗരവമായ വിഷയമാണ്. സേവനദാതാക്കൾക്ക് ചില കാര്യങ്ങൾ നിയന്ത്രിക്കാൻ സാധിക്കും. ഡിജിറ്റൽ ഉപകരണങ്ങൾ വിദ്യാർത്ഥികൾക്ക് നല്കാനുള്ള പ്രവർത്തനങ്ങൾ സമൂഹത്തിൽ നടക്കുന്നുണ്ട്. സംസ്ഥാന സർക്കാർ ഇടപെട്ട് സേവനദാതാക്കളെ അറിയിക്കുന്നത് ഇത്തരത്തിലുള്ള ദുരുപയോഗങ്ങൾ തടയാൻ സാധിക്കണമെന്ന ഉദ്ദേശ്യത്തോടു കൂടിയാണ്. അത് നിയന്ത്രിക്കാനുള്ള സംവിധാനം ഡിജിറ്റൽ ഉപകരണത്തിലുണ്ടാകണം. അത്തരത്തിലുള്ള ഉപകരണമായിരിക്കണം കുട്ടികൾക്ക് പ്രവർത്തിക്കാൻ ലഭിക്കേണ്ടത്. സേവനദാതാക്കൾ വിചാരിച്ചാൽ അതിന് സാധിക്കും. ഏകദേശം കാര്യങ്ങൾ ഇപ്രകാരം നടപ്പിലാക്കാനാകുമെന്ന ധാരണയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അത് ചർച്ച ചെയ്തു

കൊണ്ടിരിക്കുകയാണ്. യു.എ.ഇ.-യിൽനിന്ന് വാങ്ങുന്ന ഫോണിൽ ഫെയിസ് ടൈം പോലുള്ള സൗകര്യങ്ങളുണ്ടാകില്ല. സേവനദാതാക്കൾക്ക് അതൊഴിവാക്കാൻ കഴിയുമെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. രാജ്യത്ത് നിയമമായി വന്നാൽമാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥയുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഡിജിറ്റൽ ഉപകരണങ്ങളിൽ പലതരം ഗെയിമുകൾ കളിച്ച് വിദ്യാർത്ഥികൾ അടിമപ്പെടുകയാണ്. അതിൽ 95 ശതമാനവും ആൺകുട്ടികളാണ്. ഇന്റർനെറ്റ് ഗെയിമുകൾ കളിച്ച്, പണം മതിയാകാതെ വന്നപ്പോൾ രക്ഷിതാവിന്റെ അക്കൗണ്ടിൽനിന്ന് പണമെടുത്ത സംഭവം ഓർക്കണം. രക്ഷിതാവ് പോലീസിൽ പരാതി നല്കിയപ്പോൾ പോലീസെത്തിയത് പരാതിക്കാരന്റെ വീട്ടിലാണ്. ഇതോടൊപ്പം കുട്ടികളിൽ വലിയതോതിൽ മാനസികമായ പ്രശ്നവും ഉയർന്നുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടാകും. ഓൺലൈൻ വിദ്യാഭ്യാസം നടക്കുന്ന സമയമായതിയാൽ, ഒരളവുവരെ കുട്ടികളെ ഇതിൽ നിന്ന് മോചിപ്പിക്കാൻകഴിയുന്ന സംവിധാനം കൊണ്ടുവരേണ്ടതാണ്. ഡിജിറ്റൽ ഉപകരണങ്ങളുടെയും ഫോണിന്റെയും സെറ്റിംഗ്സിൽ പാരന്റൽ കൺട്രോളുപയോഗിച്ച് ഫോണിലും ലാപ് ടോപ്പിലും യൂട്യൂബിലുമുൾപ്പെടെയുള്ള ഗെയിമുകൾ തടയാൻ രക്ഷിതാക്കളുമായി ബന്ധപ്പെട്ട് സൈബർ പോലീസിന്റെ സഹായത്തോടെ ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബോധപൂർവ്വം ചില ക്ഷുദ്രശക്തികൾ ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഡാർക്ക് നെറ്റ് പോലെയുള്ള ചില പ്ലാറ്റ്ഫോമുകൾ കുട്ടികളെ തെറ്റായ രീതിയിൽ ഉപയോഗിക്കുന്നതിനായി ബോധപൂർവ്വമുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് കുട്ടികളെ മാനസികമായി കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നത്. കുട്ടികൾ ഇതിന് അടിമപ്പെടുന്നത് തടയുന്നതിന് കൃത്യമായ ബോധവൽക്കരണം ഉയർത്തിക്കൊണ്ടു വരണം. ഇത് തുടർച്ചയായ ഇടപെടലിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. ആത്മഹത്യയിലേയ്ക്ക് കുട്ടികളെ നയിക്കുന്ന പ്രശ്നങ്ങൾ, നേരത്തെ ചർച്ചചെയ്ത കാര്യമാണ്. പടിപടിയായി പ്രത്യേക ഘട്ടമെത്തുമ്പോൾ ഇത് ആത്മഹത്യയിലേയ്ക്കെത്തുന്നു. അത്തരത്തിലുള്ള അടിമപ്പെടുത്തൽ ഇതിന്റെ ഭാഗമായി നടന്നുവരുന്നുണ്ട്. ചില കാര്യങ്ങളിൽ സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻവരെ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞ് മനസ്സിലാക്കുക, കുട്ടികളെ വിദഗ്ദ്ധ കൗൺസിലിംഗിന് വിധേയമാക്കുക, അതോടൊപ്പം അന്താരാഷ്ട്ര തലത്തിലുള്ള സംഘടനകളുടെ സഹായത്തോടെ ഇത്തരം കാര്യങ്ങളിൽ ഇടപെടുന്ന സ്ഥിതി സൈബർ ഡോം നിർവ്വഹിച്ചുവരുന്നുണ്ട്. കൂടുതൽ ഫലപ്രദമായി അക്കാര്യങ്ങൾ നിർവ്വഹിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, സൈബർ ഭീകരത സർവ്വനാശം വിതയ്ക്കുമെന്ന ആശങ്ക പടരുകയാണ്. "മൂന്നാം ലോക മഹായുദ്ധത്തിൽ ആയുധങ്ങൾ എന്തൊക്കെയായിരിക്കുമെന്നറിയില്ല. പക്ഷെ നാലാം ലോകമഹായുദ്ധത്തിന്റെ ആയുധം കല്ലായിരിക്കുമെന്ന്" ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞത് സർവ്വനാശം വിതയ്ക്കുന്ന ഒരായുധം വരുമെന്നുള്ളതു കൊണ്ടാണ്. ഇവിടെ ഉയർന്നുവരുന്ന ആശങ്കകളെല്ലാം ആ തലത്തിലേയ്ക്ക് സൈബർലോകത്തെ കൊണ്ടുപോകുകയാണ്.

മി സ്പീക്കർ: ചോദ്യോത്തരസമയം അവസാനിച്ചു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഒരു മിനിട്ടുകൂടി സംസാരിക്കാൻ അനുവദിക്കണം.

മി. സ്പീക്കർ: സമയം അധികമെടുക്കാതെ ചോദിക്കണമെന്ന് അങ്ങയോട് നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോവിഡുമൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

5(*124) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ച എല്ലാവരും കോവിഡ് മരണത്തിന്റെ കണക്കിൽ ഉൾപ്പെടാതിരുന്നതിനാൽ അവരുടെ ആശ്രിതർ സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള നഷ്ടപരിഹാരപ്പട്ടികയിൽ ഉൾപ്പെടില്ലെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(ബി) കോവിഡും കോവിഡാനന്തര രോഗങ്ങളുംമൂലം മരിച്ച എല്ലാവരുടെയും ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കത്തക്കവണ്ണം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡുമൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ-16 മുതൽ ആരോഗ്യ വകുപ്പ് വെബ്സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുമുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആ കാലയളവിൽ മരണപ്പെട്ടുപോയവരുടെ മരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) കോവിഡ് മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മാറ്റണമെന്ന നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO-യുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങളുടെ സ്ഥിരീകരണം നടത്തിവരുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെയാണ് അതത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ, ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ട് ചെയ്യുന്നതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതും. പിന്നീട് സംസ്ഥാന തലത്തിൽ ഇത് ക്രോഡീകരിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. തത്സമയ എൻട്രി സംവിധാനമാണ് ഇതിനുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കാനുള്ള കാലതാമസം പരമാവധി ഒഴിവാക്കപ്പെടുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടത്തെ ഡോക്ടറാണ് മരണകാരണമടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തേ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈനായി സംസ്ഥാന തലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

## കൗമാര പ്രായത്തിലുള്ള പെൺകുട്ടികളുടെ ശാക്തീകരണം

6(*125) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗമാര പ്രായത്തിലുള്ള പെൺകുട്ടികളുടെ ശാക്തീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ ശാക്തീകരണത്തിനായി വനിത-ശിശു വികസന വകുപ്പുവഴി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) സ്കീം ഫോർ അഡോളസെന്റ് ഗേൾസ്

(2) സൈക്കോ സോഷ്യൽ സർവ്വീസ് സ്കീം

(3) അഡോളസന്റ് ഗേൾസ് ക്ലബ് കേരള വനിതാ കമ്മീഷൻ വഴി കൗമാരക്കാരായ കുട്ടികൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്, ലിംഗസമത്വ അവബോധം നൽകുന്നതിനായി കലാലയജ്യോതി പരിപാടികൾ എന്നിവ നടത്തിവരുന്നു.

(ബി) ഇവരുടെ ആരോഗ്യസംരക്ഷണത്തിനും സ്വയംപര്യാപ്തതയ്ക്കും വേണ്ടിയുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് School drop-out ആയ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി അനുപൂരക പോഷകാഹാരം വിതരണംചെയ്യുന്നു. ഇതിനായി ആവശ്യമായ കേന്ദ്രവിഹിതം (50 ശതമാനം) ശിശുവികസന പദ്ധതി ഓഫീസർ മുഖേന ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുവദിക്കാറുണ്ട്. പ്രതിദിനം 600 കലോറി ഊർജ്ജവും 18-20 ഗ്രാം പ്രോട്ടീനും ലഭിക്കുന്ന വിധത്തിലുള്ള ഭക്ഷണ പദാർത്ഥം Take Home Ration ആയി ഓരോ മാസവും 25 ദിവസത്തേയ്ക്കുള്ളത് നൽകുന്നു. സൈക്കോ സോഷ്യൽ സർവ്വീസ് സ്കീം കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ

മാനസികാരോഗ്യ സംരക്ഷണത്തിനായി ബോധവത്ക്കരണക്ലാസ്സുകൾ, വ്യക്തിഗത കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വയംപര്യാപ്തത നേടുന്നതിനായി Career Guidance ക്ലാസ്സുകൾ, ജീവിതനൈപുണ്യ വിദ്യാഭ്യാസം എന്നിവ ഈ പദ്ധതി വഴി നൽകിവരുന്നു. POCSO Act, JJ Act, Child Marriage Prohibition Act, തുടങ്ങിയവയിൽ ബോധവത്കരണ ക്ലാസ്സുകളും നൽകുന്നു. Vulnerable ആയ കുട്ടികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗ് സേവനങ്ങൾ, POCSO Victims-നാവശ്യമായ കൗൺസിലിംഗ് എന്നിവയും ഈ പദ്ധതി വഴി നൽകിവരുന്നു. അഡോളസെന്റ് ഗേൾസ് ക്ലബ് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും (കുമാരി ക്ലബ്ബ്) പ്രവർത്തിക്കുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ഒത്തുചേരാനും പരസ്പരം സംവദിക്കാനും ഇതിലൂടെ അവസരം ഉണ്ടാകുന്നു. കൂടാതെ ആരോഗ്യ പോഷണ വിദ്യാഭ്യാസവും ജീവിത നൈപുണ്യ വികസനം, കരിയർ ഗൈഡൻസ്, വിവിധങ്ങളായ Social Legislations-നെക്കുറിച്ച് അവബോധം എന്നിവയും ഈ ക്ലബ്ബുകൾ വഴി പെൺകുട്ടികൾക്ക് നൽകുന്നു. വിവാഹപൂർവ്വ കൗൺസിലിംഗ്- യുവതീയുവാക്കൾക്ക് വിവാഹശേഷമുള്ള ജീവിത യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ സഹായിക്കുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗ് നടത്തുന്നു. കലാലയജ്യോതി-കൗമാരപ്രായത്തിലുള്ള കുട്ടികൾ സമൂഹത്തിലെ ചതിക്കുഴികളിൽ വീഴാതിരിക്കുന്നതിനും ലിംഗസമത്വ അവബോധം നല്കുന്നതിനും കലാലയജ്യോതി എന്ന പേരിൽ സ്കൂൾ/കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

(സി) ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

സ്കീം ഫോർ അഡോളസെന്റ് ഗേൾസ്:-

(1) 11-14 വരെയുള്ള സ്കൂളിൽ പോകാത്ത (school drop-out) പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുക.

(2) ആരോഗ്യം, ശുചിത്വം, പോഷണം എന്നീ കാര്യങ്ങളിൽ അവർക്ക് അവബോധമുണ്ടാക്കുക.

(3) സ്വയം വികസനത്തിനും ശാക്തീകരണത്തിനുമായി കൗമാരപ്രായക്കാരായ പെൺകുട്ടികളെ പ്രാപ്തരാക്കുക.

(4) കൗമാരപ്രായക്കാരായ school drop-out ആയ പെൺകുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക.

<u>സൈക്കോ സോഷ്യൽ സർവ്വീസ് സ്കീം</u>:-

(1) Counselling, Psychological Assessment, Crisis intervention, Career Guidance എന്നിവയിലൂടെ കുട്ടികൾക്കാവശ്യമായ സാമൂഹിക-മാനസിക പിന്തുണ നൽകി അവരെ സ്വയംപര്യാപ്തമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഉചിതമായ ബോധവത്കരണത്തിലൂടെയും കൗൺസിലിംഗിലൂടെയും പെൺകുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക, സമൂഹത്തിൽ അവർ നേരിടുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിന് പ്രാപ്തരാക്കുക, സമൂഹത്തിലും സ്വന്തം വീടുകളിലും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അവബോധവും ദിശാവബോധവും നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(2) സാമൂഹിക പിന്തുണയ്ക്കായി ആവശ്യാനുസരണം റഫറൽ സംവിധാനം ഉപയോഗപ്പെടുത്തുക.

(3) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ മാനസിക സമ്മർദ്ദം അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.

(4) വെക്കേഷൻ സമയത്ത് അങ്കണവാടികൾ വഴി കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും കൗൺസലിംഗ് സേവനങ്ങളും ബോധവത്ക്കരണ ക്ലാസ്സുകളും നൽകുക.

(5) ഓരോ ബ്ലോക്കിലും പ്രവർത്തിക്കുന്ന പാരന്റിംഗ് ക്ലിനിക്കുകൾ വഴി രക്ഷകർത്താക്കൾക്കാവശ്യമായ സേവനങ്ങൾ നൽകുക.

(6) ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വഴി കുട്ടികളുടെ ഇടയിൽ ലഹരി ഉപയോഗം ഇല്ലാതാക്കുക.

വിവാഹ പൂർവ്വ കൗൺസിലിംഗ് :- യുവതീയുവാക്കൾക്ക് വിവാഹശേഷമുള്ള ജീവിതയാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ സഹായിക്കുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗ് നടത്തുന്നു.

കലാലയജ്യോതി:- കൗമാരപ്രായത്തിലുള്ള കുട്ടികൾ സമൂഹത്തിലെ ചതിക്കുഴികളിൽ വീഴാതിരിക്കുന്നതിനും ലിംഗസമത്വ അവബോധം നല്കുന്നതിനും കലാലയജ്യോതി എന്ന പേരിൽ സ്കൂൾ/കോളേജ് തലത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു.

## രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച അന്വേഷണം

7(*126) ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയഭേദത്തിന്റെ പേരിൽ അക്രമവും കൊലപാതകങ്ങളും ഉണ്ടാകാതിരിക്കാൻ പോലീസ് സംവിധാനം നിഷ്പക്ഷമായും കാര്യക്ഷമമായും ഇടപെടുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ചേരിതിരിഞ്ഞുണ്ടാകുന്ന രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും ഒഴിവാക്കുന്നതിനായി രഹസ്യാന്വേഷണ വിഭാഗത്തിന്റെ സഹായത്തോടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും കാര്യക്ഷമവും കുറ്റമറ്റതുമായ രീതിയിൽ പോലീസ് പട്രോളിങ്ങും നടത്തിവരുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിൽ ഏതെങ്കിലും തരത്തിൽ രാഷ്ട്രീയ അസ്വാസ്ഥ്യം ഉണ്ടാകാൻ സാധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേകം നിരീക്ഷണങ്ങൾ നടത്തി ആവശ്യമായ പോലീസ് പിക്കറ്റും മറ്റും ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരത്തിൽ ഏതെങ്കിലും രാഷ്ട്രീയ സംഘട്ടനങ്ങളോ, കൊലപാതകമോ റിപ്പോർട്ടായാൽ കുറ്റക്കാർക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിഷ്പക്ഷവും കാര്യക്ഷമവുമായ അന്വേഷണം നടത്തി യഥാസമയം കോടതികളിൽ കുറ്റപത്രം സമർപ്പിച്ച് കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊലപാതകം ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രസ്താവന മാധ്യമങ്ങളിൽ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇരകളുടെ ബന്ധുക്കൾ അത്തരം കേസ്സുകളിൽ പുനരന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; സ്വയം വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമവും സത്യസന്ധവുമായി അന്വേഷണം ഉറപ്പാക്കുമോ; രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ തലപ്പത്തുള്ളവർ നടത്തുന്ന പ്രസ്താവനകൾ അക്രമത്തിനുള്ള പ്രേരണയാകുമെന്ന കാര്യം ഗൗരവത്തിലെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മുൻ മന്ത്രി ശ്രീ. ഇ. പി. ജയരാജനെ വധിക്കാൻ ശ്രമം നടത്തിയ കേസ്സിൽ ആരൊക്കെയായിരുന്നു പ്രതികൾ എന്ന് അറിയിക്കാമോ?

മുൻമന്ത്രി ശ്രീ. ഇ. പി. ജയരാജനെ വധിക്കാൻ ശ്രമം നടത്തിയതിന് പാനൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 227/2000 u/s. 143, 147, 148, 353, 307 r/w 149 IPC & Sec. 3 & 5 ES Act ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിരുന്നു. കേസിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) മൊട്ടെമ്മൽ ഷാജി @ കാക്ക ഷാജി

(2) കാപ്പുംചാലിൽ വിജേഷ് @ ബിനു

(3) പൂവത്തിന്റവിട സെൽവരാജ്

(4) മമ്മേരിപൊയിൽ അരവിന്ദൻ

(5) രതീശൻ

(6) പുതിയവീട്ടിൽ സജീവൻ

(7) ചന്ദനപ്പുറത്ത് സജീവൻ

(8) ഇടത്തിൽ മീത്തൽ ദാസൻ

(9) തട്ടിൽ രൂപേഷ്

(10) പൊയിൽ പ്രകാശൻ

(11) കുഞ്ഞിംവീട്ടിൽ സജിവൻ

(12) കൊമ്മേരി വിനോദൻ

(13) കുന്നുമ്മൽ മഹേഷ്

(14) കിഴക്കേവീട്ടിൽ ശ്രീധരൻ

(15) കാട്ടിന്റവിട ദിവാകരൻ

(16) അനിൽ കുമാർ

(17) പറക്കുതാഴെ രാജീവൻ

(18) മമ്മേരി വിനോദൻ

(19) കുന്നോളി പുരുഷ

(20) വി.സി. സന്തോഷ് കുമാർ

(21) വി.സി. വിജയൻ

(22) ചെറിയ കളിച്ചേരി സുരേഷ് ബാബു

(23) ശ്രീജേഷ്

(24) ഇക്കരെപ്പറമ്പത്ത് സന്തോഷ്

(25) വണ്ണത്താൻ വീട്ടിൽ സതീശൻ

(26) വടക്കെയിൽ രഞ്ജിത്ത്

(27) കക്കോട്ട് പ്രമോദ്

(28) തരസിയിൽ രാജൻ

(29) വടക്കെയിൽ സത്യൻ

(30) കുഞ്ഞിരാമൻ @ മോഹനൻ

(31) രാജീവൻ @ കുഞ്ഞിക്കുട്ടി

(32) കൃഷ്ണൻ

(33) നെല്ലിയുള്ള പറമ്പത്ത് രാജൻ @ തൈയുള്ള പറമ്പത്ത് രാജൻ

(34) എം. കെ. രാജൻ @ ബ്ലേഡ് രാജൻ

(35) പുനത്തിന്റവിട സത്യൻ

(36) കിണ്ട്യൻ പാറക്കൽ ശശി

(37) തുപ്പണരത്ത് മനോജ്

(38) ചാലിൽ സുരൻ @ സുരേഷ് ബാബു.

## കോവിഡ് മരണ നിരക്ക്

8(*127) ശ്രീ. എം. മുകേഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. വി. അൻവർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് തരംഗം ഉച്ചസ്ഥായിയിലെത്തുന്നത് വൈകിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സ്വീകരിച്ച നടപടികൾ ഫലം കണ്ടിരുന്നോ?

ഫലം കണ്ടിരുന്നു. കേരളത്തിൽ ഒന്നാം തരംഗത്തിൽ ഏറ്റവുമധികം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് 2020 ഒക്ടോബറിലും രണ്ടാം തരംഗത്തിൽ 2021 മേയ്, ജൂൺ മാസങ്ങളിലുമായിരുന്നു. ഈ രണ്ട് കാലയളവിലും രോഗബാധ ഉച്ചസ്ഥായിയിലെത്തുന്നത് വൈകിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തി ചികിത്സിക്കുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ഫലപ്രദമായി നടപ്പിലാക്കി.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയതുകൊണ്ട് ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ തുടങ്ങിയവ ശക്തിപ്പെടുത്തുകയുണ്ടായി.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ദ്ധചികിത്സ ഉറപ്പുവരുത്തി. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

4. ഓക്സിജന്റെ ആവശ്യകത കൂടുന്നതുകൊണ്ട് അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തി.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിച്ചു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

7. കോവിഡിന്റെ സങ്കീർണ്ണതയായി കണ്ടുവരുന്ന മ്യൂക്കർ മൈക്കോസിസിന്റെ ചികിത്സയ്ക്കാവശ്യമായ സൗകര്യങ്ങളും മരുന്നുകളും കൂടുതൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട പരിശീലന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.

8. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

9. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

10. ലോക്ക്ഡൗൺ, ട്രിപ്പിൾ ലോക്ക്ഡൗൺ, കണ്ടെയിന്മെന്റ് സോണുകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾവഴി രോഗവ്യാപനം കൂടുതലുള്ള സ്ഥലങ്ങളിൽ പ്രത്യേക പ്രവർത്തനങ്ങൾ നടത്തി.

11. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

12. സംസ്ഥാനതല വിദഗ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സ്വീകരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി.

13. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ നടത്തുകയും അതുവഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങളെ വിലയിരുത്തി ആവശ്യമായ തീരുമാനങ്ങളെടുക്കുകയും അവ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

14. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ട് ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിലാണ് സംസ്ഥാനത്ത് കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയത്.

15. 2021 ജനുവരി 16 മുതൽ സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടപ്പാക്കിവരുന്നു. മേൽ പ്രവർത്തനങ്ങൾ വഴി റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണത്തേയും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനേയും മരണനിരക്കിനേയും കുറച്ചുനിർത്താൻ നമുക്ക് സാധിച്ചിരുന്നു. ഇന്ത്യയിൽ മാർച്ച് മാസം മുതൽ കേസുകൾ വർദ്ധിച്ചതിനെത്തുടർന്ന് ഏപ്രിൽ ആദ്യ ആഴ്ചമുതലാണ് കേരളത്തിലും രണ്ടാം തരംഗം ആരംഭിച്ചത്. ഒരു ഘട്ടത്തിൽ മുപ്പതിനടുത്തുവരെയെത്തിയ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനെ ചിട്ടയായ സർവൈലൻസ് പ്രവർത്തനങ്ങളും ഹൈറിസ്ക് ഗ്രൂപ്പുകളിലെ രോഗികളുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവരിലും ഊന്നി ലക്ഷ്യബോധത്തോടെ നടത്തിയ പരിശോധനകളും ലോക്ഡൗൺ നിയന്ത്രണങ്ങളുമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനെ കുറയ്ക്കാൻ സഹായിച്ചത്. ഇതിനെത്തുടർന്ന് ജൂൺ 17-ഓടുകൂടി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 11-ൽ താഴെ എത്തിക്കാൻ നമുക്ക് സാധിച്ചിരുന്നു. അതിനെത്തുടർന്ന് ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് നൽകി തുടങ്ങിയെങ്കിലും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 10-ന് അടുത്ത് പിടിച്ചുനിർത്താൻ തുടർന്നുള്ള നാല് ആഴ്ചകളിലും നമുക്ക് സാധിച്ചിട്ടുണ്ട്. ഈ കാലയളവിലെ ആശുപത്രി അഡ്മിഷൻ ആകുന്ന കേസുകളുടെ എണ്ണത്തിലും കുറവുകൾ ഉണ്ടാകുകയുണ്ടായി. ICU വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ എണ്ണത്തിലും കാര്യമായ കുറവുണ്ടായി.

(ബി) രോഗസ്ഥിരീകരണ നിരക്ക് വിലയിരുത്തിയ കേന്ദ്രസംഘം തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടോ; രോഗീപരിചരണം, അടിസ്ഥാന സൗകര്യം, വാക്സിനേഷൻ എന്നീ കാര്യങ്ങൾ കേന്ദ്രസംഘം വിലയിരുത്തിയിട്ടുണ്ടോ?

ഈ കാലയളവിൽ കേരളം സന്ദർശിച്ച കേന്ദ്ര സംഘം നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും സർവൈലൻസ്, ടെസ്റ്റിംഗ് ചികിത്സാ സംവിധാനങ്ങൾ, വാക്സിനേഷൻ എന്നിവ പരിശോധിക്കുകയും അതിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ഒന്നുംതന്നെ കേന്ദ്ര സംഘം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടില്ല.

(സി) കോവിഡ് മരണ നിരക്ക് പരിശോധിച്ചിരുന്നോ; മരണകാരണം സ്ഥിരീകരിക്കുന്നത് ഐ.സി.എം.ആർ. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ എന്നറിയിക്കാമോ?

പരിശോധിച്ചിരുന്നു. കേരളത്തിൽ മരണകാരണം സ്ഥിരീകരിക്കുന്നത് WHO-യുടേയും ICMR-ന്റേയും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ്.

(ഡി) ആകെ മരണനിരക്ക് മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത് പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ?

കേരളത്തിൽ നിലവിൽ കോവിഡ് മരണ നിരക്ക് 0.49 ശതമാനമാണ്. 2020-ലെ കേരളത്തിലെ മരണനിരക്ക് വിശകലനം ചെയ്തപ്പോൾ ഗണ്യമായ കുറവാണ് കാണാൻ സാധിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവന രജിസ്ട്രേഷൻ പോർട്ടൽ പ്രകാരം 2019-ൽ ആകെ 2,64,155 മരണങ്ങൾ രേഖപ്പെടുത്തിയപ്പോൾ 2020-ൽ 2,43,248 മരണങ്ങളായി കുറഞ്ഞു. അതായത് 20,907 മരണങ്ങളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. 2021 ജൂലൈ 22 വരെ ഇത് 1,33,937 ആണ്. കോവിഡ് കാലയളവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ലോക രാജ്യങ്ങളിൽ മരണനിരക്ക് വളരെ ഉയർന്നു നിൽക്കുമ്പോൾ കേരളത്തിൽ അത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവാണ് എന്ന് മനസ്സിലാക്കാം.

**പി.എസ്.സി. നിയമനം ത്വരിതപ്പെടുത്താൻ നടപടി**

9(*128) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് പ്രകാരം പരമാവധി നിയമനം നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

&

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഇതിനാവശ്യമായ സത്വരനടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമന

അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവമൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ വകുപ്പദ്ധ്യക്ഷന്മാർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കോടതി/ട്രൈബ്യൂണലിൽനിന്നും ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസ്സുകളിൽ താൽക്കാലിക പ്രൊമോഷൻ നടത്തി അതിന്റെ ഫലമായിവരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത/ യോഗ്യതയുള്ളവരുടെ അഭാവം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി, അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ട ചുമതലയിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും എതിരെ കർശനനടപടി സ്വീകരിക്കും. കാലാവധി അവസാനിക്കാറാകുന്ന റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളിൽനിന്ന് വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്ക് സ്പെഷ്യൽ വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തിവരുന്നു.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ പരമാവധി പേർക്ക് നിയമനം നൽകുന്നതിനായി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചുനല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് പ്രകാരം പരമാവധി നിയമനം നടത്തുന്നതിനുള്ള തടസ്സങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് യാതൊരു തടസ്സവും നിലവിലില്ല.

**കോവിഡ് മൂന്നാം തരംഗം**

10(*129) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ദെലീമ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി ജീവനും ജീവനോപാധിക്കും ഏറെ ഹാനി വരുത്തിയ സാഹചര്യത്തിൽ ആശങ്കപ്പെടുന്ന മൂന്നാം തരംഗം ഒഴിവാക്കുന്നതിനോ ആവശ്യം വന്നാൽ നേരിടുന്നതിനോ നടത്തുന്ന തയ്യാറെടുപ്പുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെത്തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായ കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാതലത്തിലുള്ള DPMSU (Disaster Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക് സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാനിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാനതല വിദഗ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

12. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടതിനെത്തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്കാശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനു വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാദ്ധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള ദ്രുതപരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

19. കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർമൈക്കോസിസ് (ബ്ലാക്ക്ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

21. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിൽ ഉള്ള നെഗറ്റീവ് RTPCR റിസൾട്ട് ആരോഗ്യജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. കോവിഡ് 19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾവഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിനു സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

(ബി) മൂന്നാം തരംഗം നേരിടാൻ പശ്ചാത്തല സൗകര്യ വർദ്ധനവിനോടൊപ്പം വാക്സിന്റെ അതീവപ്രാധാന്യം കണക്കിലെടുത്ത് അതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ?

വാക്സിന്റെ അതീവപ്രാധാന്യം കണക്കിലെടുത്ത് അതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു:

1. ഒരു ദിവസം 2.5 മുതൽ 3 ലക്ഷം വരെ കോവിഡ് വാക്സിൻ നൽകാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
2. സ്വകാര്യ മേഖലയുമായി ഏകോപിപ്പിക്കുകയും ചെറുകിട ഇടത്തരം ആശുപത്രികൾ ഉൾപ്പെടെ കൂടുതൽ സ്വകാര്യആശുപത്രികളെ വാക്സിനേഷൻ ഡ്രൈവിൽ ഉൾപ്പെടുത്തുകയും ചെയ്തു.
3. സംസ്ഥാനത്തിനുള്ള ക്വാട്ട വർദ്ധിപ്പിക്കുന്നതിന് നിരവധി നിവേദനം കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 24-7-2021 വരെ നൽകിയ വാക്സിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്ത് ആവശ്യത്തിന് വാക്സിനില്ലാത്തകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ആവശ്യമെങ്കിൽ ഇറക്കുമതി ഉൾപ്പെടെയുള്ള മാർഗ്ഗം സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

കോവിഡ് വാക്സിന്റെ കുറവ് വെളിപ്പെടുത്തുന്ന ഒന്നിലധികം കത്തുകൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്.

## കൂടുതൽ അന്താരാഷ്ട്ര വിമാന സർവ്വീസുകൾ

11(*130) <u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. ആന്റണി ജോൺ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം നാട്ടിലെത്തിയ പ്രവാസികൾക്ക് മടങ്ങിപ്പോകുന്നതിന് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവാസി മലയാളികൾ കൂടുതലായി ഗൾഫ് രാജ്യങ്ങളിലാണ് ജോലിചെയ്തുവരുന്നത്. കോവിഡ് 19 പശ്ചാത്തലത്തിൽ ഇന്ത്യയിൽനിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് എയർ ബബിൾ കരാർ പ്രകാരമുള്ള ഫ്ലൈറ്റുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ബഹ്റൈൻ, ഖത്തർ എന്നി രാജ്യങ്ങൾ ഈ സംവിധാനം ഉപയോഗിച്ചുവരുന്നു. മറ്റു രാജ്യങ്ങളിൽനിന്നും പ്രവാസികൾക്ക് കേരളത്തിലേയ്ക്ക് മടങ്ങിയെത്താൻ സാധിക്കുമെങ്കിലും ആ രാജ്യങ്ങളിൽ നിലവിലുള്ള യാത്രാവിലക്കുമൂലം ഇന്ത്യയിൽനിന്ന് തിരികെ പോകാൻ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിമാന യാത്രാകൂലിയിൽ ഉണ്ടാകുന്ന വൻതോതിലുള്ള വർദ്ധനവ് ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് കൂടുതൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെന്ന വസ്തുത കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ?

വിമാന യാത്രാക്കൂലിയിലുണ്ടാകുന്ന വൻതോതിലുള്ള വർദ്ധനവ് പ്രവാസികൾക്ക് കൂടുതൽ പ്രതിസന്ധികളുണ്ടാക്കുന്ന വിവരം സംസ്ഥാനം നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഇത് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വിമാനയാത്രക്കൂലി വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും, സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മടങ്ങിയെത്തുന്ന പ്രവാസികൾക്കായി കേന്ദ്ര സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

മടങ്ങിയെത്തുന്ന പ്രവാസികൾക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) പ്രവാസികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ 2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/തൊഴിൽ വിസയുമായി നാട്ടിലെത്തി ലോക്ഡൗൺ കാരണം തിരികെ പോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം നൽകുകയും കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1000 രൂപ ധനസഹായം നൽകുകയും അംശദായം കുടിശ്ശികവരുത്തി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപ്പലിശയും, 6 മാസത്തേയ്ക്ക് ഒഴിവാക്കി നൽകുകയും ചെയ്തു. കോവിഡ്-19 പശ്ചാത്തലത്തിൽ നാട്ടിലേയ്ക്കെത്തിയ പ്രവാസികൾക്ക് എയർപോർട്ടുകളിൽ RTPCR ടെസ്റ്റ് സൗജന്യമാക്കി. പ്രവാസി മലയാളികളുടെ പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് നോർക്ക റൂട്ട്സിൽ കോവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു. വിദേശരാജ്യങ്ങളിലുള്ള മലയാളികളെ സഹായിക്കുന്നതിനായി പ്രവാസി മലയാളി സംഘടനകളുടെയും ലോക കേരള സഭാംഗങ്ങളുടെയും സഹായത്തോടെ 14 വിദേശരാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്ക് പദ്ധതിയും പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സംവിധാനങ്ങൾ സംസ്ഥാനത്ത് സജ്ജമാക്കുന്നതിനായി നോർക്ക രജിസ്ട്രേഷൻ പദ്ധതിയും നടപ്പിലാക്കി. പ്രവാസിക്ഷേമത്തിനും സുരക്ഷയ്ക്കുമായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന മറ്റ് സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് മരണനിരക്ക് നിർണ്ണയം

12(*131) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മരണങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി സംസ്ഥാനതലത്തിൽ ഡെത്ത് ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചിരുന്നോ; പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെട്ടിരിക്കുന്നവർ ആരൊക്കെയാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ലോകാരോഗ്യ സംഘടനയുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചുവരുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെയാണ് അതാത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ, ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ട് ചെയ്യുന്നതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതും പിന്നീട് സംസ്ഥാനതലത്തിൽ ഇത് ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയുമാണ് ചെയ്യുന്നത്. തത്സമയ എൻട്രി സംവിധാനമാണ് ഇതിലുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത് ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോയെന്ന് സ്ഥിരീകരിക്കാനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടത്തെ ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈനായി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇതുകൂടാതെ പകർച്ചവ്യാധി

മരണങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനായി 2019-ൽ സംസ്ഥാന തലത്തിൽ രൂപീകരിക്കപ്പെട്ട ഡെത്ത് ഓഡിറ്റ് കമ്മിറ്റി കോവിഡ് മരണങ്ങളുടെ ഓഡിറ്റ് നടത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയിലെ നിലവിലെ അംഗങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) ഡോ. സെൽവരാജൻ ചെട്ടിയാർ കെ.പി., അസോസിയേറ്റ് പ്രൊഫസർ, ജനറൽ മെഡിസിൻ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

(2) ഡോ. ഷീജ സുഗുണൻ, അസിസ്റ്റന്റ് പ്രൊഫസർ, പീഡിയാട്രിക്ക്, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

(3) ഡോ. ജ്യോതി.ആർ, അസോസിയേറ്റ് പ്രൊഫസർ, മൈക്രോ ബയോളജി, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

(4) ഡോ.ടോണി ലോറൻസ്, അസോസിയേറ്റ് പ്രൊഫസർ, കമ്മ്യൂണിറ്റി മെഡിസിൻ & ഇൻ ചാർജ് ഓഫ് എസ്.പി.ഇ.ഐ.ഡി. സെൽ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം

(5) ഡോ. ഷീല എസ്., അസിസ്റ്റന്റ് ഡയറക്ടർ, പൊതുജനാരോഗ്യം

(6) ഡോ. ശ്യാം സുന്ദർ, മെഡിസിൻ കൺസൾട്ടന്റ്, ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം

(7) ഡോ. ബെന്നറ്റ് സൈലം, പീഡിയാട്രിക്ക് കൺസൾട്ടന്റ് W&C ആശുപത്രി, തൈക്കാട്.

(8) ഡോ. രേണുക, മൈക്രോബയോളജിസ്റ്റ്, സ്റ്റേറ്റ് PH ലാബ്, തിരുവനന്തപുരം.

(9) ഡോ. സിന്ധു ശ്രീധരൻ, ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ, പബ്ലിക് ഹെൽത്ത്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.

(ബി) മരണകാരണം സാക്ഷ്യപ്പെടുത്താനുള്ള അധികാരം ചികിത്സിച്ച ഡോക്ടർക്കാണെന്നിരിക്കെ ഇങ്ങനെയൊരു സമിതിയെ നിയോഗിച്ചതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

മരണകാരണം രേഖപ്പെടുത്തുന്നത് ചികിത്സിച്ച ഡോക്ടർമാർ തന്നെയാണ്. ഡെത്ത് റിപ്പോർട്ടിംഗ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുമുൻപ്

ആശുപത്രികളിൽനിന്ന് ജില്ലാതലത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് മരണങ്ങൾ ജില്ലാതലത്തിൽ പരിശോധിച്ച് സംസ്ഥാന തലത്തിലേയ്ക്കറിയിക്കുകയും സംസ്ഥാനതലത്തിൽ ഡിക്ലയർ ചെയ്യുകയുമാണ് ചെയ്തുപോന്നിരുന്നത്. എന്നാൽ സംസ്ഥാനതലത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഡെത്ത് ഓഡിറ്റ് സമിതി ഓരോ പകർച്ചവ്യാധി മരണങ്ങളും വിശകലനംചെയ്ത് മരണത്തിലേയ്ക്ക് നയിച്ച കാരണങ്ങളും/ ഘടകങ്ങളും കണ്ടെത്തുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്.

(സി) മരണനിരക്ക് തെറ്റായി നിർണ്ണയിക്കുന്നത് കോവിഡ് രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളെ ദോഷകരമായി ബാധിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

കോവിഡ് മരണങ്ങൾ WHO/ICMR എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് റിപ്പോർട്ട് ചെയ്യുന്നത്. മരണനിരക്ക് തെറ്റായി നിർണ്ണയിക്കപ്പെടുന്നില്ല. കോവിഡ് മരണങ്ങൾ മാന്വലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഓൺലൈൻ റിപ്പോർട്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറിയത്. ഇത്തരത്തിൽ വികേന്ദ്രീകൃത തത്സമയ റിപ്പോർട്ടിംഗിലൂടെ മുൻപുണ്ടായിരുന്ന ന്യൂനതകൾ പരിഹരിക്കാൻ കഴിയും. കൂടാതെ 2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

(ഡി) കോവിഡ് മരണനിരക്ക് കുറച്ചുകാണിച്ചതിലൂടെ സുപ്രീം കോടതി നിർദ്ദേശിച്ച ധനസഹായം അർഹരായ കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവർക്ക് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് രോഗികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും യാതൊരുവിധ നിർദ്ദേശങ്ങളും ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കോവിഡ് മരണനിരക്ക് നിർണ്ണയിച്ചതിലുണ്ടായതായി പറയപ്പെടുന്ന പിഴവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

കോവിഡ് മരണങ്ങൾ WHO/ICMR എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് റിപ്പോർട്ട് ചെയ്യുന്നത്. മരണനിരക്ക് തെറ്റായി നിർണ്ണയിക്കപ്പെടുന്നില്ല. കോവിഡ് മരണങ്ങൾ മാന്വലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഓൺലൈൻ റിപ്പോർട്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറിയത്. ഇത്തരത്തിൽ വികേന്ദ്രീകൃത തത്സമയ റിപ്പോർട്ടിങ്ങിലൂടെ മുമ്പുണ്ടായിരുന്ന ന്യൂനതകൾ പരിഹരിക്കാൻ കഴിയും. കൂടാതെ 2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലും പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

## ഭക്ഷ്യക്കിറ്റ് വിതരണം

13(*132) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും

ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്കേർപ്പെടുത്തൽ, പിഴ ഈടാക്കൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും മേൽപ്പറഞ്ഞ സംവിധാനംതന്നെയാണ് ഉപയോഗപ്പെടുത്തുന്നത്.

(ബി) ഭക്ഷ്യക്കിറ്റിലെ സാധനങ്ങളുടെ അളവിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

&

(സി) ഭക്ഷ്യക്കിറ്റ് വിതരണത്തിന് പുതിയ മാനദണ്ഡങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സപ്ലൈകോ ലഭ്യമാക്കുന്ന പ്രൊപ്പോസൽകൂടി പരിഗണിച്ചാണ് ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തേണ്ട സാധനങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. നിലവിൽ 2021 ഓണത്തോടനുബന്ധിച്ച് നാല് ഇനങ്ങൾകൂടി ചേർത്ത് തുണി സഞ്ചി ഉൾപ്പെടെ 16 ഇനങ്ങൾ അടങ്ങിയ ഭക്ഷ്യകിറ്റാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. റേഷൻ കാർഡുടമകൾക്കുള്ള ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ മുഖേന തയ്യാറാക്കി നിലവിൽ നടന്നുവരുന്ന രീതിയിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം**

14(*133) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിരവധി കെട്ടിടങ്ങൾ കാലപ്പഴക്കം നിമിത്തം പ്രവർത്തന സജ്ജമല്ലാത്ത അവസ്ഥയിലായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ പൊതുജനോപകാരപ്രദമായ നിലയിൽ അവയെ നവീകരിക്കുന്നതിനോ പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, നിയമസഭാ സാമാജികരുടെ ഫണ്ട് എന്നിവ ഉപയോഗിച്ചും ആർദ്രം പദ്ധതി മുഖാന്തരവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ജില്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ കൊല്ലം കോട്ടയ്ക്കപ്പുറം സബ്സെന്റർ ട്രസ്റ്റ് മുഖാന്തരം പൊളിച്ചുമാറ്റിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനാപുരം മെയിൻ സെന്റർ "ബി" വാർഷിക മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോഴിയാക്കോട് സബ്സെന്ററിന്റെയും കുടത്തൂർ സബ്സെന്ററിന്റെയും പണി പഞ്ചായത്ത് മുഖേന നടന്നുവരുന്നു. പത്തനംതിട്ട 2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. മുഖേന, എഫ്.ഡബ്ല്യു.സി. ഇരവിപേരൂർ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഫ്.ഡബ്ല്യു.സി. മൈലപ്ര നോർത്ത് കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തനയോഗ്യമാക്കുന്നതിന് എൻ.എച്ച്.എം. വഴി നടപടി സ്വീകരിച്ചുവരുന്നു. ആലപ്പുഴ ചെട്ടികുളങ്ങര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഈരേഴ സബ്സെന്റർ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കൊച്ചി ജെട്ടി സബ്സെന്റർ എന്നിവ നവീകരിക്കുന്നതിനാവശ്യമായ 70 ലക്ഷം രൂപ 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇടുക്കി എൽ.എസ്.ജി.ഡി., എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച്

അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എറണാകുളം എൻ.എച്ച്.എം. ഫണ്ടിൽ ഉൾപ്പെടുത്തി 54 സബ്സെന്ററുകളെ 2019-2020-ലും 72 സബ്സെന്ററുകളെ 2020-2021-ലും ഹെൽത്ത് & വെൽനെസ്സ് സെന്ററാക്കി ഉയർത്തി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ-66 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 7 ലക്ഷം രൂപ വീതം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ 76 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. മലപ്പുറം എൽഎസ്.ജി.ഡി. എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കുടുംബക്ഷേമ ഉപകേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം/നവീകരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് പുതുപരിയാരം, കഞ്ചിക്കോട് സബ്സെന്ററുകൾ എന്നിവ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 121 സബ്സെന്ററുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 60 സബ്സെന്ററുകൾ നവീകരിക്കുന്നതിന് ഒരു സബ്സെന്ററിന് 7 ലക്ഷം രൂപ വീതവും 61 സബ്സെന്ററുകൾ നവീകരിക്കുന്നതിന് 1.75 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കണ്ണൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാസർഗോഡ് പീലിക്കോട് സബ്സെന്ററിന് പുതിയ കെട്ടിടത്തിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലും കടപ്പുറം സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാൻ എൻ.എച്ച്.എം. പദ്ധതിയിലും ബേക്കൂർ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് വാർഷിക പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരം താഴെ ചേർക്കുന്നു.* 2018-19 സാമ്പത്തിക വർഷത്തിൽ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് (വിമലഗിരി, മുക്കഴി, പുള്ളിപ്പാടം, പുത്തനാഴി, മുണ്ടേരി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 212 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി (കരവാരം, ചിറക്കര, എടവട്ടം, ഏറ്റൂർ, വളാംതോട്, ഉറങ്ങാട്ടിരി, അഡ്ക്കസ്ഥല, പൈവളിക, തയ്യിൽകടപ്പുറം) 337.5 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 14 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി (ചെമ്മനാതുകര, അമര, കരീമഠം, മാലിപുറം, അയ്യമ്പിള്ളി, ചങ്കുവെട്ടി, ബി.പി. അങ്ങാടി, കുന്നംകര, മരുക്കോത്ത്, കൂരാറ, ചെണ്ടയാട്, പുല്ലൂക്കര, അരമംഗലം, കാവുംതല) 938 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 469 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 26.42 കോടി രൂപ ആദ്യ ഘട്ടത്തിൽ ലഭ്യമായിട്ടുണ്ട്. (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

## ഇടുക്കി പാക്കേജ്

15(*134) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 12,000 കോടി രൂപയുടെ ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അഞ്ച് വർഷംകൊണ്ട് നടപ്പാക്കുന്ന ഇടുക്കി പാക്കേജ് 12,000 കോടി രൂപയുടേതാണ്. പ്രസ്തുതപദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം, വനം-വന്യജീവി, വിനോദസഞ്ചാരം, റവന്യൂ, മൃഗസംരക്ഷണം, പൊതുവിദ്യാഭ്യാസം, പരിസ്ഥിതി, ഊർജ്ജം, ജലസേചനം, മൃഗസംരക്ഷണം, പൊതുമരാമത്ത്, പട്ടികജാതി/ പട്ടികവർഗ്ഗവികസനം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ് .

(ബി) ഇടുക്കി പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇടുക്കിയുടെ സമഗ്രവികസനവും സമ്പദ്സമൃദ്ധിയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പാക്കേജിൽ ആറ് ലക്ഷ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കാർഷികവരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥായിയായ രീതികളിലൂടെ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദന ക്ഷമത ഉയർത്തുക.

2. മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.

3. ടൂറിസം വികസിപ്പിക്കുക.

4. ഭൗതിക-സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

5. ദാരിദ്ര്യം തുടച്ചുനീക്കുക.

6. പരിസ്ഥിതി സന്തുലനാവസ്ഥ പുന:സ്ഥാപിക്കുക. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും വിഭവശേഷി പ്രയോജനപ്പെടുത്തിക്കൊണ്ടും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഇടുക്കി പാക്കേജ് പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പദ്ധതി നടത്തിപ്പിനുവേണ്ടി സ്പെഷ്യൽ ഓഫീസറെ നിയമിക്കുമോയെന്ന് അറിയിക്കാമോ?

ഇടുക്കി പാക്കേജ് നടത്തിപ്പിനുവേണ്ടി, 5-7-2021-ലെ സ.ഉ. (സാധാ)നം.2446/2021 /പൊ.ഭ.വ. പ്രകാരം സ്പെഷ്യൽ ഓഫീസറായി ശ്രീ. അർജ്ജുൻ പാണ്ഡ്യൻ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്.

(ഡി) ഇടുക്കി പാക്കേജിന്റെ ഭാഗമായി ക്ഷീരോല്പാദനത്തിന് മുന്തിയ പരിഗണന നല്കുമോയെന്ന് വ്യക്തമാക്കാമോ?

ഇടുക്കി ജില്ലയിൽ കൃഷി പ്രധാന ഉപജീവന മാർഗ്ഗമായുള്ള കർഷകർ അനേകമുള്ളതിനാൽ ഇവിടം ക്ഷീരോല്പാദനത്തിന് വളരെ സാദ്ധ്യത കൂടുതലുള്ള ജില്ലയാണ്. ജില്ലയിൽ 194 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കി ജില്ലയിലെ ആയിരക്കണക്കിന് കുടുംബങ്ങൾക്ക് സ്ഥിരവരുമാന മാർഗ്ഗമാണ് പശുവളർത്തൽ. അതിനാൽ അവിടെ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഉല്പാദനവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപയ്ക്ക് പുറമേ ക്ഷീരവികസനവകുപ്പ് ജില്ലയിൽ 365.67 ലക്ഷം രൂപ പാലിന്റെ ഉല്പാദനവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷിക്കായി 48.72 ലക്ഷം രൂപ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി 15.02 ലക്ഷം രൂപ കാലിത്തീറ്റ സബ്സിഡിക്കായി 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ഇതിനായി ജില്ലയിൽ 1.81 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്കായുള്ള ധനസഹായമായി 60 ലക്ഷം രൂപയും ഗുണനിയന്ത്രണ ലാബുകളുടെ പ്രവർത്തനത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി 8.12 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

### കോവിഡ് മരണ നിരക്ക്

16(*135) ശ്രീ. സജീവ് ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ജനുവരി ഒന്നുമുതൽ മേയ് 31 വരെയുള്ള അഞ്ചു മാസങ്ങളിൽ തദ്ദേശ വകുപ്പിന്റെ മരണ രജിസ്ട്രേഷൻ കണക്കുപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള കോവിഡ് മരണങ്ങളുടെ ശരാശരി നിരക്ക്, ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം നാളിതുവരെയുള്ള ആകെ കോവിഡ് മരണങ്ങളുടെ എണ്ണവുമായി താരതമ്യംചെയ്യുമ്പോൾ വളരെ വലിയ വ്യത്യാസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവന രജിസ്ട്രേഷൻ പോർട്ടൽപ്രകാരം ആകെ മരണങ്ങളുടെ എണ്ണം മാത്രമേ ലഭ്യമാവുകയുള്ളൂ. ജനുവരി 1 മുതൽ മേയ് 31 വരെയുള്ള കോവിഡ് മരണങ്ങളുടെ നിരക്ക് പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമല്ല. കേരളത്തിൽ, 21-7-2021 വരെ 15,617 (പതിനയ്യായിരത്തി അറുനൂറ്റി പതിനേഴ്) മരണങ്ങളാണ് കോവിഡുമൂലം സ്ഥിരീകരിച്ചത്. ഇതിൽ 2021 ജനുവരി 1 മുതൽ മേയ് 31 വരെ 5743 കോവിഡ് മരണങ്ങളാണ് കേരളത്തിൽ സ്ഥിരീകരിച്ചത്.

(ബി) കോവിഡിന്റെ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട കേസ്സ് ഫറ്റാലിറ്റി റേറ്റ് ഒരു ശതമാനം ആയിരിക്കുമ്പോൾ കേരളത്തിൽ ഏറ്റവുമധികം മരണം റിപ്പോർട്ട് ചെയ്ത ജില്ലകളിൽപോലും സി.എഫ്.ആർ. ഒരു ശതമാനത്തിൽ താഴെയാണെയെന്നത് മരണങ്ങളുടെ എണ്ണം അധികൃതർ ബോധപൂർവ്വം കുറച്ചുകാണിക്കുന്നതിനാലാണെന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(സി) കോവിഡ് മരണങ്ങളുടെ എണ്ണം കുറച്ചുകാണിച്ചതായി ആക്ഷേപമുള്ള സാഹചര്യത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കാതിരിക്കുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ സംബന്ധിച്ച പുതുക്കിയ കണക്കെടുപ്പിന് സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ;

&

(ഡി) എങ്കിൽ എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും പുതിയ കണക്കെടുപ്പ് നടത്തുകയെന്ന് വെളിപ്പെടുത്തുമോ?

കേരളത്തിലെ CFR 0.49 ശതമാനമാണ്. ഇന്ത്യയുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലെ കേസ്സ് ഫറ്റാലിറ്റി റേറ്റ് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | രാജ്യം | CFR |
|---|---|---|
| 1. | ഇന്ത്യ | 1.34 ശതമാനം |
| 2. | സ്വീഡൻ | 1.34 ശതമാനം |
| 3. | ഇറ്റലി | 2.98 ശതമാനം |
| 4. | ബ്രസീൽ | 2.8 ശതമാനം |
| 5. | ഇറാൻ | 2.45 ശതമാനം |
| 6. | ജർമ്മനി | 2.44 ശതമാനം |
| 7. | സ്പെയിൻ | 1.94 ശതമാനം |
| 8. | USA | 1.78 ശതമാനം |
| 9. | ദക്ഷിണകൊറിയ | 1.13 ശതമാനം |
| 10. | ന്യൂസിലാന്റ് | 0.42 ശതമാനം |

ആഗോളതലത്തിലെ ഫറ്റാലിറ്റി റേറ്റ് 2.15 ശതമാനമാണ്. മേൽപ്പറഞ്ഞ വിവരങ്ങൾ പരിശോധിക്കുമ്പോൾ വിവിധരാജ്യങ്ങളിൽ കോവിഡ് 19-ന്റെ CFR ഒന്നിനുമുകളിലായി കാണാം. എന്നാൽ കേരളത്തിലെ പ്രതിരോധ പ്രവർത്തനങ്ങളുടെയും മികച്ച പൊതുജനാരോഗ്യ സംവിധാനങ്ങളുടെയും ഫലമായിട്ടാണ് കോവിഡ് 19-ന്റെ മരണനിരക്ക് ഒന്നിൽ താഴെ നിർത്താൻ കേരളത്തിന് സാധിച്ചത്. കേരളത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് നിലവിൽ ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. WHO-യുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ് മരണങ്ങൾ സ്ഥിരീകരിക്കപ്പെടുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ പോർട്ടലിലൂടെ അതത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നു. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. ശേഷം സംസ്ഥാനതലത്തിൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടെത്തിയാണ് ഓൺലൈൻ റിപ്പോർട്ടിംഗ് സമ്പ്രദായം ആവിഷ്കരിച്ചത്. മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നത് Online മാർഗ്ഗത്തിലൂടെ ആയതിനാൽ കോവിഡ് മരണമാണോ, അല്ലയോയെന്ന് സ്ഥിരീകരിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. വീടുകളിൽവച്ച് മരണമടയുന്നവരുടെ വിശദാംശങ്ങൾ PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈനായി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. CFR, മരണനിരക്ക് എന്നിവ കുറച്ചുകാണിക്കുന്നതിന് വേണ്ടിയുള്ള യാതൊരുവിധനടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടില്ല. മാത്രമല്ല മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും കൃത്യത ഉറപ്പുവരുത്തുന്നതിനും കൂടിയാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്.

## കോവിഡിന്റെ മൂന്നാം തരംഗവും കുട്ടികളുടെ ആരോഗ്യ സംരക്ഷണവും

17(*136) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ മൂന്നാം തരംഗം കുട്ടികളെ ബാധിച്ചേക്കുമെന്ന് വിദഗ്ധർ ആശങ്ക പ്രകടിപ്പിച്ചിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വാക്സിൻ നൽകിയിട്ടില്ലാത്ത വിഭാഗമെന്ന നിലയിൽ ഇനിയൊരു തരംഗമുണ്ടാവുകയാണെങ്കിൽ അത് കുട്ടികളെയായിരിക്കും ബാധിക്കുകയെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്;

(ബി) കോവിഡിന്റെ മൂന്നാം തരംഗവുമായി ബന്ധപ്പെട്ട് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

&

(സി) കോവിഡിന്റെ മൂന്നാം തരംഗം കുട്ടികളെ ബാധിച്ചേക്കുമെന്ന ആശങ്ക കണക്കിലെടുത്ത് സർക്കാർ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെത്തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലേയും സൗകര്യങ്ങൾ

വർദ്ധിപ്പിച്ച് വിദഗ്ധചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാനിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാനതല വിദഗ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകനയോഗങ്ങൾ വഴി സംസ്ഥാനത്തെ

കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

12. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുകയെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്കുവേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്കാശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനുവേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാദ്ധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള ദ്രുത പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ഡി) മൂന്നാം തരംഗത്തെ നേരിടുന്നതിന്റെ ഭാഗമായി വാക്സിൻ സ്വീകരിച്ചവരിലും കുട്ടികളിലും രോഗകാരണമാകുന്ന വൈറസിന്റെ ജനിതക ശ്രേണീകരണം നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

2020 ഡിസംബർ 25 മുതൽ കോവിഡ് പോസിറ്റീവായിട്ടുള്ള അന്തർദേശീയ യാത്രക്കാരുടെ (UK, SOUTH AFRICA, BRAZIL) സാമ്പിളുകൾ NIV പൂനെയിൽ അയച്ച് ജനിതക പരിശോധന നടത്തിയിരുന്നു. ജനുവരി മാസം മുതൽ തദ്ദേശീയരുടെയും RTPCR പോസിറ്റീവ് ആകുന്ന സാമ്പിളുകൾ ഡൽഹിയിലെ IGIB-യിൽ അയച്ച് (Institute of Genomics and Integrative Biology) ജനിതക പരിശോധന നടത്തിവരുന്നു. ഇതിൽ വാക്സിൻ സ്വീകരിച്ചവരുടെയും കുട്ടികളുടെയും സാമ്പിളുകൾ ഉൾപ്പെടുന്നുണ്ട്. എല്ലാ ജില്ലകളിൽനിന്നും നൂറോളം സാമ്പിളുകൾ മാസംതോറും പ്രസ്തുത ലാബിലേയ്ക്ക് അയയ്ക്കുകയും VARIANT +VE ആകുന്ന ആളുകളുടെ വിവരം യഥാസമയം ബന്ധപ്പെട്ട ജില്ലകളെ അറിയിച്ച് ആവശ്യമായ പരിശോധനയും സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും ക്വാറന്റൈൻ സംവിധാനങ്ങളും ഉൾപ്പെടെയുള്ള തുടർനടപടികളും സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ക്ലസ്റ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽനിന്നും +VE ആകുന്ന സാമ്പിളുകൾ തിരുവനന്തപുരത്ത് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലെ DRV ലാബിലും SPIKE PROTECTION പരിശോധനയ്ക്കായി അയയ്ക്കുന്നുണ്ട്.

**സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത**

18(*137) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ദുരിതകാലം, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്ത സമയങ്ങളിൽ സർക്കാരിന്റെ വിവിധ സേവനങ്ങൾ സത്വരമായി ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചത് സംസ്ഥാനത്തെ സിവിൽ സർവ്വീസിന്റെ കാര്യക്ഷമത തെളിയിക്കുന്നതാണെന്നകാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

കോവിഡ് ദുരിതകാലം, പ്രളയം തുടങ്ങിയ പ്രകൃതിദുരന്ത സമയങ്ങളിൽ സർക്കാരിന്റെ വിവിധ സേവനങ്ങൾ സത്വരമായി ജനങ്ങളിലേയ്ക്കെത്തിക്കാൻ സാധിച്ചതിന്റെ പ്രധാന ഘടകം സംസ്ഥാന സിവിൽ സർവ്വീസിന്റെ കാര്യക്ഷമതയാണ്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത ഉയർത്താനുള്ള നടപടികൾ സർക്കാർ തലത്തിൽ തുടർപ്രക്രിയയായി നടന്നുവരികയാണ്.

(ബി) വിവിധ ക്ഷേമ വികസന പദ്ധതികളുടെ പ്രയോജനം ജനങ്ങളിലേയ്ക്ക് സമയബന്ധിതമായി എത്തിക്കുന്നതിനും ജനങ്ങളുടെ പരാതിയിലും വിവിധ ആവശ്യങ്ങളിലും കാലവിളംബം കൂടാതെ തീരുമാനം എടുക്കുന്നതിനും സർക്കാരിന്റെ സേവനദാതാവായി വർത്തിക്കേണ്ട സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്ന വിഷയം 2021 ജനുവരി 1-ന് പ്രഖ്യാപിച്ച പത്തിനപരിപാടിയുടെ ഭാഗമാണ്. വയോജനങ്ങൾക്കും മാരകരോഗങ്ങൾ ബാധിച്ചവർക്കും ഭിന്നശേഷിക്കാർക്കും സർക്കാർ സേവനങ്ങൾ ഘട്ടംഘട്ടമായി വീട്ടുപടിക്കൽ എത്തിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായം, അത്യാവശ്യ ജീവൻരക്ഷാ മരുന്നുകൾ എത്തിക്കുക എന്നിവ ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. 2021 മേയ് 21-ന് ചേർന്ന ആദ്യ മന്ത്രിസഭായോഗം സർക്കാരിന്റെ പരമാവധി സേവനങ്ങൾ ഗുണഭോക്താക്കൾ സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ലഭ്യമാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കാൻ സെക്രട്ടറിതല സമിതി

രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. പരമാവധി സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഓഫീസുകളിലെത്തുന്ന പൊതുജനങ്ങളോട് മാന്യമായ പെരുമാറ്റവും പരിഗണനയും ഉറപ്പുവരുത്തുന്നുണ്ട്.

(സി) സിവിൽ സർവ്വീസ് ആധുനീകരിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കാമോ?

ഈ ലക്ഷ്യം മുൻനിർത്തി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനാണ് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 30-4-2021-ന് കാലാവധി പൂർത്തികരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിശദമായി വിലയിരുത്തി നടപ്പിൽ വരുത്താനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സെക്രട്ടറിതല സമിതി പ്രവർത്തിച്ചുവരികയാണ്. ഇതിനകം ആറ് റിപ്പോർട്ടുകൾ പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുമുണ്ട്. അവയിൽ ചിലത് നടപ്പിലാക്കിയിട്ടുണ്ട്. മറ്റുള്ളവ സർക്കാരിന്റെ പരിഗണനയിലാണ്.

## ഇരട്ട ജീവപര്യന്തം ശിക്ഷിക്കപ്പെട്ട പ്രതികളുടെ പരോൾ

19(*138) ശ്രീമതി കെ. കെ. രമ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഇരട്ട ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട് ജയിലിലായ കൊലക്കേസ്സ് പ്രതികൾക്ക് നിലവിലെ ജയിൽ ചട്ടങ്ങൾ പ്രകാരം എത്ര തവണ, എത്ര ദിവസം വീതമുള്ള പരോളാണ് അനുവദനീയമായിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇരട്ട ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട് ജയിലിലായ കൊലക്കേസ്സ് പ്രതികൾക്ക് മറ്റ് പ്രതികൾക്കെന്നപോലെ, 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും(നിർവ്വഹണം) ചട്ടം 397 പ്രകാരം പോലീസ്, പ്രൊബേഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വർഷത്തിൽ 60 ദിവസത്തെ സാധാരണ അവധിക്ക് അർഹതയുണ്ട്. ഇവ 15 ദിവസത്തിൽ കുറയാത്ത കണക്കിൽ വർഷത്തിൽ നാല് തവണയായോ, 30 ദിവസത്തിൽ അധികരിക്കാത്ത വിധം വർഷത്തിൽ രണ്ട് തവണയായോ അനുവദിക്കാം. തുറന്ന ജയിലിലെ തടവുകാർക്ക് ചട്ടം 414 പ്രകാരം വർഷത്തിൽ ഒരു തവണ 15 ദിവസത്തെ ഗാർഹികാവധിക്ക് അർഹതയുണ്ട്. ഇവ കൂടാതെ ചട്ടം 400 പ്രകാരം തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം, മരണാസന്നമായ രോഗാവസ്ഥ, വിവാഹം, പ്രകൃതിക്ഷോഭത്താൽ തകർന്ന തടവുകാരന്റെ വീട് പുനർനിർമ്മാണം എന്നിവയ്ക്ക് അനുകൂല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജയിൽ

സൂപ്രണ്ടിന് പരമാവധി 10 ദിവസം വരെ അടിയന്തര അവധി അനുവദിക്കാം. ജയിൽ സൂപ്രണ്ട് അനുവദിച്ചതുൾപ്പടെ അടിയന്തര അവധി പരമാവധി 15 ദിവസം വരെ ദീർഘിപ്പിക്കാൻ ജയിൽ വകുപ്പ് മേധാവിക്ക് സാധിക്കും. ഒരു തവണ 15 ദിവസത്തിൽ അധികരിക്കാത്തവിധം, വകുപ്പ് അനുവദിച്ചതുൾപ്പടെ പരമാവധി 45 ദിവസം വരെ സർക്കാരിനും അടിയന്തര അവധി അനുവദിക്കാം.

(ബി) പരോളിൽ പുറത്തിറങ്ങിയ പ്രതികൾ സ്വർണക്കടത്ത് കേസ്സുൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ടി. പി. ചന്ദ്രശേഖരൻ കേസിൽ ശിക്ഷിക്കപ്പെട്ട പ്രതികൾ ജയിലിൽനിന്നും സ്മാർട്ട് ഫോണുകൾ വഴി സ്വർണക്കടത്ത് സംഘങ്ങളുമായി വീഡിയോകോൾ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) എങ്കിൽ ഇത്തരക്കാർക്ക് പരോൾ അനുവദിക്കുന്നതിൽ നിയന്ത്രണം എർപ്പെടുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**കോവിഡ് രണ്ടാം തരംഗം സൃഷ്ടിക്കുന്ന ആഘാതം**

20 (*139) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീമതി കാനത്തിൽ ജമീല</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ രണ്ടാം തരംഗം സൃഷ്ടിക്കുന്ന സാമ്പത്തിക സാമൂഹിക ആഘാതം നേരിടുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള രണ്ടാം കോവിഡ് പാക്കേജിനെക്കുറിച്ച് വിശദമാക്കാമോ?

കോവിഡ് രണ്ടാം തരംഗം നേരിടുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള രണ്ടാം കോവിഡ് പാക്കേജിന്റെ വിശദാംശങ്ങളുടെ അനുബന്ധം ഇതോടൊപ്പം ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് ഒന്നാം തരംഗത്തിന്റെ ആഘാതം നേരിടുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പാക്കിയ രണ്ട് നൂറുദിന പരിപാടികളുടെ നേട്ടങ്ങൾ അവലോകനം ചെയ്തിരുന്നോയെന്ന് അറിയിക്കാമോ?

13-10-2020, 10-11-2020, 2-12-2020, 27-1-2021 എന്നീ തിയതികളിൽ അവലോകനയോഗം നടത്തിയിട്ടുണ്ട്.

(സി) കോവിഡ് രണ്ടാം തരംഗകാലത്ത് ഒരാൾപോലും പട്ടിണി കിടക്കാതിരിക്കാൻ നടത്തിയ കരുതൽ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കോവിഡ് രണ്ടാം തരംഗം അതിജീവിക്കുന്നതിനുള്ള ദുരിതാശ്വാസമായി 2021 മേയ് മാസം 85 ലക്ഷത്തിൽപരം വരുന്ന എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തവകയിൽ സർക്കാർ സപ്ലൈകോയ്ക്ക് 410 കോടി രൂപ നൽകിയിട്ടുണ്ട്. ജൂൺ മാസത്തെ ചെലവ് 407.72 കോടി രൂപയാണ്. പൊതുവിതരണ സംവിധാനം വഴി പരിമിതമായ ഭക്ഷ്യധാന്യ വിഹിതംമാത്രം ലഭിച്ചുവരുന്ന സംസ്ഥാനത്തെ 50 ലക്ഷത്തിൽപ്പരം മുൻഗണനേതരവിഭാഗം റേഷൻ കാർഡുകൾക്കും 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം സ്പെഷ്യൽ അരി 20 രൂപ/കി.ഗ്രാം നിരക്കിൽ OMSS സ്കീമിൽ എഫ്.സി.ഐ.-യിൽനിന്നും വാങ്ങി 2021 മാർച്ച് മുതൽ ജൂലൈ മാസങ്ങളിലായി വിതരണം ചെയ്തുവരുന്നു. ഈ ഇനത്തിൽ എഫ്.സി.ഐ.-യിൽനിന്നും അരി വാങ്ങുന്നതിനായി ഇതുവരെ 244.07 കോടി രൂപ ചെലവായിട്ടുണ്ട്.

**കോവിഡ് മരണനിരക്ക്**

21 (*140) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നുവെന്ന ആരോപണങ്ങൾ ഉന്നയിക്കുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ 21-7-2021 വരെ 15617 കോവിഡ് മരണങ്ങളാണ്

സ്ഥിരീകരിച്ചിട്ടുള്ളത്. കോവിഡിന്റെ ആരംഭത്തിൽ മരണങ്ങളുടെ വിവരങ്ങൾ ആശുപത്രിയിൽനിന്നും ജില്ലയിലേയ്ക്കും ജില്ലാതലത്തിലെ പരിശോധനയ്ക്കുശേഷം സംസ്ഥാനതലത്തിലേയ്ക്കും മാന്വലായി അയച്ചാണ് റിപ്പോർട്ടിംഗ് നടത്തിയിരുന്നത്. എന്നാൽ 2021 ജൂൺ 16 മുതൽ സംസ്ഥാനത്ത് വികേന്ദ്രീകൃത ഓൺലൈൻ സംവിധാനം വഴി മരണം യഥാസമയംതന്നെ റിപ്പോർട്ടിംഗ് ചെയ്തുവരുന്നു. മാന്വലായി ചെയ്തിരുന്നപ്പോൾ ഉണ്ടായിരുന്ന കാലതാമസം ഇതിലൂടെ നമുക്ക് കുറയ്ക്കാൻ സാധിച്ചു. ഇതല്ലാതെ സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നതിനുശ്രമം നടത്തിയിട്ടില്ല.

(ബി) സംസ്ഥാനത്തെ ആരോഗ്യവകുപ്പും ആരോഗ്യ പ്രവർത്തകരും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും ആരോഗ്യ ഗവേഷണ കൗൺസിലിന്റെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കോവിഡ് പരിശോധന, കോവിഡ് ചികിത്സാ മാനദണ്ഡങ്ങൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും ICMR-ന്റെയും നിർദ്ദേശങ്ങളാണ് കേരളം പിന്തുടർന്നുപോരുന്നത്. കോവിഡ് നിയന്ത്രണങ്ങളിലും ചികിത്സാരീതികളിലും കേരളത്തിലെ ബന്ധപ്പെട്ട മാനദണ്ഡങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ ആരോഗ്യ വകുപ്പ് വരുത്തിയിട്ടുണ്ട്. മാറ്റങ്ങൾക്കനുസരിച്ചുള്ള ബോധവത്കരണം ആരോഗ്യ പ്രവർത്തകർക്കിടയിലും പൊതുജനങ്ങൾക്കിടയിലും കൊണ്ടുവരുന്നതിനായി തുടർ പരിശീലനങ്ങളും വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ് എന്ന യൂട്യൂബ് ചാനലും ഉപയോഗപ്പെടുത്തിവരുന്നു. ഇതുകൂടാതെ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മറ്റും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലകളേയും സംസ്ഥാനതലത്തിലെ ഓഫീസർമാർ സൂപ്പർവിഷൻ ചെയ്തുവരുന്നു. സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ട വ്യത്യസ്തമായ കമ്മിറ്റികൾ അവരവരുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ദൈനംദിന ഓൺലൈൻ മീറ്റിംഗ് വഴി നടത്തിവരുന്നു.

(സി) കോവിഡ് പോസിറ്റീവായി മൂന്ന് മാസത്തിനകം മരണപ്പെട്ടിട്ടുള്ളവരുടെ മരണ സർട്ടിഫിക്കറ്റിൽ മരണകാരണം കോവിഡാണെന്ന് രേഖപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സുപ്രീംകോടതി കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

&

(ഡി) സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ മാറ്റംവരുത്തുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച തുടർ നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽനിന്നും ICMR-ൽ നിന്നും ലഭ്യമായിട്ടില്ല. നിലവിൽ ലോകാരോഗ്യ സംഘടനയുടേയും, ICMR-ന്റേയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കേരളത്തിൽ കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്.

## കോവിഡ് പ്രതിരോധം

22(*141) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 6-ലെ കണക്കുപ്രകാരം രാജ്യത്തെ കോവിഡ് രോഗികളുടെ നാലിലൊന്നും പുതുതായി രോഗം സ്ഥിരീകരിക്കുന്നവരുടെ മൂന്നിലൊന്നും കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഇന്ത്യയൊട്ടുക്കും കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് കേരളത്തിലും ഏപ്രിൽ ആദ്യവാരം മുതൽ ദിനംപ്രതി സ്ഥിരീകരിക്കുന്ന കോവിഡ്-19 കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് കണ്ടുതുടങ്ങിയിരുന്നു. ചിട്ടയായ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും ഹൈ റിസ്ക് ഗ്രൂപ്പുകളിൽ കോവിഡ് രോഗികളുമായും സമ്പർക്കം പുലർത്തിയവരിലും അടിസ്ഥാനപ്പെടുത്തിയുള്ള പരിശോധനയുടെ ഭാഗമായും മികച്ച ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയും പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിച്ചുമാണ് നാളിതുവരെ കേരളം കോവിഡ് മഹാമാരിയെ നേരിട്ടത്. എന്നാൽ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഇന്ത്യയൊട്ടുക്കും റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് 19-ന്റെ ജനിതക വ്യതിയാന രൂപമായ ഡെൽറ്റാ വേരിയന്റിനെ തുടർന്ന് കേരളത്തിലും കേസ്സുകളുടെ എണ്ണത്തിലും രോഗസ്ഥിരീകരണ വളർച്ചാ നിരക്കിലും വർദ്ധനവുണ്ടായി. ഇതിനെ പ്രതിരോധിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഒന്നരക്കൊല്ലമായി ചെയ്തുവന്ന പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം ഊർജ്ജിതമായ വാക്സിനേഷനും ഈ കാലയളവിൽ സംസ്ഥാനം സ്വീകരിക്കുകയുണ്ടായി. കേസ്സുകൾ ക്രമാനുഗതമായി വർദ്ധിച്ചപ്പോൾ

കോവിഡുമൂലം തകർന്നുപോയ സാമ്പത്തിക വ്യവസ്ഥയ്ക്ക് കോട്ടംവരാത്ത വിധത്തിൽ ആദ്യം വാരാന്ത്യ ലോക്ഡൗണും തുടർന്ന് സംസ്ഥാനമൊട്ടാകെ സമ്പൂർണ്ണ ലോക്ഡൗണും പ്രഖ്യാപിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങളുടെ പ്രതിഫലനമെന്നോണം കേരളത്തിൽ റിപ്പോർട്ട് ചെയ്തിരുന്ന കേസുകൾ മേയ് രണ്ടാം പകുതിയോടെ കുറഞ്ഞുതുടങ്ങുകയും ജൂൺ രണ്ടാം പകുതിയോടെ റ്റി.പി.ആർ. 10 ശതമാനത്തിനടുത്തെത്തുകയും ചെയ്തു. തുടർന്ന് ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകിയെങ്കിലും കുതിച്ചുയരാമായിരുന്ന റ്റി.പി.ആർ.-നെ നാലാഴ്ചയോളം 10 ശതമാനത്തിനടുത്ത് നിർത്താൻ സംസ്ഥാനത്തിനായി. എന്നാൽ ഈ കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ റ്റി.പി.ആർ. അടിസ്ഥാനമാക്കിയാണ് ലോക്ഡൗൺ നിശ്ചയിച്ചിരുന്നത്. എന്നാൽ ലോക്ഡൗൺ വ്യവസ്ഥകളിൽ പൂർണ്ണമായ ഇളവ് നൽകിയശേഷം കേരളത്തിൽ ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധന കണ്ടുതുടങ്ങിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ തീയതിയിൽ സംസ്ഥാനത്തെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

10.90 ശതമാനം.

(സി) രാജ്യത്തെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അഞ്ചിരട്ടി കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് സംസ്ഥാനത്ത് കോവിഡ് മൂന്നാം തരംഗം ആരംഭിച്ചതിന്റെ സൂചനയായി കണക്കാക്കാൻ കഴിയുമോ?

കേരളത്തിൽ ജൂൺ മാസം രണ്ടാം പകുതിയോടുകൂടി ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെയെണ്ണം പതിനായിരത്തിനടുത്തും റ്റി.പി.ആർ. 10 ശതമാനത്തിനടുത്തുമെത്തിയിരുന്നു. ഏപ്രിൽ മാസത്തോടുകൂടി ആരംഭിച്ചുവെന്നു കരുതപ്പെടുന്ന കോവിഡ് രണ്ടാം തരംഗം പടിപടിയായി താഴേയ്ക്കുവന്ന് നാലാഴ്ചയോളം റ്റി.പി.ആർ. 10 ശതമാനത്തിന് അടുത്തുതുടർന്നു. എന്നാൽ കഴിഞ്ഞ ഒരാഴ്ചയിലധികമായി ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്. ഇതിനെ മൂന്നാംതരംഗമായി കണക്കാക്കണം എന്നത് സംബന്ധിച്ച് എപ്പിഡെമിയോളജിസ്റ്റുകളുടെയോ, മറ്റ് വിദഗ്ദ്ധരുടെയോ നിർദ്ദേശങ്ങളൊന്നുംതന്നെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) രാജ്യത്തെ ടി.പി.ആർ. നിരക്ക് മൂന്ന് ശതമാനത്തിൽ താഴെ നിൽക്കുമ്പോഴും കേരളത്തിൽ ദിനംപ്രതി പതിനായിരത്തിലധികം രോഗികളും നൂറിലേറെ മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നതുമൂലമുള്ള പ്രതിസന്ധി തരണംചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കോവിഡ് രണ്ടാം തരംഗം നേരിടുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു;

- രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.
- രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടികണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെയും CFLTC-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. വിദഗ്ദ്ധചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (District Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.
- ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി, ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ-സംസ്ഥാനതലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.
- കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ഉപകരണങ്ങളും KMSCL മുഖേന മുടക്കംകൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

- പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കുള്ള ചികിത്സ ലഭ്യമാക്കിവരുന്നു.

- കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസൃതമായി ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തുന്നു. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

- സംസ്ഥാനതല വിദഗ്ദ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

- ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് അവലോകനയോഗങ്ങൾവഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

- വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതി നിധികളുടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

- വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

- ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുകയെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്കുവേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്കാശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും

കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ ജാഗ്രതാ പോർട്ടലിൽനിന്നും പാസ് ലഭ്യമാക്കുകയും 48 മണിക്കൂറിനുള്ളിലുള്ള നെഗറ്റീവ് RTPCR റിസൾട്ട് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.
- കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റംവന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.
- അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവുംകുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ കോവിഡ് പ്രതിരോധത്തിൽ ഇത്തരം പ്രതിസന്ധിയുണ്ടായതിന് കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

ഏപ്രിൽ മാസത്തിൽ ഇന്ത്യയൊട്ടുക്കും കേസുകൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് കേരളത്തിലും ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത്. ഇത് കോവിഡ് 19-ന് കാരണമാകുന്ന SARS Cov2 വൈറസിൽ വരുന്ന Delta എന്ന വ്യാപനശേഷി കൂടുതലുള്ള ജനിതക വ്യതിയാനം കാരണമാണ്. ഇത് നേരിടുന്നതിന് സംസ്ഥാനം സ്വീകരിച്ച ലോക്ഡൗണും വർദ്ധിച്ച വാക്സിനേഷൻ നിരക്കും മറ്റ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സഹായകരമായിട്ടുണ്ടെന്നാണ് ലോക് ഡൗണിൽ ഇളവുനൽകിയ ശേഷവും TPR-നെയും കേസുകളുടെ വളർച്ചാ നിരക്കിനെയും ജൂലൈ ആദ്യവാരംവരെ പിടിച്ചുനിർത്താനായത് സൂചിപ്പിക്കുന്നത്.

(എഫ്) കോവിഡ് മരണനിരക്ക് കുറച്ച് കാണിച്ചതിലൂടെ സുപ്രീം കോടതി നിർദ്ദേശാനുസരണം കോവിഡ് മരണങ്ങൾക്കുകിട്ടേണ്ട നഷ്ടപരിഹാരം നിരവധി അർഹതപ്പെട്ട കുടുംബങ്ങൾക്ക് നഷ്ടപ്പെടുന്നതായുള്ള പരാതി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സമ്പ്രദായത്തിലൂടെയാണ്. WHO-യുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്. ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെ അതാത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാരാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനുള്ളിൽ സ്ഥിരീകരിക്കുന്നു. മുൻകാലങ്ങളിൽ മെയിൽവഴിയുള്ള റിപ്പോർട്ടടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. കാലതാമസം ഉണ്ടാകുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ കാലതാമസം ഒഴിവാക്കുന്നതിനും കൃത്യത ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലേയ്ക്ക് മാറിയത്. ഇത്തരത്തിൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് രാജ്യത്തെതന്നെ മികച്ച സംവിധാനമാണ് കേരളത്തിൽ ഒരുക്കിയിട്ടുള്ളത്. കോവിഡ് മരണങ്ങളുടെ നഷ്ടപരിഹാരം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി നിരീക്ഷണം സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ ഒന്നുംതന്നെ കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമായിട്ടില്ല.

**ഭക്ഷ്യഭദ്രത നിയമത്തിന്റെ ആനുകൂല്യം**

23(*142) <u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രത നിയമത്തിന്റെ ആനുകൂല്യത്തിന് അർഹതയുണ്ടായിട്ടും അശാസ്ത്രീയമായ കേന്ദ്രമാനദണ്ഡപ്രകാരം മുൻഗണനാ ലിസ്റ്റിൽപ്പെടാതെ ബുദ്ധിമുട്ടനുഭവിക്കുന്നവർ ഗണ്യമായയെണ്ണം ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള കേന്ദ്രമാനദണ്ഡങ്ങളുടെയും സാമൂഹികവും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 അംഗങ്ങളിൽ അത്തരക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെകണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമെ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ നടന്നുവരുന്നു.

(ബി) അർഹതയുള്ള മുഴുവൻപേർക്കും ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ആനുകൂല്യം ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭക്ഷ്യഭദ്രതാ നിയമപ്രകാരം അർഹതപ്പെട്ട ഭക്ഷ്യധാന്യ വിഹിതം ലഭ്യമാകുന്നുണ്ട്. എന്നാൽ അർഹരായ മുഴുവൻപേരെയും മുൻഗണനാ പരിധിയിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ ഒഴിവുകൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി 29-12-2019-ലെ 4012724/ബി3/2019/ ഭ.പൊ.വി.വ നമ്പർ അർദ്ധഔദ്യോഗിക കത്തുപ്രകാരം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല നടപടിയുണ്ടായിട്ടില്ല.

(സി) നിലവിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്തി ഒഴിവാക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ

കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടവരെ നീക്കുന്നതിനുമുമ്പ് അന്വേഷണവും നേരിൽ/ഓൺലൈനിൽ കേൾക്കുന്നതിനുള്ള അവസരവും നൽകുന്നതാണ്. ഇതിനുപുറമേ എഎ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കാൻ പര്യാപ്തമായ തോതിൽ ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ?

എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുംപ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യവിഹിതം പരിമിതമാണ്. സർവ്വകക്ഷിയോഗ തീരുമാനപ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യ വിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ**

24(*144) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തൊഴിലിനായി വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്ന പ്രവാസി മലയാളികളുടെ പ്രശ്നം സർക്കാർ പ്രത്യേകം പരിശോധിച്ചിരുന്നോയെന്ന് അറിയിക്കാമോ?

തൊഴിലിനായി വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുകയും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. തൊഴിലിനായി വിദേശത്തേയ്ക്ക് യാത്രചെയുന്ന മലയാളികളുടെ സൗകര്യാർത്ഥം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നോർക്ക അറ്റസ്റ്റേഷൻ സെന്ററുകൾ വഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശഭാഷ പരിജ്ഞാനത്തിനും വിദേശത്തെ തൊഴിലിൽ നൈപുണ്യം നേടാനും പരിശീലന പരിപാടികൾ നടത്തിവരുന്നു. വനിതകളുടെ സുരക്ഷിത കുടിയേറ്റത്തിനായി ബോധവൽക്കരണം നടത്താനും പരാതികൾ പരിഹരിക്കാനും നോർക്ക റൂട്ട്സിൽ പ്രവാസി വനിതാ സെൽ രൂപീകരിച്ചിട്ടുണ്ട്. നിയമപരവും സുരക്ഷിതവുമായി വിദേശത്ത് തൊഴിൽ ലഭിക്കാൻ നോർക്ക റൂട്ട്സിൽ പ്രത്യേക റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യ വികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രവാസി കേരളീയർ വിദേശ രാജ്യങ്ങളിൽ നേരിടുന്ന നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ 'പ്രവാസി നിയമസഹായ സെൽ' രൂപീകരിച്ച് മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം ലഭ്യമാക്കുന്നുണ്ട്.

(ബി) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ നിരവധി രാജ്യങ്ങൾ ഇന്ത്യയിൽ നിന്നുള്ളവർക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത് ഒട്ടനവധി പേരുടെ തൊഴിൽ നഷ്ടത്തിനിടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വിദേശ രാജ്യങ്ങളിലേക്ക് തിരിച്ചുപോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തങ്ങളുടെ തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വിദേശകാര്യ വകുപ്പ് സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

(സി) കോവിഡ് കാലത്ത് തിരിച്ചെത്താൻ നിർബന്ധിതരായ പ്രവാസി മലയാളികൾക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം നൽകുകയും കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1,000 രൂപ വീതം ധനസഹായം നൽകുകയും, അംശദായം കുടിശ്ശിക വരുത്തി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപ്പലിശയും 6 മാസക്കാലത്തേയ്ക്ക് ഒഴിവാക്കി നൽകുകയും ചെയ്തു. കോവിഡ്-19 പശ്ചാത്തലത്തിൽ നാട്ടിലേക്കെത്തിയ പ്രവാസികൾക്ക് എയർപോർട്ടുകളിൽ RTPCR ടെസ്റ്റ് സൗജന്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**മുൻഗണനാ റേഷൻ കാർഡ്**

25(*145) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) അനർഹർ കൈവശം വച്ചുവരുന്ന മുൻഗണനാ റേഷൻ കാർഡുകൾ സ്വമേധയാ തിരിച്ചേല്പിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ ശിക്ഷാനടപടികളോ കൂടാതെ പ്രസ്തുത കാർഡ് തിരിച്ചേൽപ്പിക്കുന്നതിന് 15-7-2021 വരെ സമയം അനുവദിച്ചിരുന്നു. ഇപ്രകാരം തിരിച്ചേൽപ്പിച്ച മുൻഗണനാ/മുൻഗണനേതര സബ്സിഡി കാർഡുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

| ഇനം | എണ്ണം |
|---|---|
| എ.എ.വൈ. | 10018 |
| പി.എച്ച്.എച്ച്. | 64761 |
| മുൻഗണനേതര സബ്സിഡി | 48775 |
| ആകെ | 123554 |

ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ വന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മുൻഗണനാ മാനദണ്ഡങ്ങളിൽ ചെറിയ വ്യത്യാസം വരുന്നതുമൂലം മുൻഗണനാ പട്ടികയിൽനിന്നും പുറത്താകുന്ന തുടർചികിത്സ ആവശ്യമുള്ള രോഗികളുടെ കുടുംബങ്ങളെ പ്രസ്തുത പട്ടികയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുൻഗണന പട്ടികയിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ, അത്തരം കാർഡുടമകൾ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ) നമ്പർ 319/2020/ഭ.പൊ.വി.വ. (അനുബന്ധം ആയി ചേർക്കുന്നു)* പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ എന്നിവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് ചികിത്സാസഹായം ലഭിയ്ക്കുന്നതിന് മുൻഗണനാ കാർഡുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷിവിഭാഗത്തെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് വെയിറ്റേജ് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതിനുപുറമേ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ഗുരുതര രോഗബാധിതർക്ക് മുൻഗണനാ വിഭാഗത്തെപ്പോലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചികിത്സ ആനുകൂല്യം ലഭ്യമാക്കുന്നതിന് "സ്റ്റേറ്റ് പ്രയോറിറ്റി" സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) തിരിച്ചേല്പിക്കുന്ന റേഷൻ കാർഡുകൾ അർഹരായവർക്ക് നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അനർഹമായ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ സറണ്ടർ ചെയ്യുതിലൂടെ മുൻഗണനാ പട്ടികയിൽവന്ന ഒഴിവുകളിലേയ്ക്ക് താലൂക്ക് തലത്തിൽ അദാലത്ത് നടത്തി, ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും പുരോഗമിച്ചുവരുന്നു.

**ജനപ്രതിനിധികൾ ഉൾപ്പെട്ട ക്രിമിനൽ കേസ്സുകൾ**

26(*146) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ പ്രതികളായ ക്രിമിനൽ കേസ്സുകൾ പിൻവലിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോയെന്നറിയിക്കാമോ?

ഇല്ല; ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നതിനായി സർക്കാരിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ഓരോ കേസും പ്രത്യേകം പരിശോധിച്ചശേഷം ക്രിമിനൽ നിയമസംഹിതയിലെ 321-ാം വകുപ്പ്പ്രകാരം ഉചിതമെങ്കിൽ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിൽ എതിർപ്പില്ലായെന്ന് ജില്ലാകളക്ടറെ അറിയിക്കുകയാണ് ചെയ്തുവരുന്നത്.

(ബി) 2015-ൽ നിയമസഭയിൽ നടന്ന കയ്യാങ്കളിയുമായി ബന്ധപ്പെട്ട ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നതിന് സുപ്രീം കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ?

മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/2015 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്തതും തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി.790/2016-ാം നമ്പരായി നിലവിലുള്ളതുമായ കേസ്സ് ബഹുമാനപ്പെട്ട

വിചാരണ കോടതിയുടെ അനുമതിയോടെ ക്രിമിനൽ നിയമസംഹിതയിലെ 321-ാം വകുപ്പുപ്രകാരമുള്ള അധികാരം ഉപയോഗിച്ച് പിൻവലിക്കുന്നതിൽ സർക്കാരിന് എതിർപ്പില്ലെന്ന് ജില്ലാകളക്ടറെ അറിയിച്ചിരുന്നു. എന്നാൽ ആയതിന് വിചാരണകോടതി അനുമതി നൽകാത്തതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു. പ്രസ്തുത കേസ്സ് തീർപ്പുകൽപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ക്രിമിനൽ നിയമ സംഹിതയിലെ 321-ാം വകുപ്പിന്റെ പ്രസക്തിയും സാംഗത്യവും അതിൽ സർക്കാരിനുള്ള അധികാരവും സംബന്ധിച്ച ചില നിയമപരമായ വിഷയങ്ങൾക്ക് വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ SLP ഫയൽ ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത കേസ്സുകൾ പിൻവലിക്കുന്നതിന് എന്തെല്ലാം കാരണങ്ങളാണ് ഹർജിയിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്; വിശദാംശം അറിയിക്കുമോ?

ഹർജിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഐ.എൽ.ജി.എം.എസ്.**

27(*147) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സേവനം വിരൽത്തുമ്പിൽനൽകുക എന്ന ലക്ഷ്യത്തോടെ ഐ.എൽ.ജി.എം.എസ്. എന്ന ഇ-ഗവേണിംഗ് സംവിധാനം നിലവിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഐ.എൽ.ജി.എം.എസ്. എന്ന ഇ-ഗവേണിംഗ് സംവിധാനം നിലവിൽ 153 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി ഓൺലൈനായി ലഭ്യമാക്കുന്ന 213 സേവനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത്തരം ഓൺലൈൻ സേവനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇത്തരം ഓൺലൈൻ സേവനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) നികുതി ഓൺലൈനായി അടയ്ക്കുന്നതിന് എത്ര ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും വസ്തു നികുതിയും സേവന നികുതിയും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 67 നഗരസഭകളിലും വസ്തു നികുതി ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**ശബരിമല എയർപോർട്ട്**

28(*148) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)സദയം മറുപടി നൽകുമോ:

(എ) ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരിമലയുടെ ആഗോള പ്രാധാന്യം പരിഗണിച്ച് ശബരിമല എയർപോർട്ട് അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ഗ്രീൻ ഫീൽഡ് എയർപോർട്ട് ശബരിമലയോട് അടുത്ത് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാദ്ധ്യതാ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് കെ.എസ്.ഐ.ഡി.സി. താൽപര്യപത്രം പുറപ്പെടുവിക്കുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ലൂയി ബെർഗർ കൺസൾട്ടിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ തെരഞ്ഞെടുക്കുകയും

ചെയ്തു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കെ.എസ്.ഐ.ഡി.സി. മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റിലെ മുഴുവൻ ഭൂമിയും (2263.18 ഏക്കർ) ഉപയുക്തമാക്കി വിമാനത്താവളം നിർമ്മിക്കുന്നതിലേയ്ക്കായി ടി ഭൂമി ഏറ്റെടുക്കുന്നതിന് 18-6-2020-ലെ സ.ഉ. (കൈ)നമ്പർ 158/2020/റവ പ്രകാരം ഉത്തരവാകു കയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിലെ, വില കോടതിയിൽ കെട്ടിവച്ച് ഭൂമി ഏറ്റെടുക്കണമെന്ന നിബന്ധന ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ്സ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസ്സ് സമയബന്ധിതമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) പത്തനംതിട്ട ജില്ലയിൽ എയർപോർട്ട് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എന്തെല്ലാം അനുമതികളാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ സൈറ്റ് ക്ലിയറൻസിനുവേണ്ടി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായതിനാൽ അതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെയും ഹോട്ടൽ ഭക്ഷണത്തിന്റെയും വിലനിയന്ത്രണം

29(*149) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വിലവർദ്ധനവുമൂലം സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ഡീസലിന്റെയും പെട്രോളിന്റെയും പാചക വാതകത്തിന്റെയും നിരന്തര വില വർദ്ധനവുമൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് കാലഘട്ടത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ പേരിൽ ഹോട്ടലുകൾ ഭക്ഷണവിലയായും പാഴ്സൽ ചാർജ്ജായും അമിത തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇന്ധനവില വർദ്ധനവിനെ തുടർന്ന് കോവിഡ് കാലഘട്ടത്തിൽ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനായി ഓപ്പൺ മാർക്കറ്റ് പരിശോധന നടത്തി റിപ്പോർട്ട് നല്കുന്നതിന് എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നല്കിയിട്ടുമുണ്ട്.

(സി) ഈ സാഹചര്യത്തിൽ നിത്യോപയോഗ സാധനങ്ങളുടെയും ഹോട്ടൽ ഭക്ഷണത്തിന്റെയും വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ വിളിച്ചുചേർത്തിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിപണിയിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർമാർ ശേഖരിച്ച 22 അവശ്യ സാധനങ്ങളുടെയും വില സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന് നല്കുകയും അവിടെനിന്ന് ടി വിവരങ്ങൾ കേന്ദ്ര പൊതുവിതരണ ഉപഭോക്തൃ മന്ത്രാലയത്തിൽ വെബ്സൈറ്റിൽ ചേർക്കുകയും വില ശരാശരിയിൽനിന്നും കൂടിയ കേന്ദ്രങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയ മാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളുടേയും ടെക്നിക്കൽ സ്റ്റാഫുകളെയും ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ 15-5-2017-ൽ രൂപീകരിക്കുകയും അതത് കാലയളവിൽ യോഗം ചേർന്നുവരുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോ അവരുടെ വില്പനശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ നല്കിവരുന്നുമുണ്ട്. അവശ്യ സാധനങ്ങളുടെ വില വർദ്ധനവ്, ഹോട്ടൽ ഭക്ഷണ വില വർദ്ധനവ് എന്നിവ തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ പരിശോധനകളും നടത്തിവരുന്നു. പയറുവർഗ്ഗങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ നിശ്ചയിച്ച സ്റ്റോക്ക് ലിമിറ്റ് പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ പൊതുവിതരണ ഡയറക്ടർക്കും സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിവരുന്നുണ്ട്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സേവനങ്ങൾ

30(*150) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ആന്റണി ജോൺ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ സമയബന്ധിതവും അഴിമതിരഹിതവുമായി ലഭിക്കുന്നുവെന്നുറപ്പാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനായി ILGMS എന്ന പേരിൽ ഒരു ഏകീകൃത സോഫ്റ്റ് വെയർ IKM വികസിപ്പിച്ചിട്ടുണ്ട്. ILGMS വിന്യസിച്ച 153 ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട 213 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും നികുതിയും ഫീസുകളും അടവാക്കുന്നതിനും സേവനം കൈപ്പറ്റുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിക്കാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സേവനാവകാശനിയമ പ്രകാരം സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനുള്ള നിർദ്ദേശം എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. തദ്ദേശസ്ഥാപന ഓഫീസിൽ നേരിട്ട് അപേക്ഷ നൽകുന്നവർക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും വിവിധയിനം ഫീസുകൾ, നികുതികൾ എന്നിവ ഒടുക്കുന്നതിനും അവയുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷയും അംഗീകാര സംവിധാനവും മെച്ചപ്പെടുത്തുന്നതിലേയ്ക്ക് IBPMS എന്ന ഇന്റെലിജന്റ് സോഫ്റ്റ് വെയർ സംവിധാനം നിലവിൽവന്നു കഴിഞ്ഞു. പെർഫോമൻസ് ഓഡിറ്റ് സംവിധാനവും ലോക്കൽ ഫണ്ട് ഓഡിറ്റും എ.ജി. (ലോക്കൽ ബോഡി) ഓഡിറ്റും നിലവിലുണ്ട്.

(ബി) പാവപ്പെട്ടവർ നേരിട്ടിരുന്ന ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊ ന്നായിരുന്ന സമയബന്ധിതമായി കെട്ടിട പെർമിറ്റ് ലഭിക്കാത്ത പ്രശ്നം പരിഹരിക്കാൻ സ്വയം സാക്ഷ്യപ്പെടുത്തലോടെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കുറഞ്ഞ അപകടസാധ്യതയുള്ള വിഭാഗത്തിൽ (Low Risk Building) ഉൾപ്പെട്ടിട്ടുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് (300 ച.മീ. വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ച.മീ. വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, 200 ച.മീ. വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ) നിലവിലുള്ള നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമാണ് എന്നുള്ള കെട്ടിട ഉടമയും എംപാനൽഡ് ലൈസൻസിയും സംയുക്തമായി നൽകുന്ന സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലും 1994-ലെ പഞ്ചായത്ത് രാജ് ആക്ടിലും ഭേദഗതി വരുത്തി (2021-ലെ ഭേദഗതി ചട്ടങ്ങൾ) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്കുയർത്താനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ?

നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. ഇടമലക്കുടി, തലവടി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം ISO അംഗീകാരം ലഭിച്ചിട്ടില്ല. നിലവിൽ ISO അംഗീകാരം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ ISO അംഗീകാരം തുടർന്നും നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ നഗരസഭകൾക്ക് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡൈനാമിക് ഫ്യുവൽ പ്രൈസ് മെത്തേഡ്

1 (1360) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഡൈനാമിക് ഫ്യുവൽ പ്രൈസ് മെത്തേഡ് എന്ന സംവിധാന പ്രകാരം അന്താരാഷ്ട്ര മാർക്കറ്റിൽ അസംസ്കൃത എണ്ണക്ക് വില കുറയുമ്പോഴും കൂടുമ്പോഴും രാജ്യത്ത് ഇന്ധനത്തിനും പാചകവാതകത്തിനും വില ദിനംപ്രതി വർദ്ധിപ്പിക്കുന്ന രീതി സംസ്ഥാനത്തെ സാധാരണക്കാരുടെമേൽ കനത്തഭാരം ഏൽപ്പിക്കുന്നത് പരിശോധിച്ചിരു ന്നോയെന്ന് അറിയിക്കാമോ?

പെട്രോളിന്റേയും ഡീസലിന്റേയും വില നിയന്ത്രണം യഥാക്രമം 2010-ലും 2014-ലും കേന്ദ്രസർക്കാർ പിൻവലിച്ചതോടെ ഇന്ധനവില ക്രമാനുഗതമായി ഉയരുന്ന സ്ഥിതിവിശേഷമാണുണ്ടായത്. വിലനിയന്ത്രണം പിൻവലിച്ചതോടെ എണ്ണക്കമ്പനികൾക്ക് അടിക്കടി ഇന്ധനവില വർദ്ധിപ്പിക്കാൻ അവസരം ലഭിച്ചിരിക്കുകയാണ്. ഇത് ജനജീവിതത്തെ സാരമായി ബാധിക്കുന്നതിന് കാരണമായിട്ടുണ്ട്. മാത്രമല്ല വർദ്ധിപ്പിച്ച നികുതി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് പങ്കുവെക്കുന്നുമില്ല.

(ബി) നിലവിലെ ഇന്ധനവിലയിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതികളും സെസും സർചാർജ്ജും എത്രയെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഭാഗം സംസ്ഥാനങ്ങളുമായി പങ്കുവെക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പാചകവാതകത്തിനു ലഭിച്ചുവന്നിരുന്ന സബ്സിഡി നൽകാത്ത കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ; മണ്ണെണ്ണ ഉൾപ്പെടെയുള്ള പകരം പാചക ഇന്ധനം കേന്ദ്രത്തിൽ നിന്നു ലഭിക്കാത്ത സാഹചര്യത്തിൽ സബ്സിഡി അടിയന്തരമായി പുനഃസ്ഥാപിക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

പാചക വാതകത്തിന്റെ സബ്സിഡി നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് യാതൊരധികാരവുമില്ല. മണ്ണെണ്ണ സംബന്ധിച്ച വിഷയം ഇതിനോടകം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാചകവാതക സബ്സിഡി സംബന്ധിച്ച് അടിയന്തരമായി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## കോവിഡ് വ്യാപനം തടയുന്നതിനും ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിനും നടപടി

2 (1361) ശ്രീ. വി. ജോയി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം തടയുന്നതിനും ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുനടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് വ്യാപനം തടയുന്നതിനും ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപ്പിച്ച് ആരോഗ്യവകുപ്പ് ചുവടെ കൊടുത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ദ്ധ ചികിത്സ ഉറപ്പ് വരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ

ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാനതല വിദഗ്ദ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

12. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള ദ്രുത പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

19. കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക്ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

21. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിൽ ഉള്ള നെഗറ്റീവ് RTPCR റിസൾട്ട് ആരോഗ്യജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. കോവിഡ് 19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23. ട്രൈബൽ വിഭാഗത്തിന് പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കാൻ ജില്ലകൾ പ്രത്യേക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

24. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

(ബി) ചില സ്വകാര്യ ആശുപത്രികൾ അമിത ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടൽ എന്തെല്ലാമായിരുന്നു?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികൾക്കുവേണ്ടി ഐ.എം.എ. ബഹു. കോടതിയിൽ ഉന്നയിച്ച വാദമുഖങ്ങളും കോടതി പ്രകടിപ്പിച്ച അതൃപ്തിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ കെ.പി.എച്ച്.എ. ബഹു.ഹൈക്കോടതിയെ സമീപിച്ചിരുന്നുവെങ്കിലും ബഹു. ഹൈക്കോടതി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

### സ്ത്രീധനം സംബന്ധിച്ച ബോധവത്ക്കരണം

3 (1362) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനം എന്ന സാമൂഹ്യ യാഥാർത്ഥ്യം ഒരു വിപത്തായി മാറുന്നത് അവസാനിപ്പിക്കാനായി കർശന നിയമനടപടിക്രമങ്ങളോടൊപ്പം വ്യാപകവും ആഴത്തിലുമുള്ള ബോധവത്ക്കരണ പ്രവർത്തനത്തിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക-ലൈംഗിക-സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും വനിതാ-ശിശുവികസന വകുപ്പ് ഓൺലൈൻ വഴി ബോധവത്ക്കരണ ക്ലാസ് നൽകിയിട്ടുണ്ട്. സമീപകാലങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെത്തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തിവരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തരം പ്രചരിപ്പിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കാനും സ്ത്രീധനത്തിനെതിരെ ബോധവത്കരണം നടത്താനും വിവാഹമണ്ഡപങ്ങൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പൊലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വകുപ്പുമന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വകുപ്പ് മുഖേന ലഭ്യമാക്കി, ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു. സ്ത്രീധനത്തിനെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തിവരുന്നുണ്ട്. കൂടാതെ, സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) അച്ചടിച്ച് സൗജന്യമായി കേരള വനിതാ കമ്മീഷൻ, പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. വനിതാ കമ്മീഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസെലിംഗ്, കലാലയ ജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും ക്ലാസുകൾ ഓൺലൈനായടക്കവും നിരന്തരം ചെയ്തുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട പീഡനങ്ങളും അതിക്രമങ്ങളും ഫലപ്രദമായി തടയുന്നതിന് കാര്യക്ഷമമായി പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ: വിശദാംശം ലഭ്യമാക്കാമോ;

&

(സി) സ്ത്രീധന, സ്ത്രീപീഡന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

സ്ത്രീധനപീഡനങ്ങളും അതിക്രമങ്ങളും ഫലപ്രദമായി തടയുന്നതിന് വനിതാ-ശിശുവികസന വകുപ്പ് കാര്യക്ഷമമായ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീപീഡനകേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ദോപദേശവും നിയമസഹായവും നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**മരംമുറി വിവാദം**

4 (1363) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം, റവന്യൂ വകുപ്പുമന്ത്രിമാർ യോഗം ചേർന്ന് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവാദ മരംമുറിയുമായി ബന്ധപ്പെട്ട് 2020 ഒക്ടോബറിൽ പ്രത്യേക ഉത്തരവിറക്കിയ ഫയൽ ശ്രദ്ധയിൽപ്പെട്ടിരുന്നോ?

ബാധകമല്ല.

(ബി) പ്രസ്തുത ഉത്തരവ് പുറത്തിറക്കുന്നതിനുമുമ്പ് നിയമവകുപ്പിന്റെ ഉപദേശം തേടിയിരുന്നുവോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ?

1964-ലെ കേരള ഭൂപതിവ് ചട്ടത്തിൽ 2017-ൽ വരുത്തിയ ഭേദഗതി സംബന്ധിച്ച സ്പഷ്ടീകരണം ആയതിനാൽ നിയമോപദേശം ആവശ്യമുണ്ടായിരുന്നില്ല.

(സി) പ്രസ്തുത ഉത്തരവിറക്കിയ ഉദ്യോഗസ്ഥർക്കെതിരെ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ഡി) മുട്ടിൽ മരംമുറി സംഭവത്തിൽ കുറ്റാരോപിതരായ വ്യക്തികൾ മുൻ വനം വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗത്തെ നിരന്തരം ഫോണിൽ ബന്ധപ്പെട്ടിരുന്നതായും ഉത്തരവിറക്കാൻ മുൻ റവന്യൂമന്ത്രി ഫയലിൽ കുറിപ്പെഴുതിയതായി വിവരാവകാശ രേഖകൾ വെളിപ്പെടുകയുംചെയ്ത സാഹചര്യത്തിൽ മുൻ വനം, റവന്യൂ വകുപ്പുമന്ത്രിമാരുടെ പങ്ക് കൂടി അന്വേഷണ പരിധിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

&

(ഇ) പ്രസ്തുത കേസിൽ ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

ബാധകമല്ല.

**ഇടുക്കി പാക്കേജ്**

5 (1364) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയുടെ സമഗ്ര മേഖലകളിലുമുള്ള വികസനം ലക്ഷ്യമാക്കി ഇടുക്കി പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എത്ര രൂപയുടെ പാക്കേജാണ് ജില്ലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്?

ഇടുക്കിയുടെ സമഗ്ര വികസനവും സമ്പദ് സമൃദ്ധിയും ലക്ഷ്യമിട്ടു കൊണ്ട് അഞ്ചുവർഷംകൊണ്ട് നടപ്പാക്കുന്ന 12,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) പാക്കേജ് നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

സ്പെഷ്യൽ ഓഫീസർ ആയി ശ്രീ. അർജ്ജുൻ പാണ്ഡ്യൻ, ഐ.എ.എസ്. -നെ നിയമിച്ചിട്ടുണ്ട്.

(ഡി) ഇടുക്കി പാക്കേജുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്തുന്നതിനായി കൃഷി, തദ്ദേശസ്വയംഭരണം, വ്യവസായം, വനം-വന്യജീവി, വിനോദസഞ്ചാരം, റവന്യൂ, പരിസ്ഥിതി, ഊർജ്ജം, പൊതു വിദ്യാഭ്യാസം, ജലസേചനം, മൃഗസംരക്ഷണം, പൊതുമരാമത്ത്,

പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ഇ) എന്തൊക്കെ രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിൽ വരുത്താനാണ് പാക്കേജിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഇടുക്കിയുടെ സമഗ്രവികസനവും സമ്പദ്സമൃദ്ധിയും ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കുക.

1. കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്ഥായിയായ രീതികളിലൂടെ കൃഷിയുടെയും മൃഗപരിപാലനത്തിന്റെയും ഉൽപ്പാദനക്ഷമത ഉയർത്തുക.
2. മൂല്യവർദ്ധിത സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
3. ടൂറിസം വികസിപ്പിക്കുക.
4. ഭൗതിക-സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
5. ദാരിദ്ര്യം തുടച്ചുനീക്കുക.
6. പരിസ്ഥിതി സന്തുലനാവസ്ഥ പുനസ്ഥാപിക്കുക. ഇടുക്കി ജില്ല ഇന്ന് അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പര്യാപ്തമാണ് ഈ പാക്കേജ്. കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കണം, ദാരിദ്ര്യം തുടച്ചുമാറ്റണം, തൊഴിലില്ലായ്മ കുറയ്ക്കണം, പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കണം എന്നീ ലക്ഷ്യങ്ങളാണ് പാക്കേജിന്റെ ഭാഗമായി നേടിയെടുക്കേണ്ടത്. ഇടുക്കി പാക്കേജ് പ്രഖ്യാപനത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഗുരുവായൂരിന്റെ സമഗ്ര വികസനത്തിന് പ്രത്യേക പാക്കേജ്**

6 (1365) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ഗുരുവായൂരിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളതിനാൽ, ഗുരുവായൂരിന്റെ സമഗ്ര വികസനത്തിന് പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്വകാര്യ സംരംഭകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നഗരത്തിന്റെ അടിസ്ഥാന വികസനത്തിനാവശ്യമായ ആശുപത്രികൾ, വാണിജ്യ സമുച്ചയങ്ങൾ, പാർക്കിംഗ് പ്ലാസകൾ തുടങ്ങിയ ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ കലണ്ടർ വിതരണം**

7 (1367) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി സർക്കാർ കലണ്ടർ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

**കോവിഡ്-19**

8 (1368) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗവ്യാപനം തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

കോവിഡ്-19 ബാധിത പ്രദേശങ്ങളിലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുജനാരോഗ്യ പരിപാലന കേന്ദ്രങ്ങളിലേയ്ക്ക് സർക്കാരിന്റെ പ്രതിരോധ ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വെന്റിലേറ്റർ, ടെസ്റ്റിംഗ് കിറ്റുകൾ തുടങ്ങി ദീർഘകാല ഉപയോഗമില്ലാത്ത പ്രതിരോധ ചികിത്സാ സാമഗ്രികളും ആശുപത്രി ഉപകരണങ്ങളും കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി ഉപയോഗിക്കുന്നതിന് ബഹു. എം.എൽ.എ.-മാരുടെ ശിപാർശപ്രകാരം പ്രാദേശിക വികസന, ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് 7-4-2020-ലെ സ.ഉ.(സാധാ)നമ്പർ 2716/2020/ ധന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) എത്ര രൂപയാണ് ഓരോ എം.എൽ.എ.-മാരുടെയും ഫണ്ടിൽ നിന്നും ഈ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നത്;

(സി) ഇപ്രകാരം സ്വരൂപിക്കുന്ന ഫണ്ട് എപ്രകാരം ചെലവഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്?

പ്രതിവർഷം 5 കോടി രൂപ വീതമുള്ള ആസ്തി വികസന ഫണ്ടിൽ നിന്ന് 4 കോടി രൂപ വീതം ഇതിനായി മാറ്റിവയ്ക്കുന്നു. 2021 ജൂൺ 4-ാം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന, എം.എൽ.എ.-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഏർപ്പെടുത്തുമോ?

ഐസൊലേഷൻ വാർഡ് എവിടെയെന്നത് എം.എൽ.എ.-യുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് തീരുമാനിക്കും.

## എൻ.പി.ആർ., എൻ.ആർ.സി. സംബന്ധിച്ച്

9 (1369) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.പി.ആർ. (ദേശീയ ജനസംഖ്യാ പട്ടിക) സെൻസസ്, എൻ.ആർ.സി. എന്നിവ എങ്ങനെയൊക്കെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ?

എൻ.പി.ആർ. (National Population Register) പൗരത്വ നിയമം 1955, പൗരത്വം (പൗരന്മാരുടെ രജിസ്ട്രേഷൻ, ദേശീയ ഐഡന്റിറ്റി കാർഡുകളുടെ ഇഷ്യൂ) ചട്ടങ്ങൾ 2003 എന്നിവ പ്രകാരം പ്രാദേശിക (ഗ്രാമം /ഉപനഗരം), ഉപജില്ല, ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ഈ രജിസ്റ്റർ തയ്യാറാക്കുന്നു. കഴിഞ്ഞ 6 മാസമോ അതിൽ കൂടുതലോ ഒരു പ്രദേശത്ത് താമസിച്ച വ്യക്തി അല്ലെങ്കിൽ അടുത്ത 6 മാസമോ അതിൽ കൂടുതലോ ആ പ്രദേശത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ എൻ.പി.ആർ.-ന്റെ ആവശ്യങ്ങൾക്കായി ഒരു സാധാരണ താമസക്കാരനെ നിർവചിച്ചിരിക്കുന്നു. രാജ്യത്തെ ഓരോ സാധാരണ താമസക്കാരന്റെയും സമഗ്രമായ ഐഡന്റിറ്റി

ഡാറ്റാബേസ് സൃഷ്ടിക്കുക എന്നതാണ് എൻ.പി.ആർ.-ന്റെ ലക്ഷ്യം. ഡാറ്റാബേസിൽ ഡെമോഗ്രാഫിക്, ബയോ മെട്രിക് വിശദാംശങ്ങൾ അടങ്ങിയിരിക്കും. 2010-ൽ ആദ്യമായി നടപ്പിലാക്കിയ എൻ.പി.ആർ. 2015-ൽ പുതുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തവണ ആദ്യഘട്ട സെൻസസ് പ്രവർത്തനങ്ങളോടൊപ്പം എൻ.പി.ആർ. പുതുക്കൽ നടപടികൾകൂടി നടത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു എന്നതൊഴിച്ചാൽ രണ്ട് പ്രത്യേക നിയമങ്ങളാണ് സെൻസസിനും എൻ.പി.ആർ.-നും അടിസ്ഥാനമായുള്ളത്. അതിനാൽതന്നെ കണക്കെടുപ്പിന്റേയും എൻ.പി.ആർ. പട്ടിക പുതുക്കലിന്റേയും വിവര ശേഖരണത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും തികച്ചും വേറെവേറെയാണ്. ഇവയ്ക്ക് വെവ്വേറ ചോദ്യാവലികളുമാണ്. 2019-ലെ സിറ്റിസൺഷിപ്പ് അമന്റ്മെന്റ് ആക്ട് (CAA)-ന്റെ വെളിച്ചത്തിൽ എൻ.പി.ആർ. നടത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക പരിഗണിച്ച് സെൻസസ് പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ എൻ.പി.ആർ. സംബന്ധിച്ച നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതല്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് എൻ.പി.ആർ. നടപ്പാക്കില്ല എന്ന് സർക്കാർ നേരത്തെതന്നെ അസന്നിഗ്ദമായി പ്രഖ്യാപിച്ചിട്ടുണ്ട്. സെൻസസ് [ജനസംഖ്യ കണക്കെടുപ്പ്] 1948-ലെ സെൻസസ് ആക്ടിലേയും 1990-ലെ സെൻസസ് റൂളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ് നിലവിൽ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നത്. 1872 മുതൽ 10 വർഷത്തിലൊരിക്കൽ മുടങ്ങാതെ സെൻസസ് പ്രക്രിയ നടന്നുവരുന്നു. രാജ്യത്തെ 16-മത്തെയും സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള 8-ാമത്തെയും ജനസംഖ്യാ കണക്കെടുപ്പാണ് ഇപ്പോൾ നടക്കാൻ പോകുന്നത്. 10 വർഷത്തിലൊരിക്കൽ നടക്കുന്ന ജനസംഖ്യാ കണക്കെടുപ്പ് രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും സുപ്രധാന വിവര ശേഖരണമാണ്. 1872 മുതൽ ഓരോ 10 വർഷവും മുടക്കമില്ലാതെ നടത്തിവരുന്ന ഈ പ്രക്രിയയിലൂടെ ലഭിക്കുന്ന വിവരങ്ങൾ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനായുള്ള ആസൂത്രണത്തിനും നയരൂപീകര ണത്തിനും കാര്യക്ഷമമായ പൊതുഭരണത്തിനും അത്യന്താപേക്ഷിതമാണ്. ദേശീയ അന്തർദേശീയ ഏജൻസികളും ഗവേഷകരും ബിസിനസ്സുകാരും ശാസ്ത്രജ്ഞരും വ്യവസായികളും മറ്റുമടങ്ങുന്ന വിദഗ്ദ സമൂഹവും ഈ വിവരങ്ങൾ ആധാരമാക്കിയാണ് തങ്ങളുടെ പ്രവർത്തന മേഖലകളിൽ കാര്യക്ഷമമായി ഇടപ്പെടുന്നത്. വിവിധ നിയമനിർമ്മാണ സഭകളിലേയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുമുള്ള മണ്ഡലങ്ങൾ നിർണ്ണയിക്കുന്നതും അതിലേയ്ക്കുള്ള സംവരണം അടക്കമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതും ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. സംസ്ഥാനങ്ങളുടെയും

രാജ്യത്തിന്റെയും സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ മുന്നോട്ടുള്ള പ്രയാണത്തിന് ജനസംഖ്യാ കണക്കെടുപ്പ് വഴി ലഭിക്കുന്ന വിവരങ്ങൾ ഏറ്റവും പ്രധാനപ്പെട്ട ഒരു സൂചികയാണ്. എൻ.ആർ.സി. [National Register for Citizens] (പൗരത്വ രജിസ്റ്റർ) 1955-ലെ പൗരത്വ നിയമത്തിന് 2003-ൽ പുറപ്പെടുവിച്ച amendment പ്രകാരം രാജ്യത്ത് പൗരന്മാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി, ദേശീയ തിരിച്ചറിയൽ കാർഡ് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ദേശീയ പൗരത്വ രജിസ്റ്റർ നടപ്പാക്കുന്നത്. Citizenship (Registration of Citizen and Issue of National Identity Cards) Rules 2003-ൽ ഇത് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. എൻ.പി.ആർ. ഡാറ്റയുടെ അടിസ്ഥാനത്തിലാണ് എൻ.ആർ.സി. നടപ്പിലാക്കുന്നത്. നിലവിൽ ആസ്സാമിൽ എൻ.ആർ.സി. നടപ്പിലാക്കിയിട്ടുണ്ട്. രാജ്യത്താകമാനം ഇത് നടപ്പിലാക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഈ നിയമത്തിനെതിരെ സംസ്ഥാന സർക്കാർ ബഹു. സുപ്രീംകോടതിയിൽ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരമുള്ള ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിൽ 2021 വർഷത്തെ സെൻസസ് നടപടികൾ നടന്നു വരുന്നുണ്ടോ; ആയതിന്റെ പുരോഗതിയും ഏത് വിഭാഗം ജീവനക്കാരെയൊക്കെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ?

ഉണ്ട്. സെൻസസ് വിവരശേഖരണം സംസ്ഥാനത്ത് രണ്ട് ഘട്ടമായിട്ടാണ് നടത്തുന്നത്. ആദ്യഘട്ട സെൻസസ് നടപടികളുടെ ഭാഗമായി House listing & Housing Census സംസ്ഥാനത്ത് 2020 മേയ് 1 മുതൽ 30 വരെ കാലയളവിലാണ് നടത്താൻ തീരുമാനിച്ചിരുന്നത്. എന്നാൽ കോവിഡ്-19 വ്യാപനം കാരണം കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സെൻസസ് നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. അങ്കണവാടി ടീച്ചർമാർ അടക്കമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ മറ്റ്. സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ എന്നിവരെയാണ് വിവിധ തലങ്ങളിൽ ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നത്.

(സി) എൻ.പി.ആർ., എൻ.ആർ.സി. എന്നിവയുടെ പശ്ചാത്തലത്തിൽ സെൻസസ് നടപടി ജനങ്ങൾക്കിടയിൽ ഉണ്ടാക്കുന്നതും ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ഉണ്ടാക്കുന്നതുമായ ആശങ്കകൾ പരിഹരിക്കാൻ മുൻകൈയെടുക്കുമോ; ഇക്കാര്യത്തിൽ ബോധവൽക്കരണ നടപടികൾക്ക് തുടക്കം കുറിക്കുമോ; വിശദമാക്കുമോ?

സി.എ.എ.-2019 നടപ്പിലാക്കിയതിനാൽ എൻ.ആർ.സി. സംബന്ധിച്ച് ജനങ്ങൾക്കിടയിൽ, വിശിഷ്യ ന്യൂനപക്ഷങ്ങൾക്കിയിൽ കടുത്ത ആശങ്ക ഉയർന്നിട്ടുണ്ട്. എൻ.പി.ആർ. ഡാറ്റ ആണ് എൻ.ആർ.സി.-യ്ക്കായി അവലംബിക്കുന്നത് എന്നതിനാൽ എൻ.പി.ആർ. സംബന്ധിച്ച് നടപടികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നില്ല. ആയത് കൊണ്ടുതന്നെ സെൻസസ് പ്രവർത്തനങ്ങൾക്കൊപ്പം എൻ.പി.ആർ. ചോദ്യാവലികളുമായി ഉദ്യോഗസ്ഥർ ജനങ്ങളെ സമീപിക്കുകയുമില്ല. ഇക്കാര്യം തീരുമാനമായി എടുക്കുകയും ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജനസംഖ്യാ കണക്കെടുപ്പ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ട ജനസംഖ്യാ കണക്കെടുപ്പ്. പ്രവർത്തനങ്ങളുടെ ചോദ്യാവലികൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ആശയക്കുഴപ്പം ഉണ്ടാകേണ്ടതില്ല.

## മലപ്പുറം ജില്ലയിൽ പ്രളയത്തിൽ തകർന്ന നടപ്പാലങ്ങളുടെ പുനർനിർമ്മാണം

10 (1370) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2019-ലെ പ്രളയത്തിൽ തകർന്ന പോത്തുകൽ പഞ്ചായത്തിലെ ചാലിയാറിന് കുറുകെ വനത്തിനുള്ളിലെ ഇരുട്ടുകുത്തി, കുമ്പളപ്പാറ, വാണിയമ്പുഴ ആദിവാസി കോളനികളിലേക്കുള്ള നടപ്പാലം 1.2 കോടി രൂപ ചെലവഴിച്ച് പുനർനിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നോ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നോ ഫണ്ട് അനുവദിക്കുന്നതിന് സാധിക്കുമോ; ഇതിനായുള്ള നടപടികൾ ഏത് വകുപ്പ് മുഖാന്തിരമാണ് നടത്തേണ്ടത്;

(ബി) പ്രസ്തുത പ്രളയത്തിൽ തകർന്ന പോത്തുകൽ പഞ്ചായത്തിലെ ശാന്തിഗ്രാമം പാലം പുനർനിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽനിന്നും ആവശ്യമായ തുക അനുവദിക്കുന്നതിന് സാധിക്കുമോ;

&

(സി) പ്രസ്തുത പ്രളയത്തിൽ വെള്ളക്കെട്ട് രൂപപ്പെട്ട് യാത്രാ യോഗ്യമല്ലാതായ വഴിക്കടവ് ടൗൺ മുതൽ വടപുറം പാലം വരെയുള്ള 23 കി. മീ.റോഡ് പുനർനിർമ്മിക്കുന്നതിന് റീ - ബിൽഡ് കേരള ഇനീഷ്യേറ്റീവിൽ നിന്നും ഫണ്ട് അനുവദിക്കുമോ; ഇതിനായുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് ഏത് ഏജൻസി/വകുപ്പ് മുഖാന്തരമാണെന്ന് അറിയിക്കാമോ?

ഫണ്ടിന്റെ അപര്യാപ്തതമൂലം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കു കീഴിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ നിർവ്വാഹമില്ല. RKI-ൽ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അതത് ഭരണവകുപ്പുകൾ വഴിയാണ് സമർപ്പിക്കേണ്ടത്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന പദ്ധതികൾ റീബിൽഡ് കേരളയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റി പരിശോധിച്ച്, യോഗ്യമായവ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി മുൻപാകെ അവതരിപ്പിക്കുകയും ഉന്നതാധികാര സമിതി ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരത്തോടെ ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്. റീബിൽഡ് കേരള ഇനിഷ്യ്യാറ്റീവിനുള്ള ഫണ്ട് ലഭ്യതകൂടി കണക്കിലെടുത്താണ് പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്.

## വൻകിട പദ്ധതികൾ

11 (1371) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ത്രൈമാസ പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ വൻകിട പദ്ധതികൾ അവലോകനം നടത്തുകയും ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടേയും യോഗം ചേർന്ന് പദ്ധതികൾ സമയ ബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനുവേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ (www.cmopcmg.kerala.gov.in) വഴി വൻകിട പദ്ധതികൾ ഉൾപ്പടെ എല്ലാ പ്രധാന പദ്ധതികളും നിരീക്ഷിക്കുന്നതിനും യഥാസമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഉപയുക്തമാക്കി. പ്രസ്തുത പോർട്ടൽ നിരീക്ഷിക്കുന്നതിന് സെക്രട്ടറിമാർ കൂടാതെ ഭരണ വകുപ്പിൽനിന്ന് നോഡൽ ഓഫീസറിനേയും ലിങ്ക് നോഡൽ ഓഫീസറിനേയും നിയോഗിക്കുകയുണ്ടായി. കൂടാതെ, നിർവ്വഹണ വകുപ്പ്/ഏജൻസി എന്നിവയിൽനിന്ന് പോർട്ടൽ യഥാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിൽ ഇടപെടലുകൾ ആവശ്യമായ പദ്ധതികൾ പ്രത്യേകമായി അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളുടെ പ്രത്യേക അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി വിളിച്ചുചേർക്കുന്നുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ PMG (Prime Minister's Monitoring Group) പോർട്ടൽ വഴി പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ നിരീക്ഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയുംചെയ്യുന്നു. ബൃഹദ് പദ്ധതികളുടെ അടക്കം എല്ലാ പദ്ധതികളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പുമന്ത്രിമാരെയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി 21-5-2021-ലെ സ.ഉ.(കൈ)നമ്പർ 105/2021/പൊ.ഭ.വ., പ്രകാരം Programme Implementation, Evaluation & Monitoring വകുപ്പ് രൂപീകൃതമായിട്ടുണ്ട്. പദ്ധതികൾ നിരീക്ഷിക്കുന്നതിനു വേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാദ്ധ്യമാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ e-PMG Portal കേരളത്തിന് അനുയോജ്യമായ രീതിയിൽ customize ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ റോഡുകൾ

12 (1372) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജക മണ്ഡലത്തിൽ തുക അനുവദിച്ച റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റോഡുകൾക്കായി മുഖ്യമന്ത്രിയുടെ തദ്ദേശ പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച തുക എത്രയെന്നും ഉത്തരവുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ വൈപ്പിൻ മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടിക (ഭരണാനുമതി തുക/ഭരണാനുമതി നൽകിയ സർക്കാരുത്തരവ് നമ്പർ ഉൾപ്പെടെ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

## കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ട തസ്തികകൾ

13 (1373) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ട തസ്തികകൾ തരംതിരിച്ച് വിശദമാക്കാമോ;

&

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ തരംതിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. കൃത്യമായി നിയമനശിപാർശ നൽകിവരുന്നു.

## സിവിൽ എക്സൈസ് ഓഫീസർ വനിതാ വിഭാഗം പോസ്റ്റ് ക്രിയേഷൻ

14 (1374) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ എക്സൈസ് ഓഫീസർ വനിതാ വിഭാഗം കണ്ണൂർ (കാറ്റഗറി നമ്പർ-501/17) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്കാണ് നിയമനം ലഭ്യമായതെന്നറിയിക്കാമോ?

നാളിതുവരെ 11 (പതിനൊന്ന്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുൻപ് എത്രപേർക്ക് നിയമനം ലഭ്യമാക്കാനാകുമെന്ന് വിശദമാക്കുമോ?

ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് PSC നിയമന ശിപാർശ നൽകുന്നതാണ്.

(സി) സിവിൽ എക്സൈസ് ഓഫീസർ വനിതാ വിഭാഗം പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

**താലൂക്ക്തല സർക്കാർ ഓഫീസുകൾ സ്ഥാപനങ്ങൾ**

15 (1375) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു താലൂക്ക് പരിധിയിൽ ഏതെല്ലാം താലൂക്ക്തല സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളുമാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) 2013-ൽ രൂപീകൃതമായ മഞ്ചേശ്വരം താലൂക്കിൽ വിവിധ വകുപ്പുകളുടെ ഏതെല്ലാം ഓഫീസുകൾ, സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമാക്കുമോ;

&

(സി) മഞ്ചേശ്വരം താലൂക്കിൽ ഇത് വരെ പ്രവർത്തനം തുടങ്ങാത്ത, വിവിധ വകുപ്പുകളുടെ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തെ പ്രധാന താലൂക്കുകളിലെല്ലാം തന്നെ പ്രധാനപ്പെട്ട സർക്കാർ വകുപ്പുകളുടെ താലൂക്കുതല ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് ഓഫീസ്, സപ്ലൈ ഓഫീസ്, ട്രഷറി, ലീഗൽ മെട്രോളജി ഓഫീസ്, താലൂക്കാശുപത്രി, സബ് രജിസ്ട്രാർ ഓഫീസ്, സബ് ട്രഷറി, ഫയർ & റെസ്ക്യൂ ഓഫീസ്, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്, ഹാർബർ എഞ്ചിനീയറിംഗ് സബ്ഡിവിഷൻ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ്, അസിസ്റ്റന്റ് ഡയറി ഡെവലപ്മെന്റ് ഓഫീസ്, അസിസ്റ്റന്റ് രജിസ്ട്രേഷൻ (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്) ഓഫീസ്, പട്ടികജാതി വികസന ഓഫീസ്, പട്ടികവർഗ്ഗ വികസന ഓഫീസ്, ഐ.സി.ഡി.എസ്. ഓഫീസ് എന്നിവയാണ് പ്രവർത്തിക്കുന്നത്. പുതിയ ഓഫീസുകളുടെ ആവശ്യകത ഉണ്ടാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കാവുന്നതാണ്.

## വനിതാ പോലീസ് തസ്തിക നിയമനം

16 (1376) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നം.635/2017 പ്രകാരം പി.എസ്.സി. വനിതാ പോലീസ് തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽനിന്നും നിലവിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്നും എത്ര പേർക്കുള്ള നിയമന ശിപാർശ തയാറാക്കി വരികയാണെന്നുമുള്ള വിവരം അറിയിക്കാമോ?

26-7-2021 വരെ ഈ റാങ്ക് ലിസ്റ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ: 703.

ഈ റാങ്ക് ലിസ്റ്റിൽനിന്നും നൽകിയ നിയമന ശിപാർശകളുടെ എണ്ണം : 702

ഒരെണ്ണം- എൻ. സി. എ.

(ബി) പ്രസ്തുത തസ്തികയിൽ വിവിധ ജില്ലകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നുള്ള വിവരം ലഭ്യമാക്കാമോ?

പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒഴിവ് നിലവിലില്ല.

(സി) നിലവിൽ കേരള പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം എത്രയാണെന്ന് അറിയിക്കാമോ?

9 ശതമാനം.

(ഡി) പോലീസിലെ വനിതാ പ്രാതിനിധ്യം 25 ശതമാനമായി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ആയതിലേയ്ക്കായി വനിതാ പോലീസ് തസ്തികയിലേയ്ക്ക് എത്ര പുതിയ പോസ്റ്റുകൾ സൃഷ്ടിക്കേണ്ടി വരുമെന്നും അറിയിക്കാമോ?

പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി 30-1-2017-ലെ സ.ഉ.(കൈ)നമ്പർ 15/2017/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, പാലക്കാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആരംഭിച്ചു. 25-2-2021-ലെ സ.ഉ.(കൈ) നമ്പർ 66/2021/ ആഭ്യന്തരം പ്രകാരം അനുവദിച്ച സംസ്ഥാന സായുധ സേന ആറാം ബറ്റാലിയനായി (KAP 6th Battalion) ആദ്യഘട്ടത്തിൽ സൃഷ്ടിക്കുന്ന 100 പോലീസ് കോൺസ്റ്റബിൾ തസ്തികകളിൽ 25 എണ്ണം വനിതകൾക്കായി അനുവദിച്ചിട്ടുണ്ട്.

(ഇ) കാറ്റഗറി നമ്പർ 635/2017 പ്രകാരം പി.എസ്.സി. വനിതാ പോലീസ് തസ്തികയിലേയ്ക്ക് നടത്തിയ പരീക്ഷയിലെ റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി പേർക്ക് നിയമനം നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

26-7-2021 വരെ ആകെ ഒഴിവുകൾ: 772

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ: 34

പ്രത്യേക മേഖലകളിൽനിന്നുള്ള പട്ടികവർഗ്ഗത്തിൽനിന്നുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ: 35

ഈ റാങ്ക് ലിസ്റ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ: 703 ഇവയിൽ ഉൾപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ: 106

നിയമന ഉത്തരവ് നൽകിയവർ: 527

ഉദ്യോഗാർത്ഥികളുടെ കാരണങ്ങളാൽ നിയമനം വൈകുന്നവർ: 41 ഉത്തരവ് നൽകാനുള്ള നടപടിയിലുള്ളത്: 29

ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എ.പി. ആറാം ബറ്റാലിയനിൽ 25 വനിതാ തസ്തികകൾ അനുവദിച്ചതിനുപുറമെ നാല് വനിതാ പോലീസ് തസ്തികകൾ കൂടി അനുവദിച്ചു.

**പി.എസ്.സി. നിയമനം**

17 (1378) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാരിന്റെ കാലം മുതൽ ഇന്നേ വരെ എത്ര പേർക്കാണ് കേരളത്തിൽ പി.എസ്.സി. നിയമനം ലഭിച്ചിട്ടുള്ളത്; തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ വിവിധ വകുപ്പുകളിലേക്കായി 1,64,048 (ഒരു ലക്ഷത്തി അറുപത്തിനാലായിരത്തി നാല്പത്തിയെട്ട്) നിയമന ശിപാർശകൾ പി.എസ്.സി. നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2016-ന് തൊട്ടുമുമ്പുള്ള സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം ലഭിച്ചിട്ടുണ്ട്; തസ്തിക തിരിച്ച് അറിയിക്കാമോ?

2016-ന് തൊട്ടുമുമ്പുള്ള സർക്കാരിന്റെ കാലത്ത് 1,54,386 (ഒരു ലക്ഷത്തി അമ്പത്തിനാലായിരത്തി മുന്നൂറ്റി എൺപത്തിയാറ്) നിയമന ശിപാർശകൾ പി.എസ്.സി. നൽകിയിട്ടുണ്ട്.

**സേവനാവകാശ നിയമം**

18 (1379) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ?

2012 നവംബർ ഒന്നിന് സംസ്ഥാനത്ത് സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നു.

(ബി) സേവനാവകാശം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സെക്രട്ടേറിയറ്റിലും കളക്ടറേറ്റുകളിലും (ജില്ലതിരിച്ച്) തീർപ്പാകാതെ കിടന്നിരുന്ന ഫയലുകളുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

സേവനാവകാശനിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സെക്രട്ടേറിയേറ്റിൽ 1,53,433 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. കളക്ടറേറ്റുകളിൽ തിരുവനന്തപുരം - 35,037, കണ്ണൂർ - 27,624, കാസർഗോഡ് - 18,541, വയനാട്- 20,471 എന്നിങ്ങനെ ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. മറ്റ് ജില്ലാ കളക്ടറേറ്റുകളുടെ വിവരം ലഭ്യമായിട്ടില്ല.

(സി) തീർപ്പാക്കാതെ കിടന്നിരുന്ന ഫയലുകളുടെ കാര്യത്തിൽ സേവനാവകാശം നിലവിൽ വന്നതിനുശേഷം ഉണ്ടായ മാറ്റം എന്തൊക്കെയാണെന്നും ഫയലുകളിൽ തീരുമാനം വേഗത്തിൽ ആയി തുടങ്ങിയോ എന്നും അനന്തമായി നിശ്ചലാവസ്ഥയിലാകുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവ് വന്നു തുടങ്ങിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

&

(ഡി) ഇപ്പോൾ സെക്രട്ടേറിയറ്റിലും കളക്ടറേറ്റുകളിലും (ജില്ലതിരിച്ച്) തീർപ്പാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണെന്നും എത്രകാലമായി തീരുമാനമാകാതെ ഈ ഫയലുകൾ ഏതെല്ലാം വകുപ്പുകളിൽ കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഇ) സേവനാവകാശനിയമപ്രകാരം ഒരു പൗരന് സേവനം ലഭ്യമാക്കേണ്ട സമയപരിധിയും രീതിയും എന്താണെന്നും നിശ്ചിത സമയത്തിനകം സേവനം ലഭ്യമായില്ലെങ്കിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥനുള്ള ശിക്ഷ എന്താണെന്നും വ്യക്തമാക്കാമോ?

സേവനാവകാശനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തി സഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലം ഉള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് 250 രൂപ നിരക്കിൽ അതിന്റെ ആകെ തുക 5,000 രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ 500 രൂപയിൽ കുറയാത്തതും 5,000 രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ നിയമ പ്രകാരം ഉള്ള ചുമതലകൾ നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.

(എഫ്) സേവനാവകാശനിയമം നിലവിൽ വന്നതിനുശേഷം പ്രസ്തുത നിയമപ്രകാരം സേവനം നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥന്മാർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നൽകിയ ശിക്ഷ എന്താണെന്നും കുറ്റത്തിന്റെ സ്വഭാവം എന്തായിരുന്നു എന്നും വ്യക്തമാക്കാമോ;

&

(ജി) ആരും ശിക്ഷിക്കപ്പെട്ടിട്ടില്ലെങ്കിലോ ശിക്ഷ ഏറ്റുവാങ്ങിയവരുടെ എണ്ണം കുറവാണെങ്കിലോ, സേവനാവകാശനിയമത്തിന്റെ നേട്ടമാണോ കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## നൂറുദിന കർമ്മ പരിപാടി

19 (1380) ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പുകാലത്ത് നൽകിയ വാഗ്ദാനങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിന്റെ ആദ്യ പടിയായി സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയുടെ വിശദാംശം അറിയിക്കാമോ?

2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയാണ് 100 ദിന കർമ്മ പരിപാടി നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കർമ്മപരിപാടിയിലൂടെ 30 വകുപ്പുകൾ വഴി 141 പദ്ധതികളാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) പ്രസ്തുത കർമ്മ പരിപാടിയിൽ അതിദാരിദ്ര്യ ലഘൂകരണത്തിനുള്ള പദ്ധതികൾക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അതിദാരിദ്ര്യ ലഘൂകരണപദ്ധതി 100 ദിന കർമ്മപരിപാടിയുടെ ഭാഗമല്ല.

(സി) കഴിഞ്ഞ സർക്കാർ കാര്യക്ഷമമായി നടപ്പാക്കിയിരുന്ന വിവിധ വികസന മിഷനുകൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. 2016-2021 കാലയളവിൽ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി 4 മിഷനുകളുടെ പ്രവർത്തനം ആരംഭിച്ചു. ഇവ ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയാണ്. 2018 ഓഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിനുശേഷം റീ ബിൽഡ് കേരള ഇനിഷ്യേറ്റീവും (RKI) പ്രവർത്തനം ആരംഭിച്ചു. ഓരോ മിഷനും ആർ.കെ.ഐ.-യും പ്രത്യേക ഉദ്ദേശ്യ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് പ്രവർത്തിച്ചു വന്നത്. ഇവ എടുത്തു പറയത്തക്ക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ നവകേരളം കർമ്മ പദ്ധതി II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് അതിനു കീഴിൽ മേൽപ്പറഞ്ഞ നാല് മിഷനുകളുടെയും ആർ.കെ.ഐ.-യുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നത്.

(ഡി) വിവിധ പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് താഴെപ്പറയുന്ന ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

* മുഖ്യമന്ത്രിയുടെ ത്രൈമാസ പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ വൻകിട പദ്ധതികൾ ഉൾപ്പടെ അവലോകനം നടത്തുകയും ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

* മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടേയും യോഗം ചേർന്ന് പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് ആവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനുവേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തു. പ്രസ്തുത പോർട്ടൽ (www.cmopcmg.kerala.gov.in) വഴി വൻകിട പദ്ധതികൾ ഉൾപ്പടെ എല്ലാ പ്രധാന പദ്ധതികളും നിരീക്ഷിക്കുന്നതിനും സമയാസമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഉപയുക്തമാക്കി. പ്രസ്തുത പോർട്ടൽ വഴി നിരീക്ഷിക്കുന്നതിന് സെക്രട്ടറിമാർ കൂടാതെ ഭരണ വകുപ്പിൽനിന്ന് നോഡൽ ഓഫീസറിനേയും ലിങ്ക് നോഡൽ ഓഫീസറിനേയും നിയോഗിക്കുകയുണ്ടായി. കൂടാതെ, നിർവ്വഹണ വകുപ്പ്/ഏജൻസി എന്നിവയിൽ നിന്ന് പോർട്ടൽ സമയാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്.

*ചീഫ് സെക്രട്ടറി തലത്തിൽ ഇടപെടലുകൾ ആവശ്യമായ പദ്ധതികൾ പ്രത്യേകമായി അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. മുൻഗണനാ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളുടെ പ്രത്യേക അവലോകനയോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി ബന്ധപ്പെട്ട സെക്രട്ടറിമാരുടെ യോഗം വിളിച്ചു ചേർത്ത് അവലോകനം ചെയ്തിരുന്നു. കൂടാതെ, കേന്ദ്ര സർക്കാരിന്റെ PMG (Prime Minister's Monitoring Group) പോർട്ടൽ വഴി പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ നിരീക്ഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബൃഹദ് പദ്ധതികൾ അടക്കം സംസ്ഥാനത്ത് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിനും യഥാസമയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരേയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിലവിൽ നിർവ്വഹിച്ചു പോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ സ്വതന്ത്രവകുപ്പായി രൂപീകരിച്ചുകൊണ്ട് 21-5-2021-ലെ സ.ഉ.(കൈ) നമ്പർ 105/2021/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മതരഹിത ജീവിതം നയിക്കുന്നവർ

20 (1381) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതരഹിതമായി ജീവിക്കുന്നവർക്ക് സർക്കാർ നൽകുന്ന പിന്തുണ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) മതരഹിത ജീവിതം നയിക്കുന്നവരുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ അത്തരത്തിൽ വിവരം ശേഖരിക്കുന്നതിന് തയ്യാറാകുമോയെന്ന് അറിയിക്കാമോ;

&

(ഡി) മതരഹിത ജീവിതം നയിക്കുന്നവർക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മതരഹിത ജീവിതം നയിക്കുന്നവർക്കുള്ള സഹായ പദ്ധതികളൊന്നും നിലവിലില്ല. പ്രസ്തുത വിഭാഗത്തിന്റെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. ഇത്തരക്കാരുടെ പ്രത്യേക വിവരശേഖരണത്തിനോ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതോ നിലവിൽ പരിഗണനയിലില്ല.

## 2021 ജനുവരിയിലെ അദാലത്ത്

21 (1382) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ തീരുമാനങ്ങളനുസരിച്ച് 2021 ജനുവരി മാസത്തിൽ മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ജില്ലകളിൽ നടത്തിയ അദാലത്തിൽ തീർപ്പാക്കിയ പല കാര്യങ്ങളിലും ഉദ്യോഗസ്ഥതലത്തിൽ നടപടി ആയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഈ കാര്യം പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**നോളജ് ഇക്കോണമി മിഷൻ**

22 (1383) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷനുവേണ്ടി ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ (2021-22) ഖണ്ഡിക (80) പ്രകാരം നോളജ് ഇക്കോണമി ഫണ്ട് ഇനത്തിൽ 300 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി എത്ര തുക ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

2,58,42,562 രൂപ (രണ്ട് കോടി അമ്പത്തിയെട്ടു ലക്ഷത്തി നാല്പത്തിരണ്ടായിരത്തി അഞ്ഞൂറ്റിയറുപത്തി രണ്ടു രൂപ മാത്രം) നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അഭ്യസ്ത വിദ്ധ്യർക്ക് രജിസ്ട്രേഷൻ നടത്താനായി DWMS (Digital Workforce Management System) എന്ന പോർട്ടൽ രൂപീകരിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജി (Digital University)-ക്ക് 1,75,23,000 (ഒരുകോടി എഴുപത്തിയഞ്ചുലക്ഷത്തി ഇരുപത്തിമൂവായിരം രൂപ മാത്രം) രൂപയും ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പത്ര പരസ്യങ്ങൾ നൽകിയ വകയിൽ M/S Concept Communication എന്ന സ്ഥാപനത്തിന് 82,94,562 രൂപയും(എൺപത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി അഞ്ഞൂറ്റിയറുപത്തി രണ്ടു രൂപ മാത്രം) നോളജ് മിഷനുമായി ബന്ധപ്പെട്ട് ക്യാബിനറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് സ്ട്രാറ്റജിക് പേപ്പർ തയ്യാറാക്കുന്നതിന് ശ്രീ. ബിജു പരമേശ്വരന് (റീടെയ്നർ) 25,000 രൂപയും (ഇരുപത്തിയയ്യായിരം രൂപ മാത്രം) നൽകിയിട്ടുണ്ട്.

(സി) ഇതിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രവാസികൾ എത്ര പേർ; വിശദമാക്കുമോ?

ആകെ 34,719 പേർ (23-7-2021 വരെ) DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 44 പ്രവാസികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത മിഷനിൽ ഇതുവരെ രജിസ്റ്റർ ചെയ്ത എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിച്ചു; ജില്ല തിരിച്ച് കണക്ക് നൽകാമോ?

ആകെ 168 പേർക്ക് (23-7-2021 വരെ) തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോർപ്പറേറ്റ്വൽക്കരണം

23 (1384) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഫെഡറൽ സംവിധാനത്തെ ഹനിക്കുന്ന തരത്തിൽ വിവിധ മേഖലകളിൽ നിയമനിർമ്മാണം നടത്തുന്നതുമൂലം ഉയർന്നുവരുന്ന പ്രക്ഷോഭങ്ങൾ നിരീക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ ബാങ്കുകളിൽ കോർപ്പറേറ്റ് വൽക്കരണം ത്വരിതപ്പെടുത്തുന്നതുപോലെ സഹകരണ ബാങ്കുകളുടെ പ്രവർത്തനം ദുർബലപ്പെടുത്തുന്നതിനുമുള്ള നീക്കമാണ് സഹകരണ മന്ത്രാലയം രൂപീകരണത്തിലൂടെ ലക്ഷ്യം വെയ്ക്കുന്നതെന്ന ആശങ്ക ഗൗരവമായി കാണുന്നുണ്ടോ; വിശദീകരിക്കുമോ;

&

(സി) സംസ്ഥാനത്തെ സഹകരണ മേഖലയുടെ സുഗമമായ പ്രവർത്തനവും ഗ്രാമീണജനതയുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്ന പ്രക്രിയയും തകിടം മറിയുമെന്നതിനാൽ സഹകരണ രംഗത്തെ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ഒഴിവാക്കാൻ ആവശ്യപ്പെടുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് രൂപീകരിച്ചത് പ്രത്യേകം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തി മാത്രമേ ഒരു നിലപാട് സ്വീകരിക്കാൻ കഴിയൂ. എന്നാൽ ബാങ്കിംഗ് നിയമത്തിലെ പല വ്യവസ്ഥകളും സഹകരണ ബാങ്കുകൾക്കും ബാധകമാക്കിയതുമൂലം സഹകരണ ബാങ്കിംഗ് രംഗത്ത് പ്രതിസന്ധികൾ നേരിടുന്നുണ്ട്. പ്രതിസന്ധി മറികടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പരിസ്ഥിതി സൗഹൃദ പൊതുഗതാഗതം

24 (1385) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ബസ്, ഓട്ടോ, ടാക്സി ഉൾപ്പെടെയുള്ള പൊതു ഗതാഗത സംവിധാനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

&

(ബി) ഇതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിവിധ ഘട്ടങ്ങൾ വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിനായി പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

**സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ്**

25 (1386) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ 2011-ലെ സി.ആർ.ഇസഡ്. നിയമത്തിൽ ഇളവ് നൽകാൻ നടപടികളായിട്ടുണ്ടോ;

(ബി) ഭൂമി ശാസ്ത്രഘടന പരിഗണിച്ച് ദ്വീപ് പഞ്ചായത്തായ വലിയപറമ്പ് ദ്വീപ് നിവാസികൾക്ക് ഭൂനിയമത്തിൽ ഇളവ് നൽകാൻ നടപടികൾ ഉണ്ടാകുമോ;

&

(സി) പ്രസ്തുത പ്രദേശം 2020-ൽ ഇറക്കിയ ഭേദഗതി നിർദ്ദേശത്തിൽ ഉൾപ്പെടാത്ത പ്രദേശമായതിനാൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് വീട് വയ്ക്കാനും മറ്റും ഇളവുകൾ നൽകുമോയെന്ന് വ്യക്തമാക്കുമോ?

2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം.

3. ഇതുസംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

## സി.ആർ.ഇസഡ്. മാപ്പിലെ അശാസ്ത്രീയത

26 (1387) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേന്ദ്ര വിജ്ഞാപന പ്രകാരം തയ്യാറാക്കിയ കരട് സി.ആർ.ഇസഡ്. മാപ്പിലെ കാറ്റഗറി III എ, കാറ്റഗറി III ബി എന്നിവ തരംതിരിച്ചതിന്റെ ജനസാന്ദ്രത തോത് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) 2019-ലെ വിജ്ഞാപനത്തിൽ സി.ആർ.ഇസഡ്. കാറ്റഗറി തരംതിരിക്കുന്നതിന് 2011-ലെ സെൻസസ് റിപ്പോർട്ട് അടിസ്ഥാനമാക്കുന്നതിലെ അശാസ്ത്രീയത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) ജനസംഖ്യാ സാന്ദ്രത കണക്കിലെടുത്ത് ഇത്തരത്തിൽ അശാസ്ത്രീയമായി കാറ്റഗറൈസ് ചെയ്യുന്നതുമൂലം പല ഗ്രാമ പഞ്ചായത്തുകളും കാറ്റഗറി III ബി-യിൽ ഉൾപ്പെട്ടതിന് പരിഹാരം കാണാൻ ശ്രമിക്കുമോ; വിശദമാക്കാമോ?

2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം.

3. ഇതുസംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. വിദഗ്ദ്ധ

സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021 സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

**ഡിസ്പോസിബിൾ പാത്രങ്ങൾ ഉയർത്തുന്ന മാലിന്യ പ്രശ്നങ്ങൾ**

27 (1388) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷണസാധനങ്ങൾ പാർസലായി മാത്രം ലഭ്യമാക്കുന്ന സാഹചര്യത്തിൽ അതിനായി ഉപയാഗിക്കുന്ന കണ്ടെയ്നർ അലക്ഷ്യമായി വഴിയോരങ്ങളിലും മറ്റും വലിച്ചെറിയുന്നത് മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പാത്രങ്ങളിൽ പലതും മണ്ണിൽ എളുപ്പത്തിൽ അലിഞ്ഞുചേരാത്ത വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് അംഗീകൃത ഹരിതകർമ്മസേന മുഖേന വാതിൽപ്പടി സംവിധാനം തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും സർക്കാർ നിരോധിച്ചിട്ടുണ്ട്. അതോടൊപ്പം അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്ന പ്രവർത്തികളെ നിയമപരമായി ശിക്ഷിക്കുന്നതിനും ഫൈൻ ഈടാക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ റെയ്ഡ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരളാ പി.എസ്.സി.-യുടെ ഫോഴ്സ് വിഭാഗത്തിലേക്കുള്ള പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യം

28 (1389) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പി.എസ്.സി. നടത്തിയ ഫോഴ്സ് വിഭാഗത്തിലേയ്ക്കുള്ള കോമൺ ടെസ്റ്റ് കൺഫർമേഷൻ യഥാസമയം കൊടുക്കാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് കോവിഡ് സാഹചര്യം കൂടി പരിഗണിച്ച് ഒരവസരം കൂടി നൽകുന്ന കാര്യം പരിശോധിക്കുമോ;

&

(ബി) കൺഫർമേഷൻ യഥാസമയം കോവിഡ് സാഹചര്യത്തിൽ കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിന്നിരുന്നതെന്ന കാര്യം പരിഗണിച്ച് ഇത്തരം ഉദ്യോഗാർത്ഥികൾക്ക് മാനുഷിക പരിഗണന നല്കാൻ തയ്യാറാകുമോ; ഇത്തരം ഉദ്യോഗാർത്ഥികൾക്ക് ഇനിയൊരു ടെസ്റ്റ് എഴുതാൻ പറ്റാത്ത സാഹചര്യം ഉണ്ട് എന്നത് പി.എസ്.സി.-യുടെ ശ്രദ്ധയിൽപ്പെടുത്തുമോ?

കൺഫർമേഷൻ നൽകുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാണ്. യഥാസമയം കൺഫർമേഷൻ സമർപ്പിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് വീണ്ടും അവസരം നൽകുന്നത് പ്രായോഗികമല്ല.

## പി.എസ്.സി. ഒഴിവുകൾ

29 (1390) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ ചില ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. 5-2-2021-നും 3-8-2021-നുമിടയിൽ കാലാവധി പൂർത്തിയാകുന്ന വിവിധ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 4-8-2021 വരെ ദീർഘിപ്പിച്ചിരുന്നു. ഇവയുടെ കാലാവധി ആഗസ്റ്റ് 4-ന് അവസാനിക്കുന്നത് കണക്കിലെടുത്ത് അതുവരെയുള്ള മുഴുവൻ ഒഴിവുകളും നിയമനാധികാരികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഇതിനായി സെക്രട്ടറിമാരുടെ യോഗം വിളിച്ച് ചുമതലപ്പെടുത്തണമെന്നും മന്ത്രിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവാകൾക്കും നിയമനാധികാരികൾക്കും എതിരെ കർശന നടപടി സ്വീകരിക്കും. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവ മൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ വകുപ്പദ്ധ്യക്ഷന്മാർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹു. കോടതി/ ട്രൈബ്യൂണലിൽനിന്നും ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസ്സുകളിൽ താൽക്കാലിക പ്രൊമോഷൻ നടത്തി അതിന്റെ ഫലമായി വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത/യോഗ്യതയുള്ളവരുടെ അഭാവം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി, അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ട ചുമതലയിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതി 13-2-2021-ൽ രൂപീകരിച്ചിരുന്നു.

## പി.എസ്.സി. നിയമനം

30 (1391) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം ലഭിച്ചു?

25-5-2016 മുതൽ 20-5-2021 വരെ 1,61,361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന്) നിയമന ശിപാർശകളാണ് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നൽകിയിട്ടുള്ളത്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ സംസ്ഥാനത്ത് എത്ര തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കാൻ സാധിച്ചു;

(സി) മുൻ സർക്കാരിന്റെ കാലത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ അവസരം നൽകും എന്ന ഈ സർക്കാരിന്റെ പ്രഖ്യാപനത്തിന് അടിസ്ഥാനമെന്താണ്; വിശദമാക്കുമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ വിവിധ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയിലായി 25000-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ നൈപുണ്യ വർദ്ധനവിനും അവസരമൊരുക്കും. തുടർന്ന് തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിനായുള്ള വിശദമായ പദ്ധതി തയ്യാറാക്കാൻ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഓവർസിയർ ഗ്രേഡ്-3 തസ്തിക

31 (1392) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ ഓവർസിയർ ഗ്രേഡ്-3 തസ്തികയുമായി ബന്ധപ്പെട്ട (കാറ്റഗറി നമ്പർ 247/2018) 4-6-2021-ലെ അഡ്വൈസിൽ ഉൾപ്പെടുത്താത്തതും അതിനുശേഷം റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ എത്ര ഒഴിവുകൾ പ്രസ്തുത വകുപ്പുകളിൽനിന്ന് അഡ്വൈസ് ചെയ്യപ്പെടുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

4-6-2021-ലെ അഡ്വൈസിനുശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) 4-6-2021-ന് നൽകിയ അഡ്വൈസുകളിൽ ചിലതിൽ ട്രൈബ്യൂണലിൽ നിലവിലുള്ള കേസിന്റെ കാര്യം പരാമർശിച്ചിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ടി റാങ്ക് പട്ടികയിൽ നിന്നുമുള്ള നിയമന ശിപാർശ OA. No.1308/2020-ന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായിരിക്കുമെന്ന് ടി കേസിന്മേലുള്ള MA. No.998/2020-ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുള്ളതിനാലാണ് 4-6-2021-ലെ നിയമന ശിപാർശകളിൽ ട്രൈബ്യൂണലിൽ നിലവിലുള്ള കേസിന്റെ കാര്യം പരാമർശിച്ചിട്ടുള്ളത്.

**പി. എസ്. സി. അംഗങ്ങളുടെ നിയമനം**

32 (1393) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിച്ചതുമായി ബന്ധപ്പെട്ട് സാമ്പത്തിക ഇടപാട് നടന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ സർക്കാർ അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി. അംഗങ്ങളുടെ നിയമന മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

**വയനാട് ജില്ലയിലെ നിയമനങ്ങൾ**

33 (1394) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ 2021 ജൂൺ വരെ വയനാട് ജില്ലയിൽ ആകെ എത്ര പേർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി ജോലി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ പി.എസ്.സി.- യുടെ വയനാട് ജില്ലാ ഓഫീസിൽനിന്ന് വിവിധ വകുപ്പുകളിലേയ്ക്കായി 3773 (മൂവായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന്) നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിൽ ജോലി ലഭിച്ചവരുടെ കണക്ക് വകുപ്പും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ?

2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ പി.എസ്.സി.- യുടെ വയനാട് ജില്ലാ ഓഫീസിൽനിന്ന് വിവിധ വകുപ്പുകളിലേയ്ക്കായി 3773 (മൂവായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന്) നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. വകുപ്പ്, തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് വയനാട് ജില്ലയിൽ ജോലി നൽകി എന്ന കാര്യം വകുപ്പും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

### പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

34 (1395) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് തീവ്രമായ സാഹചര്യത്തിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഡി.പി.സി. യോഗങ്ങൾ സമയബന്ധിതമായി ചേരാൻ കഴിഞ്ഞിട്ടില്ലെന്ന പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ;

&

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചുനല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ച നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

35 (1396) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഓഫീസുകൾ പ്രവർത്തിക്കാത്തതിനാൽ നിയമനങ്ങൾ നടന്നിട്ടില്ലാത്ത റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(ബി) കോവിഡ് സാഹചര്യത്തിൽ പുതിയ പരീക്ഷകൾ നടക്കാത്തതിനാൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടേണ്ട സാഹചര്യം നിലവിലില്ല.

## ഉദ്യോഗാർത്ഥികൾ നടത്തിയ സമരം

36(1397) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2021 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് 2021 ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് സർക്കാർ നൽകിയ ഉറപ്പുകൾ ചുവടെ ചേർക്കുന്നു:

2021 ഓഗസ്റ്റ് നാലിന് അവസാനിക്കുന്ന എൽ.ജി.എസ്. തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും നികത്തുന്നതിനായി അന്നേദിവസം വരെ ഉണ്ടാകുന്ന ഒഴിവുകൾ സ്പാർക്ക് സംവിധാനം മുഖേന കണ്ടെത്തി പ്രതീക്ഷിത ഒഴിവുകളായി (Anticipated Vacancies) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ ലഭിക്കേണ്ട അർഹമായ സ്ഥാനക്കയറ്റം നൽകിക്കൊണ്ട് അതുമൂലം പ്രവേശനതസ്തികയിൽ (entry cadre) ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും. കോടതി വ്യവഹാരങ്ങൾമൂലമോ ഭരണപരമായ തടസ്സങ്ങൾമൂലമോ ഉയർന്ന തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് തടസമുണ്ടെങ്കിൽ അവ കണ്ടെത്തി താത്കാലിക പ്രൊമോഷൻ (Provisional Promotion) നൽകിക്കൊണ്ടും എൻട്രി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും. സർക്കാർ വകുപ്പുകളിൽ നൈറ്റ് വാച്ച്മാന്മാരുടെ ജോലിസമയം 8 മണിക്കൂറാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഉറപ്പുകളിൽ ഏതെല്ലാം പാലിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഉറപ്പുകൾ പ്രവർത്തിക മാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

2021 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവമൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി അവ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി (de-cadre/downgrade), പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകളുടെ എണ്ണം കണക്കാക്കി അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 8-6-2021-ലെ സ.ഉ.(കൈ)നമ്പർ13/2021/ഉഭപവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നൈറ്റ് വാച്ച്മാന്മാരുടെ ജോലിസമയം 16 മണിക്കൂറിൽ നിന്ന് 8 മണിക്കൂറായി പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## വനിതാ കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

37 (1398) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 653/2017 പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നൽകി എന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണെന്നും നിലവിൽ പ്രസ്തുത തസ്തികയിൽ ഏതെങ്കിലും ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ?

26-7-2021 വരെ ഈ റാങ്ക് ലിസ്റ്റിൽനിന്നും നൽകിയ നിയമന ശിപാർശകളുടെ എണ്ണം: 702.

ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി 4-8-2021 വരെയാണ്.

26-7-2021 വരെ ആകെ ഒഴിവുകൾ : 772.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ: 34.

പ്രത്യേക മേഖലകളിൽനിന്നുള്ള പട്ടികവർഗ്ഗത്തിൽ നിന്നുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ : 35.

ഈ റാങ്ക് ലിസ്റ്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ : 703 ഇവയിൽ ഉൾപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ : 106

നിയമന ഉത്തരവ് നൽകിയവർ : 527

ഉദ്യോഗാർത്ഥികളുടെ കാരണങ്ങളാൽ നിയമനം വൈകുന്നവർ : 41 ഉത്തരവ് നൽകാനുള്ള നടപടിയിലുള്ളത് : 29

(സി) നിലവിൽ നോൺ ജോയിനിംഗ് ഡ്യൂട്ടി ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ?

10 NJD ഒഴിവുകൾ നിലവിലുണ്ട്.

(ഡി) പ്രസ്തുത വിഭാഗത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നുണ്ടോയെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക

38 (1399) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് 12-1-2021-ന് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമോ?

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്കായി നടത്തിയ പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റ്

39 (1400) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2-വിലേക്ക് (കാറ്റഗറി നമ്പർ 421/19) പി.എസ്.സി. നടത്തിയ പരീക്ഷയുടെ മൂല്യ നിർണ്ണയം ആരംഭിച്ചിട്ടുണ്ടോ;

&

(ബി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്കായി നടത്തിയ പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ബോട്ട് ഡ്രൈവർ തസ്തികയിലേയ്ക്കുള്ള നിയമനം

40 (1401) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് ഡ്രൈവർ തസ്തികയിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ശ്രീ.അഭിലാഷ് സി, ചെറിയകത്ത്, പുതിയാപ്പ, പുതിയങ്ങാടി, കോഴിക്കോട് എന്നയാളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 18-1-2021-ലെ RIC(2) 5262/18/GW നമ്പർ നിയമന ശിപാർശ പ്രകാരം ബോട്ട് ഡ്രൈവർ തസ്തികയിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട ശ്രീ. അഭിലാഷ്. സി, ചെറിയകത്ത്, പുതിയപ്പ, പുതിയങ്ങാടി, കോഴിക്കോട് എന്ന ഉദ്യോഗാർത്ഥിക്ക് 16-2-2021 തീയതിയിലെ ഇ 1-7271/18 നമ്പർ നിയമന ഉത്തരവ് വകുപ്പ് നല്കിയിരുന്നു. ടിയാൻ 26-2-2021-ൽ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷയും അനുബന്ധ രേഖകളുമായി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ മുമ്പാകെ ഹാജരായിട്ടുള്ളതാണ്. നിലവിലുള്ള നിയമ പ്രകാരം വകുപ്പ് ബോട്ടുകളിൽ ജോലി ചെയ്യുന്നതിന് കേരള പോർട്ട് ഡിപ്പാർട്ടുമെന്റ് നല്കുന്ന കേരള ഇൻലാൻഡ് വെസൽ റൂൾ പ്രകാരമുള്ള ബോട്ട് ഡ്രൈവർ ലൈസൻസ് യോഗ്യതയാണ് ആവശ്യമായുള്ളത്. എന്നാൽ കേരള ഇൻലാൻഡ് വെസൽ റൂൾ 2010 പ്രകാരമുള്ള ലൈസൻസ് ശ്രീ. അഭിലാഷ്. സി. ഹാജരാക്കിയിരുന്നില്ല. ഇക്കാരണത്താൽ ശ്രീ. അഭിലാഷ് സി.-യെ നിലവിലെ നിയമപ്രകാരം വകുപ്പിലെ ബോട്ട് ഡ്രൈവർ തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് സാദ്ധ്യമല്ല. ഈ വിവരങ്ങൾ ജലഗതാഗത വകുപ്പ് ഡയറക്ടർ 24-6-2021-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെയും 22-7-2021-ൽ അപേക്ഷകനേയും അറിയിച്ചിട്ടുണ്ട്. ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. അഭിലാഷ് ഫയൽ ചെയ്ത ഒ.എ.നം. 999/2021 നമ്പർ കേസിൽ 28-7-2021-ൽ അപേക്ഷകനെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-7-2021-ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി. നോട്ടിഫിക്കേഷനുശേഷം നോട്ടിഫിക്കേഷനിൽ പറയാത്ത നിബന്ധനകൾ ഉൾപ്പെടുത്താമോയെന്നുള്ള വിശദവിവരം നല്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. റാങ്ക് ലിസ്റ്റ്

41 (1402) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബർ മാസത്തിൽ പി.എസ്.സി. നടത്തിയ എൽ.പി.എസ്.ടി. മലപ്പുറം ജില്ല (കാറ്റഗറി നമ്പർ 516/2019) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ കട്ട് ഓഫ് മാർക്ക് എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്; ഒഴിവുകൾ എത്രയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്?

എൽ.പി.എസ്.ടി. (മലപ്പുറം ജില്ല കാറ്റഗറി നമ്പർ 516/2019) തസ്തികയ്ക്കായി നടത്തിയ പരീക്ഷയുടെ മൂല്യ നിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രതീക്ഷിത ഒഴിവുകൾ കൂടി കണക്കാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും നിയമനങ്ങൾ നടത്താനും നടപടികൾ സ്വീകരിക്കുമോ;

(ഡി) മുൻ വർഷത്തെ റാങ്ക് ലിസ്റ്റ് വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ പരിഗണിച്ചും അടുത്ത മൂന്ന് വർഷത്തെ ഒഴിവുകൾ കണക്കിലെടുത്തും ലിസ്റ്റ് തയ്യാറാക്കുമോ?

എൽ.പി.എസ്.ടി. (മലപ്പുറം ജില്ല കാറ്റഗറി നമ്പർ 516/2019) തസ്തികയ്ക്കായി നടത്തിയ പരീക്ഷയുടെ മൂല്യ നിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ മുൻഗണനകൾ/ഇളവുകൾ**

42 (1403) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലെ ജില്ലാതല റാങ്ക് പട്ടികകളിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ച് തിരുവനന്തപുരത്ത് ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് തിരികെ സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കാൻ നിലവിലെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽനിന്നും എന്തെല്ലാം മുൻഗണനകൾ/ഇളവുകൾ ആണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) സർക്കാരിലെ എല്ലാ വകുപ്പുകളിലും ഈ മുൻഗണനകൾ/ ഇളവുകൾ ലഭ്യമാണോയെന്നറിയിക്കാമോ?

പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവർ പി.എസ്.സി. പരീക്ഷയ്ക്ക് തെരഞ്ഞെടുത്ത ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ബാധകമല്ല. എന്നാൽ, ടി വിഭാഗക്കാർക്ക് അന്തർ ജില്ലാ/ അന്തർവകുപ്പ് സ്ഥലം മാറ്റം വ്യവസ്ഥകൾക്ക് അനുസൃതമായി അനുവദിക്കാവുന്നതാണ്.

(സി) സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ ഇവർക്ക് സ്വന്തം ജില്ലയിലെ മറ്റേതെങ്കിലും ഒഴിവുള്ള വകുപ്പിലേയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദനീയമാണോ; വിശദമാക്കാമോ?

6-2-2013-ലെ സ.ഉ.(പി)നമ്പർ 5/2013/ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്. 10-7-2014 ലെ സ.ഉ.(പി)നമ്പർ 20/2014/ഉഭപവ, 14-11-2014-ലെ സ.ഉ.(പി)നമ്പർ 38/2014/ഉഭപവ, എന്നീ ഉത്തരവുകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ ഒരു വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് തസ്തികയിൽ നിയമിതനായ ജീവനക്കാർക്ക് മാതൃജില്ലയിൽ (അവർ പരീക്ഷ എഴുതുന്നതിനു തെരഞ്ഞെടുത്ത ജില്ല) നിയമനം ലഭിച്ച വകുപ്പിൽ അഞ്ച് വർഷങ്ങൾക്കുള്ളിൽ ഒഴിവുകൾ ഉണ്ടായേക്കില്ല അല്ലെങ്കിൽ നിയമനം ലഭിച്ച വകുപ്പിന് മാതൃജില്ലയിൽ ഓഫീസ് ഇല്ല എങ്കിലോ സീനിയോറിറ്റി നഷ്ടം കൂടാതെ മാതൃജില്ലയിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്.

**മുസ്ലീം ഉദ്യോഗാർത്ഥികളുടെ റിസർവേഷൻ ടേൺ**

43 (1404) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യനീതി വകുപ്പ് 30-10-2019-ൽ ഇറക്കിയ സ.ഉ.(അച്ചടി)നമ്പർ12/2019/സാ.നീ.വ ഉത്തരവ് കെ.എസ്.&എസ്.എസ്.ആർ.-ലെ ചട്ടം 17(2) (b)(ii)ന് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ RPWD ആക്ട് പ്രകാരമുള്ള സംവരണം സാമുദായിക സംവരണത്തെ ബാധിക്കാത്ത വിധത്തിൽ 'Out of Turn' ആയാണ് അനുവദിച്ചുവരുന്നത്. അതിനാൽ KS&SSR പ്രകാരമുള്ള സംവരണത്തെ ഇതുബാധിക്കുന്നില്ല.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം പി.എസ്.സി.-യും സർക്കാരിന് കീഴിലെ മറ്റ് നിയമന ഏജൻസികളും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതൊക്കെ ഏജൻസികൾ, ഏതൊക്കെ തസ്തികകളിലെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഉത്തരവ് നടപ്പിലാകുന്നതിലൂടെ മുസ്ലീം ഉദ്യോഗാർത്ഥികളുടെ 26&76 എന്നീ റിസർവേഷൻ ടേൺ അവസരങ്ങൾ നഷ്ടപ്പെടുന്നതിന് ഇടയാകുമെന്ന് കരുതുന്നുണ്ടോ;

&

(ഡി) മുസ്ലീം ഉദ്യോഗാർത്ഥികളുടെ അർഹമായ അവകാശം നിഷേധിക്കുന്നതിന് കാരണമാകുമെന്നതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

## ഐ.ടി. സേവനമേഖലകളിൽ ചെലുത്തിയ സ്വാധീനം

44 (1405) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനസമയത്ത് സേവന മേഖലകളിൽ ഇൻഫർമേഷൻ ടെക്നോളജി ചെലുത്തിയ സ്വാധീനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക- സേവന മേഖലകളിൽ ഐ.ടി.അധിഷ്ഠിത സ്റ്റാർട്ട് അപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

&

(സി) ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങളെ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ മേഖലയിലേതുൾപ്പെടെ സാങ്കേതിക സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ് :

I. യുവ സംരംഭകത്വ വികസനപദ്ധതി

(i) ഇവാഞ്ചലൈസേഷൻ സപ്പോർട്ട്-സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താൽപ്പര്യം ജനിപ്പിക്കുന്നതിനും പരീക്ഷണങ്ങൾക്കും പരിശീലനത്തിനും അവസരം നൽകുന്ന പദ്ധതിയാണ് ഇവാഞ്ചലൈസേഷൻ സപ്പോർട്ട് പദ്ധതി.

(ii) ഇൻക്യൂബേറ്ററുകൾ - ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക, ഇൻക്യൂബേറ്ററുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക, പ്രവർത്തിച്ചുവരുന്ന ഇൻക്യൂബേറ്ററുകളെ സഹായിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻക്യൂബേറ്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പിന്നോക്ക ജാതി വികസന വകുപ്പിന്റെ 'സ്റ്റാർട്ടപ് ഡ്രീംസ്' എന്ന ഇൻക്യൂബേറ്ററിന്റെ നടത്തിപ്പും കേരള സ്റ്റാർട്ടപ്പ് മിഷൻ നിർവ്വഹിച്ചുവരുന്നു.

(iii) ആക്സിലറേറ്ററുകൾ-വിവിധ മേഖലകളിൽ ആക്സിലറേറ്ററുകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. C-DAC മായി സഹകരിച്ച് ഇലക്ട്രോണിക്സ് ആക്സിലറേറ്റർ സ്ഥാപിച്ചു. കെ-ആക്സിലറേറ്റർ പദ്ധതിയുടെ മൂന്നാം ഘട്ടം നടന്നുവരുന്നു.

(iv) ഫണ്ടിംഗ് ആന്റ് എന്റർപ്രൈസ് ഡെവലപ്മെന്റ് - കേരളം അടിസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ ആദ്യകാല നിക്ഷേപം ലഭ്യമാക്കുന്നതിനായി സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിക്ഷേപിച്ച് അതിന്റെ ഇരട്ടിയിൽ കുറയാത്ത തുക ലഭ്യമാക്കുന്ന കേരള സ്പെസിഫിക് എയ്ഞ്ചൽ ഫണ്ട് പദ്ധതി, ആദ്യകാല സീഡ് ഫണ്ട് സഹായം നൽകുന്ന പദ്ധതി, പേറ്റന്റുകൾക്ക് ചെലവാകുന്ന തുക തിരികെ നല്കുന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ആശയങ്ങൾ ആദ്യ മാതൃകയായി രൂപപ്പെടുത്തുന്നത് മുതൽ ആദ്യ മാതൃക ഉല്പന്നമായി മാറ്റുന്നതിനും ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനും ഗ്രാന്റ് നൽകുന്ന ഇന്നവേഷൻ ഗ്രാന്റ് പദ്ധതി, സ്റ്റാർട്ടപ്പുകൾക്കും വിദ്യാർത്ഥികൾക്കുമായി നടപ്പിലാക്കിവരുന്നു.

(v) പ്രോഡക്റ്റൈസേഷൻ/മാർക്കറ്റിംഗ് സംരംഭകരുടെ ഗവേഷണ വികസന പ്രവർത്തനങ്ങൾ, ടെക്നോളജി കൊമേഴ്സ്യലൈസേഷൻ, പ്ലാറ്റ്ഫോം വികസിപ്പിക്കൽ, ഉത്പന്നം വിപണിയിൽ എത്തിക്കുന്നതിനുള്ള സഹായം എന്നിവയാണ് ഈ ഘടകത്തിലൂടെ നിർവഹിക്കുന്നത്.

(vi) എക്സ്ചേഞ്ചസ് ആന്റ് ഗ്ലോബൽ ഇമേർഷൻ ആഗോളതലത്തിൽ ലാൻഡിംഗ് പാഡുകൾ സ്ഥാപിക്കുക, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കും അന്തർദേശീയ സന്ദർശനങ്ങൾക്ക് അവസരമൊരുക്കുക തുടങ്ങിയവ ഈ ഘടകത്തിലൂടെ നടപ്പിലാക്കിവരുന്നു.

II. കേരള ടെക്നോളജി ഇന്നവേഷൻ സോൺ ഇലക്ട്രോണിക് ഇങ്കുബേറ്ററായ മേക്കർ വില്ലേജ്, ബയോ ടെക്നോളജി ഇങ്കുബേറ്ററായ ബയോനെസ്റ്റ്, കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇങ്കുബേറ്റർ, ഫാബ് ലാബ്, സൂപ്പർ ഫാബ് ലാബ് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കുന്ന പ്രവർത്തനം കളമശ്ശേരിയിൽ പുരോഗമിച്ചുവരുന്നു.

### ഇൻഫോ പാർക്ക്

45 (1406) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല പള്ളിപ്പുറം ഇൻഫോ പാർക്കിൽ പുതിയ സംരംഭകരെ ആകർഷിക്കാൻ ഈ സർക്കാർ എടുത്ത നടപടികൾ വിശദമാക്കാമോ?

ചേർത്തല പള്ളിപ്പുറം ഇൻഫോ പാർക്കിൽ 25-ഓളം ഇടത്തരം ഐ. ടി. കമ്പനികൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കുറഞ്ഞ തോതിലുള്ള വാടക നിരക്കും മറ്റു ചെലവുകളും ചെറുകിട ഐ.ടി. സംരംഭകരെ ആകർഷിക്കുന്നതിന് ഫലപ്രദമാണ്. കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനാവശ്യമായ പ്രചാരണ പരിപാടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത ഇൻഫോ പാർക്കിൽ വനിതാ ജീവനക്കാർക്ക് താമസിക്കാൻ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഇല്ല.

(സി) ഇൻഫോ പാർക്ക് വഴി കെ.എസ്.ആർ.ടി.സി. സർവ്വീസ് പ്ലാൻ ചെയ്യുന്നുണ്ടോ?

വരുമാനം കുറഞ്ഞതിനെ തുടർന്ന് ചേർത്തല ഡിപ്പോയിൽനിന്നും പള്ളിപ്പുറം തൈക്കാട്ടുശ്ശേരി ഇൻഫോപാർക്ക് വഴി കെ.എസ്.ആർ.ടി.സി നടത്തി വന്നിരുന്ന ട്രിപ്പുകൾ നിലവിൽ സർവ്വീസ് നടത്തുന്നില്ല. കോവിഡ്-19 നിയന്ത്രണങ്ങളിൽ പൂർണ്ണമായും ഇളവ് വരുന്ന മുറയ്ക്ക് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

### സൗജന്യ വൈ-ഫൈ

46 (1407) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫൈ പദ്ധതി പ്രകാരം എത്ര സ്ഥലങ്ങളിലാണ് സൗജന്യ വൈ-ഫൈ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈഫൈ പദ്ധതിയാണ് 'കെ-ഫൈ'. പ്രസ്തുത പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി ആയിരം വീതം, ആകെ 2000 ഹോട്ട്സ്പോട്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) അതിൽ എത്ര കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

അനുമതി നൽകിയ 2000 കേന്ദ്രങ്ങളിലും സൗജന്യ വൈഫൈ നൽകിയിട്ടുണ്ട്. ഇതിനുപുറമെ കേരള നിയമസഭയിലും കേരള ഹൈക്കോടതിയിലുമായി 23 ഹോട്ട്സ്പോട്ടുകൾ കൂടി സ്ഥാപിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങളും വിവിധ സർക്കാർ സേവനങ്ങളും തികച്ചും സുതാര്യവും അനായാസവുമായി ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാ ഭരണകേന്ദ്രങ്ങൾ, പ്രധാന സർക്കാർ ഓഫീസുകൾ, സർക്കാർ ആശുപത്രികൾ, കോടതികൾ, പഞ്ചായത്തുകൾ, ജനസേവന കേന്ദ്രങ്ങൾ, ലൈബ്രറികൾ, ബസ്സ്റ്റാൻഡുകൾ, പാർക്കുകൾ മുതലായ, ജില്ലാ ഭരണകൂടങ്ങൾ തെരഞ്ഞെടുത്തയിടങ്ങളിൽ ബി.എസ്.എൻ.എൽ. മുഖേനയാണ് വൈഫൈ സംവിധാനം നടപ്പിലാക്കുന്നത്. പൊതുജനങ്ങൾക്ക് അവരുടെ മൊബൈലിലും ലാപ്ടോപ്പിലും മറ്റും തികച്ചും സൗജന്യമായി ദിവസേന പരമാവധി ഒരു ജിബി, 10 എംബിപിഎസ് വരെ വേഗതയോടുകൂടി ഉപയോഗിക്കാവുന്നതാണ്.

## ഓൺലൈൻ ഗെയിമുകൾ

47 (1408) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഗെയിമുകൾ മരണക്കളിയായി മാറുന്നതായും ഡേറ്റാ മോഷണവും ലൈംഗിക ചൂഷണവും നടക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ച മുൻകരുതലുകളെകുറിച്ച് വിശദമാക്കാമോ;

&

(ബി) ഇത്തരത്തിലുള്ള ചൂഷണം തടയുന്നതിന് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഓൺലൈൻ ഗെയിമുകളിലെ ചതികളെപ്പറ്റി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം നൽകുന്നതിനുള്ള ലഘു വീഡിയോ ചിത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ നിർമ്മിച്ച് സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ, പോലീസിന്റെ സോഷ്യൽ മീഡിയ സെൽ എന്നിവ മുഖേന വിവിധ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചുവരുന്നു. പൊതുജനങ്ങൾക്ക് സൈബർ സുരക്ഷ സംബന്ധിച്ച്

ബോധവൽക്കരണം നൽകുന്നതിനായി സൈബർ സുരക്ഷാ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു. കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ജനമൈത്രി എന്നീ പദ്ധതികൾ മുഖേന ബോധവത്കരണ പരിപാടികൾ വ്യാപിപ്പിക്കുന്നുണ്ട്. ഓൺലൈൻ ഗെയിം, സോഷ്യൽ മീഡിയ സുരക്ഷ, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക ചൂഷണങ്ങൾ സുരക്ഷിതമായ നവമാധ്യമ ഉപയോഗം തുടങ്ങിയവയെ സംബന്ധിച്ച് സാമൂഹിക മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തിവരുന്നു. ഇവ കൂടാതെ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമായി 'കിഡ് ഗ്ലോവ്' പോലുള്ള സൈബർ സുരക്ഷ ബോധവത്കരണ പരിപാടികൾ, സൈബർ സുരക്ഷ സംബന്ധിച്ച വെബിനാറുകൾ എന്നിവ ഓൺലൈൻ മാധ്യമങ്ങൾ മുഖേന പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നു.

## ഐ. ടി. വ്യവസായ മേഖല

48 (1409) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവര-സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിനുവേണ്ടി ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി എത്ര ഐ.ടി./ഐ.ടി.ഇ.എസ്. കമ്പനികൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര സ്ഥലം വിനിയോഗിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

പാർക്ക് കമ്പനികളുടെ എണ്ണം വിനിയോഗിച്ച സ്ഥലം (ച.അടി) ടെക്നോപാർക്ക് 460 ഏകദേശം 100.7 ലക്ഷം ഇൻഫോപാർക്ക് 422 ഏകദേശം 92 ലക്ഷം.

(ബി) ഐ.ടി. വ്യവസായ മേഖലകളിൽ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ടെക്നോസിറ്റിയിലെ ഗവൺമെന്റ് ഐ.ടി. കെട്ടിടത്തിനുപുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്., സൺടെക് ബിസിനസ് സൊല്യൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി. സൗകര്യങ്ങൾ

വികസിപ്പിക്കാൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. കൂടാതെ, അടുത്ത 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫെയിസ് 1-ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫെയിസ് 3-യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്; ടെക്നോസിറ്റിയിൽ കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെ സ്പെയിസ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ്. & റ്റാറ്റ ഇലക്സി, ബ്രിഗേഡിന്റെ വേൾഡ് ട്രേഡ് സെന്റർ തുടങ്ങിയ ഈ പദ്ധതികളിലൂടെ ഏകദേശം 56 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി./ഐ.ടി.ഇ.എസ്. സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ ഏകദേശം 57000 പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻഫോപാർക്കുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്ന ഭാവി വികസന പദ്ധതികൾക്കായി ഇൻഫോപാർക്ക് കൊച്ചിയിലും കൊരട്ടിയിലും കൂടുതൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ വിവിധ ഐ. ടി. പാർക്കുകളിലേയ്ക്ക് ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബഹുരാഷ്ട്ര കമ്പനികളെ ആകർക്ഷിക്കുന്നതിനായി നിലവിൽ SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടം, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ വൻകിട കമ്പനികളെ വ്യവസായ സംരംഭങ്ങൾക്കായി കേരളത്തിലേക്ക് ക്ഷണിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## നാഷണൽ ട്രെയിനിംഗ് സെന്റർ

49 (1410) <u>ശ്രീ. തോമസ് കെ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള കോളേജ് വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് കുട്ടനാട്ടിൽ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. ട്രെയിനിംഗ് സെന്റർ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് എൻ.സി.സി. നേവൽ ട്രെയിനിംഗ് സെന്ററിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ട്രെയിനിംഗ് സെന്ററിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്ക് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതോടുകൂടി നാടിനും ജനങ്ങൾക്കും എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രളയം, കോവിഡ്-19 പോലെയുള്ള വലിയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തര ഘട്ടത്തിൽ സംസ്ഥാന സർക്കാരിനും ജില്ലാ ഭരണകൂടത്തിനും ഒരു ദുരിതാശ്വാസ ക്യാമ്പ് ആയി ഉപയോഗിക്കത്തക്കവിധത്തിലാണ് ഈ നേവൽ ട്രെയിനിംഗ് സെന്റർ രൂപകല്പന ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും എന്തെല്ലാം സംവിധാനങ്ങൾ ഇവിടെ ഒരുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 12.88 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 5 കേരള നേവൽ യൂണിറ്റ് ആഫീസ് കെട്ടിടം, 200 ആൺകുട്ടികൾക്കും 100 പെൺകുട്ടികൾക്കും താമസിച്ച് ജലത്തിലെ സാഹസിക പരിശീലനം സൗജന്യമായി നൽകുന്നതിനുള്ള നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപ കല്പന ചെയ്തിരിക്കുന്നത്.

**അന്യസംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിലെ ചികിത്സ**

50 (1411) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ നടത്തിയ ചികിത്സാ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാമോ എന്നറിയിക്കാമോ?

സമർപ്പിക്കാവുന്നതാണ്.

(ബി) ഇത്തരത്തിൽ അന്യ സംസ്ഥാനത്ത് നടത്തിയ ചികിത്സാ ചെലവിനായി അപേക്ഷിക്കുന്നതിന്റെ നടപടി ക്രമങ്ങൾ വിശദമാക്കാമോ?

വരുമാന പരിധി 2 ലക്ഷം രൂപയ്ക്ക് താഴെ വരുന്ന കുടുംബത്തിൽപെടുന്നവർക്ക് 6 മാസത്തിനുള്ളിൽ ലഭ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ(ആധാർ)/റേഷൻകാർഡ്,ബാങ്ക് അക്കൗണ്ട് വിവരം എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി സി.എം.ഒ. പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്.

**മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി**

51 (1412) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര രൂപ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് വിവിധ രോഗങ്ങൾ ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 852,23,22,703 രൂപ (എണ്ണൂറ്റി അൻപത്തിരണ്ട് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തി രണ്ട് ആയിരത്തി എഴുന്നൂറ്റി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജീവിത ശൈലീ രോഗങ്ങൾ ഒഴികെയുള്ള കാൻസർ, കിഡ്നി, ഹൃദയം, കരൾ, മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയ മാരക രോഗങ്ങൾക്ക് സഹായം അനുവദിക്കുന്നുണ്ട്.

**ചികിത്സാസഹായം**

52 (1413) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട കാൻസർ രോഗികൾക്കും ആന്തരിക അവയവങ്ങളുടെ ചികിത്സ നടക്കുന്നവർക്കും മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും നൽകിവരുന്ന തുക കാലോചിതമായി വർദ്ധിപ്പിച്ച നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പരിഗണനയിൽ ഇല്ല. എന്നാൽ 2016-ൽ മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസ നിധിയിൽനിന്ന് ജില്ലാകളക്ടർക്ക് അനുവദിക്കാമായിരുന്ന തുക 2,000 രൂപയിൽനിന്ന് 10,000 രൂപയായും റവന്യൂ മന്ത്രിക്ക് 5,000 രൂപ വരെയെന്നത് 25,000 രൂപയായും മുഖ്യമന്ത്രിക്ക് അനുവദിക്കാമായിരുന്ന 1 ലക്ഷം രൂപ 3 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്, ഇതിനു പുറമേ റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്. ധനസഹായ അർഹതയുള്ള കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയിൽനിന്ന് 2 ലക്ഷം രൂപയായി ഉയർത്തി. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000 രൂപ വീതം അനുവദിച്ച് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകി. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസ്സുകളിൽ പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസ്സുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് 20,000 രൂപയും നൽകിവരുന്നുണ്ട്.

(ബി) ഇപ്രകാരമുള്ളവരുടെ ചികിത്സാ ആവശ്യങ്ങൾക്ക് വേണ്ടി പ്രത്യേക സഹായം ലഭ്യമാക്കാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകുമോ;

&

(സി) കാൻസർ, വൃക്ക, ഹൃദ്രോഗം തുടങ്ങിയ ചികിത്സകൾക്കായി കിടപ്പാടം പണയപ്പെടുത്തി ജപ്തി ഭീഷണികൾ നേരിടുന്നവരെ സഹായിക്കാൻ അതാത് മേഖലകളിൽ ഉള്ള കടാശ്വാസ കമ്മീഷൻ പദ്ധതിയിൽ മുൻഗണന നൽകുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**റീബിൽഡ് കേരള പദ്ധതി**

53 (1414) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഇതുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഇത്തരം പദ്ധതികളിൽ ഏതെങ്കിലും പദ്ധതി മുടങ്ങി കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

**കോഴിക്കോട് വിമാനത്താവളത്തിൽ നടന്ന വിമാനദുരന്തം**

54 (1415) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം കോഴിക്കോട് വിമാനത്താവളത്തിൽ ഉണ്ടായ വിമാനദുരന്തത്തിൽ എത്ര പേർ മരിച്ചു എന്നും എത്ര പേർക്ക് പരിക്ക് പറ്റിയെന്നും വിശദമാക്കുമോ?

കഴിഞ്ഞ വർഷം കോഴിക്കോട് വിമാനത്താവളത്തിൽ ഉണ്ടായ വിമാനദുരന്തത്തിൽ ആകെ 21 പേർ മരണപ്പെടുകയും 169 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) പരിക്ക് പറ്റിയവരെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സിച്ചത്; ഇവരുടെ ചികിത്സാ ചെലവ് ഇനത്തിൽ യഥാക്രമം വിമാന കമ്പനി, കേരള സർക്കാർ, കേന്ദ്ര സർക്കാർ എന്നിവർ എത്ര രൂപ വീതം ചെലവഴിച്ചു എന്ന് തരംതിരിച്ച് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ അൽമാസ് ആശുപത്രി, കോട്ടക്കൽ, അൽഷിഫ, പെരിന്തൽമണ്ണ, ബി.എം, പുളിക്കൽ, ഇ.എം.എസ്. പെരിന്തൽമണ്ണ, ഏറനാട് ആശുപത്രി, മഞ്ചേരി, കൊരമ്പയിൽ ആശുപത്രി, മഞ്ചേരി, മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി, മേഴ്സി ആശുപത്രി, കൊണ്ടോട്ടി, എം.ഇ.എസ്. പെരിന്തൽമണ്ണ, മിംമ്സ് ആശുപത്രി, കോട്ടക്കൽ, മൗലാന ആശുപത്രി, പെരിന്തൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ണ, റിലീഫ് ആശുപത്രി, കൊണ്ടോട്ടി, മലബാർ ആശുപത്രി, മഞ്ചേരി കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ് ആശുപത്രിയും, കോഴിക്കോട്, മിംമ്സ് ആശുപത്രി കോഴിക്കോട്, ബേബി മെമ്മോറിയൽ ആശുപത്രി, ബീച്ച് ആശുപത്രി, മൈത്ര ആശുപത്രി, DAM കോപ്പറേറ്റീവ് ആശുപത്രി, എരിഞ്ഞപ്പാലം, IMCH. ഇഖ്റ ആശുപത്രി, സ്റ്റാർ കെയർ ആശുപത്രി, വടകര കോപ്പറേറ്റീവ് ആശുപത്രി എന്നിവിടങ്ങളിലുമാണ് ചികിത്സ നടത്തിയിട്ടുള്ളത്. ചികിത്സാ ചെലവിനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) മരണപ്പെട്ടവർക്കും പരിക്ക് പറ്റിയവർക്കും കേന്ദ്ര സർക്കാർ, വിമാന കമ്പനി, കേരള സർക്കാർ എന്നിവർ നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ എത്ര തുകയായിരുന്നു പ്രഖ്യാപിച്ചത് എന്നും ഇതിൽ ആർക്കൊക്കെ എത്ര തുക വീതം ആരെല്ലാം നൽകി എന്നും വിശദമാക്കുമോ?

മരണപ്പെട്ട 21 പേരുടെ ആശ്രിതർക്ക് 2,10,00,000 രൂപ (രണ്ടു കോടി പത്തു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വിമാന കമ്പനി, കേന്ദ്ര സർക്കാർ എന്നിവർ നഷ്ടപരിഹാരം പ്രഖ്യപിച്ചിട്ടുണ്ടോ, എത്ര തുക എന്ന വിവരം ശേഖരിച്ചുവരുന്നു.

**മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ**

55 (1416) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ;

&

(ബി) ഇതിൽ ഓരോ പദ്ധതിക്കും വകയിരുത്തിയ തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റിവിനുകീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ മലമ്പുഴ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും അനുബന്ധം 1-ൽ ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോവിഡ് വാക്സിൻ ലഭ്യത**

56 (1417) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ജനസംഖ്യയ്ക്ക് ആനുപാതികമായോ അല്ലെങ്കിൽ കോവിഡ് രോഗികളുടെ ശതമാനത്തിനനുസൃതമായോ പോലും വാക്സിൻ ലഭ്യമാക്കുന്നില്ല എന്ന വ്യാപക പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) ഇല്ലെങ്കിൽ ആയതിന് അനുസൃതമായി വാക്സിൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഇതുവരെ കുത്തിവയ്പ് എടുത്തിട്ടില്ലാത്ത ജനസംഖ്യയുടെ അനുപാതത്തിലാണ് കോവിഡ് വാക്സിൻ (ഡോസ് 1+ ഡോസ് 2). ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. ആദ്യ ഘട്ടത്തിൽ, മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ള ആരോഗ്യ പ്രവർത്തകരുടേയും മുൻനിര പോരാളികളുടേയും എണ്ണത്തെ അടിസ്ഥാനമാക്കി കേന്ദ്ര ആരോഗ്യ മന്ത്രാലയം നേരിട്ട് ജില്ല തിരിച്ചുള്ള അലോട്ട്മെന്റ് നടത്തി. ആദ്യ രണ്ട് മാസങ്ങളിൽ മലപ്പുറം ജില്ലയിലെ വാക്സിൻ ഉപയോഗ നിരക്ക് താഴെയായിരുന്നത് വാക്സിൻ അലോട്ട്മെന്റിനെ ബാധിച്ചു. പിന്നീട് വാക്സിനേഷൻ ശക്തി പ്രാപിച്ചതോടെ കൂടുതൽ വാക്സിൻ ഡോസുകൾ ജില്ലയ്ക്ക് അനുവദിച്ചു.

**കോവിഡ് വ്യാപനം - നിയന്ത്രണത്തിലെ ഇളവുകൾ**

57 (1418) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മാനദണ്ഡങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ച സാഹചര്യത്തിൽ ആരാധനാലയങ്ങൾക്കും അത് ബാധകമാക്കുമോ;

&

(ബി) നിയന്ത്രണങ്ങൾക്ക് വിധേയമായി വെള്ളിയാഴ്ചകളിലെ പ്രാർത്ഥനകൾക്ക് പള്ളികൾ തുറന്നുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കോവിഡ് രോഗ നിയന്ത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളെ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ

അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്നിങ്ങനെ 4 കാറ്റഗറികളായി തരംതിരിച്ചിട്ടുണ്ട്. അവയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കുറവുള്ള എ, ബി കാറ്റഗറികളിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ആരാധനാലയങ്ങളിൽ പരമാവധി 15 പേർക്ക് പ്രവേശനാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വിശേഷാവസരങ്ങളിൽ പരമാവധി 40 പേർക്കും ആരാധനാലയങ്ങളിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ ശിപാർശ പരിഗണിച്ച് ആവശ്യമെങ്കിൽ ഈ കാര്യത്തിൽ മാറ്റവും വരുത്താറുണ്ട്.

**കെ-റെയിൽ പദ്ധതി**

58 (1419) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി .ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരമുള്ള സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേനയാണ് പരിസ്ഥിതി ആഘാത പഠനം നടത്തിയത്.

(ബി) കെ-റെയിൽ പദ്ധതികൾക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് യോഗ്യതയുള്ള സ്ഥാപനമാണോ പ്രസ്തുത പഠനം നടത്തിയത് എന്ന് അറിയിക്കുമോ?

2006-ലെ ഇ.ഐ.എ. വിജ്ഞാപനപ്രകാരം പാരിസ്ഥിതിക ആഘാത നിർണ്ണയ പഠനം ആവശ്യമുള്ള പദ്ധതികളിൽ റെയിൽവേയുടെ പദ്ധതികൾ പരാമർശിച്ചിട്ടില്ല.

(സി) പദ്ധതിയുടെ ഡി.പി.ആർ. അംഗീകരിച്ചതിനുശേഷം വീണ്ടും പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

പരിസ്ഥിതി ആഘാതവുമായി ബന്ധപ്പെട്ട പഠനം നടത്താൻ ദ്രുത ഇ.ഐ.എ. അഥവാ സീസണൽ ഇ.ഐ.എ. ആണ് 3 മാസത്തെ കാലാവധിയിൽ നടത്തിയത്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാതിരിക്കാൻ

വേണ്ട മുൻ കരുതലുകളെടുത്താണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഡി.പി.ആർ. റെയിൽവേ മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്. പാരിസ്ഥിതിക നയത്തോടുള്ള പ്രതിബദ്ധതയാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പ് സമഗ്രമായ ഒരു ഇ.ഐ.എ. പഠനം നടത്താൻ കെ-റെയിൽ തീരുമാനിക്കുകയും അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോവുകയുമാണ്.

(ഡി) ഏത് ഏജൻസി വഴിയാണ് രണ്ടാമത് പാരിസ്ഥിതികാഘാത പഠനം നടത്തുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിശദ പാരിസ്ഥിതിക പഠനം നടത്തുന്നതിനായി ഓപ്പൺ ടെൻഡർ വഴിയാണ് ഏജൻസിയെ നിർണ്ണയിക്കുന്നത്. പ്രസ്തുത ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്.

**കൊച്ചി മെട്രോ റെയിൽ**

59 (1420) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ വികസനത്തിന്റെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ലാഭകരമായാണോ നടക്കുന്നതെന്ന് വ്യക്തമാക്കാമോ?

2020 സെപ്റ്റംബറിൽ കൊച്ചി മെട്രോയുടെ പേട്ട വരെയുള്ള പാത പൊതുജനങ്ങൾക്കായി തുറന്ന കൊടുത്തതോടുകൂടി പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിച്ചു. ഇതോടൊപ്പം പേട്ട തൃപ്പൂണിത്തുറ ദീർഘിപ്പിക്കലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. പേട്ട S.N. ജംഗ്ഷൻ വരെയുള്ള പാതയുടെ ഭൂമി ഏറ്റെടുക്കലും നിർമ്മാണവും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2022 ഡിസംബറിൽ പൂർത്തീകരിക്കുകയാണ് ലക്ഷ്യം. നഗര ഗതാഗതത്തിന്റെ വിവിധ സാദ്ധ്യതകൾ കൊച്ചി മെട്രോയ്ക്ക് അനുബന്ധമായി പ്രവൃത്തിപഥത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആലുവ – പുളിഞ്ചോട് എടപ്പള്ളി ജംഗ്ഷൻ നവീകരണം, മെട്രോ സ്റ്റേഷൻ അനുബന്ധ നടപ്പാത നിർമ്മാണം, മീഡിയൻ സൗന്ദര്യവത്കരണം, പനമ്പള്ളി നഗർ നടപ്പാത, സൈക്കിൾ ട്രാക്ക്, നഗരത്തിൽ ആവശ്യമായ ഡ്രെയ്നേജുകൾ, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നിങ്ങനെ നഗരത്തിന്റെ സുസ്ഥിര ഗതാഗതത്തിന് ആവശ്യമായ മുന്നൊരുക്കങ്ങളും കൊച്ചി മെട്രോയുടെ ഭാഗമായി കഴിഞ്ഞു. സൗരോർജ്ജ ഉപയോഗത്തിന് മാതൃകാപരമായ പ്രവർത്തനമാണ് കൊച്ചി മെട്രോ നടത്തിവരുന്നത്. നിലവിൽ 7.28 MWP

ശേഷിയുള്ള സൗരോർജ്ജ സംവിധാനം സ്ഥാപിച്ചു. ഇതുകൂടാതെ 3.54 MWP ശേഷിയുള്ള സൗരോർജ്ജ സംവിധാനം ഒരുക്കിവരികയാണ്. ഹരിത ഗതാഗതത്തിന് അടിത്തറ പാകുന്നതിനും കൊച്ചി മെട്രോയ്ക്ക് കഴിഞ്ഞു. മെട്രോ സ്റ്റേഷനേയും വിമാനത്താവളത്തിനേയും ബന്ധിപ്പിച്ചുള്ള ഇലക്ട്രിക് ബസ് സർവ്വീസും യാത്രക്കാർക്ക് വൈദ്യുതി ഓട്ടോകൾ ഒരുക്കിയതും ഈ പദ്ധതിയുടെ ഭാഗമായാണ്. കൊച്ചി മെട്രോയുടെ ദൈനംദിന വരുമാനവും പ്രവർത്തന ചെലവും കോവിഡ് വ്യാപനത്തിനുമുമ്പ് തുല്യമായിരുന്നു (പലിശ തുക കണക്കാക്കാതെ).

(ബി) തുടർ വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയെ തൃശ്ശൂർ ജില്ലയുമായി ബന്ധിപ്പിക്കാൻ പദ്ധതികളുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) എറണാകുളം ജില്ലാ ഭരണകൂടം സ്ഥിതിചെയ്യുന്ന കാക്കനാട് വരെ മെട്രോ റെയിൽ നീട്ടുന്ന പ്രവൃത്തിയുടെ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ?

കാക്കനാട് വരെ മെട്രോ റെയിൽ നീട്ടുന്നതിനുവേണ്ടി കൊച്ചി മെട്രോ രണ്ടാം ഘട്ട വികസനം പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്ര കാബിനറ്റ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തൃപ്പൂണിത്തുറ ക്ഷേത്രനഗരി വരെ മെട്രോ റെയിൽ എത്തിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രമായ ഫോർട്ട് കൊച്ചിയിലേയ്ക്ക് മെട്രോ റെയിൽ നീട്ടുന്നതിനും ആലോചനയുണ്ടോ; വിശദമാക്കുമോ?

കൊച്ചി മെട്രോ ഒന്നാം ഘട്ടം നീട്ടുന്നതിന്റെ ഭാഗമായി പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രമായ ഫോർട്ടുകൊച്ചിയിലേയ്ക്ക് മെട്രോ റെയിൽ നീട്ടുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**'സിൽവർ ലൈൻ' റെയിൽവേ പദ്ധതി**

60 (1421) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ഡോ. മാത്യു കുഴൽനാടൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സിൽവർ ലൈൻ' റെയിൽവേ പദ്ധതിയുടെ നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

&

(ബി) ഇതുസംബന്ധിച്ച പ്രാഥമിക പഠനങ്ങൾ പൂർത്തിയായോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അന്തിമാനുമതിക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ജൈക്ക, എ.ഡി.ബി., എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ. തുടങ്ങിയ വിദേശ വായ്പ ഏജൻസികളിൽ നിന്നുമുള്ള വായ്പ ഇനത്തിൽപ്പെടുന്ന ധനസഹായത്തിനായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് ശിപാർശ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും 2,100 കോടി രൂപ കിഫ്ബിയിൽനിന്ന് വായ്പ എടുക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഗവേഷണ പഠനം, ഗതാഗത പഠനം, ലിഡാർ സർവ്വേ, ദ്രുത പരിസ്ഥിതി ആഘാത പഠനം എന്നീ പഠനങ്ങൾ നടത്തുകയും ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേയുടെയും സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റഡ് എക്സ്പെൻഡിച്ചർ എത്ര രൂപയാണെന്ന് അറിയിക്കാമോ?

63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതിക്കുവേണ്ടി പുതിയതായി എത്ര സ്ഥലം അക്വയർ ചെയ്യേണ്ടിവരുമെന്നും അതിനായി ഓരോ ജില്ലയിലും എത്ര ഭൂവുടമകളെ ഒഴിപ്പിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിശദ പഠന റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്കുവേണ്ടി 1383 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായുണ്ട്. ജില്ല തിരിച്ചുള്ള സ്ഥലത്തിന്റെ കണക്കും ഓരോ ജില്ലയിലും എത്ര ഉടമകളെ ഒഴിപ്പിക്കണമെന്നതും സ്ഥലത്തിന്റെ സർവ്വേയ്ക്ക് ശേഷം മാത്രമെ നിജപ്പെടുത്താനാവൂ.

## കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പദ്ധതികൾ

61 (1422) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

ഉൾനാടൻ ജലപാതകളിലൂടെയുള്ള ചരക്ക് കടത്ത്, ജലവാഹനങ്ങളുടെ നിർമ്മാണം, റിപ്പയർ, ടൂറിസ്റ്റുകൾക്ക് കടൽയാത്ര ഒരുക്കുന്ന ടൂറിസം പ്രവർത്തനങ്ങൾ എന്നിവയാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മുഖ്യമായും നടത്തുന്നത്. ഇതിനായി കമ്പനിയ്ക്ക് ഒൻപതോളം വിവിധതരം ചരക്ക് ബാർജുകളും മൂന്ന് ടൂറിസ്റ്റ് വാഹനങ്ങളുമുണ്ട്. നിലവിൽ 1200 ടൺ ഓയിൽ ബാർജ്, 300 ടൺ ആസിഡ് ബാർജ്, 300 ടൺ ഓയിൽ ബാർജ്, 100 പേർക്ക് ഇരിക്കാവുന്ന ടൂറിസ്റ്റ് വാഹനം എന്നിവ നിർമ്മാണത്തിന്റെ വിവിധ ദിശയിലാണ്.

(ബി) മറ്റ് കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന സംരംഭങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കൊച്ചി നഗരസഭയുടേയും ഉൾനാടൻ ജലപാത അതോറിറ്റിയുടേയും ഉടമസ്ഥതയിൽ ഉള്ള രണ്ട് റോ-റോ വാഹനങ്ങൾ വീതം കമ്പനി സർവ്വീസ് നടത്തുന്നുണ്ട്. ഒറീസയിലെ ടൂറിസം രംഗത്തെ വികസനത്തിനായി ഒറീസാ സർക്കാരുമായി ഒരു ധാരണാപത്രം 13-2-2020-ാം തീയതി കമ്പനി ഒപ്പു വച്ചിട്ടുണ്ട്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററും തമിഴ്നാട്, മഹാരാഷ്ട്ര സർക്കാരുകളുമായി ജലവാഹനങ്ങളുടെ നിർമ്മാണത്തിനും കൺസൾട്ടൻസി സേവനം നൽകുന്നതിനുമായി ചർച്ചകൾ നടന്നുവരുന്നു. സാഗർമാല ഡെവലപ്മെന്റ് കോർപ്പറേഷനുമായും കൊച്ചി പോർട്ട് ട്രസ്റ്റുമായും സീപോർട്ട്-എയർപോർട്ട് ജലമാർഗ്ഗത്തിന്റെ വികസനത്തിനും മറൈൻ ഡ്രൈവ്, വല്ലാർപ്പാടം, വൈപ്പിൻ, ഫോർട്ട് കൊച്ചി എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള കേബിൾ കാർ പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള ചർച്ചകൾ നടന്നുവരുന്നു.

(സി) കേരള മാരിടൈം ബോർഡുമായി ചേർന്ന് നടത്താൻ ഉദ്ദേശിക്കുന്ന സംയുക്ത സംരംഭങ്ങൾ എന്തെല്ലാമാണ്?

കേരളാ സ്റ്റേറ്റ് മാരിടൈം ബോർഡുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ ഒന്നും നിലവിലില്ല.

(ഡി) മാരിടൈം ബോർഡ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ?

മാരിടൈം ബോർഡുമായി സഹകരിച്ച് സംയുക്ത സംരംഭങ്ങൾ നടത്തുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുമില്ല. എന്നാൽ സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നുണ്ട്.

(ഇ) കേരള സ്റ്റേറ്റ് ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ടൂറിസം രംഗത്ത് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ്?

ടൂറിസം രംഗത്ത് കൂടുതലും തീരദേശവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള നടപടികൾ എടുത്തു വരുന്നു. അതിന്റെ മുന്നോടിയായി കാസർഗോഡും കോഴിക്കോടും രാമൻതുരുത്തിലും ടൂറിസ്റ്റ് ബോട്ട് സർവ്വീസുമായി ബന്ധപ്പെട്ട പദ്ധതികൾ തുടങ്ങാനുള്ള നടപടികൾ വിഭാവനം ചെയ്തുവരുന്നു. കൂടാതെ ടൂറിസം വകുപ്പ് കേരള ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം ടൂറിസം വികസനത്തിനായി 4 സീറ്റർ സ്പീഡ്ബോട്ട്, 25 സീറ്റർ സഫാരി ബോട്ട്, കൊല്ലം അഷ്ടമുടി ടൂറിസം വികസനത്തിനായി 45 പേർക്കിരിക്കാവുന്ന കട്ടമര ബോട്ട്, ജെറ്റ് സ്കീ, അനുബന്ധ ഫ്ലൈബോർഡ്, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, കോടിമത, കുമരകം എന്നിവിടങ്ങളിലേക്കായി കയാക് വള്ളങ്ങളും ഷിക്കാര വള്ളങ്ങളും, എറണാകുളം മറൈൻഡ്രൈവ് ബോട്ട്ജെട്ടി നവീകരണം, കണ്ണൂർ ജില്ലയിൽ മലനാട് - മലബാർ റിവർ ക്രൂയീസ് പദ്ധതിക്കായി ഫ്രീഡം എന്ന പേരിൽ 6 പേർക്ക് യാത്ര ചെയ്യാവുന്ന രണ്ട് വാട്ടർ ടാക്സികളും കൊപ്രാവള്ളം എന്ന പേരിൽ 10 പേർക്കിരിക്കാവുന്ന രണ്ട് ഫാമിലി ക്രൂയീസ് വള്ളങ്ങളും മാരിവിൽ എന്ന പേരിൽ 25 പേർക്കിരിക്കാവുന്ന രണ്ടു ഹോപ്-ഓൺ ഹോപ്-ഓഫ് ക്രൂയീസ് വള്ളങ്ങളും എന്നീ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ച് വരുന്നു.

(എഫ്) കൊച്ചിയെ അന്താരാഷ്ട്ര നിലവാരമുള്ള നഗരമായി വളർത്തും എന്ന പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും അവർക്ക് പ്രയോജനപ്പെടുത്താനും ടൂറിസം വകുപ്പിന്റെ വരുമാന വർദ്ധവിനും ഉതകും വിധം വൈപ്പിൻ-ഫോർട്ടുകൊച്ചി, എറണാകുളം-മറൈൻഡ്രൈവ്-ബോൾഗാട്ടിപാലസ്-മുളവുകാട് വല്ലാർപാടം രാമൻതുരുത്ത് എന്നിവയെ ബന്ധിപ്പിച്ച് പദ്ധതി കൊണ്ടുവരുന്നത് സർക്കാർ പരിഗണിക്കുമോ?

സ്ഥലലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**കോട്ടപ്പുറം-കോഴിക്കോട് ദേശീയ ജലപാത**

62 (1423) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടപ്പുറം-കോഴിക്കോട് ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയും പിന്നീട് ദീർഘിപ്പിച്ച കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുമുള്ള ഭാഗങ്ങൾ ദേശീയ ജലപാത അതോറിറ്റി (IWAI) യുടെ ചുമതലയിലാണ്. കോട്ടപ്പുറം കോഴിക്കോട് ദേശീയ ജലപാത IWAI-യുടെ നിയന്ത്രണത്തിലായതിനാൽ മേൽപ്പടി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങളും പുനരുദ്ധാരണ പ്രവൃത്തികളും IWAI-യുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്. ഈ ഭാഗം ദേശീയജലപാത നിലവാരത്തിൽ ഉയർത്തുന്നതിനായുള്ള DPR കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) ജലപാതയുടെ ഭാഗമായി പൊന്നാനി-ചേറ്റുവ കനാലിന് കുറുകെ പല ഭാഗങ്ങളിലും ഉയരം കുറഞ്ഞ പാലങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉണ്ട്. ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിലേയ്ക്കായി തടസ്സമായി നിൽക്കുന്ന പാലങ്ങൾ പൊളിച്ചുനീക്കി പുതിയ പാലങ്ങൾ പണിയേണ്ടതായിട്ടുണ്ട്. ആയതിനായുള്ള investigation നടപടികൾ സ്വീകരിച്ചുവരുന്നു.

**പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധി**

63 (1424) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തകരുടെ ക്ഷേമനിധിയെന്ന ആവശ്യത്തെക്കുറിച്ചുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

കേരളത്തിലെ പത്ര-ദൃശ്യ ഡിജിറ്റൽ-മാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന മറ്റു ക്ഷേമനിധികളിൽ ഒന്നും അംഗമല്ലാത്ത തൊഴിലാളികൾക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്.

(ബി) മുൻ ധനകാര്യ മന്ത്രിമാരായ ശ്രീ. കെ. എം. മാണിയും, ഡോ. തോമസ് ഐസക്കും ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരുന്ന ക്ഷേമനിധി എന്ന ആശയം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പത്ര-ദൃശ്യ ഡിജിറ്റൽ മാധ്യമങ്ങൾക്ക് പഞ്ചായത്ത് തലംവരെയും പ്രാദേശിക ലേഖകർ ഉണ്ട്. ഇവർക്കായി ആലോചനയിലുണ്ടായിരുന്ന ക്ഷേമനിധി പ്രായോഗികമായി നടപ്പാക്കാൻ സാധിച്ചിട്ടില്ല.

(സി) പ്രാദേശിക പത്രപ്രവർത്തകർക്ക് ആരോഗ്യ ഇൻഷ്വറൻസും അക്രെഡിറ്റേഷനും അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 2-2-2016-ലെ ജി.ഒ.(പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. അക്രെഡിറ്റേഷൻ ഇല്ലാത്ത മാധ്യമപ്രവർത്ത കർക്ക് വകുപ്പിൽനിന്നും നൽകിവരുന്ന പ്രസ് ഐഡന്റിറ്റി കാർഡ് സുരക്ഷാകാരണങ്ങളാൽ ഇവർക്ക് അനുവദിക്കുന്നില്ല. മീഡിയാ ലിസ്റ്റിൽ ഉള്ള മാധ്യമപ്രവർത്തകർക്ക് സ്ഥാപനത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ പ്രവേശിക്കാൻ എൻട്രി പാസ് അനുവദിക്കുന്നുണ്ട്.

(ഡി) കേരളാ മീഡിയ അക്കാഡമി, പ്രസ് അക്രെഡിറ്റേഷൻ കമ്മിറ്റി, പോലീസ് പ്രസ് റിലേഷൻ കമ്മിറ്റി എന്നിവിടങ്ങളിൽ പ്രദേശിക പത്രപ്രവർത്തകരുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.എഫ്.ഡി.സി.

64 (1425) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏജൻസിയായ കെ.എസ്.എഫ്.ഡി.സി.-യെ തഴഞ്ഞ് വനിതാ ശിശു വികസന വകുപ്പ്, തൊഴിൽ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ പരസ്യചിത്ര നിർമ്മാണം പി.ആർ.ഡി.-യിൽ രജിസ്റ്റർ ചെയ്ത സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഡി.സി.-യിൽ സംസ്ഥാന, ദേശീയ,അന്തർ ദേശീയ അവാർഡുകൾ വരെ നേടിയ പ്രഗത്ഭരായ സംവിധായകർ ഉള്ളപ്പോൾ സ്വകാര്യ ഏജൻസികളിലെ സംവിധായകർ ആരെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങളുടെ പിന്നിൽ പി.ആർ.ഡി.-യിലെ ചില ഉദ്യോഗസ്ഥരാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) കോവിഡ് ലോക് ഡൗണിൽ സർക്കാർ ഏജൻസികളിലെ പ്രഗത്ഭരായ സംവിധായകർ ദാരിദ്ര്യം അനുഭവിച്ചപ്പോൾ, സ്വകാര്യ ഏജൻസികൾക്ക് സർക്കാരിന്റെ പരസ്യങ്ങൾ ചെയ്യാനുള്ള അനുവാദം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ?

2-11-2020-ലെ സ.ഉ. (എം.എസ്.) നമ്പർ 6/2020/ഐ&പി.ആർ.ഡി. പ്രകാരം എംപാനൽ ചെയ്തിട്ടുള്ള പരസ്യ ഏജൻസികളെയാണ് പരസ്യ ചിത്രങ്ങൾ നിർമ്മിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

## കോവിഡ് മരണം സംഭവിച്ച പ്രവാസികളുടെ കുടുംബങ്ങൾക്ക് സഹായം

65 (1427) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗബാധയെ തുടർന്ന് വിദേശത്ത് ജോലി ചെയ്യുന്ന എത്ര കേരളീയർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; ഇതുസംബന്ധിച്ച കണക്ക് ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോവിഡ്മൂലം വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാർ മുഖേന ശേഖരിച്ചുവരുന്നു.

(ബി) ഇവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദേശ രാജ്യങ്ങളിൽവെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതിപ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ് മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ്മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ. രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന 'പ്രവാസി തണൽ പദ്ധതി' നോർക്ക മുഖേന നടപ്പിലാക്കുന്നു. കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000 രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്.

(സി) ഇല്ലെങ്കിൽ ഇവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് കേന്ദ്രസർക്കാർ മുഖേന തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

മേൽപ്പറഞ്ഞതരത്തിലുള്ള സഹായം സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. എങ്കിലും കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കായുള്ള സഹായ പദ്ധതികളിൽ പ്രവാസികൾക്ക് മുൻഗണന നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

**കോവിഡ് പ്രതിസന്ധി കാരണം മടങ്ങിയെത്തിയ പ്രവാസികൾ**

66 (1428) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 പ്രതിസന്ധി കാരണം ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽനിന്നും മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

കോവിഡ് ജാഗ്രത പോർട്ടലിലെ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിസന്ധിമൂലം 22-7-2021 വരെ 15,56,715 പേർ തിരികെയെത്തി.

(ബി) നിലവിൽ മടങ്ങിയെത്തിയ എത്ര പ്രവാസി മലയാളികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽ തിരികെ പോകാൻ ആഗ്രഹം അറിയിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ട്;

&

(സി) ഇത്തരത്തിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് തിരികെ പോകുന്നതിന് പല രാജ്യങ്ങളിലും യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ അവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം അടിയന്തര ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

അനേകം പ്രവാസികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിലേയ്ക്ക് മടങ്ങിപ്പോകുന്നതിനുള്ള തടസ്സം നീക്കാൻ സഹായത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇവരുടെ പൊതുവായ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ബഹ്റൈൻ, ഖത്തർ എന്നീ രാജ്യങ്ങൾ എയർ ബബിൾ കരാർ പ്രകാരമുള്ള ഫ്ലൈറ്റുകൾ ഓപ്പറേറ്റ് ചെയ്തു യാത്ര സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു രാജ്യങ്ങളിൽ നിന്നും പ്രവാസികൾക്ക് കേരളത്തിലേയ്ക്ക് മടങ്ങിയെത്താൻ സാധിക്കുമെങ്കിലും ആ രാജ്യങ്ങളിലെ നിലവിലുള്ള യാത്രാ വിലക്കുമൂലം ഇന്ത്യയിൽനിന്ന് തിരികെ പോകാൻ ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി കത്ത് മുഖേന കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നോർക്കാ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

67 (1429) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നോർക്ക രജിസ്ട്രേഷൻ കാലാവധിക്കുള്ളിൽ പുതുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

പ്രവാസി ഐഡി കാർഡ് രജിസ്ട്രേഷൻ, കാലവധി കഴിഞ്ഞാലും നിലവിൽ വിസയുള്ളവർക്ക് പുതുക്കാവുന്നതാണ്. അപേക്ഷ ഓൺലൈനായി www.norkaroots.org എന്ന വെബ്സൈറ്റിലെ Renewal Pravasi ID card എന്ന ഓപ്ഷൻ വഴി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയിലെ വിവരങ്ങളോടൊപ്പം പാസ്പോർട്ടിന്റെ ഫോട്ടോ പതിച്ച പേജ്, അഡ്രസ്സ് പേജ്, വിസ പേജ്, ഫോട്ടോ,

ഒപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് 315 രൂപ ഓൺലൈനായി അടയ്ക്കാവുന്നതാണ്. ലോഗിൻ ചെയ്യുന്നതിന് യൂസർ നെയിമും പാസ്സ്‌വേർഡും അറിയാത്തവർക്ക് സോഫ്റ്റ് വെയറിലെ ഫൊർഗോട്ട് യൂസർനെയിം/പാസ്സ്‌വേർഡ് ഓപ്ഷനും ഉപയോഗിക്കാവുന്നതാണ്.

**പ്രവാസികൾക്ക് ധനസഹായം**

68 (1430) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം വിദേശത്ത് മരണപ്പെടുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

&

(ബി) ഇതുസംബന്ധിച്ച് കെ.എം.സി.സി. ജിദ്ദ-മലപ്പുറം ജില്ലാ കമ്മിറ്റി 12-5-2020-ന് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൽ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിൽ ഇ.പി.റ്റി.എൻ./5949/2020 നമ്പറായി രജിസ്റ്റർ ചെയ്ത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

വിദേശ രാജ്യങ്ങളിൽവെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ്മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും, സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ്മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ. രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന പ്രവാസി തണൽ പദ്ധതി നോർക്ക മുഖേന നടപ്പിലാക്കുന്നു. കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)-1എ കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000 രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ വെച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് നിരവധി പ്രവാസികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കെ.എം.സി.സി. ജിദ്ദ-മലപ്പുറം ജില്ലാ കമ്മിറ്റി 12-5-2020-ന് സമർപ്പിച്ച നിവേദനവും ഇതിൽ ഉൾപ്പെട്ടതാണ്.

(സി) കോവിഡ്മൂലം മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്ക് നിലവിൽ ധനസഹായത്തിന് പദ്ധതി ഇല്ലെങ്കിൽ സുപ്രീം കോടതി ഈയിടെ കേന്ദ്ര സർക്കാരിന് നൽകിയ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ രൂപീകരിക്കുമ്പോൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ**

69 (1431) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനയാത്രാവിലക്കുമൂലം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോ?

കൃത്യമായ കണക്ക് ലഭ്യമായിട്ടില്ല.

(ബി) ഈ വിഷയത്തിൽ കേന്ദ്രസർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തിയതായി അറിയാമോ;

&

(സി) സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുകയുണ്ടായോ?

വിദേശ രാജ്യങ്ങളിലേയ്ക്ക് തിരിച്ചുപോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

(ഡി) വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന രോഗികളായ മലയാളികൾക്ക് വിമാനയാത്രാവിലക്കുമൂലം മരുന്നുകൾ ലഭ്യമാകുന്നത് മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവാസികൾക്ക് അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. DHL കൊറിയർ സർവീസ്, കാർഗോ എന്നിവയുടെ സഹകരണത്തോടെ പ്രവാസികൾക്ക് വേണ്ട അവശ്യമരുന്നുകൾ കുറഞ്ഞ ചെലവിൽ എത്തിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കൂടാതെ, ലോക കേരളസഭയുടെയും വിദേശരാജ്യങ്ങളിലെ പ്രവാസി സംഘടനകളുടെയും നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ രൂപീകരിച്ച നോർക്ക ഹെൽപ്പ് ഡെസ്കുകൾ മുഖാന്തരവും സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

**പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ**

70 (1432) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും തിരികെ തൊഴിലിടങ്ങളിൽ എത്തിച്ചേരുന്നതിന് സാധിക്കാതെയും വന്നിട്ടുള്ള പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

&

(ബി) നാട്ടിൽ കുടുങ്ങിപ്പോയി പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് എത്രയുംവേഗം തൊഴിലിടങ്ങളിൽ എത്തിച്ചേരുന്നതിന് അവസരമൊരുക്കുന്നതിനായി ഗൾഫ് നാടുകളിലെ ഗവൺമെന്റുമായി ചർച്ച നടത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് അറിയിക്കാമോ?

കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും തിരികെ പോകാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ പ്രവാസികൾ നേരിടുന്നു. യാത്രാവിലക്ക്, വാക്സിൻ ലഭ്യത, വാക്സിനേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ തുടങ്ങിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേയ്ക്ക് തിരിച്ച് പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തങ്ങളുടെ തൊഴിലിടങ്ങളിലേയ്ക്ക് തിരികെ പോകുന്നതിന് നയതന്ത്ര

ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല.

(സി) പ്രവാസികളുടെ തൊഴിൽ നഷ്ടം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം തുടർന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**തൊഴിൽരഹിതരായ പ്രവാസികളെ സംബന്ധിച്ച വിവരങ്ങൾ**

71 (1433) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് നാട്ടിൽ മടങ്ങിയെത്തിയ തൊഴിൽരഹിതരായ പ്രവാസികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ?

കോവിഡ് ജാഗ്രത പോർട്ടലിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം കോവിഡ് മഹാമാരിയെ തുടർന്ന് 22-7-2021 വരെ 1113997 പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

തിരികെയെത്തിയ പ്രവാസികൾക്ക് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM) പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കിവരുന്നു. പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പിൻതുണ നൽകുന്ന ഈ പദ്ധതിയിൽ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3 ശതമാനം പലിശ സബ്സിഡിയുമാണ് ലഭിക്കുക. തിരികെ വന്ന് സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കാർഷിക വ്യവസായം,

കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ടപ്പ് മിഷൻ, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യാ തുടങ്ങിയ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായും ചേർന്നുള്ള പ്രോജക്റ്റ്സിനും ഈ പദ്ധതി മുഖേന വായ്പ നൽകിവരുന്നു. കോവിഡ് പ്രതിസന്ധിമൂലം തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുനരധിവാസ പുനർസംയോജന പദ്ധതിക്ക് മാത്രമായി 50 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. കൂടാതെ, തൊഴിൽദാതാക്കളിൽനിന്ന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഇന്ത്യൻ എംബസികൾ വഴി സഹായം തേടുന്നതിനുള്ള സംവിധാനവും നോർക്ക വകുപ്പ് ഒരുക്കിയിട്ടുണ്ട്. ആയിരം കോടി രൂപയുടെ പ്രത്യേക സഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾ**

72 (1434) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട എത്ര പ്രവാസി മലയാളികൾ നാട്ടിലേയ്ക്ക് മടങ്ങിയെത്തിയിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ?

കോവിഡ് ജാഗ്രതാ പോർട്ടലിലെ ഡാറ്റപ്രകാരം കോവിഡ് പ്രതിസന്ധിമൂലം 22-7-2021 വരെ 1556715 പ്രവാസി മലയാളികൾ നാട്ടിലേക്ക് മടങ്ങിയെത്തിയിട്ടുണ്ട്. ഇതിൽ തൊഴിൽ നഷ്ടപ്പെട്ടവർ 1113997 പേരാണ്.

(ബി) തിരികെ ഗൾഫ് നാടുകളിലേയ്ക്ക് മടങ്ങുന്ന പ്രവാസികൾക്ക് നൽകിയ വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ കേന്ദ്ര സർക്കാരിന്റെ മുദ്രണവും ബാച്ച് നമ്പറും ഇല്ലാത്തത് കാരണമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വാക്സിനേഷൻ സർട്ടിഫിക്കറ്റിനെ സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് പ്രവാസികൾക്ക് വാക്സിനേഷന് ശേഷം ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ പാസ്പോർട്ട് നമ്പർ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കോവിഡ് മഹാമാരി കാരണം മടങ്ങിയെത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായമായ 5,000 രൂപ അനുവദിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ഇതിനകം ധനസഹായം അനുവദിച്ചു?

കോവിഡ്-19 പശ്ചാത്തലത്തിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ചിരുന്ന 5,000 രൂപ ധനസഹായത്തിനായി 1,75,474 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഇതിൽ അർഹരായ 1,28,799 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) കോവിഡ് മഹാമാരി കാരണം, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പ്രവാസി മലയാളികളിൽനിന്നുമുള്ള റെമിറ്റൻസിൽ എത്ര രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്; ആയത് നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണ്ടാക്കുന്ന ആഘാതം എത്രത്തോളമാണ്; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽനിന്നുള്ള റെമിറ്റൻസിന് സ്വകാര്യ ഏജൻസികളെയും ഉപയോഗിക്കുന്നുണ്ട്. രാജ്യത്തിനകത്തേയ്ക്ക് വരുന്ന റെമിറ്റൻസിന്റെ കണക്കുകൾ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. അതിനാൽ ഇതുസംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും, സംസ്ഥാന ആസൂത്രണ ബോർഡ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം അംഗീകൃത ഫോറിൻ എക്സ്ചേഞ്ച് ഡീലേഴ്സ് വഴി 2020 ജനുവരി മുതൽ മേയ് മാസം വരെ റെമിറ്റൻസിൽ 65 ശതമാനം പ്രൈവറ്റ് ട്രാൻസ്ഫറിൽ കുറവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്.

**കൊടകര കുഴൽപ്പണ കവർച്ച കേസിലെ പോലീസ് അന്വേഷണം**

73 (1435) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണ കവർച്ച കേസിലെ പോലീസ് അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ആക്ഷേപം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ അന്വേഷണം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

കൊടകര കുഴൽപ്പണ കവർച്ച കേസിൽ പോലീസ് വളരെ കാര്യക്ഷമമായ അന്വേഷണമാണ് നടത്തിവരുന്നത്. കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം. 146/21 ആയി കേസ് രജിസ്റ്റർ ചെയ്ത ഈ കേസ് തൃശ്ശൂർ ജില്ലാ പോലീസ്

മേധാവിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചാലക്കുടി ഡിവൈ.എസ്.പി. അന്വേഷണം ഏറ്റെടുത്തിരുന്നു. കേസിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാന പോലീസ് മേധാവി തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെയും ക്രൈംബ്രാഞ്ച് എസ്.പി.-യുടെയും മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് തുടരന്വേഷണം നടത്തിവരുന്നു. 22 പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം 23-7-2021-ന് സമർപ്പിച്ചിട്ടുണ്ട്. അനധികൃതമായി പണം കൊണ്ടുവരുന്നത് സംബന്ധിച്ച് അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികളാണ് സ്വീകരിക്കേണ്ടത്. ഇതിലേയ്ക്കായി കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് നൽകിയിട്ടുമുണ്ട്.

(ബി) പ്രസ്തുത കേസിൽ നിലവിൽ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള പ്രതികളുടെ രാഷ്ട്രീയബന്ധം വ്യക്തമാക്കാൻ തയ്യാറാകുമോ?

പ്രസ്തുത കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ള നാലാം പ്രതിയായ ദീപക് @ ശങ്കരൻ എന്നയാൾ ബി.ജെ.പി. പ്രവർത്തകനാണെന്ന് ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് കേരള പോലീസ് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; കേസുകളുടെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 146/2021 U/s 120(B), 395, 412, 212, 427 IPC പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23-7-2021-ന് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടന്ന സമയം സംസ്ഥാനത്ത് കുഴൽപ്പണ ഇടപാടുകൾ നടന്നതായുള്ള വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടും ഈ കാര്യത്തിൽ ഇടപെട്ട രാഷ്ട്രീയ നേതൃത്വത്തിലേയ്ക്ക് അന്വേഷണം പുരോഗമിക്കുന്നില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ തുടർ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കേസിന്മേൽ സമഗ്രമായ അന്വേഷണമാണ് നടത്തിയിട്ടുള്ളത്. ബി.ജെ.പി.-യുടെ സംസ്ഥാന നേതാക്കളെയും വിവിധ ജില്ലകളിലെ നേതാക്കളെയും ചോദ്യം ചെയ്ത് വിവരം ശേഖരിച്ചിട്ടുള്ളതാണ്.

## മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

74 (1436) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഞ്ഞൂർ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

കടുത്തുരുത്തി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉൾപ്പെട്ട മാഞ്ഞൂർ, കല്ലറ പഞ്ചായത്തുകൾ ഉൾപ്പെടുത്തി 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 212/2015/ ആഭ്യന്തരം പ്രകാരം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിച്ചിട്ടുള്ളതും 4-2-2021-ലെ സ.ഉ.(കൈ)നമ്പർ31/2021/ആഭ്യന്തരം പ്രകാരം മാഞ്ഞൂർ പോലീസ് സ്റ്റേഷന് തസ്തിക അനുവദിച്ച് ഉത്തരവായി. 6-5-2021-ലെ സ.ഉ.(അച്ചടി) നമ്പർ 40/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം മാഞ്ഞൂർ വില്ലേജിൽ, കുറുപ്പന്തറ കരയിൽ കുറുപ്പന്തറ കടവുഭാഗത്ത് മാഞ്ഞൂർ പഞ്ചായത്ത് വാർഡ് 3-ൽ മാക്കിൽ വീട്ടിൽ പോൾസൺ തോമസിന്റെ 742 നമ്പറായ കെട്ടിടം മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷന് അനുയോജ്യമായ കെട്ടിടം താത്കാലികമായി കണ്ടെത്തുകയും ഇക്കാര്യം പോലീസ് അധികൃതർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തെങ്കിലും പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന് തടസ്സമായിട്ടുള്ളത് എന്താണെന്ന് വിശദമാക്കാമോ?

പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് കണ്ടെത്തിയ മാഞ്ഞൂർ വില്ലേജ്, കുറുപ്പന്തറ കരയിൽ കുറുപ്പന്തറ കടവ് ഭാഗത്ത് മാഞ്ഞൂർ പഞ്ചായത്ത് മൂന്നാം വാർഡിൽ, മാക്കിൽ വീട്ടിൽ പോൾസൺ തോമസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള, 742 നമ്പർ വാടക കെട്ടിടത്തിന്റെ വാടക പി.ഡബ്ല്യു.ഡി.-യിൽനിന്നും നിശ്ചയിച്ചുകിട്ടുന്നതിനായി കെട്ടിട ഉടമയോട് ആവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. കെട്ടിട ഉടമ നാളിതുവരെ ആയതിലേയ്ക്ക് ആവശ്യമായ വില്ലേജിൽനിന്നുള്ള ലാൻഡ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ വാടക നിശ്ചയിച്ച് കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്ന സ്ഥലം BTR-ൽ നിലം ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് മാഞ്ഞൂർ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുള്ളതുമാണ്.

(സി) കടുത്തുരുത്തി പോലീസ് സ്റ്റേഷനിലെ ജോലി ഭാരം കുറയ്ക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും 2015-16 കാലഘട്ടത്തിൽ സർക്കാർ പ്രഖ്യാപിച്ച മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷൻ ഈ സാമ്പത്തിക വർഷം തന്നെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) കടുത്തുരുത്തി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ആരംഭിച്ചിരിക്കുന്ന മാഞ്ഞൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥിരമായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം മാഞ്ഞൂർ പഞ്ചായത്തിൽ നിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് കാലതാമസം ഉണ്ടായാൽ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കുറുപ്പന്തറ കടവ് ഭാഗത്ത് കണ്ടെത്തിയ താത്കാലിക കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മാഞ്ഞൂർ പോലീസ് സ്റ്റേഷനുവേണ്ടി സ്ഥിരമായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം മാഞ്ഞൂർ പഞ്ചായത്തിൽനിന്നും കൈമാറി ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ പോലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കുന്ന അടുത്ത ലിസ്റ്റിൽ മാഞ്ഞൂർ പോലീസ് സ്റ്റേഷനെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസിനുവേണ്ടി ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കൽ**

75 (1437) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനുവേണ്ടി പവൻ ഹൻസ് കമ്പനിയിൽനിന്നും ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തിട്ടുണ്ടോ; ഇപ്പോൾ പ്രസ്തുത ഹെലികോപ്റ്റർ ഉപയോഗിക്കുന്നുണ്ടോ എന്നതിന്റെയും വിശദാംശം നൽകുമോ?

ഉണ്ട്. കരാർ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ഹെലികോപ്റ്റർ ഇപ്പോൾ ഉപയോഗിക്കുന്നില്ല.

(ബി) പ്രസ്തുത ഹെലികോപ്ടർ എന്തെല്ലാം ആവശ്യങ്ങൾക്കായാണ് ഉപയോഗിച്ചതെന്നും ആരെല്ലാമാണ് ഇതുവരെയും ഉപയോഗിച്ചിരുന്നത് എന്നതിന്റെയും വിശദാംശം ലഭ്യമാക്കാമോ?

വ്യോമ നിരീക്ഷണം, മാവോയിസ്റ്റുകളുടെ സാഞ്ചാരപാത നിരീക്ഷണം, ആരോഗ്യ രക്ഷാപ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശം, വനമേഖലകൾ, വിനോദ സഞ്ചാര-തീർത്ഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തരഘട്ടങ്ങളിലെ പോലീസിന്റെയും വിശിഷ്ട വ്യക്തികളുടെയും യാത്രയ്ക്കായുമാണ് ഹെലികോപ്റ്ററിന്റെ സേവനം നൽകിയിട്ടുള്ളത്.

(സി) വാടകയിനത്തിലും മറ്റും ഇതിനുവേണ്ടി സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവഴിക്കേണ്ടിവന്നു എന്നതിന്റെയും വിശദാംശം വെളിപ്പെടുത്തുമോ?

ജി.എസ്.ടി. ഉൾപ്പെടെ ആകെ 22,151,000 രൂപ ചെലവായിട്ടുണ്ട്.

**ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ**

76 (1438) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിലുള്ള വ്യക്തികളെ ജയിലിൽ പാർപ്പിക്കുമ്പോൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോ;

&

(ബി) ഇത്തരം പരിശോധനകൾക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം സർക്കാർ തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത 49 വയസ്സുള്ള രാജ്കുമാറിന്റെ ജുഡീഷ്യൽ കസ്റ്റഡി മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട.) ശ്രീ. കെ. നാരായണക്കുറുപ്പ് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പോലീസ് കസ്റ്റഡിയിൽനിന്നും

കൊണ്ടുവരുന്ന വ്യക്തികളെ ജയിലിൽ പ്രവേശിപ്പിക്കുന്നതിന് മുന്നോടിയായി അവരിൽ മറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനായി (Iceberg phenomenon) മെഡിക്കൽ ഓഫീസർമാരുടെ നിർദ്ദേശപ്രകാരം ഒരു പ്രാഥമിക പരിശോധനയ്ക്ക് വിധേയമാക്കുന്നുവെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും (ഡി.എച്ച്.എസ്.) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും (ഡി.എം.ഇ.) ഉറപ്പ് വരുത്തേണ്ടതാണെന്നും വൃക്കസംബന്ധമായ പ്രൊഫൈൽ, സി.പി.കെ., യൂറിൻ മയോഗ്ലോബിൻ, സി.ആർ.പി. മുതലായ ടെസ്റ്റുകൾ ക്രമമനുസരിച്ച് വ്യക്തികളിൽ പരിശോധന നടത്തുന്നതിനും കൂടാതെ അടിവയറിലെ ആന്തരിക പരിക്കുകൾ കണ്ടെത്തുന്നതിനായി അൾട്രാസൗണ്ട് ടെസ്റ്റ് നടത്തണമെന്നും വ്യക്തമാക്കി ക്കൊണ്ട് ഉത്തരവോ സർക്കുലറോ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചു കൊണ്ട് 17-2-2021-ലെ സ.ഉ.(കൈ) നമ്പർ 47/2021/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പും ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസും പ്രസ്തുത നിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലറും പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ട പ്രത്യേക സൗകര്യങ്ങൾ മെഡിക്കൽ കോളേജ്/താലൂക്കാശുപത്രികൾ ഒഴികെ മിക്ക ആശുപത്രികളിലും ലഭ്യമല്ലാത്തതിനാൽ സർക്കാർ ഇതുസംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് മാറ്റിവച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ പല പരിശോധനകൾക്കും സർക്കാർ ലാബുകളിൽ സൗകര്യമില്ലെന്നിരിക്കെ ഇക്കാര്യത്തിൽ പോലീസ് ഉദ്യോഗസ്ഥർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ട് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് മുന്നോടിയായി പോലീസ്, ജയിൽ, ആരോഗ്യ വകുപ്പ് മേധാവികളുടെ യോഗം 14-7-2021-ൽ ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്തിരുന്നു. യോഗതീരുമാനത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

## പോലീസ് വാഹന പരിശോധന

77 (1439) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തേണ്ട വിധവും ഇതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങളും സംബന്ധിച്ച് ഡി.ജി.പി. എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

വാഹന പരിശോധന നടത്തേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഉത്തരവുകളും നിർദ്ദേശങ്ങളും ഡി.ജി.പി. പുറപ്പെടുവിച്ചിട്ടുണ്ട്. സാധാരണ സാഹചര്യങ്ങളിൽ വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ചും സ്ഥലത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂറായി അതാത് ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ അറിയിക്കേണ്ടതും പ്രത്യേക/അടിയന്തര സാഹചര്യങ്ങളിൽ വാഹന പരിശോധന ഏർപ്പെടുത്തുമ്പോൾ വിവരം യഥാസമയം അറിയിക്കേണ്ടതുമാണ്. വാഹന പരിശോധന നിമിത്തം അപകടങ്ങളോ യാത്രക്കാർക്ക് അനാവശ്യ ബുദ്ധിമുട്ടുകളോ ഉണ്ടാകാതിരിക്കാൻ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും പൊതുജനങ്ങളോട് മാന്യമായി മാത്രം പെരുമാറേണ്ടതുമാണ്. നിയമ ലംഘനങ്ങൾ കണ്ടെത്തുമ്പോഴും വാഹനമോ രേഖകളോ പിടിച്ചെടുക്കുമ്പോഴും നിയമാനുസൃതമായ എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. സാധാരണ സാഹചര്യങ്ങളിൽ ഒരു സമയം ഒരു വാഹനം മാത്രമേ തടഞ്ഞുനിർത്തി പരിശോധിക്കാൻ പാടുള്ളൂ. കസ്റ്റഡിയിൽ എടുക്കേണ്ടതില്ലാത്ത സാഹചര്യങ്ങളിൽ യാത്രക്കാരോട് വാഹനത്തിന് പുറത്തിറങ്ങാൻ ആവശ്യപ്പെടാതെ തന്നെ വാഹന പരിശോധന പൂർത്തിയാക്കേണ്ടതാണ്. സാദ്ധ്യമായ സാഹചര്യങ്ങളിലെല്ലാം വാഹന പരിശോധനയുടെ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യേണ്ടതും ഒരു മാസമെങ്കിലും സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ വിശദമാക്കിക്കൊണ്ട് സർക്കുലറുകളും ഉത്തരവുകളും നൽകിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും വാഹനപരിശോധന വേളയിൽ പോലീസ് സ്വീകരിക്കുന്ന നടപടികൾമൂലം ജനങ്ങളുമായും യാത്രക്കാരുമായും സംഘർഷം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനപരിശോധനാ വേളയിൽ ട്രാഫിക് നിയമലംഘനം നടത്തുന്നവരെ കണ്ടെത്തി പിഴ ഈടാക്കുന്ന അവസരങ്ങളിൽ തങ്ങളുടെ തെറ്റ് അംഗീകരിക്കാത്ത യാത്രക്കാർ അവരുടെ യാത്രയ്ക്ക് തടസ്സം വന്നതിലുള്ള അരിശം കാരണം ചില അവസരങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിലെ ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ, കോവിഡ് കാലത്ത് പോലീസിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ട പോലീസ് വാളണ്ടിയർ സേനയിലെ അംഗങ്ങൾ ദേശീയ പാതയ്ക്ക് കുറുകെ ബാരിക്കേഡ് സ്ഥാപിച്ച് വാഹന പരിശോധനയ്ക്ക് അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ അസാന്നിധ്യത്തിൽ വാഹന പരിശോധന നടത്തുന്നതിന് പോലീസ് അനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരിശോധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എങ്കിൽ തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

അനുമതി നൽകിയിട്ടില്ല. പോലീസിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ട വാളണ്ടിയർ സേനയിലെ അംഗങ്ങൾ പോലീസ് ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിൽ വാഹന പരിശോധന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ വാഹന പരിശോധനാ വേളയിൽ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് മാത്രമാണ് വോളന്റിയേഴ്സിനെ നിയോഗിച്ചിരുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അല്ലാതെ വോളന്റിയേഴ്സിനെ മാത്രമായി ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടില്ല.

**ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ്**

78 (1440) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ കാഞ്ഞിരപ്പള്ളിയിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുതുതായി ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ (കാഞ്ഞിരപ്പള്ളി ഉൾപ്പെടെ) അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## സ്ലീപ്പർ സെല്ലുകൾ

79 (1441) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻ ഡി.ജി.പി. സ്ഥാനമൊഴിയുന്ന സമയത്ത് സ്ലീപ്പർ സെല്ലുകൾ സംബന്ധിച്ച് നടത്തിയ പരാമർശം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് മുൻകൂട്ടി വിവരം ലഭ്യമായിരുന്നോ എന്ന് വിശദമാക്കാമോ;

&

(സി) ഈ വിഷയത്തിൻമേൽ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കാമോ?

അത്തരത്തിലൊരു റിപ്പോർട്ടും സംസ്ഥാന പോലീസ് സർക്കാരിന് സമർപ്പിച്ചിട്ടില്ല.

## പോലീസ് എയ്ഡ് പോസ്റ്റ്

80 (1442) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കോന്നി മെഡിക്കൽ കോളേജ് പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടുള്ളതിനാൽ പ്രസ്തുത മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പോലീസ് എയിഡ് പോസ്റ്റ് അനുവദിക്കുമോ?

കോന്നി മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് പോലീസിന്റെ താൽക്കാലിക എയിഡ് പോസ്റ്റ് പ്രവർത്തിച്ചുവരുന്നു.

(ബി) കോന്നി പോലീസ് സ്റ്റേഷന് ബഹുനില മന്ദിരം നിർമ്മിക്കുമോ; പോലീസ് സ്റ്റേഷനും ഡിവൈ.എസ്.പി. ഓഫീസും ഒരേ മന്ദിരത്തിൽ പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കോന്നി പോലീസ് സ്റ്റേഷന്റെയും ഡിവൈ.എസ്.പി. ഓഫീസിന്റെയും അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

## ബാലരാമപുരം പോലീസ് സ്റ്റേഷൻ

81 (1443) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുത്തതിനെ തുടർന്ന് നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാലരാമപുരം പോലീസ് സ്റ്റേഷൻ ബാലരാമപുരം ജംഗ്ഷനിൽത്തന്നെ നിലനിർത്താൻ നിലവിലെ ഔട്ട് പോസ്റ്റിനോട് ചേർന്നുള്ള ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കാമോ?

ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽനിന്നും സ്ഥലം ഏറ്റെടുത്ത് പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലില്ല. ബാലരാമപുരം ജംഗ്ഷനിൽ പ്രവർത്തിച്ചിരുന്ന ബാലരാമപുരം പോലീസ് സ്റ്റേഷൻ കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ച് മാറ്റേണ്ടി വന്നതിനാൽ ബാലരാമപുരം ജംഗ്ഷനിൽനിന്നും ഒന്നര കിലോമീറ്റർ മാറി വാടകക്കെട്ടിടത്തിൽ 30-9-2019 മുതൽ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ബാലരാമപുരം വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ പെട്ട കുളംപുറമ്പോക്ക് പുരയിടത്തിൽ 240/15- ൽ പ്പെട്ട 20 സെന്റ് സ്ഥലം വിട്ടു നൽകാൻ പഞ്ചായത്ത് അധികൃതർ സമ്മതം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി എറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## ആദിവാസികൾക്ക് നേരെയുള്ള അതിക്രമം

82 (1444) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറി സംഭവത്തിൽ ആദിവാസികളെ കബളിപ്പിച്ചതിന് ആദിവാസികൾക്ക് നേരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം ജില്ലാഭരണകൂടം പരാതി നൽകിയിട്ടും കുറ്റക്കാർക്കെതിരെ പോലീസ് കേസെടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

മുട്ടിൽ മരം മുറിയുമായും മറ്റ് മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ കേസ്സുകളും പോലീസ്, വനം, വിജിലൻസ് എന്നീ വകുപ്പുകൾ ചേർന്ന SIT- യുടെ മേൽനോട്ടത്തിലാണ് അന്വേഷണം നടത്തിവരുന്നു. മുട്ടിൽ മരം മുറിയുമായി

ബന്ധപ്പെട്ട 68 ഓളം ഭൂവുടമകളുടെ ഭൂമിയിൽ നിന്ന് സർക്കാരിൽ നിക്ഷിപ്തമായ വീട്ടി മരങ്ങൾ മുറിച്ചുകടത്തിയതായി വൈത്തിരി ഭൂരേഖാ തഹസീൽദാരുടെ പരാതിയിൽ ഭൂവുടമകളുടെ പേരിൽ 4-6-2021-ന് മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 281/21 u/s 379 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു. വയനാട് ജില്ലാ കളക്ടറുടെ പരാതി മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 281/21 കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പരാതിയിൽ പറഞ്ഞ പ്രകാരം ആദിവാസികൾക്കെതിരെ ചൂഷണം നടന്നുവെന്ന് അന്വേഷണത്തിൽ വെളിവായാൽ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള പോലീസ് നടപടികൾ സ്വീകരിക്കുന്നതാണ്. മരം മുറി കേസുമായി ബന്ധപ്പെട്ട് ജോസ് കുട്ടി അഗസ്റ്റിൻ, റോഗി അഗസ്റ്റിൻ, അബ്ദുൽ നാസർ, അബൂബക്കർ, വിനീഷ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പ്രതികളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉദ്യോഗസ്ഥന്മാർ പ്രതികളെ സംരക്ഷിക്കുന്നതായ നിലപാട് കൈക്കൊള്ളുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരമൊരു നിലപാട് ഒരു കേസുകളുടെ കാര്യത്തിലും സ്വീകരിക്കുന്നതല്ല.

(സി) ഈ സംഭവത്തിൽ വഞ്ചിതരായ ആദിവാസി സമൂഹത്തിന് നീതി ലഭ്യമാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മേൽ സംഭവത്തിൽ ആദിവാസി വിഭാഗത്തിലുള്ള ആളുകൾക്കെതിരെ എന്തെങ്കിലും തരത്തിലുള്ള ചൂഷണം നടന്നതായി അന്വേഷണത്തിൽ വെളിവായാൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**കായിക പരിശീലനത്തിന് പെർമിറ്റ്**

83 (1445) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് ചട്ടങ്ങൾ പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിനായി നാളിതുവരെ എത്ര പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്?

2020-ലെ കേരള പോലീസ് ചട്ടങ്ങൾ പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിനായി നാളിതുവരെ 722 പെർമിറ്റുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ക്ലബ്ബുകൾ, ജിംനേഷ്യം എന്നിവയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ഫീസ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ?

SRO No. 275/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് ചട്ടങ്ങളിൽ ചട്ടം (7)-ൽ (5) പ്രകാരം ഫീസ് ഈടാക്കാൻ അനുമതിയുണ്ട്.

(സി) ഈ പെർമിറ്റ് അനുവദിക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

SRO No. 275/2020 ആയി പ്രസിദ്ധീകരിച്ച കേരള പോലീസ് ചട്ടങ്ങൾ പ്രകാരം രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഹാനികരമായേക്കാവുന്ന പ്രവർത്തികളിൽ ഏർപ്പെടുന്നവർക്ക് പെർമിറ്റ് നൽകാൻ പാടുള്ളതല്ല.

(ഡി) കേരളത്തിൽ കായിക പരിശീലനം നടത്തുന്നതിനായി പെർമിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഘടനകൾ ഏതൊക്കെയാണ്; അവ ഒരോന്നിനും അനുവദിച്ചിട്ടുള്ള പരിശീലന കേന്ദ്രങ്ങളുടെ എണ്ണമെത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

കേരളത്തിൽ കായിക പരിശീലനം നടത്തുന്നതിന് പെർമിറ്റിനായി സംഘടനകൾ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

### പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ വിവരം

84 (1446) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷൻ വളപ്പുകളിൽ 1571 വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം മോഡലിലുള്ള ഏതെല്ലാം തരത്തിലുള്ള വാഹനങ്ങളാണിവയെന്നും അവ ഓരോന്നിന്റെയും രജിസ്റ്റർ നമ്പർ എത്രയാണെന്നും ഇപ്പോൾ മാർക്കറ്റിൽ ഓരോ വാഹനത്തിനും ലഭിക്കാവുന്ന വില എത്രയാണെന്നും തുടങ്ങിയ വിവരങ്ങൾ പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം കേസ്സുമായി ബന്ധപ്പെട്ട് പിടികൂടിയതാണെന്ന വിവരം പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത വാഹനങ്ങൾ ഓരോന്നും എത്രകാലമായി സ്റ്റേഷൻ വളപ്പിൽ കിടക്കുന്നുണ്ടെന്നും ഇവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാത്തതെന്തു കൊണ്ടാണെന്നും വ്യക്തമാക്കാമോ?

വില തിട്ടപ്പെടുത്തിയിട്ടില്ല. കോടതിയുടെ പരിഗണനയിലായതിനാൽ മറുപടി നൽകാൻ നിർവ്വാഹമില്ല.

(ഇ) പോലീസ് സ്റ്റേഷൻ വളപ്പിൽ അല്ലാതെ മറ്റേതെങ്കിലും സ്ഥലങ്ങളിൽ പോലീസ് പിടികൂടിയ വാഹനങ്ങൾ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെ എത്രവാഹനങ്ങൾ എത്രകാലമായി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

**കഴിഞ്ഞ സർക്കാരിന്റെ കാലത്തുനടന്ന അക്രമങ്ങൾ**

85 (1447) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടന്ന കൊലപാതകം, കൊലപാതകശ്രമം, ബലാത്സംഗം, സ്ത്രീധന പീഡന മരണം, ലൈംഗിക അതിക്രമങ്ങളുടെ എണ്ണം, ലൈംഗിക അതിക്രമങ്ങളിലൂടെയുള്ള മരണം, കൊള്ള, മോഷണം, കലാപങ്ങൾ, ബ്ലേഡ് മാഫിയ ആക്രമണം, ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെയുള്ള മരണം, ബ്ലേഡ് മാഫിയ ആക്രമണത്തിലൂടെ വീടും സ്ഥലവും നഷ്ടപ്പെട്ടവർ, മണൽ മാഫിയ ആക്രമണം, മണൽ മാഫിയ ആക്രമണത്തിലൂടെയുള്ള മരണം, കുട്ടികൾക്കുനേരെയുള്ള ആക്രമണം, വൃദ്ധർക്കുനേരെയുള്ള ആക്രമണം, ട്രാൻസ്ജെൻഡർക്കുനേരെയുള്ള ആക്രമണം, മറ്റ് മാഫിയ ആക്രമണവും മരണവും എത്ര വീതമെന്ന് ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിലെ (25-5-2016 മുതൽ 19-5-2021 വരെ) ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത കണക്കുകളുടെ അടിസ്ഥാനത്തിൽ ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം മാറ്റങ്ങളാണ് ആഭ്യന്തര വകുപ്പിൽ നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ക്രമസമാധാന പരിപാലന രംഗത്ത് നേരിടുന്ന വെല്ലുവിളികൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വേണ്ടി വിവിധങ്ങളായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. കൂടാതെ ജനമൈത്രി പോലീസിംഗ് സംവിധാനം ശക്തമാക്കുകയും പോലീസുദ്യോഗസ്ഥർക്ക് കേസ്സന്വേഷണം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശവും ബന്ധപ്പെട്ട വിഷയങ്ങളിൽ ക്ലാസ്സും ട്രെയിനിംഗും നൽകുകയും പോലീസ് സ്റ്റേഷനുകളിൽ ക്രൈം വിഭാഗം പ്രത്യേകമായി തരം തിരിക്കുകയും പോലീസ് സ്റ്റേഷനുകളുടെ ചുമതല ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഏൽപ്പിക്കുകയും പോലീസ് പട്രോളിംഗ് ഊർജ്ജിതപ്പെടുത്തുകയും കേസ്സന്വേഷണ വിഭാഗം ശക്തിപ്പെടുത്തുകയും സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷിക്കുകയും മദ്യം, മയക്കുമരുന്ന്, കള്ളപ്പണ സംഘങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും 24 മണിക്കൂറും പോലീസിന്റെ സാന്നിദ്ധ്യം റോഡുകളിലും മറ്റും ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു.

**കൂത്താട്ടുകുളം പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസ് ക്വാർട്ടേഴ്സുകൾ**

86 (1448) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ കൂത്താട്ടുകുളം പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസ് ക്വാർട്ടേഴ്സുകൾ പുതുതായി നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകുമോ?

പിറവം നിയോജകമണ്ഡലത്തിലെ കൂത്താട്ടുകുളത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനായി ശോചനീയാവസ്ഥയിലായിരുന്ന പഴയ പോലീസ് ക്വാർട്ടേഴ്സുകൾ ലേലം നടത്തി പൊളിച്ചു നീക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ

87 (1449) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഉയർന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത പെൺകുട്ടികളുടെ കണക്ക് 2016 മുതൽ 2020 വരെ വർഷങ്ങളിൽ വർഷംതിരിച്ച് ലഭ്യമാക്കാമോ?

വിവാഹ വാഗ്ദാനം നൽകി കബളിപ്പിച്ചതിനെ തുടർന്ന് ആത്മഹത്യ ചെയ്ത പെൺകുട്ടികളുടെ കണക്ക് 2016 മുതൽ 2020 വരെ വർഷം തിരിച്ച് അനുബന്ധമായി കൊടുത്തിരിക്കുന്നു..*

## കുമാരി രമ്യ ഹരിദാസ് എം.പി.-ക്കെതിരെ വധഭീഷണി മുഴക്കിയ നേതാക്കൾക്കെതിരെ നടപടി

88 (1450) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൊഴിലുറപ്പ് തൊഴിലാളികൾക്കൊപ്പം സെൽഫി എടുത്തതിന് കുമാരി രമ്യ ഹരിദാസ് എം.പി.-ക്കെതിരെ വധഭീഷണി മുഴക്കിയ സി.പി.എം.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേതാക്കൾക്കെതിരെ നൽകിയ കേസിൽ നാളിതുവരെ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആലത്തൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 443/21 U/s 341, 506 (i) r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടർന്ന് ബഹുമാനപ്പെട്ട എം.പി.-യുടെ മൊഴി നേരിൽ കണ്ട് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സംഭവ സ്ഥലത്തുണ്ടായിരുന്നവരെയും സമീപവാസികളെയും സ്ഥലത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന ഹരിതകർമ്മസേനാ പ്രവർത്തകരെയും കണ്ട് ചോദിച്ചും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചതിൽ കേസിലേയ്ക്ക് ഉപകാരപ്രദമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

### ഐ.പി.സി. 304 ബി വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

89 (1451) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഐ. പി. സി. 304 ബി വകുപ്പ് പ്രകാരം 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശം വർഷംതിരിച്ച് നൽകാമോ; ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഐ.പി.സി. 304 ബി വകുപ്പ് പ്രകാരം 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

### സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

90 (1452) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ഈ അദ്ധ്യയന വർഷം എത്ര സ്കൂളുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഈ അദ്ധ്യയന വർഷത്തിൽ (2021-22) ആകെ 197 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എയ്ഡഡ്-സർക്കാർ മേഖലയിൽ എത്ര സ്കൂളുകളിലാണ് എസ്.പി.സി. പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് തരംതിരിച്ച് ലഭ്യമാക്കാമോ?

എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനായി ലഭ്യമായ അപേക്ഷകളിന്മേൽ, പദ്ധതി നടത്തിപ്പിനുള്ള സൗകര്യങ്ങൾ ടി സ്കൂളുകളിൽ ലഭ്യമാണോ എന്ന പരിശോധന നടന്നുവരുന്നു. ഇത് പൂർത്തിയായാൽ മാത്രമേ എയ്ഡഡ്-സർക്കാർ മേഖലയിൽ എത്ര സ്കൂളുകളിൽ പദ്ധതി അനുവദിക്കാം എന്നതിൽ വ്യക്തത വരികയുള്ളൂ.

(സി) സംസ്ഥാനത്ത് നിലവിൽ എത്ര സ്കൂളുകൾ പ്രസ്തുത പദ്ധതിയിൻ കീഴിൽ വരുന്നു എന്ന് സർക്കാർ-എയ്ഡഡ് മേഖല തരംതിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 803 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നിലവിലുണ്ട്.

ഗവൺമെന്റ്- 515

എയ്ഡഡ്-264

അൺ എയ്ഡഡ്-24

(ഡി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഈ അദ്ധ്യയനവർഷം എത്ര സ്കൂളുകളിൽ എസ്.പി.സി. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് സർക്കാർ-എയ്ഡഡ് മേഖല തരംതിരിച്ച് എണ്ണം ലഭ്യമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ എസ്.പി.സി. പദ്ധതി അനുവദിക്കുന്നതിനായി ലഭ്യമായ അപേക്ഷകളിന്മേൽ പദ്ധതി നടത്തിപ്പിനുള്ള സൗകര്യങ്ങൾ ടി സ്കൂളുകളിൽ ലഭ്യമാണോ എന്ന പരിശോധന നടന്നുവരികയാണ്. ഇത് പൂർത്തിയായാൽ മാത്രമേ പ്രസ്തുത മണ്ഡലത്തിലെ എയ്ഡഡ്- സർക്കാർ മേഖലയിൽ എത്ര സ്കൂളുകളിൽ പദ്ധതി അനുവദിക്കാം എന്നതിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**സ്വതന്ത്ര സ്ഥാനാർത്ഥിയെ തട്ടികൊണ്ടു പോയ സംഭവം**

91 (1453) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയെ സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനായി തട്ടികൊണ്ടുപോയി ഭീഷണിപ്പെടുത്തി പണം നൽകിയ സംഭവവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ? വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത തെരഞ്ഞെടുപ്പിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ബി.ജെ.പി. സ്ഥാനാർത്ഥിയായ കെ. സുരേന്ദ്രൻ, ബി. എസ്. പി. സ്ഥാനാർത്ഥിയായ കെ. സുന്ദരയ്ക്ക് സ്ഥാനാർത്ഥിത്വം പിൻവലിപ്പിക്കുന്നതിനായി 2.5 ലക്ഷം രൂപയും ഒരു മൊബൈൽ ഫോണും പ്രതിഫലമായി നൽകി തിരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു എന്ന കാര്യത്തിന് എൽ.ഡി.എഫ്. സ്ഥാനാർത്ഥി കാസർഗോഡ് JFCM-II കോടതി മുമ്പാകെ അന്യായം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കോടതി നിർദ്ദേശ പ്രകാരം 7-6-2021 തീയതി ബദിയടുക്ക പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ. 193/2021 u/s 171(B), 171(E) IPC ആയി രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിതാന്വേഷണത്തിനായി കാസർഗോഡ് ജില്ലാ സി-ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലെ പ്രതികൾ ആരൊക്കെയാണ്; കേസിന്റെ തുടർ നടപടി ഏതു വരെയായെന്നും വിശദമാക്കാമോ?

കേസിൽ ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ എന്നയാളാണ് നിലവിൽ പ്രതിസ്ഥാനത്ത് ഉള്ളത്. ഇതുവരെയായി കെ. സുന്ദര ഉൾപ്പെടെയുള്ള 78-ഓളം സാക്ഷികളെ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയും കേസ്സിൽ ഉൾപ്പെടുന്ന മുതലുകൾ സീഷർ മഹസ്സർ പ്രകാരം ബന്തവസ്സിൽ എടുത്തും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ചും ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലാ സി-ബ്രാഞ്ച് യൂണിറ്റ് അന്വേഷണം നടത്തിവരുന്നു. അന്വേഷണം നടക്കുന്നതിനാൽ മറ്റ് വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല.

## സ്ത്രീധന നിരോധന നിയമം

92 (1454) <u>ശ്രീമതി കെ. കെ. രമ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തകാലത്തായി സ്ത്രീധന മരണ കേസ്സുകൾ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ദ്ധോപദേശവും നിയമസഹായവും

നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തിവരുന്നുണ്ട്. കൂടാതെ, സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) അച്ചടിച്ച് സൗജന്യമായി കേരള വനിതാ കമ്മീഷൻ, പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. വനിതാ കമ്മീഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസിലിംഗ്, കലാലയ ജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും ക്ലാസുകൾ ഓൺലൈനായടക്കവും നിരന്തരം ചെയ്തുവരുന്നു.

(ബി) സർക്കാർ ജീവനക്കാർ സ്ത്രീധനം വാങ്ങിയിട്ടില്ലെയെന്നുള്ള സത്യവാങ്മൂലം സമർപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(സി) എങ്കിൽ ഇത് എല്ലാ സർക്കാർ ജീവനക്കാരും ഇതിനോടകം സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. സർക്കാർ ജീവനക്കാർ സ്ത്രീധനം വാങ്ങിയിട്ടില്ലെന്ന് തെളിയിക്കുന്നതിനായി സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്ന് കേരള സ്ത്രീധന നിരോധന ചട്ടം 2004 7(a)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ ജീവനക്കാരും ആയത് സമർപ്പിച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ ഈ വ്യവസ്ഥ കർശനമായി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

30-6-2017-ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ-ശിശുവികസന വകുപ്പ് രൂപീകൃതമായതിനെത്തുടർന്ന്, 2004-ലെ കേരളാ സ്ത്രീധന നിരോധന റൂൾസ് ഭേദഗതി വരുത്തി 13-7-2021-ൽ കേരള സ്ത്രീധന നിരോധന (ഭേദഗതി) റൂൾസ്, 2021, പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത റൂൾസിൽ 14 ജില്ലകളിലെ

ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരായും വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ ആയും നിയോഗിച്ചിട്ടുണ്ട്. വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് Declaration Form സഹിതം സമർപ്പിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സത്യവാങ്മൂലം ലഭ്യമാക്കാത്ത സർക്കാർ വകുപ്പുകളുടെ വിവരം റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

## സ്ത്രീധന നിരോധന നിയമം 1961 പ്രകാരംപോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ

93 (1455) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം 1961 പ്രകാരം, 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശം വർഷംതിരിച്ച് നൽകാമോ; ഇതിൽ എത്ര കേസ്സുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചുവെന്നും എത്ര എണ്ണത്തിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം 1961 പ്രകാരം, 2018, 2019, 2020 വർഷങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## യുവതിയെ പീഡിപ്പിച്ച കേസ്സ്

94 (1456) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മറൈൻഡ്രൈവിലെ ഫ്ലാറ്റിൽ യുവതിയെ തടങ്കലിൽ പാർപ്പിച്ച് ക്രൂരമായി പീഡിപ്പിച്ച കേസ്സിൽ നടത്തിയ പോലീസ് അന്വേഷണത്തിൽ വീഴ്ചയുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

&

(ബി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേസ്സിലെ ഇരയുടെ മൊഴി രേഖപ്പെടുത്തിയ എറണാകുളം വനിതാ പോലീസ് സ്റ്റേഷൻ SHO, അന്വേഷണ ഉദ്യോഗസ്ഥനായ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ISHO എന്നീ ഉദ്യോഗസ്ഥർ കേസ്സന്വേഷണത്തിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയിട്ടുള്ളതിനാൽ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾക്കുള്ള അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണം വെളിപ്പെടുത്തുമോ?

ബാധകമല്ല.

## സ്ത്രീകളും കുട്ടികളും പീഡിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി

95 (1457) ശ്രീ. ടി. ജെ. വിനോദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്ത്രീകളും കുട്ടികളും നിരന്തരം പീഡിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിൽ സ്ത്രീകൾ നിരന്തരം പീഡിപ്പിക്കപ്പെടുന്ന സാഹചര്യം ഇല്ല. സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പദ്ധതിയാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021. പദ്ധതി 2021 ജൂലൈ 19-ന് നിലവിൽവന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പിങ്ക്പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാസംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം ഈ പദ്ധതിവഴി നൽകും. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യംവയ്ക്കുന്നു. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും

aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. സ്ത്രീധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടക്കുന്ന വിവിധ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി IPS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ട് പോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷ ഒരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് "നിഴൽ" . ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായം എത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോടുകൂടി ജില്ലകളിലും വനിതാസെൽ ഉണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാപോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. സാധാരണ ലോക്കൽ പോലീസ് സ്റ്റേഷനുള്ള അധികാരങ്ങൾ തന്നെയാണ് വനിതാ പോലീസ് സ്റ്റേഷനും നൽകിയിരിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനും Child Pornography-യ്ക്കുമെതിരെ യാതൊരു ദാക്ഷണ്യവും കൂടാതെ നടപടികൾ സ്വീകരിക്കുകയും കേസ്സുകളുടെ അന്വേഷണം കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു Counter Child Sexual Exploitation Centre (CCSE) സ്ഥാപിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ ഏജൻസികളായ ICMEC, Interpol, NECMEC, NCRB എന്നിവയുമായി പ്രസ്തുത കേന്ദ്രം സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്റർ മുഖേന കുട്ടികളെ Online-ൽ ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തി പിടികൂടി നിയമപരമായ നടപടികൾ സ്വീകരിക്കാനും ഇരയായ കുട്ടികളെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കാനും കഴിയും. കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് Project Children and Police (CAP) എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) കോഴിക്കോട് ചേവായൂരിൽ മാനസിക വെല്ലുവിളി നേരിടുന്ന യുവതി പീഡനത്തിനിരയായ സംഭവത്തിൽ എന്തൊക്കെ തുടർനടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്?

കോഴിക്കോട് സിറ്റിയിൽ ചേവായൂർ പോലീസ് സ്റ്റേഷനിൽ Cr.No. 21/409 u/s 376 (2) (1), 376 (D) IPC ആയി റിപ്പോർട്ട് ചെയ്തതായ കേസ് സംഭവ സ്ഥലം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ആയതിനാൽ ഈ കേസ് അവിടേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ആയത് മെഡിക്കൽ കോളേജ് Cr.No. 21/395 u/s 376 (2) (1), 376 (D) IPC ആയി റീ രജിസ്റ്റർ ചെയ്ത് കേസ്സിലുൾപ്പെട്ട രണ്ട് പ്രതികളെ കേസ് റിപ്പോർട്ട് ചെയ്ത ഉടനെതന്നെ അറസ്റ്റ് ചെയ്യുകയും പരമാവധി തെളിവുകൾ ശേഖരിക്കുകയും പ്രതികളുടെ CDR പരിശോധിച്ച് സംഭവ ദിവസം സംഭവ സ്ഥലത്ത് പ്രതികളുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തിയിട്ടുള്ളതുമാണ്. കേസ്സിലുൾപ്പെട്ട ബസ്സും പ്രതികൾ ഇരയായ യുവതിയെ കയറ്റിക്കൊണ്ടുപോകാൻ ഉപയോഗിച്ച മോട്ടോർ സൈക്കിളും ബന്തവസ്സിലെടുത്തിട്ടുണ്ട്.

(സി) ഈ സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിന് പോലീസിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

കേസിലുൾപ്പെട്ട മൂന്ന് പ്രതികളിൽ ഒന്നും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും രണ്ടാം പ്രതി സംഭവം നടന്ന ഉടനെ ഒളിവിൽ പോയിട്ടുള്ളതുമാണ്. ഇയാളെ അറസ്റ്റ് ചെയ്യുന്നതിനായി ACP മെഡിക്കൽ കോളേജിന്റെ ചുമതലയിലുള്ള അന്വേഷണ സംഘം ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. പ്രതിയെപ്പറ്റി വിവരം ലഭിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ക്രൈം കാർഡ് അയച്ചിട്ടുണ്ട്. എല്ലാ പത്രമാധ്യമങ്ങളിലും പ്രതിയുടെ ഫോട്ടോ സഹിതം Look Out Notice കൊടുത്തിട്ടുമുണ്ട്.

## സ്ത്രീസുരക്ഷ

96 (1460) ശ്രീ. വി. ശശി:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീമതി സി. കെ. ആശ:

ശ്രീ. സി. സി. മുകുന്ദൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സാമൂഹികമായ ഇടപെടൽ ശക്തമാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

(ബി) സ്ത്രീധനപീഡനം തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പു വരുത്തുന്നതിനുമായി നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ഡി) സ്ത്രീധന പീഡനം തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി വിപുലമായ ബോധവൽക്കരണ പരിപാടികൾ പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തിവരുന്നുണ്ട്. കൂടാതെ, സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) അച്ചടിച്ച് സൗജന്യമായി കേരള വനിതാ കമ്മീഷൻ, പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. വനിതാ കമ്മീഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസിലിംഗ്, കലാലയ ജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും ക്ലാസുകൾ ഓൺലൈനായടക്കവും നിരന്തരം ചെയ്തുവരുന്നു. സംസ്ഥാനത്തെ

മുഴുവൻ അംഗൻവാടി പ്രവർത്തകർക്കും ഗാർഹിക-ലൈംഗിക-സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും വനിതാ-ശിശുവികസന വകുപ്പ് ഓൺലൈൻ വഴി ബോധവത്ക്കരണ ക്ലാസ് നൽകിയിട്ടുണ്ട്. സമീപകാലങ്ങളിൽ വർദ്ധിച്ചുവരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ, ഇവയെത്തുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചരണം നടത്തിവരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തരം പ്രചരിപ്പിച്ച് വരുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കാനും സ്ത്രീധനത്തിനെതിരെ ബോധവത്ക്കരണം നടത്താനും വിവാഹമണ്ഡപങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പൊലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വകുപ്പുമന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വകുപ്പ് മുഖേന ലഭ്യമാക്കി ആയത് ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാർ സേവനമനുഷ്ഠിക്കുന്നു. കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽറ്റർ ഹോമുകളും പ്രവർത്തിച്ചുവരുന്നു. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസി നടപ്പാക്കുന്നു. 18 ഷെൽറ്റർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്. സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതുമായ ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന പേരിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. kathorthuwcd@gmail.com എന്ന വിലാസത്തിൽ ബന്ധപ്പെട്ടാൽ സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പൊലീസ് സഹായം എന്നിവ ലഭ്യമാകുന്നതിനും സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ട് പ്രശ്നപരിഹാരം തേടാവുന്നതാണ്. ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി വനിതാ-ശിശുവികസന

വകുപ്പും തപാൽ വകുപ്പും സഹകരിച്ച് 'രക്ഷാദൂത്' എന്ന പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ 9400080292 എന്ന നമ്പറിൽ വാട്ട്സാപ്പ് സന്ദേശം മുഖേനയും 181 മിത്ര ഹെൽപ്പ് ലൈനിൽ വിളിച്ചും സ്ത്രീകൾക്ക് വനിതാ-ശിശുവികസന വകുപ്പ് മുമ്പാകെ പരാതി സമർപ്പിക്കാവുന്നതാണ്. ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺ സ്റ്റോപ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ, അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി കേന്ദ്രസർക്കാർ സ്വാധാർ ഗ്രഹ്, ഉജ്ജ്വല പദ്ധതികൾ വഴി നടപ്പാക്കുന്ന ഷെൽറ്റർ ഹോമുകളും നിലവിലുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 949799699 പരാതി നൽകാവുന്നതാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടക്കുന്ന വിവിധ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി നിലവിൽ പത്തനംതിട്ട ജില്ലാ പൊലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിലും ജില്ലകളിലും വനിതാ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഒരു വനിതാ പൊലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. വനിതാ പൊലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, അപരാജിത, പിങ്ക് പൊലീസ്, നിഴൽ, വനിതാ സ്വയംപ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവയെല്ലാം സ്ത്രീ സുരക്ഷ മുൻനിർത്തി പൊലീസ് നടപ്പിലാക്കിയ പദ്ധതികളാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പൊലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രൊജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽവന്നു. സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി നടപ്പിലാക്കിയിട്ടുള്ള നിർഭയ പദ്ധതിയുടെ ഭാഗമായി Self Defence Training നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജനമൈത്രി പൊലീസ് വഴി റസിഡൻസ് അസോസിയേഷന്റെ സഹകരണത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ് നടത്തിവരുന്നു. ഈ വർഷം അപരാജിത പോലുള്ള പദ്ധതികൾ പ്രകാരം സ്ത്രീകളുടെ പരാതികളിന്മേൽ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനായി പ്രത്യേക കോടതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

**യുവതി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത്**

97 (1461) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ പറമ്പന്തള്ളി ആനേടത്ത് വീട്ടിൽ ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതി (26 വയസ്സ്) 6-1-2020-ന് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി 19-3-2020-ന് ജി-200302612/സി.എം.ഒ. നമ്പരായി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുള്ള പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. സുബ്രഹ്മണ്യന്റെ മകൾ ശ്രുതിയുടെ ദുരൂഹമരണം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി 19-3-2020, ജി-200302612/ സി.എം.ഒ. നമ്പർ പ്രകാരം ലഭിച്ച പരാതി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ജില്ലാ ക്രൈംബ്രാഞ്ച് Dy.S.P.-യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരികയായിരുന്നു. അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 15/20 U/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത ടി കേസ്സ് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതാണ്. നിലവിൽ ടി കേസ്സ് ക്രൈം നമ്പർ 84/CB/TSR/2020 ആയി റീനമ്പർ ചെയ്ത് ക്രൈംബ്രാഞ്ച് തുടർ അന്വേഷണം നടത്തിവരുന്നു.

(ബി) ഇതുസംബന്ധിച്ച അന്വേഷണ പുരോഗതിയുടെ വിശദാംശങ്ങൾ നൽകാമോ?

ടി കേസിലേയ്ക്ക് സാക്ഷിമൊഴികൾ രേഖപ്പെടുത്തിയും സംഭവസ്ഥലം പരിശോധിച്ചും മരണകാരണം വ്യക്തമാകുന്നതിന് എക്സ്പെർട്ട് മെഡിക്കൽ പാനൽ പരിശോധന നടത്തുന്നതിനും കേസിൽ പ്രതിയായി സംശയിക്കപ്പെടുന്ന മരണപ്പെട്ട ശ്രുതിയുടെ ഭർത്താവ് ഉൾപ്പെടെയുള്ള ബന്ധുക്കളെ പോളീഗ്രാഫ് ടെസ്റ്റിന് വിധേയരാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി കേസ്സ് ക്രൈം ബ്രാഞ്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

## ആമിന അബ്ദുൾ ഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി

98 (1462) ശ്രീ. ആന്റണി ജോൺ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ട്യാർ പിള്ളിൽ വീട്ടിൽ ആമിന അബ്ദുൾ ഖാദർ (66) കൊലപാതക കേസിന്റെ അന്വേഷണപുരോഗതി വിശദമാക്കാമോ;

&

(ബി) കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈംനമ്പർ 434/2021 u/s 174 Cr.P.C. പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത കേസിൽ പ്രതികളെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പ്രസ്തുത കേസ് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നം. 434/2021 U/s 174 Cr.P.C. പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവേ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണപ്പെട്ട ആമിനയെ ആരോ ശ്വാസം മുട്ടിച്ച് അബോധാവസ്ഥയിൽ വെള്ളത്തിൽ തള്ളിയിട്ട് കൊലപ്പെടുത്തിയതാണെന്നും ടിയാൾ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ കവർച്ച ചെയ്തതായി വെളിവായതിന്റെയും അടിസ്ഥാനത്തിൽ ടി കേസ്സ്, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 397, 302 വകുപ്പുകൾ പ്രകാരമാക്കി മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘം രൂപീകരിച്ച് ശാസ്ത്രീയവും ഊർജ്ജിതവുമായ അന്വേഷണം നടത്തിവരുന്നു. ഇതുവരെയുള്ള അന്വേഷണത്തിൽ ടി കേസിലെ പ്രതികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല.

(സി) കേസ്സന്വേഷണം ഊർജ്ജിതമാക്കി കുറ്റവാളികളെ വേഗത്തിൽ കണ്ടെത്തുന്നതിനായി പുതിയ അന്വേഷണ ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

തുടരന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറുന്നതിന് വേണ്ടിയുള്ള നടപടികൾ പരിഗണിച്ചുവരുന്നു.

**കോഴിക്കോട് രാമനാട്ടുകരയിലെ വാഹനാപകടം**

99 (1463) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് രാമനാട്ടുകരയിലെ സ്വർണക്കടത്ത് കേസിലെ പ്രതികൾക്ക് ടി. പി. ചന്ദ്രശേഖരൻ വധകേസിലെ പ്രതികൾ സഹായം നൽകിയെന്ന് പ്രതികളിൽ ഒരാൾ കസ്റ്റംസിന് മൊഴി നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി. പി. വധക്കേസ് പ്രതികളായ കൊടി സുനിക്കും മുഹമ്മദ് ഷാഫിക്കും സ്വർണ്ണക്കടത്തിന്റെ പങ്ക് നൽകിയെന്നും ഇവർ പ്രതികളെ ഒളിവിൽ പോകാൻ സഹായിച്ചിരുന്നുവെന്നും രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതി അർജ്ജുൻ ആയങ്കി കസ്റ്റംസിന് മൊഴി നൽകിയിട്ടുണ്ടോ?

വിവരം ലഭ്യമല്ല.

(സി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന പ്രതികൾ ജയിലിലിരുന്നുകൊണ്ട് സ്വർണ്ണക്കടത്തടക്കമുള്ള കേസ്സുകളിലെ പ്രതികൾക്ക് സഹായം ചെയ്യുന്നുവെന്ന ആക്ഷേപം അന്വേഷണവിധേയമാക്കുമോ?

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ജയിലിൽ അനധികൃതമായി ഫോൺ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തുവെന്ന ആരോപണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എങ്കിൽ ഈ കേസിന്റെ വിശദാംശങ്ങൾ നൽകാമോ?

ടി.പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ 2014-ൽ വിയ്യൂർ സെൻട്രൽ ജയിലിൽ ഫോൺ ഉപയോഗിച്ചതായി കണ്ടെത്തുകയുണ്ടായി. ഇതേത്തുടർന്ന് 5 ജീവനക്കാരെ വിവിധ ജയിലുകളിലേയ്ക്ക് സ്ഥലം മാറ്റി. ഇക്കാര്യത്തിൽ വിയ്യൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 854/2014 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിൽ 2019-ൽ നടന്ന റെയ്ഡിലും സമാനമായ കണ്ടെത്തലുകളുണ്ടായതിനെ തുടർന്ന് തടവുകാരെ ആ ജയിലിൽനിന്നും മാറ്റിപ്പാർപ്പിച്ചു. ഇക്കാര്യത്തിൽ ക്രൈം നം. 632/2019 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് വിയ്യൂർ പോലീസ് അന്വേഷണം നടത്തിവരുന്നു.

(ഇ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളിൽ ചിലർക്ക് പരോൾ അനുവദിച്ചത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും നിർവ്വഹണങ്ങളും ചട്ടങ്ങളിലെ ചട്ടം 397 പ്രകാരം ദേശ സുരക്ഷയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, ഇൻഡ്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, 376 വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, പോക്സോ വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, പതിവ് കുറ്റവാളികൾ മുതലായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെ ഒരു വർഷമോ അതിലധികമോ കാലത്തേയ്ക്ക് ശിക്ഷ അനുഭവിക്കുന്ന ശിക്ഷാ പ്രതികൾക്ക് ശിക്ഷയുടെ മൂന്നിലൊന്നോ രണ്ട് വർഷമോ ഏതാണ് ആദ്യം വരുന്നത് പ്രസ്തുത ശിക്ഷാ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പോലീസ്, പ്രൊബേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാധാരണാവധിക്ക് അർഹതയുണ്ട്. ചട്ടം 469 പ്രകാരം ക്രമസമാധാന പ്രശ്നം ചൂണ്ടിക്കാട്ടി ഒന്നിൽ കൂടുതൽ പോലീസ് റിപ്പോർട്ട് പ്രതികൂലമായി വരികയും പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമായിരിക്കുകയും മറ്റെല്ലാത്തരത്തിലും അവധിക്ക് അർഹത നേടുകയും ചെയ്തിട്ടുള്ള തടവുകാർക്ക് ബന്ധപ്പെട്ട ഉപദേശക സമിതി പരോൾ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും പ്രസ്തുത തടവുകാർക്ക് സർക്കാർ അവധി പാസ്സാക്കി നൽകുകയും ചെയ്താൽ സാധാരണാവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ചട്ടം 399 പ്രകാരം മൂന്ന് വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുകയും മൂന്ന് പോലീസ് റിപ്പോർട്ട് പ്രതികൂലമായി ലഭിക്കുകയും പ്രൊബേഷൻ റിപ്പോർട്ട് അനുകൂലമായിരിക്കുകയും ചെയ്യുന്ന തടവുകാർക്ക് ബന്ധപ്പെട്ട പുനരവ ലോകനസമിതി പരോൾ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയും സർക്കാർ അവധി പാസ്സാക്കി നൽകുകയും ചെയ്ത തടവുകാർക്ക് സാധാരണാവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ടി.പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ ജയിൽ ചട്ടപ്രകാരമുള്ള പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെട്ട് സാധാരണാവധിക്ക് അർഹത ലഭിച്ചവരാണ്. 2014-ലെ ജയിൽ ചട്ടം 400 പ്രകാരം ശിക്ഷാ തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം, മരണാസന്നമായ രോഗാവസ്ഥ, വിവാഹം, എന്നിവയ്ക്ക് അനുകൂല പോലീസ് റിപ്പോർട്ടിന്റെയും തടവുകാരൻ താമസിക്കുന്ന വീടിന്റെ പുനർനിർമ്മാണത്തിന് തഹസീൽദാരുടെ റിപ്പോർട്ടിന്റെയും അനുകൂല പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തരാവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ജയിൽ ചട്ടം 400-ൽ വിവക്ഷിക്കുന്ന ആവശ്യങ്ങൾക്ക് മാത്രമെ ടി.പി.കേസിലെ പ്രതികൾക്ക്

അടിയന്തരാവധി അനുവദിച്ചിട്ടുള്ളൂ. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സാധാരണാവധിക്ക് അർഹതയുള്ള തടവുകാർക്ക് അവധി അനുവദിച്ച മാനദണ്ഡങ്ങളിൽ ടി. പി. കേസിലെ പ്രതികൾ ഉൾപ്പെട്ടതിനാലാണ് ടിയാന്മാർക്കും മറ്റ് തടവുകാർക്കൊപ്പം അവധി അനുവദിച്ചിട്ടുള്ളത്. ടി. പി. കേസിലെ പ്രതികൾക്ക് ക്രമവിരുദ്ധമായി യാതൊരുവിധ അവധിയും സർക്കാർ അനുവദിച്ചിട്ടില്ല.

(എഫ്) പരോളിൽ ഇറങ്ങി സ്വർണ്ണക്കടത്ത് പോലുള്ള ഗുരുതര കുറ്റകൃത്യങ്ങൾക്ക് നേതൃത്വം നൽകിയതായി ആക്ഷേപം ഉണ്ടായ പശ്ചാത്തലത്തിൽ ടി. പി. വധക്കേസ് പ്രതിയുടെ പരോൾ റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ടി.പി. വധക്കേസ്സിൽ പുറത്തിറങ്ങിയ പ്രതികൾ പരോൾ ചട്ടലംഘനം നടത്തിയതായിട്ടുള്ള സ്റ്റേഷൻ ഹൗസ് ഓഫീസറുടേയോ ജില്ലാ പോലീസ് മേധാവിയുടേയോ റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം പ്രസ്തുത തടവുകാരുടെ പരോൾ റദ്ദ് ചെയ്ത് തിരികെ ജയിലിൽ പ്രവേശിപ്പിക്കുന്നതിനുള്ള ജയിൽ റൂൾ 412 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കൽ**

100 (1464) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട് കേരളത്തിൽ ക്വട്ടേഷൻ സംഘങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ്സ് രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര ഏജൻസികളായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ് എന്നിവയാണ്. എന്നാൽ സംഘടിതമായോ, ഒറ്റയ്ക്കോ ആക്രമണം, കൊലപാതകം എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ യഥാസമയം പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇവയിൽ സ്വർണ്ണക്കടത്ത് എന്നിവയുമായി ബന്ധിപ്പിക്കുന്ന തെളിവുകൾ ഉള്ളവ എത്രയെന്ന് ഉള്ളതിന്റെ വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര കേസ്സുകളാണ് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കുഴൽപ്പണം, സ്വർണ്ണക്കടത്ത് എന്നീ കുറ്റകൃത്യങ്ങൾക്ക് കേസ്സ് രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര ഏജൻസികളായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കസ്റ്റംസ് എന്നിവയാണ്. എന്നാൽ സംഘടിതമായോ, ഒറ്റയ്ക്കോ ആക്രമണം, കൊലപാതകം എന്നീ കുറ്റകൃത്യങ്ങൾക്കെതിരെ യഥാസമയം പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇവയിൽ സ്വർണ്ണക്കടത്തുമായി ബന്ധിപ്പിക്കുന്ന തെളിവുകൾ ഉള്ളവ എത്രയെന്ന് ഉള്ളതിന്റെ വിവരം ശേഖരിച്ച് നല്കുന്നതാണ്.

(സി) ഇത്തരം സംഘങ്ങളെ അമർച്ച ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇത്തരം ക്വട്ടേഷൻ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും ശ്രദ്ധയിൽപ്പെട്ടാൽ കാര്യക്ഷമമായി ഇടപെടുന്നതിനും നിലവിലുള്ള നിയമപ്രകാരം പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും വേണ്ട കർശന നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളെയും മറ്റ് സാമൂഹ്യവിരുദ്ധരെയും ശക്തമായി നിയന്ത്രിക്കുന്നതിനായി, തുടർച്ചയായി പൊതുജനസമാധാന ലംഘനം ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തിയും CrPC വകുപ്പ് പ്രകാരം സമാധാന സംരക്ഷണത്തിനായി ജാമ്യം വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും കേരളാ ആന്റി സോഷ്യൽ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007 (KAPPA) സെക്ഷൻ 15 (1) പ്രകാരമുള്ള ഉത്തരവിൽ പരാമർശിക്കുന്ന സ്ഥലങ്ങളിൽ സന്ദർശനം നിഷേധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പൊതുവിദ്യാലയങ്ങളുടെ ഓൺലൈൻ ക്ലാസ്സുകൾ**

101 (1465) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ നടത്തുന്ന ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജന്മാർ നുഴഞ്ഞുകയറി അശ്ലീലങ്ങളും മറ്റും പ്രചരിപ്പിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം തടയുന്നതിന് സൈബർ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. ഇതിന്റെ ഭാഗമായി സൈബർ പോലീസിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് Zoom, Google Meet തുടങ്ങിയവയിൽ സുരക്ഷിതമായി എങ്ങനെ ക്ലാസ്സുകൾ കൈകാര്യം

ചെയ്യാമെന്നുള്ളതിനെ സംബന്ധിച്ച് ബോധവത്കരണം നടത്തുകയും ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്ന Link, Password എന്നിവ കൈമാറ്റം ചെയ്യപ്പെടാതെ സൂക്ഷിക്കുന്നതിനായി അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും അവബോധം നൽകുകയും ചെയ്തുവരുന്നു.

(ബി) വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ പഴുതടച്ച സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്കൂൾ അധികാരികൾക്കും രക്ഷിതാക്കൾക്കും നൽകിയിട്ടുണ്ട്:

1. ഓൺലൈൻ പഠന ക്ലാസ്സുകളിൽ നൽകുന്ന ലിങ്കുകൾ മറ്റ് വാട്ട്സാപ്പ് ഗ്രൂപ്പുകളിലോ പബ്ലിക് പ്ലാറ്റ്ഫോമുകളിലോ സോഷ്യൽ മീഡിയകളിലോ പോസ്റ്റ് ചെയ്യാനോ ഷെയർ ചെയ്യാനോ പാടില്ല.

2. വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും Google Meet-ൽ പങ്കെടുക്കുമ്പോൾ G-mail Account കളിൽ 2-step verification enable ചെയ്യുന്നതിനും Secondary E-mail id കൂട്ടിച്ചേർത്ത ശേഷം ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. Google Meet-ൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന device-കളുടെ പേര് rename ചെയ്ത് അവരവരുടെ പേര് നൽകി ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതും അദ്ധ്യാപകർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

4. Google Meet Conduct ചെയ്യുന്ന അദ്ധ്യാപകരോട് ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്ന സമയത്ത് ജോയിൻ ചെയ്യുന്ന വിദ്യാർത്ഥികളുടെ device-കളിലെ G-mail Account-കളിലെ പ്രൊഫൈൽ പിക്ചർ വിദ്യാർത്ഥികളുടെ ഫോട്ടോ ആക്കുന്നതിനും ക്ലാസ്സുകൾ നടത്തുന്ന സമയം വീഡിയോ ക്യാമറ ഓൺ ചെയ്ത്, മൈക്ക് mute ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന്, ക്ലാസ്സുകളുടെ വിവരങ്ങൾ screen record ചെയ്ത് സൂക്ഷിക്കുന്നതിനും ക്ലാസ്സുകളിൽ join ചെയ്ത വിദ്യാർത്ഥികളുടെ user name സ്ക്രീൻ ഷോട്ട് എടുത്ത് സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ കാവൽ കണ്ണുകൾ**

102 (1466) ശ്രീ. വി. ജോയി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കാവൽ കണ്ണുകൾ പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകളിൽ പൊതുജന സഹകരണത്തോടെ സ്ഥാപിച്ചിട്ടുള്ള ക്യാമറ സിസ്റ്റത്തിന്റെ ഇലക്ട്രിസിറ്റി ബിൽ തുക ഒടുക്കേണ്ടത് ആരാണെന്ന് വ്യക്തമാക്കാമോ?

ക്യാമറ സിസ്റ്റത്തിന്റെ വൈദ്യുതി ബിൽ പോലീസ് വകുപ്പാണ് ഒടുക്കിവരുന്നത്.

(ബി) ഇലക്ട്രിസിറ്റി ബിൽ തുക ഒടുക്കാത്തതിനാൽ ക്യാമറ സിസ്റ്റം പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

&

(സി) ഇത്തരം പ്രശ്നങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇത്തരം സാഹചര്യം നിലവിലില്ല.

**പിറവം ആസ്ഥാനമായി ഡിവൈ.എസ്.പി. ഓഫീസ്**

103 (1467) ശ്രീ. അനൂപ് ജേക്കബ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ആസ്ഥാനമായി ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിനായി ആഭ്യന്തര വകുപ്പ് റിപ്പോർട്ട് തേടിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

&

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഓഫീസ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

10-2-2021-ലെ സ.ഉ. (കൈ) നമ്പർ 35/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം 25 പുതിയ പോലീസ് സബ് ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്. പുതിയ സബ് ഡിവിഷനുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

## പുതിയ പോലീസ് സ്റ്റേഷൻ

104 (1468) ശ്രീ. എ. സി. മൊയ്തീൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധി ജനസംഖ്യകൊണ്ടും കേസ്സുകളുടെ ബാഹുല്യംകൊണ്ടും വളരെ വിസ്തൃതമായ പ്രദേശമായതിനാൽ പ്രസ്തുത പരിധിയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി ഉണ്ടാകുമോ;

(സി) പെരുമ്പിലാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിർദേശം ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലുണ്ടോ;

&

(ഡി) പ്രസ്തുത ആവശ്യം പരിഗണിച്ച് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുന്നംകുളം പോലീസ് സ്റ്റേഷൻ വിഭജിച്ച് പെരുമ്പിലാവ് പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

## മ്യൂസിയം പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനം

105 (1469) ശ്രീ. വി. കെ. പ്രശാന്ത്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

മ്യൂസിയം പോലീസ് സ്റ്റേഷന്റെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ ഭാഗമായി ടൈൽസ്, പെയിന്റിംഗ്, ഫ്രെയിം വർക്ക്, ഇലക്ട്രിക്കൽ വർക്ക്, ലാൻഡ് സ്കേപ്പിംഗ് തുടങ്ങിയ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും സ്റ്റേഷനിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനുമായി നാല് ലക്ഷം രൂപ 10-6-2021-ൽ അനുവദിച്ചിട്ടുണ്ട്.

(ബി) മ്യൂസിയം പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള മ്യൂസിയം വകുപ്പിന്റെ സ്ഥലം പോലീസ് സ്റ്റേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രയോജനപ്പെടുത്തുന്ന വിഷയം പരിഗണിക്കാമോ?

ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(സി) മ്യൂസിയം പോലീസ് സ്റ്റേഷൻ ഒരു വനിത-ശിശു-വയോജന സൗഹൃദ മാതൃകാ പോലീസ് സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള പദ്ധതി പരിഗണിക്കാമോ?

പരിഗണിക്കാവുന്നതാണ്.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിടം**

106 (1470) ശ്രീ. എം. വിജിൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിട നിർമ്മാണം ഉടൻ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡാണ് കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം നടത്തിവരുന്നത്. നിലവിൽ 70 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ലോറിംഗ്, ഇലക്ട്രിക്കൽ, പെയിന്റിംഗ് ഉൾപ്പെടെ അവസാനഘട്ട പണികൾ പൂർത്തീകരിക്കാനുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ താമസംവിനാ പൂർത്തിയാക്കുന്നതാണ്.

**ആഭ്യന്തര വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

107 (1471) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആഭ്യന്തര വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ നിയോജക മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്ത് ആഭ്യന്തരവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

പോലീസ് വകുപ്പ്

1. വനിതാ സ്വയം പ്രതിരോധ പരിശീലന പരിപാടി

2. കടലോര ജാഗ്രതാ സമിതി

3. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

4.സീനിയർ സിറ്റിസൺ ഹെൽപ്പ് ലൈൻ

5. ഹോപ്പ് പദ്ധതി

6. വിക്ടിം സപ്പോർട്ട് സ്കീം

7. ജനമൈത്രി പദ്ധതി.

അഗ്നിരക്ഷാ സേവന വകുപ്പ്

അഗ്നിരക്ഷാ സേവന വകുപ്പിൽ സിവിൽ ഡിഫൻസ് നടപ്പിലാക്കിയതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ എല്ലാ അഗ്നിരക്ഷാ നിലയങ്ങളിലും സിവിൽ ഡിഫൻസ് സംവിധാനം ആരംഭിക്കുകയും ആലപ്പുഴ നിലയത്തിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടന്നു വരുന്നുണ്ട്. വാർഷിക പദ്ധതിയിനത്തിലെ ഫണ്ടുപയോഗിച്ച് വിവിധ അഗ്നിശമനരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്. ജയിൽ വകുപ്പ് ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം, സി.സി.ടി.വി. സിസ്റ്റം, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ആംബുലൻസ്, ഇ-പ്രിസൺ, ഇ-ഫയൽ ആപ്ലിക്കേഷൻ, മെറ്റൽ ഡിറ്റക്ടർ, ജയിൽ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം, ജയിൽ ക്ഷേമ ദിനാഘോഷം, ബിരിയാണി യൂണിറ്റ്, ആലപ്പുഴ ജില്ലാകോടതിയുടെ A ബ്ലോക്ക് കെട്ടിടത്തിൽ അധിക നില നിർമ്മിക്കുന്നതിനും B ബ്ലോക്ക് കെട്ടിടത്തിലെ Ground Floor-ന്റെയും First Floor-ന്റെയും പെയിന്റിംഗിനും truss roofing-നും ഭരണാനുമതി നൽകിയിട്ടുണ്ട്.

**കർഷകർക്ക് ഗൺ ലൈസൻസ്**

108 (1472) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളിൽനിന്ന് കൃഷി സംരക്ഷിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ എത്ര കർഷകർക്ക് നാളിതുവരെ ഗൺ ലൈസൻസ് നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

780 പേർക്ക്.

(ബി) പ്രസ്തുത ഗൺ ലൈസൻസ് പുതുക്കി നൽകുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം പുതുക്കി നൽകിയിട്ടുണ്ടെന്നും പുതുക്കി നൽകാതെ നിരസിച്ച എത്ര അപേക്ഷകൾ ഉണ്ടെന്നും വിശദമാക്കാമോ?

2021 ജൂൺ വരെ 356 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 19 ലൈസൻസുകൾ പുതുക്കി നൽകുകയും 15 എണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 322 അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇപ്രകാരം അപേക്ഷകൾ നിരസിക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ?

ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെയും 2016-ലെ ആയുധ ചട്ടങ്ങൾ, ചട്ടം-35, ഉപചട്ടം-1 ൽ കാർഷിക വിളകളുടെ സംരക്ഷണാർത്ഥം തോക്ക് ലൈസൻസ് അനുവദിക്കുന്നത് 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമാവണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതുപ്രകാരവും ആരോഗ്യപരമായി കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയും വിലയിരുത്തി മാത്രമാണ് ലൈസൻസുകൾ അനുവദിക്കുന്നത്. അപ്രകാരം യോഗ്യമല്ലാത്തവ നിരസിക്കുകയാണ് ചെയ്യുക.

(ഡി) പ്രസ്തുത ജില്ലയിൽ വന്യമൃഗ ശല്യം രൂക്ഷമായ ഇന്നത്തെ സാഹചര്യത്തിൽ കർഷകരുടെ നിരസിച്ച ഗൺ ലൈസൻസ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

1959-ലെ ആയുധ നിയമം, 2016-ലെ ആയുധ ചട്ടം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ നിരസിച്ചതിനെതിരെ 30 ദിവസത്തിനകം അപ്പീൽ അധികാരിയായ ലാൻഡ് റവന്യൂ കമ്മീഷണറെയാണ് സമീപിക്കേണ്ടത്. ലാൻഡ് റവന്യൂ കമ്മീഷണർക്ക് പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ അധികാരമുണ്ട്.

## തിരോധാനത്തെക്കുറിച്ച് അന്വേഷണം

109 (1473) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ്, കണ്ണോത്ത് പി.ഒ.-യിൽ തത്തമത്ത് വീട്ടിൽ ശങ്കരു മകൻ വിനോദ് എന്നയാളെ 23-12-2020 മുതൽ എറണാകുളം ജില്ലയിലെ കൊടകര പോലീസ് സ്റ്റേഷൻ പരിധിയിലെ കാലടി മാറ്റൂർ എന്ന സ്ഥലത്തുനിന്നും കാണാതായത് സംബന്ധിച്ച് പരാതി

അന്വേഷിക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ഡി.സി.ആർ.ബി., കൊച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച തുടർ നടപടികളും അന്വേഷണ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കാണാതായ ശ്രീ. വിനോദിന്റെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പാവറട്ടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1216/20 U/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടിയാന്റെ ബൈക്കും വസ്തുങ്ങളും രേഖകൾ അടങ്ങിയ ബാഗും കൊടകര പോലീസ് സ്റ്റേഷൻ പരിധിയിലെ പേരാമ്പ്ര എന്ന സ്ഥലത്ത് ആളില്ലാതെ കാണപ്പെട്ട കാര്യത്തിന് കൊടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1612/2020 U/s 102 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവേ 4-1-2021-ൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ വാടാനപ്പള്ളി പുതുകുളം എന്ന സ്ഥലത്ത് തിരിച്ചറിയാൻ പ്രയാസമുള്ളവിധം ഒരു പുരുഷന്റെ മൃതദേഹം കാണപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം. നം. 15/2021 U/s 174 CrPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതിൽ മൃതദേഹം കാണാതായ വിനോദിന്റേതാണോ എന്നതിൽ വ്യക്തത വരുത്തുന്നതിനായി ടിയാന്റെ മാതാപിതാക്കളുടെ DNA സാമ്പിളുകൾ പരിശോധനക്കായി നൽകിയിട്ടുള്ളതും റിസൾട്ട് വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

**സ്വർണക്കള്ളക്കടത്തും ഹവാല പണമിടപാടും**

110 (1474) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കള്ളക്കടത്തും ഹവാല പണമിടപാടും സംസ്ഥാനത്ത് ക്വട്ടേഷൻ ഗുണ്ടാ സംഘങ്ങളുടെ വളർച്ചക്കിടയാക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ഉടൻ തന്നെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ശാസ്ത്രീയ അന്വേഷണം നടത്തുന്നത് ഉൾപ്പെടെയുള്ള നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റുൾപ്പെടെയുള്ളവർ കള്ളപ്പണ ഇടപാടിൽ കണ്ണിയാണെന്ന ആരോപണം കണക്കിലെടുത്തുള്ള അന്വേഷണം വിപുലപ്പെടുത്താനും ത്വരിതഗതിയിൽ കുറ്റക്കാരെ നിയമനടപടികൾക്ക് വിധേയമാക്കാനും പോലീസിന് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ഉടൻതന്നെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ശാസ്ത്രീയ അന്വേഷണം നടത്തുന്നത് ഉൾപ്പെടെയുള്ള നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്വർണ്ണക്കടത്ത് ക്വട്ടേഷൻ സംഘങ്ങൾ**

111 (1475) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര വാഹന അപകടവുമായി ബന്ധപ്പെട്ടവർക്ക് സ്വർണ്ണ കള്ളക്കടത്തുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) സ്വർണ്ണക്കടത്ത് ക്വട്ടേഷൻ സംഘങ്ങളെ നിരീക്ഷിക്കുന്നതിലും നിയന്ത്രിക്കുന്നതിലും പോലീസിന് വീഴ്ചയുണ്ടായിട്ടുണ്ടോ?

ഇല്ല.

(സി) ഇത്തരം സംഘങ്ങൾക്ക് രാഷ്ട്രീയ കക്ഷികളുടെ സഹായം ഉണ്ടായിരുന്നു എന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ക്വട്ടേഷൻ സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ KAAPA പോലെയുള്ള ശക്തമായ നിയമ നടപടികൾ കുറ്റക്കാർക്കെതിരെ സ്വീകരിക്കുന്നതാണ്.

## പുതിയ കോടതികൾ

112 (1476) ശ്രീ. ജോബ് മൈക്കിൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര പുതിയ കോടതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് 67 പുതിയ കോടതികൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ കോട്ടയം ജില്ലയിൽ വൈക്കം, പാമ്പാടി എന്നീ ഗ്രാമന്യായാലയങ്ങളും കോട്ടയം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഓരോ അതിവേഗ താൽക്കാലിക പോക്സോ കോടതികളും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ കോട്ടയം ജില്ലയിൽ പുതിയ കോടതികൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാനത്ത് 67 പുതിയ കോടതികൾ ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ കോട്ടയം ജില്ലയിൽ വൈക്കം, പാമ്പാടി എന്നീ ഗ്രാമന്യായാലയങ്ങളും കോട്ടയം, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ഓരോ അതിവേഗ താൽക്കാലിക പോക്സോ കോടതികളും അനുവദിച്ചിട്ടുണ്ട്.

## പരപ്പയിൽ പുതിയ കോടതി

113 (1477) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ ആസ്ഥാനമായി കോടതി സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

കാസർകോട് ജില്ലയിലെ പരപ്പ ആസ്ഥാനമാക്കി ഗ്രാമന്യായാലയം 22-10-2016-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ79/ 2016/ആഭ്യന്തരം പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാലിസ്റ്റിൽ 25-ാമതായിട്ടാണ് വെള്ളരിക്കുണ്ട് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. കോടതികൾ സ്ഥാപിക്കുന്നത് പ്രാധാന്യമനുസരിച്ച് മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം മുൻഗണനാ ലിസ്റ്റിൽനിന്നും എം.എ.സി.ടി. കാസർകോട്, മുൻസിഫ് മജിസ്ട്രേറ്റ് കോടതി അട്ടപ്പാടി എന്നീ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) കോടതി സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

അനുവദിച്ചിട്ടില്ല.

## പോക്സോ കോടതികൾ

114 (1478) ശ്രീ. കെ. ജെ. മാക്സി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോക്സോ കോടതികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു.* എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോർട്ട്, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലെയും അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.* കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട് 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകളുടെ എണ്ണം എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 1000 |
| കൊല്ലം | 682 |
| പത്തനംതിട്ട | 335 |
| ആലപ്പുഴ | 516 |
| കോട്ടയം | 514 |
| ഇടുക്കി | 588 |
| എറണാകുളം | 651 |
| തൃശ്ശൂർ | 1325 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| പാലക്കാട് | 619 |
| മലപ്പുറം | 613 |
| കോഴിക്കോട് | 1213 |
| വയനാട് | 262 |
| കണ്ണൂർ | 860 |
| കാസർകോട് | 472 |

(സി) പോക്സോ കോടതി തീരുമാനങ്ങളിലെ കാലതാമസവും പ്രസ്തുത കാലതാമസം കാരണം നീതി യഥാസമയം ലഭ്യമാകാത്ത അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളുടെ പ്രവർത്തനംമൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

(ഡി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി ഇരകൾക്ക് കാലതാമസമില്ലാതെ കൃത്യമായി നീതി ഉറപ്പാക്കാനായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായാണ് സംസ്ഥാനത്ത് 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളുടെ പ്രവർത്തനംമൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

**പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം**

115 (1479) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇല്ല. ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കാഞ്ഞങ്ങാട് കോടതി സമുച്ചയ നിർമ്മാണം

116 (1480) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കോടതി സമുച്ചയ നിർമ്മാണത്തിന്റെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത കോടതി സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാറിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. ഹോസ്ദുർഗ്ഗിൽ ഒരു പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ നടപടി സ്വീകരിച്ചുവരുന്നു.

## സ്ത്രീധന നിരോധന നിയമം

117 (1481) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന പീഡനങ്ങൾ കൂടിവരുന്ന സാഹചര്യത്തിലും സ്ത്രീധന നിരോധന നിയമം 1961 പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൂടിവരുന്ന സാഹചര്യമില്ല. കേസ്സുകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളാണുള്ളത്.

(ബി) സ്ത്രീധന പീഡനത്തിന്റെ പേരിൽ യുവതികൾ ജീവനൊടുക്കുന്ന സംഭവങ്ങൾ ആവർത്തിക്കുമ്പോഴും കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാട് പോലീസ് സ്വീകരിക്കുന്നതായ ആക്ഷേപം ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ത്രീധന പീഡനത്തിന്റെ പേരിൽ യുവതികൾ ജീവനൊടുക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി കുറ്റപത്രം യഥാസമയം ബഹുമാനപ്പെട്ട കോടതികളിൽ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(സി) 2019-2020, 2020-2021 വർഷങ്ങളിൽ സ്ത്രീധന നിരോധന നിയമം 1961 പ്രകാരം എടുത്ത കേസ്സുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ പഠന വിഷയമാക്കിയിട്ടുണ്ടോ?

2019-2020, 2020-2021 വർഷങ്ങളിൽ സ്ത്രീധന നിരോധന നിയമം 1961 (Dowry Prohibition Act, 1961) പ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ഡി) അടുത്തകാലത്ത് സ്ത്രീധനത്തിന്റെ പേരിൽ ഉണ്ടായ ആത്മഹത്യകളിൽ പ്രസ്തുത നിയമപ്രകാരം കേസ്സ് എടുക്കുന്നതിൽ പോലീസ് വീഴ്ച വരുത്തുന്നുവെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വനിതാ കമ്മീഷന്റെ പ്രവർത്തനം**

118 (1482) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും സ്ത്രീധന മരണങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ അവർക്ക് നീതി ഉറപ്പാക്കുന്നതിനായുള്ള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും സ്ത്രീധന പീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ ഉണ്ടാകുന്നതും വനിതാ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്ത് നിലവിലുള്ള 1961-ലെ സ്ത്രീധന നിരോധന ആക്റ്റ്, 1985-ലെ സ്ത്രീധന നിരോധന ചട്ടങ്ങൾ, 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ, (പൊതു) ചട്ടങ്ങൾ എന്നിവയിൽ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കേസ്സുകളിൽ പ്രതികളുടെ രാഷ്ട്രീയം നോക്കി വനിതാ കമ്മീഷൻ പോലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ അത് പരിശോധിച്ചിട്ടുണ്ടോ?

കേരള വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളിന്മേൽ ചട്ടപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുരിങ്ങൂർ പീഡനകേസിൽ പ്രതികളെ രക്ഷിക്കാൻ മുൻ വനിതാ കമ്മീഷൻ അദ്ധ്യക്ഷ ഇടപെട്ടു എന്ന ഇരയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ പോലീസ് അന്വേഷണത്തിൽ വീഴ്ച സംഭവിച്ചു എന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുരിങ്ങൂർ പീഡനക്കേസിൽ കേരള വനിതാ കമ്മീഷൻ പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശ്ശൂർ എസ്. പി., ആളൂർ സി. ഐ. എന്നിവർ പ്രതിയെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്ന് ഈ കേസ്സിൽ ഇരയായിട്ടുള്ള പരാതിക്കാരി തന്റെ പരാതിയിൽ ആക്ഷേപം ഉന്നയിച്ച സാഹചര്യത്തിൽ, പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉത്തര മേഖല ഐ.ജി.-ക്ക് 5-7-2021-ന് കേരള വനിതാ കമ്മീഷൻ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) വണ്ടിപ്പെരിയാറിലും വാളയാറിലും പാലത്തായിയിലും നടന്ന സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമ കേസ്സുകളിൽ പോലീസ് അന്വേഷണം കാര്യക്ഷമമല്ല എന്ന ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; സമാനമായ കേസ്സുകളിൽ ഇരകൾക്ക് നീതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വണ്ടിപ്പെരിയാറിൽ ആറ് വയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് വണ്ടിപ്പെരിയാർ പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 598/2021 U/s 174 Cr.P.C altered to 449, 302, 376(2)(n)(m), 376(3) IPC & Sec. 4 r/w 3a, 6 r/w 5(i)(1)(m), 10 r/w 9(i)(1)(m) of POCSO Act 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രസ്തുത കേസിലെ പ്രതിയായ അർജ്ജുൻ S/o സുന്ദർ എന്നയാളെ അറസ്റ്റ് ചെയ്ത് 5-7-2021 തീയതി പീരുമേട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി- II മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. കേസ്സിൽ ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടന്നുവരുന്നു. വാളയാർ പീഡനകേസ് സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുള്ളതും നിലവിൽ സി.ബി.ഐ. പ്രസ്തുത കേസ് അന്വേഷിക്കുകയും ചെയ്തുവരുന്നു. പാലത്തായി കേസ് അന്വേഷണം പൂർത്തിയാക്കി തലശ്ശേരി അഡീഷണൽ ജില്ലാ സെഷൻസ് കോടതി-I (POCSO കോടതി)-ൽ 28-6-2021-ന് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇത്തരം കേസ്സുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഇരകൾക്ക് നീതി ലഭിക്കുന്നതിനായുള്ള ശക്തമായ ഇടപെടലുകൾ സർക്കാർ നടത്തിവരുന്നുണ്ട്.

### കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ്

119 (1483) ശ്രീ. സി. എച്ച്.കുഞ്ഞമ്പു: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 341/16 u/s. 1716 r/w 116 IPC പ്രകാരം കേസ് എടുത്തത് ഏത് സംഭവത്തിന്റെ പേരിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 341/16 കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് u/s. 171(F) r/w 116 IPC പ്രകാരമാണ്. 16-5-2016-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് തന്റെ എതിർസ്ഥാനാർത്ഥി മരിച്ചവരുടെയും വിദേശത്തുള്ളവരുടെയും വോട്ട് ചെയ്യുന്നതിനും മറ്റുമായി പ്രവർത്തകരെ അവിഹിതമായി സ്വാധീനിച്ചുവെന്ന് മുൻ MLA ശ്രീ. കെ. കുഞ്ഞിരാമൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് എടുത്തിട്ടുള്ളത്.

(ബി) പ്രസ്തുത കേസ്സിലെ പ്രതികൾ ആരൊക്കെയാണെന്നും ഇതിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോയെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത കേസ്സിൽ അന്വേഷണം പൂർത്തിയാക്കി പ്രതിയായ സുധാകരൻ കെ. S/o രാമുണ്ണി, പാറക്കണ്ടി, കണ്ണൂർ (Ex MLA) എന്നയാൾക്കെതിരെ 18-5-2017-ന് ബഹുമാനപ്പെട്ട കോടതി മുൻപാകെ കുറ്റപത്രം സമർപ്പിച്ചിരുന്നതും എന്നാൽ ടി കേസ്സ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Crl MC 1941/2020 ആയി 12-2-2021 പ്രകാരം റദ്ദാക്കിയിട്ടുള്ളതാണ്.

### ക്രിമിനൽ കേസ്സുകൾ പിൻവലിക്കൽ

120 (1484) ശ്രീ. മഞ്ഞളാംകുഴി അലി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ക്രിമിനൽ കേസ്സുകൾ പിൻവലിക്കുകയുണ്ടായി; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വ്യക്തികൾക്കെതിരെ എടുത്തിരുന്ന കേസ്സുകളാണ് പിൻവലിച്ചത്; ഓരോ കേസിന്റെയും വിശദാംശം ലഭ്യമാക്കുമോ?

കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുള്ള കേസ്സുകൾ ബന്ധപ്പെട്ട പബ്ലിക് പ്രോസിക്യൂട്ടർ പൊതുതാത്പര്യം മുൻനിർത്തി പരിശോധിച്ച് പിൻവലിക്കുന്നതിന് അപേക്ഷ കോടതിയിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത അപേക്ഷയിൽ പിൻവലിക്കുന്നതിന് അനുമതി നൽകുന്നത് ബഹുമാനപ്പെട്ട കോടതികളാണ്.

**സ്വർണ്ണക്കടത്ത്**

121 (1485) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര വാഹനാപകടത്തിലൂടെ പുറത്തുവന്ന സ്വർണക്കള്ളകടത്ത് കേസ്സിൽ പ്രതിസ്ഥാനത്ത് നിൽക്കുന്നവർക്ക് ചില രാഷ്ട്രീയ പാർട്ടിയിലെ പ്രാദേശിക നേതാക്കൾ നേരിട്ട് വാഹനം ഉൾപ്പെടെയുള്ള സഹായം നൽകിയതായി ആക്ഷേപം ഉയർന്നിട്ടുള്ള സാഹചര്യത്തിൽ ഇവർക്കെതിരെ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കള്ളക്കടത്തുകളും ക്വട്ടേഷൻ പ്രവർത്തനവും വ്യാപകമാകുന്ന പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കള്ളക്കടത്ത് തടയുന്നത് കേന്ദ്ര ധനമന്ത്രാലയത്തിൻ കീഴിലുള്ള കസ്റ്റംസ് വകുപ്പിന്റെ ചുമതലയാണ്. എന്നാൽ ക്രമസമാധാനത്തെ ബാധിക്കുന്ന സംഘടിത കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയാനുള്ള എല്ലാ നടപടിയും പോലീസ് സ്വീകരിക്കുന്നതാണ്. പട്രോളിംഗും നിരീക്ഷണവും നടത്തുന്നതിനൊപ്പം ശക്തമായ നിയമനടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) രാഷ്ട്രീയ കൊലപാതകം അടക്കമുള്ള കേസ്സുകളിൽ പ്രതികളോട് കാട്ടുന്ന മൃദുസമീപനമാണ് യുവാക്കൾക്ക് ക്വട്ടേഷൻ, കള്ളക്കടത്ത് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രചോദനമാകുന്നതെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ?

നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരോട് സർക്കാരിന് മൃദു സമീപനമില്ല. നിയമ വ്യവസ്ഥകൾ കർശനമായി നടപ്പാക്കും.

(ഡി) സംസ്ഥാനത്ത് കള്ളക്കടത്തുകളും അനുബന്ധ കുറ്റകൃത്യങ്ങളും നിയന്ത്രിക്കുന്നതിനായി നിയമനിർമാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംഘടിത കുറ്റകൃത്യങ്ങൾ തടയാൻ നിയമനിർമ്മാണം ആലോചനയിലാണ്.

## സ്ത്രീധന പീഡന കേസ്സുകൾ

122 (1486) ശ്രീ. അൻവർ സാദത്ത്: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര സ്ത്രീധനപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസ്സുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; ജില്ലതിരിച്ചുള്ള വിശദാംശം നൽകുമോ?

കേസ്സുകൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്ത്രീധന നിരോധന നിയമം

123 (1487) ശ്രീ. ഷാഫി പറമ്പിൽ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിനുശേഷം വനിതകൾക്ക് നേരെ നടന്ന അതിക്രമങ്ങൾ എത്രയാണെന്നും പ്രസ്തുത അതിക്രമങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിനുശേഷം വനിതകൾക്ക് നേരെ നടന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 50187 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 41876 കേസ്സുകൾ ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്തു. പ്രസ്തുത കേസ്സുകളിൽ 51759 പ്രതികളെ അറസ്റ്റ് ചെയ്യുകയും 1384 കേസ്സുകളിലായി 1495 പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്ത്രീധന നിരോധന നിയമം സമഗ്രമായി നടപ്പിലാക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്നും വകുപ്പ് നിലവിൽ വന്നശേഷം സ്ത്രീധനത്തിന്റെ പേരിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും സ്ത്രീധനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അതിക്രമങ്ങൾ എത്രയെന്നും ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും ശിക്ഷിക്കപ്പെട്ട കേസ്സുകൾ എത്രയെന്നും വിശദമാക്കാമോ?

സ്ത്രീധന നിരോധന നിയമ പ്രകാരമുള്ള പരാതികൾ ലഭിച്ചാൽ ആയതിന്മേൽ അന്വേഷണം നടത്തുന്നതിനും കേസ്സ് രജിസ്റ്റർ ചെയ്യുന്നതിനും പോലീസിന് തടസ്സങ്ങളൊന്നും നേരിടുന്നില്ല. വനിതാ ശിശു വികസന വകുപ്പ് നിലവിൽ വന്നശേഷം സ്ത്രീധനത്തിന്റെ പേരിൽ ജീവൻ നഷ്ടപ്പെട്ടത്, സ്ത്രീധനവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള അതിക്രമങ്ങൾ, ശിക്ഷിക്കപ്പെട്ട കേസ്സുകൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വകുപ്പ് നിലവിൽ വന്നശേഷം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളിൽ എത്ര കേസ് രജിസ്റ്റർ ചെയ്തുവെന്നും പ്രസ്തുത അതിക്രമങ്ങളിൽ എത്ര മരണം സംഭവിച്ചുവെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

വകുപ്പ് നിലവിൽ വന്നശേഷം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 14256 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അതിക്രമങ്ങളിൽ 132 കേസ്സുകളിൽ മരണം സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14589 പ്രതികളെ അറസ്റ്റ് ചെയ്യുകയും 11808 കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 203 കേസ്സുകളിലായി 210 പേരെ ശിക്ഷിക്കുകയും ചെയ്തു.

(ഡി) പോക്സോ കോടതികളുടെ പ്രവർത്തനം എത്രത്തോളം സമഗ്രമാണെന്നും ശിക്ഷിച്ച കേസ്സുകളുടെ എണ്ണം എത്രയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് പോക്സോ കേസ്സുകളുമായി ബന്ധപ്പെട്ട് 4695 കേസ്സുകൾ കോടതി തീർപ്പുകൽപ്പിക്കുകയും അതിൽ 788 കേസ്സുകളിൽ പ്രതികളെ ശിക്ഷിക്കുകയും ചെയ്തു.

**കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലെ നടപടി**

124 (1488) ശ്രീ. കെ. ജെ. മാക്സി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാ തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ (1-1-2011 മുതൽ 20-7-2021 വരെ) കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ലാ തിരിച്ച കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; ഇതിൽ എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു; എത്ര സ്ഥലങ്ങളിൽ വിശദ പരിശോധന നടത്തുകയുണ്ടായി; എത്ര ഉപകരണങ്ങൾ പിടിച്ചെടുത്തു; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതുമായി ബന്ധപ്പെട്ട് 993 സ്ഥലങ്ങളിൽ വിശദപരിശോധന നടത്തി 246 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചുവരുന്നു. പിടിച്ചെടുത്ത ഉപകരണങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കുട്ടികളുടെ മനസ്സിനും ജീവിതത്തിനും ആഴമേറിയ മുറിപ്പാടുകളുണ്ടാക്കുന്ന ഇത്തരം ഗൂഢസംഘങ്ങളെ അമർച്ചചെയ്യാനും ഇവരുടെ പേരുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനും കർശന നിയമ വ്യവസ്ഥയിൽ ഇവരെ ഉൾപ്പെടുത്തി കഠിന ശിക്ഷവാങ്ങി നൽകുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും തടയുന്നതിനുമായി ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിൽ സൈബർ ഡോമിന്റെ നേതൃത്വത്തിൽ റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ സത്വര നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം ചതിക്കുഴികളിൽ കുട്ടികൾ വീഴാതിരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി സമൂഹമാധ്യമങ്ങൾ വഴിയും അല്ലാതെയും കുട്ടികളിൽ ബോധവൽക്കരണം നടത്തിവരുന്നു.

**ആറുവയസ്സുകാരി പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവം**

125 (1489) <u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവത്തിലെ അന്വേഷണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവത്തിന് മണി S/o. അയ്യപ്പൻ എന്ന ആളുടെ പരാതി പ്രകാരം വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 598/2021 U/s 174 Cr.P.C. altered 449, 302, 376(2)(n)(m), 376(3) IPC & Sec 4 r/w 3 a, 6 r/w 5(i)(1)(m), 10 r/w 9(i)(1)(m) of POCSO Act 2012 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ടി കേസ്സിലെ പ്രതിയായ അർജ്ജുൻ S/o സുന്ദർ എന്നയാളെ നിയമാനുസരണം അറസ്റ്റ് ചെയ്ത് 5-7-2021-ന് ബഹുമാനപ്പെട്ട പീരുമേട് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-II മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും തുടർന്ന് ബഹുമാനപ്പെട്ട കോടതി റിമാന്റ് അനുവദിച്ച് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്. കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിലെ പ്രതിക്ക് ഏതെങ്കിലും രാഷ്ട്രീയ സംഘടനയുമായി ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ കേസ്സിലെ പ്രതിക്ക് രാഷ്ട്രീയ സംഘടനയുമായി ബന്ധമുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) ഈ കേസ്സിലെ പ്രതിയെ സഹായിക്കുകയും തെളിവ് നശിപ്പിക്കാൻ സഹായിച്ചവരെയും കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഈ കേസിലെ പ്രതിയെ ആരെങ്കിലും സഹായിക്കുകയോ തെളിവ് നശിപ്പിക്കുകയോ ചെയ്തതായി നാളിതുവരെ നടത്തിയ അന്വേഷണത്തിൽ വെളിവായിട്ടില്ല.

**ഫയർ & റെസ്ക്യൂ വിഭാഗത്തിന്റെ ആധുനികവൽക്കരണം**

126 (1490) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ & റെസ്ക്യൂ വിഭാഗത്തിന്റെ പ്രവർത്തനം ആധുനിക വൽക്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് 2016-21 കാലയളവിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

വാർഷിക പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 39 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 40.12 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 70 കോടി രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 65 കോടി രൂപയും അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്ക്കരണത്തിനും നവീകരണത്തിനുമായി അനുവദിക്കുകയുണ്ടായി. യൂണിഫോം ആർട്ടിക്കിളുകൾ വാങ്ങുവാനായി 10 കോടി രൂപയും അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് വാങ്ങിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം അനുബന്ധം-1 ആയി ചേർക്കുന്നു..* ദ്രുതഗതിയിൽ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്ന വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ബി) നിലവിൽ ഫയർ & റെസ്ക്യൂ വിഭാഗത്തിന് സ്വതന്ത്ര കമ്മ്യൂണിക്കേഷൻ സിസ്റ്റം ഉണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഇല്ല. നിലവിൽ 100 എണ്ണം വാക്കി ടോക്കികളാണ് വകുപ്പിനുള്ളത്. സ്വതന്ത്ര കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ കൂടുതൽ വാക്കി ടോക്കികൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഫയർ & റെസ്ക്യൂ വിഭാഗത്തിന് നിലവിൽ പ്രത്യേകമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഫയർ & റെസ്ക്യൂ വിഭാഗത്തിന് മാത്രമായി പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) മലയോര മേഖലകളിലും വീതികുറഞ്ഞ വഴികളിലും എത്തിച്ചേർന്ന് റെസ്ക്യൂ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചെറുവാഹനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ നിലവിൽ വിഭാഗത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉണ്ട്. 25 എണ്ണം ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ, 55 എണ്ണം മൾട്ടി യൂട്ടിലിറ്റി വെഹിക്കിളുകൾ, 50 എണ്ണം ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് എന്നിവ വാങ്ങുകയും പുതുതായി 27 എണ്ണം ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

**ഫയർ സ്റ്റേഷൻ നിർമ്മാണം**

127 (1491) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിക്കാൻ വകുപ്പുതല ശിപാർശയുള്ള ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിന് അനുമതി നൽകുന്ന ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള ഫയൽ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

&

(സി) ഫയർ സ്റ്റേഷൻ ആരംഭിക്കാൻ ആവശ്യമായ ഭൂമി കാലിക്കറ്റ് സർവ്വകലാശാല നൽകിയ സാഹചര്യത്തിൽ ഫയർ സ്റ്റേഷന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

18-2-2021-ലെ സ.ഉ.(കൈ)51/2021/ആഭ്യന്തരം പ്രകാരം താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറന്മുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിരുന്നു. സംസ്ഥാനത്ത് മറ്റ് പുതിയ

ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ഈ വിവരം 19-7-2021-ലെ എഫ്2/199/ 2021/ ആഭ്യന്തരം നമ്പർ കത്ത് മുഖേന എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്.

(ഡി) ഇതിനായി മുൻകാല ബഡ്ജറ്റുകളിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2019-20 ബഡ്ജറ്റിൽ 20 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

**ആലത്തൂർ ഫയർ സ്റ്റേഷൻ**

128 (1492) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷന് വേണ്ടിയുള്ള പുതിയ കെട്ടിടനിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വകുപ്പിന് കൈമാറി ലഭിച്ച സ്ഥലത്ത് ഫയർസ്റ്റേഷൻ കെട്ടിടം പണിയുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി പ്ലാൻ, സ്കെച്ച്, മഹസ്സർ, ഫംഗ്ഷണൽ റിക്വയർമെന്റ് സഹിതം കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനായി പാലക്കാട് പൊതുമരാമത്ത് കെട്ടിടം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയാണ്.

(ബി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും നടപടികളും എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ബന്ധപ്പെട്ട പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കി, വകുപ്പ് അംഗീകരിച്ച് ബിൽഡിംഗിനുള്ള ഭരണാനുമതി നൽകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

**അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

129 (1493) <u>ശ്രീമതി ദെലീമ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഫയർ സ്റ്റേഷൻ നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അരൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി വ്യവസായ വകുപ്പിന്റെ 17.78 സെന്റ് (സർവ്വേ നം.409/5) സ്ഥലം ലഭ്യമാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തിയപ്പോൾ റീ സർവ്വേ നമ്പർ 409/5-ൽ 5.46 ആർസ് (13.500 സെന്റ്) സ്ഥലം മാത്രമാണുള്ളത്. കായൽ സർവ്വേയിൽപ്പെട്ട 5.20 ആർസ് സ്ഥലം കൂടി വകുപ്പിന് കൈമാറി ലഭിച്ചാൽ മാത്രമേ ഫയർ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ചില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഈ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം കൈമാറി ലഭിച്ചാൽ മാത്രമേ ഭരണാനുമതി നൽകാൻ സാധിക്കുകയുള്ളൂ.

## ഒറ്റപ്പാലം മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ

130 (1494) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനങ്ങനമല, അമ്പലപ്പാറ തുടങ്ങിയ വനമേഖലയിൽപ്പെട്ട സ്ഥലങ്ങളിൽ കാട്ടുതീ ഉണ്ടാകാറുള്ളതിനാലും മണ്ഡലത്തിൽ സംഭവിക്കുന്ന റോഡപകടങ്ങളിലും മറ്റും നിലവിൽ തൊട്ടടുത്ത മണ്ഡലത്തിലെ ഫയർ സ്റ്റേഷനെ ആശ്രയിക്കേണ്ട സാഹചര്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സാഹചര്യത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

18-2-2021-ലെ സ.ഉ.(കൈ)51/2021/ആഭ്യന്തരം പ്രകാരം താനൂർ, പട്ടാമ്പി, കോങ്ങാട്, കൊല്ലങ്കോട്, കല്ലമ്പലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും ആയതിലേയ്ക്കായി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും; ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറന്മുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഉത്തരവായിരുന്നു. പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷൻ

131(1495) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ തരത്തിൽ അളന്ന് തിട്ടപ്പെടുത്തിയ സർവ്വേ നമ്പർ 724-ൽ പ്പെട്ട 22 സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ആയതിനാൽ പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ തരത്തിൽ അളന്ന് തിട്ടപ്പെടുത്തിയ സർവ്വേ നമ്പർ 724-ൽപ്പെട്ട 22 സെന്റ് സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ആയതി നാൽ പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

## വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ

132 (1496) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വടക്കാഞ്ചേരി ഫയർ സ്റ്റേഷൻ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വാട്ടർ ടെണ്ടർ, ജീപ്പ്, ബുള്ളറ്റ് വിത്ത് വാട്ടർമിസ്റ്റ്, വാട്ടർ ലോറി എന്നീ അഗ്നിരക്ഷാ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കാട്ടുതീ, തുറസ്സായ സ്ഥലങ്ങളിൽ പടരുന്ന തീ എന്നിവ കെടുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വടക്കാഞ്ചേരി ഫയർ സ്റ്റേഷനിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

നിലവിൽ ഉണ്ട്.

**ഫയർസ്റ്റേഷൻ**

133 (1497) ശ്രീ. രമേശ് ചെന്നിത്തല: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിനായി സർക്കാർ അധീനതയിൽ നങ്ങ്യാർകുളങ്ങരയിലെ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്തെന്ന് അറിയിക്കാമോ;

(ബി) ഹരിപ്പാട് ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് എന്ന് അറിയിക്കുമോ;

&

(സി) ഈ വർക്കിന് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷത്തിൽ ടി കെട്ടിട നിർമ്മാണത്തിന് 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2020-21 വർഷത്തിലെ പ്ലാൻ റൈറ്റപ്പിലോ, വർക്ക് ബഡ്ജറ്റിലോ, 2021-22 വർഷത്തിലെ വർക്ക് ബഡ്ജറ്റിലോ ഹരിപ്പാട് ഫയർസ്റ്റേഷൻ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. വകുപ്പിലെ കെട്ടിട നിർമ്മാണത്തിനായി 2019-20 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ആകെ 5 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ ഹരിപ്പാട് കെട്ടിട നിർമ്മാണത്തിന് വകുപ്പ് മേധാവി ശിപാർശ ലഭ്യമാക്കിയിരുന്നില്ല. 23-9-2020-ലാണ് ശിപാർശ ലഭ്യമായത്. 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നിലയത്തിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

(ഡി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുമോ?

നടപ്പ് സാമ്പത്തിക വർഷം ഈ പ്രവൃത്തി ഏറ്റെടുക്കാൻ നിർവ്വാഹമില്ല.

**ഉപ്പള അഗ്നിശമന നിലയം**

134 (1498) ശ്രീ. കെ. എം. അഷ്റഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള അഗ്നിശമനനിലയം മംഗൽപാടി പഞ്ചായത്തിന്റെ താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മംഗൽപാടി വില്ലേജിലെ സോങ്കാൽ എന്ന സ്ഥലത്ത് 1.5 ഏക്കർ ഭൂമി അഗ്നിശമനനിലയത്തിനുവേണ്ടി ലഭ്യമാക്കാനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണുള്ളതെന്ന് വിശദമാക്കുമോ?

ഉപ്പള അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് മംഗൽപാടി വില്ലേജിലെ റീ-സർവ്വേ നമ്പർ 50/1-ൽപ്പെട്ട 1.5 ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽ നിന്നും അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ചുകിട്ടിയിട്ടുണ്ട്.

(സി) ഉപ്പള അഗ്നിശമനനിലയത്തിന് ഭൂമി ലഭ്യമാക്കി സ്വന്തം കെട്ടിടം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ?

കെട്ടിടനിർമ്മാണത്തിന് ആവശ്യമായ ഭൂമി കൈമാറി ലഭിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത അഗ്നിശമനനിലയത്തിൽ നിലവിൽ ഏതൊക്കെ തസ്തികകളാണ് ഉള്ളത്; ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണ്; ഒഴിവുകൾ ഉണ്ടെങ്കിൽ ആയത് നികത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു*. ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.*

### വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ

135 (1499) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴ് മലയോര പഞ്ചായത്തുകൾ ഉൾപ്പെടുന്ന വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ താലൂക്ക് ആസ്ഥാനമായ വെള്ളരിക്കുണ്ടിലേയ്ക്കും മറ്റ് പ്രദേശങ്ങളിലേയ്ക്കും ഏറ്റവും അടുത്തുള്ള കാഞ്ഞങ്ങാട് ഫയർ സ്റ്റേഷനിൽ നിന്നുപോലും എത്തിച്ചേരാൻ 50 Km അധികം ദൂരം ഉണ്ടെന്നിരിക്കെ, എല്ലാംകൊണ്ടും സൗകര്യപ്രദമായ പരപ്പ വില്ലേജിലെ ബിരിക്കുളത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബിരിക്കുളം ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വകുപ്പുതല സാദ്ധ്യതാപഠനം, സ്ഥലത്തിന്റെ ലഭ്യത, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമാകുന്നമുറയ്ക്ക് ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**മട്ടന്നൂർ ഫയർ സ്റ്റേഷൻ**

136 (1500) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഫയർ സ്റ്റേഷൻ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മട്ടന്നൂർ ഫയർ സ്റ്റേഷൻ നിലവിൽ കോളാരി സഹകരണ ബാങ്കിന്റെയും മുനിസിപ്പാലിറ്റിയുടെയും കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. മുൻപ് ഫയർ സ്റ്റേഷൻ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് കാറ്റിലും മഴയിലുംപെട്ട് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പുതിയ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

11-2-2021-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 457/2021/ആഭ്യന്തരം പ്രകാരം മട്ടന്നൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) ഫയർസ്റ്റേഷന്റെ പുനർനിർമ്മാണത്തിന്റെ നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

കെട്ടിട നിർമ്മാണത്തിനായി ടെണ്ടർ നടപടികൾക്കായി തലശ്ശേരി പൊതുമരാമത്ത് വകുപ്പ് (കെട്ടിടം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വകുപ്പ് മേധാവി കത്ത് നൽകിയിട്ടുണ്ട്.

**തിരൂർ ഫയർ സ്റ്റേഷനിൽ നിലവിലുള്ള വാഹനങ്ങളുടെ അവസ്ഥ**

137 (1501) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് പഞ്ചായത്തുകളും മൂന്ന് മുനിസിപ്പാലിറ്റികളും ഉൾപ്പെടെ വിശാലമായ പ്രദേശങ്ങൾ പ്രവർത്തന പരിധിയിലുള്ള തിരൂർ ഫയർ സ്റ്റേഷനിൽ നിലവിലുള്ള വാഹനങ്ങളുടെ അവസ്ഥ വളരെ പരിതാപകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ തിരൂർ ഫയർസ്റ്റേഷനിൽ പ്രവർത്തനക്ഷമമായ രണ്ട് വാട്ടർ ടെണ്ടറുകൾ ഉണ്ട്. അവ നിലയത്തിന്റെ പ്രവർത്തനത്തിന് പര്യാപ്തമാണ്. അതുകൂടാതെ മഞ്ചേരി നിലയത്തിൽനിന്നും പ്രവർത്തനക്ഷമമായ ഒരു വാഹനം കൂടി തിരൂർ നിലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) എഞ്ചിൻ കണ്ടീഷൻ മോശമായ 2009 മോഡൽ മൊബൈൽ ടാങ്കർ യൂണിറ്റ് വാഹനവും പ്രവർത്തനക്ഷമമല്ലാത്ത 2010 മോഡൽ വാഹനവുമാണ് സ്റ്റേഷനിൽ ഉള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ തിരൂർ ഫയർസ്റ്റേഷനിൽ പ്രവർത്തനക്ഷമമായ രണ്ട് വാട്ടർ ടെണ്ടറുകൾ ഉണ്ട്. അവ നിലയത്തിന്റെ പ്രവർത്തനത്തിന് പര്യാപ്തമാണ്. അതുകൂടാതെ മഞ്ചേരി നിലയത്തിൽനിന്നും പ്രവർത്തനക്ഷമമായ ഒരു വാഹനം കൂടി തിരൂർ നിലയത്തിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) ഫയർ സ്റ്റേഷന്റെ സേവനം കാര്യക്ഷമമാക്കുന്നതിനായി പുതിയ വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതിയ വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തിരൂർ നിലയത്തിന് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം

138 (1502) <u>ശ്രീ. പി. പി. സുമോദ്</u>: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരിയിലുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ജീർണ്ണാവസ്ഥയിലുള്ള വാടകക്കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നതെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വടക്കാഞ്ചേരി 2 വില്ലേജിൽ പി.ഡബ്ല്യു.ഡി. എൻ.എച്ച്. പുറമ്പോക്കിലെ 60 സെന്റ് സ്ഥലം കൈമാറ്റം ചെയ്തുകൊണ്ട് അവിടെ ഒരു പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

വടക്കഞ്ചേരി (പാലക്കാട്) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും സ്ഥലം കൈമാറി ലഭിച്ചിട്ടില്ല. അതിന് പകരമായി വടക്കഞ്ചേരി 2 വില്ലേജിലെ പൊതുമരാമത്ത് വകുപ്പ് എൻ.എച്ച്. പുറമ്പോക്കിലെ 60 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് കാണുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## സംസ്ഥാനത്തെ ജയിലുകൾ

139 (1503) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്ന ചിലരാണ് പ്രധാന നഗരങ്ങളിലെ ലഹരി കച്ചവടം നിയന്ത്രിക്കുന്നതെന്ന് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സെൻട്രൽ ജയിലുകളിൽ ഉൾപ്പെടെ തടവിൽ കഴിയുന്ന മയക്കുമരുന്ന് കേസ് പ്രതികൾ കോൾ കോൺഫറൻസ് സംവിധാനത്തിലൂടെ പുറത്തുള്ള ഏജന്റുമാരുമായി ബന്ധപ്പെടുകയും ലഹരി കച്ചവടത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന സാഹചര്യമുള്ളതായി ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ എൻ.ഡി.പി.എസ്. കേസിൽ പ്രതിയായ ഒരാൾ ജയിലിലെ തടവുകാർക്കുള്ള ഫോൺ ഉപയോഗിച്ച് അയാളുടെ ഭാര്യയെ വിളിച്ചപ്പോൾ ഫോൺ സൗകര്യം ദുരുപയോഗം ചെയ്തുവെന്ന കാര്യത്തിൽ രജിസ്റ്റർ ചെയ്ത 04/2021-ാം നമ്പർ കേസിൽ അന്വേഷണ ഏജൻസിക്ക് മുമ്പാകെ മൊഴി നൽകിയിരുന്നു.

(സി) എങ്കിൽ ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ കൃത്യമായ നിരീക്ഷണവും ജാഗ്രതയും പുലർത്താൻ എല്ലാ ജയിൽ ഉദ്യോഗസ്ഥർക്കും ജയിൽ മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

## വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തിക

140 (1504) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിൽ ആകെ 18 ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

9 ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിരുന്നു. വകുപ്പിൽ നിന്നും 4 ജീവനക്കാർ വിടുതൽ ചെയ്തതുവഴിയും 16-7-2021-ന് 3 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകിയതുവഴിയുമുണ്ടായ 7 ഒഴിവുകൾ പി.എസ്.സി.-ക്കും 2 ഒഴിവുകൾ കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിലേക്കും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാറ്റഗറി 457/2016 ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണെന്നും പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയിക്കാമോ?

കാറ്റഗറി 457/2016 പ്രകാരമുള്ള വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റ് 3-3-2020-ലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ലിസ്റ്റിന്റെ കാലാവധി 2-3-2023-ൽ അവസാനിക്കും. ടി ലിസ്റ്റിൽനിന്നും 64 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നു. 8-5-2020 മുതൽ 29-6-2021 വരെയുള്ള നിയമന ശിപാർശകളിൽ 62 പേർക്ക് നിയമന ഉത്തരവുകൾ നൽകിയിട്ടുണ്ട്. 12 പേർ ജോലിയിൽ പ്രവേശിക്കാതിരുന്നതിനാൽ ഈ ഒഴിവുകൾ NJD ആയി പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**വയനാട് ജില്ലയിൽ പുതിയ ജയിൽ**

141 (1505) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയതായി ജയിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുതലം വരെ എത്തി എന്ന് വിശദമാക്കാമോ;

&

(സി) വയനാട് ജില്ലയിൽ സ്ഥലം ലഭ്യമാകുന്നിടത്ത് ജയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

ഉണ്ട്. സുൽത്താൻബത്തേരി താലൂക്കിൽ പുൽപ്പള്ളി വില്ലേജിൽ ജയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി വിൽപ്പനയ്ക്കായി ഉണ്ടെന്ന് വയനാട് ജില്ലാ കളക്ടർ കണ്ടെത്തിയിട്ടുണ്ട്. ലാന്റ് അക്വിസിഷൻ മുഖേന ടി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

**കൂത്തുപറമ്പിലെ സബ് ജയിൽ**

142 (1506) ശ്രീ. കെ. പി. മോഹനൻ: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൂത്തുപറമ്പ് മണ്ഡലത്തിലെ കൂത്തുപറമ്പിൽ നിർമ്മിക്കുന്ന സബ് ജയിലിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന്റെ നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു. അനുബന്ധ പ്രവൃത്തികളും ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തിയും അവസാന ഘട്ടത്തിലാണ്.

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

143 (1507) ഡോ. എൻ. ജയരാജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ പ്രസ്സുകൾ നവീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി കിഫ്ബി മുഖേന 100 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനായി തെരഞ്ഞെടുത്ത സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഇതിനോടകംതന്നെ വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് കിഫ്ബിയുടെ പരിഗണനയിലാണ്. ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ പുതുതായി ഒരു മൾട്ടി കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിച്ചു. ഈ മെഷീൻ ഉപയോഗിച്ച് ടെക്സ്റ്റ് ബുക്കുകൾ, ലോട്ടറി, സർക്കാർ ഡയറി, കലണ്ടർ എന്നിവയും മണ്ണന്തല പ്രസ്സിലെ ഭൂരിഭാഗം ജോലികളും നിർവ്വഹിക്കാൻ സാധിക്കും. അച്ചടി വകുപ്പിൽ നിലവിൽ എക്സ്ട്രാ ഓർഡിനറി ഗസറ്റുകൾ ഓൺലൈനായാണ് പ്രസിദ്ധീകരിക്കുന്നത്. കേരള ഗസറ്റും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അച്ചടി വകുപ്പ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ OMR ഷീറ്റ് പുതിയ യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തി സുരക്ഷാ സംവിധാനങ്ങളോടെ അച്ചടിക്കുന്നുണ്ട്. 2020-21 സാമ്പത്തികവർഷത്തിൽ

ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന് 6.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 6,35,00,000 രൂപയുടെ മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 6,50,00,000 രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 1,50,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) വാഴൂർ സർക്കാർ പ്രസ്സിന്റെ നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

അച്ചടി വകുപ്പിനുകീഴിലുള്ള വാഴൂർ ഗവൺമെന്റ് പ്രസ്സുമായി ബന്ധപ്പെട്ട ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മാണം, വേസ്റ്റ് പേപ്പർ ഗോഡൗൺ വിപുലീകരണം, ടോയ്‌ലറ്റ് സൗകര്യങ്ങളുടെ നവീകരണം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 27/01/2016-ലെ സ.ഉ.(സാധാ) 269/16/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ഓഫീസ് കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മാണം, വേസ്റ്റ് പേപ്പർ ഗോഡൗൺ വിപുലീകരണം എന്നീ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടോയ്‌ലറ്റ് സൗകര്യങ്ങളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) വാഴൂർ സർക്കാർ പ്രസ്സിൽ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഇപ്പോൾ ലഭ്യമാണോയെന്നും ആയത് പ്രവർത്തിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയത് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

അച്ചടിവകുപ്പിന് കീഴിലുള്ള വാഴൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ തൃപ്തികരമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

## ന്യൂനപക്ഷ സ്കോളർഷിപ്പ്

144 (1508) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(സി) ഹൈക്കോടതി വിധിയെ തുടർന്ന് ന്യൂനപക്ഷ വകുപ്പിന്റെ പ്രവർത്തനത്തിൽ സ്തംഭനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇല്ല.

## ന്യൂനപക്ഷ കോച്ചിംഗ് ക്ലാസ്സുകൾ

145 (1509) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ അനുപാതം ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് സംസ്ഥാനത്തെ ന്യൂനപക്ഷ കോച്ചിംഗ് സെന്ററുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല എന്നത് പരിശോധിക്കുകയുണ്ടായോ?

സംസ്ഥാനത്തെ ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടില്ല. 6 മാസം ദൈർഘ്യമുള്ള കോഴ്സുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇത് ന്യൂനപക്ഷ കോച്ചിംഗ് ക്ലാസ്സുകളെ ആശ്രയിക്കുന്ന ഉദ്യോഗാർത്ഥികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബഹുമുഖ വികസന പദ്ധതി

146 (1510) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ബഹുമുഖ വികസന പദ്ധതിയിലൂടെ സംസ്ഥാനത്ത് നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്?

ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതിയായ, മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം, 2018-19 സാമ്പത്തിക വർഷം മുതൽ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം എന്ന പേരിൽ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള, നൈപുണ്യ വികസന മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സ്കൂളുകളിൽ അധിക ക്ലാസ് മുറികളുടെ നിർമ്മാണം, സ്മാർട്ട് ക്ലാസ് റൂമുകൾ, ബഡ്സ് സ്കൂളുകളുടെ കെട്ടിട നിർമ്മാണം, ടോയ്‌ലറ്റ് ബ്ലോക്കുകൾ, ആരോഗ്യ മേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, ഡയാലിസിസ് യൂണിറ്റ്, കുടിവെള്ള മേഖലയിൽ ജലദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് വിമൻസ് സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ, സദ്ഭാവന മണ്ഡപങ്ങൾ കൂടാതെ വുമൻസ് ഹോസ്റ്റലുകൾ, ഹുണാർ ഹബ്ബുകൾ, മാർക്കറ്റ് ഷെഡുകൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞ 5 വർഷം സംസ്ഥാനത്ത് എത്ര തുക വിനിയോഗിച്ചു; അതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്ര?

പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞ 5 വർഷം സംസ്ഥാനത്ത് 3,886.40 ലക്ഷം രൂപ വിനിയോഗിച്ചു. അതിൽ 3,246.93 ലക്ഷം രൂപയാണ് കേന്ദ്ര സർക്കാരിന്റെ വിഹിതം.

(സി) സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ മുഖേന നിലവിൽ നൽകിവരുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

സ്വയംതൊഴിൽ വായ്പ, ബിസിനസ്സ് വിപുലീകരണ വായ്പ, വിദ്യാഭ്യാസ വായ്പ, ഭവന വായ്പ, പ്രവാസി വായ്പ, വിസ വായ്പ, ഉദ്യോഗസ്ഥർക്കുള്ള വായ്പ, മദ്രസ്സാദ്ധ്യാപകർക്കുള്ള ഭവന വായ്പ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ എന്നിവയാണ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നിലവിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ.

(ഡി) ന്യൂനപക്ഷ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്ന പരിശീലനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (പി.എസ്.സി.), യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ (യു.പി.എസ്.സി.), ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾ (ഐ.ബി.പി.എസ്.), റെയിൽവേ റിക്രൂട്ട്മെൻറ് ബോർഡ് (ആർ.ആർ.ബി.) തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾ എന്നിവക്കായുള്ള പരിശീലനമാണ് ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ വഴി മുഖ്യമായും നൽകിവരുന്നത്

**കോവിഡ് - തൊഴിൽ മേഖലയിലെ പ്രതിസന്ധികൾ**

147 (1511) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം ലൈറ്റ് ആന്റ് സൗണ്ട്, പന്തൽ എന്നീ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിൽ ഉടമകളും തൊഴിലാളികളും കടുത്ത പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡ് മൂലമുണ്ടായ പ്രതിസന്ധി അവസാനിക്കുന്നതുവരെ താൽക്കാലികമായി നിശ്ചിത തുക സഹായധനം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

കോവിഡ് വ്യാപനത്തിന്റെ ഒന്നാം ഘട്ടത്തിൽ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ലൈറ്റ് ആന്റ് സൗണ്ട്, പന്തൽ അടക്കമുള്ള മേഖലയിൽ ജോലിചെയ്യുന്ന എല്ലാ സജീവ അംഗങ്ങൾക്കും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 1,000 രൂപ കോവിഡ് ധനസഹായം അനുവദിച്ചിരുന്നു. ഇതുകൂടാതെ ക്വാറന്റൈനിൽ ആയിരുന്ന അംഗങ്ങൾക്ക് 5,000 രൂപയും കോവിഡ് ബാധിതരായ അംഗങ്ങൾക്ക് 10,000 രൂപയും ക്ഷേമനിധി ബോർഡിൽനിന്ന് പ്രത്യേകമായി നൽകിയിരുന്നു. രണ്ടാം ഘട്ടത്തിൽ എല്ലാ സജീവ ക്ഷേമനിധി അംഗങ്ങൾക്കും 1,000 രൂപ കോവിഡ് ധനസഹായം വിതരണം ചെയ്യുന്നതാണ്. കൂടാതെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 1,000 രൂപ വീതം കോവിഡ് വ്യാപനത്തിന്റെ 2 ഘട്ടങ്ങളിലും അനുവദിച്ചിട്ടുണ്ട്. കോവിഡ് മൂലമുണ്ടായ പ്രതിസന്ധി അവസാനിക്കുന്നത് വരെ താൽക്കാലികമായി നിശ്ചിത തുക സഹായ ധനം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിലുള്ള ലോണുകൾക്ക് പലിശ ഇളവ് നൽകുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് പലിശരഹിത ലോണുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക്, വായ്പകളെ തരംതാഴാതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0-Resolution of Covid 19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടുവർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid 19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ദേശീയ വാണിജ്യബാങ്കുകളിലെ വായ്പകളുടെ പലിശ നിരക്കുകൾ തീരുമാനിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് ബാങ്കുകളുടെ ഭരണസമിതിയാണ്.

## സ്ത്രീധന നിരോധന നിയമങ്ങൾ

148 (1512) ശ്രീ. എം. എം. മണി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സ്ത്രീധന നിരോധന നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും നടക്കുന്നതായ വാർത്തകൾ സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സ്ത്രീധന പീഡനങ്ങളും മരണങ്ങളും നടക്കുന്നതായ വാർത്തകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കേരളാ സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി (കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ, 2021) എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന പീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്ത് ഉണ്ടാവാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) വിവാഹ നടത്തിപ്പിൽ ഇടനിലക്കാരായ സാമുദായിക മതസ്ഥാപനങ്ങളുടെ വിവാഹ രജിസ്റ്ററിൽ വിവാഹ സമയം വധു അണിഞ്ഞിരുന്ന ആഭരണങ്ങളുടെയും വരന് നൽകിയ പോക്കറ്റ് മണിയുടെയും കണക്കുകൾ രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചില സാമുദായിക സംഘടനകളുടെ വിവാഹ രജിസ്റ്ററിൽ വിവാഹ സമയം വധു അണിഞ്ഞിരിക്കുന്ന ആഭരണങ്ങളുടെയും വരന് നൽകിയ പോക്കറ്റ് മണിയുടെയും കണക്കുകൾ രേഖപ്പെടുത്താറുണ്ട്.

(സി) വിവാഹ നിശ്ചയത്തിന് ശേഷമോ, വിവാഹാനന്തര ദിവസങ്ങളിലോ വധുവിന്റെയോ വരന്റെയോ പേരിൽ വലിയ തുകകൾ ബാങ്ക് നിക്ഷേപമായി നൽകുന്നതായ വിവരങ്ങൾ സ്ത്രീധനത്തിന് സമാനമായ നടപടിയായി കാണാൻ കഴിയുമോയെന്ന് അറിയിക്കാമോ?

1961-ലെ സ്ത്രീധന നിരോധന ആക്ട്, വകുപ്പ് 3 ന്റെ ഉപവകുപ്പ് 2-ൽ, വിവാഹ സമയത്ത് വധുവിനോ വരനോ നൽകുന്ന സമ്മാനം സ്ത്രീധനമായി കരുതപ്പെടില്ലെന്ന് പറയുന്നു. എന്നാൽ വിവാഹനിശ്ചയത്തിന് ശേഷമോ വിവാഹാനന്തര ദിവസങ്ങളിലോ വധുവിന്റെയോ വരന്റെയോ പേരിൽ സമ്മാനം എന്ന വ്യാജേന വലിയ തുകകൾ ബാങ്ക് നിക്ഷേപമായി നൽകുന്നത് സ്ത്രീധനത്തിന് സമാനമായ നടപടിയായി കാണാവുന്നതാണ്.

(ഡി) എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി (കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ, 2021) എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി

നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ദ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി, വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ, സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നൽകണമെന്ന് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായ വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

### കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഐ.സി.എം.ആർ.-ന്റെ കോവിഡ് മാനദണ്ഡങ്ങൾ

149 (1513) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഐ.സി.എം.ആർ.-ന്റെ കോവിഡ് മാനദണ്ഡങ്ങൾ എല്ലാ സ്ഥാപനങ്ങളും പാലിക്കണമെന്ന് നിർബന്ധമുണ്ടോ; എങ്കിൽ കോവിഡിന്റെ ആദ്യ തരംഗം മുതൽ സംസ്ഥാനത്ത് ഇത് പാലിച്ചിരുന്നോ; മാനദണ്ഡങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിരുന്നോ?

ഐ.സി.എം.ആർ.-ന്റെയും ലോകാരോഗ്യ സംഘടനയുടെയും നിർദ്ദേശ പ്രകാരമുള്ള കോവിഡ് മാനദണ്ഡങ്ങൾ തന്നെയാണ് സംസ്ഥാനത്തും നടപ്പാക്കിയിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ഇത് പാലിക്കണം എന്നത് സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സാംക്രമിക രോഗങ്ങൾ ആക്ട് 2021 പ്രകാരം മാനദണ്ഡങ്ങൾ ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾ പാലിക്കേണ്ട സാമൂഹ്യ അകലം കോവിഡിന്റെ ആദ്യ വ്യാപനത്തിൽ എത്രയായിരുന്നു; ഇത് രണ്ടാം വ്യാപനത്തിൽ എത്രയാണ്; രണ്ടാം തരംഗത്തിൽ എത്ര ജീവനുകളാണ് സംസ്ഥാനത്ത് നഷ്ടമായത് എന്നറിയിക്കുമോ?

കോവിഡിന്റെ ആദ്യതരംഗത്തിലും രണ്ടാം തരംഗത്തിലും പാലിക്കേണ്ട സാമൂഹിക അകലം 2 മീറ്റർ തന്നെയായിരുന്നു. സ്വീകരിക്കേണ്ട മറ്റ് സുരക്ഷാ മാനദണ്ഡങ്ങളിലും മാറ്റങ്ങൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല. 2021 ഏപ്രിൽ 01 മുതൽ ജൂലൈ 25 വരെ 11549 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സാമൂഹ്യ അകലം സംബന്ധിച്ച നിർദ്ദേശങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പ്രോട്ടോക്കോൾ സംബന്ധിച്ച് സർക്കാർ സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

(ഡി) പൊതുജനങ്ങളുടെ സുരക്ഷാ കാര്യങ്ങളിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇളവെന്തെങ്കിലും അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഇളവ് അനുവദിച്ചിട്ടില്ല.

(ഇ) പൊതുജനങ്ങളുടെ സുരക്ഷാകാര്യങ്ങളിൽ ഗവണ്മെന്റിനെ മറികടന്ന് കെ.എസ്.ആർ.ടി.സി. നടപടി ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതവും കർശനവുമായ നിയമ നടപടി ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ചിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(എഫ്) ബോർഡ്/കോർപ്പറേഷനുകൾ ഇത്തരം നടപടികൾ സ്വീകരിക്കാതിരിക്കാൻ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നല്കുമോ?

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സർവ്വീസ് ഓപ്പറേഷൻ ക്രമീകരിക്കാൻ കോർപ്പറേഷൻ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതനുസരിച്ച് സർവ്വീസ് നടത്തുകയുമാണ് ചെയ്തുവരുന്നത്.

## ആരോഗ്യ വകുപ്പിൻ കീഴിൽ ചികിത്സാ സഹായം

150 (1514) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നു.

(ബി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ വഴി ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സാ സഹായം കൊടുക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

രോഗങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സ്കീമിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകരിച്ച 15 അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ 8-1-2016-ലെ സ.ഉ.സാധാ നമ്പർ 129/2016 പ്രകാരം 34 ആശുപത്രികളെയും പക്ഷാഘാത ചികിത്സയ്ക്കുവേണ്ടി 17 ആയുർവേദ ചികിത്സാ സ്ഥാപനങ്ങളെയും കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സ്കീം വഴി എത്ര രൂപവരെ ധസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

സൊസൈറ്റി, അംഗീകൃത ആശുപത്രികളുടെ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന തുക പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ധനസഹായമായി നൽകിവരുന്നു.

(ഇ) ഏത് ദിവസം വരെ സമർപ്പിച്ച അപേക്ഷകൾക്കാണ് ചികിത്സ സഹായം ലഭ്യമാക്കിയത്; ലഭിച്ച അപേക്ഷകൾക്ക് മുഴുവൻ എത്രയും വേഗം ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഫെബ്രുവരി 2020 വരെ ലഭ്യമായ അപേക്ഷകൾക്കാണ് നിലവിൽ ധന സഹായം നൽകിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽനിന്നും ലഭ്യമാകുന്ന തുകയ്ക്കനുസരിച്ച് നിലവിലുള്ള അപേക്ഷകൾ തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പൂയപ്പള്ളി, പൊഴിക്കര പി.എച്ച്.സി.കളിൽ ആർദ്രം പദ്ധതി

151 (1515) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി അനുവദിച്ചിട്ടുള്ള പൂയപ്പള്ളി, പൊഴിക്കര (പരവൂർ) എന്നീ പി.എച്ച്.സി.-കളിൽ പ്രസ്തുത പദ്ധതി ഇതിനകം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇല്ലെങ്കിൽ, പ്രസ്തുത പി.എച്ച്.സി.-കളിൽ ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും എങ്കിൽ അവ എന്തെല്ലാമെന്നും വിശദമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൂയപ്പള്ളി, പൊഴിക്കര (പരവൂർ) എന്നീ പി.എച്ച്.സി.-കളിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കി 16-2-2021 മുതൽ പ്രവർത്തിച്ചുവരുന്നു.

**ചെർപ്പുളശ്ശേരി സി.എച്ച്.സി.-യുടെ വികസനം**

152 (1516) ശ്രീ. പി. മമ്മിക്കുട്ടി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെർപ്പുളശ്ശേരി സി.എച്ച്.സി.-യുടെ പദവി ഉയർത്തിയെങ്കിലും നാളിതുവരെ സ്പെഷ്യാലിറ്റി കേഡർ തസ്തികകൾ സൃഷ്ടിക്കാൻ നടപടിയായിട്ടില്ലാത്ത സാഹചര്യത്തിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) അടിസ്ഥാനവികസന പ്രശ്നങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ ആശുപത്രിക്കായി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

&

(ഡി) അടിയന്തരമായി ഈ ആശുപത്രിയിൽ ആരംഭിക്കേണ്ട ഗൈനക്കോളജി, ഓർത്തോ, എക്സ് റേ യൂണിറ്റ് എന്നിവ സംബന്ധിച്ച നടപടികളുടെ വിശദവിവരങ്ങൾ നൽകുമോ?

ചെർപ്പുളശ്ശേരി സി.എച്ച്.സി. നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമായാണ് പ്രവർത്തിക്കുന്നത്. ആർദ്രം മാനദണ്ഡപ്രകാരം പഞ്ചായത്ത് തലത്തിൽ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങളും ഒരു റവന്യൂ ബ്ലോക്കിൽ തെരഞ്ഞെടുത്ത ഒരു സി.എച്ച്.സി.-യെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രം ആയി വികസിപ്പിക്കുന്ന പ്രവർത്തനങ്ങളുമാണ് നടന്നുവരുന്നത്. ആർദ്രം പദ്ധതി പ്രകാരം ഒരു റവന്യൂ ബ്ലോക്കിൽനിന്നും ഒരു സി.എച്ച്.സി./പി.എച്ച്.സി.-യെ ആണ് ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി

ഉയർത്താൻ നിശ്ചയിച്ചിരിക്കുന്നത്. ആയതിൻ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്കിലെ സി.എച്ച്.സി. കടമ്പഴിപ്പുറം, സി.എച്ച്.സി. ചെർപ്പുളശ്ശേരി എന്നീ സ്ഥാപനങ്ങളിൽ നിന്നും സി.എച്ച്.സി. കടമ്പഴിപ്പുറം എന്ന സ്ഥാപനത്തെ ആണ് 20-3-2020-ലെ സ.ഉ(ആർ.റ്റി)നം.619/2020/ എച്ച്&എഫ് ഡബ്ല്യൂ പ്രകാരം ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ അഞ്ച് അസിസ്റ്റന്റ് സർജനും ഒരു ഡെന്റൽ സർജനുമാണുള്ളത്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

153 (1517) ശ്രീ. പി. വി. ശ്രീനിജിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളതെന്നറിയിക്കുമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

1. പ്രാഥമികാരോഗ്യകേന്ദ്രം, കുമാരപുരം
2. പ്രാഥമികാരോഗ്യകേന്ദ്രം, മഴുവന്നൂർ
3. പ്രാഥമികാരോഗ്യകേന്ദ്രം, തിരുവാണിയൂർ
4. പ്രാഥമികാരോഗ്യകേന്ദ്രം, വാഴക്കുളം
5. പ്രാഥമികാരോഗ്യകേന്ദ്രം, എടത്തല
6. പ്രാഥമികാരോഗ്യകേന്ദ്രം, പട്ടിമറ്റം
7. പ്രാഥമികാരോഗ്യകേന്ദ്രം,പൂതൃക്ക

ഇതിൽ മഴുവന്നൂർ, വാഴക്കുളം, തിരുവാണിയൂർ എന്നിവ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കുടുംബാരോഗ്യകേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരമുള്ള എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ എർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു:

1. വൈകിട്ട് 6 മണിവരെ ഒ.പി., ഫാർമസി സേവനം
2. ഇ-ഹെൽത്ത് രജിസ്ട്രേഷൻ അടിസ്ഥാനമാക്കിയുള്ള ഒ. പി ചികിത്സ
3. ഒ.പി.-യിൽ ടോക്കൺ സംവിധാനം
4. ലാബ് സൗകര്യം
5. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വെയിറ്റിംഗ് ഏരിയ, ശുദ്ധജലം ലഭിക്കുന്നതിനുള്ള സൗകര്യം
6. ജീവിതശൈലീ രോഗ ക്ലിനിക്കുകൾ
7. ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ.

(സി) കുന്നത്തുനാട്ടിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതിയിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ?

1. <u>കുടുംബാരോഗ്യ കേന്ദ്രം, മഴുവന്നൂർ</u>

   അസിസ്റ്റന്റ് സർജൻ-1,

   സ്റ്റാഫ് നഴ്സ്-2,

   ലാബ് ടെക്നീഷ്യൻ-1,

   ഫാർമസിസ്റ്റ്-1.

2. <u>കുടുംബാരോഗ്യകേന്ദ്രം, വാഴക്കുളം</u>

   അസിസ്റ്റന്റ് സർജൻ-1,

   സ്റ്റാഫ് നഴ്സ് -2,

   ലാബ് ടെക്നീഷ്യൻ-1,

   ഫാർമസിസ്റ്റ്-1.

3. <u>പ്രാഥമികാരോഗ്യകേന്ദ്രം, കുമാരപുരം</u>

   അസിസ്റ്റന്റ് സർജൻ -1.

4. <u>പ്രാഥമികാരോഗ്യകേന്ദ്രം, എടത്തല</u>

   അസിസ്റ്റന്റ് സർജൻ -1,

   ലാബ് ടെക്നീഷ്യൻ -1.

**വൈപ്പിൻ നിയോജക മണ്ഡലത്തിലെ ആർദ്രം പദ്ധതി**

154 (1518) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിൽ മൂന്ന് ഘട്ടങ്ങളായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം ഒന്നാം ഘട്ടം, 28-3-2017,(GO(Rt) No.845/2017/H&FWD, പ്രാഥമികാരോഗ്യകേന്ദ്രം, നായരമ്പലം. ആർദ്രം രണ്ടാം ഘട്ടം, 16-6-2018(GO(Rt)No.113/2018/H&FWD, പ്രാഥമികാരോഗ്യ കേന്ദ്രം, അയ്യമ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം, മുളവുകാട് പ്രാഥമികാരോഗ്യ കേന്ദ്രം, മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രം, എടവനക്കാട് ആർദ്രം മൂന്നാം ഘട്ടം, 22-10-2020, (GO(Rt)No.1947/2020/H&FWD , പ്രാഥമികാരോഗ്യകേന്ദ്രം, പിഴല പ്രാഥമികാരോഗ്യകേന്ദ്രം, പുതുവൈപ്പ് പ്രാഥമികാരോഗ്യകേന്ദ്രം, വല്ലാർപാടം. ഇതിൽ പ്രാഥമികാരോഗ്യകേന്ദ്രം നായരമ്പലം, അയ്യമ്പിള്ളി, മുളവുകാട്, മുനമ്പം, എടവനക്കാട് എന്നിവ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത വർക്ക് സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി ടി കേന്ദ്രങ്ങളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(1) പ്രാഥമികാരോഗ്യകേന്ദ്രം, നായരമ്പലം

അസിസ്റ്റന്റ് സർജൻ -1

സ്റ്റാഫ് നഴ്സ് -2

ലാബ് ടെക്നീഷ്യൻ -1

(2) കുടുംബാരോഗ്യകേന്ദ്രം, എടവനക്കാട്

അസിസ്റ്റന്റ് സർജൻ -1

സ്റ്റാഫ് നഴ്സ് - 1

ലാബ് ടെക്നീഷ്യൻ -1

(3) <u>കുടുംബാരോഗ്യകേന്ദ്രം, മുളവുകാട്</u>

സ്റ്റാഫ് നഴ്സ്-1

ലാബ് ടെക്നീഷ്യൻ-1

ഇതുകൂടാതെ 20-3-2020-ലെ G.O.(Rt)No.619/2020/H&FWD പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.*

**സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെ ഡോക്ടർമാരുടെ സേവനപരിധി**

155 (1519) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രങ്ങൾ എന്നിവയിലെ ഡോക്ടർമാരുടെ സേവനത്തിന് ഭൂമിശാസ്ത്രപരമായ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഫീൽഡുതല പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ഓരോ സ്ഥാപനത്തിനും ഭൂമിശാസ്ത്രപരമായ മേഖലകൾ തിരിച്ച് നൽകിയിട്ടുണ്ട്. കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാരുടേത് അടക്കമുള്ള ക്ലിനിക്കൽ സേവനങ്ങൾക്ക് ഭൂമിശാസ്ത്രപരമായ പരിധി നിശ്ചയിച്ചിട്ടില്ല.

(ബി) അവരുടെ സേവനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ മേൽനോട്ടം നടത്തിവരുന്നുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നുള്ള സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ;

&

(ഡി) ഇത്തരം ആരോഗ്യകേന്ദ്രങ്ങളിൽനിന്നുള്ള സേവനം ഗ്രാമപഞ്ചായത്ത് കണക്കാക്കാതെ സാർവ്വത്രികമായി ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ വകുപ്പ് വഴി ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് ലഭ്യമാക്കുന്ന സേവനങ്ങൾ അതത് ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വ്യക്തികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പ്രോജക്ടുകളുടെ ഗുണഭോക്താക്കളായി അതത് ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള വ്യക്തികളെത്തന്നെയാണ് ഉൾപ്പെടുത്താറുള്ളത്.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നത് സംബന്ധിച്ച്**

156 (1520) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ മേഖലയിലെ അടിസ്ഥാനഘടകമായ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിരവധി കെട്ടിടങ്ങൾ കാലപ്പഴക്കം നിമിത്തം സുഗമമായ പ്രവർത്തനത്തിന് സജ്ജമല്ലാത്ത അവസ്ഥയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അത്തരം കേന്ദ്രങ്ങളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ നിലവിലെ കെട്ടിടങ്ങൾ പൊതുജനോപകാരപ്രദമായ നിലയിൽ നവീകരിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൽ.എസ്.ജി.ഡി. ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, നിയമസഭാ സാമാജികരുടെ ഫണ്ട് എന്നിവ ഉപയോഗിച്ചും ആർദ്രം പദ്ധതി മുഖാന്തരവും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിവരുന്നുണ്ട്;

ജില്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ - കൊല്ലം കോട്ടയ്ക്കപ്പുറം സബ് സെന്റർ ട്രസ്റ്റ് മുഖാന്തരം പൊളിച്ചുമാറ്റി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനാപുരം മെയിൻ സെന്റർ "ബി" വാർഷിക മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചോഴിയാക്കോട് സബ് സെന്ററിന്റെയും കുടത്തുർ സബ് സെന്ററിന്റെയും പണി പഞ്ചായത്ത് മുഖേന നടന്നുവരുന്നു.

പത്തനംതിട്ട - 2021-2022 സാമ്പത്തിക വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി എൽ.എസ്.ജി.ഡി. മുഖേന, എഫ്.ഡബ്ല്യൂ.സി. ഇരവിപേരൂർ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഫ്.ഡബ്ല്യൂ.സി. മൈലപ്ര നോർത്ത് കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തന യോഗ്യമാക്കുന്നതിന്

എൻ.എച്ച്.എം. വഴി നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ-ചെട്ടികുളങ്ങര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ഈരേഴ സബ് സെന്റർ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കൊച്ചി ജെട്ടി സബ് സെന്റർ എന്നിവ നവീകരിക്കുന്നതിനായി ഇതിനാവശ്യമായ തുക 70 ലക്ഷം രൂപ 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. ഇടുക്കി എൽ.എസ്.ജി.ഡി., എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എറണാകുളം-എൻ.എച്ച്.എം ഫണ്ടിൽ ഉൾപ്പെടുത്തി 54 സബ് സെന്ററുകളെ 2019-20-ലും 72 സബ് സെന്ററുകളെ 2020-21-ലും ഹെൽത്ത് & വെൽനെസ്സ് സെന്ററാക്കി ഉയർത്തി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ - 66 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 7 ലക്ഷം രൂപ വീതം അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ 76 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നവീകരിക്കുന്നതിനായി 1 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

മലപ്പുറം - എൽഎസ്.ജി.ഡി. എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കുടുംബക്ഷേമ ഉപകേന്ദ്രം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് - ആരോഗ്യ കുടുംബക്ഷേമ ഉപ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിട നിർമ്മാണം/നവീകരണം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് പുതുപരിയാരം, കഞ്ചിക്കോട് സബ് സെന്ററുകൾ എന്നിവ നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

വയനാട് - ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 121 സബ് സെന്ററുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 60 സബ് സെന്ററുകൾ നവീകരിക്കുന്നതിന് ഒരു സബ് സെന്ററിന് 7 ലക്ഷം രൂപ വീതവും 61 സബ് സെന്ററുകൾ നവീകരിക്കുന്നതിന് 1.75 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ - എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും, പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാസർഗോഡ് - പീലിക്കോട് സബ്സെന്ററിന് പുതിയ കെട്ടിടത്തിനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിലും കടപ്പുറം സബ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ എൻ.എച്ച്.എം. പദ്ധതിയിലും ബേക്കൂർ സബ് സെന്ററിന് കെട്ടിടം നിർമ്മിക്കാൻ പഞ്ചായത്ത് വാർഷിക പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്.

എൻ.എച്ച്.എം. മുഖേന നടത്തിവരുന്ന പദ്ധതികളുടെ വിശദവിവരം താഴെചേർക്കുന്നു:

2018-19 സാമ്പത്തിക വർഷത്തിൽ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് (വിമലഗിരി, മുക്കുഴി, പുള്ളിപ്പാടം, പുത്തനാഴി, മുണ്ടേരി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 212 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 728 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 50.96 കോടി രൂപ (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 9 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി (കരവാരം, ചിറക്കര, എടവട്ടം, ഏരൂർ, വളാംതോട്, ഉറങ്ങാട്ടിരി, അഡ്ക്കസ്ഥല, പൈവളിക, തയ്യിൽകടപ്പുറം) 337.5 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 825 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 57.75 കോടി രൂപയും (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 14 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി (ചെമ്മനാതുകര, അമര, കരീമഠം, മാലിപുറം, അയ്യമ്പിള്ളി, ചങ്കുവെട്ടി, ബി.പി. അങ്ങാടി, കുന്നംകര, മതുക്കോത്ത്, കുരാറ, ചെണ്ടയാട്, പുല്ലൂക്കര, അരമംഗലം, കാവുംതല) 938 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 469 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 1510 ഉപകേന്ദ്ര കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് 105.7 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ 26.42 കോടി രൂപ ആദ്യ ഘട്ടത്തിൽ ലഭ്യമായിട്ടുണ്ട്. (ഒരു ഉപകേന്ദ്രത്തിന് 7 ലക്ഷം രൂപ വീതം). ആയതിന്റെ നവീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ

157 (1521) ശ്രീ. പി. വി. അൻവർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ജനറൽ ആശുപത്രികളുണ്ടെന്നും ഏതെല്ലാം ജില്ലകളിലാണെന്നും മേൽ ജില്ലകളിലെ ജനസംഖ്യാനുപാതവും ജനറൽ ആശുപത്രികളിലെ കിടക്കകളുടെയും ജീവനക്കാരുടെയും എണ്ണവും വിശദമാക്കാമോ?

ജനറൽ ആശുപത്രികളുടെ എണ്ണവും കിടക്കകളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും ജില്ല തിരിച്ചുള്ള പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം I)*

(ബി) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഏതെങ്കിലും ജനറൽ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കാമോ; മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജനറൽ ആശുപത്രികൾ മറ്റിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കാറുണ്ടോ?

ഉണ്ട്. മലപ്പുറം ജില്ലയിൽ മഞ്ചേരി ജനറൽ ആശുപത്രി. ഇത് മറ്റൊരിടത്തേക്ക് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ കൂടുതൽ ജനറൽ ആശുപത്രികൾ അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

&

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏറെ ആശ്രയിക്കുന്ന മലപ്പുറം ജില്ലയിലെ നിലമ്പൂർ ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ഉള്ള സർക്കാർ ആശുപത്രികൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തിവരുന്നത്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യകേന്ദ്രമോ മറ്റ് സർക്കാർ ആരോഗ്യ സ്ഥാപനമോ ഉണ്ടെന്ന് ഉറപ്പ് വരുത്തുക, ബ്ലോക്ക്തലത്തിൽ ഒരു സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ജില്ലാതലത്തിൽ യഥാക്രമം താലൂക്ക്, ജില്ലാശുപത്രി എന്ന മാനദണ്ഡമാണ് ആരോഗ്യസ്ഥാപനങ്ങൾ അനുവദിക്കുന്നതിന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്പോൾ അടിസ്ഥാനമാക്കിയെടുക്കുന്നത്. ആർദ്രം മിഷന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കാനും ഓരോ താലൂക്കിലും ഓരോ ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായി നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കാനും തീരുമാനിക്കുകയുണ്ടായി. മലപ്പുറം ജില്ലയിൽ തിരൂർ ആശുപത്രിയെ ജില്ലാതല ആശുപത്രിയായും മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ ആശുപത്രികളെ താലൂക്ക്തല ആശുപത്രികളായും തിരഞ്ഞെടുത്ത് വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

**മഞ്ചേരി ജനറൽ ആശുപത്രി**

158 (1522) ശ്രീ. യു. എ. ലത്തീഫ്: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരിയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ ആരംഭത്തോടുകൂടി പ്രവർത്തനം നിലച്ച ജനറൽ ആശുപത്രി പുനരാരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിലുണ്ടായിരുന്ന ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആയി പ്രവർത്തിക്കുന്നതിനാൽ ജനറൽ ആശുപത്രി പുനരാരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**ബ്ലോക്ക് പി.എച്ച്.സി.-കളിൽ ഡയാലിസിസ് സൗകര്യം**

159 (1523) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് ഇൻസ്പെക്ടർ -പബ്ലിക്ക് ഹെൽത്ത് നേഴ്സ് തസ്തികകളുടെ അഭാവമുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഹെൽത്ത് ഇൻസ്പെക്ടർ-പബ്ലിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകൾ പ്രൊമോഷൻ തസ്തികകൾ ആണ്. ഇതിലുണ്ടാകുന്ന ഒഴിവുകൾ പ്രൊമോഷൻ നടത്തി നികത്താറുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കോവിഡ് നിയന്ത്രണ സാഹചര്യങ്ങളിൽ ജില്ലാ-സംസ്ഥാന തലങ്ങളിലുള്ള ആശുപത്രികളിൽ എത്തി ഡയാലിസിസ് നടത്താൻ രോഗികൾ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് പരിഗണിച്ച്, ബ്ലോക്ക് തലത്തിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബ്ലോക്ക് തലത്തിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് ഇപ്പോൾ നടപടികൾ സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് തലത്തിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തണമെങ്കിൽ ഫിസിഷ്യൻ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, അറ്റൻഡർ തുടങ്ങിയ സ്റ്റാഫുകളുടെ ആവശ്യമുണ്ട്. ഡയാലിസിസ് മെഷിനുകൾ പ്രവർത്തിപ്പിക്കുവാൻ uninterrupted power supply, water supply എന്നിവയും ആവശ്യമാണ്. ഈ കാരണങ്ങളാൽ ഇപ്പോൾ ബ്ലോക്ക് തലത്തിൽ ഉള്ള സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം**

160 (1524) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-21 കാലഘട്ടത്തിൽ ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെയും നിലവിലുള്ള മറ്റ് പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 2016-2021 കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം എന്നിവ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെയും നിലവിലുള്ള മറ്റ് പദ്ധതികളുടെയും വിവരങ്ങൾ യഥാക്രമം അനുബന്ധം I, അനുബന്ധം II, അനുബന്ധം III ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മുകളിലോട്ടുള്ള ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ദീർഘകാല നിരീക്ഷണാടിസ്ഥാനത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി, നബാർഡ് എന്നീ പദ്ധതികൾ പ്രകാരം ദീർഘകാല നിരീക്ഷണാടിസ്ഥാനത്തിലുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആർദ്രം പദ്ധതി പ്രകാരം പ്രാഥമികാരോഗ്യ തലത്തിൽ ഭാവിവികസനം മുൻനിർത്തിയുള്ള വികസനമാണ് നടപ്പിലാക്കുന്നത്.

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പിന്റെ വികസനപ്രവർത്തനങ്ങൾ, മറ്റ് പദ്ധതികൾ എന്നിവയുടെ വിവരം പട്ടികയിലുൾപ്പെടുത്തി ലഭ്യമാക്കാമോ?

'ലക്ഷ്യ' മാനദണ്ഡ പ്രകാരം ജില്ലാ ആശുപത്രി വടക്കാഞ്ചേരിയിൽ 2 കോടി 29 ലക്ഷം രൂപ ചെലവ് വരുന്ന ലേബർറൂം പുനരുദ്ധാരാണ പ്രവർത്തികൾ നടന്നു വരുന്നു. ആർദ്രം ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രം തെക്കുംകരയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. ആർദ്രം രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ പൂമല, അടാട്ട് എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്. ആർദ്രം മൂന്നാം ഘട്ടപട്ടികയിൽ ഉൾപ്പെടുത്തി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ അവണൂർ, മുണ്ടന്നിക്കോട് എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

1. ജില്ലാ ആശുപത്രി വടക്കാഞ്ചേരിയിൽ ലേബർ റൂം ലക്ഷ്യ മാനദണ്ഡപ്രകാരം നവീകരിക്കുന്നതിനുവേണ്ടി 2.29 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുന്നതിന്റെ ഭാഗമായി 2.60 കോടി രൂപയുടെ നിർമ്മാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു.

3. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എസ്.എൻ.സി.യു.-വിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 32 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.

4. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്കിൻ ലാബ് ഒരുക്കുന്നതിനുവേണ്ടി 1.40 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

5. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആർ.ബി.എസ്.കെ. ട്രെയിനിംഗ് സെന്ററിനുവേണ്ടി 2.12 കോടി രൂപയുടെ നിർമ്മാണ പ്രവത്തനങ്ങൾ പുരോഗമിക്കുന്നു.

6. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സി.എൽ.എം.സി. ഒരുക്കുന്നതിനുവേണ്ടി 30.62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തികൾ ഉടൻ ആരംഭിക്കും.

7. ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി. തെക്കുംകര, പൂമല, അഡാട്ട് എന്നിവയെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. പി.എച്ച്.സി. അവന്നൂർ, മുണ്ടന്നികോട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.

8. സബ് സെന്റർ അഡാട്ടിനെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ആയി ഉയർത്തിയിട്ടുണ്ട്. സബ് സെന്റർ തരൂർ, കരുമാത്ര എന്നിവയെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്റർ ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**അപ്ഗ്രേഡ് ചെയ്ത ജില്ലാ ആയുർവ്വേദ ആശുപത്രികൾ**

161 (1525) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ഏതൊക്കെ ജില്ലാ ആയുർവ്വേദ ആശുപത്രികളാണ് 100 ബെഡ്ഡുള്ള ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) ഈ സ്ഥാപനങ്ങൾക്കാവശ്യമായ തസ്തികകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ജില്ലാ ആയുർവ്വേദ ആശുപത്രികളൊന്നും തന്നെ 100 ബെഡ് ആശുപത്രികളായി അപ്ഗ്രേഡ് ചെയ്തിട്ടില്ല.

## തിരൂരങ്ങാടി താലൂക്ക് ആശുപത്രി

162 (1527) ശ്രീ. കെ. പി. എ. മജീദ്: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി കൈക്കൊള്ളുമോ?

ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ആരോഗ്യ സ്ഥാപനങ്ങളും സർക്കാർ ആശുപത്രികളും വികസിപ്പിച്ച് ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തിവരുന്നത്. ആർദ്രം മിഷന്റെ ഭാഗമായി G.O.(Rt)NO.58/2017/ ആ.കു.വ തിയതി 22-4-2017 ഉത്തരവ് പ്രകാരം ഓരോ ജില്ലയിൽനിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കാനും ഓരോ താലൂക്കിലേയും ഓരോ ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായി നിശ്ചിതമാനദണ്ഡങ്ങളോടെ വികസിപ്പിക്കാൻ തീരുമാനം എടുത്തിരിക്കുകയാണ്. ആയത് അനുസരിച്ച് മലപ്പുറം ജില്ലയിൽ തിരൂർ ആശുപത്രിയെ ജില്ലാതല ആശുപത്രിയായും, മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ അശുപത്രികളെ താലൂക്ക്തല ആശുപത്രികളായും തെരഞ്ഞെടുത്തു കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## നൂറനാട് ആശുപത്രിക്ക് പുതിയ കെട്ടിടം

163(1528) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കാറായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒന്നാംഘട്ടത്തിൽ ഫീമെയിൽ വാർഡിന്റെ നിർമ്മാണം 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മെയിൽ വാർഡിന്റെ കെട്ടിടത്തിന്റെ 3 ബ്ലോക്കിന്റെ പ്ലിന്ത് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിന്റെ രണ്ടാംഘട്ടം അനുവദിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെ പൊതുമരാമത്ത് കെട്ടിടവിഭാഗം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നൽകിയിട്ടും നാളിതുവരെയായി അനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത രണ്ടാംഘട്ട നിർമ്മാണത്തിനുള്ള അനുമതി പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും നൽകിയ എസ്റ്റിമേറ്റിൽ പൂർണ്ണത ഇല്ലാത്തതിനാൽ അതിൽ അപാകതകൾ പരിഹരിച്ച് കൃത്യമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**എരുമപ്പെട്ടി സി.എച്ച്.സി.**

164 (1529) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമപ്പെട്ടി സി.എച്ച്.സി.-യിൽ നബാർഡ് പദ്ധതിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന് കാരണം പരിശോധിച്ചിട്ടുണ്ടോ?

പ്ലാനിൽ വന്ന മാറ്റം പരിഹരിച്ച് പുതിയ പ്ലാൻ തയ്യാറാക്കേണ്ടി വന്നതിനാലാണ് കാലതാമസം ഉണ്ടായത്.

(സി) ഈ പ്രവൃത്തി എന്നേയ്ക്ക് നിർമ്മാണമാരംഭിച്ച് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി ആയതിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്

**തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രി**

165 (1530) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന അമ്മയും കുഞ്ഞും ആശുപത്രിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി അമ്മയും കുഞ്ഞും ആശുപത്രിയുടെ നവീകരണത്തിനായി കിഫ്ബിയിൽനിന്നും 53.664 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

(ബി) അമ്മയും കുഞ്ഞും ആശുപത്രിയുടെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ ആണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

മുനിസിപ്പാലിറ്റിയിൽനിന്നുള്ള കെട്ടിട നിർമ്മാണ അനുമതി ലഭിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ആശുപത്രിയിലേയ്ക്കുള്ള റോഡിന് മതിയായ വീതിയില്ലാത്തതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിന് സ്പെഷ്യൽ ഓഫീസർ മുഖേന മുനിസിപ്പാലിറ്റിയിൽ അപേക്ഷ നൽകിയിരുന്നു. ഇതിന്മേൽ മുനിസിപ്പാലിറ്റിയിൽ തുടർ നടപടികൾ നടന്നുവരുന്നു. റോഡിന്റെ വീതി കൂട്ടിയശേഷം കെട്ടിട നിർമ്മാണ അനുമതി, ആരോഗ്യ വകുപ്പിലെ ടെക്നിക്കൽ കമ്മറ്റിയുടെ സാങ്കേതികാനുമതി, GRIHA പ്രോട്ടോക്കോൾ പ്രകാരം പുതുക്കിയ പദ്ധതി രേഖയ്ക്കുള്ള കിഫ്ബിയുടെ അനുമതി എന്നിവ ലഭിച്ചശേഷം മാത്രമേ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ കഴിയൂ.

**മലബാർ കാൻസർ സെന്റർ**

166 (1531) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന മലബാർ കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മലബാർ കാൻസർ സെന്ററിന്റെ ഒന്നാംഘട്ട വികസനത്തിനുള്ള കിഫ്ബി പദ്ധതിക്ക് 08-8-2019-ൽ 75.184 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി നൽകിയിരുന്നു. റേഡിയോ തെറാപ്പി ബ്ലോക്കിന്റെ നിർമ്മാണവും ഒ.പി. കെട്ടിടത്തിന്റെ പുതുക്കിപ്പണിയലും ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ബി.എസ്. എൻ.എൽ ടെണ്ടർ ക്ഷണിച്ചു. 81.69 കോടി രൂപയ്ക്ക് ചെറിയാൻ വർക്കി കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ 33 ഒ.പി മുറികളുടെ പ്രവർത്തികൾ അവസാനഘട്ടത്തിലാണ്. റേഡിയോ തെറാപ്പിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 15 ശതമാനം പൂർത്തീകരിച്ചു. മലബാർ കാൻസർ സെന്ററിന്റെ രണ്ടാംഘട്ട വികസനത്തിന് 562.245 കോടി രൂപയ്ക്ക് ഭരണാനുമതി 12-6-2020-ന് നൽകിയിരുന്നു. ഇതിൽ 344.81 കോടി രൂപയുള്ള പദ്ധതിക്ക് കിഫ്ബി തത്വത്തിൽ സാമ്പത്തികാനുമതി നൽകുകയും കിഫ്ബി ചൂണ്ടിക്കാണിച്ച ഭേദഗതികൾ ഉൾപ്പെടുത്തിയ വിശദപദ്ധതിരേഖ സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിന്മേലുള്ള ഭേദഗതി റിപ്പോർട്ട് എസ്.പി.വി.-ആയ വാപ്കോസ് തയ്യാറാക്കിവരികയാണ്. ഗസ്റ്റ് ഹൗസ് നിർമ്മാണത്തിനായി 23.68 കോടി രൂപയുടെ ഭരണാനുമതി 25-6-2021-ന് നൽകിയിട്ടുണ്ട്. ഇതിന്റെ വിശദപദ്ധതിരേഖ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് തയ്യാറാക്കി വരികയാണ്.

(ബി) കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന മലബാർ കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണുള്ളതെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

രണ്ടാംഘട്ട വികസനത്തിന് കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിക്കേണ്ടതുണ്ട്. മുനിസിപ്പൽ അനുമതി, പാരിസ്ഥിതിക അനുമതി, മലനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, ജിയോളജി വകുപ്പിന്റെ അനുമതി, ടൗൺ പ്ലാനറുടെ അനുമതി എന്നിവയും ലഭ്യമാക്കേണ്ടതുണ്ട്.

**പാലാ ജനറൽ ആശുപത്രിയിലെ സ്ഥലം കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

167 (1532) ശ്രീ. മാണി സി. കാപ്പൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ജനറൽ ആശുപത്രി നിലനിൽക്കുന്ന സ്ഥലത്ത് എത്ര ഏക്കർ സ്ഥലം ആധാരത്തിൽ നിലവിലുണ്ടെന്നറിയിക്കുമോ?

പാലാ ജനറൽ ആശുപത്രിയിൽ ലഭ്യമായ രേഖകൾ പ്രകാരം സർവ്വേ നമ്പർ 682/8-3.81 ഏക്കർ, 692/14-.41 ഏക്കർ, 692/15-1.14 ഏക്കർ ഉൾപ്പെടെ ആകെ 5.36 ഏക്കർ സ്ഥലം കൈവശം ഉണ്ടായിരുന്ന വസ്തുവിൽ നിലവിൽ 4.1 ഏക്കർ സ്ഥലം കൈവശം ഉണ്ട്.

(ബി) നിലവിൽ അളവിൽ എത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

31-5-2013-ലെ കോട്ടയം ജില്ലാ ലാൻഡ് സർവ്വേ റെക്കോർഡ്സ് സൂപ്രണ്ടിന്റെ റിപ്പോർട്ട് പ്രകാരവും 13-3-2017-ലെ താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് പ്രകാരവും 1.6235 ഹെക്ടർ (4 ഏക്കർ 1 സെൻറ്) സ്ഥലം ജനറൽ ആശുപത്രിയുടെ കൈവശം നിലവിലുണ്ട്.

(സി) സ്ഥലം കയ്യേറ്റക്കാർ കയ്യേറിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) സ്ഥലം അളന്ന് തിട്ടപ്പെടുത്തുമ്പോൾ സ്ഥലം കുറവാണെങ്കിൽ കയ്യേറ്റക്കാരെ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ പാലാ ജനറൽ ആശുപത്രി സൂപ്രണ്ട് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മലയിൻകീഴ് താലൂക്കാശുപത്രി**

168 (1533) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് താലൂക്കാശുപത്രിക്കായുള്ള (കിഫ്ബി പദ്ധതി) കെട്ടിട നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

മലയിൻകീഴ് താലൂക്കാശുപത്രിയുടെ വികസനത്തിനായി സർക്കാർ 23.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബിയിൽനിന്നും 15.25 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു. തുടർന്ന് പ്രവൃത്തികൾ ടെണ്ടർ ചെയ്തു. ആരോഗ്യ വകുപ്പിലെ ടെണ്ടർ സബ് കമ്മറ്റി 07-7-2021-ന് കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ അംഗീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ അക്സപ്റ്റൻസ് കമ്മറ്റിയുടെ അംഗീകാരത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാകു മെന്നും എത്ര ദിവസംകൊണ്ട് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

ടെണ്ടർ അക്സപ്റ്റൻസ് കമ്മറ്റിയുടെ അംഗീകാരത്തിനുശേഷം 15 മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കിറ്റ്കോ അറിയിച്ചിട്ടുള്ളത്.

**കാസർഗോഡ് ജനറൽ ആശുപത്രിയിലെ ചികിത്സാവിഭാഗങ്ങൾ**

169 (1534) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഏതെല്ലാം ചികിത്സാവിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശിശുരോഗം, ചർമ്മരോഗം, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, സൈക്യാട്രി, ഇ.എൻ.ടി, അനസ്തേഷ്യ, റേഡിയോളജി, ഫോറൻസിക് മെഡിസിൻ, ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ, റെസ്പിറേറ്ററി മെഡിസിൻ, ബ്ലഡ് ബാങ്ക് ആൻഡ് മൈക്രോ ബയോളജി, ദന്തരോഗം എന്നീ വിഭാഗങ്ങളും കൂടാതെ ഒ.പി. & കാഷ്വാലിറ്റി വിഭാഗങ്ങളും കാസർഗോഡ് ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ഈ വിഭാഗങ്ങളിൽ ഓരോന്നിലും പ്രവർത്തിക്കുന്ന ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) ഈ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എണ്ണം പര്യാപ്തമാണോ എന്നും അല്ലെങ്കിൽ ഇനി എത്ര ഡോക്ടർമാരുടെയും ജീവനക്കാരുടെയും ആവശ്യം ഉണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഓരോ വിഭാഗത്തിലും അനുവദിച്ച തസ്തികകൾ എത്രയാണെന്നും പ്രസ്തുത തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്നവ എത്രയാണെന്നും വിശദമാക്കാമോ?

അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഏതെല്ലാം വിഭാഗത്തിൽ ഒ.പി. ഉണ്ടെന്നും ഒരു ദിവസം എത്ര ഒ.പി. ടിക്കറ്റുകൾ നൽകുന്നുവെന്നും വ്യക്തമാക്കാമോ?

എല്ലാ വിഭാഗത്തിലും ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഒരു ദിവസം ശരാശരി 900 ഒ.പി. ടിക്കറ്റുകൾ നൽകുന്നുണ്ട്.

(എഫ്) ഈ ആശുപത്രിയിൽ ഓരോ വിഭാഗത്തിലും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്രയുണ്ടെന്ന് അവരുടെ തസ്തിക അടക്കം വിശദാംശം നൽകാമോ; ഈ ജീവനക്കാർ എത്രകാലമായി തസ്തികയിൽ തുടരുന്നുണ്ടെന്നും എത്രകാലത്തേക്കാണ് താല്ക്കാലിക ജീവനക്കാരെ നിയമിക്കാറുള്ളതെന്നും വ്യക്തമാക്കാമോ?

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഴിയും KASP/RSBY വഴിയും എൻ.എച്ച്.എം. മുഖേനയും ജോലിചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.* താല്ക്കാലിക ജീവനക്കാരെ 179 ദിവസ കാലയളവിലേയ്ക്കും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നവരെ കരാർപ്രകാരമുള്ള കാലയളവിലേയ്ക്കുമാണ് നിയമിക്കുന്നത്.

**എച്ച്.ഐ.വി. രോഗികൾക്കുള്ള മരുന്ന്**

170 (1535) <u>ശ്രീമതി കെ. കെ. രമ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിൽനിന്നുള്ള എച്ച്.ഐ.വി. രോഗികൾക്ക് മരുന്നിനായി അറുപത് കിലോമീറ്ററോളം അകലെയുള്ള കോഴിക്കോട് മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) നിലവിലെ കോവിഡ് സാഹചര്യത്തിൽ മരുന്നിനായി മാത്രം ദീർഘദൂരം സഞ്ചരിക്കുന്നത് താരതമ്യേന പ്രതിരോധശേഷി കുറഞ്ഞ എച്.ഐ.വി. രോഗികളുടെ കാര്യത്തിൽ അപകടകരമാണെന്ന് കരുതുന്നുണ്ടോയെന്ന് വിശദമാക്കുമോ?

കോഴിക്കോട് ജില്ലയിലെ എച്ച്.ഐ.വി. അണുബാധിതർക്കുള്ള ചികിത്സാ കേന്ദ്രം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആണ്. എച്ച്.ഐ.വി. അണുബാധിതർക്ക് എ.ആർ.ടി. ചികിത്സ എടുക്കുന്നതിന് കേരളത്തിലെ 10 എ.ആർ.ടി. കേന്ദ്രങ്ങൾ യഥേഷ്ടം തെരഞ്ഞെടുത്ത് ചികിത്സ എടുക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിലെയും സമീപ പ്രദേശങ്ങൾ/

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലകളിലുമുള്ള എച്ച്.ഐ.വി. അണുബാധിതർ കോഴിക്കോട് മെഡിക്കൽ കോളേജിലെ എ.ആർ.ടി. കേന്ദ്രത്തിൽ നിന്നും എ.ആർ.ടി. ചികിത്സയും, അനുബന്ധ സേവനങ്ങളും സ്വീകരിച്ചുവരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ പൂർണ്ണ ലോക്ക്ഡൗൺ കാലയളവിൽ അണുബാധിതരുടെ ആവശ്യപ്രകാരം എ.ആർ.ടി. മരുന്നുകൾ എച്ച്.ഐ.വി. അണുബാധിതരുടെ സേവന കേന്ദ്രങ്ങളായ വിഹാൻ/ജില്ലാ പോസിറ്റീവ് നെറ്റ് വർക്ക്, പോലീസ്, ഫയർ ഫോഴ്സ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മറ്റു സേവന കേന്ദ്രങ്ങളിലെ സ്റ്റാഫുകൾ മുഖേന അണുബാധിതരുടെ വീടുകളിലും അടുത്ത ആരോഗ്യ കേന്ദ്രങ്ങളിലും രഹസ്യാത്മകത പുലർത്തിക്കൊണ്ട് മുടക്കമില്ലാതെ എത്തിച്ചു നൽകിയിരുന്നു. ആയതിനാൽ എച്ച്.ഐ.വി. അണുബാധിതർക്ക് ചികിത്സയ്ക്കായി ദീർഘദൂരം സഞ്ചരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ സാധിച്ചിരുന്നു. മൂന്നാംഘട്ട എ.ആർ.ടി. ചികിത്സ എടുക്കുന്ന എച്ച്.ഐ.വി. അണുബാധിതർക്കുള്ള എ.ആർ.ടി. മരുന്നുകൾ ചെന്നൈയിലെ സെന്റർ ഓഫ് എക്സലൻസായി പ്രവർത്തിക്കുന്ന ജി.എച്ച്.റ്റി.എം. താമ്പരം ആശുപത്രിയിൽ നിന്നും സൗജന്യമായി എത്തിച്ചുവരുന്നുണ്ട്. കൂടാതെ കേരളത്തിൽ നിലവിലുള്ള എ.ആർ.ടി. പ്ലസ് കേന്ദ്രങ്ങളിൽ (കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം) മൂന്നാംഘട്ട ചികിത്സ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരക്കാർക്കായി വടകര ജില്ലാ ആശുപത്രിയിൽ തന്നെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പുതുതായി എ.ആർ.ടി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകുന്നത് നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ്. വടകര താലൂക്കിലെ ആശുപത്രിയിൽ എ.ആർ.ടി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷന് സമർപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പ്രവൃത്തികൾ**

171 (1536) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പി.എച്ച്.സി., മാടപ്പള്ളിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും രണ്ടാംഘട്ടത്തിൽ പി.എച്ച്.സി., പായിപ്പാട്, പി.എച്ച്.സി., തൃക്കൊടിത്താനം

എന്നീ സ്ഥാപനങ്ങളെ എഫ്.എച്ച്.സി.-കളാക്കി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ എഫ്. എച്ച്.സി. ആയി പ്രവർത്തനം നടന്നുവരുന്നു. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കണ്ണിന്റെ ഓപ്പറേഷൻ തീയേറ്റർ, 10 കിടക്കകളോട് കൂടിയ ജീറിയാട്രിക് വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി ചങ്ങനാശ്ശേരിയിൽ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 28.4 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതിലേയ്ക്ക് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

| ക്രമ നമ്പർ | ആരോഗ്യ സ്ഥാപനം | എൻ.എച്ച്.എം. അനുവദിച്ച തുക | ഭരണാനുമതി നൽകിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | എഫ്.എച്ച്.സി. മാടപ്പള്ളി | 14,00,000 | 26,80,000 | കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 2 | എഫ്.എച്ച്,സി പായിപ്പാട് | 15,50,000 | 33,15,000 | കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 3 | എഫ്.എച്ച്,സി തൃക്കൊടിത്താനം ഐ. പി. ബ്ലോക്ക് നിർമ്മാണം (എൻ.എച്ച്.എം.) | 15,50,000 | 1,00,70,000 | കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 4 | ജനറൽ ആശുപത്രി ചങ്ങനാശ്ശേരി ഐ ഓപ്പറേഷൻ തീയേറ്റർ ജീറിയാട്രിക് വാർഡ് (10 കിടക്കകൾ) | 1,00,00,000 | 1,00,00,000 | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| 5 | കിഫ്ബി പദ്ധതി (ഭരണാനുമതി) | | 28.47 കോടി | പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. |

നിർമ്മാണപ്രവർത്തനങ്ങളിൽ എൻ.എച്ച്.എം. അനുവദിച്ച തുകയിൽ അധികമായി വന്നിരിക്കുന്ന തുക അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മലമ്പുഴ മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണം**

172 (1537) ശ്രീ. എ. പ്രഭാകരൻ: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളാണ് ആരോഗ്യ വകുപ്പ് മുഖാന്തരം നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി ആകെ അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

കുടുംബാരോഗ്യകേന്ദ്രം പുതുപ്പരിയാരം, കുടുംബാരോഗ്യകേന്ദ്രം പുതുശ്ശേരി, പ്രാഥമികാരോഗ്യകേന്ദ്രം അകത്തേത്തറ, പ്രാഥമികാരോഗ്യ കേന്ദ്രം മലമ്പുഴ, പ്രാഥമികാരോഗ്യകേന്ദ്രം മരുതറോഡ്, പ്രാഥമികാരോഗ്യ കേന്ദ്രം മുണ്ടൂർ, താലൂക്കാശുപത്രി എലപ്പുള്ളി എന്നിവയാണ് മലമ്പുഴ നിയമസഭാ മണ്ഡലത്തിലെ ആശുപത്രികൾ. 2016 മുതൽ 2021 വരെ കാലയളവിൽ സർക്കാരിന്റെ ആർദ്രം പദ്ധതി മൂന്ന് ഘട്ടങ്ങൾ വഴി മലമ്പുഴ മണ്ഡലത്തിലെ താഴെപ്പറയുന്ന ആശുപത്രികളിൽ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) ആർദ്രം ഒന്നാം ഘട്ടം - ആർദ്രം ഒന്നാം ഘട്ടത്തിൽ പുതുപരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും നവീകരണ പ്രവർത്തനങ്ങൾക്കായി 10.3 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ഭൗതിക സാഹചര്യം, ലാബ് സൗകര്യം എന്നിവ ഉയർത്തി സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയുംചെയ്യുന്നു.

(2) ആർദ്രം രണ്ടാം ഘട്ടം-ആർദ്രം രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ അകത്തേത്തറ, മലമ്പുഴ, മരുതറോഡ്, മുണ്ടൂർ, പുതുശ്ശേരി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുത്തിരുന്നു. അതിൽ പുതുശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നവീകരണ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഭൗതിക സാഹചര്യം, ലാബ് സൗകര്യം എന്നിവ ഉയർത്തി നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. അകത്തേത്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 60 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മരുതറോഡ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 10.58 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 60 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മലമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 50 ശതമാനം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മുണ്ടൂർ പ്രാഥമികാരോഗ്യകേ ന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 70 ശതമാനം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ആർദ്രം മൂന്നാംഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രം, കൊടുമ്പ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

## ഹരിപ്പാട് താലൂക്കാശുപത്രിയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

173 (1538) ശ്രീ. രമേശ് ചെന്നിത്തല: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ സാനിറ്റേഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഹരിപ്പാട് താലൂക്കാശുപത്രിയിൽ തുടങ്ങാൻ ഉദ്ദേശിച്ചിരുന്ന സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർവ്വഹണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഹരിപ്പാട് താലൂക്കാശുപത്രിയിൽ 2013-2014 സാമ്പത്തിക വർഷത്തിൽ 13-മത് ഫിനാൻസ് കമ്മീഷൻ അവാർഡ് പ്രകാരം "Setting up of Sewage Treatment Plant and incinerator" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ 50 ലക്ഷം രൂപ അനുവദിക്കുകയും 31-3-2014-ൽ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് തുക കൈമാറി നൽകിയിട്ടുള്ളതുമാണ്. 2017-ലെ എസ്.റ്റി.പി.-യുടെ പ്രോജക്ടായി MBBR (Moving Bed Bio Reactor) Model എസ്റ്റിമേറ്റായി പി.ഡബ്ല്യു.ഡി. സമർപ്പിച്ചു. എന്നാൽ 2020-ലെ MBR (Membrane Bio Reactor) Model പ്രൊജക്ടായി പുതുക്കി 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിനാൽ ഡെപ്പോസിറ്റ് തുക കഴിച്ചുള്ള 36 ലക്ഷം രൂപ അധികമായി ആവശ്യമായിട്ടുണ്ട്.

(ബി) ഇതിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

2021-22-ലേക്ക് Solid Liquid Waste Management in all Government Hospitals എന്ന പ്ലാൻ ഫണ്ടിലേയ്ക്ക് ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 81 ലക്ഷം രൂപ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും ബാക്കിയുള്ള 19 ലക്ഷം രൂപ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ നിലവിൽ നിർമ്മാണത്തിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് പൂർത്തീകരിക്കുന്നതിനും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(സി) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കോങ്ങാട് സി.എച്ച്.സി.യിലെ കിടത്തി ചികിത്സ**

174 (1539) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് സി.എച്ച്.സി.-യിൽ സ്റ്റാഫുകളുടെ അപര്യാപ്തതമൂലം കിടത്തി ചികിത്സ നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തുന്നതിന് മാനദണ്ഡപ്രകാരം ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

&

(സി) ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 20-3-2020-ലെ സ.ഉ.(സാധാ) നമ്പർ619/2020/ആകുവ പ്രകാരം കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ കേരളം (എൻ.എച്ച്.എം.) വഴി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

### തൃശ്ശൂർ മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങൾ

175 (1540) ശ്രീ. പി. ബാലചന്ദ്രൻ: താഴെകാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരവും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ താഴെ പറയുന്ന 7 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്:

1. കുടുംബാരോഗ്യ കേന്ദ്രം, അയ്യന്തോൾ
2. കുടുംബാരോഗ്യ കേന്ദ്രം, വിൽവട്ടം
3. ജനറൽ ആശുപത്രി, തൃശ്ശൂർ
4. ജില്ലാ ടി.ബി സെന്റർ
5. ഗവൺമെന്റ് നഴ്സിംഗ് സ്കൂൾ, തൃശ്ശൂർ
6. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, തൃശ്ശൂർ
7. സർക്കാർ മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ.

കൂടാതെ തൃശ്ശൂർ കോർപ്പറേഷൻ സ്ഥാപനമായ അർബൻ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം, സർക്കാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ ഏറ്റെടുത്തു നടത്തിവരുന്നു.

### കരുനാഗപ്പള്ളി പുതിയകാവ് ടി .ബി. ഹോസ്പിറ്റൽ

176 (1541) ശ്രീ. സി. ആർ. മഹേഷ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പുതിയകാവ് ടി.ബി. ഹോസ്പിറ്റലിൽ ഇപ്പോൾ രോഗികളുടെ എണ്ണം വളരെ കുറവായതിനാൽ ഇതിന്റെ ഭൗതിക സാഹചര്യങ്ങൾ വെറുതെ കിടക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ നിലവിൽ മൂന്ന് കെട്ടിടങ്ങളാണുള്ളത്. മൂന്ന് കെട്ടിടങ്ങളും രോഗികളുടെ വിവിധ ക്ഷേമത്തിനായി ഉപയോഗിച്ചുവരികയാണ്. ആകയാൽ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ ഒന്നും തന്നെയില്ല.

(ബി) ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സ്ഥലപരിമിതി അനുഭവിക്കുന്ന മറ്റു വിഭാഗങ്ങളെ പുതിയകാവിലേയ്ക്ക് മാറ്റാൻ തടസ്സമുണ്ടോയെന്നറിയിക്കുമോ?

മേൽസാഹചര്യം നിലവിലില്ലാത്തതിനാൽ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ സ്ഥലപരിമിതി അനുഭവിക്കുന്ന മറ്റ് വിഭാഗങ്ങളെ പുതിയകാവ് ആശുപത്രിയുടെ നിലവിലുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിന് തടസ്സമുണ്ട്. ടി.ബി. ബാധിതരായ രോഗികളെ കിടത്തി ചികിത്സിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രിയായിട്ടാണ് പുതിയകാവ് ടി.ബി. ആശുപത്രി പ്രവർത്തിക്കുന്നത്. കൊല്ലം ജില്ലയിലെ കൂടാതെ ആലപ്പുഴ, പത്തനംതിട്ട എന്നീ സമീപ ജില്ലകളിലെ രോഗികളെയും പുതിയകാവ് ടി.ബി. ആശുപത്രിയിൽ പ്രവേശിപ്പിക്കാറുണ്ട്. ഇതുകൂടാതെ ടി.ബി.-യുടെ മാരക വകഭേദങ്ങളായ MDR-TB/XDR-TB എന്നിവ ബാധിച്ച രോഗികളെയും തുടർ ചികിത്സയ്ക്കായി ടി ആശുപത്രിയിൽ പ്രവേശിപ്പിക്കാറുണ്ട്. പ്രതിരോധശേഷി കുറവുള്ള രോഗികളായതിനാൽ മറ്റ് പകർച്ചവ്യാധികൾ ഉള്ളവരുമായി സമ്പർക്കത്തിൽ വന്നാൽ രോഗം പകരാനുള്ള സാദ്ധ്യത ടി.ബി. ബാധിച്ചവരിൽ കൂടുതലാണ്.

(സി) ഇപ്പോൾ ഈ ആശുപത്രിയിൽ കിടത്തി ചികിത്സ നൽകുന്ന രോഗികളുടെ എണ്ണം എത്രയെന്നും എത്ര സ്ഥലമാണ് ഈ ആശുപത്രിക്കുള്ളതെന്നും വ്യക്തമാക്കാമോ?

നിലവിൽ 20 മുതൽ 30 വരെ രോഗികളെയാണ് ഇപ്പോൾ പുതിയകാവ് നെഞ്ചുരോഗാശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നത്. കോവിഡ് സാഹചര്യം കണക്കിലെടുത്ത് സാമൂഹ്യഅകലം പാലിക്കേണ്ടതിനാൽ കിടത്തി ചികിത്സ കുറച്ചിരിക്കുകയാണ്. 2.50 ഏക്കർ (രണ്ടര ഏക്കർ) സ്ഥലമാണ് പുതിയകാവ് ടി.ബി. ആശുപത്രിക്കുള്ളത്.

**കാത്ത് ലാബ് നിർമ്മാണം**

177 (1543) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ സ്ഥാപിക്കുന്ന കാത്ത് ലാബ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കാത്ത് ലാബ് നിർമ്മാണം പൂർത്തിയാക്കുന്നതിന് ഏതെല്ലാം ഏജൻസികൾ എന്തെല്ലാമാണ് ചെയ്യേണ്ടതെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) കാത്ത് ലാബിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി സർക്കാർ ഇടപെടൽ ഉണ്ടാവുമോയെന്ന് വിശദമാക്കാമോ?

മാനന്തവാടി ജില്ലാ ആശുപത്രിയിൽ സ്ഥാപിക്കുന്ന കാത്ത് ലാബ് നിർമ്മാണത്തിന്റെ സ്ട്രക്ചറൽ വർക്കും CCU വാർഡിന്റെ പ്രവൃത്തികളും കേരള ഹെൽത്ത് റിസർച്ച്& വെൽഫെയർ സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.)-യെ ഏൽപ്പിച്ചിട്ടുണ്ട്. തുടർന്നുള്ള ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. സ്ട്രക്ചറൽ വർക്ക് പൂർത്തിയായിക്കഴിഞ്ഞു. ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ പുരോഗമിക്കുന്നു.

**കോന്നി മെഡിക്കൽ കോളജിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ**

178 (1544) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മെഡിക്കൽ കോളജിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കരാർ ലഭിച്ചിട്ടുള്ള കമ്പനിക്ക് അനുമതി നൽകിയിട്ടുണ്ടോ?

കോന്നി മെഡിക്കൽ കോളജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടറിൽ പങ്കെടുത്ത രണ്ടു സ്ഥാപനങ്ങളിൽ പ്രവൃത്തിക്കായി കൂടുതൽ തുക കാണിച്ച സ്ഥാപനം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതിനാൽ വർക്ക് അവാർഡ് ചെയ്യുന്നത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ തുടർ ഉത്തരവുകൾക്ക് വിധേയമായിട്ടേ സാധിക്കുകയുള്ളൂ.

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യം**

179 (1545) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കോഴിക്കോട് ജനറൽ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ INKEL ഏജൻസി മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 164.16 കോടി രൂപയുടെ ഭരണാനുമതിയും 86.804 കോടി രൂപയുടെ കിഫ്ബി സാമ്പത്തികാനുമതിയും ആയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർജിക്കൽ ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, അമനിറ്റീസ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇതുകൂടാതെ ഇലക്ട്രിക്കൽ ഹൈടെൻഷൻ സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കുകയും കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്ന നടപടികളും ഒ.പി. ബ്ലോക്കിന്റെ നവീകരണവും ജറിയാട്രിക് വാർഡിന്റെ നവീകരണവും കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണവും പുരോഗമിക്കുന്നു.

### പാറശ്ശാലയിലെ ആശുപത്രികളിലെ അംഗീകൃത സ്റ്റാഫ് പാറ്റേൺ

180 (1546) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലെയും പി.എച്ച്.സി./സി.എച്ച്.സി./എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

ഉത്തരം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(ബി) അനുവദനീയ അംഗബലത്തിനും താഴെ മെഡിക്കൽ ഓഫീസർമാരും ജീവനക്കാരും ഉള്ള ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം അനുബന്ധം II * ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

സ്ഥാനക്കയറ്റം മുഖേനയും പി.എസ്.സി. മുഖേനയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മങ്കട സി.എച്ച്.സി.-യുടെ മാസ്റ്റർ പ്ലാൻ

181 (1547) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ എസ്റ്റിമേറ്റിന്റെ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള മങ്കട സി.എച്ച്.സി.-യുടെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മാസ്റ്റർ പ്ലാൻ പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

&

(ഡി) ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സമയബന്ധിതമായി ഭരണാനുമതിയും ഫണ്ടും അനുവദിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തിലെ (2021-22) ബഡ്ജറ്റിൽ മങ്കട സി.എച്ച്.സി.-യുടെ നവീകരണത്തിനായി തയ്യാറാക്കിയ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഒരുകോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. മുഖേന വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു. പദ്ധതി രേഖ ലഭ്യമായ ശേഷമാണ് ഭരണാനുമതി നൽകി തുക അനുവദിക്കുന്നത്.

## ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്ത സ്ഥലത്തെ ചുറ്റുമതിൽ നിർമ്മാണം

182 (1548) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിനായി വാങ്ങിയ 25 ഏക്കർ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് വകുപ്പിൽ ലഭ്യമായിട്ടില്ല.

**കുറിഞ്ഞാലിയോട് സബ്സെന്റർ നിർമ്മാണ പ്രവൃത്തി**

183 (1549) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബർ മാസം 20-ാം തീയതി വടകര നിയോജക മണ്ഡലത്തിൽപ്പെട്ട ഏറാമല പഞ്ചായത്തിലെ കുറിഞ്ഞാലിയോട് സബ്സെന്ററിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഉദ്ഘാടനം ചെയ്തോ എന്നറിയിക്കുമോ;

(ബി) ഇതിനായി സർക്കാർ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുകയുണ്ടായെന്നും വിശദമാക്കുമോ;

&

(സി) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കാട്ടാക്കട സി.എച്ച്.സി.**

184 (1550) ശ്രീ. ജി. സ്റ്റീഫൻ:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

16-6-2018-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.) 113/2018/ ആ.കു.വ., പ്രകാരം ആർദ്രം മിഷനിൽ ഉൾപ്പെടുത്തി രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ഒരു ഡോക്ടർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ദിവസവും ഒ.പി.-യും ക്യാഷ്വാലിറ്റിയും ഉൾപ്പെടെ 450-ഓളം പേർ ഈ ആശുപത്രിയിൽ ചികിത്സയ്ക്ക് വരുന്നുണ്ട്. നിലവിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | തസ്തികളുടെ എണ്ണം |
|---|---|---|
| 1. | ഡോക്ടർ (അസിസ്റ്റന്റ് സർജൻ) | 2 |
| 2. | ക്ലാർക്ക് | 1 |
| 3. | ഓഫീസ് അസിസ്റ്റന്റ് | 1 |
| 4. | സ്റ്റാഫ് നഴ്സ് ഗ്രേഡ് -I | 1 |
| 5. | സ്റ്റാഫ് നഴ്സ് ഗ്രേഡ്- II | 2 |
| 6. | ജെ.പി.എച്ച്.എൻ ഗ്രേഡ്- II | 2 |
| 7. | ലാബ് ടെക്നീഷ്യൻ | 2 |
| 8. | ഫാർമസിസ്റ്റ് ഗ്രേഡ്- I | 1 |
| 9. | നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| 10. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II | 2 |
| 11. | പി.റ്റി.എസ് | 1 |
| | ആകെ | 19 |

ഇതു കൂടാതെ എൻ.എച്ച്.എം. മുഖേന ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | തസ്തികളുടെ എണ്ണം |
|---|---|---|
| 1. | ഡോക്ടർ (എൻ.എച്ച്.എം.) | 3 |
| 2. | സ്റ്റാഫ് നഴ്സ് (എൻ.എച്ച്.എം.) | 3 |
| 3. | പാലിയേറ്റീവ് സെക്കണ്ടറി ലെവൽ സ്റ്റാഫ് നേഴ്സ് | 1 |
| 4. | പാലിയേറ്റീവ് സെക്കണ്ടറി ലെവൽ ഫിസിയോതെറാപ്പിസ്റ്റ് | 1 |
| | ആകെ | 8 |

എച്ച്.എം.സി. മുഖേന ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | തസ്തികളുടെ എണ്ണം |
|---|---|---|
| 1. | ഡോക്ടർ | 1 |
| 2. | ഫാർമസിസ്റ്റ് | 1 |
| 3. | ലാബ് ടെക്നീഷ്യൻ | 1 |
| 4. | സെക്യൂരിറ്റി | 1 |
| 5. | പാർട്ട് ടൈം സ്വീപ്പർ | 1 |
| | ആകെ | **5** |

**പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനം**

185 (1551) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കുമോ;

&

(ബി) ഇവ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള പ്രോജക്ടുകൾ

(1) ജലദൗർലഭ്യം പരിഹരിക്കുവാനുള്ള ജി.എൽ.ആർ. ടാങ്ക് നിർമ്മാണവും അനുബന്ധ ജോലികളും.

(2) Modern Psychiatric Ward നിർമ്മാണം നാല് കോടി രൂപയുടേത് രണ്ടാം നില കോൺക്രീറ്റ് കഴിഞ്ഞു ബാക്കി നടപടികൾ നടന്നുവരുന്നു.

(3) പി.ഡബ്ല്യൂ.ഡി.-യുടെ നേതൃത്വത്തിൽ വിവിധ വാർഡുകളുടെ അറ്റകുറ്റപണികൾ നടന്നുവരുന്നു.

(4) മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക നടപടികൾ തയ്യാറാക്കാൻ KITCO എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(5) Half Way Home നിർമ്മാണം Cost Ford എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി പണികൾ ആരംഭഘട്ടത്തിലാണ്.

(6) 2020-2021 സാമ്പത്തിക വർഷത്തിൽ വിവിധ അറ്റകുറ്റപണികൾക്കായി 83 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഈ മാനസികാരോഗ്യ കേന്ദ്രത്തെ കോഴിക്കോട് ഇംഹാൻസ് മാതൃകയിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടായി വികസിപ്പിക്കുന്ന വിഷയം പരിഗണിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഈ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സിച്ച് രോഗം ഭേദമായെങ്കിലും ബന്ധുക്കൾ ഏറ്റെടുക്കാത്ത എത്രപേർ ഇപ്പോൾ ഉണ്ട്; ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് പദ്ധതിയാണുള്ളതെന്ന് വിശദമാക്കുമോ?

രോഗം ഭേദമായിട്ടും കൊണ്ടുപോകാത്തവരായി മൊത്തം 162 അന്തേവാസികൾ ഉണ്ട്. (മെയിൽ 103, ഫീമെയിൽ 59.) ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വെഞ്ഞാറമൂട് കെയർ ഹോം പ്രവർത്തിക്കുന്നു. ചെന്നൈ കേന്ദ്രമായ Baniyan എന്ന സന്നദ്ധ സംഘടന 'ഹോം എവേ' എന്ന പദ്ധതി വഴി രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്നവരെ തിരിച്ചെത്തിക്കാൻ സാമൂഹ്യനീതി വകുപ്പിന്റെ ഭാഗമായി 'പ്രത്യാശ' എന്ന പദ്ധതി പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായം ലഭിക്കുന്ന 8 സ്വകാര്യ പുനരധിവാസകേന്ദ്രങ്ങളും സ്ഥാപനങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു. മേൽ സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം രോഗം ഭേദമായവരെ പുനരധിവസിപ്പിച്ചിട്ടുണ്ട്:

(1) സെന്റ് ഇഗ്നേഷ്യസ് ചാരിറ്റബിൾ വട്ടപ്പാറ - 72 പുരുഷന്മാർ

(2) സനാതന റിന്യൂവൽ സെന്റർ മണ്ണവിളക്കുളത്തൂർ - 42 പുരുഷന്മാർ

(3) എസ്.എച്ച്. ചാരിറ്റിഹോം വിളപ്പിൽശാല - 30 പുരുഷന്മാർ

(4) സ്നേഹവീട് നാലാഞ്ചിറ – 125 പുരുഷന്മാമാർ

(5) ധർമ്മ അഭയാകേന്ദ്രം തച്ചോട്ടുകാവ് - 15 പുരുഷന്മാർ, 13 സ്ത്രീകൾ

(6) തൃപ്പാദം ചാരിറ്റബിൾ സൊസൈറ്റി, പഴകുറ്റി നെടുമങ്ങാട് - 75 പുരുഷന്മാർ

(7) ശാന്തിമന്ദിരം വേറ്റിനാട്, വട്ടപ്പാറ - 73 പുരുഷന്മാർ

(8) മിന്നി ഫാമിലി ഹോം, പേയാട്, തിരുമല - 20 സ്ത്രീകൾ.

### മാവേലിക്കര ആയുർവ്വേദാശുപത്രി

186 (1552) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ആയുർവ്വേദാശുപത്രിയുടെ വികസനത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ വകയിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത നിർമ്മാണത്തിന് പൊതുമരാമത്ത് കെട്ടിട വിഭാഗം നൽകിയ പ്ലാനും എസ്റ്റിമേറ്റും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത നിർമ്മാണം തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ആലപ്പുഴ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

187 (1553) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് 2016 മുതൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി പി.എച്ച്.സി. -കളെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കൂടാതെ സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ ആക്കുന്ന പ്രവർത്തികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കല്ലിയൂർ കുടുംബാരോഗ്യ കേന്ദ്രം

188 (1554) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു അടിസ്ഥാന സൗകര്യവും ഒരുക്കാതെയും തസ്തികകൾ സൃഷ്ടിക്കാതെയും കഴിഞ്ഞ നിമയസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പായി കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ച കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും തസ്തികകൾ അനുവദിക്കുന്നതിനും ഔദ്യോഗിക രേഖകളിൽ പ്രാഥമികാരോഗ്യ കേന്ദ്രമെന്നത് മാറ്റി കുടുംബാരോഗ്യ കേന്ദ്രമെന്നാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നാംഘട്ടത്തിൽ കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ കെട്ടിടം പണിയുന്നതിനും മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും എൻ.എച്ച്.എം. മുഖേന നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഏജൻസിയെ കണ്ടെത്തുന്നതിനുമായിട്ടുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന്റെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. രണ്ട് കെട്ടിടങ്ങളിലായി ഓഫീസ്, ലാബ്, ഫാർമസി, ഡോക്ടേഴ്സ് റൂം, ട്രീറ്റ്മെന്റ് റൂം, ഒബ്സർവേഷൻ റൂം. മറ്റ് ജീവനക്കാർക്കുള്ള മുറി എന്നിവ സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലെ സ്ഥിരം ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) മെഡിക്കൽ ഓഫീസർ-1

(2) ക്ലാർക്ക്-1

(3) ഹെൽത്ത് ഇൻസ്പെക്ടർ-1

(4) ജെ.പി.എച്ച്.എൻ.-5

(5) ജെ.എച്ച്.ഐ.-4

(6) സ്റ്റാഫ് നഴ്സ് -1

(7) നഴ്സിംഗ് അസിസ്റ്റന്റ്-4

(8) ഹോസ്പിറ്റൽ അറ്റൻഡന്റ്-1

(9) ഓഫീസ് അറ്റൻഡന്റ്-1

(10) ഫാർമസിസ്റ്റ്-1

ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന നിയമിച്ചിട്ടുള്ള ഒരു ഡോക്ടറുടെയും ഒരു ആർ.ബി.എസ്.കെ. നഴ്സിന്റെയും പഞ്ചായത്ത് മുഖാന്തരം നിയമിച്ചിട്ടുള്ള ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, രണ്ട് ലാബോറട്ടറി ടെക്നീഷ്യൻ, ഒരുപാലിയേറ്റീവ് കെയർ നഴ്സ്, എച്ച്.എം.സി. മുഖാന്തരം നിയമിക്കപ്പെട്ട ഒരു ഫാർമസിസ്റ്റ്, ഒരു ആംബുലൻസ് ഡ്രൈവർ, ഒരു സെക്യൂരിറ്റി, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**കരുനാഗപ്പള്ളി താലൂക്കാശുപത്രി**

189 (1555) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം, രക്ത ബാങ്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലേയ്ക്ക് ആവശ്യമായ സ്ക്രീൻഡ് രക്ത യൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്തബാങ്കായ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നുമാണ് സംഭരിക്കുന്നത്. ഇതിലേയ്ക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ Hub & Spoke model ആണ് രക്ത ബാങ്കുകളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നത്. രക്തബാങ്കുകളിൽ ശേഖരിക്കപ്പെടുന്ന രക്തം 5 നിർബന്ധിത രക്ത പരിശോധനകൾക്ക് വിധേയമാക്കുകയും രക്ത ഘടകങ്ങളായി വേർതിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ സൂക്ഷിക്കുന്ന രക്തം രക്തസംഭരണ യൂണിറ്റുകളുടെ ആവശ്യാനുസരണം വിതരണംചെയ്യുന്ന പ്രക്രിയയാണ് നിലവിൽ അനുവർത്തിച്ചുവരുന്നത്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പ്രതി വർഷം 2000 യൂണിറ്റ് ആവശ്യമുള്ള ആശുപത്രിയിലാണ് രക്ത ബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായിവരുന്നുള്ളു. രക്തത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് രക്ത ബാങ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ആശുപത്രി അധികാരികൾക്ക് സ്വീകരിക്കാവുന്നതാണ്.

(ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കാശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തിവരുന്നത്. കരുനാഗപ്പള്ളി ആശുപത്രിയെ താലൂക്ക് തല ആശുപത്രിയുടെ തലത്തിൽ സൗകര്യം വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

**തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ നിയമനം**

190 (1556) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിശോധിച്ചുവരുന്നു.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെഫ്രോളജിസ്റ്റിനെ കൂടാതെ ഫിസിഷ്യൻ, ജൂനിയർ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ഡയാലിസിസ് മെഷീനുകൾ, ഡയാലിസിസ് യൂണിറ്റുകൾ കൂടുതൽ ഷിഫ്റ്റുകൾ എന്നിവയുടെയെല്ലാം എണ്ണം വർദ്ധിപ്പിച്ചാലെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാൻ സാധിക്കുകയുള്ളൂ.

**കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകൾ**

191 (1557) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി തടയുന്നതിന് എത്ര ഐസൊലേഷൻ വാർഡുകൾ പുതിയതായി സ്ഥാപിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

പകർച്ചവ്യാധി പ്രതിരോധത്തിന് കോഴിക്കോട് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ ബ്ലോക്കിനുപുറമെ ആരോഗ്യ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിലെ 13 അസംബ്ലി മണ്ഡലങ്ങളിലെ 13 ആരോഗ്യ സ്ഥാപനങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) പുതുതായി സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പുതുതായി സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

(1) വടകര - സി.എച്ച്.സി. ഓർക്കാട്ടേരി

(2) കുറ്റിയാടി - സി.എച്ച്.സി. കുന്നുമേൽ

(3) നാദാപുരം - സി.എച്ച്.സി. വളയം

(4) കൊയിലാണ്ടി - സി.എച്ച്.സി. മേലടി

(5) പേരാമ്പ്ര - താലൂക്ക് ആശുപത്രി, പേരാമ്പ്ര

(6) ബാലുശ്ശേരി - സി.എച്ച്.സി. കുരാച്ചുണ്ട്

(7) ഇലത്തൂർ - സി.എച്ച്.സി. തലക്കുളത്തൂർ

(8) കോഴിക്കോട് - ഗവ. ഡെർമറ്റോളജി നോർത്ത് ആശുപത്രി

(9) കോഴിക്കോട് - മാനസികാശുപത്രി, സൗത്ത് കോഴിക്കോട്

(10) ബേപ്പൂർ - സി.എച്ച്.സി. ചെറുവണ്ണൂർ

(11) കുന്നമംഗലം - സി.എച്ച്.സി. ഒളവണ്ണ

(12) കൊടുവള്ളി - സി.എച്ച്.സി. കൊടുവള്ളി

(13) തിരുവമ്പാടി - സി.എച്ച്.സി. മുക്കം

(14) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ്

(സി) ഓരോ യൂണിറ്റിനും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക പദ്ധതി രേഖ പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള 13 ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനത്തിലെ ഐസൊലേഷൻ യൂണിറ്റിന് 1.79 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള വിശദ പദ്ധതി രേഖ പൂർത്തിയായതിനുശേഷം മാത്രമെ ഇതിനായി എത്ര രൂപ ചെലവാകുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

## തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ്

192 (1558) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ മാലിന്യ സംസ്കരണ യൂണിറ്റ് (സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തിൽ ജില്ലയിൽ നാഷണൽ ഹെൽത്ത് മിഷൻ വഴി ക്വാളിറ്റി ഇനത്തിൽ അനുവദിച്ച 1 കോടി രൂപ ചെലവ് വരുന്ന മാലിന്യ സംസ്കരണ യൂണിറ്റിന്റെ സമഗ്ര പദ്ധതി രേഖ WAPCOS ഏജൻസി വഴി തയ്യാറാക്കിയിട്ടുണ്ട്. ഇത് നാഷണൽ ഹെൽത്ത് മിഷന്റെ എഞ്ചിനീയറിംഗ് വിഭാഗം ടെക്നിക്കൽ ടീമിന് 15-7-2021-ന് അയച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് അൾട്രാ ഫിൽട്രേഷൻ സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തുമ്പോൾ വരുന്ന അധിക തുക പ്രോജക്ടിൽ ഉള്ളടക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഇമേജ് എന്ന സ്ഥാപനത്തിനും നോൺ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് KEIL എന്ന സ്ഥാപനത്തിനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് തിരൂരങ്ങാടി മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള ഹരിത കർമ്മസേനയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കുട്ടനാട്ടിലെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക പദ്ധതി**

193 (1559) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വലിയ തോതിൽ കണ്ടുവരുന്ന കുട്ടനാട്ടിൽ അതിനെ തടയുന്നതിനും ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിൽ പകർച്ചവ്യാധികളും ജലജന്യരോഗങ്ങളും കൂടുതലായി കണ്ടുവരുന്നുണ്ടെങ്കിലും ഏതെങ്കിലും ഒരു തരം കാൻസർ ക്രമാതീതമായി വർദ്ധിക്കുന്നതായി നാളിതുവരെ ഒരു പഠനങ്ങളിലും തെളിഞ്ഞിട്ടില്ലാത്തതാണ്. മുൻവർഷങ്ങളിലും ഇത് സംബന്ധമായ അന്വേഷണങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടെങ്കിലും കാൻസർ രോഗത്തിന്റെ പ്രാദേശികമായ വർദ്ധനവ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. കാൻസർ രോഗനിർണ്ണയത്തിന് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ക്യാമ്പുകൾ കുട്ടനാട്ടിലും സജീവമായി നടത്തപ്പെടാറുണ്ട്. കുട്ടനാട് പ്രദേശത്തോട് ഏറ്റവും അടുത്തുള്ള മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ സെന്റർ ആരംഭിക്കുകയും കീമോ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ വിധികൾ നൽകിവരികയും ചെയ്യുന്നു. ഈ കേന്ദ്രത്തിൽ രോഗനിർണ്ണയത്തിനും അനുബന്ധ സേവനങ്ങൾക്കും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ജലജന്യരോഗങ്ങളും മറ്റു പകർച്ചവ്യാധികളും കുട്ടനാട്ടിൽ പടരുന്നത് തടയാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

രോഗനിർണ്ണയത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, ആലപ്പുഴയുടേയും സഹായം തേടുന്നുണ്ട്. ഇതിനായി ക്ലോറിൻ ഗുളികകളും ബ്ലീച്ചിംഗ് പൗഡറും ആശാ വർക്കർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ മുഖാന്തരം കുട്ടനാട്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. വയറിളക്കരോഗങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പ് വരുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒ.ആർ.എസ്. പായ്ക്കറ്റ്, സിങ്ക് ഗുളികകൾ, ഡോക്സിസൈക്ലിൻ, ഐ.വി. ഫ്ലൂയിഡ് മുതലായ മരുന്നുകളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധത്തിനായി ഡോക്സിഡേ ക്യാമ്പയിനും, രോഗ ചികിത്സയ്ക്കായി ഡോക്സി സൈക്ലിനും പെൻസിലിൻ ഉൾപ്പെടെയുള്ള

മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടനാട് പോലുള്ള വെള്ളക്കെട്ട് നിറഞ്ഞ പ്രദേശങ്ങളിൽ വയറിളക്കം ഉൾപ്പെടെയുള്ള ജലജന്യരോഗങ്ങളാണ് (ടൈഫോയിഡ്, ഹെപ്പറ്റിറ്റിസ് എ&ഇ, കോളറ) സാധാരണയായി ഉണ്ടാകുന്നത്. ഇത് കൂടാതെ എലിപ്പനിയും വ്യാപകമാകാറുണ്ട്. ഇവ തടയുന്നതിനായി നമ്മുടെ ആരോഗ്യ പ്രവർത്തകരായ ആശാ പ്രവർത്തകർ വഴിയും ഫീൽഡ് വിഭാഗം ജീവനക്കാരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ് വഴിയും ക്ലോറിനേഷൻ ജലസ്രോതസ്സുകളിൽ നടത്തുകയും ആവശ്യമുള്ള സമയങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നു. തിളപ്പിച്ചാറിയ വെള്ളത്തിന്റെ ഉപയോഗം, ശുദ്ധമായ പാത്രത്തിൽ വെള്ളം ശേഖരിക്കേണ്ടതിന്റെ ആവശ്യകത, ടോയ്ലെറ്റിൽ പോയശേഷം കൈകഴുകുന്നതിന്റെ ആവശ്യകത, ഭക്ഷണം പാകംചെയ്യുന്നതിന് മുമ്പും ശേഷവും കൈകഴുകുന്നതിന്റെ ആവശ്യകത, ഭക്ഷണ സാധനങ്ങൾ അടച്ച് സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികളും നടത്തിവരുന്നു. ഇതുകൂടാതെ 2015 മുതൽ അഞ്ച് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ എല്ലാ വർഷവും മേയ്, ജൂൺ മാസങ്ങളിൽ ദേശീയ പരിപാടിയായ Intensified Diarrhoea Control Forte Night Programme നടത്തിവരുന്നു. പ്രസ്തുത പരിപാടിയിൽ കുട്ടികൾക്ക് ഒ.ആർ.എസ്., സിങ്ക് എന്നിവ ആശാ പ്രവർത്തകർ മുഖേന വീടുകളിൽ എത്തിക്കുകയും ഒ.ആർ.എസ്. ലായനി തയ്യാറാക്കുന്ന വിധം പഠിപ്പിച്ച് കൊടുക്കുകയുംചെയ്യുന്നു. തിളപ്പിച്ചാറ്റിയ കുടിവെള്ളത്തിന്റെ ഉപയോഗം കൈകഴുകുന്നതിന്റെ ആവശ്യകത, വ്യക്തി ശുചിത്വം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് സ്ത്രീകളിലും വീടുകളിലും ബോധവത്കരണം നടത്തുന്നു. കൂടാതെ ഭക്ഷണം വിൽക്കുന്ന സ്ഥാപനങ്ങളിലും അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ പരിശോധന, ജലത്തിന്റെ ഗുണനിലവാര പരിശോധന എന്നിവയും അനുബന്ധ പ്രവർത്തനങ്ങളായി നടത്തിവരുന്നു.

**ലക്കിടി പേരൂർ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ**

194 (1560) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനേകം ആളുകൾ ആശ്രയിക്കുന്ന പാലക്കാട്-പൊന്നാനി റോഡിലുള്ള ലക്കിടി പേരൂർ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

പാലക്കാട് പൊന്നാനി റോഡിലുള്ള ലക്കിടി പേരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 16-6-2018-ലെ GO(MS)No.113/2018 H&FWD പ്രകാരം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുക്കുകയും 14-11-2019-ലെ സ.ഉ.(കൈ)നമ്പർ 171/2019/ ആ.കു.വ. പ്രകാരം അസി.സർജൻ-1, സ്റ്റാഫ് നഴ്സ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയുമാണ്. ആർദ്രം മിഷൻ മാനദണ്ഡമനുസരിച്ച് നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 'ഒബ്സർവേഷൻ ബെഡ്' സംവിധാനം നൽകിവരുന്നുമുണ്ട്.

## കുറ്റിപ്പുറം താലൂക്കാശുപത്രി വികസനം

195 (1561) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്കാശുപത്രി വികസനം സംബന്ധിച്ച് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി തയ്യാറാക്കിയ പദ്ധതി കിഫ്ബി വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി കിഫ്ബി വഴി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭ്യമാക്കുകയും ബാക്കി എൺപത് ശതമാനത്തിന്റെ പ്രൊപ്പോസലിൻമേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഭരണാനുമതി ലഭിച്ച 40 ലക്ഷം രൂപയ്ക്ക് ശേഷമുള്ള 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നത് പരിശോധിച്ചുവരുന്നു.

**തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ നെഫ്രോളജി യൂണിറ്റ്**

196 (1562) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി താലൂക്കാശുപത്രിയിലെ നിർദ്ദിഷ്ട നെഫ്രോളജി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പൂർത്തീകരിച്ച നടപടികൾ വിശദീകരിക്കുമോ?

തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ 15 മെഷീനുകളുടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസ് യൂണിറ്റിലേയ്ക്ക് രണ്ട് ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ 4 ഡയാലിസിസ് ടെക്നീഷ്യന്റെയും ഡയാലിസിസ് യൂണിറ്റിലേയ്ക്ക് 12 സ്റ്റാഫ് നഴ്സിന്റെയും താൽക്കാലിക നിയമനങ്ങൾ എച്ച്.എം.സി. മുഖേന നടത്തിയിട്ടുണ്ട്. തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ നെഫ്രോളജി യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല.

**സ്വകാര്യ ആശുപത്രികളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്**

197 (1563) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ വിവിധ തരത്തിലുള്ള സർജറി, ചികിത്സ എന്നിവയ്ക്ക് വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച വിവരം ആശുപത്രികൾ പരസ്യപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ അദ്ധ്യായം 6 ഖണ്ഡിക 19 പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവർ നൽകുന്ന ചികിത്സയുടെ നിരക്ക് ആ സ്ഥാപനത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ആശുപത്രികളും ശരിയായരീതിയിൽ നിരക്കുകൾ പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള

ആശുപത്രികളുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) അധിക ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ആക്ഷേപം പൊതുജനങ്ങൾ ആർക്കാണ് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

അധിക ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിലേയ്ക്കായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018 പ്രകാരം രൂപീകരിച്ച പരാതിപരിഹാര സമിതി മുൻപാകെ സമർപ്പിക്കാവുന്നതാണ്.

**സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചാർജ്ജ്**

198 (1564) ഡോ. കെ. ടി. ജലീൽ
ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്വകാര്യ ആശുപത്രികളിൽ കോവിഡ് ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കിയത് സംബന്ധിച്ചുണ്ടായ പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ച പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ പത്രപരസ്യം എസ്.എച്ച്.എ. കേരളത്തിലെ എല്ലാ പത്രങ്ങളിലും നൽകിയിരുന്നു. പ്രസ്തുത പരസ്യത്തിൽ ചികിത്സാ നിരക്ക്, പരാതിപരിഹാര സംവിധാനങ്ങളുടെ വിവരം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ചികിത്സാ നിരക്ക് നിജപ്പെടുത്തിയ തോടൊപ്പം അമിതചികിത്സ ഏതെങ്കിലും ആശുപത്രികൾ ഈടാക്കിയാൽ രോഗികൾക്ക് പരാതിപ്പെടാനുള്ള ജില്ലാ പരാതിപരിഹാര സംവിധാനത്തിനും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിക്കും രൂപം നൽകി.

(ബി) സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി പ്രവർത്തിച്ച സ്വകാര്യ ആശുപത്രികൾക്കെതിരെ ചിലർ കോടതിയെ സമീപിക്കാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഐ.എം.എ. പോലുള്ള സംഘടനകൾ സ്വകാര്യ ആശുപത്രികളിലെ ചാർജ്ജ് നിരക്കുകൾ നിശ്ചയിക്കുന്നതിനെതിരായ വാദമുഖങ്ങൾ ഉന്നയിച്ചിരുന്നോ; ഇതിന്മേൽ കോടതിയുടെ നിരീക്ഷണം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെതിരെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു വെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് നിലവിൽ അനുവാദം നൽകിയിട്ടുണ്ട്.

## സിക്ക വൈറസ് വ്യാപനം

199 (1565) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിക്ക വൈറസ് വ്യാപനം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സിക്ക വൈറസിന്റെ വ്യാപനം തടയുന്നതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സിക്ക വൈറസിന്റെ സാന്നിദ്ധ്യം സംസ്ഥാനത്ത് കണ്ടെത്തിയ ദിവസംതന്നെ ഒരു അടിയന്തര യോഗം സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ ചേരുകയും രോഗത്തിന്റെ ലക്ഷണാധിഷ്ഠിത സർവ്വേയും കൊതുക് സർവ്വേയും നടത്തുന്നതിന് പ്രത്യേക രൂപരേഖ തയ്യാറാക്കുകയും എൻ.ഐ.വി. ആലപ്പുഴയുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. സിക്ക രോഗം ആദ്യമായി സ്ഥിരീകരിച്ചത് പാറശ്ശാല സ്വദേശിക്കായതിനാൽ പാറശ്ശാല താലൂക്കാശുപത്രി സൂപ്രണ്ടിന് കൊതുക് നിയന്ത്രണ മാർഗ്ഗങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ നിർദ്ദേശം നൽകി.

3. സ്റ്റേറ്റ് എന്റമോളജി യൂണിറ്റ്, തിരുവനന്തപുരം, ജില്ലാ പബ്ലിക് ഹെൽത്ത് ടീം എന്നിവരുടെ സാന്നിദ്ധ്യത്തിൽ പാറശ്ശാല, നന്തൻകോട് എന്നിവിടങ്ങളിൽ കൊതുകിന്റെ സാന്ദ്രതാ പഠനവും കൊതുകുകളെ ശേഖരിച്ച് കൊതുകിലുള്ള രോഗാണു നിർണ്ണയത്തിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു.

4. രോഗനിയന്ത്രണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ മെഡിക്കൽ ഓഫീസറുടെയും തിരുവനന്തപുരം കോർപ്പറേഷന്റെയും സഹകരണത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചു. രോഗനിരീക്ഷണം, സ്ഥിരീകരണം, ചികിത്സ, ഗർഭിണികളുടെ നിരീക്ഷണം, നവജാത ശിശു നിരീക്ഷണം, പരിശീലനം, ബോധവത്ക്കരണം, കൊതുക് നിരീക്ഷണം, സംയോജിത കൊതുക് നിയന്ത്രണം തുടങ്ങിയവ ഊർജ്ജിതപ്പെടുത്തി.

5. സിക്ക രോഗം സംബന്ധിച്ച് വിവിധ തലങ്ങളിൽ ഉള്ളവർക്ക് പരിശീലനവും പൊതുജനങ്ങൾ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർക്ക് ബോധവത്ക്കരണവും നടത്തുകയുണ്ടായി.

6. സിക്ക ബാധിത പ്രദേശങ്ങൾ സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി സിക്ക നിയന്ത്രണത്തിന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി രോഗനിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

7. രോഗം ആദ്യമായി റിപ്പോർട്ട് ചെയ്തതും കൂടുതലായി റിപ്പോർട്ട് ചെയ്തതും തിരുവനന്തപുരം കിംസ് ആശുപത്രിയുമായി ബന്ധപ്പെട്ടവർക്കായതിനാൽ കിംസ് ആശുപത്രിയും പരിസര പ്രദേശങ്ങളും ഉൾപ്പെടുന്ന ഒൻപത് വാർഡുകളിൽ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കി. കൂടാതെ, സിക്ക രോഗം റിപ്പോർട്ട് ചെയ്ത മറ്റു പ്രദേശങ്ങളിലും രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

8. രോഗബാധിത പ്രദേശങ്ങളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും ആരോഗ്യപ്രവർത്തകർ, ആശ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന ടീമുകൾ ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, പൊതുസ്ഥല സന്ദർശനം, കൊതുക് സർവ്വേ, കൊതുകിന്റെ ഉറവിട നശീകരണം, കൂത്താടി നാശിനി സ്പ്രേയിംഗ്, വീടുകൾക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ഐ.എസ്.എസ്.) ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

9. വിവിധ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രം, സോഷ്യൽ മീഡിയ മാധ്യമങ്ങളിലൂടെയുമെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

10. സംസ്ഥാന എന്റമോളജി യൂണിറ്റ് രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്.

11. രോഗലക്ഷണങ്ങൾ കാണിക്കുന്നവരുടെ രക്ത സാമ്പിളുകൾ എൻ.ഐ.വി. പൂന/ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ അയച്ച് സ്ഥിരീകരിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

12. സിക്ക രോഗം ഗർഭിണികളിലും ഗർഭസ്ഥ ശിശുക്കളിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരെ നിരീക്ഷിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

13. സിക്ക രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സ നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുമുണ്ട്.

14. തിരുവനന്തപുരം VRDL (Virus Research and Diagnostic Laboratory) ലാബിൽ രോഗം സ്ഥിരീകരിച്ച 15 പേരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി ഡൽഹി IGIB (Institute of Genomics and Integrative Biology)-യിലേയ്ക്ക് അയയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം VCRC (Vector Control Research Centre)-യിൽ അയച്ച ഈഡിസ് കൊതുക് സാമ്പിളിൽ 34 പൂളുകളിൽ 6 പൂളുകളിൽ സിക്ക വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് ഇവയുടെ ജനിതക പരിശോധന നടന്നുവരികയാണ്.

(ബി) ആരോഗ്യ പ്രവർത്തകരിലേയ്ക്ക് സിക്ക വൈറസ് മൂലം രോഗം പടർന്നു പിടിക്കുന്നത് സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സിക്ക രോഗം പകരുന്ന രീതികളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെപ്പറ്റിയും ആരോഗ്യ പ്രവർത്തകരെ ബോധവത്കരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും നൽകിയിട്ടുണ്ട്. കൂടാതെ ആശുപത്രികളിലും മറ്റും കൊതുക് സർവ്വേ, കൊതുക് നിയന്ത്രണം എന്നിവ നടത്തി കൊതുക് കടി കഴിയുന്നത്ര ഒഴിവാക്കി രോഗം പകരാനുള്ള സാദ്ധ്യത ഇല്ലാതാക്കിവരുന്നുണ്ട്. ആശുപത്രിയിലെ കൊതുകുജന്യ രോഗം ബാധിച്ചവരെ കിടത്തി ചികിത്സിക്കുന്ന വാർഡുകൾ കൊതുക് കടക്കാത്ത വിധം കമ്പിവല

അടിച്ചും രോഗികളെ കൊതുകുവലയ്ക്കുള്ളിൽ കിടത്തിയും ആരോഗ്യ പ്രവർത്തകർക്ക് രോഗബാധയുണ്ടാകാതെ സുരക്ഷിതരാക്കുന്നു. ഫീൽഡുതല സർവ്വേയ്ക്ക് പോകുന്ന ആരോഗ്യ പ്രവർത്തകരോട് കൊതുകിനെതിരെയുള്ള വ്യക്തി സുരക്ഷാമാർഗ്ഗങ്ങൾ അവലംബിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആഴ്ചയിൽ ഒരിക്കൽ കൊതുകുറവിട നശീകരണത്തിനായി ഡ്രൈഡേ ആചരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേയ്ക്കായി വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മഴക്കാല രോഗങ്ങൾ ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ നേരിടുന്നതിനായി 2018 മുതൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ ആരോഗ്യ വകുപ്പ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കൃത്യമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിനൊപ്പം ജലവിഭവ വകുപ്പ്, സാമൂഹ്യനീതി, കൃഷി, മൃഗ സംരക്ഷണം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളും ശുചിത്വ മിഷൻ, കേരള വാട്ടർ അതോറിറ്റി, ഹരിത കേരള മിഷൻ, കുടുംബശ്രീ, ഭക്ഷ്യ സുരക്ഷാ കമ്മീഷൻ തുടങ്ങിയവയെല്ലാം ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ഏറ്റവും താഴെത്തട്ടിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിലുള്ള വാർഡ്തല ആരോഗ്യ ശുചിത്വ സമിതിയുടെ ആഭിമുഖ്യത്തിലാണ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മാലിന്യ നിർമ്മാർജ്ജനം, മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണം, ഡ്രൈഡേ ആചരണം, കൊതുക് നിയന്ത്രണം, കടിവെള്ളം ക്ലോറിനേഷൻ, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ബോധവത്ക്കരണത്തിനും പകർച്ചവ്യാധി പ്രതിരോധ ത്തിനുമായുള്ള ദിന/വാര/ മാസാചരണങ്ങൾ, ക്യാമ്പയിനുകൾ തുടങ്ങിയവയും ഇതോടൊപ്പം നടത്തുന്നു. കൂടാതെ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ സംസ്ഥാന/ജില്ലാ/ ബ്ലോക്ക്/ പഞ്ചായത്ത് തലങ്ങളിൽ ഇന്റർസെക്ടറൽ യോഗങ്ങളും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ രോഗനിയന്ത്രണത്തിനും പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണം കുറയ്ക്കുന്നതിനും സഹായകരമാകുന്നു.

(ഡി) സിക്ക വൈറസ്മൂലം ഉണ്ടാകുന്ന രോഗങ്ങൾക്ക് സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സിക്ക വൈറസ്മൂലമുണ്ടാകുന്ന രോഗങ്ങൾക്ക് പ്രത്യേക ചികിത്സയോ വാക്സിനോ നിലവിലില്ല. ലക്ഷണങ്ങൾക്കനുസരിച്ചുള്ള സഹായക ചികിത്സയാണ് നൽകിവരുന്നത്. ഇതിനുള്ള സൗകര്യം നിലവിൽ പ്രൈവറ്റ് ആശുപത്രികൾ ഉൾപ്പെടെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാണ്.

**ഓക്സിജൻ ഉല്പാദനശേഷി**

200 (1566) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് ഓക്സിജൻ ക്ഷാമം പ്രധാന പ്രതിസന്ധി ആയിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് ആശുപത്രികളിലെ ഓക്സിജൻ ഉല്പാദന ശേഷി വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

38 ആശുപത്രികളിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊണേഷൻ വഴി ലഭിച്ച 7 ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച 33 ഓക്സിജൻ ജനറേറ്ററിൽ 8 എണ്ണം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ഉണ്ടെങ്കിൽ ഈ നടപടികളിലൂടെ കഴിഞ്ഞ മൂന്ന് മാസക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ ഓക്സിജൻ ഉത്പാദനശേഷിയിൽ ഉണ്ടായ വ്യത്യാസം വ്യക്തമാക്കുമോ?

8 ആശുപത്രികളിൽ ഓക്സിജൻ ജനറേറ്ററുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചതിന്റെ ഫലമായി ഓക്സിജന്റെ ഉൽപാദനശേഷി 18.9 മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിച്ച് സംഭരണശേഷി 12 കിലോ ലിറ്ററായി ഉയർത്തിയിട്ടുണ്ട്. കേരള മിനറൽസ് ആന്റ്

മെറ്റൽസ് ലിമിറ്റഡ്-ലെ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റിന്റെ സംഭരണശേഷി 50 മെട്രിക് ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ 4 കണ്ടെയ്നറുകളിലായി 20 മെട്രിക് ടൺ ശേഷി വീതമുള്ള ലിക്വിഡ് മെഡിക്കൽ ഓക്സിജൻ കരുതൽ ശേഖരമായി കൊച്ചിൻ ഷിപ്പ്യാർഡിലും (2 എണ്ണം) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) - ലും (2 എണ്ണം) സൂക്ഷിച്ചിട്ടുണ്ട്.

**കരൾരോഗ ചികിത്സ**

201 (1567) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപാനം മൂലമല്ലാത്ത കരൾ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ഇതിനുള്ള ചികിത്സ വളരെ ചെലവേറിയതാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരൾരോഗ പരിശോധനയ്ക്കായി താലൂക്കാശുപത്രികളിലും മെഡിക്കൽ കോളേജുകളിലും എന്തൊക്കെ സംവിധാനങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ?

താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും കരൾരോഗ നിർണ്ണയത്തിനുള്ള എല്ലാ ലബോറട്ടറി പരിശോധനകളും ലഭ്യമാണ്. എല്ലാ ജില്ലാ ആശുപത്രികളിലും മിക്ക താലൂക്കാശുപത്രികളിലും അൾട്രാ സൗണ്ട് സ്കാനിംഗിനുള്ള സൗകര്യംകൂടി ഉള്ളതിനാൽ കരൾ രോഗം കണ്ടെത്തുന്നതിന് സൗകര്യമുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ രോഗ ചികിത്സയ്ക്കായി കരൾ രോഗ സൂപ്പർ സ്പെഷ്യാലിററി ഒ.പി. സേവനം (മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജി) (കൊല്ലം, ഇടുക്കി, മഞ്ചേരി, എറണാകുളം, കാസർഗോഡ് ഒഴികെ) ലഭ്യമാണ്. അടിസ്ഥാനപരമായ രക്ത പരിശോധനകൾ, സ്കാനിംഗ് സേവനങ്ങൾ തുടങ്ങിയവയും ലഭ്യമാണ്. കരൾ രോഗസംബന്ധമായ ചികിത്സയ്ക്കാവശ്യമായ ഫൈബ്രോസ്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. കരൾരോഗ സംബന്ധമായ ശസ്ത്രക്രിയകൾ ചെയ്യുന്ന സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റെ സേവനം തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. കരൾ ബയോപ്സി സംവിധാനവും ലഭ്യമാണ്.

(സി) ലക്ഷങ്ങൾ ചെലവുവരുന്ന കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജുകളിലും നിലവിലില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2016-ൽ തന്നെ ഒരു കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിർത്തിവച്ചിരിക്കുകയാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തുടർന്നും നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഇപ്പോൾ ഒരുക്കിവരികയാണ്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമില്ല. കരൾ മാറ്റിവയ്ക്കുന്നതിനുവേണ്ട ഓപ്പറേഷൻ തിയേറ്റർ ഐ.സി.യു.-വും മറ്റു സൗകര്യങ്ങളും പുതുതായി ആരംഭിക്കാനിരിക്കുന്ന പി.എം.എസ്.എസ്.വൈ. ബ്ലോക്കിൽ ലഭ്യമാണ്. എന്നാൽ പി.എം.എസ്.എസ്.വൈ. ബ്ലോക്ക് ഇപ്പോൾ കോവിഡ് ആശുപത്രിയാക്കി മാറ്റിയിരിക്കുകയാണ്. പി.എം.എസ്.എസ്.വൈ. ബ്ലോക്ക് പ്രവർത്തന ക്ഷമമാക്കിയും സ്റ്റാഫുകളെ നിയമിച്ചും ഈ വിഭാഗത്തിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**സിക്ക വൈറസ് രോഗ പ്രതിരോധം**

202 (1568) <u>ശ്രീ. എ. എൻ. ഷംസീർ</u>:

<u>ഡോ. സുജിത് വിജയൻപിള്ള</u>:

<u>ശ്രീ. വി. ജോയി</u>:

<u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ വ്യാപനം ശമിക്കുന്നതിനുമുമ്പായി തന്നെ സിക്ക വൈറസ്മൂലമുള്ള രോഗംകൂടി സ്ഥിരീകരിച്ചത് സംസ്ഥാനത്ത് ആശങ്ക പരത്തിയിട്ടുള്ളത് കണക്കിലെടുത്ത് ഇതിനെ ചെറുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സിക്ക വൈറസിന്റെ വ്യാപനം തടയുന്നതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സിക്ക വൈറസിന്റെ സാന്നിദ്ധ്യം സംസ്ഥാനത്ത് കണ്ടെത്തിയ ദിവസം തന്നെ ഒരു അടിയന്തര യോഗം സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ ചേരുകയും രോഗത്തിന്റെ ലക്ഷണാധിഷ്ഠിത സർവ്വേയും കൊതുക് സർവ്വേയും നടത്തുന്നതിന് പ്രത്യേക രൂപരേഖ തയ്യാറാക്കുകയും എൻ.ഐ.വി. ആലപ്പുഴയുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. സിക്ക രോഗം ആദ്യമായി സ്ഥിരീകരിച്ചത് പാറശ്ശാല സ്വദേശിക്ക് ആയതിനാൽ പാറശ്ശാല താലൂക്കാശുപത്രി സൂപ്രണ്ടിന് കൊതുക് നിയന്ത്രണ മാർഗ്ഗങ്ങൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകി.

3. സ്റ്റേറ്റ് എന്റമോളജി യൂണിറ്റ്, തിരുവനന്തപുരം, ജില്ലാ പബ്ലിക് ഹെൽത്ത് ടീം എന്നിവരുടെ സാന്നിദ്ധ്യത്തിൽ പാറശ്ശാല, നന്തൻകോട് എന്നിവിടങ്ങളിൽ കൊതുകിന്റെ സാന്ദ്രതാ പഠനവും കൊതുകുകളെ ശേഖരിച്ച് കൊതുകിലുള്ള രോഗാണുനിർണ്ണയത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

4. രോഗനിയന്ത്രണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ മെഡിക്കൽ ഓഫീസറുടെയും തിരുവനന്തപുരം കോർപ്പറേഷന്റെയും സഹകരണത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചു. രോഗനിരീക്ഷണം, സ്ഥിരീകരണം, ചികിത്സ, ഗർഭിണികളുടെ നിരീക്ഷണം, നവജാത ശിശു നിരീക്ഷണം, പരിശീലനം, ബോധവത്ക്കരണം, കൊതുകുനിരീക്ഷണം, സംയോജിത കൊതുക് നിയന്ത്രണം തുടങ്ങിയവ ഊർജ്ജിതപ്പെടുത്തി.

5. സിക്ക രോഗം സംബന്ധിച്ച് വിവിധ തലങ്ങളിൽ ഉള്ളവർക്ക് പരിശീലനവും പൊതുജനങ്ങൾ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർക്ക് ബോധവത്ക്കരണവും നടത്തുകയുണ്ടായി.

6. സിക്ക ബാധിത പ്രദേശങ്ങൾ സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി സിക്ക നിയന്ത്രണത്തിന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി രോഗനിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

7. രോഗം ആദ്യമായി റിപ്പോർട്ട് ചെയ്തതും കൂടുതലായി റിപ്പോർട്ട് ചെയ്തതും തിരുവനന്തപുരം കിംസ് ആശുപത്രിയുമായി ബന്ധപ്പെട്ടവർക്കായതിനാൽ കിംസ് ആശുപത്രിയും പരിസര പ്രദേശങ്ങളും ഉൾപ്പെടുന്ന ഒൻപത് വാർഡുകളിൽ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കി. കൂടാതെ, സിക്ക രോഗം റിപ്പോർട്ട് ചെയ്ത മറ്റു പ്രദേശങ്ങളിലും രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

8. രോഗബാധിത പ്രദേശങ്ങളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും ആരോഗ്യപ്രവർത്തകർ, ആശ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന ടീമുകൾ ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, പൊതുസ്ഥല സന്ദർശനം, കൊതുക് സർവ്വേ, കൊതുകിന്റെ ഉറവിട നശീകരണം, കൂത്താടി നാശിനി സ്പ്രേയിംഗ്, വീടുകൾക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ഐ.എസ്.എസ്.) ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

9. വിവിധ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രം, സോഷ്യൽ മീഡിയ മാധ്യമങ്ങളിലൂടെയുമെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

10. സംസ്ഥാന എന്റമോളജി യൂണിറ്റ് രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്.

11. രോഗലക്ഷണങ്ങൾ കാണിക്കുന്നവരുടെ രക്ത സാമ്പിളുകൾ എൻ.ഐ.വി. പൂന/ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ അയച്ച് സ്ഥിരീകരിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

12. സിക്ക രോഗം ഗർഭിണികളിലും ഗർഭസ്ഥ ശിശുക്കളിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരെ നിരീക്ഷിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

13. സിക്ക രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സ നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ/താലൂക്കാശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുമുണ്ട്.

14. തിരുവനന്തപുരം VRDL (Virus Research and Diagnostic Laboratory) ലാബിൽ രോഗം സ്ഥിരീകരിച്ച 15 പേരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി ഡൽഹി IGIB (Institute of Genomics and Integrative Biology)-യിലേയ്ക്ക് അയയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം VCRC (Vector Control Research Centre)-യിൽ അയച്ച ഈഡിസ് കൊതുക് സാമ്പിളിൽ 34 പൂളുകളിൽ 6 പൂളുകളിൽ സിക്ക വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് ഇവയുടെ ജനിതക പരിശോധന നടന്നുവരികയാണ്.

(ബി) സിക്ക വൈറസ് രോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെയും അതിനെ പ്രതിരോധിക്കാനായി ചെയ്യേണ്ട കാര്യങ്ങളെയും സംബന്ധിച്ച ബോധവൽക്കരണം നടത്തി ജനങ്ങളുടെ അമിത ഭീതി അകറ്റുന്നതിനുള്ള സന്ദേശ പ്രചാരണം നടത്തുന്നുണ്ടോ?

സിക്ക വൈറസ് രോഗം പബ്ലിക്ക് ഹെൽത്ത് എമർജൻസിയായി പ്രഖ്യാപിക്കപ്പെട്ടതുമുതൽ സംസ്ഥാനത്ത് ഇതിനെതിരെയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കൊതുക് നശീകരണ പ്രവർത്തനങ്ങളും മറ്റു ബോധവത്ക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതികൾ വഴി അതിലെ അംഗങ്ങൾക്കും ആരോഗ്യസേനാ പ്രവർത്തകർക്കും കുടുംബശ്രീ അയൽക്കൂട്ടം പ്രവർത്തകർക്കും സിക്ക രോഗത്തിന്റെ വിവിധ വശങ്ങളെപ്പറ്റി അവബോധം നൽകിവരുന്നു. ഈ രോഗം പകരുന്ന മാർഗ്ഗങ്ങളെപ്പറ്റിയും പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതുവഴി ഈ രോഗത്തിനെതിരെ ജാഗ്രത പുലർത്തുന്നതിനും അകാരണമായ ഭീതി ഒഴിവാക്കുവാനും ജനങ്ങളെ പ്രാപ്തരാക്കുന്നു.

(സി) വൈറസ് ബാധ സ്ഥിരീകരിക്കുന്നതിന് പര്യാപ്തമായ ലാബ് സൗകര്യം ഒരുക്കുന്നതിനും പൊതുവായ പകർച്ചവ്യാധികളെയും മഴക്കാല രോഗങ്ങളുൾപ്പെടെയുള്ളവയെയും പ്രതിരോധിക്കുന്നതിനും ആരോഗ്യ വകുപ്പ് മറ്റു വകുപ്പുകളുടെ കൂടി പങ്കാളിത്തത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

ഡെങ്കിപ്പനി, ചിക്കൻഗുനിയ മുതലായ വൈറസ് രോഗങ്ങൾ സ്ഥിരീകരിക്കുന്നതിന് സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ് ഉൾപ്പെടെ 38 സെന്റിനൽ സർവ്വേയലൻസ് ലാബുകൾ മെഡിക്കൽ കോളേജുകളിലും ജില്ലാ/ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ/ജനറൽ ആശുപത്രികളിലും മറ്റുമായി സംസ്ഥാനത്ത് പ്രവർത്തനസജ്ജമാണ്. സിക്ക വൈറസ് ബാധ സ്ഥിരീകരിക്കുന്നതിനുള്ള ആർ.ടി.പി.സി.ആർ. സൗകര്യം ആലപ്പുഴയിലെ എൻ.ഐ.വി.-യിലും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ വി.ആർ.ഡി. ലാബുകളിലും സജ്ജീകരിച്ചിട്ടുണ്ട്. മഴക്കാല രോഗങ്ങൾ ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ നേരിടുന്നതിനായി 2018 മുതൽ 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ ആരോഗ്യ വകുപ്പ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ കൃത്യമായ പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിനൊപ്പം ജലവിഭവ വകുപ്പ്, സാമൂഹ്യനീതി, കൃഷി, മൃഗസംരക്ഷണം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകളും ശുചിത്വ മിഷൻ, കേരള വാട്ടർ അതോറിറ്റി, ഹരിത കേരള മിഷൻ, കുടുംബശ്രീ, ഭക്ഷ്യ സുരക്ഷാ കമ്മീഷൻ തുടങ്ങിയവയെല്ലാം ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. ഏറ്റവും താഴെത്തട്ടിൽ വാർഡ് മെമ്പറുടെ അദ്ധ്യക്ഷതയിലുള്ള വാർഡ്തല ആരോഗ്യ ശുചിത്വ സമിതിയുടെ

ആഭിമുഖ്യത്തിലാണ് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മാലിന്യ നിർമ്മാർജ്ജനം, മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണം, ഡ്രൈഡേ ആചരണം, കൊതുക് നിയന്ത്രണം, കടിവെള്ളം ക്ലോറിനേഷൻ, ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ബോധവത്ക്കരണത്തിനും പകർച്ചവ്യാധി പ്രതിരോധത്തിനുമായുള്ള ദിന/വാര/മാസാചരണങ്ങൾ, ക്യാമ്പയിനുകൾ തുടങ്ങിയവയും ഇതോടൊപ്പം നടത്തുന്നു. കൂടാതെ പൊതുജനാരോഗ്യ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തി ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സംസ്ഥാന/ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ ഇന്റർസെക്ടറൽ യോഗങ്ങളും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ രോഗനിയന്ത്രണത്തിനും പകർച്ചവ്യാധി മൂലമുണ്ടാകുന്ന മരണം കുറയ്ക്കുന്നതിനും സഹായകരമാകുന്നു.

### ഡയാലിസിസ് സെന്ററുകൾ

203 (1569) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് ചികിത്സ ആവശ്യമുള്ള രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായും നിലവിലുള്ള ഡയാലിസിസ് സെന്ററുകൾ പരിമിതമാണെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പ് ആശുപത്രികളിൽ 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021-ഓടെ 6 ഡയാലിസിസ് യൂണിറ്റുകൾകൂടി പ്രവർത്തനസജ്ജമാകും.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ - 30

കൊല്ലം മെഡിക്കൽ കോളേജിൽ -11

ആലപ്പുഴ മെഡിക്കൽ കോളേജിൽ -25

കോട്ടയം മെഡിക്കൽ കോളേജിൽ -42

ഇടുക്കി മെഡിക്കൽ കോളേജിൽ -5

എറണാകുളം മെഡിക്കൽ കോളേജിൽ -17

തൃശ്ശൂർ മെഡിക്കൽ കോളേജിൽ -22

മഞ്ചേരി മെഡിക്കൽ കോളേജിൽ -8

കോഴിക്കോട് മെഡിക്കൽ കോളേജിൽ -45

കണ്ണൂർ മെഡിക്കൽ കോളേജിൽ -25

ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചുവരുന്നു. സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ എത്തുന്ന പരമാവധി രോഗികൾക്ക് ഡയാലിസിസ് നടത്തിവരുന്നുണ്ട്. ഇതിനായി കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കാളും രോഗികളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള പ്രതിരോധ നടപടികളിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത്. രോഗം എത്രയും നേരത്തെ കണ്ടെത്തി സമ്പൂർണ്ണ ചികിത്സ ഉറപ്പാക്കുകയും രോഗം വരാതിരിക്കുന്നതിനുള്ള ശീലവൽക്കരണ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയുമാണ് അഭികാമ്യമായിട്ടുള്ളത്.

(ബി) ഇതു പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ആലോചിക്കുന്നതെന്ന് അറിയിക്കാമോ;

&

(സി) സർക്കാർ തലത്തിൽ ഡയാലിസിസ് സെന്ററുകൾ നിലവിലില്ലാത്ത മണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുമോ?

താലൂക്കാശുപത്രികളിൽ സ്ഥല സൗകര്യമുണ്ടെങ്കിൽ ഘട്ടം ഘട്ടമായി ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാൻ Strengthening of Dialysis Unit എന്ന പ്ലാൻ പദ്ധതി നിലവിലുണ്ട്. ഡയാലിസിസിനായി രോഗികൾ കൂടുതൽ ആശ്രയിക്കുന്നത് രക്തധമനികളിലൂടെയുള്ള ഡയാലിസിസ് (ഹീമോ ഡയാലിസിസ്) ആണ്. ഏറെ ചെലവേറിയതും ആശുപത്രിവാസം ആവശ്യമുള്ളതും ഹ്രസ്വ ഇടവേളകളിൽ ചെയ്യേണ്ടതുമായ ഹീമോ ഡയാലിസിസിനുപകരം താരതമ്യേന ചെലവ് കുറഞ്ഞതും വീടുകളിൽ വച്ചുതന്നെ ചെയ്യാവുന്നതുമായ പെരിടോനിയൽ ഡയാലിസിസ് പ്രോത്സാഹിപ്പിക്കുന്ന തിനായാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ഇപ്പോൾ ശ്രദ്ധ ചെലുത്തുന്നത്. സർക്കാർ ആശുപത്രികളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48 (44+4) ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതിൽ 44 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

2. ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 6 ഡയാലിസിസ് ചികിത്സാ കോന്ദ്രങ്ങളിൽ 3 ആശുപത്രികളിലുള്ള ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. (കട്ടപ്പന താലൂക്കാശുപത്രി, അടിമാലി താലൂക്കാ ശുപത്രി, മലയിൻകീഴ് താലൂക്കാശുപത്രി) മറ്റ് 3 ആശുപത്രികളിൽ നിർമ്മാണം പുരോഗമിക്കുന്നു. (താലൂക്കാശുപത്രി ആറ്റിങ്ങൽ, ജി.എച്ച്. ഇരിങ്ങാലക്കട, പാറശ്ശാല താലൂക്കാശുപത്രി).

## സ്പൈനൽ മസ്കുലാർ അട്രോഫി

204 (1570) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവ്വ ജനിതക വൈകല്യരോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി രോഗം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. ഏകദേശം 117 സ്പൈനൽ മസ്കുലാർ അട്രോഫി രോഗികൾ ഇപ്പോഴത്തെ കണക്ക് പ്രകാരം നിലവിൽ ഉണ്ട്.

(ബി) ഇതിനാവശ്യമായ ചികിത്സാ സൗകര്യം സംസ്ഥാനത്ത് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്പൈനൽ മസ്കുലാർ അട്രോഫി (SMA) സംബന്ധിയായ അസുഖങ്ങൾ ഉള്ള കുട്ടികൾക്ക് വിവിധ സ്പെഷ്യലിസ്റ്റുകളുടെ ചികിത്സ ആവശ്യമാണ്. ശ്വാസകോശ സംബന്ധമായ അസുഖങ്ങളും അസ്ഥിസംബന്ധമായ അസുഖങ്ങളുമാണ് ഇവർ പ്രധാനമായും നേരിടുന്നത്. ഇതിന് ഫലപ്രദമായ ചികിത്സ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. അസുഖമുള്ള കുട്ടിയുടെ കുടുംബത്തിന് ജനിതക കൗൺസിലിംഗിന് വിധേയമാക്കി ബോധവൽക്കരിച്ച് തുടർ ഗർഭധാരണങ്ങളിൽ ഗർഭസമയത്തുതന്നെ രോഗ നിർണ്ണയം നടത്തി അസുഖം സ്ഥിരീകരിച്ച് ചികിത്സാ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ അസുഖത്തിന് നിലവിൽ ലഭ്യമായ ഏറ്റവും ഫലപ്രദമായ മരുന്ന് സോൾജെൻസ്മ എന്ന മരുന്നാണ്. ഇത് ഇന്ത്യയിൽ ലഭ്യമല്ല. എന്നിരുന്നാലും പ്രത്യേക അഭ്യർത്ഥന പ്രകാരം ടി മരുന്ന് വിദേശത്തുനിന്നും വരുത്താവുന്നതാണ്. മരുന്ന് ലഭ്യമാകുന്നതനുസരിച്ച് ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ജീൻ തെറാപ്പി എന്ന നൂതന സാങ്കേതിക വിദ്യ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതിനാൽ ഇതിന്റെ ഒരു ഡോസ് മാത്രമേ ചികിത്സയ്ക്കാവശ്യമായി വരുന്നുള്ളൂ. രോഗ നിർണ്ണയം നേരത്തെ നടത്തി, പ്രാരംഭ ഘട്ടത്തിൽ മരുന്ന് ലഭ്യമായാൽ SMA-യെ ചെറുക്കാൻ സാധിക്കുന്നതാണ്.

(സി) ഇതിന്റെ ചികിത്സയ്ക്കാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മെഡിക്കൽ കോളേജ് തലത്തിൽ SMA രോഗബാധിതരായ കുട്ടികൾക്ക് വിവിധ സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ സേവനം ആവശ്യമായി വരുന്നതിനാൽ

(പ്രധാനമായും ശ്വാസകോശ സംബന്ധമായതും അസ്ഥി സംബന്ധമായതും) ഇതെല്ലാം ഏകോപിപ്പിച്ച് മൾട്ടി ഡിസിപ്ലിനറി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ തുടങ്ങുന്ന കാര്യം പഠിച്ചുകൊണ്ടിരിക്കുകയാണ്. SMA ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് ജനിതക കൗൺസിലിംഗ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സോൾജൻസ്മയുടെ ഉപയോഗത്തെക്കുറിച്ച് ആരോഗ്യ പ്രവർത്തകർക്കും മാതാപിതാക്കൾക്കും ബോധവത്കരണം നൽകുന്നുണ്ട്.

**സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.)**

205 (1571) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) ബാധിച്ച് കേരളത്തിൽ എത്ര കുട്ടികൾ ചികിത്സയിലുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഏകദേശം 117 സ്പൈനൽ മസ്കുലാർ അട്രോഫി രോഗികൾ ഇപ്പോഴത്തെ കണക്ക് പ്രകാരം നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഈ വകുപ്പിൽ ലഭ്യമല്ല.

(ബി) ഈ അസുഖത്തിന് നിലവിലുള്ള ചികിത്സ രീതികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

സ്പൈനൽ മസ്കുലാർ അട്രോഫി (SMA) സംബന്ധിയായ അസുഖങ്ങളുള്ള കുട്ടികൾക്ക് വിവിധ സ്പെഷ്യലിസ്റ്റുകളുടെ ചികിത്സ ആവശ്യമാണ്. ശ്വാസകോശ സംബന്ധമായ അസുഖങ്ങളും അസ്ഥിസംബന്ധമായ അസുഖങ്ങളുമാണ് ഇവർ പ്രധാനമായും നേരിടുന്നത്. ഇതിന് ഫലപ്രദമായ ചികിത്സ സർക്കാർ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. അസുഖമുള്ള കുട്ടിയുടെ കുടുംബത്തിന് ജനിതക കൗൺസിലിംഗ് നൽകി ബോധവൽക്കരിച്ച് തുടർ ഗർഭധാരണങ്ങളിൽ ഗർഭസമയത്തുതന്നെ രോഗ നിർണ്ണയം നടത്തി അസുഖം സ്ഥിരീകരിച്ച് ചികിത്സാ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ അസുഖത്തിന് നിലവിൽ ലഭ്യമായ ഏറ്റവും ഫലപ്രദമായ മരുന്ന് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന 'സോൾ ജെൻസ്മ' ആണ്. മരുന്ന് ലഭ്യമാകുന്നതനുസരിച്ച് ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ നമ്മുടെ നാട്ടിൽ ലഭ്യമാണ്. 'ജീൻ തെറാപ്പി' എന്ന നൂതന സാങ്കേതിക വിദ്യ അധിഷ്ഠിതമായി പ്രവർത്തിക്കുന്നതിനാൽ ഇതിന്റെ ഒരു ഡോസ് മാത്രമേ ചികിത്സയ്ക്ക് ആവശ്യമായി വരുന്നുള്ളൂ. രോഗ നിർണ്ണയം നേരത്തെ നടത്തി, പ്രാരംഭഘട്ടത്തിൽ മരുന്ന് ലഭ്യമായാൽ SMA-യെ ചെറുക്കുവാൻ സാധിക്കുന്നതാണ്.

(സി) സ്പൈനൽ മസ്കുലാർ അട്രോഫി രോഗം ബാധിച്ച് ചികിത്സയിലുള്ള കുട്ടികളുടെ ചികിത്സാ ചെലവ് പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

&

(ഡി) ജനിതക രോഗമെന്ന നിലയിൽ നിലവിൽ ഈ രോഗത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തതിനാൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന 'വീ കെയർ' പദ്ധതിയിലൂടെ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയിൽ നിന്നും സമാഹരിക്കുന്ന തുക ഉപയോഗിച്ച് അപൂർവ്വ രോഗബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായങ്ങൾ നൽകിവരുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ളവരിൽനിന്നും ഓൺലൈൻ പേമെന്റ് ഗേറ്റ്‌വേ വഴിയും നേരിട്ടുമാണ് സംഭാവന സ്വീകരിക്കുന്നത്. അപൂർവ്വ ജനിതക രോഗമായ പോംപി ഡിസീസുമായി ബന്ധപ്പെട്ട WP(C) നമ്പർ 21897/2016-ലെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത WA നമ്പർ 2151/2017-ലെ 5-10-2020-ലെ ഇടക്കാല ഉത്തരവിൽ, അപൂർവ്വരോഗങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക അക്കൗണ്ടിലേയ്ക്ക് 50 ലക്ഷം രൂപ നിക്ഷേപിക്കണമെന്ന് കേരള സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയും പ്രസ്തുത തുക 2020 നവംബറിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതു കൂടാതെ കേന്ദ്ര സർക്കാർ നൽകിയ 1.50 കോടി രൂപയും കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ നൽകിയ 5 ലക്ഷം രൂപയും ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് ടി ആവശ്യത്തിനായി KMSCL-ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ 20-1-2021-ലെ ഇടക്കാല വിധിയിൽ 50 ലക്ഷം രൂപ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 23-7-2021-ൽ പ്രസ്തുത തുക ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേറ്റ് സ്ഥാപനങ്ങളിൽനിന്നും CSR ഫണ്ട് സമാഹരിച്ച് തുക നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കൈക്കൊണ്ടുവരുന്നു.

## സ്പൈനൽ മസ്കുലാർ അട്രോഫി

206(1572) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർവരോഗമായ സ്പൈനൽ മസ്കുലാർ അട്രോഫി ബാധിച്ച എത്ര ആളുകൾ കേരളത്തിൽ ഉണ്ടെന്നകണക്ക് ആരോഗ്യവകുപ്പിന്റെ കൈവശം ഉണ്ടോ?

ഏകദേശം 117 രോഗികൾ ഉള്ളതായാണ് കണക്കാക്കപ്പെടുന്നത്.

(ബി) വളരെ ചെലവേറിയ മരുന്നുകൾ ചികിത്സയ്ക്കായി ആവശ്യമുള്ളതിനാൽ രോഗബാധിതരായ കുട്ടികളെ ചികിത്സിക്കാൻ കഴിയാതെ സാധാരണ ജനങ്ങൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരം അപൂർവ്വ രോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന 'വി കെയര്' പദ്ധതിയിലൂടെ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ എന്നിവയിൽ നിന്നും സമാഹരിക്കുന്ന തുക ഉപയോഗിച്ച് അപൂർവ്വ രോഗബാധിതരായ കുട്ടികൾക്ക് ചികിത്സാ സഹായങ്ങൾ നൽകിവരുന്നുണ്ട്. രാജ്യത്തിനകത്തും പുറത്തുമുള്ളവരിൽനിന്നും ഓൺലൈൻ പേമെന്റ് ഗേറ്റ്വേ വഴിയും നേരിട്ടുമാണ് സംഭാവന സ്വീകരിക്കുന്നത്. അപൂർവ്വ ജനിതക രോഗമായ പോംപി ഡിസീസുമായി ബന്ധപ്പെട്ട WP© നമ്പർ 21897/2016-ലെ വിധി ന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത WA നമ്പർ 2151/2017-ലെ 5-10-2020-ലെ ഇടക്കാല ഉത്തരവിൽ, അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക അക്കൗണ്ടിലേയ്ക്ക് 50 ലക്ഷം രൂപ നിക്ഷേപിക്കണമെന്ന് കേരള സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയും പ്രസ്തുത തുക 2020 നവംബറിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതു കൂടാതെ കേന്ദ്ര സർക്കാർ നൽകിയ 1.50 കോടി രൂപയും കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ നൽകിയ 5 ലക്ഷം രൂപയും ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് ടി

ആവശ്യത്തിനായി KMSCL-ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ 20-1-2021-ലെ ഇടക്കാല വിധിയിൽ 50 ലക്ഷം രൂപ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 23-7-2021-ൽ പ്രസ്തുത തുക ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേറ്റ് സ്ഥാപനങ്ങളിൽനിന്നും CSR ഫണ്ട് സമാഹരിച്ച് തുക നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കൈക്കൊണ്ടുവരുന്നു.

**സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവ്വ ജനിതക രോഗം**

207 (1573) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പൈനൽ മസ്കുലർ അട്രോഫി എന്ന അപൂർവ്വ ജനിതക രോഗം പിടിപെട്ട എത്ര കുട്ടികൾ കേരളത്തിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഏകദേശം 117 സ്പൈനൽ മസ്കുലർ അട്രോഫി രോഗികൾ ഇപ്പോഴത്തെ കണക്ക് പ്രകാരം കേരളത്തിലുണ്ട്.

(ബി) ഇതിന്റെ ചികിത്സയ്ക്കുള്ള സോൾ ജെൻസ്മ (zolgensma)എന്ന മരുന്ന് നമ്മുടെ നാട്ടിൽ ലഭ്യമാണോയെന്നറിയിക്കുമോ?

സോൾജെൻസ്മ എന്ന മരുന്ന് നമ്മുടെ നാട്ടിൽ ലഭ്യമല്ല.

(സി) പതിനെട്ട് കോടി രൂപയോളം വിലവരുന്ന മരുന്നിന്റെ വിലയുടെ വലിയഭാഗം ഇറക്കുമതി തീരുവയും ജി.എസ്.ടി.-യുമാണെന്നിരിക്കെ ഈ മരുന്നിന്റെ തീരുവ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

ചരക്കുസേവന നികുതി നിയമത്തിലെ വകുപ്പ് 11 പ്രകാരം ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടുകൂടി മാത്രമേ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന വിലകൂടിയ മരുന്നുകളിൽ ചുമത്തുന്ന ചരക്കുസേവന നികുതിയിൽ ഇളവ് നൽകാൻ സാധിക്കുകയുള്ളൂ. സമാനമായ ഒരു കേസിൽ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

## സിക്ക വൈറസിന്റെ വ്യാപനം

208 (1574) ശ്രീ. കെ. ബാബു ( തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിക്ക വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

ഉണ്ട്. 26-7-2021 വരെ 52 കേസ്സുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം - 49

എറണാകുളം - 1

കോട്ടയം - 1

കൊല്ലം - 1

(ബി) സിക്ക വൈറസിന്റെ വ്യാപനം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സിക്ക വൈറസിന്റെ വ്യാപനം തടയുന്നതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. സിക്ക വൈറസിന്റെ സാന്നിദ്ധ്യം സംസ്ഥാനത്ത് കണ്ടെത്തിയ ദിവസം തന്നെ ഒരു അടിയന്തര യോഗം സ്റ്റേറ്റ് എന്റമോളജി യൂണിറ്റിൽ ചേരുകയും രോഗത്തിന്റെ ലക്ഷണാധിഷ്ഠിത സർവ്വേയും കൊതുക് സർവ്വേയും നടത്തുന്നതിന് പ്രത്യേക രൂപരേഖ തയ്യാറാക്കുകയും എൻ.ഐ.വി. ആലപ്പുഴയുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. സിക്ക രോഗം ആദ്യമായി സ്ഥിരീകരിച്ചത് പാറശ്ശാല സ്വദേശിക്കായതിനാൽ പാറശ്ശാല താലൂക്കാശുപത്രി സൂപ്രണ്ടിന് കൊതുക് നിയന്ത്രണ മാർഗ്ഗങ്ങൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകി.

3. സ്റ്റേറ്റ് എന്റമോളജി യൂണിറ്റ്, തിരുവനന്തപുരം, ജില്ലാ പബ്ലിക് ഹെൽത്ത് ടീം എന്നിവരുടെ സാന്നിദ്ധ്യത്തിൽ പാറശ്ശാല, നന്തൻകോട് എന്നിവിടങ്ങളിൽ കൊതുകിന്റെ സാന്ദ്രതാ പഠനവും, കൊതുകുകളെ ശേഖരിച്ച് കൊതുകിലുള്ള രോഗാണുനിർണ്ണയത്തിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

4. രോഗനിയന്ത്രണവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളും ജില്ലാ മെഡിക്കൽ ഓഫീസറുടെയും തിരുവനന്തപുരം കോർപ്പറേഷന്റെയും സഹകരണത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചു. രോഗനിരീക്ഷണം, കൊതുകുനിരീക്ഷണം, സംയോജിത കൊതുകു നിയന്ത്രണം തുടങ്ങിയവ ഊർജ്ജിതപ്പെടുത്തി.

5. സിക്ക രോഗം സംബന്ധിച്ച് വിവിധ തലങ്ങളിൽ ഉള്ളവർക്ക് പരിശീലനവും പൊതുജനങ്ങൾ, ആരോഗ്യപ്രവർത്തകർ തുടങ്ങിയവർക്ക് ബോധവത്ക്കരണവും നടത്തുകയുണ്ടായി.

6. സിക്ക ബാധിത പ്രദേശങ്ങൾ സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ നിർദ്ദേശാനുസരണം സിക്ക നിയന്ത്രണത്തിന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസ് വിശദമായ മൈക്രോ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

7. രോഗം ആദ്യമായി റിപ്പോർട്ട് ചെയ്തതും കൂടുതലായി റിപ്പോർട്ട് ചെയ്തതും തിരുവനന്തപുരം കിംസ് ആശുപത്രിയുമായി ബന്ധപ്പെട്ടവർക്കായതിനാൽ കിംസ് ആശുപത്രിയും പരിസര പ്രദേശങ്ങളും ഉൾപ്പെടുന്ന ഒൻപത് വാർഡുകളിൽ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കി. കൂടാതെ, സിക്ക രോഗം റിപ്പോർട്ട് ചെയ്ത മറ്റു പ്രദേശങ്ങളിലും രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

8. രോഗബാധിത പ്രദേശങ്ങളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും ആരോഗ്യപ്രവർത്തകർ, ആശ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ ടീമുകളായി തിരിഞ്ഞ് ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, പൊതുസ്ഥല സന്ദർശനം, കൊതുക് സർവ്വേ, കൊതുക് ഉറവിട നശീകരണം, കൂത്താടി നാശിനി സ്പ്രേയിംഗ്, വീടുകൾക്കുള്ളിൽ കീടനാശിനി ബാഷ്പം തളിക്കൽ (ഐ.എസ്.എസ്.) ഫോഗിംഗ്, ബോധവത്ക്കരണം തുടങ്ങിയവ നടത്തിവരുന്നു.

9. വിവിധ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രം, സോഷ്യൽ മീഡിയ മാധ്യമങ്ങളിലൂടെയുമെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

10. സംസ്ഥാന എന്റമോളജി യൂണിറ്റ് രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്.

11. രോഗലക്ഷണങ്ങൾ കാണിക്കുന്നവരുടെ രക്ത സാമ്പിളുകൾ എൻ.ഐ.വി. പൂന/ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ അയച്ച് സ്ഥിരീകരിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

12. സിക്ക രോഗം ഗർഭിണികളിലും, ഗർഭസ്ഥ ശിശുക്കളിലും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരെ നിരീക്ഷിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

13. സിക്ക രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സ നൽകിവരുന്നുണ്ട്.

14. തിരുവനന്തപുരം VRDL (Virus Research and Diagnostic Laboratory) ലാബിൽ രോഗം സ്ഥിരീകരിച്ച 15 പേരുടെ സാമ്പിളുകൾ ജനിതക പരിശോധനയ്ക്കായി ഡൽഹി IGIB (Institute of Genomics and Integrative Biology)-യിലേയ്ക്ക് അയയ്ക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. VCRC (Vector Control Research Centre)-യിൽ അയച്ച ഈഡിസ് കൊതുക് സാമ്പിളിൽ 34 പൂളുകളിൽ 6 പൂളുകളിൽ സിക്ക വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയതിനെ തുടർന്ന് ഇവയുടെ ജനിതക പരിശോധന നടന്നുവരികയാണ്.

**വാക്സിനേഷനുകൾ മുടങ്ങുന്നതിന് പരിഹാരം**

209 (1575) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കുട്ടികളുടേതുൾപ്പെടെ നിർബന്ധമായും നടക്കേണ്ട പോളിയോ വാക്സിനേഷനുൾപ്പെടെയുള്ള പ്രതിരോധ മരുന്ന് കുത്തിവെയ്പുകൾ സമയബന്ധിതമായി നടക്കുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) യഥാസമയം വാക്സിനുകൾ എടുക്കാത്തതുമൂലം വാക്സിനേഷനിലൂടെ ലഭിക്കേണ്ട രോഗ പ്രതിരോധത്തിൽ കുറവുണ്ടാകുമെന്ന് കരുതുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് അതിരൂക്ഷമായിരുന്ന സമയത്ത് മാത്രം രണ്ടാഴ്ചക്കാലത്തോളം കുട്ടികളുടെ നിർബന്ധിത വാക്സിനേഷൻ നിർത്തിവയ്ക്കേണ്ടിവന്നിരുന്നു. ആ കാലയളവിൽ വാക്സിൻ എടുക്കാത്ത കുട്ടികളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കി സ്പെഷ്യൽ ക്യാമ്പ് സംഘടിപ്പിച്ച് വാക്സിൻ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കുട്ടികളുൾപ്പെടെ എല്ലാ വിഭാഗങ്ങളും കൃത്യമായി യഥാസമയത്തു തന്നെ വാക്സിൻ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, ഉപകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, സർക്കാർ ആശുപത്രികൾ എന്നിവ വഴി നിശ്ചിത ദിവസങ്ങളിൽ വാക്സിനേഷൻ നൽകുന്നു. ഇതുകൂടാതെ നിശ്ചിത ദിവസങ്ങളിൽ അങ്കണവാടികൾ മുഖേനയും വാക്സിൻ നൽകുന്നു. ട്രൈബൽ മേഖലകളിൽ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ അവിടത്തെ കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നു. ഏതെങ്കിലും വാക്സിൻ എടുക്കാൻ വിട്ടുപോയ കുട്ടികൾക്ക് ഫീൽഡ് ജീവനക്കാരുടെ സഹായത്തോടെ പ്രത്യേക പരിപാടി വഴി വാക്സിൻ നൽകുന്നു. വാക്സിൻ എടുക്കുവാൻ വിമുഖത കാണിക്കുന്ന കുടുംബത്തിലെ കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനായി അവരുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം നൽകുന്നു. വാക്സിനേഷൻ കുറവുള്ള ജില്ലകളിൽ 'മിഷൻ ഇന്ദ്രധനുഷ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

### കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം

210 (1576) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് വികസനത്തിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർവ്വഹിക്കുന്നതിന് 187.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ 'ഹൈറ്റ്സ്' തയ്യാറാക്കിവരികയാണ്.

(ബി) മെഡിക്കൽ കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

### കോവിഡ് ഇതര ചികിത്സാ സൗകര്യങ്ങൾ

211 (1577) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഏതാണ്ട് പൂർണമായും കോവിഡ് ചികിത്സാകേന്ദ്രങ്ങളായി മാറിയ ഗുരുതരമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളെ പൂർണ്ണമായി കോവിഡ് ആശുപത്രികൾ ആക്കിയിട്ടില്ല. മെഡിക്കൽ കോളേജുകളിൽ കൂടുതൽ കോവിഡ് രോഗികൾ അഡ്മിറ്റ് ആയതിനാൽ കോവിഡ് രോഗികൾക്ക് കിടക്കകൾ നീക്കിവച്ചിരുന്നെങ്കിലും മറ്റെല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സകൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. നിശ്ചിത ശതമാനം കിടക്കകൾ കോവിഡ് ഇതര ചികിത്സയ്ക്കായി മാറ്റിവച്ചിട്ടുണ്ട്.

(ബി) അർബുദം, ഹൃദ്രോഗം, വൃക്കരോഗം, ന്യൂറോളജി തുടങ്ങി വിവിധ വിഭാഗങ്ങളിൽ ചികിത്സ നിലച്ചതിനെ തുടർന്ന് രോഗികൾക്കുണ്ടായിട്ടുള്ള വലിയ ആശങ്ക പരിഹരിക്കുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അർബുദം, ഹൃദ്രോഗം, വൃക്കരോഗം, ന്യൂറോളജി തുടങ്ങിയ എല്ലാ സ്പെഷ്യാലിറ്റി ചികിത്സയും മെഡിക്കൽ കോളേജുകളിൽ ഇപ്പോഴും ലഭ്യമാണ്. രോഗികളുടെ സൗകര്യാർത്ഥം ഇ-ഹെൽത്ത്, ഇ-സഞ്ജീവനി എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വീട്ടിലിരുന്ന തന്നെ ഡോക്ടറെ കാണുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം

212 (1578) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ടെന്നും, ഏതൊക്കെ ജില്ലകളിൽനിന്നായി മാസത്തിൽ എത്ര രോഗികൾ ഈ ആശുപത്രിയിൽ എത്തുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ 3 തസ്തികകളിൽ ഒരു പ്രൊഫസറും ഒരു അസിസ്റ്റന്റ് പ്രൊഫസറുമുൾപ്പെടെ 2 ഡോക്ടർമാർ നിലവിലുണ്ട്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽനിന്നായി മാസത്തിൽ ഏകദേശം 500 രോഗികളിൽ കൂടുതൽ ഈ വിഭാഗത്തിൽ ചികിൽസയ്ക്കായി എത്തുന്നുണ്ട്.

(ബി) ആഴ്ചയിൽ എത്ര സർജറികൾ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഈ വകുപ്പിൽ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

പത്തോളം സർജറികൾ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന്റേതായി നിലവിൽ നടത്തിവരുന്നുണ്ട്.

(സി) നിലവിൽ എത്ര രോഗികൾ സർജറിക്കായി കാത്തിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

നിലവിൽ 36 രോഗികൾ സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ സർജറിക്കായി കാത്തിരിക്കുന്നുണ്ട്.

(ഡി) ഈ വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയോഗിച്ചുകൊണ്ട് ആഴ്ചയിൽ കൂടുതൽ ദിവസങ്ങളിൽ സർജറി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ഡോക്ടർമാരുടെ/സീനിയർ റസിഡന്റുമാരുടെ അപര്യാപ്തതയും ഓപ്പറേഷൻ ടേബിളുകളുടെ എണ്ണത്തിലുള്ള കുറവും സർജിക്കൽ ഗ്യാസ്ട്രോ എൻറോളജി വിഭാഗത്തിൽ കൂടുതൽ ദിവസങ്ങളിൽ സർജറി നടത്തുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. എന്നിരുന്നാലും ഈ വിഭാഗത്തിൽ ആഴ്ചയിൽ കൂടുതൽ ദിവസങ്ങളിൽ സർജറി നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

**ആരോഗ്യമേഖലയിലെ താൽക്കാലിക ജീവനക്കാരുടെ വേതനം**

213 (1579) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ജോലിചെയ്യുന്ന ഓരോ വിഭാഗത്തിലെയും താൽക്കാലിക ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച വേതനം എത്രയാണെന്ന് വെളിപ്പെടുത്താമോ;

&

(ബി) നിശ്ചയിച്ച വേതനം പ്രസ്തുത ജീവനക്കാർക്ക് ലഭ്യമാകുന്നുവെന്ന് സർക്കാർ ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാകുന്നുണ്ട്. 7-1-2010-ലെ സ.ഉ.(കൈ) നമ്പർ 6/2010/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകിവരുന്നു. ആരോഗ്യ കേരളത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്.എം.-ന് കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് ശമ്പളം നിശ്ചയിക്കുന്നതിനുള്ള ഉത്തരവുകൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ ഇതിനോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം I*). ഇതനുസരിച്ച് എൻ.എച്ച്.എം.- ന് കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് വേതനം നൽകിവരുന്നു. കൂടാതെ സർക്കാർ അംഗീകൃത തസ്തികകളിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് 11-2-2021-ലെ സ.ഉ.(പി) നമ്പർ 29/2021/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വേതനം നൽകിവരുന്നു. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം II.*)

(സി) നിപ, പ്രളയം, കോവിഡ് കാലങ്ങളിൽ ആരോഗ്യരംഗത്ത് സേവനം ചെയ്ത താൽക്കാലിക ജീവനക്കാർക്ക് എന്തെങ്കിലും പ്രത്യേക അലവൻസ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിപയിലും വെള്ളപ്പൊക്കത്തിലും സ്റ്റാഫുകൾക്ക് അലവൻസുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കോവിഡ് കാലയളവിൽ സ.ഉ.(കൈ) നമ്പർ 112/2020/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എൻ.എച്ച്.എം.- ന് കീഴിൽ ജോലി ചെയ്യുന്ന ദിവസവേതന അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് ഇൻസെന്റീവും റിസ്ക് അലവൻസും നൽകുന്നുണ്ട്. ഇൻസെന്റീവും റിസ്ക് അലവൻസും താഴെപ്പറയും പ്രകാരമാണ് നൽകുന്നത് :

| നിയമന വിവരം | | |
|---|---|---|
| കാറ്റഗറി | നിലവിലെ അടിസ്ഥാന വേതനം | അംഗീകരിച്ച വേതനവും റിസ്ക് അലവൻസും |
| എൻ.എച്ച്.എം. ഗ്രേഡ്-1 | നാൽപതിനായിരവും അതിനു മുകളിലും വേതനം ലഭിക്കുന്നവർക്ക് അൻപതിനായിരം | റിസ്ക് അലവൻസ് 20 ശതമാനം |
| എൻ.എച്ച്.എം.ഗ്രേഡ്- 2 | ഇരുപതിനായിരം മുതൽ നാൽപതിനായിരം വരെ | 20 ശതമാനം റിസ്ക് അലവൻസ് |
| എൻ.എച്ച്.എം. ഗ്രേഡ്-3 | പതിമൂന്നായിരത്തി അഞ്ഞൂറു മുതൽ ഇരുപതിനായിരം വരെ വേതനം | 25 ശതമാനവും റിസ്ക് അലവൻസ് |
| എൻ.എച്ച്.എം. ഗ്രേഡ്-4 | പതിമൂന്നായിരത്തി അഞ്ഞൂറു രൂപയിൽ താഴെ വേതനം ലഭിക്കുന്നവർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ദിവസവേതനം | 30 ശതമാനം റിസ്ക് അലവൻസും. |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## താൽക്കാലിക വനിതാ ജീവനക്കാരുടെ പ്രസവാനുകൂല്യ അവധി

214 (1580) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.എച്ച്.എം. മുഖേന ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന താൽക്കാലിക വനിതാ ജീവനക്കാർക്ക് പ്രസവാനുകൂല്യ അവധി നൽകാറുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത അവധി എത്ര മാസമാണെന്ന് അറിയിക്കാമോ?

6 മാസം.

(സി) അവധി അനുവദിക്കുന്നുണ്ടെങ്കിൽ പ്രസ്തുത കാലയളവിൽ അവർ ശമ്പളത്തിന് അർഹരാണോ; വിശദവിവരങ്ങൾ നൽകാമോ?

4-1-2021-ലെ സ.ഉ.(പി) നമ്പർ 2/2021/ധന ഉത്തരവ് പ്രകാരം 80 ദിവസത്തിൽ കുറയാത്ത പ്രവൃത്തി ദിവസം ഉള്ള കരാർ വ്യവസ്ഥയിൽ നിയമിതരായ വനിതാ ജീവനക്കാർക്ക് വേതനത്തോടെയുള്ള പ്രസവ അവധിക്ക് അർഹതയുണ്ട്. കരാർ കാലാവധിക്കുള്ളിലാണ് അനുവദനീയമായ 180 ദിവസത്തെ പ്രസവ അവധി വരുന്നതെങ്കിൽ അത് പൂർണ്ണമായും കരാർ വ്യവസ്ഥ അനുസരിച്ച് ജീവനക്കാരിക്ക് ലഭിക്കുന്നതാണ്. കരാർ കാലയളവ് കഴിഞ്ഞും പ്രസവ അവധി ബാക്കി നിൽക്കുന്നെങ്കിൽ കരാർ കാലാവധി കാലയളവ് അവസാനിക്കുന്നത് വരെയുള്ള പ്രസവ അവധി വേതനത്തിനാണ് അർഹതയുള്ളത്.

## റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ തസ്തികയിലെ നിയമനങ്ങൾ

215 (1581) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ തസ്തികയിലെ നിയമനത്തിന് സ്പെഷ്യൽ റൂൾ എന്നാണ് നിലവിൽ വന്നത്; പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തിക ഏതെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യൽ റൂൾ നിലവിലില്ല. 'ഫോർമാൻ' ആണ് പ്രൊമോഷൻ തസ്തിക.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് സ്പെഷ്യൽ റൂളിൽ ഭേദഗതികൾ എന്തൊക്കെയാണ് വരുത്തിയിട്ടുള്ളത്; പ്രസ്തുത ഭേദഗതികൾ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ടോ, പകർപ്പ് ലഭ്യമാക്കാമോ?

'ഫോർമാൻ' ആണ് റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികയുടെ പ്രൊമോഷൻ തസ്തിക. 19-10-2009-ലെ സ.ഉ (കൈ) 362/2009/ആ.കു.വ, 19-4-2017-ലെ സ.ഉ (കൈ) 53/2017/ആ.കു.വ., എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത്. റീഹാബിലിറ്റേഷൻ ടെക്നോളജിയിൽ(പ്രോസ്റ്റെറ്റിക്/ഓർത്തോട്ടിക്ക്/ലെതർ) ഡിഗ്രി അല്ലെങ്കിൽ ഡിപ്ലോമ വിദ്യാഭ്യാസ യോഗ്യതയും റീഹാബിലിറ്റേഷൻ കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണ മെന്നതുമാണ്, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ (പ്രോസ്റ്റെറ്റിക്/ഓർത്തോട്ടിക്ക്/ലെതർ) ഗ്രേഡ്-1 ഫീഡർ ക്യാറ്റഗറിയിലുള്ളവർക്ക് തസ്തികയിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിനുള്ള യോഗ്യത. ഈ തസ്തികയിൽ സ്പെഷ്യൽ റൂൾ നിലവിലില്ല.

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും റീഹാബിലിറ്റേഷൻ ടെക്നീഷ്യന്റെ പ്രൊമോഷൻ മാനദണ്ഡങ്ങൾ വ്യത്യസ്ത മായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 100 ശതമാനം പ്രൊമോഷൻ നൽകിയിരുന്നത് ആരോഗ്യ വകുപ്പിൽ മാത്രം 50 ശതമാനമാക്കി വെട്ടിച്ചുരുക്കാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ തസ്തികകളിലെ റീഹാബിലിറ്റേഷൻ ഉദ്യോഗസ്ഥരുടെ നിയമന യോഗ്യത റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് 1992-ലെ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി, കാലോചിതമായി പരിഷ്കരിക്കുന്നതിന് ലഭ്യമായ ശിപാർശ പരിശോധിച്ചാണ് സർക്കാർ തീരുമാനമെടുത്തത്.

(ഡി) 19-10-2009-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 362/2009/ആ.കുവ. നമ്പർ ഉത്തരവിന് ആധാരമായ ഫയലിന്റെ കുറിപ്പ് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക

216 (1582) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്ന് വെളിപ്പെടുത്താമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 2 തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക

217 (1583) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ രോഗ പ്രതിരോധത്തിലൂന്നിയ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ആരോഗ്യ വകുപ്പിന് കീഴിൽ എത്ര തസ്തികകളാണ് പുതുതായി സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്; ഇതിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് ആവശ്യമായ പോസ്റ്റുകൾകൂടി ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ആരോഗ്യ വകുപ്പിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3377 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ 1200 തസ്തികകൾ കൂടി ആരോഗ്യ വകുപ്പിന് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാർ പരിശോധിച്ചുവരുന്നു. ടി പ്രൊപ്പോസലിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക ഉൾപ്പെട്ടിട്ടില്ല.

## ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക

218 (1584) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റുമാർക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് സ്ഥാനക്കയറ്റം നൽകാത്തതുമൂലം ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഫാർമസിസ്റ്റ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്- I തസ്തികയിൽ ഉണ്ടായിരുന്ന ഒഴിവുകൾ എല്ലാം സ്ഥാനക്കയറ്റം വഴി നികത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ അർഹതപ്പെട്ട ജീവനക്കാർക്ക് ഫാർമസിസ്റ്റ് ഗ്രേഡ്- I തസ്തികയിൽ സ്ഥാനക്കയറ്റം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫാർമസിറ്റ് ഗ്രേഡ്- II തസ്തികയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് ടി ഒഴിവുകൾ യഥാസമയം കേരള പബ്ലിക്ക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു.

(സി) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**ആശ്രിതനിയമനം**

219 (1585) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ആശ്രിതനിയമനം സംബന്ധിച്ച് 2019-മുതലുള്ള ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ആശ്രിതനിയമനത്തിനായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ 2019-ലും, 2020-ലും, 2021-ലും ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ യഥാക്രമം അനുബന്ധം I*, അനുബന്ധം II*, അനുബന്ധം III* ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ബി) 2020, 2021 കാലയളവുകളിൽ ആശ്രിതനിയമനവുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന വിശദവിവരം ലഭ്യമാക്കാമോ?

2020 ജനുവരി മുതൽ 2021 ജൂൺ 30 വരെ 88 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം II*, അനുബന്ധം III* ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) 2021-ജൂൺ 30 വരെ ലഭിച്ച അപേക്ഷകളിൽ ഇനിയും ഗവൺമെന്റിലേക്ക് സമർപ്പിക്കാൻ എത്ര അപേക്ഷകളുണ്ടെന്ന് അറിയിക്കാമോ; അപേക്ഷകരുടെയും ഫയലിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ആശ്രിത നിയമനത്തിനായി 2021 ജൂൺ 30 വരെ ലഭിച്ച അപേക്ഷകളിൽ 8 എണ്ണം ഇനിയും സർക്കാരിൽ ലഭിക്കാനുണ്ട്. അപേക്ഷകരുടെയും ഫയലിന്റെയും വിശദാംശങ്ങൾ അനുബന്ധം IV* ആയി ചേർക്കുന്നു.

(ഡി) നിലവിൽ ആശ്രിതനിയമനത്തിനായി എത്ര ഒഴിവുകൾ ഉണ്ടെന്നറിയിക്കുമോ?

ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ 5 ശതമാനം 24-5-1999-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 12/1999/ഉ.ഭ.പ.വ. പ്രകാരം ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ലിഫ്റ്റ് തകർന്ന് മരണപ്പെട്ട നാജിറ മോളുടെ കുടുംബത്തിന് സഹായം

220 (1586) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് 15-ന് തിരുവനന്തപുരം ആർ.സി.സി.-യിൽ ലിഫ്റ്റ് തകർന്ന് അപകടത്തിൽ ഗുരുതരമായ പരിക്കേറ്റ് ചികിത്സയിൽ കഴിയവേ മരണപ്പെട്ട പത്തനാപുരം സ്വദേശിനി നാജിറ മോളുടെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ നൽകുമോ?

മരണമടഞ്ഞ പത്തനാപുരം സ്വദേശിനി ശ്രീമതി നാജിറ മോളുടെ കുടുംബത്തിന് സർക്കാർ ഇരുപത് ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. 24-6-2021-ലെ G.O.(MS)119/2021/Rev പ്രകാരം "മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ" നിന്നും പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*) 12-7-2021-ലെ ആർ.സി.സി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ആർ.സി.സി.-യുടെ സ്വന്തം ഫണ്ടിൽനിന്നും പത്ത് ലക്ഷം രൂപ നൽകാനും തീരുമാനം എടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും, എന്നത്തേയ്ക്ക് ധനസഹായം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് മൊഴി എടുക്കുന്നതിന് ഹാജരാകാൻ പരേതയുടെ ഭർത്താവിന് പത്തനാപുരം വില്ലേജ് ഓഫീസർ മുഖാന്തരം നിർദ്ദേശം നൽകുകയും ടിയാൻ ജോലി സംബന്ധമായി തമിഴ്നാട്ടിൽ ആയതിനാൽ ലോക്ഡൗൺ നിമിത്തം ഹാജരാകാൻ കഴിഞ്ഞിട്ടില്ല. പരേതയുടെ മകൾ മൈനറായതിനാൽ ലീഗൽ ഗാർഡിയനെ നിയമിക്കുകയോ അല്ലാത്തപക്ഷം നാച്ചുറൽ ഗാർഡിയനായ പിതാവിന്റെ മൊഴി രേഖപ്പെടുത്തുകയോ ചെയ്തശേഷമേ തുക കൈമാറാൻ സാധിക്കുകയുള്ളൂ. നിലവിൽ പരേതയുടെ മാതാവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഭർത്താവിന്റെ മൊഴി രേഖപ്പെടുത്തിയശേഷം മാത്രമേ തുക വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ആർ.സി.സി.-യിൽ നിന്നും അനുവദിച്ച പത്ത് ലക്ഷം രൂപ നൽകാൻ മരണമടഞ്ഞ നാജിറ മോളുടെ അനന്തരാവകാശികളുടെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുക കൈമാറാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൃശ്ശൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ

221 (1587) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ ആരോഗ്യ മേഖലയിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ ഏതെല്ലാം പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 28-3-2017-ലെ G.O.(Rt)No. 845/2017/H&FWD, പ്രകാരം വിൽവട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. ഇവിടെ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാമർസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ 16-6-2018-ലെ G.O(MS)No.113/2018/H&FWD, പ്രകാരം പാമ്പൂർ, അയ്യന്തോൾ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും പാമ്പൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. അയ്യന്തോൾ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 22-10-2020-ലെ G.O.(Rt)No.1947/ 2020/H&FWD, പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രം കൂർക്കഞ്ചേരി, പ്രാഥമികാരോഗ്യകേന്ദ്രം അരിമ്പൂർ എന്നിവ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. പഴയ ജില്ലാ ആശുപത്രി കോമ്പൗണ്ടിൽ പണിയുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്. കുടുംബാരോഗ്യകേന്ദ്രം അയ്യന്തോളിന്റെ കീഴിലുള്ള ചേറ്റുപുഴ സബ്-സെന്റർ, വിയ്യൂർ എന്നിവയെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആദിവാസി കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

222 (1588) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികളിൽ പൊതുവായി കണ്ടുവരുന്ന വിളർച്ച, പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആദിവാസി കുട്ടികളിൽ പൊതുവായി കണ്ടുവരുന്ന വിളർച്ച, പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനായി ഹാംലറ്റ് ആശമാർ (ഊരുമിത്രം) ആശാപ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ, ജെ.എച്ച്.ഐ., ട്രൈബൽ പ്രൊമോട്ടർമാർ, ഡയറ്റീഷ്യൻസ് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പോഷകാഹാരത്തെക്കുറിച്ചുള്ള ബോധവൽക്കരണം എല്ലാ ജില്ലയിലും നടപ്പാക്കിവരുന്നു. വയനാട്ടിലെ ആദിവാസി കുട്ടികളിൽ പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ പരിഹരിക്കുന്നതിനായി പീഡിയാട്രീഷ്യൻ, ഡയറ്റീഷ്യൻ, കുക്ക് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് അഗളി, ഷോളയൂർ, പുത്തൂർ എഫ്.എച്ച്.സി. നൂൽപ്പുഴ തുടങ്ങിയ 4 ആശുപത്രികളോടനുബന്ധിച്ച് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പോഷകാഹാരക്കുറവുള്ള കുട്ടികളെ ഇവിടെ 14 ദിവസം കിടത്തി ചികിൽസിച്ചുവരുന്നു. അട്ടപ്പാടിയിൽ 2013-ൽ സർക്കാർ സമൂഹ അടുക്കള നടപ്പിലാക്കിയശേഷം ഒരു പരിധിവരെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അനീമിയ മുക്ത പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ അനീമിയ നിർമ്മാർജ്ജനത്തിനായി T3-Test, Talk and treat ക്യാമ്പയിൻ മെഡിക്കൽ പ്രവർത്തനം ആരോഗ്യ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്. അനീമിയ ഉള്ള കുട്ടികളെ കണ്ടെത്തുന്നതിനായി ഹീമോഗ്ലോബിനോ മീറ്റർ എന്ന ഉപകരണം എല്ലാ ജില്ലാ ഹെൽത്ത് സബ് സെന്ററുകളിലും ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ട്. സ്കൂളുകൾ തോറും അനീമിയ സ്ക്രീനിംഗ് പ്രോഗ്രാം നടത്തുന്നുണ്ട്. കൂടാതെ അനീമിയ നിർമ്മാർജ്ജനത്തിനായി IFA സപ്ലിമെന്റേഷൻ എല്ലാ ജില്ലയിലും നടപ്പിലാക്കിയിട്ടുണ്ട്. പരിശോധനയിലൂടെ അനീമിയ ബാധിതരെന്ന് കണ്ടെത്തുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി ചികിത്സയും തുടർ ചികിത്സയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെയും ഉപകേന്ദ്രങ്ങളിലൂടെയും നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.

(ബി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വയനാട് ജില്ലയിലും അട്ടപ്പാടിയിലും ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തന നടത്തിപ്പിനായി നടപ്പ് വർഷം 2021-22 ലേയ്ക്ക് 7.5 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ (NHM) വകയിരുത്തിയിട്ടുണ്ട്.

(സി) ഡോക്ടർമാർ ആദിവാസികളുടെ ഊരുകളിൽചെന്ന് അവരുടെ ആരോഗ്യപ്രശ്നങ്ങൾ നേരിൽകണ്ട് മനസ്സിലാക്കുന്നതിനും പോഷകാഹാരക്കുറവ് പോലുള്ള പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോയെന്നറിയിക്കാമോ?

നിലവിൽ കേരളത്തിലെ ആദിവാസി മേഖലയിൽ മൊബൈൽ യൂണിറ്റിന്റെ സഹായത്തോടെ എല്ലാ മാസവും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പോഷകാഹാരക്കുറവ്, വിളർച്ച മറ്റ് ഗുരുതര രോഗങ്ങൾ എന്നിവ കണ്ടെത്തി അവർക്ക് അനുയോജ്യമായ ചികിത്സ നടത്തുകയും ചെയ്തുവരുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി അങ്കണവാടി വർക്കർ, ആശാ വർക്കർമാർ, ഹാംലെറ്റ് ആശ (ഊര് മിത്രം) എന്നിവരെ നിയോഗിച്ച് ഗുരുതരമായ പോഷകാഹാരക്കുറവുള്ള (MAM SAM)കുട്ടികളെ കണ്ടുപിടിച്ച് അവർക്ക് ആവശ്യമായ തുടർചികിത്സയും നടത്തിവരുന്നു. പാലക്കാട് തൂക്കംകുറഞ്ഞ ഗർഭസ്ഥ ശിശുക്കളുള്ള ഗർഭിണികളെ 6 മാസത്തിൽത്തന്നെ ആശുപത്രിയിൽ അഡ്മിറ്റ് ആക്കുകയും അവർക്ക് ആവശ്യമായ പോഷകാഹാരം നൽകുകയും ചെയ്യുന്നു. ഫീൽഡ് ജീവനക്കാർ, അങ്കണവാടി വർക്കർമാർ എന്നിവർ വഴി MAM കുട്ടികൾക്ക് വേണ്ടുന്ന സമീകൃതാഹാരം നൽകുന്നുണ്ട്. കുടുംബശ്രീ വഴി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. വയനാട് ജില്ലയിൽ ആരോഗ്യ വകുപ്പിന്റെയും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (SCTIMST)-ന്റെയും നേതൃത്വത്തിൽ 2 ട്രൈബൽ ടെലിമെഡിസിൻ മൊബൈൽ യൂണിറ്റ് ആദിവാസികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു. ഇത് കൂടാതെ 9 ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഡോക്ടർമാർ ആദിവാസി ഊരുകളിൽ ചെന്ന് അവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചികിത്സകളും നിർദ്ദേശങ്ങളും ലഭ്യമാക്കുകയും വിദഗ്ധ ചികിത്സയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

### കോവിഡ് മരണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

223 (1589) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ നിശ്ചയിക്കുന്നത് WHO, ICMR തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ എന്ന് വിശദമാക്കാമോ;

(ബി) WHO, ICMR തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾ പ്രകാരം ഒരു രോഗി മരിച്ചത് കോവിഡ് കാരണമാണോ അല്ലയോ എന്ന് സാക്ഷ്യപ്പെടുത്തേണ്ടത് രോഗിയെ ചികിൽസിച്ച ഡോക്ടറാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ;

&

(സി) സംസ്ഥാന തലത്തിൽ കോവിഡ് മരണങ്ങൾ തീരുമാനിക്കാൻ സംസ്ഥാന സർക്കാർ അവലംബിച്ച രീതി WHO, ICMR തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിരുന്നോ എന്ന് വ്യക്തമാക്കുമോ?

ലോകാരോഗ്യ സംഘടനയുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചുവരുന്നത്. മരണകാരണം കോവിഡ് മൂലമോ അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർ തന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ചികിത്സിച്ച ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈൻ ആയി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

(ഡി) സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ കുറച്ചുകാണിച്ചത് കാരണം അർഹരായ നിരവധി കുടുംബങ്ങൾക്ക് കോവിഡ് ധനസഹായം ലഭ്യമാക്കാൻ സാധിക്കുകയില്ലെന്ന പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് രോഗികൾക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്രത്തിൽനിന്നും യാതൊരുവിധ നിർദ്ദേശങ്ങളും ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലെയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കോവിഡ് മരണങ്ങളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കാൻ എന്ത് മാനദണ്ഡം സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കോവിഡ് മരണങ്ങൾ WHO/ICMR എന്നിവരുടെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിർണ്ണയിക്കുന്നത്.

## കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റിലെ പിഴവുകൾ തിരുത്തുന്നതിനുള്ള നടപടികൾ

224 (1590) <u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് വാക്സിൻ രണ്ട് ഡോസുകൾ സ്വീകരിച്ചതിനുശേഷവും പല തരത്തിൽ സംഭവിച്ചിട്ടുള്ള പിഴവുകൾ കാരണം വാക്സിൻ എടുത്തവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി എന്തുനടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കാമോ?

വിവിധ കാരണങ്ങളാൽ വാക്സിനേഷൻ ലഭിച്ചതിനുശേഷം ഗുണഭോക്താക്കൾക്ക് COVID വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്ത കുറച്ച് കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. COWIN പോർട്ടലിലെ നിലവിലെ ക്രമീകരണമനുസരിച്ച്, ടി പോർട്ടലിൽ അടുത്ത ദിവസം വൈകുന്നേരം 5 മണി വരെ ഒരു ദിവസത്തെ വാക്സിനേഷൻ അടയാളപ്പെടുത്താവുന്നതാണ്. അതിനുശേഷം സെഷൻ മരവിപ്പിക്കുന്നതിനാൽ കൂടുതൽ ഡാറ്റാ എൻട്രി സാധ്യമല്ല. കേന്ദ്ര സർക്കാർ കോവിഷീൽഡിന്റെ 2 ഡോസുകൾക്കിടയിലെ ഏറ്റവും കുറഞ്ഞ ഇടവേള മെയ് 13 മുതൽ 84 ദിവസമായി മാറ്റിയതിനാൽ, 12 ആഴ്ചത്തെ വിടവ് പലരുടെയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും വിദേശത്തേയ്ക്ക് പോകുന്നവർക്ക് പലരുടെയും ജോലി അപകടത്തിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേസമയം തന്നെ 28 ദിവസത്തിനുശേഷം കോവിഷീൽഡിന്റെ രണ്ടാം ഡോസ് നൽകാനും സംസ്ഥാനം ആരംഭിച്ചു, അതേ ദിവസം തന്നെ പോകുന്ന ആളുകൾക്ക് ഇത് നൽകുകയും ചെയ്തു. ആയതിനാൽ 28 ദിവസം കഴിഞ്ഞ് നൽകുന്ന രണ്ടാം ഡോസ് COWIN പോർട്ടലിൽ അടയാളപ്പെടുത്താൻ കഴിഞ്ഞില്ല എന്നതും പല ഗുണഭോക്താക്കളും അവരുടെ പാസ്പോർട്ട് നമ്പർ COWIN സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതും കോവിഷീൽഡ് വാക്സിൻ എന്ന പേരിന് പകരമായി കുറച്ച് രാജ്യങ്ങൾ വാക്സിൻ പേര് "ഓക്സ്ഫോർഡ്/ആസ്ട്രെനെക്ക വാക്സിൻ" എന്ന് ആവശ്യപ്പെട്ടിരുന്നുവെന്നതും പരിഗണിച്ച് പ്രസ്തുത പ്രശ്നങ്ങളുടെ പരിഹാരമായി സംസ്ഥാനം കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് (https://covid19.kerala.gov.in/vaccine/) നൽകുന്നതിന് ഇ-ഹെൽത്ത് പോർട്ടലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി 23-7-2021 വരെ സംസ്ഥാനം 506760 സർട്ടിഫിക്കറ്റുകൾ (പ്രൊവിഷണൽ + ഫൈനൽ) നൽകിയിട്ടുണ്ട്.

## കോവിഡ് മൂന്നാം തരംഗം നേരിടുന്നതിനുള്ള നടപടികൾ

225 (1591) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-ന്റെ മൂന്നാം തരംഗം നേരിടുന്നതിനായി എന്തെല്ലാം ശാസ്ത്രീയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെത്തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധ ചികിത്സ ഉറപ്പ് വരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാനതല വിദഗ്ദ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

12. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് അഭിപ്രായം ഉയർന്നുവന്നതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനുവേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള ദ്രുത പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

19. കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക്ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

21. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിലുള്ള നെഗറ്റീവ് RTPCR റിസൾട്ട് ആരോഗ്യ ജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക്

നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാധ്യത കുറവാണ്.

(ബി) കുട്ടികൾക്കുള്ള കോവിഡ് വാക്സിനേഷൻ നടപടികൾ സംബന്ധിച്ച് പദ്ധതി തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

നിലവിൽ രാജ്യത്ത് ലഭ്യമായ എല്ലാ വാക്സിനുകളും 18 വയസ്സിന് മുകളിലുള്ളവർക്ക് നൽകിവരുന്നു. MoHFW-ന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്കുള്ള വാക്സിൻ നൽകുന്നതിന് വിശദമായ പ്രവർത്തനം നടന്നുവരുന്നു. വാക്സിൻ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

**പാറശ്ശാലയിലെ കോവിഡ് വാക്സിനേഷൻ**

226 (1592) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ 45 വയസ്സിനുമുകളിലുള്ള എത്രപേർക്ക് ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും നൽകിയെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

23-7-2021 വരെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിലെ വാക്സിനേഷൻ സെന്ററുകൾ വഴി ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും ലഭിച്ച 45 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) 18 വയസ്സിന് മുകളിലുള്ളവർക്കുള്ള വാക്സിനേഷൻ ഏത് ഘട്ടത്തിലാണെന്നും എത്രപേർക്ക് ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും നൽകിയെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

23-7-2021 തീയതി വരെ പാറശ്ശാല മണ്ഡലത്തിലെ വാക്സിനേഷൻ സെന്ററുകൾ വഴി ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും ലഭിച്ച 18 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം അനുബന്ധം 2* ആയി ചേർക്കുന്നു.

(സി) ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പു രോഗികൾക്കും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീടുകളിൽ ചെന്ന് വാക്സിൻ എടുക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ടോ, എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പുരോഗികൾക്കും വീടുകളിൽ ചെന്ന് വാക്സിൻ എടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.:

23-7-2021 വരെ ഒറ്റശേഖരമംഗലം പഞ്ചായത്ത് (പൂഴനാട് എഫ്.എച്ച്.സി) - കിടപ്പ് രോഗികൾക്ക് വീടുകളിൽ ചെന്ന് ഒന്നാം ഡോസ് വാക്സിൻ കൊടുത്തു.

1. പാറശ്ശാല -150 പേർക്ക് വീടുകളിൽ ചെന്ന് 1st ഡോസ് വാക്സിൻ നൽകി.
2. വെള്ളറട - 1st ഡോസ് (490) - 2nd ഡോസ് (15)
3. കുന്നത്തുകാൽ - 1st ഡോസ് (194) - 2nd ഡോസ് (14)
4. ചെമ്പൂര് - 1st ഡോസ് (150) - 2nd ഡോസ് (8)
5. പെരുങ്കടവിള - 1st ഡോസ് (131) - 2nd ഡോസ് (15)
6. പരശ്ശുവയ്ക്കൽ - 1st ഡോസ് (216) - 2nd ഡോസ് (62)
7. കൊല്ലയിൽ - 1st ഡോസ് (175)
8. അമ്പൂരി - 1st ഡോസ് (110) - 2nd ഡോസ് (09)

### ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

227 (1593) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട് ഓക്സിജൻ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

38 ആശുപത്രികളിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊണേഷൻ വഴി ലഭിച്ച 7 ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാർ അനുവദിച്ച 33 ഓക്സിജൻ ജനറേറ്ററിൽ 8 എണ്ണം സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ഇടുക്കി ജില്ലയിലെ താലൂക്ക്, ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ഓക്സിജൻ പ്ലാന്റ് നിർമ്മിച്ച് ഓക്സിജൻ ലഭ്യത കൂടുതൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ 1000 Ltr/M (Liter Per Minute) ശേഷി വീതമുള്ള ഓക്സിജൻ ജനറേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിൽ കോവിഡ് വാക്സിൻ സ്വീകരിച്ചവർ**

228 (1594) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ നാളിതുവരെ കോവിഷീൽഡ്, കൊവാക്സിൻ എന്നീ കോവിഡ് പ്രതിരോധ വാക്സിനുകളുടെ ഫസ്റ്റ് ഡോസും സെക്കന്റ് ഡോസും എടുത്തവരുടെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ വിവിധ വാക്സിനേഷൻ സെന്ററുകളിലായി 22-7-2021 വരെ കോവിഷീൽഡിന്റെ ഒന്നാം ഡോസ് 54,323 പേരും രണ്ടാം ഡോസ് 32,801 പേരും കോവാക്സിൻ ഒന്നാം ഡോസ് 2,221 പേരും രണ്ടാം ഡോസ് 1,788 പേരും സ്വീകരിച്ചിട്ടുണ്ട്.

**കോവിഡ് മരണം**

229 (1595) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട 18 വയസ്സിന് താഴെയുള്ള എത്ര കുട്ടികളുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) അവരുടെ പേരുവിവരവും മറ്റ് അനുബന്ധ വിവരങ്ങളും ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

വനിതാശിശു വികസന വകുപ്പ് ലഭ്യമാക്കിയതനുസരിച്ച് കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട 18 വയസ്സിന് താഴെയുള്ള 80 കുട്ടികളുണ്ട്. ഇവരുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-I* ആയി വച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവർക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

&

(ഡി) കോവിഡ് ബാധിച്ച് മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ നഷ്ടപ്പെട്ട കുട്ടികൾക്കും സഹായം ലഭ്യമാക്കുമോ?

ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -I* ആയി വച്ചിട്ടുണ്ട്.

**കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കണക്കുകൾ**

230 (1596) <u>ശ്രീ. പി. ഉബൈദുള്ള:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

കേരളത്തിൽ 2021 ജൂലൈ 21 വരെ 15617 കോവിഡ് മരണങ്ങളാണ് സ്ഥിരീകരിച്ചിട്ടുള്ളത്. കോവിഡ് മരണങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

**സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക്**

231 (1597) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് ഏകീകരിക്കണമെന്ന കർശന നിർദ്ദേശം ഹൈക്കോടതി നൽകിയത് പ്രകാരം ചികിത്സാ നിരക്കുകൾ വ്യക്തമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി, കോവിഡ് ചികിത്സ നടത്തുന്ന സ്വകാര്യ ആശുപത്രികളിലെ മുറിവാടക ആശുപത്രികൾക്ക് സ്വമേധയാ നിശ്ചയിക്കാമെന്ന് പിന്നീട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന് മാനദണ്ഡമാക്കിയ സർക്കാർ നയം എന്താണെന്ന് അറിയിക്കുമോ;

&

(ഡി) സർക്കാർ നയത്തിനനുസൃതമായി അല്ല ഉത്തരവെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സർക്കാർ എംപാനൽഡ് സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി പോകുന്ന കാസ്പ് ഗുണഭോക്താക്കൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും സൗജന്യ ചികിത്സയാണ് സർക്കാർ നൽകിവരുന്നത്. എന്നാൽ സ്വകാര്യ ആശുപത്രികളിൽ നേരിട്ട് എത്തുന്ന മറ്റുള്ള കോവിഡ് രോഗികളിൽനിന്ന് സ്വകാര്യ ആശുപത്രികൾ അമിത ചികിത്സാനിരക്ക് ഈടാക്കുന്നത് തടയുന്നതിനായി ചികിത്സാനിരക്ക് നിജപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിരുന്നു. പ്രസ്തുത ഉത്തരവിൽ സ്വകാര്യ ആശുപത്രികളിലെ റൂമുകളിലെയും സ്യൂട്ട് റൂമുകളിലെയും നിരക്ക് നിജപ്പെടുത്തിയിരുന്നില്ല. കോവിഡ് ചികിത്സ നൽകുന്ന സ്വകാര്യ ആശുപത്രികളിലെ മുറിവാടക സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി സർക്കാർ ഉത്തരവിറക്കിയിരുന്നുവെങ്കിലും ഈ ഉത്തരവ് പുനഃപരിശോധിക്കുകയും റൂമുകളുടെയും സ്യൂട്ട് റൂമുകളുടെയും കോവിഡ് ചികിത്സാ നിരക്ക് നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**കോവിഡ് ബാധിച്ച് ആരോഗ്യപ്രവർത്തകരുടെ മരണം**

232 (1598) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിതരായി എത്ര ആരോഗ്യ പ്രവർത്തകർ മരണപ്പെട്ടുവെന്ന് അറിയിക്കുമോ?

2021 ജൂലൈ 16 വരെ 26 ആരോഗ്യ പ്രവർത്തകരാണ് കോവിഡ് ബാധിതരായി മരണപ്പെട്ടത്.

(ബി) ഒന്നാം തരംഗത്തിൽ എത്ര ആരോഗ്യപ്രവർത്തകർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്ന് അറിയിക്കുമോ?

2021 മാർച്ച് 31 വരെ 11 ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിച്ച് മരണപ്പെട്ടു.

(സി) രണ്ടാം തരംഗത്തിൽ എത്ര ആരോഗ്യപ്രവർത്തകർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്ന് അറിയിക്കുമോ?

രണ്ടാം തരംഗത്തിൽ 2021 ജൂലൈ 16 വരെ 15 പേരാണ് മരണപ്പെട്ടത്.

(ഡി) രണ്ടാം തരംഗത്തിൽ ആരോഗ്യപ്രവർത്തകരുടെ മരണനിരക്ക് കൂടിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഒന്നാം തരംഗത്തെ അപേക്ഷിച്ച് രണ്ടാം തരംഗത്തിൽ മരണപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുടെയും മരണങ്ങളുടെയും കണക്ക് പരിശോധിക്കുമ്പോൾ മരണ നിരക്കിൽ നേരിയ തോതിലുള്ള (Less than 0.1 ശതമാനം) വർദ്ധനയാണ് കാണാൻ സാധിക്കുന്നത്.

**കോവിഡ് കെയർ സെന്ററുകളിൽ ആംബുലൻസ് സൗകര്യം**

233 (1599) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സി.-കളിലും ഡൊമിസിലിയറി കെയർ സെന്ററുകളിലും കോവിഡ് ചികിത്സയ്ക്കായി എത്തുന്നവരുടെ സേവനത്തിനായി ആംബുലൻസ് സൗകര്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സി.-കളിലും ഡൊമിസിലിയറികെയർ സെന്ററുകളിലും അതത് ജില്ലാ ഭരണാധികാരികളുടെ അപേക്ഷ പ്രകാരം കനിവ്-108 ആംബുലൻസുകൾ വിന്യസിച്ചിട്ടുണ്ട്. ജില്ലാ കോവിഡ് സെല്ലിൽനിന്നും ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് പ്രസ്തുത വാഹനങ്ങൾ കോവിഡ് രോഗികൾക്ക് സേവനം നൽകിവരുന്നുണ്ട്.

(ബി) യഥാസമയം ആംബുലൻസ് സേവനം ലഭിക്കാത്തതിനാൽ രോഗികളെ ബൈക്കിലും മറ്റും ആശുപത്രികളിൽ എത്തിക്കേണ്ടിവരുന്നതായി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് വാർത്തകൾ വരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നടപടിയെടുക്കുമോയെന്ന് വിശദമാക്കാമോ?

കോവിഡ് രോഗികൾക്കുള്ള ആംബുലൻസുകളുടെ സേവനം ജില്ലാ കോവിഡ് സെൽ മുഖാന്തരമോ കനിവ്-108-ന്റെ ടോൾ ഫ്രീ നമ്പർ മുഖാന്തരമോ ആവശ്യപ്പെടാവുന്നതാണ്.

**കോവിഡ് മരണനിരക്ക്**

234 (1600) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. റ്റി. പി. രാമകൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോവിഡ് മരണനിരക്കിൽ അവ്യക്തതയുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) മരണത്തിന്റെ യഥാർത്ഥ കാരണം കോവിഡാണെന്ന് സ്ഥിരീകരിച്ചാൽ മാത്രമെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവൂവെന്ന് മെഡിക്കൽ ഗവേഷണ കൗൺസിൽ നിഷ്കർഷിച്ചിട്ടുണ്ടോ;

&

(ഡി) ചികിത്സിക്കുന്ന ഡോക്ടറോ ആശുപത്രി സൂപ്രണ്ടോ മെഡിക്കൽ ബുള്ളറ്റിൻ തയ്യാറാക്കണമെന്നും അത് ജില്ലാതല സമിതി പരിശോധിച്ച് സ്ഥിരീകരിക്കണമെന്നുമുള്ള നിബന്ധന കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ മരണം റിപ്പോർട്ട് ചെയ്യുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ലോകാരോഗ്യ സംഘടനയുടെയും ICMR-ന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിച്ചുവരുന്നത്. ഇതിനായി സജ്ജമാക്കിയ ഓൺലൈൻ റിപ്പോർട്ടിംഗ് പോർട്ടലിലൂടെയാണ് അതത് ആശുപത്രികളിൽനിന്നും ചികിത്സിച്ച ഡോക്ടർമാർ, ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന മരണം റിപ്പോർട്ട് ചെയ്യുന്നതും ജില്ലാ തലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതും പിന്നീട് സംസ്ഥാനതലത്തിൽ ഇത് ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്യുകയുമാണ് ചെയ്യുന്നത്. തത്സമയ എൻട്രി സംവിധാനമാണ് ഇതിലുള്ളത്. മരണം റിപ്പോർട്ട് ചെയ്യുന്നത്

ഓൺലൈൻ മാർഗ്ഗത്തിലൂടെ ആകുന്നതിനാൽ കോവിഡ് മരണമാണോ അല്ലയോ എന്ന് സ്ഥിരീകരിക്കാനുള്ള കാലതാമസം പരമാവധി കുറയുന്നതാണ്. ഏത് ആശുപത്രിയിലാണോ മരണം സംഭവിക്കുന്നത് അവിടത്തെ ഡോക്ടറാണ് മരണകാരണം അടങ്ങിയ മെഡിക്കൽ ബുള്ളറ്റിൻ ഓൺലൈനിലൂടെ അപ്‌ലോഡ് ചെയ്യുന്നത്. ഇത് ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് 24 മണിക്കൂറിനകം സ്ഥിരീകരിക്കുന്നു. നേരത്തെ മെയിൽ വഴിയുള്ള റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് കാലതാമസം വരുത്തുന്നുവെന്ന് കണ്ടാണ് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയത്. വീട്ടിൽവച്ച് മരണപ്പെടുന്നവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട PHC മെഡിക്കൽ ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യുന്നത്. ഇതും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് സ്ഥിരീകരിക്കുകയും ഓൺലൈനായി സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കായംകുളം മണ്ഡലത്തിലെ കോവിഡ് കണക്ക്**

235 (1601) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഇതുവരെ എത്ര കോവിഡ് പോസിറ്റീവ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നും നഗരസഭ, പഞ്ചായത്ത് തരം തിരിച്ച് വ്യക്തമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 22-7-2021 വരെ റിപ്പോർട്ട് ചെയ്യപ്പെട്ട കോവിഡ് പോസിറ്റീവ് കേസ്സുകളുടെ എണ്ണം (നഗരസഭ, പഞ്ചായത്ത് തരം തിരിച്ച്) അനുബന്ധം 1*ആയി ചേർക്കുന്നു.

(ബി) മണ്ഡലത്തിൽ ആകെ നടത്തിയിട്ടുള്ള ആർ.ടി.പി.സി.ആർ., ട്രൂനാറ്റ്, ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ, 22-7-2021 വരെ ആകെ നടത്തിയിട്ടുള്ള ആർ.ടി.പി.സി.ആർ., ട്രൂനാറ്റ്, ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം അനുബന്ധം 2* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് രോഗ നിയന്ത്രണം

236 (1602) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗം ഉണ്ടായതിന്റെ ഫലമായി രാജ്യത്ത് ഏറ്റവുമധികം പ്രതിദിന രോഗബാധിതരുള്ള സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുന്നതിനാൽ രോഗവ്യാപനം അടിയന്തരമായി നിയന്ത്രണ വിധേയമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കോവിഡ് വ്യാപനം തടയുന്നതിനായി വാർഡുതലത്തിൽ ടെസ്റ്റ് നിരക്ക് കൂട്ടുകയും ടി.പി.ആർ. അനുസരിച്ച് എ, ബി, സി, ഡി കാറ്റഗറിയായി തരംതിരിക്കുകയും ടി.പി.ആർ. കൂടുതലുള്ള സ്ഥലങ്ങളിൽ ട്രിപ്പിൾ ലോക്ക്ഡൗൺ തുടരുകയും ചെയ്യുന്നുണ്ട്. ടി.പി.ആർ. കുറയുന്നതിനനുസരിച്ച് മാത്രമാണ് ഇളവുകൾ നൽകുന്നത്. രോഗം സ്ഥിരീകരിച്ചവരെ ചികിത്സിയ്ക്കുകയും സമ്പർക്കവിലക്ക് ഏർപ്പെടുത്തുകയും ഇവരുടെ primary contact-കൾക്കും സമ്പർക്കവിലക്ക് ഏർപ്പെടുത്തി Quarantine-ൽ ഇരുത്തി ടെസ്റ്റ് ചെയ്യിക്കുകയും ചെയ്യുന്നു. മാസ്ക്, സാമൂഹിക അകലം, സാനിറ്റൈസർ ഉപയോഗം കർശനമാക്കുകയും ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വാക്സിനേഷൻ വളരെ വേഗത്തിലാക്കാനുള്ള നടപടിയും കൈക്കൊണ്ടുപോകുന്നു.

(ബി) ടി.പി.ആർ. എത്ര ശതമാനത്തിൽ താഴെ എത്തുമ്പോഴാണ് WHO ഗൈഡ് ലൈൻ പ്രകാരം കോവിഡ് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്നത്?

5 ശതമാനത്തിന് താഴെ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ടി.പി.ആർ. വേണമെന്നാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് ട്രിപ്പിൾ ലോക്ക് ഡൗൺ ഏർപ്പെടുത്തിയിട്ടും ടി.പി.ആർ. 10 ശതമാനത്തിൽ താഴെ എത്തിക്കുവാൻ സാധിക്കാത്തതിന്റെ കാരണങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

രണ്ടാം തരംഗം കേരളത്തിലാരംഭിച്ചത് ഏപ്രിൽ ആദ്യവാരത്തിലാണ്. എന്നാൽ ഇന്ത്യയിൽ മറ്റ് പല സംസ്ഥാനങ്ങളിലും ഇത് വളരെ നേരത്തെ ആരംഭിച്ചിരുന്നു. തുടർന്ന് ജനിതക ശ്രേണീകരണത്തിലൂടെയാണ് ഇത്

അതിവ്യാപനശേഷിയുള്ള ഡെൽറ്റ വകഭേദമാണെന്ന് കണ്ടെത്തിയത്. കേസ്സുകൾ കൂടിവന്നെങ്കിലും കോവിഡ് മഹാമാരിമൂലം ബാധിക്കപ്പെട്ട സാമ്പത്തിക മേഖലയ്ക്ക് കോട്ടം തട്ടാതിരിക്കാൻ വാരാന്ത്യ ലോക് ഡൗൺ ഏർപ്പെടുത്താനാണ് സംസ്ഥാനം ആദ്യം ശ്രമിച്ചത്. ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത് അതിതീവ്ര വ്യാപനശേഷിയുള്ള വൈറസ് വകഭേദം കാരണം കോവിഡ് കേസ്സുകൾ വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചപ്പോഴാണ് സമ്പൂർണ്ണ ലോക്ഡൗണിലേയ്ക്ക് സംസ്ഥാനം നീങ്ങിയത്. ഇതിനെ തുടർന്ന് കേസ്സുകളിലും ടി.പി.ആർ.-ലുമുണ്ടായിരുന്ന വർദ്ധനവ് കുറഞ്ഞ് 10 ശതമാനമായി. ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകിയെങ്കിലും ഈ 10 ശതമാനത്തിൽ തന്നെ നിലനിർത്താൻ 4 ആഴ്ചയോളം സംസ്ഥാനത്തിനായി. ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ടി.പി.ആർ. അടിസ്ഥാനമാക്കിയാണ് കണ്ടെയിൻമെന്റ് സോണുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ ലോക്ഡൗണിൽ നൽകിയ ഇളവുകളെ തുടർന്ന് കേസ്സുകൾ വീണ്ടും വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. രോഗവ്യാപനം കൂടിയ സ്ഥലത്ത് പത്തിരട്ടി പരിശോധന നടത്തുക എന്നതാണ് കേരളത്തിന്റെ ടെസ്റ്റിംഗ് സ്ട്രാറ്റജി. അതിന്റെ ഫലമായി കൂടിയാണ് കേസ്സുകളുടെ എണ്ണത്തിലും ടി.പി.ആർ.-ലും വർദ്ധനവുണ്ടായിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് കോവിഡ് ബാധിതരുടെ എണ്ണം കൂടുതൽ വർദ്ധിച്ച സാഹചര്യത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് കേന്ദ്ര ആരോഗ്യമന്ത്രാലയം മുന്നറിയിപ്പ് നല്കിയിരുന്നോ; എങ്കിൽ എന്ത് മുന്നറിയിപ്പാണ് നൽകിയതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

എല്ലാ സംസ്ഥാനങ്ങളുടെയും ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളുടെയും അതിന്റെ വർദ്ധനവ് സംബന്ധിച്ചും കാലാകാലങ്ങളിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ കേരളത്തിന് ലഭ്യമായിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്രം നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് കേരളത്തിൽ നടപടികൾ സ്വീകരിച്ചുവരാറുള്ളത്.

(ഇ) കോവിഡ് മരണനിരക്ക് കുറച്ചുകാണിച്ചതിന്റെ ഫലമായി അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നുവെന്ന പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

WHO-യുടെയും ICMR-ന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്. സംസ്ഥാനത്ത് 2021 ജൂൺ 16 മുതൽ കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ജില്ലാതല വികേന്ദ്രീകൃത ഓൺലൈൻ സമ്പ്രദായത്തിലൂടെയാണ്. കോവിഡ് മരണങ്ങളുടെ നഷ്ടപരിഹാരം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി നിരീക്ഷണം സംബന്ധിച്ച തുടർനിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമായിട്ടില്ല.

**കോക്ക്ടെയിൽ ആന്റിബോഡി സംവിധാനം**

237 (1603) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ചികിത്സയ്ക്കായി കോക്ക്ടെയിൽ ആൻറിബോഡി സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടോ?

ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) മറ്റ് ഗുരുതര രോഗങ്ങളുള്ളവർക്ക് പെട്ടെന്ന് കോവിഡ് മുക്തി നേടാൻ ഈ രീതി പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മറ്റ് ഗുരുതര രോഗങ്ങളുള്ളവർക്ക് പെട്ടെന്ന് കോവിഡ് മുക്തി നേടാൻ ദിവസേന മെഡിക്കൽ ബോർഡ് കൂടി പ്രോട്ടോക്കോൾ അനുസരിച്ച് വിദഗ്ദ്ധ ചികിത്സ നൽകിവരുന്നു. കോവിഡിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് രോഗികളിൽ കോക്ക്ടെയിൽ ഉപയോഗിക്കാനാണ് FDA നിഷ്കർഷിച്ചിട്ടുള്ളത്. അതനുസരിച്ച് മറ്റ് ഗുരുതര പ്രശ്നങ്ങളുള്ള രോഗികൾക്ക് കോവിഡ് ഗുരുതരമാകാതിരിക്കാൻ കോക്ക്ടെയിൽ ചികിത്സ നൽകാറുണ്ട്.

**കോവിഡ് വാക്സിൻ നൽകുന്നതിനുള്ള പദ്ധതികൾ**

238 (1604) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കോവിഡ് വാക്സിൻ നൽകുന്നതിനായി എന്തൊക്കെ കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്?

യോഗ്യതയുള്ള മുഴുവൻ ജനങ്ങൾക്കും എത്രയും പെട്ടെന്ന് വാക്സിനേഷൻ നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പ്രതിദിനം 1200-ലധികം സർക്കാർ

വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ ആശുപത്രികൾ വഴിയും വാക്സിൻ വിതരണം ചെയ്തുവരുന്നു. തുള്ളിപോലും പാഴാക്കാതെ കിട്ടിയ ഡോസിനേക്കാളും അധികം ഡോസ് വാക്സിൻ എടുക്കുന്ന സംസ്ഥാനമാണ് കേരളം. പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങൾക്കായി താഴെപ്പറയുന്ന കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

1. ഡിജിറ്റൽ മീഡിയ/ഇന്റർനെറ്റ് ലഭ്യമല്ലാത്തവരെ പിന്നിലാക്കിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിന്, അത്തരം ഗുണഭോക്താക്കളെ അണിനിരത്താൻ ആശ/എൽ.എസ്.ജി.ഡി. സ്റ്റാഫുകളുടെ സേവനങ്ങൾ ഉപയോഗിക്കുകയും സ്പോട്ട് രജിസ്ട്രേഷനുശേഷം അവർക്ക് വാക്സിനേഷൻ നൽകുകയും ചെയ്യുന്നു. എല്ലാ പൗരന്മാരുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിന് "വർക്ക് എലോംഗ് ഫോർ വാക്സിൻ ഇക്വിറ്റി (WAVE)" എന്ന പ്രത്യേക രജിസ്ട്രേഷൻ കാമ്പയിൻ ഇപ്പോൾ സംസ്ഥാനത്ത് ആരംഭിച്ചു. ഈ പ്രചാരണത്തിന്റെ ഭാഗമായി 1073138 ഗുണഭോക്താക്കളെ ഇതുവരെ ആശാ പ്രവർത്തകർ വഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 381082 പേർക്ക് വാക്സിനേഷൻ ലഭിച്ചു.

2. സാന്ത്വന രോഗികൾക്ക് ബെഡ് സൈഡ് വാക്സിനേഷൻ ആരംഭിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഈ സംരംഭം ദേശീയതലത്തിൽ പ്രശംസിക്കപ്പെടുകയും ഇപ്പോൾ പല സംസ്ഥാനങ്ങളും പിന്തുടരുകയും ചെയ്യുന്നു.

3. ട്രൈബൽ ജനസംഖ്യയുടെ പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കാൻ ജില്ലകൾ പ്രത്യേക ശ്രമങ്ങൾ നടത്തുന്നു, 59 ശതമാനം ആദിവാസി ജനസംഖ്യയ്ക്ക് (> 18 വയസ്സ്) ആദ്യത്തെ COVID വാക്സിൻ നൽകി, 10 ശതമാനം രണ്ടാം ഡോസ് ഷെഡ്യൂൾ പൂർത്തിയാക്കി.

4. സംസ്ഥാനത്തൊട്ടാകെയുള്ള 97 ശതമാനം വയോജന കേന്ദ്രങ്ങളിലെ അന്തേവാസികൾക്കും ആദ്യ ഡോസ് നൽകി, 25 ശതമാനം രണ്ടാം ഡോസ് ഷെഡ്യൂൾ പൂർത്തിയാക്കി.

5. ഭിന്നശേഷി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

6. ഗർഭിണികൾക്കായി പ്രത്യേക കോവിഡ് വാക്സിനേഷൻ ഡ്രൈവ് - "മാതൃ കവചം" സംസ്ഥാനത്ത് ആരംഭിച്ചു.

(ബി) കേരളത്തിൽ ഇതുവരെ വാക്സിനേഷൻ പൂർത്തിയാക്കിയവരുടെ എണ്ണം അറിയിക്കാമോ?

24-7-2021 വരെ 12872765 ഗുണഭോക്താക്കൾക്ക് ആദ്യ ഡോസ് ലഭിച്ചു. അവരിൽ 5585121 പേർക്ക് രണ്ട് ഡോസും ലഭിച്ചിട്ടുണ്ട്.

(സി) വിദേശത്ത് ജോലിക്ക് പോകേണ്ടവർക്കും അന്യസംസ്ഥാനങ്ങളിൽ തുടർപഠനത്തിനായി പോകേണ്ട വിദ്യാർത്ഥികൾക്കും വാക്സിൻ നൽകുന്നതിനായി മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) കേന്ദ്ര സർക്കാർ വാക്സിൻ വിതരണം മന്ദഗതിയിലാക്കിയത് കേരളത്തിലെ വാക്സിനേഷൻ നടപടിയെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനത്തിന് വാക്സിൻ ലഭിക്കുന്നില്ല. പരിമിതമായ വിതരണം കാരണം സംസ്ഥാനത്തിന് വാക്സിനേഷൻ സാദ്ധ്യത പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കുന്നില്ല. 2.5 ലക്ഷം മുതൽ 3 ലക്ഷം വരെ വാക്സിനേഷൻ ദിനംപ്രതി നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ അതിന് സാധിക്കുന്നില്ല. കോവിഡ് വാക്സിന്റെ ലഭ്യതക്കുറവ് വെളിപ്പെടുത്തുന്ന ഒന്നിലധികം കത്തുകൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്.

## കോവിഡ് ബാധിച്ച് വിദേശത്തു മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

239 (1605) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് വിദേശരാജ്യങ്ങളിൽ വച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശത്തുവച്ച് ഇതുമായി ബന്ധപ്പെട്ട് മരണമടഞ്ഞ പ്രവാസികളായവരുടെ കണക്കെടുപ്പ് സർക്കാർ നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

&

(സി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിദേശ രാജ്യങ്ങളിൽ വച്ച് മരണമടയുന്ന പ്രവാസികളുടെ കുടുംബത്തിന് സാന്ത്വന പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ മരണാനന്തര ധനസഹായം നൽകിവരുന്നു. കോവിഡ്മൂലം വിദേശ രാജ്യങ്ങളിൽ മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്കും സാന്ത്വന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനസഹായം ലഭ്യമാക്കുന്നതാണ്. കോവിഡ്മൂലം നാട്ടിലും വിദേശത്തും മരിച്ച പ്രവാസികളുടെയും തിരികെയെത്തിയ കോവിഡ് ബാധിച്ച് മരിച്ച പ്രവാസികളുടെയും അവിവാഹിതരായ പെൺകുട്ടികൾക്ക് 25,000 രൂപയുടെ ഒറ്റത്തവണ ധനസഹായം പ്രമുഖ പ്രവാസി വ്യവസായി ഡോ. രവി പിള്ളയുടെ RP ഫൗണ്ടേഷൻ വഴി വിതരണം ചെയ്യുന്ന 'പ്രവാസി തണൽ' പദ്ധതി നോർക്ക മുഖേന നടപ്പിലാക്കുന്നു. കൂടാതെ പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരംഗം (പ്രവാസി കേരളീയൻ (വിദേശം)- 1എ-കാറ്റഗറി) അംഗത്വ കാലയളവിൽ മരണപ്പെട്ടാൽ, ആശ്രിതർക്ക് 50,000 രൂപ ധനസഹായം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. കോവിഡ്മൂലം വിദേശത്ത് മരണപ്പെട്ട പ്രവാസികളുടെ വിവരങ്ങൾ ജില്ലാ കളക്ടർമാർ മുഖേന ശേഖരിച്ചുവരുന്നു.

**വയനാട് ജില്ലയിൽ കോവിഡ് പ്രതിരോധ വാക്സിൻ**

240 (1606) <u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ ഒന്നാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ സ്വീകരിച്ചത് ആകെ എത്ര പേരാണെന്ന് വിശദമാക്കാമോ?

23-7-2021 വരെ വയനാട് ജില്ലയിൽ 406814 ഗുണഭോക്താക്കൾക്ക് കോവിഡ് വാക്സിൻ ആദ്യ ഡോസ് നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചത് ആകെ എത്ര പേരാണെന്ന് വ്യക്തമാക്കാമോ?

23-7-2021 വരെ വയനാട് ജില്ലയിൽ 178865 ഗുണഭോക്താക്കൾക്ക് രണ്ട് ഡോസ് കോവിഡ് വാക്സിൻ നൽകിയിട്ടുണ്ട്.

(സി) ആദിവാസി ജനവിഭാഗങ്ങൾക്ക് കോവിഡ് പ്രതിരോധ വാക്സിൻ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

&

(ഡി) പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധ വാക്സിൻ ക്യാമ്പുകൾ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

ആദിവാസി മേഖലയിലെ യോഗ്യരായ എല്ലാ ഗുണഭോക്താക്കൾക്കും സാദ്ധ്യമായ ചുരുങ്ങിയ സമയത്തിനുള്ളിൽ കുത്തിവെയ്പ്പ് നടത്തുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധചെലുത്തിവരുന്നു. ഇതിനായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതുവരെ ആദിവാസി മേഖലയിൽ 61180 ഗുണഭോക്താക്കൾക്ക് ആദ്യ ഡോസും, 11268 പേർക്ക് രണ്ട് ഡോസ് കോവിഡ് വാക്സിനും നൽകിയിട്ടുണ്ട്.

**മാവേലിക്കരയിലെ വാക്സിനേഷൻ**

241 (1607) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19-മായി ബന്ധപ്പെട്ട് മാവേലിക്കരയിൽ കോവാക്സിൻ, കൊവിഷീൽഡ് വാക്സിനുകൾ രണ്ടുഘട്ടവും പൂർത്തീകരിച്ചവരുടെ എണ്ണം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ COWIN പോർട്ടൽ വഴി വാക്സിൻ എടുത്തവരുടെ എണ്ണം മാത്രമാണ് നിലവിൽ ജില്ലയിൽ ലഭ്യമായിട്ടുള്ളത്. ഒരു ആരോഗ്യ സ്ഥാപനം (CVC) വഴി പല പഞ്ചായത്തുകളിൽനിന്നും മറ്റ് ജില്ലകളിൽനിന്നുപോലും ഓൺലൈനായി സ്ലോട്ട് ലഭിക്കുന്നതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽനിന്നും വാക്സിനേഷൻ ലഭിച്ച പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിവാസികളുടെ കണക്ക് ലഭ്യമല്ല. മാവേലിക്കര മണ്ഡലത്തിലെ 9 വാക്സിനേഷൻ സെന്ററുകളിലായി 16-1-2021 മുതൽ 22-7-2021 വരെ രണ്ട് ഡോസ് വാക്സിനുകളും സ്വീകരിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കോവിഡ് മൂന്നാം തരംഗം-പ്രതിരോധ വാക്സിൻ നൽകുന്നത്**

242 (1608) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗത്തിന്റെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ വാക്സിൻ നൽകുന്നത് വേഗത്തിലാക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

യോഗ്യതയുള്ള മുഴുവൻ ജനങ്ങൾക്കും എത്രയും പെട്ടെന്ന് വാക്സിനേഷൻ നൽകുന്നതിനായി സംസ്ഥാനത്തൊട്ടാകെ പ്രതിദിനം 1200-ലധികം സർക്കാർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാക്സിനേഷൻ സെൻ്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ ആശുപത്രികൾ വഴിയും വാക്സിൻ വിതരണം ചെയ്തുവരുന്നു. തുള്ളിപോലും പാഴാക്കാതെ വാക്സിൻ എടുക്കുന്ന സംസ്ഥാനമാണ് കേരളം. പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങൾക്കായി താഴെപ്പറയുന്ന കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ഡിജിറ്റൽ മീഡിയ/ഇൻറർനെറ്റ് ലഭ്യമല്ലാത്തവരെ പിന്നിലാക്കി യിട്ടില്ലെന്ന് ഉറപ്പാക്കുന്നതിന്, അത്തരം ഗുണഭോക്താക്കളെ അണിനിരത്താൻ ആശ/എൽ.എസ്.ജി.ഡി. സ്റ്റാഫുകളുടെ സേവനങ്ങൾ ഉപയോഗിക്കുകയും സ്പോട്ട് രജിസ്ട്രേഷനുശേഷം അവർക്ക് വാക്സിനേഷൻ നൽകുകയും ചെയ്യുന്നു. എല്ലാ പൗരന്മാരുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിന് "വർക്ക് എലോംഗ് ഫോർ വാക്സിൻ ഇക്വിറ്റി (WAVE)" എന്ന പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിൻ ഇപ്പോൾ സംസ്ഥാനത്ത് ആരംഭിച്ചു. ഈ പ്രചാരണത്തിന്റെ ഭാഗമായി 1073138 ഗുണഭോക്താക്കളെ ഇതുവരെ ആശാ പ്രവർത്തകർവഴി രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 381082 പേർക്ക് വാക്സിനേഷൻ ലഭിച്ചു.

2. സാന്ത്വന രോഗികൾക്ക് ബെഡ് സൈഡ് വാക്സിനേഷൻ ആരംഭിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഈ സംരംഭം ദേശീയതലത്തിൽ പ്രശംസിക്കപ്പെടുകയും ഇപ്പോൾ പല സംസ്ഥാനങ്ങളും പിന്തുടരുകയും ചെയ്യുന്നു.

3. ട്രൈബൽ ജനസംഖ്യയുടെ പ്രതിരോധ കുത്തിവെയ്പ്പ് ഉറപ്പാക്കാൻ ജില്ലകൾ പ്രത്യേക ശ്രമങ്ങൾ നടത്തുന്നു, 59 ശതമാനം ആദിവാസി ജനസംഖ്യയ്ക്ക് (> 18 വയസ്സ്) ആദ്യത്തെ COVID വാക്സിൻ നൽകി, 10 ശതമാനം രണ്ടാം ഡോസ് ഷെഡ്യൂൾ പൂർത്തിയാക്കി.

4. സംസ്ഥാനത്തൊട്ടാകെയുള്ള 97 ശതമാനം വയോജന കേന്ദ്രങ്ങളിലെ അന്തേവാസികൾക്കും ആദ്യ ഡോസ് നൽകി, 25 ശതമാനം രണ്ടാം ഡോസ് ഷെഡ്യൂൾ പൂർത്തിയാക്കി.

5. ഭിന്നശേഷി വിഭാഗത്തിലെ ജനങ്ങൾക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

6. ഗർഭിണികൾക്കായി പ്രത്യേക കോവിഡ് വാക്സിനേഷൻ ഡ്രൈവ് - "മാതൃ കവചം" സംസ്ഥാനത്ത് ആരംഭിച്ചു.

(ബി) കേന്ദ്രം സംസ്ഥാന സർക്കാരിന് എത്ര ലക്ഷം ഡോസ് വാക്സിൻ നാളിതുവരെ നൽകി?

കേന്ദ്രം 23-7-21 വരെ 15116960 ഡോസ് കോവിഡ് വാക്സിൻ സംസ്ഥാനത്തിന് നൽകി. കൂടാതെ സംസ്ഥാനം 1342540 ഡോസുകൾ വാങ്ങിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നാളിതുവരെ എത്ര പേർക്ക് വാക്സിനേഷൻ നൽകി; ഇത് സംസ്ഥാന ജനസംഖ്യയുടെ എത്ര ശതമാനമെന്നും ഒറ്റ ഡോസ് എടുത്തവർ, രണ്ട് ഡോസ് എടുത്തവർ എന്നിവ എത്ര വീതമെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിലെ 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ 3.51 കോടിയാണ്. 24-7-2021-ലെ കണക്കനുസരിച്ച് 12872765 പേർക്ക് ഒന്നാം ഡോസും 5585121 പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 36.67 ശതമാനം പേർക്ക് ഒന്നാം ഡോസും 15.91 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്.

(ഡി) വാക്സിനേഷൻ നൽകുന്നതിൽ കേരളം ദേശീയതലത്തിൽ ശ്രദ്ധ നേടിയതിന്റെ കാരണം അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര പേർക്ക് അധികമായി വാക്സിൻ നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

ലഭ്യമായ വാക്സിൻ ഡോസുകൾ പാഴാക്കാതെ ഉപയോഗിച്ചതിന് സംസ്ഥാനം വളരെയധികം പ്രശംസിക്കപ്പെട്ടു. നന്നായി പരിശീലനം നേടിയ വാക്സിനേറ്റർമാർക്ക് ഒരു സ്റ്റാൻഡേർഡ് ഡോസ് വയലിൽനിന്ന് 11 ഡോസുകൾ നൽകാൻ കഴിഞ്ഞു. അതിലൂടെ ഏകദേശം 9 ലക്ഷം അധിക ഡോസുകൾ നൽകാൻ കഴിയുന്നു.

(ഇ) കോവിഡ് പോർട്ടലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കാമോ?

COWIN പോർട്ടൽ പ്രശ്നങ്ങൾ സംസ്ഥാനം പതിവായി അവലോകനം ചെയ്യുന്നു. ടീമിന്റെ സാങ്കേതിക പിന്തുണയോടെ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നു. ആവശ്യമെങ്കിൽ, പ്രശ്നങ്ങൾ കേന്ദ്ര ആരോഗ്യമന്ത്രാലയത്തെ അറിയിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു.

(എഫ്) സംസ്ഥാനത്തെ ജനങ്ങൾക്ക് വാക്സിനേഷൻ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പ്രതീക്ഷിക്കുന്ന രീതിയിൽ കേന്ദ്രത്തിൽനിന്നും വാക്സിൻ ലഭിച്ചാൽ 2021 നവംബറോടെ വാക്സിനേഷൻ ഡ്രൈവ് പൂർത്തിയാക്കാനാണ് സംസ്ഥാന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്/ പ്ലാൻ ചെയ്തിരിക്കുന്നത്.

## പോസ്റ്റ് കോവിഡ് രോഗങ്ങൾ

243 (1609) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗ മുക്തരായവരിൽ പോസ്റ്റ് കോവിഡ് രോഗങ്ങൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കോവിഡ് മുക്തരായ രോഗികളിൽ വിവിധതരം രോഗലക്ഷണങ്ങൾ മാസങ്ങളോളം നീണ്ടുനിൽക്കുന്നതായിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്. ചെറിയ ശാരീരികക്ഷീണം മുതൽ ഹൃദ്രോഗങ്ങൾ പോലെയുള്ള മാരകരോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് രോഗങ്ങളായി പ്രത്യക്ഷപ്പെടാറുണ്ട്. ഇവ കണ്ടെത്തുന്നതിനും ചികിത്സിച്ച് ഭേദമാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആശാ പ്രവർത്തകരുടെ സഹകരണത്തോടെ കോവിഡ് മുക്തരായവരെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ എത്തിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്തശേഷം നിസ്സാരലക്ഷണങ്ങൾ ഉള്ളവരെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽത്തന്നെ ചികിത്സിക്കുകയും ഗുരുതര ലക്ഷണങ്ങളുള്ളവരെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്കൽ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഡിസ്ചാർജ് ആകുന്ന കോവിഡ് രോഗികൾക്ക് വിശദമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും രണ്ടാഴ്ചയാകുമ്പോൾ പോസ്റ്റ് കോവിഡ് ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുമുണ്ട്.

(ബി) ഇവർക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെ 1185 ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളിലൂടെ 16-7-2021 തീയതി വരെ രണ്ടര ലക്ഷത്തോളം പേരെ പരിശോധിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ

ഓഫീസർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും വിദഗ്ദ്ധ ഡോക്ടർമാരുടെ സഹകരണത്തോടെ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിലും ഉപജില്ലാതലത്തിലും ആശുപത്രി തലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ പോസ്റ്റ് കോവിഡ് ഒ.പി.-കളിൽ വരുന്ന രോഗികൾക്ക് എന്തെങ്കിലും സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ സഹായത്തോടെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും പോസ്റ്റ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

## മരണങ്ങളുടെ കണക്ക്

244 (1610) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ കോവിഡ് മരണങ്ങളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; സർക്കാർ മെഡിക്കൽ കോളേജുകളിലെ കണക്ക് ലഭ്യമാക്കുമോ?

27-7-2021 വരെ റിപ്പോർട്ട് ചെയ്ത കോവിഡ് മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-1* ആയി ചേർക്കുന്നു. സംസ്ഥാനത്തെ 11 സർക്കാർ മെഡിക്കൽ കോളേജുകളിലെ കോവിഡ് മരണങ്ങളുടെ കണക്ക് (23-7-2021 വരെയുള്ളത്) അനുബന്ധം 2*ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് എത്രപേർ ഒന്നാം ഡോസ് കോവിഡ് വാക്സിൻ എടുത്തു; എത്രപേർ രണ്ട് ഡോസും എടുത്തു; ജില്ലതിരിച്ച് ലഭ്യമാക്കുമോ?

ഒന്നാം ഡോസും രണ്ടാം ഡോസും സ്വീകരിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 3* ആയി ചേർക്കുന്നു.

(സി) രണ്ട് ഡോസും എടുത്ത എത്രപേർ മരണമടഞ്ഞു; ഒരു ഡോസ് വാക്സിൻ എടുത്ത എത്രപേർ മരിച്ചുവെന്നുമറിയിക്കുമോ?

സംസ്ഥാനത്ത് രണ്ടു ഡോസ് വാക്സിൻ എടുത്തശേഷം മരണപ്പെട്ടവർ 95- ഉം ഒരു ഡോസ് വാക്സിൻ എടുത്തശേഷം മരണപ്പെട്ടവർ 546-ഉം ആണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗം സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ വരുത്താവുന്ന പ്രത്യാഘാതം

245 (1611) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗം സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ വരുത്താവുന്ന പ്രത്യാഘാതം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെത്തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലെയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)-കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലനപരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാനതല വിദഗ്ദ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർതലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

12. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടു ത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുകയെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെതുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്കാശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനുവേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള ദ്രുത പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

19. കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക്ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

21. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിലുള്ള നെഗറ്റീവ് RTPCR റിസൾട്ട് ആരോഗ്യജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാം തരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

(ബി) വാക്സിനേഷൻ നടപടികൾ സാർവത്രികമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും പദ്ധതികൾ ഉണ്ടോയെന്നറിയിക്കുമോ?

2021 ജനുവരി 16-നാണ് സംസ്ഥാനത്ത് വാക്സിനേഷൻ ആരംഭിച്ചത്. ആദ്യം ആരോഗ്യപ്രവർത്തകർക്കാണ് വാക്സിൻ നൽകിയത്. സർക്കാർ - സ്വകാര്യ ആശുപത്രി ജീവനക്കാർ, ഫീൽഡ് ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ ഉൾപ്പെടെയുള്ളവർക്കാണ് ആദ്യഘട്ടത്തിൽ വാക്സിൻ നൽകിയത്. സംസ്ഥാനത്തെ ആരോഗ്യപ്രവർത്തരിൽ ഏകദേശം 100 ശതമാനം പേരും (548199) ഒന്നാം ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. 82 ശതമാനം പേർ (449724) രണ്ടാം ഡോസ് ജൂലൈ 24 തീയതി വരെ എടുത്തിട്ടുണ്ട്. കോവിഡ് മുൻഗണനാവിഭാഗത്തിലുള്ള മുന്നണിപ്പോരാളികൾക്ക് കോവിഡ് വാക്സിനേഷൻ ഫെബ്രുവരി ഒന്നിന് ആരംഭിച്ചു. മുന്നണിപ്പോരാളികളിൽ ഏകദേശം 100 ശതമാനം പേരും (561441) ഒന്നാം ഡോസ് വാക്സിൻ ജൂലൈ 24 വരെ എടുത്തിട്ടുണ്ട്. 82 ശതമാനം പേർ (461556) രണ്ടാം ഡോസ് എടുത്തിട്ടുണ്ട്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ള വിഭാഗത്തിൽ 21 ശതമാനം പേർക്ക് (3086302) ഒന്നാം ഡോസ് ലഭിച്ചിട്ടുണ്ട്. 262111 പേർ രണ്ടാം ഡോസ് എടുത്തിട്ടുണ്ട്. 18 മുതൽ 45 വയസ്സ് പ്രായമുള്ളവരിൽ ആദ്യഘട്ടത്തിൽ മുൻഗണനാ വിഭാഗത്തിലുള്ളവർക്കും അനുബന്ധ രോഗങ്ങളുള്ളവർക്കുമാണ് നൽകിയത്. ജൂൺ 21-ാം തീയതി മുതൽ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമാണ് 18 മുതൽ 45 വയസ്സ് പ്രായമുള്ളവരെ വാക്സിനേഷൻ ലഭിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. 45 വയസ്സിനുമുകളിലുള്ള 76 ശതമാനം പേർക്ക് (8678444) ഒന്നാം ഡോസും 39 ശതമാനം പേർക്ക് (4413678) രണ്ടാം ഡോസും നൽകിയിട്ടുണ്ട്. കേരളം വളരെ കാര്യക്ഷമമായാണ് വാക്സിൻ നൽകുന്നത്. തുള്ളിപോലും പാഴാക്കാതെ കിട്ടിയ ഡോസിനേക്കാളും അധികം ഡോസ് വാക്സിനെടുക്കുന്ന സംസ്ഥാനമാണ് കേരളം. ഇത് ദേശീയ ശ്രദ്ധപോലും നേടിയിരുന്നു. വാക്സിൻ സംസ്ഥാനത്തെത്തിയാൽ അതെത്രയും വേഗം താഴെത്തട്ടിലെ വാക്സിനേഷൻ കേന്ദ്രങ്ങളിലെത്തിക്കാൻ വിപുലമായ സംവിധാനമാണൊരുക്കിയിട്ടുള്ളത്. കുറഞ്ഞ അളവിൽ വാക്സിൻ

എത്തുന്നതിനാൽ വേണ്ടത്ര സ്ലോട്ടുകൾ നൽകാൻ കഴിയുന്നില്ല. കിട്ടുന്ന വാക്സിനാകട്ടെ പരമാവധി രണ്ട് ദിവസത്തിനകം തീരുന്നതാണ്. അതിനാലാണ് സംസ്ഥാനം കൂടുതൽ വാക്സിൻ ഒരുമിച്ച് ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നത്. കേന്ദ്ര സർക്കാർ കൂടുതൽ വാക്സിൻ ഒരുമിച്ച് അനുവദിച്ചില്ലെങ്കിൽ സംസ്ഥാനത്തെ വാക്സിനേഷൻ അനിശ്ചിതത്വത്തിലാകുന്നതാണ്. പ്രതിദിനം 1200-ലധികം കോവിഡ് വാക്സിനേഷൻ സെന്ററുകൾ സർക്കാർ മേഖലയിൽതന്നെ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് ആകെ നൽകിയ വാക്സിനുകളിൽ 52 ശതമാനം സ്ത്രീകൾക്കും 48 ശതമാനം പുരുഷന്മാർക്കുമാണ് ലഭ്യമായത്. സംസ്ഥാനത്തെ മുഴുവൻ ഗർഭിണികൾക്കും കോവിഡ് വാക്സിൻ നൽകാൻ 'മാതൃകവചം' എന്ന പേരിൽ ആരോഗ്യ വകുപ്പ് കാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ രാജ്യങ്ങളിൽ പോകുന്ന വിദ്യാർത്ഥികളെയും മറ്റുള്ളവരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ നൽകിവരുന്നു. ട്രൈബൽ വിഭാഗത്തിന് പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കാൻ ജില്ലകൾ പ്രത്യേക പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതുവരെ 18 വയസ്സിന് മുകളിലുള്ള ട്രൈബൽ വിഭാഗത്തിൽ 59 ശതമാനം പേർക്കും ആദ്യ ഡോസ് വാക്സിൻ നൽകിയിട്ടുണ്ട്. രണ്ടാം ഡോസ് 10 ശതമാനം പേർക്കും നൽകിയിട്ടുണ്ട്. സംസ്ഥാനത്തുള്ള വയോജന കേന്ദ്രങ്ങളിലെ 97 ശതമാനം അന്തേവാസികൾക്കും ആദ്യ ഡോസ് വാക്സിൻ നൽകി. 25 ശതമാനം പേർക്ക് രണ്ടാം ഡോസും നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ കിടപ്പുരോഗികൾക്ക് അവരുടെ വീടുകളിൽ പോയി വാക്സിനേഷൻ നൽകിവരുന്നു. സംസ്ഥാനത്ത് സ്വന്തമായി രജിസ്റ്റർ ചെയ്യാൻ അറിയാത്തവരും സൗകര്യമില്ലാത്തവരുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ വാക്സിനേഷന് രജിസ്റ്റർ ചെയ്യാനായി വേവ്: വാക്സിൻ സമത്വത്തിനായി മുന്നേറാം' (WAVE - Work Along for Vaccine Equity) എന്ന പേരിൽ വാക്സിനേഷൻ രജിസ്ട്രേഷൻ കാമ്പയിൻ ആരംഭിച്ചു. ആശാ വർക്കർമാരുടെ സേവനം ഉപയോഗിച്ചാണ് ഈ കാമ്പയിൻ നടത്തുന്നത്. വാർഡ് തലത്തിലാണ് രജിസ്ട്രേഷൻ പ്രക്രിയ പ്രവർത്തിക്കുന്നത്. ഓരോ പഞ്ചായത്തിലും ആശാവർക്കർമാർ ആ പ്രദേശത്ത് വാക്സിൻ കിട്ടാതെപോയ ആൾക്കാരെ കണ്ടെത്തിയാണ് രജിസ്ട്രേഷൻ നടത്തുന്നത്. ആ വാർഡിൽ വാക്സിനെടുക്കാത്ത 18 വയസ്സിന് മുകളിലുള്ള എല്ലാവരും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ആശാവർക്കർമാർ ഉറപ്പുവരുത്തും. ഇതുകൂടാതെ സ്മാർട്ട് ഫോണുകളുള്ള വ്യക്തികളെ സ്വയം രജിസ്റ്റർ ചെയ്യാൻ പ്രോത്സാഹിപ്പിക്കും. സംസ്ഥാനത്തെ വാക്സിനേഷന്റെ സുഗമമായ

നടത്തിപ്പിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം., സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, മറ്റ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അവലോകനം ചെയ്യുന്നു. ഇങ്ങനെ വളരെ ശാസ്ത്രീയമായും ഏറ്റവും മികച്ച രീതിയിലുമാണ് കേരളത്തിൽ വാക്സിനേഷൻ നടക്കുന്നത്.

(സി) സംസ്ഥാനത്ത് വാക്സിനേഷൻ പൂർത്തീകരിക്കുന്നതിന് എത്രമാത്രം വാക്സിൻ ഇനിയും ആവശ്യമായി വന്നേക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വാക്സിനേഷൻ പൂർത്തിയാക്കുന്നതിന് 35193824 ഡോസ് കോവിഡ് വാക്സിൻ ആവശ്യമാണ് (ഡോസ് 1-ന് 13986851 ഡോസും ഡോസ് 2-ന് 21206973 ഡോസും). സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും പ്രതിമാസം 90 ലക്ഷം ഡോസുകൾ ആവശ്യപ്പെടുകയും ചെയ്തു. സ്വകാര്യ മേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25 ശതമാനം ദേശീയ ക്വാട്ടയിൽനിന്ന് പരമാവധി വാക്സിനുകൾ വാങ്ങുന്നതിന് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നു. വാക്സിനേഷൻ ഉൽപ്പാദനവും സംസ്ഥാനത്ത് പരിശോധിക്കുന്നുണ്ട്.

**കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ പട്ടിക**

246 (1612) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ പേര് ഉൾപ്പെടുത്തിയ പട്ടിക പ്രസിദ്ധീകരിക്കുന്നത് ഏതെങ്കിലും സാഹചര്യത്തിൽ നിർത്തിവച്ചിരുന്നോയെന്ന് വിശദമാക്കുമോ;

&

(ബി) പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കുന്നത് നിർത്തിവയ്ക്കാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

2021 ജൂൺ 16 മുതൽ മരണപ്പെടുന്ന വ്യക്തികളുടെ പേരുവിവരങ്ങൾ

സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. മുമ്പ് മരണപ്പെട്ടവരുടെ സ്വകാര്യത മുൻനിർത്തി പേരുവിവരം ഒഴിച്ച് ജില്ല, വയസ്സ്, മരണപ്പെട്ട ദിവസം എന്നിവ മാത്രമാണ് ബുള്ളറ്റിനിൽ ഉൾപ്പെടുത്തിയിരുന്നത്.

(സി) മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായ പട്ടിക പ്രസിദ്ധീകരിച്ചതിലൂടെ ധാരാളം പേർക്ക് കോവിഡ് മരണങ്ങളുടെ ഭാഗമായി കിട്ടേണ്ട നഷ്ടപരിഹാരം നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ മരണപ്പെട്ടവരുടെ പേര് ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം ഇതുവരെ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടില്ല. നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. 2021 ജൂൺ 15 വരെ കോവിഡ് മരണം സ്ഥിരീകരിച്ചവരുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ലഭ്യമാണ്. അതിനുശേഷമുള്ളവരുടെ വിവരങ്ങൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിക്കുന്ന കോവിഡ് ബുള്ളറ്റിനിലുണ്ട്.

(ഡി) കോവിഡ് മരണങ്ങളുടെ കാര്യത്തിൽ കൃത്യമായ കണക്ക് ഏതെങ്കിലും സർക്കാർ ഏജൻസിയുടെ കൈവശമുണ്ടോ; കൃത്യമായ കണക്ക് ഇനി എപ്രകാരം കണ്ടെത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കോവിഡ്മൂലം മരണപ്പെടുന്ന രോഗികളുടെ പേരും മറ്റ് വിശദാംശങ്ങളും 2021 ജൂൺ 16 മുതൽ ആരോഗ്യ വകുപ്പ് വെബ്സൈറ്റിലെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനുമുൻപ് മരണപ്പെട്ടവരുടെ പേര് ഒഴികെയുള്ള വിശദാംശങ്ങളും ആരോഗ്യ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

**കോവിഡ് മരണങ്ങളുടെ കണക്ക്**

247 (1613) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എന്നാൽ സംസ്ഥാനതലത്തിൽ ഒഴിവാക്കപ്പെട്ടതുമായ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇപ്രകാരമുള്ള എത്ര മരണങ്ങൾ നടന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) ജില്ലകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള കോവിഡ് മരണങ്ങൾ സംസ്ഥാന തലത്തിൽ ഒഴിവാക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ?

ഗവൺമെന്റ് പോർട്ടലിൽ കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ചെയ്തിട്ടുള്ളതും കൃത്യമായ മെഡിക്കൽ ബുള്ളറ്റിൻ ജില്ലയിൽനിന്ന് അയച്ചുതന്നിട്ടുള്ളതുമായ എല്ലാ കോവിഡ് മരണങ്ങളും സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മരണകാരണം കോവിഡ് കാരണമോ, അല്ലയോ എന്നുള്ളത് ചികിത്സിച്ചിരുന്ന ഡോക്ടർതന്നെയാണ് സ്ഥിരീകരിക്കുന്നത്. ആയത് മെഡിക്കൽ ബുള്ളറ്റിനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുക മാത്രമാണ് ചെയ്യുന്നത്. " Brought dead" ആയിട്ടുള്ള കേസ്സുകൾക്ക് RTPCR പരിശോധനാഫലം നിർബന്ധമാക്കിയിട്ടുണ്ടായിരുന്നു. വ്യക്തത ഇല്ലാത്തതോ, അല്ലെങ്കിൽ അപൂർണ്ണമായതോ ആയ മെഡിക്കൽ ബുള്ളറ്റിനുകൾ ജില്ലയിൽനിന്നും അയച്ചിട്ടുള്ളത്, ആയവ പരിഹരിച്ചുതരുന്ന മുറയ്ക്കാണ് റിപ്പോർട്ട് ചെയ്തിരുന്നത്. മേൽപ്പറഞ്ഞ മൂന്ന് മാനദണ്ഡങ്ങൾ പ്രകാരം ജില്ലകളിൽനിന്നും അയച്ചുതന്നിരുന്ന എല്ലാ മരണങ്ങളും സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021 ജൂൺ 16 വരെ 11655 കോവിഡ് മരണങ്ങളും 433 നോൺ കോവിഡ് (കോവിഡ് ടെസ്റ്റ് പോസിറ്റീവ്, എന്നാൽ മരണം സംഭവിച്ചത് മറ്റു കാരണങ്ങളാൽ, ഉദാ:- അപകട മരണം, മുങ്ങി മരണം, തൂങ്ങി മരണം എന്നിവ) മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ ബുള്ളറ്റിനിൽ ഡോക്ടർ രേഖപ്പെടുത്തിയിട്ടുള്ള മരണകാരണത്തെ അടിസ്ഥാനമാക്കിയാണ്; കോവിഡ്, നോൺ കോവിഡ് എന്നിങ്ങനെ റിപ്പോർട്ട് ചെയ്യുന്നത്. 2020-21 ജൂൺ 16-ാം തീയതി മുതൽ അതത് ജില്ലയുടെ കോവിഡ് മരണക്കണക്ക് ജില്ലകൾ നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനായി സജ്ജമാക്കിയ ഗവണ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യുകയും സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുകയും ചെയ്യുന്നു.

(സി) ഇപ്രകാരം ഒഴിവാക്കപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് സുപ്രീംകോടതി വിധിപ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം കിട്ടാൻ സാധ്യതയില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കോവിഡ്മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും യാതൊരുവിധ നിർദ്ദേശങ്ങളും നിലവിൽ ലഭ്യമായിട്ടില്ല. മാത്രമല്ല ഇതുവരെ ഡിക്ലയർ ചെയ്യപ്പെട്ടിട്ടുള്ള കോവിഡ് മരണങ്ങളുടെ സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കോവിഡ് ചികിത്സാരംഗത്തെ സർക്കാർ ഇടപെടൽ

248 (1614) ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ ഓക്സിജനും ആശുപത്രി കിടക്കകളും ലഭ്യമാകാതെ കോവിഡ് ബാധിതർ ദുരിതം നേരിട്ട സാഹചര്യം സംജാതമായിട്ടും സംസ്ഥാനത്തെ ജനങ്ങളുടെ ജീവൻ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ കാര്യക്ഷമതയോടെ ഇടപെട്ടതിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

(ബി) രോഗബാധിതരുടെ ചികിത്സയ്ക്കായി ഒരുക്കിയ പശ്ചാത്തല സൗകര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വിവിധ തലങ്ങളിലുള്ള ജീവനക്കാരെ പുതുതായി നിയമിച്ചിരുന്നോയെന്നും അറിയിക്കാമോ?

കോവിഡ് മൂന്നാംതരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെത്തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നു.

1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്.

2. രണ്ടാം തരംഗത്തിൽ കേസ്സുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC-കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധചികിത്സ ഉറപ്പ് വരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡ്ഡുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

4. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ

സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു.

6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു.

9. കോവിഡിന്റെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

10. സംസ്ഥാനതല വിദഗ്ദ്ധസമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർതലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

11. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു.

12. വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

13. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു.

14. ലോകമെമ്പാടും മൂന്നാംതരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടതിനെത്തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

15. PHC/FHC/CHC-കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസ്സുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസ്സുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിനു വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

17. താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാദ്ധ്യത കണക്കിലെടുത്ത് critical care team-കളെ സജ്ജമാക്കാനുള്ള ദ്രുത പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

19. കോവിഡിനോടനുബന്ധിച്ച് കാണപ്പെട്ട മ്യൂക്കർ മൈക്കോസിസ് (ബ്ലാക്ക്ഫംഗസ്) രോഗം ചികിത്സിക്കുന്നതിന് ആവശ്യമായ മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

20. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ RTPCR പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

21. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിലുള്ള നെഗറ്റീവ് RTPCR റിസൾട്ട് ആരോഗ്യജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാംതരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

24. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. നിയോഗിച്ച അധിക സ്റ്റാഫിന്റെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സയിൽ പങ്കാളികളാക്കുന്നതിൽ വിജയിച്ചിരുന്നോയെന്നും അതോടൊപ്പം സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് യുക്തമായി നിശ്ചയിച്ച് സാധാരണക്കാർക്കും ചികിത്സ ലഭ്യമാകാനുള്ള സാഹചര്യം സൃഷ്ടിക്കാനായോയെന്നും വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാനിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

**കണ്ണൂർ മെഡിക്കൽ കോളേജ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി**

249 (1615) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് കിഫ്ബിയിൽനിന്നും 29 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ചുവെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തരമായി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 29.78 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഈ പ്രവൃത്തിയുടെ കൺസൾട്ടന്റ് വാപ്കോസ് ആണ്. ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് സ്വീകരിച്ചുവരികയാണ്.

**പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്**

250 (1616) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

1. പുതിയ ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം പി.ഡബ്ല്യു.ഡി. സമർപ്പിച്ച 6.62 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റ ഒന്നാം നില നിർമ്മിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചുപ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും സിവിൽ പ്രവൃത്തികൾ ഏതാണ്ട് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ആശുപത്രി ഐ.പി. കെട്ടിടത്തിന് മുകളിൽ പേ വാർഡ് കെട്ടിട നിർമ്മാണം 2020-21 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ആശുപത്രി കെട്ടിടത്തിന് മുകളിൽ പേ വാർഡ് കെട്ടിടം നിർമ്മിക്കുന്നതിന് 1.92 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം മേൽനിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

3. 'സി' ബ്ലോക്കിന് മുകളിൽ ട്രസ്റ്റ് റൂഫ് നിർമ്മാണം കോളേജിന്റെ 'സി' ബ്ലോക്കിന് മുകളിൽ ട്രസ്സ് റൂഫ് നിർമ്മിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം മേൽനിർമ്മാണ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ആരംഭിച്ചിട്ടുണ്ട്.

4. ആനിമൽ ഹൗസ് കെട്ടിട നിർമ്മാണം കോളേജിനോടനുബന്ധിച്ച് ആനിമൽ ഹൗസ് കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 വർഷം 26 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചുപ്രകാരം മേൽ കെട്ടിടനിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പി.ഡബ്ല്യു.ഡി. സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തികരിച്ച് ഉടൻതന്നെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

5. സെൻട്രൽ റിസർച്ച് ലബോറട്ടറി കെട്ടിട നിർമ്മാണം കോളേജിനോടനുബന്ധിച്ച് സെൻട്രൽ റിസർച്ച് ലബോറട്ടറി കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 വർഷം 58.60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം മേൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പി.ഡബ്ല്യു.ഡി. സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻതന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ആശുപത്രി**

251 (1617) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിലവിൽ ഒരു ഹോമിയോ ഡിസ്പെൻസറി ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹോമിയോ മരുന്നിന്റെ പ്രസക്തി ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ ഹോമിയോ ആശുപത്രി ആരംഭിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.-യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത 32 ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകിവരുന്നത്.

**കുട്ടനാട്ടിൽ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്**

252 (1618) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ടൂറിസം സാധ്യതകൾകൂടി പ്രയോജനപ്പെടുത്തി സർക്കാർ ഉടമസ്ഥതയിൽ ഒരു ആയുർവേദ മെഡിക്കൽ കോളേജ് കുട്ടനാട്ടിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

(ബി) കുട്ടനാട്ടിൽ ആയുഷ് വകുപ്പിന്റെ കൂടുതൽ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആയുഷ് വകുപ്പിന്റെ കീഴിൽ കുട്ടനാട്ടിൽ പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിലില്ല.

## ആയുഷ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

253 (1619) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ആയുഷ് വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു.

(ബി) ആയുഷ് വകുപ്പിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിൽ 25 ബെഡ്ഡുകളോടുകൂടി ആശുപത്രി തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മീഞ്ച ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ പഞ്ചായത്ത് തീരുമാനം ലഭിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി മണ്ഡലത്തിൽ 25 കിടക്കകളോടുകൂടിയ ഹോമിയോപ്പതി ആശുപത്രി തുടങ്ങുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതുമായി ബന്ധപ്പെട്ട Ayush B3/351/1779160 എന്ന ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ 10 കിടക്കകളോടുകൂടിയ ഒരു ഹോമിയോ ആശുപത്രി തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷ B3/351/2017/AYUSH നമ്പർ പുറത്തെഴുത്ത് മുഖേന തുടർനടപടികൾക്കായി ഹോമിയോപ്പതി വകുപ്പ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

## കാരുണ്യ @ ഹോം പദ്ധതി

254 (1620) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എച്ച്. സലാം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിപണിയിലേതിനേക്കാൾ വൻ വിലക്കിഴിവിൽ മരുന്നുകളും, ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, എയർബെഡ് മുതലായവയും കോവിഡ് പ്രതിരോധ സാമഗ്രികളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തെ സർക്കാരാശുപത്രികളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ആവശ്യാനുസരണം വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) "കോവിഡിനൊപ്പം സുരക്ഷിതരായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലി രൂപീകരിക്കുന്നതിന്റെ ഭാഗമായി "കാരുണ്യ@ഹോം" എന്ന പുതിയ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

"കോവിഡിനൊപ്പം സുരക്ഷിതരായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലി രൂപീകരിക്കുന്നതിന്റെ ഭാഗമായി "കാരുണ്യ@ഹോം" എന്ന ഒരു പുതിയ പദ്ധതി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറഷൻ ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്.

(സി) വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് കൈത്താങ്ങാകാൻ കഴിയുന്ന ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുതിർന്ന പൗരന്മാർക്ക് ഫാർമസിയിലെത്താതെ തന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. സാമ്പത്തിക ലാഭത്തോടൊപ്പം "കോവിഡിനൊപ്പം സുരക്ഷിതരായി ജീവിക്കുക" എന്ന പുതിയ ജീവിതശൈലിയ്ക്കായി ഈ പദ്ധതി സഹായകമാകും. തിരക്കേറിയ ആധുനിക ജീവിതത്തിൽ ഒറ്റപ്പെട്ട് പോകുന്ന വയോജനങ്ങൾക്ക് ഈ പദ്ധതി ഒരു കൈത്താങ്ങായിരിക്കും. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ വിലയേക്കാൾ ഒരുശതമാനം അധിക വിലക്കിഴിവോടുകൂടി, മുതിർന്ന പൗരന്മാർക്ക് ആവശ്യമായ, ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ള, എല്ലാ മരുന്നുകളും കൊറിയർ മുഖാന്തരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കികൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചുകൊടുക്കുന്നു. ഇതുസംബന്ധിച്ച് രജിസ്ട്രേഷൻ തുടങ്ങിയ വിവരങ്ങൾക്ക് www.khome.kmscl.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി വിജയകരവും പ്രായോഗികവുമായി നടപ്പാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാരുണ്യ @ ഹോം എന്ന പദ്ധതിയെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ക്ഷേമസംഘടനകളുടെ ഭാരവാഹികളുമായി ഓൺലൈൻ യോഗം ചേരുകയും പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനായി 30-6-2021-ന് വിവര പൊതുജനസമ്പർക്ക വകുപ്പ് മുഖേന പത്രക്കുറിപ്പ് നല്കുകയും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ നോട്ടീസുകൾ വിതരണം ചെയ്യുകയുമുണ്ടായി. തുടർന്നും പത്രക്കുറിപ്പുകൾ, ലഘുലേഖകൾ, സാമൂഹ്യ മാധ്യമങ്ങൾ മുതലായവയിലൂടെ പദ്ധതിയുടെ വിശദാംശങ്ങൾ കൂടുതൽ ആളുകളിലേയ്ക്ക് എത്തിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനും കുറിപ്പടികൾ അപ്‌ലോഡ് ചെയ്യുന്നതിനും കുറിപ്പടികളിൽ മാറ്റംവരുമ്പോൾ യഥാസമയം അറിയിക്കുന്നതിനും മറ്റും www.khome.kmscl.kerala.gov.in എന്ന വെബ്സൈറ്റ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന മരുന്ന് ഡിപ്പോകൾ വഴി സമയബന്ധിതമായിട്ടുള്ള മരുന്ന് വിതരണമാണ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയെ സംബന്ധിച്ചുള്ള സംശയ നിവാരണങ്ങൾക്കും ഉപഭോക്താക്കളുടെ പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമായി 1800 599 8844 എന്ന പ്രത്യേക ടോൾ ഫ്രീ നമ്പർ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

**കോവിഡ് വാക്സിൻ നിർമ്മാണത്തിൽ സ്വയംപര്യാപ്തത**

255 (1621) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വാക്സിൻ ഗവേഷണ രംഗത്തും നിർമ്മാണത്തിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വാക്സിൻ ഗവേഷണം ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) ലൈഫ് സയൻസ് പാർക്കിൽ ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ ലൈഫ് സയസൻസ് പാർക്കിൽ വാക്സിൻ പ്രൊഡക്ഷൻ യൂണിറ്റ് തുടങ്ങാൻ തീരുമാനിക്കുകയും ടി ആവശ്യത്തിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

## വനിതകളുടെ സുരക്ഷിതത്വം

256 (1622) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന പീഡന കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

&

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നറിയിക്കുമോ?

ഉണ്ട്. സ്ത്രീധനപീഡന കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ 1961-ലെ സ്ത്രീധന നിരോധന നിയമം പര്യാപ്തമല്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് നിയമത്തിലെ അപാകതകൾ പരിശോധിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) വനിതകളുടെയും കുട്ടികളുടെയും വൃദ്ധരുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

വനിതകളുടെയും കുട്ടികളുടെയും വൃദ്ധരുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ, വനിത-ശിശുവികസന വകുപ്പും സാമൂഹ്യനീതി വകുപ്പും മുഖേന, സർക്കാർ സ്വീകരിക്കുന്ന നടപടികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വീട്ടിൽ തനിച്ചാകുന്ന കുട്ടികളുടെ സുരക്ഷ

257 (1623) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയായ ബാലികയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് രക്ഷിതാക്കൾ ജോലികൾക്കായി പുറത്തുപോകുമ്പോൾ വീട്ടിൽ തനിച്ചാകുന്ന കുട്ടികൾക്ക് സുരക്ഷ ഒരുക്കുന്നതിന് പര്യാപ്തമായ ഒരു സംവിധാനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

ഉണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ ആദിവാസികളുടെയും സാമ്പത്തികമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മറ്റു വിഭാഗങ്ങളിൽപ്പെട്ടവരുടെയും വീടുകളിലെ രക്ഷിതാക്കൾ ജോലിതേടി പോകുമ്പോൾ വീടുകളിൽ തനിച്ചാകുന്ന കുട്ടികൾക്ക് രക്ഷിതാക്കൾ തിരിച്ചെത്തുന്നതുവരെ സുരക്ഷ ഒരുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വൾനറബിൾ ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു വൾനറബിലിറ്റി മാപ്പിംഗ് നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ മാപ്പിംഗ് നടത്തുമ്പോൾ വൾനറബിളായി കണ്ടെത്തുന്ന കുട്ടികൾക്ക് വ്യക്തിഗത പരിചരണം നൽകുന്നതും കൂടാതെ ഐ.സി.ഡി.എസ്. അങ്കണവാടികൾ മുഖേനയോ അഡോളസെന്റ് ക്ലബുകൾ മുഖേനയോ ഇത്തരത്തിലുള്ള കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

## സംസ്ഥാന വനിതാ കമ്മീഷന്റെ വാർഷിക റിപ്പോർട്ട്

258(1624) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നിയമം നിഷ്കർഷിക്കുന്ന വാർഷിക റിപ്പോർട്ട് വനിതാ കമ്മീഷൻ സർക്കാരിന് മുൻപിൽ സമർപ്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2017-18 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്; ഇതിൽ എത്ര നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ സർക്കാരിലേയ്ക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(1) ഐ. ടി. മേഖലയിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ.

(2) കേരളത്തിലെ മഹിളാ സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ.

(3) 498 (എ) സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേലുള്ള നിർദ്ദേശങ്ങൾ.

(4) സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങൾ. അതുകൂടാതെ, കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ഗവേഷണ പഠനം നടത്തി സർക്കാരിലേയ്ക്ക് ശിപാർശകൾ നൽകിയിട്ടുണ്ട്.

(i) കേരളത്തിലെ കുറഞ്ഞുവരുന്ന ആൺ-പെൺ ശിശു അനുപാതം.

(ii) കേരളത്തിലെ സ്ത്രീ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

(iii) ഏകസ്ഥരായ സ്ത്രീകളുടെ പ്രശ്നങ്ങൾ.

(iv) ജയിൽശിക്ഷ അനുഭവിച്ച സ്ത്രീകളുടെ പ്രശ്നങ്ങൾ.

(v) നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ.

(vi) മാദ്ധ്യമങ്ങളിലെ സ്ത്രീ-സങ്കല്പം:- ടി വി സീരിയലുകളും പരസ്യങ്ങളും കൗമാരപ്രായക്കാരിൽ ചെലുത്തുന്ന സ്വാധീനം.

(vii) കുട്ടികളിലെ മയക്കുമരുന്ന് ദുരുപയോഗം കേരള വനിതാ കമ്മീഷന്റെ മേൽ നിർദേശങ്ങൾ സർക്കാർ പരിഗണനയിലാണ്.

**സംസ്ഥാന വനിതാ കമ്മീഷന്റെ അധികാരവും പ്രവർത്തനങ്ങളും**

259 (1625) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നിയമം പ്രകാരം വനിതാ കമ്മീഷന് കേസ്സ് എടുക്കാനുള്ള അധികാരമുണ്ടോ; വനിതാ കമ്മീഷനുമുൻപിൽവരുന്ന പരാതികൾ തീർപ്പാക്കാനുള്ള അധികാരം വനിതാ കമ്മീഷൻ അംഗങ്ങൾക്ക് ലഭ്യമാണോയെന്നറിയിക്കുമോ?

കേരള വനിതാ കമ്മീഷൻ ആക്റ്റ്, 1990, വകുപ്പ് 15-ൽ കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ കമ്മീഷന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്.

ഇപ്രകാരം കമ്മീഷനിൽ ലഭിക്കുന്ന പരാതികളും കമ്മീഷൻ സ്വയം എടുക്കുന്ന (Suo-Moto) പരാതികളും രജിസ്റ്റർ ചെയ്ത് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെയർപേഴ്സനും മറ്റംഗങ്ങളും ഉൾപ്പെടുന്ന കേരള വനിതാ കമ്മീഷൻ മേൽ പറഞ്ഞ വകുപ്പ് പ്രകാരം ഒരു അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഒരു കമ്മീഷൻ ആണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര സിറ്റിംഗുകളാണ് നടത്തിയിരിക്കുന്നതെന്നും ഇതിന് ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

കേരള വനിതാ കമ്മീഷൻ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ നടത്തിയ സിറ്റിംഗുകളുടെ എണ്ണവും ആയവയ്ക്ക് ഓരോ വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**സംസ്ഥാന വനിതാ കമ്മീഷൻ മെമ്പർമാരുടെ വിദ്യാഭ്യാസ യോഗ്യത**

260 (1626) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018, 2019, 2020 വർഷങ്ങളിൽ സംസ്ഥാന വനിതാ കമ്മീഷൻ സർക്കാരിൽ സമർപ്പിച്ച വാർഷിക റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വനിതാ കമ്മീഷന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അനുബന്ധമായി* ചേർത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് ഗവൺമെന്റ് പ്രസ്സിൽ പ്രിന്റിംഗിനായി നൽകിയിരിക്കുകയാണ്. 2019-20 വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷന്റെ നിലവിലെ മെമ്പർമാരുടെ വിദ്യാഭ്യാസ യോഗ്യത വെളിപ്പെടുത്താമോ?

Kerala Women's Commission Act, 1990 സെക്ഷൻ 5 പ്രകാരം, സർക്കാർ നാമനിർദേശം ചെയ്ത് നിയമിക്കുന്ന കേരള വനിതാ കമ്മീഷൻ ചെയർപേഴ്സണും മറ്റംഗങ്ങൾക്കും അവരെ പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

261 (1627) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീട്ടിലടയ്ക്കപ്പെട്ട രീതിയിൽ കുട്ടികളുടെ ലോകം വല്ലാതെ ചുരുങ്ങിയിരിക്കുന്ന കോവിഡ് കാലത്ത് കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് വനിതാ ശിശുക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്നതിനായും അവരുടെ സമയം ക്രിയാത്മകമായി പ്രയോജനപ്പെടുത്തുന്നതിനുമായും ഇ-കൂട്ടം മൺസൂൺ ക്യാമ്പുകൾ സംസ്ഥാന ജില്ലാതലത്തിലും അതോടൊപ്പം കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ 'സർഗ്ഗവസന്തം' എന്ന പേരിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ വകുപ്പിനുകീഴിലുള്ള ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) പദ്ധതി കുട്ടികൾ കൂട്ടുകാരിലേയ്ക്ക് എന്ന ലക്ഷ്യത്തിലൂന്നി കുട്ടി ഡെസ്ക് എന്ന ഫോൺ മുഖാന്തരമുള്ള പരിപാടിയിലൂടെ കോവിഡ്-19 -നുമായി ബന്ധപ്പെട്ട് കുട്ടികൾ പാലിയ്ക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് തെരെഞ്ഞെടുത്ത പരിശീലനം ലഭ്യമായ കുട്ടികളിലൂടെ മറ്റുകുട്ടികൾക്ക് നൽകിവരുന്നു. 2020 ഏപ്രിൽ മാസം മുതൽ കുട്ടി ഡെസ്ക് സംഘടിപ്പിച്ചുവരുന്നു. വകുപ്പിനു കീഴിലുള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം പകർന്നുനൽകുന്നതിനായി SMART-1 ക്യാമ്പുകളും 356 ഒ.ആർ.സി. സ്കൂളുകളിലെ കുട്ടികൾക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പ്രത്യേകം തയ്യാറാക്കിയ മോഡ്യൂൾ പ്രകാരം ഡിജിറ്റൽ SMART-40 ക്യാമ്പുകൾ 2021 ആഗസ്റ്റ് മാസത്തോടുകൂടി സംഘടിപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 'ശരണബാല്യം' പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പോസ്റ്റർ മത്സരങ്ങളും ഓൺലൈൻ കരിയർ ഗൈഡൻസും വായനാകുറിപ്പ് മത്സരങ്ങളും കിനാക്കൂട്ടം എന്ന പ്രോഗ്രാമുകളും ബാലാവകാശങ്ങളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ഇനം വെബിനാറുകളും സംഘടിപ്പിച്ചു.

## വനിതകൾക്കായുള്ള ക്ഷേമപദ്ധതികൾ

262 (1628) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വനിതകളുടെ ക്ഷേമത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.:

1. 'അതിജീവിക' - കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗംമൂലം മരണപ്പെടുകയോ ചെയ്യുമ്പോൾ നിത്യചെലവിനും ആശുപത്രി ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമാർഗ്ഗമില്ലാതെ ദുരിതമനുഭവിക്കേണ്ടിവരുന്ന വിധവകൾ, ഭർത്താവ് ഗുരുതരരോഗത്താൽ കിടപ്പിലായ കുടുംബം, ഭർത്താവ് ഉപേക്ഷിച്ചതോ, വിവാഹബന്ധം വേർപെടുത്തിയതോ ആയിട്ടുള്ള കുടുംബം എന്നിവർ എല്ലാംതന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടിവരുന്നു. ഭർത്താവിന്റെ അകാലമരണത്താൽ രോഗ ചികിത്സയ്ക്കും വീടുനിർമ്മാണത്തിനും ബാങ്കിൽനിന്നും എടുത്ത ലോണുകളുടെ തിരിച്ചടവ് മുടങ്ങുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന വാർഷിക വരുമാനം 50,000 രൂപയിൽ താഴെയുള്ള സ്ത്രീകൾക്ക് അടിയന്തരഘട്ടത്തിൽ ആശ്വാസം നല്കുന്ന പദ്ധതിയാണിത്. പരമാവധി 50,000 രൂപ വരെയാണ് നല്കുന്നത്.

2. 'അഭയ കിരണം' - സ്വന്തമായി വീടോ, സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1,000 രൂപ ധനസഹായം നല്കുന്നു.

3. 'സഹായ ഹസ്തം' - സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ജില്ലാതല മോണിറ്ററിംഗ് ആൻഡ് ഇവാല്യൂവേഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000 രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽനിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു.

4. 'പടവുകൾ' - വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ നൽകുന്നു.

5. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി - ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് ഗുരുതരമായി കിടപ്പിലായവർ എന്നിവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി. ഒന്നാംക്ലാസ്സ് മുതൽ 5-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു വർഷം 3,000/ രൂപയും 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഒരു വർഷം 5,000 രൂപയും പ്ലസ് വൺ, പ്ലസ് ടു വരെ പഠിക്കുന്ന കുട്ടികൾക്ക് 7,500 രൂപയും ഡിഗ്രി തലത്തിൽ പഠിക്കുന്നവർക്ക് ഒരു വർഷം 10,000 രൂപയും വിദ്യാഭ്യാസ ധനസഹായമായി അനുവദിക്കുന്നു.

6. മംഗല്യ വിധവകളായ സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'മംഗല്യ വിധവാ പുനർ വിവാഹ ധനസഹായ' പദ്ധതി. ഈ പദ്ധതിപ്രകാരം സാധുക്കളായ വിധവകളുടെ പുനർ വിവാഹത്തിന് 25,000 രൂപ അനുവദിക്കുന്നു. കൂടാതെ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വനിതകൾക്കായി വിവിധതരം വായ്പാ പദ്ധതികൾ നല്കിവരുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉന്നത വിദ്യാഭ്യാസം ലഭിച്ച വനിതകളുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ?

ബി.എസ്.സി. നഴ്സിംഗ്/ജി.എൻ.എം. കോഴ്സ് കഴിഞ്ഞവർക്ക് വിദേശ രാജ്യങ്ങളിലും ഇന്ത്യയിൽ തന്നെ കൂടുതൽ മെച്ചപ്പെട്ട ആശുപത്രികളിലും തൊഴിൽ അവസരം ഉറപ്പുവരുത്തുന്നതിന് നൽകിവരുന്ന നൈപുണ്യ വികസന കോഴ്സ് (Advanced Skill Enhancement Programme in Nursing-ASEP-N) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും തൊഴിൽ വകുപ്പിന് കീഴിലുള്ള ODEPC-ഉം ഒത്തുചേർന്ന് നടത്തിവരുന്നു. 6 മാസത്തെ ഈ കോഴ്സ് പൂർത്തീകരിച്ച് IELTS/ OET പാസാകുന്നവർക്ക് വിദേശരാജ്യങ്ങളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ വനിതകളിൽ 2015-ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സാധ്യമായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഇതു സംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(ഡി) സംസ്ഥാനത്തെ സ്ത്രീകൾക്ക് തൊഴിൽ സംരംഭകരാകാൻ ഈ സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ വിശദമാക്കുമോ?

വനിതാ-ശിശു വികസന വകുപ്പ് മുഖേന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം നൽകുന്ന 'സഹായഹസ്തം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വനിതാ വികസന കോർപ്പറേഷനിൽ ഈ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ ലഭ്യമാക്കിയിട്ടില്ല. വിവിധ ദേശീയ ധനകാര്യ വികസന കോർപ്പറേഷനുകളുടെ ധനസഹായത്തോടുകൂടി മിതമായ പലിശ നിരക്കിൽ വിവിധ തരം സ്വയംതൊഴിൽ ഗ്രൂപ്പ് സംരഭ വായ്പാ പദ്ധതികൾ വനിതകൾക്കുവേണ്ടി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്നു.

**മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസ്**

263 (1629) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസ് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. സർക്കാർ കെട്ടിടം കണ്ടെത്തി അറിയിക്കുന്നതിന് കാസർഗോഡ് ജില്ലാ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്വന്തമായി വാഹനമില്ലാത്തതുമൂലം പ്രസ്തുത ഓഫീസ് നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം താലൂക്ക് സപ്ലൈ ഓഫീസിന് ഒരു പുതിയ വാഹനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ നടപടി

264 (1630) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവിഡ് പശ്ചാത്തലത്തിൽ പൊതുകമ്പോളത്തിലുണ്ടായ വില വർദ്ധനവും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയുന്നതിനായി ജില്ലകളിൽ പൊതുവിതരണ വകുപ്പ്, റവന്യൂ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ് എന്നിവ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിക്കുകയും താലൂക്ക് തലത്തിൽ റെയ്ഡുകളും പരിശോധനകളും നടത്തി കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയാൻ കഴിഞ്ഞിട്ടുണ്ട്. കണ്ടെത്തിയ ക്രമക്കേടുകൾക്ക് ശക്തമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പൊതുവിപണിയിലെ അവശ്യസാധനങ്ങളുടെ വിവരം ലഭ്യമാക്കി അവലോകനം നടത്തുകയും ആയതിന്റെ സ്റ്റോക്ക് വിവരം ശേഖരിച്ചതിലൂടെ പൊതുവിപണിയിൽ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയാനും കഴിഞ്ഞിട്ടുണ്ട്.

## ഭക്ഷ്യ പൊതുവിതരണ മേഖലയിലെ പുതിയ പദ്ധതികൾ

265 (1631) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ പൊതുവിതരണ മേഖല മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമതയുള്ളതാക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വിശദമാക്കാമോ?

2021-2022 സാമ്പത്തിക വർഷത്തിൽ പൊതുവിതരണ വകുപ്പ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാനത്ത് മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ മുഖാന്തരമാക്കുന്നതാണ്.

2. സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ ഒറ്റപ്പെട്ടുള്ളതും കുന്നിൻമുകളിലും താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്ന പദ്ധതിയായ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി വിപുലീകരിക്കുന്നതാണ്.

3. വിശപ്പുരഹിത കേരളം-സുഭിക്ഷ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതാണ്.

4. ഉപഭോക്തൃ ഉൽപ്പന്നങ്ങൾ നൽകുന്ന ഏജൻസികളെയും ഉപഭോക്തൃ സേവനങ്ങൾ നൽകുന്ന സർക്കാർ/സർക്കാരിതര ഓർഗനൈസേഷനുകളുടെയും റേറ്റിംഗിനും ഗ്രേഡിംഗിനുമായി ഒരു സംവിധാനം ഏർപ്പെടുത്തുന്നതാണ്.

5. കോവിഡിന്റെ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സ്ക്വാഡ് രൂപീകരിച്ച് പി.പി.ഇ. കിറ്റ്, സാനിറ്റൈസർ, മാസ്ക് എന്നിവയുടെ പൂഴ്ത്തിവെയ്പ്പും അമിതവിലയും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സപ്ലൈകോയുടെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻനിർത്തിയും വിപണന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിൽപ്പനശാലകൾ പ്ലാൻഫണ്ട് ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നവീകരിക്കുന്ന പ്രവർത്തികൾ നടന്നുവരുന്നുണ്ട്. നിലവിലെ മാവേലി സ്റ്റോറുകൾ സ്ഥലലഭ്യതയനുസരിച്ചോ/കൂടുതൽ സ്ഥലം ലഭ്യമാക്കിയോ മാവേലി സൂപ്പർ സ്റ്റോറുകളായും സൂപ്പർ മാർക്കറ്റുകളായും വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിൻ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 93 വിൽപ്പനശാലകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പം കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിട സൗകര്യം വാടകരഹിതമായോ/വാടകയിളവിലോ ലഭ്യമാകുന്ന പ്രദേശങ്ങളിൽ വിപണന സാദ്ധ്യത മുൻനിർത്തി വിശദമായ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലി സൂപ്പർ സ്റ്റോറുകളും സ്ഥല സൗകര്യത്തിന്റെ ലഭ്യതയനുസരിച്ച് പുതിയ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലെ മാറിയ സാഹചര്യത്തിൽ സാധനങ്ങൾ ഉപഭോക്താക്കളുടെ വീടുകളിൽ നേരിട്ടെത്തിക്കുന്നതിനായി സപ്ലൈകോ ഓൺലൈൻ സേവനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാദേശികമായി ലഭ്യമായ വിവിധ ഏജൻസികൾ/കുടുംബശ്രീ എന്നിവ മുഖേന നിലവിൽ ആയത് നടപ്പിലാക്കിവരുന്നുണ്ട്.

## ഭക്ഷ്യകിറ്റ് വിതരണം

266 (1632) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലത്ത് ആരംഭിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ എത്ര തുക അനുവദിച്ചു എന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

2020-ലെ ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് 2020 സെപ്റ്റംബർ മുതൽ ഡിസംബർ വരെ കിറ്റ് വിതരണം ചെയ്തതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശികയും ഉൾപ്പെടെ 1,649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കിറ്റ് വിതരണം 2021 ലും തുടർന്ന സാഹചര്യത്തിൽ 2021 ജനുവരി - ഏപ്രിൽ മാസങ്ങളിലെ വിതരണത്തിനായി 1,392.50 കോടി രൂപയും മേയ് മാസ വിതരണത്തിനായി 410 കോടി രൂപയും ഉൾപ്പെടെ ആകെ 4,648.29 കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ അനുവദിച്ചുനൽകിയിട്ടുള്ളത്.

(ബി) ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ വിതരണംചെയ്യുന്ന കമ്പനികളെ രണ്ടുവർഷത്തേക്ക് കരിമ്പട്ടികയിൽപ്പെടുത്തണമെന്ന ചട്ടമനുസരിച്ച് കരിമ്പട്ടികയിൽ ഉൾപ്പെട്ട ചില കമ്പനികൾ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപുതന്നെ ടെൻഡറിൽ പങ്കെടുത്ത് പർച്ചേസ് ഓർഡർ നേടിയത് പരിശോധിച്ചിട്ടുണ്ടോ?

കരിമ്പട്ടികയിൽ ഉൾപ്പെട്ട കമ്പനികൾക്ക് സപ്ലൈകോ കേന്ദ്രകാര്യാലയത്തിൽനിന്നും പർച്ചേസ് ഓർഡർ നൽകിയിട്ടില്ല.

(സി) എങ്കിൽ കരിമ്പട്ടികയിൽ ഉൾപ്പെട്ട ഏതെല്ലാം കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്ത് പർച്ചേസ് ഓർഡർ നേടിയതെന്ന് വിശദമാക്കുമോ; ഇതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

(ഡി) ഭക്ഷ്യകിറ്റ് വിതരണം ചെയ്തതിന്റെ കമ്മീഷൻ മാസങ്ങളായി റേഷൻ വ്യാപാരികൾക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന സൗജന്യ ഭക്ഷ്യ കിറ്റ് വിതരണത്തിന് റേഷൻ വ്യാപാരികൾക്ക് 2020 ഏപ്രിൽ, മേയ് മാസങ്ങളിൽ റേഷൻകടകൾ വഴി വിതരണം ചെയ്ത 8448016 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 7 രൂപ നിരക്കിൽ 5,91,36,112 രൂപ 2020 ആഗസ്റ്റ് മാസത്തിലും 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത 9378536 കിറ്റുകൾക്ക് കിറ്റ് ഒന്നിന് 5 രൂപ നിരക്കിൽ 4,68,92,680 രൂപ 2021 ഫെബ്രുവരി മാസത്തിലും അനുവദിച്ചുനൽകിയിട്ടുണ്ട്. ഒക്ടോബർ മുതലുള്ള കിറ്റുകൾക്ക് കമ്മീഷൻ നൽകിയിട്ടില്ല. നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇതിന് തുക കണ്ടെത്തുക ബുദ്ധിമുട്ടാണ്. സാമ്പത്തികസ്ഥിതി അനുകൂലമാകുന്ന ഘട്ടത്തിൽ വിഷയം പരിഗണിക്കാവുന്നതാണ്.

(ഇ) ഭക്ഷ്യകിറ്റിനായി ഉപയോഗിക്കുന്ന തുണി സഞ്ചി ഏഴ് മുതൽ എട്ട് രൂപ വരെ വിലയ്ക്ക് പൊതുവിപണിയിൽ ലഭ്യമാകുമെന്നിരിക്കെ 12 രൂപയ്ക്ക് ഗുണനിലവാരം കുറഞ്ഞ തുണിസഞ്ചി വാങ്ങിക്കുന്നതിലെ അഴിമതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സപ്ലൈകോ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സപ്ലൈകോയ്ക്കുവേണ്ടി തുണിസഞ്ചി നൽകിയത് കൺസ്യൂമർ ഫെഡിൽനിന്ന് വാങ്ങിയാണ്. തിരുവനന്തപുരത്തുള്ള Global Pharma Plus ആണ് കൺസ്യൂമർഫെഡിന് 10 രൂപ നിരക്കിൽ (without GST) തുണിസഞ്ചി സപ്ലൈ ചെയ്തത്. Global Pharma Plus ടി തുണിസഞ്ചി കന്യാകുമാരിയിലെ Swarna Echo Craft-ൽനിന്ന് വാങ്ങിയത് 6.75 രൂപയ്ക്കാണ് (without GST). കേരളത്തിനു പുറത്തുനിന്നും 6.75 രൂപയ്ക്ക് വാങ്ങുന്ന തുണിസഞ്ചിയാണ് സപ്ലൈകോയ്ക്ക് 12 രൂപയ്ക്ക് നൽകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ എ.വി.ആർ. കുടുംബശ്രീ യൂണിറ്റ് പുറത്തുനിന്നുള്ള തുണിസഞ്ചി 7.50 രൂപ നിരക്കിൽ വാങ്ങി സപ്ലൈകോയ്ക്ക് 12 രൂപ വരെയുള്ള നിരക്കിൽ നൽകുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരം കുടുംബശ്രീ മിഷനെ അറിയിച്ചിട്ടുണ്ട്.

## റേഷൻ മുൻഗണന ലിസ്റ്റ്

267 (1633) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ ലിസ്റ്റിൽനിന്ന് അനർഹരെ ഒഴിവാക്കുന്നതി നായി പുറപ്പെടുവിച്ച മാനദണ്ഡങ്ങൾമൂലം സാധാരണ ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുണ്ടായ സാങ്കേതികത്വവും അവ്യക്തതയുംമൂലം അർഹരായ പല കുടുംബങ്ങളും മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണം, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹനം എന്നീ വകുപ്പുകളിൽനിന്ന് ലഭിച്ചതിന്റെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ചതിന്റെയും അടിസ്ഥാനത്തിലാണ് അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിവരുന്നത്. കൂടാതെ എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് ബോധ്യപ്പെട്ടശേഷം മാത്രമാണ് മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കുന്നത്.

(സി) ഇക്കാര്യം പരിഹരിക്കുന്നതിനായി കാർഡ് മാറ്റത്തിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സമയപരിധി നിശ്ചയിച്ചിട്ടില്ല.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ

268 (1634) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമ ണ്ഡലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

&

(ബി) ഈ കാലയളവിൽ മണ്ഡലത്തിൽ അനുവദിച്ച ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കിയപ്പോൾ ചങ്ങനാശ്ശേരി താലൂക്കിൽ ഒരു സ്വകാര്യ ഗോഡൗണും SW-യുടെ ഒരു ഗോഡൗണും എൻ.എഫ്.എസ്.എ. ഗോഡൗണായി പ്രവർത്തിക്കുന്നതിനായി സപ്ലൈകോ വാടകയ്ക്ക് എടുത്തിട്ടുണ്ട്. കൂടാതെ, കോവിഡ്-19-ന്റെ കാലയളവിൽ 92000-ത്തിലധികം വരുന്ന റേഷൻ കാർഡുടമകൾക്ക് സൗജന്യ കിറ്റ് വിതരണം നടത്തിവരുന്നു. PHH, AAY കാർഡുകൾക്ക് PMGKAY അരി, ഗോതമ്പ് എന്നിവ സൗജന്യമായി നൽകിവരുന്നു. കൂടാതെ, ടി കാലയളവിൽ 880 NPI കാർഡുകളും 108 AAY കാർഡുകളും 2009 PHH കാർഡുകളും 3589 NPS കാർഡുകളും 10363 NPNS കാർഡുകളും അനുവദിച്ചുനൽകിയിട്ടുണ്ട്. ഇപ്രകാരം റേഷൻ വിതരണം കൂടുതൽ സുതാര്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നു.

### വിവിധ വിഭാഗം റേഷൻകാർഡുകളുടെ എണ്ണം

269 (1635) ശ്രീ. ജി. എസ് ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ത്യോദയ അന്ന യോജന, മുൻഗണന, പൊതുവിഭാഗം സബ്സിഡി, പൊതുവിഭാഗം എന്നീ വിഭാഗങ്ങളിലോരോന്നിലും നിലവിലുള്ള റേഷൻകാർഡുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നാല് വിഭാഗങ്ങളിലായുള്ള റേഷൻ കാർഡുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ഇനം | എണ്ണം |
|---|---|
| എ.എ.വൈ. | 592987 |
| മുൻഗണന | 3305770 |
| മുൻഗണനേതര സബ്സിഡി | 2497910 |
| മുൻഗണനേതര നോൺ സബ്സിഡി | 2648757 |

(ബി) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ മേൽപ്പറഞ്ഞ വിഭാഗങ്ങളിലോരോന്നിലും നിലവിലുള്ള റേഷൻകാർഡുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള റേഷൻ കാർഡുകളുടെ എണ്ണം താഴെപ്പറയുംപ്രകാരമാണ്:

| ഇനം | എണ്ണം |
|---|---|
| എ.എ.വൈ. | 17313 |
| മുൻഗണന | 108545 |
| മുൻഗണനേതര സബ്സിഡി | 73383 |
| മുൻഗണനേതര നോൺ സബ്സിഡി | 79894 |

(സി) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ ഉൾപ്പെട്ട റേഷൻകാർഡ് ഉടമകൾ നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്ക് അർഹരാണെന്ന് വിശദമാക്കാമോ?

പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡിലെ ഒരു അംഗത്തിന് പ്രതിമാസം 4 രൂപ നിരക്കിൽ 2 കി.ഗ്രാം അരി, ലഭ്യതയ്ക്കനുസരിച്ച് കാർഡൊന്നിന് കിലോഗ്രാമിന് 17 രൂപ നിരക്കിൽ 1 കി.ഗ്രാം മുതൽ 4 കി.ഗ്രാം വരെ ആട്ട എന്നിവ ലഭിക്കുന്നതാണ്. കൂടാതെ വൈദ്യുതീകരിക്കപ്പെട്ട വീടുകളിലെ റേഷൻ കാർഡിന് മൂന്ന് മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുകളിലെ കാർഡിന് മൂന്ന് മാസത്തിലൊരിക്കൽ 8 ലിറ്റർ മണ്ണെണ്ണയും ലഭിക്കുന്നതാണ്.

**റേഷൻ മുൻഗണന പട്ടിക**

270 (1636) ശ്രീ. കെ. എം. സച്ചിൻദേവ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകളുടെ മുൻഗണന നിശ്ചയിക്കുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരമാണ്; വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് എ.എ.വൈ., മുൻഗണനാ(പി.എച്ച്.എച്ച്.) കാർഡുടമകളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ആയതിലേയ്ക്ക് സംസ്ഥാനം പ്രത്യേകം മാനദണ്ഡം നിശ്ചയിച്ചിട്ടില്ല. താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ളവരാണ് എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടുവരുന്നത്.

(1) സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

(2) എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും. ഇതുകൂടാതെ കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടിവന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും അർഹരായ മുൻഗണനാ (പി.എച്ച്.എച്ച്.) വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/2017/ ഭ.പൊ.വി.വ. (അനുബന്ധം-1 ആയി ചേർക്കുന്നു)* പ്രകാരം സംസ്ഥാനം മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നാക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നം.319/2020/ഭ.പൊ.വി.വ (അനുബന്ധം-2 ആയി ചേർക്കുന്നു)* പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻഗണനാ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എഎ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

(സി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി 219564 അപേക്ഷകളാണ് പരിഗണനയിലുള്ളത്.

## അനർഹർക്ക് മുൻഗണനാ കാർഡുകൾ

271 (1637) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹരായ നിരവധിപേർക്ക് മുൻഗണനാ റേഷൻ കാർഡുകൾ ലഭ്യമായ സാഹചര്യത്തിൽ ആയത് തിരികെ വാങ്ങുന്നതിനായി നടത്തിയ കാമ്പയിനിൽ എത്ര റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

123554 റേഷൻ കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| എ.എ.വൈ. | 10018 |
| പി.എച്ച്.എച്ച്. | 64761 |
| എൻ.പി.എസ്. | 48775 |
| ആകെ | 123554 |

(ബി) അനർഹർ എന്ന് കണ്ടെത്തിയ റേഷൻ കാർഡ് ഉടമകളിൽ എത്ര ശതമാനം ആളുകളാണ് കാർഡുകൾ തിരികെ ഏൽപ്പിക്കാൻ തയ്യാറായിട്ടുള്ളതെന്ന് അറിയിക്കുമോ?

അനർഹമായ മുൻഗണനാ റേഷൻകാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിന് അവസരം നൽകിയതിനെത്തുടർന്ന് ആകെയുള്ള മുൻഗണനാ കാർഡുകളിൽ 1.96 ശതമാനം പേർ സ്വയം ഒഴിവായിട്ടുണ്ട്.

(സി) സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ മറ്റുള്ളവർ അനർഹമായി കൈപ്പറ്റുന്ന സാഹചര്യം ഒഴിവാക്കി അർഹതപ്പെട്ട എല്ലാവർക്കും ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(ഡി) അനർഹരായ മുഴുവൻ ആളുകളിൽനിന്നും മുൻഗണന റേഷൻ കാർഡുകൾ തിരികെ വാങ്ങി പൊതുവിതരണ സംവിധാനം ശുദ്ധീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും സാമൂഹികവും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 15480040 അംഗങ്ങളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെട്ട ത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ

പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

**ബി.പി.എൽ. പട്ടികയിലെ അനർഹർ**

272 (1638) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ബി.പി.എൽ. കാർഡുടമകളുടെ പേരും വിലാസവും പ്രദർശിപ്പിക്കാനുള്ള നടപടി പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് പകരം മുൻഗണന/മുൻഗണനേതര പട്ടികകളാണ് നിലവിലുള്ളത്. റേഷൻ കടകളിൽ മുൻഗണനാ കാർഡുടമകളുടെ പേരും വിലാസവും പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം എല്ലാ താലൂക്കുകളിലും നൽകിയിട്ടുണ്ട്.

(ബി) ബി.പി.എൽ. പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുവാൻ സ്വീകരിച്ചിരിക്കുന്ന മാർഗങ്ങളെന്തെല്ലാം; വിശദമാക്കുമോ ?

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്നും ശേഖരിച്ച് ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്.

ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15-7-2021 വരെ നൽകുകയുണ്ടായി. ഇപ്രകാരം മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നുവരുന്നു.

## പാറശ്ശാല മണ്ഡലത്തിലെ റേഷൻ കാർഡുകൾ

273 (1639) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി നിലവിൽ എത്ര റേഷൻ കാർഡുകളാണുള്ളതെന്നും അവയിൽ അന്ത്യോദയ അന്ന യോജന, മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നിങ്ങനെ എത്രയെന്നും തരംതിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി നിലവിലുള്ള റേഷൻ കാർഡുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പട്ടികയിൽനിന്നും നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റശേഖരമംഗലം പഞ്ചായത്തിൽനിന്നും 289 അപേക്ഷകളും ആര്യൻകോട് പഞ്ചായത്തിൽ നിന്നും 375 അപേക്ഷകളും കള്ളിക്കാട് പഞ്ചായത്തിൽനിന്നും 236 അപേക്ഷകളും അമ്പൂരി പഞ്ചായത്തിൽനിന്നും 324 അപേക്ഷകളും കൊല്ലയിൽ പഞ്ചായത്തിൽനിന്നും 180 അപേക്ഷകളും കുന്നത്തുകാൽ പഞ്ചായത്തിൽനിന്നും 206 അപേക്ഷകളും പാറശ്ശാല പഞ്ചായത്തിൽനിന്നും 510 അപേക്ഷകളും പെരുങ്കടവിള പഞ്ചായത്തിൽനിന്നും 219 അപേക്ഷകളും വെള്ളറട പഞ്ചായത്തിൽനിന്നും 198 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ലഭ്യമായ മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹരായവർക്ക് ഒഴിവിന്റെയും മാർക്കിന്റെ മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ conversion module open ആകുന്ന മുറയ്ക്ക് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അർഹരായ മുഴുവൻ അപേക്ഷകരുടെയും റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) കാർഡ് ആയിട്ടാണ്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

## നിലമ്പൂർ താലൂക്കിലെ റേഷൻ കാർഡുകൾ

274 (1640) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ ആകെ എത്ര റേഷൻ കാർഡുടമകൾ ഉണ്ടെന്നും അതിൽ എത്ര കാർഡുകൾ മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെടുന്നുവെന്നും തരംതിരിച്ച് വിശദമാക്കുമോ?

നിലമ്പൂർ താലൂക്കിൽ ആകെ 155767 കാർഡുടമകളാണുള്ളത്. പി.എച്ച്.എച്ച്. വിഭാഗത്തിൽ 65099 കാർഡുകളും അന്ത്യോദയ അന്നയോജന വിഭാഗത്തിൽ 10578 കാർഡുകളും ഉൾപ്പെടെ 75677 മുൻഗണന കാർഡുകളാണുള്ളത്.

(ബി) നിലമ്പൂർ താലൂക്കിൽ എത്ര റേഷൻ കാർഡുടമകളാണ് ഇതുവരെ മുൻഗണനാവിഭാഗങ്ങളിൽനിന്നും സ്വമേധയാ ഒഴിവായിട്ടുള്ളതെന്നും വകുപ്പുതല പരിശോധനയിൽ മുൻഗണനയ്ക്ക് അർഹരല്ലെന്ന് കണ്ടെത്തിയ കാർഡുകൾ എത്രയെന്നും വിശദമാക്കുമോ?

മുൻഗണനാവിഭാഗങ്ങളിൽനിന്നും സ്വമേധയാ ഒഴിവായത് 7235 പേരും പരിശോധനയിൽ അനർഹരെന്ന് കണ്ടെത്തിയത് 2572 പേരുമാണ്.

(സി) അനർഹരെ ഒഴിവാക്കി അർഹരായ എത്ര പേരെയാണ് മുൻഗണനാ കാർഡുകളിൽ ഇനി ഉൾപ്പെടുത്താനാകുകയെന്നും ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും സാമൂഹികവും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 15480040 അംഗങ്ങളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാപട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. കേന്ദ്ര സർക്കാർ 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെ പ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

1. സാമൂഹ്യമോ, കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ.

2. എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും ഇതുകൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത

വൃദ്ധദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ അടങ്ങിയ 18-9-2017-ലെ സ.ഉ(സാധാ) നമ്പർ 320/17/ ഭ.പൊ.വിവ., 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/20/ ഭ.പൊ.വി.വ. തീയതി എന്നിവ അനുബന്ധം (1*) & (2)* ആയി ചേർത്തിട്ടുണ്ട്.

**കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ച അപേക്ഷകൾ**

275 (1641) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ എ.പി.എൽ. വിഭാഗത്തിൽനിന്ന് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റാനായി നൽകിയ എത്ര അപേക്ഷകൾ ഇനിയും തീർപ്പ് കല്പിക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ;

കാഞ്ഞങ്ങാട് താലൂക്ക് സപ്ലൈ ഓഫീസിൽ മുൻഗണനേതര വിഭാഗത്തിൽനിന്ന് മുൻഗണനാവിഭാഗത്തിലേയ്ക്ക് മാറ്റാനായി നൽകിയ അപേക്ഷകളിൽ 1323 എണ്ണം തീർപ്പ് കല്പിക്കാനുണ്ട്.

(ബി) ഗുരുതരമായ രോഗത്തെതുടർന്ന് ജീവിതപ്രയാസം നേരിടുന്ന കുടുംബങ്ങൾക്ക് എ.പി.എൽ. കാർഡ് ബി.പി.എൽ. കാർഡായി മാറ്റിക്കിട്ടാൻ ഈ വർഷം ഇതേ ഓഫീസിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് ബി.പി.എൽ. റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഗുരുതരമായ രോഗത്തെത്തുടർന്ന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ച 164 അപേക്ഷകളും തീർപ്പാക്കി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബി.പി.എൽ. കാർഡിനുള്ള അപേക്ഷ**

276 (1642) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് ബി.പി.എൽ. ആക്കി മാറ്റുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള അപേക്ഷ സ്വീകരിക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും ഓൺലൈൻ മുഖാന്തരമാക്കുന്നതിനുള്ള നടപടികൾ NIC-യുടെ സാങ്കേതിക സഹായത്താൽ സ്വീകരിച്ചുവരുന്നു.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ കുടുംബങ്ങളുടെ റേഷൻ കാർഡ് ബി.പി.എൽ. കാർഡാക്കി മാറ്റുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

**റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികൾ**

277 (1643) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ., ബി.പി.എൽ. കാർഡുകൾ സംബന്ധിച്ച് നിലവിലുള്ള പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ്

ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നാളിതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ?

മുൻഗണനാ കാർഡുകളുമായി ബന്ധപ്പെട്ട് 2,19,564 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 22340 |
| കൊല്ലം | 14935 |
| പത്തനംതിട്ട | 4325 |
| ആലപ്പുഴ | 10410 |
| കോട്ടയം | 10908 |
| ഇടുക്കി | 2869 |
| എറണാകുളം | 11535 |
| തൃശ്ശൂർ | 23211 |
| പാലക്കാട് | 31973 |
| മലപ്പുറം | 50229 |
| കോഴിക്കോട് | 13763 |
| വയനാട് | 2935 |
| കണ്ണൂർ | 11552 |
| കാസർഗോഡ് | 8579 |
| ആകെ | 219564 |

**റേഷൻ വാങ്ങാത്ത ഗുണഭോക്താക്കൾ**

278 (1644) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാതിരുന്ന ഗുണഭോക്താക്കളെ മുൻഗണനാ വിഭാഗത്തിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

&

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കാമോ?

റേഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി, തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങളോ ഭക്ഷ്യക്കിറ്റോ വാങ്ങാത്ത കുടുംബങ്ങളെ കണ്ടെത്തി, നോട്ടീസ് നൽകി, അർഹത സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തി അനർഹരാണെന്ന് കണ്ടെത്തുന്ന പക്ഷം മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനും ഇപ്രകാരം പട്ടികയിലുണ്ടാകുന്ന ഒഴിവുകളിൽ അർഹരെന്ന് കണ്ടെത്തുന്നവരെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ തുടർന്നുവരുന്നു. മതിയായ കാരണങ്ങളാലാണ് റേഷൻ വാങ്ങാത്തതെന്ന് ബോധ്യപ്പെടുന്ന കേസ്സുകളിൽ അപ്രകാരമുള്ളവരുടെ മുൻഗണനാ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റേഷൻ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ**

279 (1645) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ മുൻഗണനാ പട്ടികയിൽനിന്നും പേര് നീക്കം ചെയ്യാൻ എത്ര പേർ അപേക്ഷ നല്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

1,23,554 പേരാണ് റേഷൻ മുൻഗണനാ പട്ടികയിൽനിന്ന് സ്വമേധയാ ഒഴിവാകുന്നതിന് കാർഡ് സറണ്ടർ ചെയ്തിട്ടുള്ളത്.

**റേഷൻ മുൻഗണനാ പട്ടിക**

280 (1646) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ വിഭാഗത്തിൽനിന്നും മാനദണ്ഡപ്രകാരം അനർഹരായവരോട് മുൻഗണനാ പട്ടികയിൽനിന്നും സ്വയം ഒഴിവാകുന്നതിന് ഭക്ഷ്യവകുപ്പ് നടത്തിയ അഭ്യർത്ഥന മാനിച്ച് എത്ര ശതമാനം പേർ ഒഴിഞ്ഞുപോയെന്ന് അറിയിക്കാമോ?

ആകെയുള്ള മുൻഗണനാ കാർഡുകളിൽ അനർഹരായ 1.91 ശതമാനം പേർ സ്വയം ഒഴിവായിട്ടുണ്ട്.

(ബി) അസുഖബാധിതരായ മക്കൾ ഉള്ളവരും നാലുചക്രവാഹനം ടാക്സിയായി ഉപയോഗിക്കുന്നവരും മുൻഗണനാപട്ടികയിൽനിന്നും ഒഴിവാക്കപ്പെടുമെന്ന ആശങ്ക പരിഹരിക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ഏക ഉപജീവനമാർഗ്ഗമായ ടാക്സി സ്വന്തമായുള്ളവർ എന്നിവരെ മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(സി) ഓരോ റേഷൻകടയുടെയും പരിധിയിൽ മുൻഗണനാ വിഭാഗത്തിൽ വരുന്നവരുടെ ലിസ്റ്റ് പഞ്ചായത്ത് ഓഫീസിലോ വില്ലേജ് ഓഫീസിലോ പ്രദർശിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ)ഓർഡർ, 2021 പ്രകാരം ഓരോ റേഷൻകടയുടെയും പരിധിയിൽ വരുന്ന പഞ്ചായത്ത്/ വില്ലേജ് ഓഫീസുകളിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പട്ടിക പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോതമംഗലം ബ്ലാവനയിൽ പുതിയ റേഷൻകട

281 (1647) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനയിൽ പുതിയ റേഷൻകട ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ബ്ലാവനയിൽ പുതിയ റേഷൻകട അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രദേശവാസികളായ 246 പേർ ഒപ്പിട്ട കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 05-2-2021-ൽ നടന്ന അടിയന്തര യോഗത്തിലെ നാലാം നമ്പർ തീരുമാനം സഹിതം എറണാകുളം ജില്ലാ സപ്ലൈ ആഫീസറുടെ കാര്യാലയത്തിൽ ലഭിച്ച നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏകദേശം 3000 ത്തോളം ആളുകൾ അധിവസിക്കുന്ന പൂയംകുട്ടി, മണികണ്ഠംചാൽ മേഖലകളിലായി നിലവിൽ ഒരു റേഷൻകട മാത്രമാണുള്ളത് എന്നതിനാൽ റേഷൻ സാധനങ്ങൾ വാങ്ങാൻ പ്രദേശവാസികൾക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൂയംകുട്ടി, കുറ്റിയാംച്ചാൽ, കല്ലേലിമേട് എന്നിവിടങ്ങളിൽ നിലവിൽ ഓരോ റേഷൻകട വീതം പ്രവർത്തിക്കുന്നുണ്ട്.

(സി) ആദിവാസി കോളനികൾ ഉൾപ്പെടുന്ന പ്രദേശങ്ങളായ പൂയംകുട്ടി, മണികണ്ഠംചാൽ പ്രദേശങ്ങൾക്ക് പുറമെ കല്ലേലിമേട് ആദിവാസി കോളനിയിലേക്കും ബ്ലാവനയിൽനിന്നാണ് യാത്ര ആരംഭിക്കുന്നത് എന്നതിനാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ബ്ലാവനയിൽ പുതിയ റേഷൻകട ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## റേഷൻകടകളിലെ പരിഷ്കാരങ്ങൾ

282 (1648) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

സർക്കാർ നടപ്പിൽ വരുത്തുന്ന, ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുന്ന പോസ്റ്ററുകൾ എല്ലാ റേഷൻകടകളിലും പൊതുജനങ്ങൾ കാണത്തക്കവിധം പതിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ കണ്ടെത്തുന്നതിനുള്ള തീവ്രയത്നത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ 15-7-2021 വരെ 1.2 ലക്ഷം അനർഹരെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഓണത്തിനോട് അനുബന്ധിച്ച് സ്പെഷ്യൽ കിറ്റ് റേഷൻ കടകൾ മുഖേന കൂടുതൽ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോവിഡ് 19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഇൻഷ്വറൻസ് പരിരക്ഷ എർപ്പെടുത്തുകയുണ്ടായി.

(ബി) റേഷൻകടകളിലെ ഇ-പോസ് മെഷീനുകളുടെ സെർവർ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ?

ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം പൊതുവെ മുടക്കം കൂടാതെ നടന്നുവരുന്നു. എന്നാൽ അപൂർവ്വമായി മെഷീനിൽ ഉപയോഗിക്കുന്ന സിം കാർഡുകളിൽ നെറ്റ് വർക്ക് ലഭ്യമാകാതെ വരുമ്പോഴോ, ആധാർ സെർവ്വറുമായി കണക്ഷൻ ലഭ്യമാകാതെ വരുമ്പോഴോ ചുരുങ്ങിയ സമയത്തേയ്ക്ക് റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ആയത് പരിഹരിക്കുന്നതിനായി മൊബൈൽ സേവനദാതാക്കളായ വോഡഫോൺ-ഐഡിയ, ബി.എസ്.എൻ.എൽ., എയർടെൽ എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ആധാർ യൂസർ ഏജൻസിയുടെ (AUA) സെർവ്വറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് തകരാർ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി NIC യുടെ AUA സെർവ്വർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഇപ്രകാരം ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിൽ തടസ്സമുണ്ടാകുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റേഷൻ വ്യാപാരി മരണമടഞ്ഞാൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ സർക്കാർ തലത്തിൽ നല്കിവരുന്നത്; പുതുതായി എന്തെങ്കിലും ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

റേഷൻ വ്യാപാരി ക്ഷേമനിധിയിലെ നിലവിലെ പദ്ധതി പ്രകാരം കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗങ്ങളായ റേഷൻ വ്യാപാരികൾക്കാണ് മരണാനന്തര സഹായം നൽകിവരുന്നത്. 70 വയസ്സ് തികയുന്നതിനു മുൻപ് മരണമടയുന്ന റേഷൻ വ്യാപാരിയാണെങ്കിൽ 10,000 രൂപയും കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗമായതിനുശേഷം 1 വർഷത്തെ സർവ്വീസിന് 1000 രൂപയും ചേർത്ത് ആക്ടിലെ രണ്ടാം പട്ടിക പ്രകാരമാണ് ധനസഹായം നൽകിവരുന്നത്. ആയത് പ്രകാരം 30 വർഷം സേവനം ചെയ്ത ആൾക്ക് 40,000 രൂപയാണ് പരമാവധി നൽകാവുന്ന ധനസഹായമായി നിജപ്പെടുത്തിയിരിക്കുന്നത്. ടി മാനദണ്ഡം പുതുക്കുന്നതിനും പരമാവധി 30 വർഷം സർവ്വീസ് ഉള്ള വ്യാപാരി മരണമടഞ്ഞാൽ 2,00,000 രൂപയായി വർദ്ധിപ്പിക്കാനുള്ള പുതിയ ശിപാർശ പരിശോധിച്ചുവരുന്നു. കോവിഡ്-19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

## ഭക്ഷ്യ കിറ്റ് വിതരണം

283 (1649) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് ആരംഭിച്ച ഭക്ഷ്യക്കിറ്റ് വിതരണത്തിന് ഓരോ മാസവും ചെലവഴിക്കുന്ന തുകയും ഭക്ഷ്യക്കിറ്റ് ലഭിക്കുന്ന റേഷൻ കാർഡുടമകളുടെ എണ്ണവും വിശദമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 2021 മേയ് വരെ 4648.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോ വിവിധ മാസങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു..*

(ബി) പ്രസ്തുത ഭക്ഷ്യക്കിറ്റിന് കേന്ദ്ര വിഹിതം അനുവദിച്ചിട്ടുണ്ടോയെന്നും സംസ്ഥാനം ഇതിലേയ്ക്ക് മാറ്റിവച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ?

ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രസർക്കാർ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടില്ല. ഭക്ഷ്യകിറ്റ് വിതരണത്തിനായി ഓരോ ഘട്ടത്തിലും വേണ്ടി വരുന്ന തുക സപ്ലൈകോയുടെ ശിപാർശ പ്രകാരമാണ് അനുവദിച്ചു നൽകാറുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവർഗ്ഗ മേഖലകളിലെ റേഷൻ വിതരണം

284 (1650) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയുടെ കാലത്ത് പട്ടികവർഗ്ഗ മേഖലകളിൽ അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടത്തിവരുന്ന സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 2021 മേയ് വരെ 4648.29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണത്തിനായി സപ്ലൈകോ വിവിധ മാസങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗ മേഖലകളിലും സഞ്ചരിക്കുന്ന റേഷൻകടകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രസർക്കാർ സാമ്പത്തിക വിഹിതം അനുവദിച്ചിട്ടില്ല. ഭക്ഷ്യകിറ്റ് വിതരണത്തിനായി ഓരോ ഘട്ടത്തിലും വേണ്ടി വരുന്ന തുക സപ്ലൈകോയുടെ ശിപാർശ പ്രകാരമാണ് അനുവദിച്ചു നൽകാറുള്ളത്.

## റേഷൻ വിതരണം

285 (1651) ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽനിന്നും കാണാതാകുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

റേഷൻകട വഴി വിതരണം ചെയ്യാനുള്ള ഭക്ഷ്യ സാധനങ്ങൾ കുറവ് വരുന്ന

---
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭവം ചില ജില്ലകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ റേഷൻ സാധനങ്ങൾ സംഭരിക്കുന്ന വാവാട് എൻ.എഫ്.എസ്.എ. ഗോഡൗണിൽനിന്ന് റേഷൻ സാധനങ്ങൾ സ്റ്റോക്കിൽ കുറവുകണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വലിയതുറ എൻ.എഫ്.എസ്.എ. ഗോഡൗണിൽ ജൂനിയർ മാനേജർ (M&I) പരിശോധന നടത്തിയപ്പോൾ 1987280 രൂപയുടെ ഭക്ഷ്യധാന്യം കുറവുകണ്ടെത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്ന് എൻ.എഫ്.എസ്.എ. ഓഫീസർ ഇൻ-ചാർജ്ജിനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ NFSA ഡിപ്പോയിലും സ്റ്റോക്കിൽ വ്യത്യാസം കണ്ടെത്തിയതിനെത്തുടർന്ന് ഓഫീസർ ഇൻ-ചാർജ്ജിനെയും സ്റ്റോക്ക് കസ്റ്റോഡിയനെയും സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിലെ നാലാം മൈൽ കാട്ടിച്ചിറയിൽ ശ്രീ. നസീർ കെ. എന്നയാളുടെ ഉടമസ്ഥതയിലുള്ള പണി നടന്നുകൊണ്ടിരിക്കുന്ന വീട്ടിൽനിന്ന് 29-9-2020-ൽ എഫ്.സി.ഐ. മാർക്കോടുകൂടി 64 ചണചാക്ക് അരിയും 20 കി.ഗ്രാം തൂക്കം വരുന്ന റേഷൻ അരിയാണെന്ന് സംശയിക്കുന്ന 242 ബാഗ് അരിയും പിടിച്ചെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് എ.ആർ.ഡി. 35, 40 എന്നീ കടകൾ സസ്പെൻഡ് ചെയ്യുകയും ബന്ധമുണ്ടെന്ന് സംശയിക്കുന്ന ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് പോലീസ് കേസും വകുപ്പുതല നടപടികളും തുടർന്നുവരുന്നുണ്ട്.

(ബി) ഉദ്യോഗസ്ഥരും റേഷൻ കടക്കാരും ചേർന്ന് മേൽപ്പറഞ്ഞ സംഭവങ്ങൾക്ക് ഒത്താശ ചെയ്യുന്നതായി കണ്ടെത്താനായിട്ടുണ്ടോ?

വിശദമായ അന്വേഷണങ്ങൾ നടന്നുവരുന്നു.

(സി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

NFSA ഡിപ്പോകളിലേയ്ക്ക് FCI-യിൽനിന്നും റേഷൻ സാധനങ്ങൾ വിട്ടെടുക്കുമ്പോൾ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാർ വാഹനം FCI-യിൽനിന്നും പുറപ്പെട്ടാൽ ഉടൻതന്നെ ഗൂഗിൾ ഷീറ്റിൽ വാഹന നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയും ആയത് NFSA ഗോഡൗണിൽ എത്തിച്ചേർന്നാൽ ഉടൻതന്നെ NFSA ഓഫീസർ ഇൻ ചാർജ്ജുമാർ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്താനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിട്ടെടുപ്പ്/ വാതിൽപ്പടി വിതരണ വാഹനങ്ങൾ നിരീക്ഷിക്കുന്നതിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജില്ല/താലൂക്ക് സപ്ലൈ

ആഫീസ് തലത്തിലും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ പരിശോധനകൾ നടത്തുന്നതി ലേയ്ക്ക് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ അസിസ്റ്റൻറ് മാനേജർ, ബന്ധപ്പെട്ട സപ്ലൈ ആഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, സപ്ലൈകോയുടെ Quality Assurance Officer എന്നിവർ ഉൾപ്പെട്ട സംയുക്ത പരിശോധന സംഘങ്ങളും എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ പരിശോധന നടത്തിവരുന്നു.

### സപ്ലൈകോയുടെ പ്രവർത്തനം

286 (1652) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യംവേണ്ട നിത്യോപയോഗസാധനങ്ങൾ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ സപ്ലൈകോയുടെ പ്രവർത്തനം എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കാമോ?

പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സപ്ലൈകോ നടപടികളെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾവഴി വിതരണം ചെയ്തുവരുന്നത്. സപ്ലൈകോ വിൽപ്പനശാലകളിലെ നിലവിലുള്ള സബ്സിഡി വിലയും 22-7-2021-ലെ പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസവും വ്യത്യാസ ശതമാനവും അനുബന്ധമായി ചേർക്കുന്നു.* സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. ഇത് കൂടാതെ തേയിലപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, മസാലപ്പൊടികൾ, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും FMCG ഉൽപ്പന്നങ്ങളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

(ബി) കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ടി കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെയും ടെണ്ടർ മുഖേനയും നാഫെഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വില്പനശാലകളിൽ എല്ലാ അവശ്യ വസ്തുക്കളുടെയും ലഭ്യത ഉറപ്പ് വരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിൽപ്പനയ്ക്കാനുപാതികമായി എല്ലാ സപ്ലൈകോ വിൽപ്പന ശാലകളിലും പര്യാപ്തമായ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇ-ടെൻഡർ വഴി വാങ്ങുന്ന അരി, പയറുവർഗ്ഗങ്ങൾ, തുടങ്ങിയ ഭക്ഷ്യ ധാന്യങ്ങൾ താലൂക്ക് ഡിപ്പോകളിൽ സംഭരിച്ചാണ് പൊതുജനങ്ങൾക്ക് വിതരണത്തിനായി വിൽപ്പനശാലകളിൽ ആവശ്യാനുസരണം എത്തിക്കുന്നത്. ഇതിനായി സംസ്ഥാനത്തുടനീളം 56 ഡിപ്പോകൾ പ്രവർത്തിക്കുന്നു. സ്വന്തം ഗോഡൗണുകൾക്കുപുറമെ എസ്.ഡബ്ല്യു.സി., സി.ഡബ്ല്യു.സി, കൂടാതെ മറ്റ് ഏജൻസികളിൽനിന്നും സ്വകാര്യ വ്യക്തികളിൽനിന്നും വാടകയ്ക്ക് എടുത്തിട്ടാണ് ഈ ഡിപ്പോകൾ പ്രവർത്തിക്കുന്നത്.

(സി) മാവേലി സ്റ്റോറുകൾ മാവേലി സൂപ്പർ സ്റ്റോർ ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സപ്ലൈകോയുടെ സേവനങ്ങൾ കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന ലക്ഷ്യം മുൻനിർത്തി നിലവിൽ ഒന്നിൽ കൂടുതൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലെ വിപണന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ സ്ഥല ലഭ്യതയനുസരിച്ചോ/ കൂടുതൽ സ്ഥലം ലഭ്യമാക്കിയോ മാവേലി സൂപ്പർ സ്റ്റോറുകളായും സൂപ്പർ മാർക്കറ്റുകളായും വിപുലീകരിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. കുറഞ്ഞത് 700 ച.അടി വിസ്തൃതിയുള്ള അനുയോജ്യമായ കെട്ടിടസൗകര്യം വാടക രഹിതമായോ/വാടകയിളവിലോ ലഭ്യമാകുന്ന പ്രദേശങ്ങളിൽ വിപണന സാദ്ധ്യത മുൻനിർത്തി വിശദമായ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടേയും അടിസ്ഥാനത്തിലാണ് പുതിയ മാവേലി സൂപ്പർ സ്റ്റോറുകൾ ആരംഭിക്കുന്നത്.

## സപ്ലൈകോ സ്റ്റോറുകളിൽ ഗുണനിലവാര പരിശോധന

287 (1653) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ, മാവേലി സ്റ്റോറുകൾ എന്നിവവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വഴി വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുകൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയുംചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പായ്ക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്.

(ബി) പ്രസ്തുത സാംപിൾ പരിശോധനയിൽ ഗുണനിലവാരം ഇല്ലാതെ പുറത്താകുന്ന ബ്രാൻഡുകളുടെ വിവരം പൊതുജനങ്ങളുടെ അറിവിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാമ്പിൾ പരിശോധനയിൽ ഗുണനിലവാരം ഇല്ലാതെ പുറത്താകുന്ന സാമ്പിളുകളുടെ വിവരം പൊതുജനങ്ങളെ അറിയിക്കാറില്ല. എന്നാൽ ബ്രാന്റഡ് ഐറ്റം ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരത്തിൽ ഭക്ഷ്യ സുരക്ഷ വീഴ്ച കണ്ടെത്തുന്ന പക്ഷം ഫുഡ് & സേഫ്റ്റി ഡിപ്പാർട്ട്മെന്റിനെ അറിയിക്കാറുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു.

**സപ്ലൈകോയുടെ ഓണക്കാല പർച്ചേസ്**

288 (1654) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ഓണക്കാല പർച്ചേസുകളിൽ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ ലാബുകളെ ഒഴിവാക്കി സ്വകാര്യ ലാബിലേക്ക് സാധനങ്ങൾ അയയ്ക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

(ബി) സപ്ലൈകോ മുഖേന വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട്; വിശദമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വഴി വാങ്ങുന്ന മാവേലി, നോൺ മാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഈ സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD, RAL, മറ്റ്

NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങളും സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം 20-ഓളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ Barring from Supplies, Penalty അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. ഓണക്കാലത്ത് സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്താനും മേല്പറഞ്ഞ സംവിധാനം തന്നെയാണ് ഉപയോഗപ്പെടുത്തുന്നത്.

**സൗജന്യ ഭക്ഷ്യകിറ്റിനുള്ള തുണി സഞ്ചികൾ വാങ്ങിയ നടപടി**

289 (1655) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ ഭക്ഷ്യകിറ്റിനുള്ള തുണിസഞ്ചികൾ വാങ്ങിയതിൽ വൻ അഴിമതി നടന്നതായി സപ്ലൈകോ വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ?

സൗജന്യ ഭക്ഷ്യകിറ്റിനുള്ള തുണിസഞ്ചികൾ സപ്ലൈകോയ്ക്ക് നൽകാൻ ചുമതലപ്പെടുത്തിയിരുന്ന ചില സ്ഥാപനങ്ങൾ ക്രമക്കേട് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടെൻഡർ നടപടികൾ കൂടാതെ സഞ്ചികൾ വാങ്ങുന്നതിന് സപ്ലൈകോ ഓർഡർ നൽകാനിടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; ഇപ്രകാരം എത്ര സ്ഥാപനങ്ങൾക്ക് ഓർഡർ നൽകിയിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

സപ്ലൈകോ മുഖാന്തരം കേരള സർക്കാർ നടപ്പിലാക്കുന്ന കിറ്റ് വിതരണത്തിനുള്ള തുണി സഞ്ചികൾ ഹെഡ് ആഫീസ് പ്രകാരമുള്ള വിതരണക്കാർ സമയബന്ധിതമായി ലഭ്യമാക്കാത്ത സാഹചര്യത്തിൽ കുടുംബശ്രീയിൽനിന്നും തുണി സഞ്ചികൾ വാങ്ങാൻ നിർദ്ദേശം നൽകിയത് പ്രകാരം ഡിപ്പോ തലത്തിലാണ് വാങ്ങി വിതരണം ചെയ്തത്. സ്റ്റോർ പർച്ചേസ് വകുപ്പിലെ 10-4-2020-ലെ സ.ഉ.സാധാ)നമ്പർ 10/20/എസ്.പി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടെൻഡർ കൂടാതെ കുടുംബശ്രീ യൂണിറ്റുകളിൽനിന്നും വാങ്ങുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഡിപ്പോ തലത്തിലുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ചിലത് അവർക്ക് ലഭിച്ച ഓർഡർ മറ്റ് സ്ഥാപനങ്ങൾക്ക് മറിച്ചുനൽകുകയും പർച്ചേസ് ഓർഡർ ഇല്ലാതെയും വ്യാജരേഖകൾ ചമച്ചും അഴിമതി നടത്തുന്നതിന് അവസരമൊരുക്കുകയും ചെയ്തുവെന്ന ആക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല.

(ഡി) സംസ്ഥാനം കോവിഡ്മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസമേകുന്നതിനായി അനുവദിച്ച സൗജന്യ കിറ്റ് വിതരണത്തിൽ വൻ അഴിമതി നടന്നുവെന്ന ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കിറ്റ് വിതരണത്തിൽ അഴിമതി നടന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എൻ.എഫ്.എസ്.എ. ഗോഡൗണിൽ സൂക്ഷിച്ച ഭക്ഷ്യധാന്യങ്ങൾ**

290 (1656) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനായി എൻ.എഫ്.എസ്.എ. ഗോഡൗണിൽ സൂക്ഷിച്ച അരിയും ഗോതമ്പും കരിഞ്ചന്തയിലേയ്ക്ക് കടത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സപ്ലൈകോ വലിയതുറ എൻ.എഫ്.എസ്.എ. ഗോഡൗണിൽ സപ്ലൈകോ ജൂനിയർ മാനേജർ നടത്തിയ പരിശോധനയിൽ റേഷൻ കടവഴി വിതരണംചെയ്യുന്നതിനായി സൂക്ഷിച്ചിരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ സ്റ്റോക്കിൽ 19,87,280 രൂപയുടെ ഭക്ഷ്യ ധാന്യം സ്റ്റോക്കിൽ കുറവുള്ളതായി കണ്ടെത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് സംശയിക്കുന്ന എൻ.എഫ്.എസ്.എ. ഓഫീസർ ഇൻ-ചാർജ്ജിനെ സസ്പെൻഡ് ചെയ്ത് വിശദമായ അന്വേഷണത്തിന് വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ നാലാം മൈൽ കാട്ടിച്ചിറയിൽ ശ്രീ.കെ.നസീർ എന്നയാളുടെ ഉടമസ്ഥതയിൽ പണി നടന്നുകൊണ്ടിരിക്കുന്ന വീട്ടിൽനിന്ന് 29-9-2020-ൽ 64 ചണ ചാക്ക് അരിയും 20kg തൂക്കം വരുന്ന റേഷൻ അരിയാണെന്ന് സംശയിക്കുന്ന 242 ബാഗ് അരിയും പിടിച്ചെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ARD 35, 40 എന്നീ കടകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച പോലീസ് കേസും വകുപ്പുതല നടപടികളും തുടരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ എൻ.എഫ്.എസ്.എ. ഗോഡൗണിൽ കണ്ടെത്തിയ ക്രമക്കേടിന് ഗോഡൗൺ ഇൻ-ചാർജ്ജിനെയും സ്റ്റോക്ക് കസ്റ്റോഡിയനെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) സപ്ലൈകോ ഗോഡൗണുകളിൽനിന്നും വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേയ്ക്ക് കടത്തുന്നതും ചിലയിടങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിക്കുന്നതുമായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. NFSA ഡിപ്പോകളിലേയ്ക്ക് FCI-ൽനിന്നും ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാർ വാഹനം FCI-ൽനിന്നും പുറപ്പെട്ടാൽ ഉടൻ ഗൂഗിൾ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി അത് NFSA ഗോഡൗണിൽ എത്തിയാൽ ഉടനെ NFSA ഓഫീസർ ഇൻ ചാർജ്ജുമാർ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തുന്നുണ്ട്. റേഷൻ വിട്ടെടുപ്പ്/വാതിൽപ്പടി വിതരണ വാഹനങ്ങൾ നിരീക്ഷിയ്ക്കുന്നതിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. FIFO (ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്) പാലിച്ചുവേണം NFSA ഡിപ്പോകളിൽനിന്നും വിതരണം നടത്തേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ FIFO പാലിക്കാതെ ഭക്ഷ്യ ധാന്യങ്ങൾ കേടായാൽ അതിന്റെ എക്കണോമിക് കോസ്റ്റ് ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗോഡൗണുകളിൽനിന്നും നഷ്ടപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തികബാധ്യത ഉത്തരവാദിത്തപ്പെട്ടവരിൽനിന്നും ഈടാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഗോഡൗണുകളിൽനിന്നും നഷ്ടപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി വരുന്നുണ്ട്. പരിശോധനകളിൽ കണ്ടെത്തുന്ന കൂടുതൽ/കുറവുകൾക്ക് ഇക്കോണോമിക്കൽ നിരക്കിലുള്ള വില ഈടാക്കുകയും വകുപ്പുതലത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## തൃശ്ശൂർ മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

291 (1657) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകളും സൂപ്പർ സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും ഉണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 3 മാവേലി സ്റ്റോറുകളും ഒരു സൂപ്പർ മാർക്കറ്റും ഒരു പീപ്പിൾസ് ബസാറും നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അയ്യന്തോൾ മാവേലി സ്റ്റോർ
2. കുർക്കഞ്ചേരി മാവേലി സ്റ്റോർ
3. വിയ്യൂർ മാവേലി സ്റ്റോർ
4. മണ്ണുത്തി സൂപ്പർ മാർക്കറ്റ്
5. തൃശ്ശൂർ പീപ്പിൾസ് ബസാർ.

(ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ സപ്ലൈകോയുടെ സ്വന്തം കെട്ടിടങ്ങളിലാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. തൃശ്ശൂർ നിയോജക മണ്ഡലത്തിൽ സപ്ലൈകോയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സപ്ലൈകോ സൂപ്പർ മാർക്കറ്റ്

292 (1658) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

&

(ബി) പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ തുടങ്ങുന്നതിന് നിലവിലെ സർക്കാർ എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വിൽപ്പന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വാടക ഇളവോടുകൂടിയോ ന്യായമായ വാടക നിരക്കിലോ അനുയോജ്യമായ കെട്ടിട സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ സാധ്യതാ പഠനം നടത്തി ലാഭ-നഷ്ട സാദ്ധ്യതകളും ജീവനക്കാരുടെ ലഭ്യതയും വിലയിരുത്തിയാണ് പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. അതോടൊപ്പം നിലവിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിലെ പ്രതിമാസ വിൽപ്പനയുടെ അടിസ്ഥാനത്തിൽ (കുറഞ്ഞത് 10 ലക്ഷം) സ്ഥല ലഭ്യതയനുസരിച്ച് (കുറഞ്ഞത് 1500 ച.അടി) വിപണന സാദ്ധ്യത ലഭ്യമാകുമോ എന്നതുകൂടി പരിശോധിച്ച് വിൽപ്പനശാലകൾ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് പരിഗണിച്ചുവരുന്നുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽ പുതിയ ഒരു സപ്ലൈകോ സൂപ്പർ മാർക്കറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

മണലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ അരിമ്പൂർ, കാഞ്ഞാണി എന്നീ രണ്ട് മാവേലി സ്റ്റോറുകൾ ഉണ്ട്. ഇതിൽ അനുയോജ്യമായ കെട്ടിട സൗകര്യം ന്യായമായ വാടക നിരക്കിൽ ലഭ്യമാകുന്ന മുറയ്ക്ക് അരിമ്പൂർ മാവേലി സ്റ്റോർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നവീകരിച്ച് സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില

293 (1659) ശ്രീ. തോമസ് കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തിനും പലിശയ്ക്കും കൃഷി ചെയ്യുന്ന കുട്ടനാട്ടിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് മേഖലയിൽനിന്ന് സംഭരിക്കുന്ന നെല്ലിന്റെ സംഭരണ വില സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭരണവില നൽകുന്നതിനായി പി.ആർ.എസ്. വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്ന മുറയ്ക്ക് ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകും. ഈ തുകയും അതിന്റെ പലിശയും സപ്ലൈകോ തിരിച്ചടയ്ക്കും. ടി പദ്ധതി പ്രകാരം സമയ ബന്ധിതമായിത്തന്നെ കർഷകർക്ക് സംഭരണ വില ലഭിക്കുന്നുണ്ട്.

(ബി) വേനൽ മഴയിലും മറ്റും നനഞ്ഞ് കേടുവരാതെ കൊയ്ത്ത് കഴിഞ്ഞാൽ ഉടൻ നെല്ല് സംഭരണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൊയ്ത്ത് വിവരം കർഷകർ പാഡി മാർക്കറ്റിംഗ് ഓഫീസറെ അറിയിക്കുന്ന ഉടൻതന്നെ പ്രസ്തുത പാടം സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള മില്ലിന് അലോട്ട് ചെയ്യുകയും കൊയ്ത്ത് കഴിഞ്ഞ് ഗുണനിലവാര മാനദണ്ഡങ്ങൾക്കുള്ളിൽ നിൽക്കുന്ന നെല്ല് വൈകാതെതന്നെ സംഭരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മഴക്കാലത്ത് നെല്ല് നനയാതെ സൂക്ഷിക്കുന്നതിനും ഉണക്കുന്നതിനും പതിര് കളഞ്ഞ് വൃത്തിയാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമൂലം നെല്ല് സംഭരണ സമയത്ത് കർഷകർ ബുദ്ധിമുട്ട് നേരിടുകയും സംഭരണത്തിന് അപൂർവ്വമായി തടസ്സങ്ങളുണ്ടാകാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി നെല്ല് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കോന്നിയിൽ മിനി ഫുഡ് പാർക്ക്**

294 (1660) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ വകുപ്പിന്റെ കീഴിൽ കോന്നി പെരിഞ്ഞാട്ടുക്കലിൽ ഫുഡ് ടെക്നോളജി കോളേജും ലാബും പ്രവർത്തിക്കുന്ന 35 ഏക്കർ സ്ഥലത്ത് മിനി ഫുഡ് പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോയുടെ അധികാര പരിധിയിൽ കോന്നിയിൽ പ്രവർത്തിക്കുന്ന സി.എഫ്.ആർ.ഡി. മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും 50 ഏക്കർ സ്ഥലം ആവശ്യമാണെന്ന് കണ്ടതിനാൽ ആരംഭിക്കാൻ കഴിഞ്ഞില്ല.

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

295 (1661) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ?

2016-2021 കാലയളവിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൻ കീഴിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി, 2020-ൽ മലമ്പുഴ പഞ്ചായത്തിൽ മന്ദക്കാട് പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

മലമ്പുഴ പഞ്ചായത്തിൽ മന്ദക്കാട് പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് താഴെ പറയുന്ന ചെലവുകൾ വന്നിട്ടുണ്ട്:

1. ഫർണിഷിംഗ് - 44,321 രൂപ

2. Purchase of Computer & Peripherals -85,662 രൂപ

3. Inaugural expenses, Name Board & Price Board-10,314 രൂപ.

പ്രവൃത്തികൾ പൂർത്തിയാക്കി 2020 ഒക്ടോബർ മാസത്തിൽ വിൽപ്പനശാല ആരംഭിച്ചു.

## ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങൾക്ക് ഭക്ഷ്യകിറ്റ്

296 (1662) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങളിൽ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ ഇത്തരത്തിലുള്ള എല്ലാ സ്ഥാപനങ്ങളിലും കിറ്റ് വിതരണം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കാണ് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിവരുന്നത്. ഇവിടങ്ങളിൽ 2021 ജൂൺ മാസത്തിലെ കിറ്റ് വിതരണം നടന്നു വരുന്നു. ആയതിൽ ഭിന്നശേഷിക്കാരായ കുട്ടികളെ മാത്രം പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല.

**തദ്ദേശസ്ഥാപനങ്ങളിലെ ഗുണഭോക്തൃപട്ടിക**

297 (1663) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളിലെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് 29-1-2018-ലെ സ.ഉ.(കൈ)നമ്പർ11/2018/തസ്വഭവ ഖണ്ഡിക 11.3 പ്രകാരവും നഗര ഭരണ സ്ഥാപനങ്ങൾക്ക് 2-2-2018-ലെ സ.ഉ.(കൈ) നമ്പർ17/2018/തസ്വഭവ ഖണ്ഡിക 11.3 പ്രകാരവും നടപടിക്രമം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതുപ്രകാരം അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതിയും സമയവും നിശ്ചയിച്ച് എല്ലാവിധ പൊതു സാമൂഹ്യ സംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്ത് വ്യാപക പ്രചാരണം നൽകണം. അപേക്ഷ സ്വീകരിച്ചശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം. അർഹരായവരിൽനിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തണം. അതിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കണം. അതിന്മേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് പത്ത്

ദിവസത്തെ സമയം നൽകണം. അത് പ്രകാരം പരിഷ്കരിച്ച കരട് മുൻഗണനാ ലിസ്റ്റ്, അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും അതിന്റെ മുൻഗണനാക്രമം മാറ്റാതെതന്നെ ഭരണസമിതി അംഗീകാരം നൽകുന്നതുമാണ് നിലവിൽ അനുവർത്തിച്ചുവരുന്ന ഗുണഭോക്തൃ തെരഞ്ഞെടുപ്പ് രീതി.

(ബി) നിലവിൽ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും വാർഡ് സഭകളും വാർഡ് കമ്മിറ്റികളും കൂടുന്നതിന് കഴിയാത്ത സാഹചര്യത്തിൽ, 2020-21-ലെ വാർഷിക പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടപടികളിൽ ഇളവനുവദിച്ചും പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചും 29-4-2020-ലെ സ.ഉ.(സാധാ) നമ്പർ 794/2020/തസ്വഭവ, 4-8-2020-ലെ സ.ഉ.(സാധാ) നമ്പർ 1450/2020/തസ്വഭവ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 18-6-2021-ലെ സ.ഉ.(സാധാ) നമ്പർ 1169/2021/തസ്വഭവ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആവർത്തന സ്വഭാവത്തിൽ നടപ്പാക്കിവരുന്ന നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയ പ്രോജക്ടുകളുടെ കാര്യത്തിൽ മുൻവർഷത്തെ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കിക്കൊണ്ട് അതിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും വരുത്തി പുതിയ ഗുണഭോക്തൃ പട്ടിക തയ്യാറാക്കാവുന്നതാണ്. താൽപ്പര്യമില്ലാത്തവരെ അവരുടെ സമ്മതത്തോടെ പട്ടികയിൽനിന്നും ഒഴിവാക്കാവുന്നതും പുതുതായി താൽപ്പര്യം പ്രകടിപ്പിക്കുന്നവരിൽനിന്നും അർഹതാ മാനദണ്ഡം പരിശോധിച്ച് പട്ടികയിൽ ഉൾപ്പെടുത്താവുന്നതുമാണ്. ആവർത്തന സ്വഭാവം ഇല്ലാത്ത, ഉല്പാദന-സേവന മേഖലകളിലെ പ്രോജക്ടുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണ്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ/ മേയർ നിയോഗിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റി കരട് മുൻഗണനാ പട്ടിക തയ്യാറാക്കി, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം ചേർന്ന് പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി യോഗം ചേർന്ന് പട്ടികകളുടെ അംഗീകാരം സംബന്ധിച്ച തീരുമാനമെടുക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഏതെല്ലാം വിഭാഗക്കാരെയാണ് ഇതിന് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലെയും എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയും ഇതിന് പരിഗണിക്കുന്ന താണ്.

### സ്കൂൾ കെട്ടിട നിർമ്മാണം തടസ്സപ്പെടാതിരിക്കാൻ നടപടി

298 (1664) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവിടെയുള്ള പാഴ്മരങ്ങൾ ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വാല്യൂവേഷൻ കൂട്ടി നിശ്ചയിക്കുന്നതിനാൽ മരങ്ങൾ ലേലത്തിൽ പോകാതെ കെട്ടിട നിർമ്മാണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത സാഹചര്യമുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ജി.യു.പി.എസ്. മഞ്ചവിളാകം, കൊല്ലം ജില്ലയിലെ ജി.എൽ.പി.എസ്. വലിയകുളങ്ങര, പത്തനംതിട്ടയിലെ ജി.എച്ച്.എസ്.എസ്. ചിറ്റാർ, ജി.എച്ച്.എസ്.എസ്. തുമ്പമൺ നോർത്ത്, എറണാകുളം ജില്ലയിലെ ഏഴിക്കര ബഡ്സ് സ്പെഷ്യൽ സ്കൂൾ, തൃശ്ശൂർ ജില്ലയിലെ ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകര, ജി.എൽ.പി.എസ്. തൊഴപ്പാടം, ജി.യു.പി.എസ്. വല്ലച്ചിറ, ജി.യു.പി.എസ്. മൂർക്കനിക്കര, പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്.എസ്. പട്ടാമ്പി, ജി.എച്ച്.എസ്.എസ്. ഷൊർണ്ണൂർ, ജി.എച്ച്.എസ്. മുടപ്പല്ലൂർ, മലപ്പുറം ജില്ലയിലെ ജി.വി.എച്ച്.എസ്.എസ്. നെടുവ, പരപ്പനങ്ങാടി, ജി.എച്ച്.എസ്.എസ്. എടപ്പറ്റ, കോഴിക്കോട് ജില്ലയിലെ ജി.എം.യു.പി.എസ് ഫറോക്ക്, വയനാട് ജില്ലയിലെ ജി.എച്ച്.എസ്. കുറുമ്പാല, ജി.എച്ച്.എസ്. തോൽപ്പെട്ടി, ജി.എച്ച്.എസ്. പെരിക്കല്ലൂർ എന്നീ സ്കൂളുകളിൽ കെട്ടിട നിർമ്മാണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മേൽ സാഹചര്യം മറികടക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

പദ്ധതി നിർവ്വഹണം, ബന്ധപ്പെട്ട വിഷയങ്ങളിൽ തീർപ്പുണ്ടാക്കൽ എന്നിവ ത്വരിതപ്പെടുത്തുന്നതിനായി സാമ്പത്തിക അധികാരം ഭരണ വകുപ്പിനും വകുപ്പ് തലവന്മാർക്കും ഏൽപ്പിച്ച് നൽകിക്കൊണ്ട് 7-8-2017-ൽ ജി.ഒ.(പി)നമ്പർ 102/2017/ഫിൻ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അധികാരങ്ങളിൽ, മരംമുറിച്ചുമാറ്റുന്നത് ഉൾപ്പെടെയുള്ള ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അതാത് തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**ഈസ് ഓഫ് ലിവിംഗ് സർവ്വേ**

299 (1665) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുകൂല്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ സർക്കാർ സംവിധാനങ്ങൾ പരാജയമാണെന്ന് ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗ്രാമീണ കുടുംബങ്ങൾക്ക് പ്രത്യേക ആനുകൂല്യം നൽകുന്ന കേന്ദ്രപദ്ധതിയുടെ ഭാഗമായുള്ള ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ:- സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ സർവ്വേ നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് മുഖ്യ ചുമതല നൽകി. സർവ്വേ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് തലവന്മാരെ ഉൾപ്പെടുത്തി ഏകോപന സമിതി രൂപീകരിച്ചു. സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ ഗവേണിംഗ് സെല്ലുകൾ രൂപീകരിച്ചു. ജനപ്രതിനിധികൾ, കുടുംബശ്രീ, വാർഡുതല ശുചിത്വ സമിതി മുതലായ

സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സർവ്വേ വിവര ശേഖരണത്തിനുള്ള പൂർണ്ണ ചുമതല ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് നൽകി. പൂരിപ്പിച്ച ചോദ്യാവലികൾ സർവ്വേ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള ചുമതല സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് നൽകി 14 ജില്ലകളിലും ഫീൽഡ് തല സർവ്വേ പൂർത്തിയായിട്ടുണ്ട് 74 ശതമാനം ഡാറ്റാ അപ്‌ലോഡിംഗ് പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വേ നടപടികൾ ജൂലൈ 31-നകം പൂർത്തിയാക്കുന്നതാണ്.

(സി) നിലവിലെ കോവിഡ് സാഹചര്യത്തിൽ സർവ്വേ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ കേന്ദ്രാനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതുസംബന്ധിച്ചുള്ള കേന്ദ്രനിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർവ്വേ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.

**തെരുവുനായ ആക്രമണങ്ങൾ**

300 (1666) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019, 2020, 2021 എന്നീ വർഷങ്ങളിൽ എത്ര തെരുവുനായ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർ മരിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് നഗരസഭാ പ്രദേശങ്ങളിൽ 2019-ൽ 249 പേരും 2020-ൽ 212 പേരും 2021 ജൂലായ് 26 വരെ 84 പേരും തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായിട്ടുണ്ട്. നഗരസഭാ പ്രദേശങ്ങളിൽ ഈ വർഷങ്ങളിൽ തെരുവുനായകളുടെ ആക്രമണത്തിൽ ആരും മരണമടഞ്ഞിട്ടില്ല. സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ 2019 മുതൽ 2021 വരെ 1338 പേർ തെരുവുനായകളുടെ ആക്രമണത്തിന് വിധേയരാകുകയും അതിൽ 5 പേർ മരണമടയുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും തെരുവുനായ്ക്കളെ വന്ധ്യം കരിക്കാനായി 2019, 2020, 2021 എന്നീ വർഷങ്ങളിൽ എത്ര തുക വീതം നീക്കിവച്ചിരുന്നു; ആയതിൽ ഓരോ സ്ഥാപനവും ചെലവാക്കിയ തുക എത്ര?

സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും 2019, 2020, 2021 വർഷങ്ങളിൽ തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനായി നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം കൂടിവരുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം കൂടിവരുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ട്. തെരുവുനായ ആക്രമണം തടയുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ തെരുവുനായ നിയന്ത്രണത്തിനായി എ.ബി.സി. പദ്ധതിയും നടപ്പിലാക്കിവരുന്നു.

**സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിടനിർമ്മാണ അനുമതി**

301 (1667) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

2021-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം എംപാനൽഡ് ലൈസൻസികൾ ലോ റിസ്ക് വിഭാഗത്തിലുള്ള കെട്ടിട നിർമ്മാണത്തിനായി (300 ച. മീ. വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ച. മീ. വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, ചെറുകിട വ്യവസായ കെട്ടിടങ്ങൾ, 200 ച. മീ. വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ) പെർമിറ്റുകൾ നിശ്ചിത ഫാറത്തിൽ തയ്യാറാക്കി ആവശ്യമായ ഫീസ് അടച്ച് തദ്ദേശ ഭരണ സ്ഥാപനത്തിൽ പ്ലാനുകൾ ഉൾപ്പെടെ നൽകണം. രേഖകൾ പരിശോധിച്ച് 5 ദിവസത്തിനകം തദ്ദേശഭരണസ്ഥാപന സെക്രട്ടറി കൈപ്പറ്റുരസീത് നൽകണം. കൈപ്പറ്റുരസീത് അനുമതിയായി കണക്കാക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിനോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ കെട്ടിട നിർമ്മാണ സോഫ്റ്റ്‌വെയർ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്നറിയിക്കാമോ;

&

(സി) ഓൺലൈൻ വഴി ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കാമോ?

കെട്ടിട നിർമ്മാണത്തിനായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിടനിർമ്മാണാനുമതി നൽകുന്നതിലേയ്ക്കായി മാറ്റംവരുത്തേണ്ടതുണ്ട്. ഇപ്രകാരം മാറ്റം വരുത്തി കഴിഞ്ഞാൽ ഓൺലൈനായിത്തന്നെ അപേക്ഷ നൽകാവുന്നതും ഫീസ് അടയ്ക്കാവുന്നതുമാണ്. ഇതിന് ഓൺലൈനായി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് കൈപ്പറ്റ് രസീത് നൽകാനും കഴിയും.

(ഡി) സ്വയം സാക്ഷ്യപ്പെടുത്തിയുള്ള പെർമിറ്റിന്റെ റിവൈസ്ഡ് പെർമിറ്റ്, കെട്ടിട നിർമ്മാണ ക്രമവത്കരണം എന്നിവയ്ക്കുള്ള നടപടികൾ വ്യക്തമാക്കാമോ?

നിർമ്മാണ സമയത്ത് മാറ്റംവന്നതുകൊണ്ടോ അംഗീകരിച്ച പ്ലാനിൽ മാറ്റംവരുത്തണമെന്ന് തോന്നുകയോ ചെയ്യുന്ന പക്ഷം, സ്വയം സാക്ഷ്യപ്പെടുത്തലിലൂടെയുള്ള കെട്ടിട നിർമ്മാണാനുമതി നേടിയ ഒരു നിർമ്മാണത്തിന്, സ്വയം സാക്ഷ്യപ്പെടുത്തലിലൂടെതന്നെ റിവൈസ്ഡ് പെർമിറ്റിന് അപേക്ഷിക്കാം. എന്നാൽ ക്രമവത്കരണം ആവശ്യമുള്ള പക്ഷം സ്വയം സാക്ഷ്യപ്പെടുത്തലിലൂടെതന്നെ അപേക്ഷിക്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ല.

**ജനപ്രതിനിധികളുടെ ഓണറേറിയം**

302 (1668) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലെയും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയിലെയും ജനപ്രതിനിധികൾക്ക് പ്രതിമാസം നൽകുന്ന ഓണറേറിയം എത്ര വീതമെന്ന് അറിയിക്കാമോ?

തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ നിലവിലെ ഓണറേറിയം ചുവടെ ചേർക്കുന്നു:

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്- 16,800

വൈസ് പ്രസിഡന്റ്- 14,200

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ-10,400

അംഗങ്ങൾ- 9,800

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്- 15,600

വൈസ് പ്രസിഡന്റ്- 13,000

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ -9,800

അംഗങ്ങൾ- 8,600

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്- 14,200

വൈസ് പ്രസിഡന്റ്- 11,600

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ- 9,200

അംഗങ്ങൾ- 8,000

കോർപ്പറേഷൻ മേയർ- 16,800

ഡെപ്യൂട്ടി മേയർ- 14,200

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ- 10,400

അംഗങ്ങൾ- 9,200

മുനിസിപ്പാലിറ്റി ചെയർമാൻ- 15,600

വൈസ് ചെയർമാൻ- 13,000

സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ- 9,800

അംഗങ്ങൾ- 8,600.

(ബി) നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആലോചനയുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ**

303 (1669) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോവിഡ്-19 പകർച്ചവ്യാധി റിപ്പോർട്ട് ചെയ്തതുമുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ രോഗവ്യാപനം, രോഗം ബാധിച്ചാൽ ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് മുന്നറിയിപ്പുകളും ജാഗ്രതാ നിർദ്ദേശങ്ങളും പ്രാദേശിക വാർത്താചാനലുകൾ, വർത്തമാനപത്രങ്ങൾ, സാമൂഹിക ദൃശ്യ മാധ്യമങ്ങൾ എന്നിവ മുഖേന നൽകുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നൽകിയ ഇത്തരം ജാഗ്രതാ നിർദ്ദേശങ്ങൾക്ക് വലിയ പ്രതികരണമാണ് ജനങ്ങളിൽനിന്നുമുണ്ടായത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ വാർഡ്തല മോണിറ്ററിംഗ്കമ്മിറ്റികൾ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റികൾ മുഖേന നോട്ടീസുകളിലൂടെയും ലഘുരേഖകളിലൂടെയും രോഗ വ്യാപനം തടയുന്നതിന് ആവശ്യമായിട്ടുള്ള മുൻകരുതലുകളും നടപടികളും സംബന്ധിച്ച് ജനങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണം നടത്തുകയും ഓരോ വാർഡിന്റെയും പ്രധാന വീഥികളോട് അനുബന്ധമായി ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയ്തു. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ഭക്ഷണം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായി കുടുംബശ്രീയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുകയും 1073 കമ്മ്യൂണിറ്റി കിച്ചനുകളിലൂടെ 31-8-2020-വരെ 4819812 ഭക്ഷണപ്പൊതി വിതരണം നടത്തുകയും ചെയ്തു. ഇതിൽ 4251005 ഭക്ഷണപ്പൊതികൾ സൗജന്യമായാണ് വിതരണം നടത്തിയത്. ഇതിനുപുറമേ ലോക്ഡൗൺ കാലത്ത് പാചകംചെയ്ത ഭക്ഷണം ആവശ്യമുള്ള എല്ലാവർക്കും 25 രൂപ നിരക്കിൽ ജനകീയഹോട്ടൽ വഴി ഭക്ഷണം വിതരണം ചെയ്തിട്ടുണ്ട്. 941 ഗ്രാമപഞ്ചായത്തുകളിലും ഐസോലേഷനിൽ കഴിയുന്നവരെ സഹായിക്കുന്നതിനായി സന്നദ്ധ വോളന്റിയർമാർ, ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, കുടുംബശ്രീ ആരോഗ്യ വോളന്റിയർമാർ എന്നിവരടങ്ങുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് തീവ്രവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി എല്ലാഗ്രാമപഞ്ചായത്തുകളിലും കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ആരംഭിച്ചു. ഗ്രാമപഞ്ചായത്ത് തലത്തിൽ വാർഡുകൾ ആരംഭിച്ചു. കോവിഡിന്റെ രണ്ടാം തരംഗത്തിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിന്

എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രത്യേക ഭരണ സമിതി യോഗങ്ങൾ വിളിച്ച് കൂട്ടുകയും പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു. രോഗലക്ഷണമില്ലാത്ത കോവിഡ് രോഗികൾക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഡൊമിസിലിയറി കെയർ സെന്ററുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി. രോഗവ്യാപനം കൂടുതലുള്ള ഗ്രാമപഞ്ചായത്തുകളിൽ RTPCR ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി വാർഡുകളെ ക്ലസ്റ്ററുകളായി തിരിച്ച് രോഗ പ്രതിരോധ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും കോവിഡ് രോഗബാധിതരേയും കുടുംബാംഗങ്ങളേയും കൃത്യമായ വിവരങ്ങൾ നൽകി സഹായിക്കുന്നതിന് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്ക് സംവിധാനം സജ്ജമാക്കി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ കോർ ടീമുകളും കോവിഡ് വാർ/കൺട്രോൾ റൂമുകൾ രൂപീകരിച്ചു. ഹരിത കർമ്മസേന ഉൾപ്പെടെയുള്ള മുന്നണി പോരാളികൾ, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്ക് വാക്സിനേഷൻ രജിസ്ട്രേഷന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജനകീയ ഹോട്ടലുകൾ/ കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുകയും 872 ഗ്രാമപഞ്ചായത്തുകളിൽ ജനകീയ ഹോട്ടലുകളും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി കിച്ചനുകളും ആരംഭിക്കുകയും ചെയ്തു.

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

ഗ്രാമപഞ്ചായത്തുകൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും ആകെ 67,69,90,621 രൂപ അനുവദിച്ചിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതി

304 (1670) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ലൈഫ് ഭവന പദ്ധതിപ്രകാരം എത്ര വീടുകൾ നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിട്ടത്; ആയതിൽ എത്ര വീടുകൾ പൂർത്തീകരിച്ചു; ഇതുവഴി എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ലൈഫ് മാനദണ്ഡ പ്രകാരം അർഹരായിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിൻപ്രകാരം 264953 കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചുകഴിഞ്ഞു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വകുപ്പുകൾ ഏകോപിച്ചുകൊണ്ട് എത്ര വീടുകൾ നിർമ്മിച്ച് നൽകാനാണ് നിലവിലെ സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകുമോ?

നഗരകാര്യം, ഗ്രാമ വികസനം, പഞ്ചായത്ത്, കുടുംബശ്രീ, എസ്.സി., എസ്.ടി., ഫിഷറീസ് എന്നീ വകുപ്പുകളുടെ കീഴിലുള്ള കേന്ദ്ര/സംസ്ഥാന സർക്കാർ ഭവനപദ്ധതികളും ലൈഫ് മിഷൻ ഭവനപദ്ധതിയും ഏകോപിച്ചുകൊണ്ട് സമ്പൂർണ്ണ ഭവനപദ്ധതിയായി 5 വർഷത്തിനുള്ളിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) അതിക്രമങ്ങൾക്ക് ഇരയായവരും നിരാലംബരുമായ സ്ത്രീകൾക്ക് ലൈഫ് ഭവനപദ്ധതിയിൽ മുൻഗണന നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

31-7-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ക്ലേശ ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നത്. ടി ക്ലേശ ഘടകങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്.

(ഡി) എങ്കിൽ ലൈംഗികാതിക്രമം, ആസിഡ് ആക്രമണം, ഗാർഹിക പീഡനം, ലിംഗപരമായ മറ്റ് അതിക്രമങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യം തുടങ്ങിയവയെ അതിജീവിച്ച സ്ത്രീകളും കുട്ടികളും തുടങ്ങി ഇത്തരത്തിൽ ചൂഷണത്തിന് വിധേയരായവരെക്കൂടി ലൈഫ് ഭവനപദ്ധതിയുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

31-7-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 151/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ക്ലേശ ഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിവരുന്നത്. ടി ക്ലേശ ഘടകങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തെരുവുകച്ചവടക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

305 (1671) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുകച്ചവടക്കാരുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരം സർക്കാരിന്റെ പക്കൽ ലഭ്യമാണോ; വെളിപ്പെടുത്തുമോ;

(ബി) ഇത് നീതി ആയോഗിന്റെ കണക്കിലുള്ള കേരളത്തിലെ തെരുവു കച്ചവടക്കാരുടെ എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

&

(സി) സംസ്ഥാന സർക്കാരിന്റെ കണക്കിൽ തെരുവുകച്ചവടക്കാരുടെ എണ്ണം കുറഞ്ഞിരിക്കുന്നതിനാൽ കോവിഡ് പ്രതിസന്ധിയിൽ ഉഴലുന്ന അർഹതപ്പെട്ട നിരവധി തെരുവുകച്ചവടക്കാർക്ക് കേന്ദ്ര പദ്ധതികളിലെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് ഇവരുടെ ശരിയായ എണ്ണം നിർണയിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് കുടുംബശ്രീ നോഡൽ ഏജൻസിയായി നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായും സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടക്ഷൻ ഓഫ് ലൈവ്‌ലിഹുഡ് & റഗുലേഷൻസ് ഓഫ് സ്ട്രീറ്റ് വെൻഡിംഗ്) ആക്ട് 2014-ന്റെ അടിസ്ഥാനത്തിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ 2015-16, 2016-17 കാലഘട്ടങ്ങളിൽ കേരളത്തിലെ 93 നഗരസഭകളിൽ പൂർത്തീകരിച്ചിട്ടുള്ളതും ടി നഗരസഭകളിൽ ആകെ 24643 തെരുവ് കച്ചവടക്കാർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ആയതിനുശേഷം പി.എം. സ്വാനിധി പദ്ധതിയുടെ കീഴിൽ ലെറ്റർ ഓഫ് റെക്കമെന്റേഷൻ (LoR)പ്രകാരം 2563 തെരുവ് കച്ചവടക്കാരെക്കൂടി കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 11-5-2021-ലെ D.O. No.K/12020(4)/2/2020-PMS-V നമ്പർ കത്ത് പ്രകാരം 2011 സെൻസസ് അടിസ്ഥാനമാക്കിയുള്ള അർബൻ ജനസംഖ്യയുടെ അനുപാതം പരിഗണിച്ച് കേരളത്തിലെ നഗരപ്രദേശങ്ങളിൽ 1.20 ലക്ഷം തെരുവ് കച്ചവടക്കാർ ഉണ്ടായേക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 29-6-2021-ലെ സ.ഉ.(സാധാ) നമ്പർ 1226/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നഗരസഭകളിലും അർബൻ അഗ്ലോമറേഷന്റെ ഭാഗമായി വരുന്ന പഞ്ചായത്തുകളിലും തെരുവ് കച്ചവടക്കാരുടെ സർവ്വേ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**തിരൂർ നിയോജക മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പദ്ധതി**

306 (1672) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ തിരൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ തിരൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ പട്ടിക അവയുടെ നിലവിലെ പുരോഗതി വിശദാംശങ്ങൾ സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

പരിഗണനയിലില്ല.

**ലാപ്ടോപ്പ് വിതരണത്തിലെ കാലതാമസം**

307 (1673) <u>ശ്രീമതി ശാന്തകുമാരി. കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഗ്രാമപഞ്ചായത്തിലെ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് ലാപ്ടോപ്പ് നൽകുന്നതിന് സി.പി.ആർ.സി.എസ്. പ്രകാരം ടെണ്ടർ നടപടി സ്വീകരിച്ചതുമൂലം പല കുട്ടികൾക്കും കോഴ്സ് കഴിഞ്ഞതിനുശേഷം മാത്രമാണ് ലാപ്ടോപ്പുകൾ നൽകാൻ കഴിഞ്ഞതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എസ്.സി. വിദ്യാർത്ഥികളുടെ പഠനാവശ്യത്തിന് ലാപ്ടോപ്പ് നൽകുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്നതിന് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തരം ലാപ്ടോപ്പ് പർച്ചേസ് ചെയ്യുന്നതിൽ കാലതാമസം നേരിട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലാപ്ടോപ്പ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി 2021-22 വർഷത്തെ ലാപ്ടോപ്പുകൾ (സർക്കാർ സ്പെസിഫിക്കേഷൻ പ്രകാരമുള്ളത്) ഓപ്പൺ ടെണ്ടറിലൂടെ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സി.പി.ആർ.സി.എസ്. പോർട്ടൽ മുഖാന്തരം ലാപ്ടോപ്പ് പർച്ചേസ് ചെയ്യുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനും, വിലയുമുള്ളവ ടെൻഡർ/ഇ-ടെൻഡർ നടപടിക്രമത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന് 7-9-2020-ലെ ഡിഎ 1/153/2020/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21-10-2020-ൽ നടന്ന യോഗം, തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേനയോ ടെൻഡർ/ ഇ-ടെൻഡർ വഴിയോ GEM പോർട്ടൽ മുഖേനയോ ലാപ്ടോപ്പ് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ആയത് 20-1-2020-ലെ ഡിഎ 1/363/2019/തസ്വഭവ സർക്കുലറിലെ സ്പെസിഫിക്കേഷനും നിരക്കും പ്രകാരമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ തദ്ദേശ റോഡ് വികസനം**

308 (1674) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതിപ്രകാരം കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ അനുവദിച്ച റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിർവ്വഹണ പുരോഗതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ടൂറിസം വകുപ്പിന് ഭൂമി കൈമാറൽ

309 (1675) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയുടെ ഭൂമിയിൽ ടൂറിസം വകുപ്പിന് ഒരു പദ്ധതി നടപ്പാക്കുന്നതിനായി പെർമിസീവ് സാംഗ്ഷൻ നൽകുന്നത് സംബന്ധിച്ച് RC1/14/2021/LSGD എന്ന നമ്പറിൽ ഫയൽ ഉണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) ടൂറിസം വകുപ്പിന് പദ്ധതി നടപ്പിലാക്കാൻ പെർമിസീവ് സാംഗ്ഷൻ നൽകുന്നതിന് മറ്റ് വകുപ്പുകളുടെ അഭിപ്രായം ആരായേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ?

നഗരസഭ ആർജ്ജിച്ച ഭൂമി കൈമാറുന്നതിന് മറ്റ് വകുപ്പുകളുടെ അഭിപ്രായം ആരായേണ്ടതില്ല. എന്നാൽ ആവശ്യമാണെങ്കിൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടേണ്ടതുണ്ട്.

(സി) പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ റോഡ് പുനരുദ്ധാരണം

310 (1676) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടിക (അവയുടെ നിലവിലെ പുരോഗതി വിശദാംശങ്ങൾ സഹിതം) അനുബന്ധം I ആയും ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II* ആയും ചേർത്തിരിക്കുന്നു. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ബാക്കിയുള്ളവ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ?

അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പട്ടിക (അവയുടെ നിലവിലെ പുരോഗതി വിശദാംശങ്ങൾ സഹിതം) അനുബന്ധം I ആയും ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയും ചേർത്തിരിക്കുന്നു*. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കായംകുളം നഗരസഭയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ**

311 (1677) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പ്രത്യേക വികസനനിധി, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, റീബിൽഡ് കേരള, വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി എന്നിവയിൽ ഉൾപ്പെടുത്തി കായംകുളം നഗരസഭ വഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ 2017 മുതലുള്ള വിശദാംശങ്ങൾ (ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതികാനുമതി ലഭിച്ച തീയതി, കരാർ തീയതി, പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന കാലാവധി അടക്കം), പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്നിവ വിശദമാക്കാമോ?

പ്രത്യേക വികസന നിധിക്കുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം1*ആയും വെള്ളപ്പൊക്ക ദുരിതാശ്വാസനിധിക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ആയും റീബിൽഡ് കേരളയ്ക്കു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3*ആയും ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 4* ആയും മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 5* ആയും ചേർത്തിരിക്കുന്നു.

**കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകളിൽ തനതു ഫണ്ടിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി**

312 (1678) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് തനതു ഫണ്ടിന്റെ കുറവുമൂലം ക്ഷേമ സേവന മേഖലകളിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ഇത്തരം പഞ്ചായത്തുകൾക്ക് പ്രത്യേക സഹായനിധി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ചമ്പക്കുളം, എടത്വ, കൈനകരി, കാവാലം, നെടുമുടി, മുട്ടാർ, നീലംപേരൂർ. പുളിങ്കുന്ന്, രാമങ്കരി, വെളിയനാട്, തകഴി, തലവടി എന്നീ കുട്ടനാടൻ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് കുറവാണ്. 2020-21 സാമ്പത്തിക വർഷം ടി പഞ്ചായത്തുകളിൽ നെടുമുടി, പുളിങ്കുന്ന്, തലവടി എന്നീ പഞ്ചായത്തുകൾ ഒഴികെ മറ്റ് പഞ്ചായത്തുകൾ വിടവ് നികത്തൽ ഫണ്ടിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ മുട്ടാർ ഗ്രാമപഞ്ചായത്തിന് വിടവ് നികത്തൽ ഫണ്ട് അനുവദിച്ചിട്ടുള്ളതുമാണ്. 2021-22 സാമ്പത്തിക വർഷം വിടവ് നികത്തൽ ഫണ്ടിനായി അപേക്ഷ നാളിതുവരെ ക്ഷണിച്ചിട്ടില്ല.

(ബി) ആറുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന ആറ്റ്മണൽ ലേലംചെയ്ത് നൽകുന്നതിന് കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

പരിഗണനയിലില്ല.

**കായംകുളം മണ്ഡലത്തിലെ വികസന പ്രവൃത്തികളുടെ പുരോഗതി**

313 (1679) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ഡല ആസ്തി വികസനഫണ്ട്, പ്രത്യേക വികസനനിധി എന്നിവ വിനിയോഗിച്ച് കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ്, ചെട്ടിക്കുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിൽ 2017 മുതൽ നാളിതുവരെ ചെയ്ത പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഭരണിക്കാവ്, ചെട്ടിക്കുളങ്ങര, പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിൽ 2017 മുതൽ നാളിതു വരെ അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി അനുബന്ധം 1* ആയും, പ്രത്യേക വികസനനിധി വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ പുരോഗതി അനുബന്ധം 2* ആയും ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കരിങ്കല്ലിന്റെ ലഭ്യതക്കുറവ്**

314 (1680) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം അരുവിക്കര മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. മരാമത്ത് പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ഈ സാഹചര്യം മറികടക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

**ഹരിപ്പാട് നഗരസഭാ ജീവനക്കാർക്കെതിരെ നടപടി**

315 (1681) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭയിലെ നഗരസഭാ ജീവനക്കാരായ ശ്രീമതി രശ്മി (ഓവർസിയർ ഗ്രേഡ് 3), ശ്രീമതി ശിൽപ (ഓവർസിയർ ഗ്രേഡ് 3), ശ്രീ. ബിനോയ് (എച്ച്.ഐ.ഗ്രേഡ്1) എന്നീ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും വീഴ്ചകളും ചൂണ്ടിക്കാട്ടി ഹരിപ്പാട് നഗരസഭാ ചെയർമാൻ നൽകിയ കത്തിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കുപകരം കാര്യക്ഷമതയുള്ള ജീവനക്കാരെ ഹരിപ്പാട് നഗരസഭയിൽ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(സി) നഗരസഭാ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കുന്ന പ്രസ്തുത ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പരാതിയിന്മേൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളിൻമേൽ വിശദമായ പരിശോധന നടത്തിവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ റീ ബിൽഡ് കേരള പ്രവൃത്തികൾ**

316 (1682) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണവകുപ്പ് മുഖേന ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിർവ്വഹണ പുരോഗതി, ഈ പ്രവൃത്തികളുടെ നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾ, ഇനി ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ അറിയിക്കാമോ?

റീബിൽഡ് കേരള (RKI)പദ്ധതിക്കുകീഴിൽ ഹരിപ്പാട് മണ്ഡലത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1* ലും പ്രോജക്ട് ഡയറക്ടർ RKI LSGD മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2* ലും ചേർത്തിരിക്കുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ ഗ്രാമീണറോഡ് പുനരുദ്ധാരണം**

317 (1683) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണറോഡ് പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കരുവാറ്റ പഞ്ചായത്തിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ചിരുന്ന എസ്എൻ കടവ്-ആശാട്ടിമുക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

മീന്തറ പാടശേഖരത്തിന് മധ്യത്തിലൂടെ കടന്നുപോകുന്ന 280 മീറ്റർ നീളത്തിലുള്ള എസ്. എൻ. കടവ്-ആശാട്ടിമുക്ക് റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി തുക 40 ലക്ഷം രൂപയായിരുന്നു. റോഡിന്റെ ഇരുവശത്തും സംരക്ഷണ ഭിത്തി നിർമ്മിച്ച് വെള്ളംകയറാത്ത രീതിയിൽ റോഡ് ഉയർത്തി ടാറിംഗ് ചെയ്യുന്നതിന് ഭരണാനുമതി തുകയായ 40 ലക്ഷം രൂപ പര്യാപ്തമായിരുന്നില്ല. എന്നാൽ, കൂടുതൽ തുക അനുവദിക്കാൻ ഫണ്ടിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപര്യാപ്തത ഉള്ളതിനാൽ, 40 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയും ഫില്ലിംഗും മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി, പ്രവൃത്തി ജൂലൈ 31 നകം ടെണ്ടർ ചെയ്യുന്നതാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജൂലൈ 31-നകം ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

318 (1684) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്നും അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം പുതുതായി പണികഴിച്ചതും പുതുക്കിപ്പണിതതും ഉൾപ്പെടെ ആകെ 8 വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പനങ്ങാട് ഗ്രാമപഞ്ചായത്ത് (2 എണ്ണം), കാവിലുംപാറ ഗ്രാമപഞ്ചായത്ത്, നൻമണ്ട ഗ്രാമപഞ്ചായത്ത്, പുതുപ്പാടി ഗ്രാമപഞ്ചായത്ത്, രാമനാട്ടുകര മുനിസിപ്പാലിറ്റി, വടകര മുനിസിപ്പാലിറ്റി, കോഴിക്കോട് കോർപ്പറേഷൻ (ഒന്നുവീതം) എന്നിവിടങ്ങളിലാണ് വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

**ആലപ്പുഴ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

319 (1685) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനിയറിംഗ് വിഭാഗം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക, നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ (അടങ്കൽ തുക/നിലവിലെ സ്ഥിതി എന്നിവ സഹിതം) അനുബന്ധം I* ആയും പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ (അടങ്കൽ തുക/ നിലവിലെ സ്ഥിതി എന്നിവ സഹിതം) അനുബന്ധം II*ആയും ചേർത്തിരിക്കുന്നു.

## മണലൂർ മണ്ഡലത്തിൽ അനുവദിച്ച മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

320 (1686) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടിക നൽകാമോ;

&

(ബി) പ്രസ്തുത ഓരോ റോഡിനും അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാൻ ബാക്കിയുണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

അനുവദിച്ച റോഡുകൾ അവയുടെ നിർവ്വഹണ പുരോഗതി വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

## താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം

321 (1687) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരക്കുളം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന് 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ (അനുബന്ധം2 വാല്യം 11) തുക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തുകയും വകുപ്പ് ഭരണാനുമതി നൽകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണത്തിന് വകുപ്പും എഞ്ചിനീയറിംഗ് വിഭാഗവും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കായിക യുവജനകാര്യാലയം എഞ്ചിനീയറിംഗ് വിഭാഗം സമർപ്പിച്ച ഡി.പി.ആർ. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധന നടത്തേണ്ടതാണെന്ന നിബന്ധനയോടെ കായിക യുവജനകാര്യാലയത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവ്വഹണ ഏജൻസി ആക്കിക്കൊണ്ട് 26-2-2021-ലെ സ.ഉ.(സാധാ) നമ്പർ 602/2021/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കായിക എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ ഡി.പി.ആർ. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്. അംഗീകാരം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ റോഡ് വികസനം**

322 (1688) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് വികസന പദ്ധതി, റീബിൽഡ് കേരള പദ്ധതി എന്നിവ പ്രകാരം വിവിധ ഘട്ടങ്ങളിലായി ഏതൊക്കെ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ആയതിലേയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബില്ലുകൾ സമർപ്പിച്ചിട്ടുള്ള കരാറുകാർക്ക് ബിൽ തുക മാറിക്കിട്ടുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

CMLRRP പദ്ധതിക്കുകീഴിലെ പ്രവൃത്തികളുടെ ബിൽ തുക മാറി നൽകുന്നതിന് ജില്ലാ തല ഉദ്യോഗസ്ഥരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ബിൽ തുക മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നതാണ്.

## ആറ്റുകാൽ പൊങ്കാല ശുചീകരണ പ്രവർത്തനം

323(1689) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ പൊങ്കാല ഒരുക്കങ്ങളുടെയും ശുചീകരണ പ്രവർത്തനങ്ങളുടെയും ഭാഗമായി തട്ടിപ്പ് നടന്നുവെന്ന ആരോപണത്തിന്മേൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

&

(ബി) ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലോറികൾക്ക് വാടകയിനത്തിൽ ഉൾപ്പെടെ വലിയ തുക നൽകിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് വകുപ്പുതല വിജിലൻസ് അന്വേഷണം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതിയിന്മേൽ നഗരകാര്യ ഡയറക്ടറോട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം ജില്ലയിലെ ലൈഫ് പദ്ധതി

324 (1690) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത സ്ഥലങ്ങളുടെ വിസ്തൃതി എത്രയെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് അറിയിക്കാമോ?

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

## കടുത്തുരുത്തി പോളിടെക്നിക്കിനായി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം

325 (1691) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ.പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച് നൽകുന്നതിന് 6-5-2021-ന് രേഖകൾ സഹിതമുള്ള പ്രൊപ്പോസൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 6-5-2021-ന്റെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിരുന്ന സ്കെച്ചിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരിക്കുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും ഗ്രാമ പഞ്ചായത്ത് തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ വിസ്തീർണ്ണവും വ്യത്യസ്തമായതിനാൽ ടി പിശക് തിരുത്തി സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം സംബന്ധിച്ച അവ്യക്തത നീക്കുന്നതിന് ആവശ്യമായ രേഖകൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാജരാക്കുന്നതിനും വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് വിട്ടുനൽകുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ കൃത്യമായി സൂചിപ്പിക്കുന്ന വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും സ്ഥലത്തിന്റെ വിസ്തീർണ്ണം കൃത്യമായി രേഖപ്പെടുത്തിയ കളർ പ്രിന്റിലുള്ള സർവ്വേ, സ്കെച്ച് വൈക്കം താലൂക്ക് സർവ്വേയർ തയ്യാറാക്കി നൽകുന്നതിലുള്ള കാലതാമസം കാരണമാണ് പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കാത്തതെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഈ പ്രൊപ്പോസൽ നൽകാത്തതുകാരണം ഫയലിൽ തീരുമാനമെടുക്കാൻ വർഷങ്ങളായി ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത കാലതാമസം വകുപ്പിലെ ആരുടെ ഭാഗത്തുനിന്നുള്ളതാണെന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി ഗവ.പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ചുനൽകുന്ന വിഷയത്തിൽ, സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവുമായുള്ള പൊരുത്തക്കേടുകൾ ഉൾപ്പെടെയുള്ളവ പരിഹരിച്ച് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാലാണ് ഫയലിൽ കാലതാമസം നേരിടുന്നത്. ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് അടിയന്തരമായി പ്രൊപ്പോസൽ ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2017-ൽ തുടങ്ങിയ ഫയലിലെ കാലതാമസം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കടുത്തുരുത്തി ഗവ. പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽനിന്നും അധികമുള്ള സ്ഥലം വിവിധ സർക്കാർ സ്ഥാപനങ്ങൾക്കായി അനുവദിച്ച നൽകുന്ന വിഷയത്തിൽ, സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണവും വിവിധ സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണവുമായുള്ള പൊരുത്തക്കേടുകൾ ഉൾപ്പെടെയുള്ളവ പരിഹരിച്ച് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കാത്തതിനാലാണ് ഫയലിൽ കാലതാമസം നേരിടുന്നത്. ഈ വിഷയത്തിൽ സത്വര നടപടി സ്വീകരിച്ച് അടിയന്തരമായി പ്രൊപ്പോസൽ ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കമ്പ്യൂട്ടർ വിതരണം

326 (1692) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ 2016 മുതൽ എം.എൽ.എ.-യുടെ പ്രത്യേക വികസനനിധി വിനിയോഗിച്ച് കമ്പ്യൂട്ടർ, ലാപ്ടോപ്പുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2016 മുതൽ വിതരണം ചെയ്ത കമ്പ്യൂട്ടർ, ലാപ് ടോപ്പുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഭരണാനുമതി ലഭിച്ചിട്ടും പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്യാൻ കഴിയാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ ഇലിപ്പക്കുളം PKMM LP-സ്കൂളിന് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനെ തുടർന്ന് കുട്ടികൾ ടി.സി. വാങ്ങിപ്പോയിട്ടുള്ളതിനാൽ നാളിതുവരെ ഒരു ലാപ്ടോപ്പ് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പഠന മുറി നിർമ്മാണം

327 (1693) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പഠന മുറി നിർമ്മാണത്തിന് അനുവദിക്കുന്ന തുകയിൽ ഈ വിഭാഗങ്ങളുടെ സാമ്പത്തിക പശ്ചാത്തലം കണക്കിലെടുക്കാതെ അവസാന ഗഡുവായ എഴുപത്തിയയ്യായിരം രൂപ അനുവദിക്കുന്നതിന് മുൻകൂറായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കണം എന്ന വ്യവസ്ഥ കാരണം പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കാനാകാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 4 ലക്ഷം രൂപ, 6 ലക്ഷം രൂപ നിരക്കിലുള്ള ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിന് അവസാന ഗഡു ഉൾപ്പെടെ ഒരു ഘട്ടത്തിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ വേണ്ടെന്നിരിക്കെ, കേവലം രണ്ട് ലക്ഷം രൂപ നിരക്കിലുള്ള പഠനമുറി നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ആദ്യ ഗഡുവിനെ തുടർന്നുള്ള രണ്ട് ഘട്ടങ്ങളിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലേ പിന്നീടുള്ള രണ്ട് ഗഡു തുകകൾ അനുവദിക്കൂ എന്ന് സർക്കാർ 28-1-2020-ലെ 221/2020/തസ്വഭവ. ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 50,000 രൂപ ആദ്യ ഗഡുവായും ശേഷിക്കുന്ന തുക 75,000 രൂപയുടെ രണ്ടു ഗഡുക്കളായി നൽകാവുന്നതാണെന്നും ആദ്യ ഗഡുവിനുള്ള നിർമ്മാണം നടത്തിയതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവും പഠനമുറി പൂർത്തിയായി അതിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡുവായ 75,000 രൂപയിൽനിന്നും അർഹതപ്പെട്ട തുകയും അനുവദിക്കാവുന്നതാണെന്നും 28-1-2020-ലെ സ.ഉ.സാധാ)നമ്പർ 221/2020/ തസ്വഭവ ഉത്തരവ് പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിലെ ഓരോ ഘട്ടവും പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പഠനമുറിയുടെ നിർമ്മാണം നിലവിലെ വീടിനോട് ചേർന്നുള്ള ഒരു പ്രത്യേക നിർമ്മിതി ആയതിനാലാണ് അതിന്റെ ധനസഹായ വിതരണത്തിന് നിശ്ചിത വാല്യുവേഷൻ നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്.

**വഴിതടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിസിറ്റി പോസ്റ്റുകൾ**

328 (1694) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ വഴി തടസ്സമുള്ളതും അപകടഭീഷണി ഉള്ളതുമായ എത്ര ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ ഉണ്ട്?

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ വഴി തടസ്സമുള്ളതും അപകട ഭീഷണി ഉള്ളതുമായ ചുവടെ പറയുന്ന 44 ഇലക്ട്രിസിറ്റി പോസ്റ്റുകൾ ഉണ്ട്:

1. ക്ലാപ്പന - 6 എണ്ണം
2. കുലശേഖരപുരം- 14 (റോഡ് വികസിപ്പിക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്).
3. തഴവ - 14 എണ്ണം
4. ആലപ്പാട് - 6 എണ്ണം
5. ഓച്ചിറ - 4 എണ്ണം.

(ബി) പ്രസ്തുത ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷകളിൽ ഏതെങ്കിലും തീർപ്പാക്കാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.:

1. ക്ലാപ്പന - 6 എണ്ണം (പഞ്ചായത്ത് കമ്മിറ്റി അടിയന്തര നടപടി സ്വീകരിക്കുന്നതാണ്).
2. കുലശേഖരപുരം- 14 (റോഡ് വികസന പ്രവൃത്തി പുരോഗമിക്കുന്നതേയുള്ളൂ. ഉചിതമായ സമയത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.
3. തഴവ -4 (കെ.എസ്.ഇ.ബി.എൽ.-ൽനിന്നും എസ്റ്റിമേറ്റ് ലഭിക്കാനുണ്ട്.
4. ആലപ്പാട്-6 (26-7-2021 തീയതിയിലെ കമ്മിറ്റിയിലാണ് ടി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ തീരുമാനമായിട്ടുള്ളത്.)

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം**

329 (1695) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വൻ കുറവ് സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; നികുതിയും ലൈസൻസ് ഫീസും അടയ്ക്കുന്നതിന് സമയപരിധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കോവിഡ് സാഹചര്യം കാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 19-5-2021-ലെ സ.ഉ.(സാധാ) നമ്പർ 1013/2021/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പൊതുജനങ്ങളും വ്യാപാരികളും മറ്റ് സംരംഭകരും തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കുന്ന വസ്തു നികുതി പിഴ കൂടാതെ അടയ്ക്കുന്നതിനുള്ള സമയപരിധി 31-8-2021 വരെ നീട്ടി നൽകിയിട്ടുണ്ട്. 19-5-2021-ലെ സ.ഉ.(സാധാ) നമ്പർ 1016/2021/തസ്വഭവ നമ്പർ ഉത്തരവ്, 3-7-2021-ലെ (സാധാ)നമ്പർ 1253/2021/തസ്വഭവ നമ്പർ ഉത്തരവ് എന്നിവ പ്രകാരം 2021-22 വർഷത്തെ വ്യാപാര ലൈസൻസുകൾ പുതുക്കുന്നതിനുള്ള സമയപരിധി 31-8-2021 വരെ നീട്ടിനൽകിയിട്ടുണ്ട്.

(ബി) ദൈനംദിന പ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളത്തിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

ഉണ്ട്. തനത് ഫണ്ട് കുറവായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് വിടവ് നികത്തൽ ഫണ്ട് അനുവദിക്കുന്നുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസില്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ജില്ലാ തലത്തിൽ പ്രത്യേക സ്ക്വാഡിനെ നിയമിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലൈസൻസില്ലാതെ ചില വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായി പരാതികൾ ലഭ്യമായിട്ടുള്ളതും ടി സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ജില്ലാതലത്തിൽ ഇതിനായി പ്രത്യേക സ്ക്വാഡിനെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## ചാലക്കുടി നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ നശിച്ച റോഡുകളുടെ പുനരുദ്ധാരണം

330 (1696) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ചാലക്കുടി നിയോജക മണ്ഡലത്തിലെ പ്രളയത്തിൽ നശിച്ച ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണ-നവീകരണ പ്രവൃത്തികൾക്കാണ് മുഖ്യമന്ത്രിയുടെ പ്രത്യേക ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

&

(സി) ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദീകരിക്കുമോ?

ചാലക്കുടി നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ അനുവദിച്ച പ്രവൃത്തികൾ, അവയുടെ പുരോഗതി വിശദാംശങ്ങൾ എന്നിവ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

## മരടിൽ പൊളിച്ച ഫ്ലാറ്റുകൾ

331 (1697) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിൽ പൊളിച്ച ഫ്ലാറ്റ് സമുച്ചയത്തിൽ ഓരോന്നിലും എത്ര ഫ്ലാറ്റുകൾ ഉണ്ടായിരുന്നു; ഈ ഓരോ ഫ്ലാറ്റിന്റെയും അവയുടെ ഉടമസ്ഥരുടെയും വിശദ വിവരം ലഭ്യമാക്കുമോ?

മരട് നഗരസഭയിൽ പൊളിച്ചുനീക്കംചെയ്ത 4 ഫ്ലാറ്റ് സമുച്ചയങ്ങളിലെ പാർപ്പിടങ്ങളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ആൽഫാ വെഞ്ചേ്വഴ്സ് ടവർ 1 - 48

ആൽഫാ വെഞ്ച്വഴ്സ് ടവർ 2 - 32

2. ജെയിൻ കോറൽകോവ് - 122

3. ഹോളിഫെയ്ത്ത് എച്ച് 2 ഒ - 90

4. ഗോൾഡൻ കായലോരം - 40

നഗരസഭയിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ഫ്ലാറ്റുടമകളുടെ ലിസ്റ്റ് അനുബന്ധം -I ആയി ചേർത്തിട്ടുള്ളതാണ് *.

(ബി) ഫ്ലാറ്റ് പൊളിച്ചതുമായി ബന്ധപ്പെട്ട് ആർക്കെല്ലാം എത്ര തുക വീതം നഷ്ടപരിഹാരം നൽകിയെന്നും അവരുടെ ഫ്ലാറ്റിന്റെ വിശദവിവരങ്ങളും ലഭ്യമാക്കുമോ?

നഷ്ടപരിഹാരം നൽകിയിട്ടുള്ളവരുടെ വിശദവിവരം അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) യഥാർത്ഥ ഉടമസ്ഥർ ഇല്ലാത്ത എത്ര ഫ്ലാറ്റുകൾ ഓരോ സമുച്ചയത്തിലും ഉണ്ടായിരുന്നെന്നും അവ ഏതെല്ലാമെന്നുമുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

മരട് നഗരസഭയിൽ പൊളിച്ചുനീക്കം ചെയ്ത 4 ഫ്ലാറ്റ് സമുച്ചയങ്ങളിലെ പാർപ്പിടങ്ങളുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

1. ആൽഫാ വെഞ്ചേ്വഴ്സ് ടവർ 1 - 48

ആൽഫാ വെഞ്ച്വഴ്സ് ടവർ 2 - 32

2. ജെയിൻ കോറൽകോവ് - 122

3. ഹോളിഫെയ്ത്ത് എച്ച് 2 ഒ - 90

4. ഗോൾഡൻ കായലോരം - 40

നഗരസഭയിലെ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള ഫ്ലാറ്റുടമകളുടെ ലിസ്റ്റ് അനുബന്ധം -I ആയി ചേർത്തിട്ടുള്ളതാണ്*.

(ഡി) ഇപ്രകാരം യഥാർത്ഥ ഉടമസ്ഥർ ഇല്ലാത്ത എത്ര ഫ്ലാറ്റുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും അത് ആർക്കെല്ലാം എത്ര തുക വീതമാണ് നൽകിയതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

നഷ്ടപരിഹാരം നൽകിയിട്ടുള്ളവരുടെ വിശദവിവരം അനുബന്ധം-II ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

332 (1698) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം മലമ്പുഴ മണ്ഡലത്തിൽ ആകെ എത്ര പദ്ധതികളാണ് അനുവദിച്ചതെന്നും അവയ്ക്ക് ആകെ എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കാമോ?

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം മലമ്പുഴ മണ്ഡലത്തിൽ 15 പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതികളുടെ അടങ്കൽ തുക 1,98,50,000 (ഒരു കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി അമ്പതിനായിരം) രൂപയാണ്.

(ബി) മലമ്പുഴ മണ്ഡലത്തിൽ അനുവദിക്കപ്പെട്ട എല്ലാ പദ്ധതികളുടെയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

മലമ്പുഴ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കുകീഴിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക നിലവിലെ പുരോഗതി സഹിതം അനുബന്ധമായി ചേർക്കുന്നു*.

## ലൈഫ് മിഷൻ

333 (1699) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിലൂടെ പൂർത്തീകരിച്ച വീടുകളുടെ ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ?

ലൈഫ് മിഷനിലൂടെ പൂർത്തീകരിച്ച വീടുകളുടെ ജില്ലതിരിച്ചുള്ള എണ്ണം അനുബന്ധം (1) ആയി ചേർക്കുന്നു*.

(ബി) ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം വ്യക്തമാക്കാമോ?

ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം അനുബന്ധം (2) ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ലൈഫ് പദ്ധതിയിൽ പുതിയ അപേക്ഷകർക്ക് വീട് ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിയിൽ പുതുതായി ലഭിച്ച 920261 അപേക്ഷകളുടെ രേഖാ പരിശോധന ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ കോർപ്പറേഷനിലെ റോഡുകളുടെ നിർമ്മാണം**

334 (1700) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ കോർപ്പറേഷനിൽ സി.എം.എൽ.ആർ.ആർ.പി. (Chief Minister's Local Road Rebuild Project) ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര റോഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

16 റോഡുകൾ അനുവദിച്ചു.

**ഒന്നാം ഗ്രേഡ് നഗരസഭയിലെ തസ്തികകൾ**

335 (1701) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയെ ഒന്നാം ഗ്രേഡ് നഗരസഭയായി ഉയർത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഒന്നാം ഗ്രേഡ് നഗരസഭയ്ക്ക് അനുവദിക്കുന്ന തസ്തികകൾ പയ്യന്നൂർ നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ടോ?

ഗ്രേഡ് I മുനിസിപ്പാലിറ്റിയായി ഉയർത്തിയ മുനിസിപ്പാലിറ്റികളിലൊന്നും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

(സി) ഇല്ലെങ്കിൽ ആയത് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

നഗരസഭകൾ നൽകിയ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം

336 (1702) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 1999 മുതൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട ഭൂരിഭാഗം സേവനങ്ങളും ഇപ്പോഴും ഓൺലൈനായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ സമയബന്ധിതമായും പൂർണ്ണമായും ആയത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## പുതിയ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം

337 (1703) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കാമോ?

സംസ്ഥാനത്ത് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## പാതയോരങ്ങളിൽ പൊതുശുചിമുറികൾ

338 (1704) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശസ്ഥാപനങ്ങൾ മുഖേന പൊതുശുചിമുറികൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുവരെ എത്ര പൊതുശുചിമുറികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ദേശീയ സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന പൊതുശുചിമുറികൾ നിർമിക്കുന്നതിന് 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് 188 പൊതുശുചിമുറികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 526 ശുചിമുറികളുടെ പണി പുരോഗമിക്കുന്നു.

**മാലിന്യനിർമ്മാർജ്ജനം**

339 (1705) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾക്കൊപ്പം ആവശ്യമായ ഇടങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും ആസൂത്രണം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മാലിന്യ നിർമാർജനം സാദ്ധ്യമാക്കുന്നതിന് സർക്കാർ നടപ്പാക്കിവരുന്നത്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും, ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. മിനി എം.സി.എഫ്. നിർമാണം, സോക്ക്പിറ്റുകളുടെ നിർമാണം, കമ്പോസ്റ്റ് പിറ്റുകളുടെ നിർമാണം എന്നിവയാണ്

നടന്നുവരുന്നത്. അവയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. നഗരപ്രദേശങ്ങളിലേയും അനുബന്ധ പ്രദേശങ്ങളിലേയും മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി സാദ്ധ്യമായ ഇടങ്ങളിൽ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന വേസ്റ്റ് റ്റു എനർജി പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്ക് സഹായത്തോടെ നഗരമാലിന്യ സംസ്കരണത്തിനായി കേരളം സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ജൈവ-അജൈവ മാലിന്യങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

അജൈവ പാഴ്‌വസ്തുക്കളെ പുന:ചംക്രമണത്തിനുള്ള വിഭവമായി കണക്കാക്കി ഹരിതകർമസേന മുഖേന വാതിൽപ്പടി ശേഖരണം നടത്തി ക്ലീൻ കേരള കമ്പനി വഴിയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്വകാര്യ സംരംഭകർ വഴിയും പുന:ചംക്രമണ വ്യവസായികളിലേയ്ക്ക് എത്തിക്കുന്ന നയമാണ് സംസ്ഥാനം നിലവിൽ പിന്തുടരുന്നത്. സംസ്ഥാനത്തെ ഒട്ടനവധി തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ ഈ രീതിയിലേയ്ക്ക് മാറിക്കഴിഞ്ഞു. അടുത്ത ഒരുവർഷത്തിനുള്ളിൽ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഈ രീതിയിലേയ്ക്ക് എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പുനഃചംക്രമണ വ്യവസായം വ്യാപകമാക്കിയിട്ടുള്ള അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് നിലവിൽ ഈ പാഴ്‌വസ്തുക്കൾ പോവുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് തന്നെ വ്യവസായ പാർക്കുകളുടെ ഭാഗമായി പുനഃചംക്രമണ വ്യവസായങ്ങൾ സർക്കാർ ആനുകൂല്യം ലഭ്യമാക്കി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തിരുവനന്തപുരം വേളിയിൽ ഇത്തരം ഒരു വ്യവസായം തുടങ്ങുന്നതിന് പാഴ്‌വസ്തു വ്യാപാരി അസോസിയേഷന് നിലവിൽ അനുമതി നൽകിയിട്ടുള്ളതും പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ജൈവ മാലിന്യങ്ങൾ വിൻഡ്രോ കമ്പോസ്റ്റിംഗ്, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റിംഗ് രീതികളിലൂടെ വികേന്ദ്രീകൃതമായി സംസ്കരിച്ച് ജൈവവളമാക്കി വിൽപ്പന നടത്തുന്ന 26 തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ സംസ്ഥാനത്തുണ്ട്. ശുചിത്വ മിഷൻ വിവിധ സ്കീമുകളുടെ ഭാഗമായി കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം സംസ്കരണ സംവിധാനങ്ങൾ നിലവിൽ വരുമ്പോൾ കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വ്യാവസായികാടിസ്ഥാനത്തിൽ ജൈവവള വ്യവസായം തുടങ്ങുന്നതിനുള്ള സാധ്യതകൾ ഉണ്ടാവും. അതുവഴി മാലിന്യ സംസ്കരണത്തിലൂടെ വരുമാനം ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യത തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാവും.

(സി) റസിഡന്റ്സ് അസോസിയേഷനുകളെയും ജനകീയ സമിതികളെയും ഇതര സംഘടനകളെയും ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിന് ഉപയോഗപ്രദമാക്കാൻ പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ?

റസിഡന്റ്സ് അസോസിയേഷനുകളെയും ജനകീയ സമിതികളെയും ഇതര സംഘടനകളെയും ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയോഗപ്രദമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിവരുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ റസിഡന്റ്സ് അസ്സോസിയേഷനുകളുടേയും ജനകീയ സമിതികളുടേയും ഇതര സംഘടനകളുടേയും പങ്കാളിത്തത്തോടുകൂടിയാണ് നടപ്പാക്കിവരുന്നത്.

(ഡി) തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി മാലിന്യനിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് വിവിധ മാലിന്യ സംസ്കരണ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. മിനി എം.സി.എഫ്. നിർമ്മാണം, സോക്പിറ്റുകളുടെ നിർമ്മാണം, കമ്പോസ്റ്റ്പിറ്റ് നിർമ്മാണം എന്നിവയാണ് പ്രധാനമായും നടന്നുവരുന്നത്.

**കോവിഡ് മരണങ്ങൾ**

340 (1706) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് നാളിതുവരെ എത്ര കോവിഡ് മരണങ്ങളാണ് സംഭവിച്ചിരിക്കുന്നത് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് കോവിഡ് മരണങ്ങളുടെ കണക്ക് സൂക്ഷിക്കുന്നില്ല. ആരോഗ്യ വകുപ്പാണ് കോവിഡ് മരണങ്ങളുടെ കണക്കെടുപ്പ് നടത്തുന്നത്.

**കോട്ടുകാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

341 (1707) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തിൽ ലോക ബാങ്ക് നൽകിയ തുക വിനിയോഗിച്ച് ആരംഭിച്ച മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം തുടർ വർഷങ്ങളിൽ പ്രസ്തുത ധനസഹായം നിർത്തിയതോടെ മുടങ്ങിയിരിക്കുകയാണോ?

കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ലോകബാങ്ക് സഹായം നിർത്തിയതോടെ മുടങ്ങിയിരിക്കുകയാണ്. എന്നാൽ ടി പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ തനത് ഫണ്ട് 25,00,000 രൂപയും ധനകാര്യ കമ്മിഷൻ (ബേസിക് ഗ്രാന്റ്) 25,00,000 രൂപയും ഉൾപ്പടെ ആകെ 50,00,000 രൂപ വകയിരുത്തി പ്രോജക്ട് അംഗീകാരം നേടിയിട്ടുണ്ട്.

(ബി) എങ്കിൽ ആകെ അടങ്കൽ തുകയായ 3.25 കോടി രൂപയിൽ 1.06 കോടി രൂപ ചെലവഴിച്ച പ്രസ്തുത പ്രവൃത്തിയിൽ ബാക്കി തുക സർക്കാർ അനുവദിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഗ്രാമപഞ്ചായത്തിൽനിന്നും ഇതുസംബന്ധിച്ച് പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി**

342 (1708) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2020-ൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര പുതിയ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2020-ൽ നിലമ്പൂർ നിയോജക മണ്ഡലത്തിൽനിന്നും ലഭ്യമായ അപേക്ഷകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം (1) ആയി ചേർക്കുന്നു*.

(ബി) 2020-ൽ സ്വീകരിച്ച അപേക്ഷകളിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ലഭ്യമായ അപേക്ഷയിന്മേൽ പരിശോധന പൂർത്തിയാക്കി ഗ്രാമസഭയുടെ അംഗീകാരത്തോടുകൂടി ഗുണഭോക്തൃ പട്ടിക അന്തിമമാക്കി ധനസഹായം അനുവദിച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) ഇതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി വഴി നൽകിയ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി വഴി നൽകിയ വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അനുബന്ധം (2)ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എഞ്ചിനീയറിംഗ് വിംഗിലെ ഒഴിവുകൾ**

343 (1709) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എഞ്ചിനീയറിംഗ് വിംഗിൽ എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലകൾ തിരിച്ചും തസ്തികകൾ തിരിച്ചും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) തസ്തികകളിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ ഒഴിവുകൾ**

344 (1710) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പഞ്ചായത്ത്-നഗരസഭ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 38 ഗ്രാമപഞ്ചായത്ത് ഓഫീസുകളും 3 നഗരസഭകളും ഉണ്ട്.

(ബി) ഈ ഓഫീസുകളിൽ ഏതെല്ലാം വിഭാഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ്, സീനിയർ ക്ലർക്ക്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ, ഫുൾടൈം ലൈബ്രേറിയൻ, പാർട്ട്ടൈം ലൈബ്രേറിയൻ, ഫുൾടൈം സ്വീപ്പർ, പാർട്ട്ടൈം സ്വീപ്പർ, പാർട്ട്ടൈം പൗണ്ട് കീപ്പർ എന്നീ തസ്തികകളും എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. സെക്ഷനും, നഗരസഭകളിൽ ജനറൽ വിഭാഗം, ഹെൽത്ത് വിഭാഗം, അക്കൗണ്ട്സ് വിഭാഗം, എഞ്ചിനീയറിംഗ് വിംഗ് എന്നിവയും നിലവിലുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത വിഭാഗങ്ങളിൽ ഓരോന്നിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം പഞ്ചായത്ത്-നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം 1 ആയി ചേർക്കുന്നു*.

(ഡി) ഈ ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ എന്നും ഇനി എത്ര ജീവനക്കാരുടെ ആവശ്യമുണ്ടെന്നും വ്യക്തമാക്കാമോ?

നഗരസഭകളിൽ ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ലെന്നും കാസർഗോഡ് നഗരസഭയിലും കാഞ്ഞങ്ങാട് നഗരസഭയിലും ചുവടെ ചേർക്കുന്ന തസ്തികകൾ അധികമായി അനുവദിക്കേണ്ടതുണ്ടെന്നും കൗൺസിൽ തീരുമാനമുണ്ടായതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാസർഗോഡ് നഗരസഭ റവന്യൂ ഇൻസ്പെക്ടർ - 1

കാഞ്ഞങ്ങാട് നഗരസഭ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I- 2

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - 2

സൂപ്രണ്ട് - 2

സീനിയർ ക്ലർക്ക് - 3

ക്ലർക്ക് - 3

നൈറ്റ് വാച്ച്മാൻ - 1

ടൈപ്പിസ്റ്റ് - 1

ജീവനക്കാരുടെ അപര്യാപ്തതയുള്ളതായി ചീഫ് എഞ്ചിനീയറും അറിയിച്ചിട്ടുണ്ട്.

(ഇ) ഓരോ വിഭാഗത്തിലും അനുവദിച്ച തസ്തികകൾ എത്ര വീതമാണെന്നും ആയതിൽ ഒഴിഞ്ഞുകിടക്കുന്നത് ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം 2 ആയി ചേർക്കുന്നു*.

(എഫ്) കാസർഗോഡ് ജില്ലാപഞ്ചായത്ത്, കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ഒഴിവുകളൊന്നും നിലവിലില്ല. കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗ്രേഡ് -II തസ്തികയിലെ ഒരു ഒഴിവ് 6-10-2020 മുതൽ നിലവിലുണ്ട്. കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ഗ്രേഡ് -II തസ്തികയിലെ 4 ഒഴിവുകൾ 1-3-2018 മുതൽ നിലവിലുണ്ട്.

## പുതിയ തസ്തികകൾ

345 (1711) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് നൽകാമോ?

ക്ലാർക്ക് - 213

എൽ.ഡി.ടൈപ്പിസ്റ്റ് - 1

ഓഫീസ് അറ്റൻഡന്റ് - 277 (208 പുതുതായി സൃഷ്ടിച്ച തസ്തികകൾ)

ഡ്രൈവർ -12

ലൈബ്രേറിയൻ - 6

(ബി) 2023 മേയ് മാസം വരെ പഞ്ചായത്ത് വകുപ്പിൽ വിരമിക്കുന്ന ജീവനക്കാരുടെ വിവരം ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ?

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 61 |
| കൊല്ലം | 67 |
| പത്തനംതിട്ട | 35 |
| ആലപ്പുഴ | 46 |
| കോട്ടയം | 54 |
| ഇടുക്കി | 18 |

| (1) | (2) |
|---|---|
| എറണാകുളം | 106 |
| തൃശ്ശൂർ | 70 |
| പാലക്കാട് | 39 |
| മലപ്പുറം | 48 |
| കോഴിക്കോട് | 61 |
| വയനാട് | 21 |
| കണ്ണൂർ | 41 |
| കാസർഗോഡ് | 25 |

(സി) ജോലിഭാരം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്ത് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ജി.എസ്.ടി. വകുപ്പിൽനിന്നും 208 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പഞ്ചായത്ത് വകുപ്പിലേയ്ക്ക് പുനർവിന്യസിക്കുകയും ആയത് ഗ്രാമപഞ്ചായത്തുകളിൽ പുതിയ തസ്തികയായി അനുവദിച്ചിട്ടുണ്ട്. തുടർ തസ്തികകൾ അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ഡി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്; അവ നികത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ക്ലാർക്ക് - 3

ലൈബ്രേറിയൻ - 1

ഓഫീസ് അറ്റൻഡന്റ് - 3

മേൽപ്പറഞ്ഞ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ

346 (1712) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നൂറിലധികം പഞ്ചായത്തുകളിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. പഞ്ചായത്ത് ഡയറക്ടറുടെ 25-2-2021, 26-2-2021, 27-4-2021, 28-4-2021, 2-7-2021 തീയതികളിലെ PAN/11/2021-E1(DP) നമ്പർ ഉത്തരവ് പ്രകാരം 93 അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. സെക്രട്ടറി തസ്തികയിൽ 5 ഒഴിവുകൾ മാത്രമേ നിലവിലുള്ളൂ. പ്രസ്തുത ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ

347 (1713) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടേയും മറ്റ് ജീവനക്കാരുടേയും ഒഴിവുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും ഇവർക്ക് ആവശ്യമായ ട്രെയിനിംഗ് നല്കി കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ പി.എസ്.സി. മുഖേനയും പ്രൊമോഷൻ മുഖേനയും, ആശ്രിത നിയമനം മുഖേനയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ജീവനക്കാർക്ക് സർക്കാർ സംവിധാനം/കില എന്നിവയിലൂടെ ട്രെയിനിംഗ് നൽകുന്ന പതിവ് നിലവിലുണ്ട്.

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 5 മാസമായി അസി. എഞ്ചിനീയർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) ഉണ്ടെങ്കിൽ അടിയന്തരമായി അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

15-7-2021 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്.

**ഈസ് ഓഫ് ലിവിംഗ് സർവ്വേ**

348 (1714) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കേണ്ട ഗ്രാമീണകുടുംബങ്ങളെ കണ്ടെത്തുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ച ഈസ് ഓഫ് ലിവിംഗ് സർവ്വേ പൂർത്തീകരിക്കേണ്ട അവസാന തീയതി എന്നാണ്; സംസ്ഥാനത്ത് ഈ സർവ്വേ പൂർത്തീകരിക്കാൻ കേന്ദ്രം എത്ര മാസത്തെ സമയമാണ് അനുവദിച്ചിട്ടുള്ളത്?

സർവ്വേ പൂർത്തിയാക്കേണ്ട അവസാന തീയതി 2021 ജൂലൈ 31 ആണ്. സംസ്ഥാനത്ത് ഈ സമയപരിധിക്കുള്ളിൽ സർവ്വേ പൂർത്തീകരിക്കണം.

(ബി) കേരളത്തിൽ പ്രസ്തുത സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ആരംഭിച്ചത്?

ഉണ്ട്. 18-12-2020-ലെ സ.ഉ.(കൈ) നമ്പർ 188/2020/ത.സ്വ.ഭ.വ പ്രകാരം സർവ്വേ നടത്തിപ്പിന്റെ ചുമതല സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറെ ഏല്പിച്ചുകൊണ്ടും, മാർഗനിർദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവ്വേ പ്രാവർത്തികമാക്കാനുള്ള പ്രാഥമിക നടപടികൾ 2021 ജനുവരിയിൽത്തന്നെ ആരംഭിക്കുകയും ഇതിന്റെ ഭാഗമായി 2021 ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം, കോട്ടയം ജില്ലയിലെ തിരുവാർപ്പ് എന്നീ പഞ്ചായത്തുകളിൽ പൈലറ്റ് സർവ്വേ നടത്തി. തുടർന്ന് 24-6-2021-ലെ സ.ഉ.(കൈ)നമ്പർ 112/2021/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർവ്വേ നടത്തിപ്പിന്റെ ചുമതല ഗ്രാമവികസന കമ്മീഷണർക്ക് കൈമാറുകയും ഗ്രാമവികസന കമ്മീഷണറുടെ നേതൃത്വത്തിൽ 2021 ജൂലൈ അഞ്ചാം തീയതി മുതൽ ഫീൽഡ് തലത്തിലുള്ള സർവ്വേ ആരംഭിക്കുകയും ചെയ്തു.

(സി) ഭൂരിഭാഗം സംസ്ഥാനങ്ങളും സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ കേരളത്തിൽ സർവ്വേ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് മഹാമാരിയും രണ്ട് പൊതു തെരഞ്ഞെടുപ്പുകളും സർവ്വേ നടപടികൾ ആരംഭിക്കുന്നതിനും ഫീൽഡ് തല വിവരശേഖരണം നടത്തുന്നതിനും തടസ്സങ്ങൾ സൃഷ്ടിച്ചു.

(ഡി) പരിമിതമായ സമയപരിധിക്കുള്ളിൽ അശാസ്ത്രീയമായി സർവ്വേ പൂർത്തിയാക്കിയാൽ അർഹരായ നിരവധി പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസൃതമായും വ്യക്തമായ നടപടിക്രമങ്ങൾ പാലിച്ചുമാണ് സർവ്വേ നടപടികൾ നടത്തിവരുന്നത്. കൃത്യമായ സമയപരിധിക്കുള്ളിൽ കുറ്റമറ്റരീതിയിൽ സർവ്വേ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ നടപടി

349 (1715) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരകാര്യ വകുപ്പിൽ നിലവിലുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുമോ; പ്രസ്തുത ലിസ്റ്റ് 2021 മേയ് മാസം വരെയുള്ള റിട്ടയർമെന്റിനും പ്രമോഷനും ശേഷവും പുതുക്കിയിറക്കാൻ നടപടി സ്വീകരിക്കുമോ?

നഗരസഭകളിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനും സീനിയോറിറ്റി ലിസ്റ്റ് പുതുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2021 ആഗസ്റ്റ് മുതൽ 2022 മേയ് വരെ പ്രസ്തുത വകുപ്പിൽ റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, റവന്യൂ ഓഫീസർ ഗ്രേഡ്-1 &2, ഡെപ്യൂട്ടി സെക്രട്ടറി, സൂപ്രണ്ട്, റവന്യൂ ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നിന്നുമുള്ള റിട്ടയർമെന്റ് ഒഴിവുകളും മറ്റൊഴിവുകളും എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഒഴിവ് വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിനെ പൊതു സർവ്വീസാക്കി മാറ്റുന്നതിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധിക്ക് കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചു കൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 7-7-2020-ൽ സ.ഉ.(കൈ)നമ്പർ 106/2020/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റേറ്റ് സർവ്വീസിന്റേയും സബോർഡിനേറ്റ് സർവ്വീസിന്റേയും കരട് വിശേഷാൽ ചട്ടങ്ങളുടെ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/ആർ1/17/പി&എആർഡി. നമ്പർ സർക്കുലർ (Simplified procedure for framing special Rules) പ്രകാരം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട് എന്നതല്ലാതെ പ്രത്യേകിച്ച് പ്രതിസന്ധികളൊന്നും നിലവിലില്ല.

## വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ്

350 (1716) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് വകുപ്പിന്റെ വിവിധ ഓഫീസുകൾക്കായി സ്ഥലം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ 30 സെന്റ് സ്ഥലവും ബളാൽ വില്ലേജിൽ 10 സെന്റ് സ്ഥലവും എക്സൈസ് ഓഫീസുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

## എക്സൈസ് ചെക്ക്പോസ്റ്റുകളുടെ ആധുനികവത്ക്കരണം

351 (1717) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ കടത്ത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ശക്തമായ വാഹന പരിശോധനയും മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ശക്തമായ ബോർഡർ പട്രോളിംഗും നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ഒരു ജില്ലാതല എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറകൾ ഉൾപ്പെടെ സ്ഥാപിച്ച് വാഹന പരിശോധനയും നിരീക്ഷണവും നടത്തിവരുന്നു. ട്രെയിൻ മാർഗ്ഗമുള്ള മദ്യ മയക്കുമരുന്ന് കടത്ത് തടയുന്നതിന് ആർ.പി.എഫ്.-മായി ചേർന്നും തീരദേശ മേഖലകളിൽ തീരദേശ പോലീസ് സേനയുമായി സഹകരിച്ചും പട്രോളിംഗ് നടത്തിവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള മദ്യ മയക്കുമരുന്ന് കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും സംസ്ഥാനമൊട്ടാകെയുള്ള മദ്യ മയക്കുമരുന്ന് കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി എക്സൈസ് ചെക്ക്പോസ്റ്റുകൾ ആധുനികവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

എക്സൈസ് ചെക്ക് പോസ്റ്റുകൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി 14 ചെക്ക് പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുകയും 20 ചെക്ക് പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ നൽകുകയും ഇൻവെർട്ടർ സംവിധാനം സോളാർ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ വാഹനപരിശോധന സുഗമമാക്കുന്നതിനായി എല്ലാ ചെക്ക് പോസ്റ്റുകളിലും ഡസ്റ്റ് മാസ്കുകൾ, ഫ്ലൂറസെന്റ് ജാക്കറ്റുകൾ, ട്രാഫിക് കോണുകൾ, സിഗ്നൽ ലൈറ്റ്

ബാറ്റണുകൾ, കുടകൾ, ടോർച്ച് ലൈറ്റ് എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ സാന്നിദ്ധ്യം എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി ഡിജിറ്റൽ എൽ.ഇ.ഡി. സൈൻബോർഡ് സ്ഥാപിക്കുകയും സ്വന്തമായി കെട്ടിടമില്ലാത്ത എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെയും എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത മാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയും ഓരോ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയിൽ പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗം മൂന്ന് മേഖലകളായി തിരിച്ച് ഓരോ മേഖലയും ഓരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലും പ്രവർത്തിച്ചു വരുന്നു.

(ഡി) പ്രാദേശിക തലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായി സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ ഉൾപ്പെടുത്തി പ്രസിഡന്റ് ചെയർമാനായി പഞ്ചായത്ത് തലത്തിലും ചെയർപേഴ്സൺ അദ്ധ്യക്ഷനായി മുനിസിപ്പാലിറ്റി തലത്തിലും എം.എൽ.എ. അദ്ധ്യക്ഷനായി നിയമസഭാ നിയോജക മണ്ഡലം തലത്തിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാ തലത്തിലും കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരിയിൽ പുതിയ എക്സൈസ് റേഞ്ച് ഓഫീസ്**

352 (1718) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസ് വിഭജിച്ച് വടക്കാഞ്ചേരി കേന്ദ്രമായി പുതിയ ഓഫീസ് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഇക്കാര്യം പരിശോധിച്ചുവരുന്നു.

**മദ്യഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നത് പുനഃസ്ഥാപിക്കാൻ നടപടി**

353 (1719) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകൾക്കും മറ്റും ലൈസൻസ് നൽകുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം സർക്കാർ ഏറ്റെടുത്തത് തിരിച്ച് അതത് തദ്ദേശസ്ഥാപനങ്ങൾക്ക് തന്നെ നൽകി അധികാരം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാരിന്റെ മദ്യനയത്തിലെ തീരുമാനങ്ങൾക്കും അബ്കാരി നിയമങ്ങൾക്കും അനുസൃതമായാണ് സംസ്ഥാനത്ത് മദ്യശാലകൾക്ക് അനുമതി നൽകിവരുന്നത്. കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 447-ാം വകുപ്പ്, കേരള പഞ്ചായത്തീരാജ് ആക്റ്റിലെ 232-ാം വകുപ്പ് എന്നിവയിൽ 2012 നവംബർ മാസം വരുത്തിയ ഭേദഗതികൾ പ്രകാരം, അബ്കാരി ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും മുനിസിപ്പാലിറ്റി/പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദ ത്തോടെയും അനുവാദത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടും അല്ലാതെ, ഒരു തദ്ദേശഭരണ പ്രദേശത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കാൻ പാടില്ലെന്ന നിബന്ധന കൊണ്ടുവന്നിരുന്നു. സംസ്ഥാനത്ത് മദ്യഷാപ്പുകൾക്ക് അനുമതി നൽകുന്നത്, സർക്കാരിന്റെ മദ്യനയത്തിനും അബ്കാരി നിയമങ്ങൾക്കും അനുസൃതമായതിനാലും ഒരു വിഷയത്തിൽ രണ്ട് നിയമങ്ങൾ നടപ്പിലാക്കേണ്ടിവരുന്നതുകാരണം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരേ വിഷയത്തിൽ വ്യത്യസ്ത തീരുമാനം കൈക്കൊള്ളുന്നത് സംസ്ഥാനത്താകെ ഏകമായ നിയമം നടപ്പിലാക്കുന്നതിന് തടസ്സമാകും എന്നതിനാലും 2012-ൽ നടപ്പിലാക്കിയ ഭേദഗതികൾ 2017, ജൂൺ 1-ാം തീയതിയിൽ സർക്കാർ പിൻവലിച്ചിരുന്നു. പ്രസ്തുത ഭേദഗതി പുന:സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണം**

354 (1720) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഞ്ചാവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കണ്ടെടുക്കുന്ന കഞ്ചാവ്/ലഹരി വസ്തുക്കൾ എന്നിവയുടെ അളവ് പരിശോധിക്കുമ്പോൾ ഇത്തരം മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നു.

(ബി) കഞ്ചാവ് കൈവശം വയ്ക്കുകയും വിൽപ്പനനടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

എൻ.ഡി.പി.എസ്. കേസ്സുകളിൽ ഭൂരിഭാഗവും കഞ്ചാവ് കണ്ടെത്തലുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവയാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നത് എൻ.ഡി.പി.എസ്. ആക്റ്റ് സെക്ഷൻ 20(b)(ii)A പ്രകാരം ജാമ്യം ലഭിക്കാവുന്ന കുറ്റമാണ്. ഒരു കിലോഗ്രാമിൽ താഴെയുള്ള കഞ്ചാവ് 'small quantity' ആയാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമായതിനാൽ, എൻ.ഡി.പി.എസ്. നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലഹരിമരുന്നുകളുടെ 'Small Quantity, Medium Quantity, Commercial Quantity' അളവുകൾ പുതുക്കിനിശ്ചയിക്കുന്നതിനായി കേന്ദ്ര റവന്യൂ സെക്രട്ടറി, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഡയറക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) സ്കൂൾ വിദ്യാർത്ഥികളും യുവാക്കളും ലഹരിമരുന്നിന് അടിമപ്പെടുന്നത് നിരുത്സാഹപ്പെടുത്താൻ ഏതെല്ലാം രീതിയിലുള്ള ബോധവത്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ?

ലഹരിവസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് സ്കൂൾ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പകർന്നുനൽകി അവർക്കിടയിലെ ലഹരി ഉപയോഗത്തിനെതിരെ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തിവരുന്നു. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും, സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും രൂപീകരിച്ച്, പി.റ്റി.എ., സ്കൂൾ ഡെവലപ്പ്മെൻറ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും, മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം

പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ ശ്രദ്ധ ക്രിയാത്മകമായ പ്രവൃത്തികളിലേയ്ക്ക് തിരിച്ചുവിടുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ കലാകായിക ഇനങ്ങളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ 'ഉണർവ്' എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആദിവാസി/തീരദേശമേഖലകളിൽ അധിവസിക്കുന്ന യുവാക്കൾ ലഹരി മരുന്നിന് അടിമപ്പെടുന്നത് തടയുന്നതിനായി പ്രസ്തുത മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുറമെ കായിക മത്സരങ്ങൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, ബോധവൽക്കരണ കൗൺസിലിംഗ് എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ പ്രസ്തുത മേഖലകളിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ശക്തമായി നടപ്പിലാക്കിവരുന്നു.

**കഞ്ചാവ് മാഫിയകളെ പ്രതിരോധിക്കാൻ പദ്ധതി**

355 (1721) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നഗരകേന്ദ്രീകൃതമായി കഞ്ചാവ് മാഫിയ പിടിമുറുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രതിരോധിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. എന്നാൽ കണ്ടെടുക്കുന്ന കേസ്സുകളുടെ എണ്ണവും പിടിച്ചെടുക്കുന്ന ലഹരിവസ്തുക്കളുടെ അളവും പരിശോധിച്ചാൽ കേരളത്തിൽ ലഹരി ഉപയോഗം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുന്നതായി കാണുന്നു. കേരളത്തിലെ പ്രധാന നഗരങ്ങളിൽ കഞ്ചാവ് കേസ്സുകൾ കണ്ടെടുക്കുന്നതിനും വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ എൻ.ഡി.പി.എസ്.

കേസ്സുകൾ കണ്ടെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും യുവാക്കൾക്കിടയിലും ബോധവത്ക്കരണം നടത്തുന്നതിന് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) തലസ്ഥാന നഗരം കഞ്ചാവിന്റെ ഹബ്ബ് ആയി മാറിയിരിക്കുന്നുവെന്ന മാധ്യമ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

തലസ്ഥാന നഗരം കഞ്ചാവിന്റെ ഹബ്ബ് ആയി മാറുന്നു എന്നത് വസ്തുതാവിരുദ്ധമാണ്.

(സി) നഗരങ്ങളിൽ വൻതോതിൽ കഞ്ചാവ് ഇറക്കുമതി ചെയ്ത് വികേന്ദ്രീകൃതമായി വിറ്റഴിക്കുന്നത് തടയാൻ കഴിയാത്തത് എക്സൈസ് സംവിധാനം വേണ്ടത്ര ശക്തമല്ലാത്തതിനാലാണെന്ന ആക്ഷേപം ഉയർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഇല്ല. നഗരങ്ങളിൽ കഞ്ചാവ് ഇറക്കുമതി ചെയ്ത് വികേന്ദ്രീകൃതമായി വിറ്റഴിക്കുന്നത് തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ആന്ധ്ര, കർണ്ണാടക എന്നിവടങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കഞ്ചാവ് എത്തുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്നും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ചെക്ക് പോസ്റ്റുകൾ സുതാര്യമാക്കുന്നതിലേയ്ക്കായി തിരക്കേറിയ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തുകയും പ്രധാനപ്പെട്ട 20 ചെക്ക് പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്യുകയും ഇൻവെർട്ടർ സംവിധാനം, സോളാർ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും യഥാസമയങ്ങളിൽ പരിശോധന നടത്തുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി

356 (1722) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം താലൂക്കുകളിൽ എക്സൈസ് വകുപ്പിന്റെ സബ് ഡിവിഷൻ, റേഞ്ച് ഓഫീസുകൾ ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത താലൂക്കുകളിൽ എക്സൈസ് വകുപ്പിന്റെ സബ് ഡിവിഷൻ, റേഞ്ച് ഓഫീസുകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവ കേന്ദ്രമാക്കി എക്സൈസ് വകുപ്പിന്റെ റേഞ്ച് ഓഫീസ് ആരംഭിക്കാനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണം

357 (1723) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കടയിൽ എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(ബി) ഇതിനായുള്ള ഭൂമി എക്സൈസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ; നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക കുളത്തുമ്മൽ വില്ലേജിൽ റീ സർവ്വേ 245/10-ൽപ്പെട്ട 10 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് വിട്ടുനൽകാൻ ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം എക്സൈസ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 1366, 1377, 1426, 1458, 1459, 1526, 1542 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II അടിയന്തരപ്രമേയം

### സ്വർണ്ണക്കടത്ത് കേസ്

മി. സ്പീക്കർ: രാമനാട്ടുകര സ്വർണ്ണക്കടത്ത് കേസിലെ പ്രധാന പ്രതിയുടെ കൂട്ടാളിയും കേസ്സിലെ സാക്ഷിയുമായ വ്യക്തിയെ ചോദ്യംചെയ്യാൻ കസ്റ്റംസ് നോട്ടീസ് നൽകി വിളിപ്പിച്ചതിനുപിന്നാലെ പ്രസ്തുത വ്യക്തി ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞതുവഴി കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 22-7-2021-ന് ഉച്ചയ്ക്ക് 2.25-ന് അഴീക്കോട് കപ്പക്കടവ് കെ. സി. ഹൗസിൽ റമീസ് കെ. സി. മൂന്നുനിരത്ത് ഭാഗത്തുനിന്നും അഴീക്കൽ ഭാഗത്തേയ്ക്ക് ബൈക്കിൽ പോകവെ മുന്നിൽപോയ കാറിന്റെ പിന്നിൽ റമീസ് സഞ്ചരിച്ച ബൈക്കിടിച്ച് അപകടമുണ്ടായി. ഗുരുതരമായ പരിക്കുകൾ പറ്റിയ റമീസ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ 22-7-2021-ന് രാത്രി 11.50-ഓടെ മരണപ്പെട്ടു. ടിയാന്റെ സഹോദരൻ റെജിനാസിന്റെ മൊഴിപ്രകാരം വളപട്ടണം പോലീസ് സ്റ്റേഷനിൽ IPC 279, 304A എന്നീ വകുപ്പുകൾപ്രകാരം ക്രൈം 450/21 ആയി കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരികയാണ്. കേസുമായി ബന്ധപ്പെട്ട് ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുകയും സാക്ഷികളുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശേഖരിച്ച സി.സി.ടി.വി. ദൃശ്യങ്ങളിൽനിന്നും റമീസ് ഹെൽമെറ്റ് ധരിക്കാതെയാണ് ബൈക്കിൽ യാത്ര ചെയ്തിരുന്നതെന്ന് പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അഴീക്കൽ കപ്പക്കടവിൽ എത്തിയശേഷം വലതുവശത്തുള്ള തോണിയിൻകടവ് റോഡിലേയ്ക്ക് പെട്ടെന്ന് തിരിഞ്ഞപ്പോഴാണ് റമീസിന്റെ വാഹനം കാറിന്റെ വലതുവശത്തിടിച്ച് അപകടമുണ്ടായതെന്നും വ്യക്തമായിട്ടുണ്ട്. റമീസിന്റെ മരണത്തിനിടയാക്കിയത് വാഹനാപകടത്തിൽ തലയ്ക്കും വാരിയെല്ലുകൾക്കുമേറ്റ ഗുരുതര പരിക്കാണെന്ന് മെഡിക്കൽ റിപ്പോർട്ടിൽ തെളിഞ്ഞിട്ടുണ്ട്. ബൈക്ക് കാറിനുപിന്നിലിടിച്ച് മരണപ്പെട്ട സംഭവമാണിതെന്നാണ് പോലീസ് റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നത്.

ഇവിടെ സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ടുന്നയിച്ച കാര്യങ്ങൾക്ക് പ്രമേയാവതാരകന് ഇനിയും വ്യക്തതയുണ്ടായിട്ടില്ലെന്നാണ് തോന്നുന്നത്. ഇതുമായി ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, സ്വർണ്ണക്കള്ളക്കടത്ത്

നടക്കുന്നുവെന്ന പ്രശ്നവും രണ്ട്, അത് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നവും. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലാണ് കസ്റ്റംസ് ഉൾപ്പെടുന്നത്. യൂണിയൻ ലിസ്റ്റിലെ ഇനം 83 പ്രകാരമാണ് കസ്റ്റംസ് ഡ്യൂട്ടി ചുമത്തപ്പെടുന്നത്. അതുകൊണ്ട് സ്വർണ്ണക്കള്ളക്കടത്തില്ലാതാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഏജൻസികൾക്കാണധികാരമുള്ളത്. കസ്റ്റംസ് ഡ്യൂട്ടി അടയ്ക്കാതെ കൊണ്ടുവരുന്ന സാധനസാമഗ്രികളെ നിയന്ത്രിക്കാനുള്ള സമ്പൂർണ്ണ അധികാരവും അവകാശവും കേന്ദ്രസർക്കാരിനാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനധികാരമില്ല. അതേസമയം ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതിനെത്തുടർന്ന് കൊണ്ടുവരുന്ന കള്ളക്കടത്ത് സ്വർണ്ണം വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ക്രമസമാധാനപ്രശ്നങ്ങളിന്മേൽ ശക്തമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. റമീസിന്റെ അപകടവുമായി ബന്ധപ്പെട്ട കാര്യത്തിലും അന്വേഷണം നടന്നുവരികയാണ്. പ്രമേയാവതാരകൻ ഉന്നയിച്ച മറ്റ് ചില രാഷ്ട്രീയ ആരോപണങ്ങൾക്ക് നേരത്തെതന്നെ സഭയിൽ മറുപടി നൽകിയിട്ടുള്ളതാണ്. വിഷയദാരിദ്ര്യം കൊണ്ട് ഇത്തരം കാര്യങ്ങൾ വീണ്ടും ആവർത്തിക്കുക മാത്രമാണ് പ്രമേയാവതാരകൻ ചെയ്യുന്നത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട അടിയന്തരപ്രാധാന്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതിനുമുൻപുള്ള മൂന്ന് അടിയന്തര പ്രമേയത്തിനും ഒരേ വാചകത്തിൽത്തന്നെയാണ് ഡിഫൻസൊരുക്കിയത്. ഇതൊക്കെ കേന്ദ്ര ഗവൺമെന്റിന്റെ വകയാണെന്നും ഞങ്ങൾക്ക് ഇതിലൊന്നും ചെയ്യാനില്ല എന്നുമാണ് അങ്ങ് അവസാനം പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഐ.ബി.-യാണ് എയർപോർട്ടിന്റെ കാര്യങ്ങൾ നോക്കുന്നതെന്ന് അങ്ങേയ്ക്കുമറിയാം. ഐ.ബി.-യിലേയ്ക്ക് ആളുകളെ വിടുന്നതും എത്ര ആളുകളെ വിടണമെന്ന് തീരുമാനിക്കുന്നതും അത് സ്ക്രീൻ ചെയ്യുന്നതും നടപടിയെടുക്കുന്നതും അങ്ങയുടെ കീഴിലുള്ള കേരള പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽനിന്നാണ്. അത് അങ്ങേയ്ക്ക് പരിശോധിച്ചാൽ കൃത്യമായി മനസ്സിലാകും. രണ്ടാമത്തെ പ്രശ്നം, വളരെ കഷ്ടപ്പെട്ടാണ് ഈ കേസ്സിലെ ഏറ്റവും പ്രധാനപ്പെട്ട ആളുകളെ ഒഴിവാക്കി സഭയിൽ സംസാരിക്കാൻ ശ്രമിച്ചത്. സാധാരണഗതിയിൽ അങ്ങനെയൊരു ശ്രമം വരുന്നതല്ല, പക്ഷെ എങ്ങനെ സംഭവിച്ചുവെന്നെനിക്കറിയില്ല. ഇവിടെ ശ്രീ. അർജ്ജുൻ ആയങ്കിയെ ഒഴിവാക്കുന്നതിന് അങ്ങ് വല്ലാതെ കഷ്ടപ്പെട്ടു. ഒരുകാര്യം അങ്ങയെ ഓർമ്മിപ്പിക്കാനുള്ളത്, പുരയ്ക്കുമുകളിൽ മരംവളർന്നാൽ ആ മരംവെട്ടാനുള്ള മഴു എടുക്കാൻ അങ്ങ് തയ്യാറുണ്ടോ? അതാണ് പ്രധാനപ്പെട്ട ചോദ്യം. അത് ചെയ്തിരുന്നുവെങ്കിൽ കേരളം രക്ഷപ്പെടുമായിരുന്നു. കുറെയധികം

ഗുണ്ടകളെയും സംസ്ഥാനം തകർക്കുന്ന ഒരുപറ്റം ആളുകളെയും കൈകാര്യം ചെയ്യാൻ സാധിക്കുമായിരുന്നു. അങ്ങ് പറഞ്ഞകാര്യം ഞങ്ങൾക്ക് ബോദ്ധ്യപ്പെടുന്നില്ലെന്ന് മാത്രമല്ല, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. സന്തോഷ് കുമാറിനും പിടികിട്ടിയില്ല. ജനയുഗം പത്രത്തിൽ പേരുവച്ച് അദ്ദേഹം ലേഖനം എഴുതിയിട്ടുണ്ട്. ചെഗുവേരയുടെ ചിത്രം കയ്യിലും നെഞ്ചിലും പച്ചകുത്തിയും ചെങ്കൊടി പിടിച്ച് സെൽഫിയെടുത്തും രാഷ്ട്രീയ എതിരാളികളെ വെട്ടിനുറുക്കിയുമല്ല കമ്മ്യൂണിസ്റ്റാകേണ്ടതെന്ന ശ്രീ. സന്തോഷ് കുമാറിന്റെ ഉപദേശമെങ്കിലും ദയവായി പരിശോധിക്കണം. ഇത് ഞങ്ങളുടെ രാഷ്ട്രീയ വിമർശനമല്ല. അങ്ങയുടെ പാർട്ടി ഇതുവരെ നിഷേധിക്കാത്ത ചില കാര്യങ്ങൾ പറഞ്ഞപ്പോൾ ഞങ്ങളെ എന്തിനാണ് ആക്ഷേപിക്കുന്നത്; വിഷയ ദാരിദ്ര്യമാണെന്ന് പറയുന്നത് എന്തിനാണ്? ദാരിദ്ര്യം എവിടെയാണുള്ളതെന്ന് ഞാൻ പറയാം.

ഇവിടെ ഡി.വൈ.എഫ്.ഐ.-യുടെ ചെമ്പിലോട് മേഖലാ സെക്രട്ടറി ശ്രീ. സജേഷായിരുന്നു ശ്രീ. അർജ്ജുൻ ആയങ്കിക്ക് പോകാനുള്ള വാഹനം ഒരുക്കിക്കൊടുത്തത്. അങ്ങ് പരിശോധിച്ചുനോക്കൂ, അങ്ങേയ്ക്ക് വിഷമമുണ്ടെന്ന് എനിക്കറിയാം. എന്റെ അടുത്ത സുഹൃത്തായതുകൊണ്ട് ഞാൻ അങ്ങയെ വിമർശിക്കുന്നില്ല. ഷുഹൈബ് വധക്കേസിലെ പ്രതിയായ ശ്രീ. ആകാശ് തില്ലങ്കേരിക്കും ഇതിൽ പങ്കാളിത്തമുണ്ടെന്ന് ഇവർ നൽകിയ മൊഴിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന സത്യം അങ്ങേയ്ക്കറിയില്ലേ? ഇവിടെ അന്വേഷണം നടത്തുന്നത് കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റംസായതുകൊണ്ട് ഞങ്ങൾ ഇതിലൊന്നും തൊടില്ലെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? Law of the land ആരുടെ കയ്യിലാണ്; സംസ്ഥാനത്തെ നിയമസമാധാനത്തിന്റെ കസ്റ്റോഡിയൻ മുഖ്യമന്ത്രിയല്ലേ; മുഖ്യമന്ത്രിക്ക് ഒരു ഭാഗത്തുനടക്കുന്ന അക്രമപ്രവർത്തനങ്ങളിലും പങ്കില്ലെന്നും ഉത്തരവാദിത്വമില്ലെന്നുംപറയുന്നത് ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ ഉദ്ധരിച്ചുകൊണ്ടാണെന്ന് ഓർക്കണം. സംസ്ഥാനത്തെ നിയമസമാധാനം ആരാണ് നോക്കേണ്ടത്; അതിനുള്ള ഉത്തരവാദിത്വം അങ്ങേയ്ക്കാണുള്ളതെന്ന് ആർക്കാണറിയാത്തത്? നേരത്തെ സൂചിപ്പിച്ച ആളുകളുമായി ബന്ധപ്പെട്ട കുറെയധികം നടപടികളുണ്ട്, പിശകുകളെക്കുറിച്ച് ആലോചിക്കാതിരിക്കാൻ കഴിയുമോ? ഇവിടെ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് വരുന്നത്. ഒന്ന്, വിമാനത്തിൽ സർണ്ണം കൊണ്ടുവരുന്നു. രണ്ട്, വിമാനത്തിൽനിന്നും ഇറക്കിക്കൊണ്ടുവരുന്ന സ്വർണ്ണം തട്ടിയെടുക്കുന്നതിനായി ഒരുകൂട്ടം ഗുണ്ടകൾ നിൽക്കുന്നു. മൂന്ന്, ആ ഗുണ്ടകളെ വെട്ടിച്ച് വീണ്ടും സ്വർണ്ണം കൈക്കലാക്കുന്നതിന് ശ്രമംനടക്കുന്നു. ഈ മൂന്ന്

ക്രൈമുകളിൽ സംസ്ഥാന ഗവണ്മെന്റിന്റെ കീഴിൽ വരുന്നത് ഏത് ക്രൈമാണെന്ന് പരിശോധിച്ചാൽമതി. വിമാനത്തിൽ സ്വർണ്ണം കൊണ്ടുവരുന്ന കാര്യം ആകാശത്തുള്ളതാണെന്ന് പറഞ്ഞു. സ്വർണ്ണം വിമാനത്തിൽ കൊണ്ടു വരുന്നതിനായി ശ്രീ. അർജ്ജുൻ ആയങ്കിക്ക് കുരുവികൾ എന്നറിയപ്പെടുന്ന അമ്പതംഗ സംഘമുണ്ടെന്നതും അതുമുഴുവൻ കണ്ണൂരാണെന്നുള്ളതും അറിയില്ലേ? ഇവിടെ സ്വർണ്ണംകടത്താൻ ശ്രീ. അർജ്ജുൻ ആയങ്കിക്കുണ്ടായിരുന്നത് അമ്പതംഗ യുവാക്കളുടെ കുരുവിസംഘമാണ്. അവരെ ഒരു തവണമാത്രമാണ് സ്വർണ്ണം കടത്താനുപയോഗിക്കുന്നത്. വിദേശത്തുനിന്നുംവരുന്ന സ്വർണ്ണമെത്തിക്കുന്നത് ഈ സംഘമാണ്. ഇവർ തമിഴ്നാട്ടിൽനിന്നും വന്നവരല്ല; കേരളത്തിൽനിന്നുള്ളവരല്ലേ? ഇവർ എവിടെയൊക്കെ പോകുന്നുണ്ടെന്നും എന്തൊക്കെ ചെയ്യുന്നുവെന്നും പരിശോധിക്കുന്നതിനായി വിപുലമായ ഇന്റലിജൻസ് വിഭാഗം ഇവിടെയുണ്ടല്ലോ; കുരുവിയെക്കുറിച്ച് ഒരിക്കലെങ്കിലും പരിശോധിക്കാൻ കഴിഞ്ഞോ? ഇവർ കാർ മോഷ്ടിക്കുന്നു, ഒളിപ്പിച്ചുവയ്ക്കുന്നു, അവരുടെ ഇഷ്ടപ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നു. ഇതൊക്കെയാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഡി.വൈ.എഫ്.ഐ. ചെമ്പിലോട് മേഖലാ സെക്രട്ടറി ശ്രീ. സജേഷ്, ശ്രീ. അർജ്ജുൻ ആയങ്കിക്ക് വാഹനംകൊടുത്തു എന്നല്ലേ പറഞ്ഞിട്ടുള്ളത്; ശ്രീ. അർജ്ജുൻ ആയങ്കിയുടെ സോഷ്യൽ മീഡിയയിൽ വന്ന പോസ്റ്റ് പരിശോധിക്കണം. ഒറ്റുകാരനാക്കുന്നതും അംഗീകരിക്കില്ല, എല്ലാം തുറന്നുപറയേണ്ടിവരുമെന്ന് ശ്രീ. അർജ്ജുൻ ആയങ്കി ഭീഷണിപ്പെടുത്തിയതോടുകൂടി എന്റെമുമ്പിൽ ബഹളമുണ്ടാക്കാൻ ശ്രമിക്കുന്ന സഹോദരന്മാർ പിന്നീടൊരക്ഷരം മിണ്ടിയിട്ടില്ല. അവരുടെ വായിൽ നാവുണ്ടോയെന്ന് പരിശോധിക്കേണ്ടിവരും. ഇതുപോലുള്ള വിഷയങ്ങളിൽ ഗവണ്മെന്റ് എന്തുചെയ്യുന്നുവെന്ന് ചോദിക്കണ്ടേ? ഭരണഘടനയുടെ 7-ാം ഷെഡ്യൂളനുസരിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ പരിധിയിൽവരുന്ന മറ്റ് ഷെഡ്യൂളുകളിലെ കാര്യംകൂടി അങ്ങ് പരിശോധിക്കണ്ടേ? വിമാനത്താവള പരിസരത്ത് ഗുണ്ടാസംഘങ്ങൾ ഒരുവർഷത്തിനിടെ ഇരുപതിലേറെ അക്രമങ്ങൾ നടത്തിയെന്നത് ഭരണഘടനയുടെ ഏത് 7-ാം ഷെഡ്യൂളിൽപ്പെട്ടതാണ്; ഇത് കേരള ഗവണ്മെന്റ് ചെയ്യേണ്ടതല്ലേ? പോലീസല്ലേ കാര്യങ്ങൾ നോക്കേണ്ടത്; സംസ്ഥാനത്തെ നിയമസമാധാനം തകർന്ന് തരിപ്പണമാകുന്നതിന്റെ സൂചനയല്ലേ കാണുന്നത്. അക്കാര്യത്തെക്കുറിച്ച് ഗവൺമെന്റിനൊന്നും പറയാനില്ലേ? വ്യക്തതയില്ലാത്ത കാര്യങ്ങളാണ് പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് പറഞ്ഞു, ഡിഫൻസിനുവേണ്ടി മുഖ്യമന്ത്രി ഇപ്രകാരം പറയരുതെന്ന് ഞാൻ പറയുന്നില്ല. ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള ശബ്ദരേഖ കേട്ടിട്ടുണ്ടോ യെന്നറിയില്ല. പക്ഷേ പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ പോലീസുകാർ അത് കേട്ടിട്ടുണ്ടാകും. സംഘാംഗങ്ങളുടെ ആ ശബ്ദരേഖയിൽ എയർപോർട്ടിലെത്താൻ എന്ത് ചെയ്യണമെന്ന് നിർദ്ദേശിക്കുകയാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിന്റെ പരിധിയിൽ അവർക്ക് ഡിഫൻസുള്ള കാര്യമാണോ? എങ്ങനെ എയർ

പോർട്ടിലെത്തണം എന്നതിനെക്കുറിച്ച് അവർ പറയുകയാണ് - "ശ്രീ. നസീറിനെ വിളിക്കും, സാധനം എന്നുപറയും. അപ്പോൾ "അ" എന്നുപറയണം." അതാണ് അവർക്കുള്ള കോഡ്. "ആരുവിളിച്ചാലും "അ" എന്നുമാത്രം പറഞ്ഞാൽ മതി." വായ് തുറന്നാൽ കാര്യങ്ങൾ പുറത്തുപോയാലോ, അതുകൊണ്ട് "അ" എന്നുമാത്രം പറയും. "എയർപോർട്ടിൽ എത്തിയാൽ ശ്രീ. ഫസലിനെ മാത്രമേ വിളിക്കാവൂ." ഇത് 7-ാം ഷെഡ്യൂളിൽപ്പെട്ടതാണോ? "ഇതുപറഞ്ഞാലേ സാധനം നമ്മുടെ കയ്യിലേയ്ക്ക് വരികയുള്ളൂ." എന്താണ് സാധനം, പച്ചക്കറിയാണോ; മുരിങ്ങയ്ക്കായോ; തോരൻ വയ്ക്കാനുള്ള സാധനമോ, കേരളാ ഗവൺമെന്റ് കൊടുത്ത കിറ്റിലെ സാധനമോ? അല്ല, സ്വർണ്ണമാണ്. എങ്കിൽ മാത്രമെ സാധനം കയ്യിൽ കിട്ടുകയുള്ളൂ. വേറെ റിസ്ക്കൊന്നുമില്ല. ഇതുപോലൊരു വാട്സ്ആപ് സന്ദേശം കള്ളക്കടത്ത് സംഘത്തിന് കൊടുത്ത് കാര്യങ്ങൾ ചെയ്യാൻ എങ്ങനെ ധൈര്യം വന്നുവെന്ന് പറയണ്ടേ? കൊള്ള മാത്രമല്ലല്ലോ, സ്വർണ്ണക്കടത്ത്, ബാങ്ക്കൊള്ള, വനംകൊള്ള, സ്ത്രീപീഡനം, സ്ത്രീധന പീഡനം, ബലാത്സംഗം, പോക്സോ, കൊലപാതകം തുടങ്ങി എല്ലാ ക്രിമിനൽ കുറ്റവാളികളും നാട്ടിൽ വട്ടംകറങ്ങുകയല്ലേ? അവരെല്ലാം ചെയ്യുന്ന പ്രവർത്തനം നിയമസഭയിൽ ഒരുദിവസംമുഴുവൻ ചർച്ചചെയ്താലും അവസാനിക്കില്ല. നാട്ടിൽ ഇത്തരത്തിലുള്ള അക്രമം അവസാനിപ്പിക്കാൻ നടപടിയുണ്ടാകണ്ടേ? സ്വർണ്ണ കള്ളക്കടത്തിനെതിരെ എൻ.ഐ.എ.-യുടെ അന്വേഷണം ആദ്യംവന്നു. പക്ഷേ അങ്ങ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ടതിനുശേഷമാണ് എൻ.ഐ.എ. കൂട്ടിൽക്കയറിയതെന്ന സംസാരം കേരളത്തിലുണ്ട്. ഞാൻ ആക്ഷേപമായി പറയുന്നതല്ല, ഇനിയും തെളിവുവരാനുണ്ട്. ഇത്തരത്തിൽ നാട്ടിൽ സ്വർണ്ണക്കള്ളക്കടത്ത് നടത്തുന്നത് ശരിയാണോ? ഏറ്റവും ഒടുവിൽ ശ്രീ. അർജ്ജുൻ ആയങ്കിയുടെ സുഹൃത്ത് റമീസ് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടു. അതും ഭരണ ഘടനയുടെ ഏഴാം ഷെഡ്യൂളിൽപ്പെട്ടതാണോ; അത് ഏത് പട്ടികയിൽപ്പെട്ടതാണ്; റമീസ് മരിച്ചതെങ്ങനെയാണ്? ചോദ്യം ചെയ്യുന്നതിനും തെളിവെടുക്കുന്നതിനും റമീസിനെ കസ്റ്റംസ് വിളിച്ചു. ആ തെളിവ് പുറത്തുവരാതിരിക്കാൻ റമീസിനെ കൊന്നു, ആ കൊലപാതകത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? നമ്മുടെ നാട്ടിലെ കൊള്ളയും കൊള്ളിവയ്പും അവസാനിപ്പിക്കാൻ നടപടിയുണ്ടാകണം. ഇവിടെ ശ്രീ. ആകാശ് തില്ലങ്കേരി, ശ്രീ. അർജ്ജുൻ ആയങ്കിമാരെപോലുള്ളവർക്ക് കേരളം തുറന്നുകൊടുത്താൽ നാളെ ലഭിക്കാൻ പോകുന്ന പ്രതിഫലം ചെറുതായിരിക്കി ല്ലെന്നാണ് ഓർമ്മിപ്പിക്കാനുള്ളത്. ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചതു കൊണ്ട് അങ്ങയുടെ നാവിലെ എല്ലാവാക്കും കേൾക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണെന്ന് ധരിക്കരുത്. കള്ളക്കടത്ത് അവസാനിപ്പിക്കുന്നതിനായി പോലീസും ഗവൺമെന്റും എന്ത് നടപടി സ്വീകരിച്ചു? കള്ളക്കടത്തിന്റെ റേറ്റിംഗ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് പരിശോധിക്കണം. പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ എല്ലാ കാര്യങ്ങളും രഹസ്യമാണെന്ന് തെറ്റിദ്ധരിക്കണ്ട. എല്ലാ രഹസ്യവും അറിയാവുന്ന കുറച്ചുപേരെങ്കിലും ഈ സഭയിലുണ്ടെന്ന്

മനസ്സിലാക്കണം. അതുകൊണ്ട് കള്ളക്കഥ പറയാതെ നാട്ടിലെ നിയമസമാധാനം പാലിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇരുന്നൂറ്റി ചില്വാനം കിലോ സ്വർണ്ണം ചെറിയ കാലത്തിനുള്ളിൽ കേരളത്തിൽ വന്നിട്ടും നിയമസമാധാനത്തിന്റെ കസ്റ്റോഡിയനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ഞങ്ങൾക്കതിൽ പങ്കില്ല, അതെല്ലാം കേന്ദ്ര സർക്കാരാണ് നോക്കുന്നത്, അതെല്ലാം കേന്ദ്രത്തിലേയ്ക്ക് പോകട്ടെയെന്നാണ്. റമീസിന്റേത് കൊലപാതകമാണോയെന്ന് പരിശോധിച്ചോ; ജയിലിലിരുന്ന് ചിലർ ഈ സംഘത്തെ നയിക്കുന്നുണ്ടല്ലോ? ഈ അന്വേഷണം പൂർത്തിയാകുന്നതുവരെ ജയിലിലിരിക്കുന്ന ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ മറ്റ് സംസ്ഥാനത്തേയ്ക്ക് മാറ്റിയാൽ മാത്രമേ ഇവിടെ സമാധാനപരമായി അന്വേഷണം നടക്കുകയുള്ളൂവെന്നും ജനങ്ങൾക്ക് ആശ്വാസമുണ്ടാകുകയുള്ളൂവെന്നും ഓർമ്മിപ്പിക്കുകയാണ്. നിയമസമാധാനം വഴിതെറ്റാതിരിക്കുന്നതിന് നടപടി യെടുത്തേ മതിയാകൂ. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണന് എന്താണ് സംഭവിച്ചതെന്നാണാണ് ഞാൻ ആലോചിച്ചത്. വളരെ പ്രധാനപ്പെട്ട കാര്യം അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. പോലീസ് ഹെഡ്ക്വാർട്ടേഴ്സി ലുള്ളതൊന്നും രഹസ്യങ്ങളല്ല, അതെല്ലാം അറിയാവുന്ന ചിലർ ഈ സഭയിലുണ്ട്, ഞങ്ങളിൽ ചിലരെന്നാണ് അദ്ദേഹം പറഞ്ഞത്. അത് കുറച്ച് കടന്ന സംസാരമാണ്. നേരത്തെ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്ത ചിലർ പ്രതിപക്ഷത്തുണ്ട്. അന്നത്തെ ചില ബന്ധങ്ങളൊക്കെ വച്ച് ചില വിവരങ്ങൾ ശേഖരിക്കുന്നുണ്ടെന്നാണ് ഇവിടെ പറഞ്ഞതിന്റെ അർത്ഥം. അതെല്ലാം യഥാർത്ഥ വിവരങ്ങൾ തന്നെയാണോയെന്ന് പരിശോധിക്കണം. ഏതായാലും ഔദ്യോഗിക രഹസ്യങ്ങൾ ചോർത്തുന്നതിന് ശ്രമിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞുവച്ചത്. അത് കുറച്ച് കടന്ന നടപടിയാണ്. അങ്ങനെയൊരു നില എടുത്തുപോകുന്നത് പൊതുവെ ഗുണകരമല്ലെന്നാണ് പറയാനുള്ളത്.

സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വം, കസ്റ്റംസിനുള്ള അധികാരങ്ങൾ എന്നിവ സംബന്ധിച്ച് കഴിഞ്ഞദിവസം സഭയിൽ വിശദമാക്കിയിട്ടുണ്ട്. എന്തോ മഹാപരാധം ഞാൻ പറഞ്ഞുവെന്ന മട്ടിലാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചത്. അബദ്ധമാണെന്ന് സ്വയം അറിഞ്ഞുകൊണ്ട് വളരെ ശക്തമായി കാര്യങ്ങൾ പറയുക എന്നതാണ് അദ്ദേഹത്തിന്റെ ഗുണം. ഇവിടെ രണ്ട് വാചകമാണ് ഞാൻ പറയുന്നത്. "വിമാനത്താവളങ്ങളുടെ നിയന്ത്രണം സംസ്ഥാന പോലീസിനല്ല. സ്വർണ്ണ ക്കള്ളക്കടത്ത് തടയുന്നതിനായി നിതാന്ത ജാഗ്രത പുലർത്തുന്നതായി കസ്റ്റംസ് അധികൃതർ അറിയിച്ചിട്ടുണ്ട്." ഇത് 2014 ജനവരി 6-ന് നിയമസഭയിൽ അംഗമായിരുന്ന ശ്രീ. കെ. രാധാകൃഷ്ണന്റെ ചോദ്യത്തിന് അന്നത്തെ ആഭ്യന്തര

വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ മറുപടിയിലെ രണ്ട് വാചകമാണ് ഞാൻ പറഞ്ഞത്. ഇതിന്റെ മറ്റൊരുരൂപമാണ് നേരത്തെ പറഞ്ഞത്. അതിനെക്കുറിച്ച് അദ്ദേഹം പറയുന്നത്, എയർപോർട്ടുകളുടെ ചുമതല ഐ.ബി.-ക്കാണ്, അതിൽ പി.എച്ച്.ക്യൂ.-വിൽനിന്നും പോകുന്ന ആളുകളാണുള്ളത് എന്നാണ്. അതാണ് ഞാൻ പറഞ്ഞത്, ഇക്കാര്യങ്ങളൊന്നും അറിയാത്ത ഒരാളാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെന്ന് ഞാനൊരിക്കലും പറയില്ല; അറിഞ്ഞുകൊണ്ട് തെറ്റായ കാര്യങ്ങൾ അവതരിപ്പിക്കുകയാണ്. പോലീസിൽനിന്ന് വിമാനത്താവളത്തിലേയ്ക്ക് പോകുന്ന ആളുകൾക്ക് എത്രത്തോളം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്ന് പ്രതിപക്ഷത്ത് അടുത്തടുത്തിരിക്കുന്ന രണ്ടുപേരും തമ്മിൽ ചർച്ചചെയ്താൽ നിങ്ങൾ പറഞ്ഞതത് ശരിയല്ലെന്ന് വ്യക്തമാകും. അത് തീർത്തും വസ്തുതാവിരുദ്ധമാണ്. പോലീസിൽനിന്നും പോകുന്നവർക്ക് കസ്റ്റംസ് അധികാരമില്ല; അവർ സഹായികൾ എന്ന നിലയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ വിമാനത്താവളങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾനോക്കുന്ന സി.ഐ.എസ്.എഫ്.-ൽ പോലീസിൽനിന്നുള്ള ആളുകളില്ല. കസ്റ്റംസ് പ്രത്യേകമായാണ് പ്രവർത്തിക്കുന്നത്. ഇക്കാര്യങ്ങളൊന്നും അറിയാത്ത ആളല്ല ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. പക്ഷേ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതിനായി ഇവിടെനിന്നുള്ള പോലീസാണ് കാര്യങ്ങൾ നീക്കുന്നതെന്ന് പറയുകയാണ്. ചെറിയ കുറ്റവാളികളെന്നോ പുരയ്ക്കുമുകളിൽ വളർന്നവരെന്നോ എന്നത് പ്രശ്നമല്ല. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ അവരെ കുറ്റവാളിയായി കാണാൻ പാടുള്ളൂ. അവർക്കുനേരെ കർക്കശ നടപടിയുണ്ടാകും. ഇവിടെപ്പറഞ്ഞ രണ്ടുമൂന്ന് ആളുകളുടെ പേരുകളാരാണ് കണ്ടെത്തിയത്; പോലീസിന്റെ അന്വേഷണത്തിന്റെ ഭാഗമായല്ലേ അവരെ കണ്ടെത്തിയത്? അവർ പുരയ്ക്കുമുകളിൽ വളർന്നു എന്നതുകൊണ്ട് അവരെ കാണാതിരുന്നോ? ഒന്നിന്റെയും മേലെ ആരും വളരില്ലെന്നും കുറ്റവാളികളാണെങ്കിൽ ആ നിലയ്ക്കുതന്നെ കൈകാര്യം ചെയ്യുമെന്നും നമ്മൾ മനസ്സിലാക്കണം.

ഇവിടെ സംസ്ഥാന സർക്കാരിന് എങ്ങനെയാണ് ഉത്തരവാദിത്വം വരുന്നത്? ക്രമസമാധാന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യമാകുമ്പോൾ സംസ്ഥാന സർക്കാർ നടപടിയെടുക്കുകതന്നെ ചെയ്യും. സ്വർണ്ണക്കള്ളക്കടത്തും കടത്തിക്കൊണ്ടു വരുന്ന സ്വർണ്ണം ഇവിടെ കൊടുക്കുന്നതുമായി ബന്ധപ്പെട്ട ക്രമസമാധാനപ്രശ്നം എന്നിങ്ങനെ രണ്ട് ഭാഗമാണിതിലുള്ളത്. അതിൽ സർക്കാർ ഇടപെട്ടിട്ടുണ്ട്; കർക്കശ നടപടിയാണ് അക്കാര്യത്തിലെടുത്തിട്ടുള്ളത്. വേട്ട സംഘം, കുരുവി സംഘം എന്നതൊന്നും സർക്കാരിന്റെ മുമ്പിലുള്ള പ്രശ്നമല്ല. ഏത് സംഘമായാലും നിയമവിരുദ്ധ പ്രവർത്തനം നടത്തിയാൽ അതനുസരിച്ചുള്ള സമീപനം സ്വീകരിക്കും. കുരുവി സാധാരണ നിരുപ്രദവകാരിയായ ജീവിയാണ്. പക്ഷെ കുരുവിയെന്ന് പേരിട്ടതുകൊണ്ട് നിരുപദ്രവകാരിയാണെന്ന് സർക്കാർ കാണുന്നില്ല. കുറ്റവാളികളെ അങ്ങനെതന്നെ കണ്ട് നടപടിയെടുക്കും.

ഏതോ ഒരു പ്രതിക്ക് എല്ലാം തുറന്നുപറയേണ്ടിവരുമെന്ന് പറഞ്ഞുവെന്നാണ് അദ്ദേഹം പറയുന്നത്; ഇത് ആരെ ഭയപ്പെടുത്താനാണ്? ആ പ്രതി ഇപ്പോൾ പോലീസ് നടപടിയുടെ ഭാഗമായി നിൽക്കുകയാണ്. തെറ്റ് ചെയ്താൽ നടപടി ഉറപ്പാണ്. വിമാനത്താവളത്തിനടുത്ത് സംഭവങ്ങളുണ്ടായെങ്കിൽ അതിന്മേൽ കർക്കശ നടപടിയെടുക്കും. ഒരു സംഭവത്തേയും കണ്ടില്ലെന്ന് നടിക്കുന്ന നിലപാട് കേരള പോലീസ് സ്വീകരിക്കില്ല. അദ്ദേഹം ശബ്ദരേഖയുടെ കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കുറ്റവാളികൾ തമ്മിൽ ചില കാര്യങ്ങൾ സംസാരിച്ചിട്ടുണ്ടോ ഇല്ലയോ എന്നെനിക്കറിയില്ല. അത്തരം കാര്യങ്ങൾ പോലീസ് ഗൗരവമായി നിരീക്ഷിക്കും. ആവശ്യമായ ജാഗ്രതയോടെ നടപടിയെടുക്കുന്നതിനുള്ള ശേഷി സംസ്ഥാന പോലീസിനുണ്ട്. റമീസ് മരണപ്പെട്ടതിനെക്കുറിച്ചുള്ള പോലീസ് റിപ്പോർട്ട് ഇപ്രകാരമാണ്, ഒരു കാർ മുന്നിൽ പോകുന്നു; അതിന്റെ പിന്നിലായി ബൈക്കിൽ റമീസ് വരുന്നു; ആ കാർ വലതുവശത്തേയ്ക്ക് തിരിഞ്ഞപ്പോൾ ബൈക്ക് വന്ന് ഇതിന്റെ വലതുവശത്ത് ഇടിക്കുന്നു; ആ അപകടത്തിലാണ് ആശുപത്രിയിൽവച്ച് റമീസ് മരണപ്പെടുന്നത്. -പിന്നിൽനിന്ന് മറ്റൊരു വാഹനത്തെ ഇടിച്ചുണ്ടായ അപകടത്തിൽ റമീസ് മരണപ്പെടുകയാണുണ്ടായത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഉത്തരവാദിത്തപ്പെട്ട ഒരാൾ ഇങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കാൻ പുറപ്പെടുമ്പോൾ മറന്നുപോകുന്നു. അത് മറക്കരുത് എന്നാണ് അദ്ദേഹത്തോട് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഏതോ തെളിവ് പുറത്തുവരാതിരിക്കാൻ അയാളെ കൊന്നുകളഞ്ഞതാണ് എന്നുവരെ അദ്ദേഹം പറയുകയാണ്. അത് എത്ര പരിഹാസ്യമാണ്. ഇത്തരമൊരു കാര്യത്തിൽ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ ഒരാൾ നിയമസഭപോലെയുള്ള ഒരു വേദിയിൽ അങ്ങനെ പറയാമോ? അതിന്റെ പശ്ചാത്തലം പരിശോധിച്ചാൽ അങ്ങനെ പറയാൻ കഴിയുമോ? ചിലരുടെ മോഹത്തിന് ബലംകൊടുക്കുന്ന രീതിയിലുള്ള സംസാരങ്ങൾ ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലുള്ളവരുടെ ഭാഗത്തുനിന്നുമുണ്ടാകരുത്. ഇവിടത്തെ ജയിലിലുള്ള ചില ആളുകളെ മറ്റുചില സംസ്ഥാനത്തെ ജയിലിൽ കൊണ്ടുപോയാലോ എന്ന ആലോചന നേരത്തെ ചില കേന്ദ്രങ്ങളിലുണ്ടായെന്ന് കേട്ടിട്ടുണ്ട്. അത് ശിക്ഷിക്കപ്പെട്ടവരെയല്ല, ചില കേസിന്റെ ഭാഗമായി റിമാൻഡ് തടവുകാരായി കഴിയുന്നവരെയാണ്. ജയിലിൽനിന്ന് ആളുകളെ മറ്റ് സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് അയയ്ക്കണമെന്ന വാദമുയർത്തുന്നത് മറ്റ് ചില ശക്തികൾക്ക് ബലം നൽകുകയാണ് ചെയ്യുന്നത്. എല്ലാ തടവുകാരും സാധാരണഗതിയിലുള്ള നിയമമനുസരിച്ച് ജീവിക്കാൻ ബാദ്ധ്യതപ്പെട്ട ഇടങ്ങളാണ് ജയിലുകൾ. ഒരുഘട്ടത്തിൽ ജയിലുമായി ബന്ധപ്പെട്ട് ചില വാർത്തകൾ പ്രത്യക്ഷപ്പെട്ടപ്പോൾ കൂടുതൽ കർക്കശനിലയിൽ ജയിലിന്റെ കാര്യങ്ങൾ നീങ്ങണമെന്ന ധാരണവച്ച് ഡി.ജി.പി.-മാരിൽ സീനിയറായ ശ്രീ. ഋഷിരാജ് സിംഗിനെ ജയിൽ ഡി.ജി.പി. ആയി നിശ്ചയിച്ചു. അദ്ദേഹം ഇടവിട്ട സമയങ്ങളിൽ ജയിലുകൾ സന്ദർശിക്കാറുണ്ട്. മാത്രമല്ല തടവുകാർക്കുൾപ്പെടെ വിളിക്കുന്നതിനായി എല്ലാ ജയിലുകളിലും

സെല്ലുകളിലടക്കം അദ്ദേഹത്തിന്റെ മൊബൈൽ നമ്പർ എഴുതിവച്ചിട്ടുമുണ്ട്. ഇപ്പോൾ ജയിലിൽ ഫോൺ വിളിക്കാൻ സൗകര്യമുണ്ടെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കർക്കശരീതിയിൽ നിയമനടപടികൾ സ്വീകരിക്കുന്ന ജാഗ്രതയാണ് അവിടെ കാണുന്നത്. ജയിലിന്റേതായ ചില പ്രത്യേകതകൾ എല്ലാ കാലത്തുമുണ്ടാകാറുണ്ട്.അത് പൊതുനിലയ്ക്ക് ദൗർബല്യമുണ്ടാകുന്ന വിധത്തിലാകാൻ പാടില്ലെന്നുള്ളതുകൊണ്ടുതന്നെ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പാലിക്കുന്നതിനുള്ള ഇടപെടൽ ജയിൽ ഡി.ജി.പി.-യുടെ ഭാഗത്തുനിന്നും പലപ്പോഴുമുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി നല്ല രീതിയിലുള്ള അന്തരീക്ഷമാണ് പൊതുവെ ജയിലുകളിലുള്ളത്. അതിനെക്കുറിച്ച് തെറ്റായൊരു ചിത്രം വരച്ചുകാട്ടുംവിധമാണ് ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചത്. എല്ലാംകൊണ്ടും ഇവിടെ പുതിയ കാര്യങ്ങളൊന്നും അദ്ദേഹമുന്നയിച്ചിട്ടില്ല. പണ്ടുമുതൽ പറയുന്ന ചില കാര്യങ്ങൾ ഒരാവർത്തികൂടി പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഇത് സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ഒരു വിഷയമേയല്ലെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് രാമനാട്ടുകര സ്വർണ്ണ കള്ളക്കടത്ത് കേസും അതുമായി ബന്ധപ്പെട്ട് നടന്ന പ്രശ്നങ്ങളെല്ലാം ഒരു വിഷയമല്ല, വിഷയദാരിദ്ര്യംകൊണ്ട് പ്രതിപക്ഷം ഇത് അടിയന്തരപ്രമേയ നോട്ടീസായി സഭയിൽ കൊണ്ടുവന്നുവെന്നാണ്. ഒരു സംഘം നിരന്തരമായി കിലോക്കണക്കിന് സ്വർണ്ണം കരിപ്പൂർ വിമാനത്താവളംവഴി ഇറക്കുമതി ചെയ്യുന്നു. ആ സ്വർണ്ണം വിതരണംചെയ്യാൻ പോകുമ്പോൾ മറ്റൊരു സംഘം നിരവധി കാറുകളിലായിവന്ന് ഗുണ്ടകളുടെ ഭാഷയിൽ പറയുന്ന 'പൊട്ടിക്കൽ ഓപ്പറേഷനിലൂടെ' ഈ സ്വർണ്ണം തട്ടിയെടുക്കാൻ ശ്രമിക്കുന്നു. വഴിവക്കിൽ നടക്കുന്ന കവർച്ചയാണ്, ഇതുമായി ബന്ധപ്പെട്ട് ഗുണ്ടാ സംഘങ്ങൾ ഏറ്റുമുട്ടുന്നു. അതിന്റെ പേരിൽ ആളുകളെ തട്ടിക്കൊണ്ടുപോകുന്നു. നിരന്തരം ഇത്തരം വിഷയങ്ങൾ നടക്കുമ്പോൾ നിയമസഭയിൽ ആ വിഷയം സ്വർണ്ണ കള്ളക്കടത്തെന്ന് പറയാൻ പാടില്ല. സ്വർണ്ണ കള്ളക്കടത്തുമായി ബന്ധപ്പെട്ട വിഷയം നിയമസഭയിൽ അവതരിപ്പിക്കാതെ ഒരു നിവൃത്തിയുമില്ലാതെ, ജീവിക്കാൻ വകയില്ലാതെ പുറത്തിറങ്ങുന്ന അത്താഴപട്ടിണിക്കാരനെ നിങ്ങളുടെ പോലീസ് പെറ്റിയടിക്കുന്നതാണോ ഈ നിയമസഭയിൽ കൊണ്ടുവരേണ്ടത്? ഇതുപോലെ ഗൗരവകരമായ പ്രശ്നം നിയമസഭയിൽ അവതരിപ്പിക്കണ്ടേ? ഈ വിഷയത്തിൽ ഒരാളെ തട്ടിക്കൊണ്ടുപോയി ക്രൂരമായി മർദ്ദിച്ച വിവരങ്ങൾ പുറത്തുവന്നില്ലേ? ഇവിടെ എന്താണ് വിഷയം? നിങ്ങളുടെ രാഷ്ട്രീയ എതിരാളികളെ

കൊന്നൊടുക്കാൻ ഉപയോഗിച്ച ചില സംഘങ്ങൾ, നിങ്ങളുടെ പാർട്ടിബന്ധം മറയാക്കി അവർ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളാണ് ഈ വിഷയങ്ങളുടെ പുറകിലുള്ളത്. അത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽപ്പെട്ടതല്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ അത് നിങ്ങളുടെ പാർട്ടിയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. രാജ്യാന്തര ആസൂത്രണമുള്ള സ്വർണ്ണ കള്ളക്കടത്തുകളുടെയും തട്ടിക്കൊണ്ടുപോകലുകളുടെയും നേതൃത്വം പാർട്ടി ബന്ധങ്ങളിലുള്ള ആളുകളുടെ പേരുകളിലേയ്ക്ക് നീങ്ങുന്നുവെന്നതാണ് ഗൗരവകരമായ പ്രശ്നം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പേരുപറയാൻ മടിച്ച ശ്രീ. അർജ്ജുൻ ആയങ്കി ആരാണ്? നിങ്ങളുടെ പാർട്ടിക്കാരനും സൈബർ പോരാളിയുമല്ലേ? നിങ്ങളുടെ നേതാക്കന്മാരുടെ ഒപ്പംനിന്ന് ഫോട്ടോയെടുത്ത്, നിങ്ങളുടെ പാർട്ടിക്കാരായ പ്രവർത്തകർ ആരാധനയോടുകൂടി, വീരപരിവേഷത്തോടുകൂടി, തലയിൽ ചുമന്ന് നടക്കുന്ന ആളല്ലേ ശ്രീ. അർജ്ജുൻ ആയങ്കി? ആരാണ് ശ്രീ. ആകാശ് തില്ലങ്കേരി? നിങ്ങളെ ഭീഷണിപ്പെടുത്തിയാൽ, എന്തെങ്കിലും പുറത്തുപറഞ്ഞാൽ ഒറ്റരാത്രി കൊണ്ട് ഒറ്റുകാരനാക്കുന്നത് അംഗീകരിക്കാനാകില്ല, എല്ലാം തുറന്നു പറയേണ്ടിവരും. ഇത്രയും നാൾ അവർചെയ്ത കൊള്ളരുതായ്മകൾക്ക് കൂട്ട് നിന്നതിന്റേതാണ്. ആരാണ് ഷുഹൈബിനെ കൊന്നത്? ഷുഹൈബിനെ കൊല്ലാൻ പറഞ്ഞുവിട്ട സംഘത്തിലെ അംഗമായിരുന്ന ശ്രീ. ആകാശ് തില്ലങ്കേരി, അവരെല്ലാം ഈ കേസുകളിൽ ബന്ധപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എങ്ങനെ അവരുടെ പേര് പറയും? അതുകൊണ്ടാണ് ഇവിടെ സി.പി.ഐ. നേതാവ് ശ്രീ. സന്തോഷ് ലേഖനം എഴുതിയത്, ആ ലേഖനത്തിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ പറയുന്നുണ്ട്, എന്താണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്, "അതുകൊണ്ടാണ് പാതാളതാഴ്ചയുള്ള ഇവരുടെ വീരകൃത്യങ്ങളെ ആകാശത്തോളം വാഴ്ത്തിക്കൊണ്ട് മഹത്തായ തില്ലങ്കേരി സമരത്തിലെ നായകന്മാരുടെ ജന്മിത്വത്തിന് നേരെയുള്ള സമരങ്ങളുമായിപ്പോലും താരതമ്യംചെയ്യാൻ ഇവർക്ക് കഴിയുന്നത്" നിങ്ങളുടെ അണികൾ ഇവർചെയ്യുന്ന വീരകൃത്യങ്ങളെ പഴയ ധീരന്മാരായ കമ്മ്യൂണിസ്റ്റുകാർ നടത്തിയ സമരത്തേയും ആ സമരനായകന്മാരുമായും താരതമ്യപ്പെടുത്തുകയാണ്. വീരപരിവേഷം നൽകുകയാണ്, ഹീറോ വർഷിപ്പാണ് ഈ ഗുണ്ടകൾക്ക് കൊടുക്കുന്നത്, എന്നിട്ടവരെ സംരക്ഷിക്കുന്നു. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചല്ലോ, ഈ കൊള്ള സംഘത്തിന്, ഈ തട്ടിപ്പറിക്കൽ സംഘത്തിന് എല്ലാ സംവിധാനവും ചെയ്തുകൊടുത്ത ഡി.വൈ.എഫ്.ഐ. മേഖലാ സെക്രട്ടറി ശ്രീ. സജേഷ് നിങ്ങളുടെ പാർട്ടിക്കാരനല്ലേ? ഇവിടെ വേറെ കേസുണ്ടല്ലോ, വേറെ ഒരാൾ പരാതി കൊടുത്തല്ലോ, മറ്റൊരു ഡി.വൈ.എഫ്.ഐ. മേഖലാ സെക്രട്ടറി ശ്രീ. സി. കെ. നിജേഷ്. ഡി.വൈ.എഫ്.ഐ. മേഖലാ സെക്രട്ടറിമാരാണ് പൊട്ടിക്കൽ ഓപ്പറേഷന് നേതൃത്വം കൊടുക്കുന്നത്, ബിനാമികളായി നിൽക്കുന്നത്, അവർക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത്, എത്ര കേസുകൾ പറയണം? ഇവിടെ നിരന്തരമായി അത്തരം കേസുകളുണ്ട്. ടി. പി. ചന്ദ്രശേഖരൻ കേസിലെ പ്രതികൾ

ജയിലിൽനിന്ന് ഈ കേസ്സിൽ ഇടപെട്ടതിന്റെ തെളിവുകളില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞു, ശ്രീ. ആകാശ് തില്ലങ്കേരിയെയും ശ്രീ. അർജ്ജുൻ ആയങ്കിയെയും പിടിച്ചതാരാണ്? കേരള പോലീസാണോ പിടിച്ചത്; കേരള പോലീസല്ല, ശ്രീ. അർജ്ജുൻ ആയങ്കിയെ പിടിച്ചത് കസ്റ്റംസാണ്, കസ്റ്റംസ് ആക്ട് സെക്ഷൻ 135 അനുസരിച്ച് കേസെടുത്തത് കേരള പോലീസല്ല, കസ്റ്റംസാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആരോ തെറ്റിദ്ധരിപ്പിച്ചതാണ്. ശ്രീ. അർജ്ജുൻ ആയങ്കിയുടെ ജാമ്യാപേക്ഷയിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പറഞ്ഞത് എന്താണ്? " The complicity of the petitioner is not confined to the smuggling activities" . കള്ളക്കടത്തുകേസ്സിൽ മാത്രം ഒതുങ്ങുന്നില്ല ഇയാളുടെ പരിപാടി. " He maintained a gang that consists of convicts and accused in murder cases named Kodi Suni, Shaffi and Akash Thillankeri. Their nexus with petitioner and involvement in gold smuggling are required to be seriously probed into" . ടി. പി. ചന്ദ്രശേഖരൻ കേസ്സിൽ ജയിലിൽ കിടക്കുന്ന കൊലപ്പുള്ളികളുമായി സ്വർണ്ണ കള്ളക്കടത്തുകേസ്സുമായി ബന്ധപ്പെട്ട പ്രതികൾക്ക് ബന്ധമുണ്ടെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ ഇയാളുടെ ജാമ്യം തള്ളിക്കൊണ്ട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പറഞ്ഞാൽ അത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽപ്പെട്ടതാണോ? ജയിലുകളെല്ലാം ഇപ്പോൾ 'ഒ.കെ.' ആണെന്ന് നിങ്ങൾ പറഞ്ഞു. ഡി.ജി.പി. സന്ദർശനം കഴിഞ്ഞപ്പോൾ നിങ്ങൾ എല്ലാം ഒ.കെ. ആക്കി വച്ചിരിക്കുന്ന ആ ജയിലിൽ ഇരുന്നുകൊണ്ട്, ആ ജയിലിൽ കിടക്കുന്ന കൊലപ്പുള്ളികൾ പുറത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നു, ക്വട്ടേഷൻ നടപ്പിലാക്കുന്നു, പരോളിലിറങ്ങുമ്പോൾ പണം സെറ്റിൽ ചെയ്യുന്നു, എന്നിട്ട് അവർ ബിസിനസ്സ് നടത്തുന്നു. ഇത്ര സൗകര്യം കൊലക്കേസ്സിലെ പ്രതികൾക്ക് നിങ്ങളുടെ ഭരണകാലത്തല്ലാതെ ഏതുകാലത്തുണ്ടായിട്ടുണ്ട്. എല്ലാ സൗകര്യങ്ങളും നിങ്ങൾ ചെയ്തുകൊടുക്കുകയാണ്. നിങ്ങൾ കേരളത്തിൽ കൊലയാളികൾക്കും കൊലപ്പുള്ളികൾക്കും അക്രമികൾക്കും അഴിഞ്ഞാടാനുള്ള അവസരമാണ് ചെയ്തു കൊടുത്തിരിക്കുന്നത്. എന്നിട്ട് നിസ്സാരകാര്യമാണ്, വിഷയദാരിദ്ര്യമാണെന്ന് പറയുന്നു. അദ്ദേഹം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെക്കുറിച്ച് വായ തുറന്നാൽ അബദ്ധം മാത്രമാണ് പറയുന്നതെന്ന രീതിയിൽ സംസാരിച്ചതുപോലെ തിരിച്ചും പറയാൻ ഞങ്ങൾക്കുമറിയാം. പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്താൽ ഇങ്ങനെയൊന്നുമല്ല സംസാരിക്കേണ്ടത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വെറുതെ ഓട് പൊളിച്ച് വന്നതൊന്നുമല്ല. അദ്ദേഹം നിയമ സഭാംഗമായിട്ട് വർഷം എത്രയായെന്നറിയാമോ? അദ്ദേഹം സംസാരിക്കുമ്പോൾ ഒരു സീനിയർ അംഗമെന്നുള്ള മാന്യത നിലനിർത്തിയായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കേണ്ടത്. ഇങ്ങനെയൊന്നും സംസാരിക്കാൻ പാടില്ലായിരുന്നു. ഇതൊക്കെ അതിനേക്കാൾ ഭംഗിയായി തിരിച്ച് പറയാൻ ഞങ്ങൾക്ക് നന്നായി അറിയാം. പക്ഷേ അങ്ങ് ഇരിക്കുന്ന സ്ഥാനത്തെ ബഹുമാനിച്ചുകൊണ്ട്, അങ്ങയുടെ പ്രായത്തെ ബഹുമാനിച്ചുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അപമാനിച്ചുകൊണ്ട് എന്തുപറഞ്ഞെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നത്?

ശ്രീ. പി. ടി. തോമസ്: സർ, വായ്തുറന്നാൽ അബദ്ധം മാത്രമേ പറയൂ എന്നുപറയുന്നതിനേക്കാൾ കൂടുതൽ എന്താക്ഷേപമാണുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, അദ്ദേഹം പറഞ്ഞ അബദ്ധം എന്താണെന്ന് ഞാൻ പറഞ്ഞു. നിങ്ങൾ തമ്മിലുള്ള മറ്റ് വഴക്കുകൾ തീർക്കാനുള്ള വേദിയായി ഇതിനെ മാറ്റരുത്, അതിന് കരുവായി എന്നെ ഉപയോഗിക്കുകയും ചെയ്യരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ തമ്മിൽ ഒരു വഴക്കുമില്ല. ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് ആരുകൊടുത്താലും ആ അംഗത്തിന്റെ മെക്കിട്ടുകയറുന്ന ശീലം കുറച്ച് ദിവസമായുണ്ട്. ശ്രീ. റോജി. എം. ജോൺ അവതരിപ്പിച്ചപ്പോഴും അതിനടുത്ത ദിവസത്തെ അവതരണവേളയിലും അങ്ങനെ ചെയ്തിട്ടുണ്ട്. അതൊന്നുംവേണ്ട, ഞങ്ങൾ നിയമസഭാ നടപടികളിൽ പങ്കെടുക്കുന്നത് വളരെ മാന്യമായാണ്. അംഗങ്ങളെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ട് സംസാരിക്കുന്നത് ആരായാലും ഞങ്ങൾ സമ്മതിക്കുകയില്ല.

മുമ്പും പല കേസ്സുകളിലും പാർട്ടി ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ചിട്ടുണ്ടെന്നാണ് ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ വെളിപ്പെടുത്തൽ. ചെറുകിട ക്വട്ടേഷനുകൾക്കും സ്വർണ്ണക്കള്ളക്കടത്തിലെ 'പൊട്ടിക്കൽ ഓപ്പറേഷനുകൾക്കും' അപ്പുറം ഈ സംഘങ്ങൾ വളരുകയാണ്. സ്വർണ്ണക്കടത്ത് സംഘങ്ങൾ തമ്മിലുള്ള സംഘർഷം വലിയ ക്രമസമാധാനപ്രശ്നമാണ് സൃഷ്ടിക്കുന്നത്, അത് കൈകാര്യം ചെയ്യേണ്ടത് സംസ്ഥാന പോലീസാണ്. ജയിലിനകത്തും പുറത്തും സർക്കാർ സ്പോൺസേർഡ് ക്രിമിനൽ സംഘങ്ങൾ കേരളത്തിലഴിഞ്ഞാടുകയാണ്. ക്രിമിനലുകളെ ഭയന്നുജീവിക്കുന്ന പാർട്ടി നേതാക്കന്മാരാണുള്ളത്. അതിനുകാരണം രാഷ്ട്രീയ എതിരാളികളെ കൊല്ലാൻ അത്തരം ക്രിമിനലുകളെ നേരത്തേ അവർ ഉപയോഗിച്ചിട്ടുണ്ടെന്നതാണ്. അവർ കാര്യങ്ങളെന്തെങ്കിലും വെളിപ്പെടുത്തുമോയെന്ന ഭയം നിങ്ങൾക്കുണ്ട്. അവരെ തൊടാൻ പേടിക്കുന്ന സർക്കാരും പോലീസുമാണ് കേരളത്തിലുള്ളത്. കൊലക്കേസ് പ്രതികളെ സംരക്ഷിക്കാൻ സാധാരണക്കാരൻ നികുതിയടയ്ക്കുന്ന പണത്തിൽനിന്നും കോടിക്കണക്കിന് രൂപ നൽകി സുപ്രീംകോടതിയിൽനിന്നും അഭിഭാഷകരെ കൊണ്ടുവന്നില്ലേ; കൊലപ്പുള്ളികളെ രക്ഷിക്കാനിങ്ങനെ ചെയ്യുമ്പോൾ ഗവണ്മെന്റ് കൊടുക്കുന്ന സന്ദേശമെന്താണ്; ഞങ്ങൾക്കുവേണ്ടി കൊലപാതകം ചെയ്താൽ എന്തുവിലകൊടുത്തും ഞങ്ങൾ ആ കൊലപ്പുള്ളിയെ

രക്ഷിക്കുമെന്നല്ലേ; നിങ്ങൾ കോടിക്കണക്കിന് രൂപ കൊടുത്തത് സാധാരണക്കാരന്റെ പോക്കറ്റിൽനിന്നുമെടുത്തല്ലേ? പ്രസ്തുത കേസിലെ ഒന്നാം പ്രതിയുടെ ഭാര്യയ്ക്ക് ഒന്നാംറാങ്കും രണ്ടാംപ്രതിയുടെ ഭാര്യയ്ക്ക് രണ്ടാംറാങ്കും മൂന്നാം പ്രതിയുടെ ഭാര്യയ്ക്ക് മൂന്നാംറാങ്കും നൽകി സർക്കാർ സർവ്വീസിലേയ്ക്ക് കൊണ്ടുവരുന്നു. ജയിലിൽ കൊലക്കേസ് പ്രതികൾക്ക് വി.ഐ.പി. സുഖപരിചരണം. അവിടേയ്ക്ക് ഫോണും മദ്യവും ലഹരിമരുന്നും ഇഷ്ടഭക്ഷണവും കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. ടി. പി. ചന്ദ്രശേഖരൻ കൊലക്കേസിലെ പ്രതികൾ താമസിക്കുന്ന സെൽകൂടി എയർകണ്ടീഷൻ ചെയ്ത് ഫൈവ് സ്റ്റാർ ഹോട്ടലിന് സമാനമായി മാറ്റിക്കൊടുക്കു, ഇനി അതുമാത്രമാണ് ചെയ്യാനുള്ളത്. ഈ ഗവണ്മെന്റിന്റെ മനോഭാവത്തെക്കുറിച്ച് ഇതുതന്നെയാണ് കോടതിയും ഇന്നലെ പറഞ്ഞത്. മരംമുറി കേസിൽ പാവപ്പെട്ട കർഷകർക്കും ആദിവാസികൾക്കുമെതിരെ കേസെടുത്തു. യഥാർത്ഥ പ്രതികൾ ഏതോ ഫൈവ് സ്റ്റാർ ഹോട്ടലിൽ സുഖമായി താമസിക്കുകയാണ്. അവരെ ഇതുവരെ തൊട്ടിട്ടില്ല. നിലമേലിൽ ഡോക്ടർക്കെതിരെ ഉപരോധം നടത്തിയതിനാൽ പഞ്ചായത്ത് പ്രസിഡന്റുൾപ്പെടെ അഞ്ചുവനിതകളടക്കം പത്തുപേരെ ജയിലിലാക്കി. അവരെല്ലാം യു.ഡി.എഫ്.-കാരാണ്. കൈനകരിയിൽ ചെയ്തതെന്താണ്? ഡോക്ടറുടെ കവിളത്തടിച്ച പഞ്ചായത്ത് പ്രസിഡന്റ് ഒരു പ്രശ്നവുമില്ലാതെ നിരത്തിലിറങ്ങി നടക്കുകയാണ്. അയാളെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടില്ല. കേരളത്തിലുള്ളത് കാട്ടുനീതിയാണോ? നിലമേൽ പഞ്ചായത്തിലെ ഉപരോധത്തിൽ അഞ്ച് വനിതകളെ ജയിലിലാക്കാൻ തയ്യാറായ പോലീസ് കൈനകരിയിൽ ഡോക്ടറുടെ കവിളത്തടിച്ച പഞ്ചായത്ത് പ്രസിഡന്റിനെ അറസ്റ്റ് ചെയ്തിട്ടില്ല, ഈ ഇരട്ട നീതി, കാട്ടുനീതി കേരളത്തിൽ വേണ്ട. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനയ്ക്കെതിരെ യു.ഡി.എഫ്.-ലെ അഞ്ചുപേർ നിരന്നുനിന്നാൽ കേസെടുക്കും, എന്നാൽ അതേ പ്രശ്നത്തിനെതിരായി സി.പി.ഐ.(എം)-ലെ ഇരുപത്തഞ്ചുപേർ ഒരുമിച്ചുനിന്നാലും കേസെടുക്കില്ല. യു.ഡി.എഫ്.-കാർക്കെതിരെ കേരളം മുഴുവൻ വ്യാപകമായി കേസെടുക്കുകയാണ്. നിങ്ങൾ പോലീസിനെ അഴിച്ചുവിട്ടിരിക്കുകയാണോ? പോലീസിനെ കയറൂരിവിട്ടിരിക്കുകയാണ്. ഇത്തരം നടപടികളിലൂടെ നിങ്ങൾകൊടുക്കുന്ന സന്ദേശം സംസ്ഥാനത്ത് ആക്രമികൾ വളരുന്നതിനും അഴിഞ്ഞാടുന്നതിനും കാരണമാകുകയാണ്. നിങ്ങളവരെ ഉപയോഗിച്ചതുകൊണ്ട് കേരളത്തിൽ അവർ നടത്തുന്ന എല്ലാകാര്യങ്ങൾക്കും കുടപിടിച്ചുകൊടുക്കുകയാണ്. ഇവിടെ പ്രതിപാദിച്ച മരണത്തെപ്പറ്റി മുഖ്യമന്ത്രി പറഞ്ഞത്, വാഹനം പെട്ടെന്ന് വലത്തോട്ട് തിരിയുന്നു, അപ്പോൾ സ്പീഡിൽ വന്ന ബൈക്ക് ഇടിക്കുന്നുവെന്നാണ്. ഇത് വളരെ ബുദ്ധിപൂർവ്വം ചെയ്തതായിക്കൂടേ? സ്വർണ്ണക്കള്ളക്കടത്ത് കേസന്വേഷണത്തിന്റെ ഭാഗമായി മൊഴിയെടുക്കാൻ വിളിപ്പിച്ചയാളാണ് റമീസ്, ശ്രീ. അർജ്ജുൻ ആയങ്കി

എയർപോർട്ടിൽ പോയപ്പോൾ റമീസ് ആ കാറിലുണ്ടായിരുന്നു. ഞാനൊരു ചെറിയ സംശയം ചോദിക്കട്ടെ, ആൾ ബൈക്കിൽ സ്പീഡിൽ വരുന്നത് കണ്ടുകൊണ്ട് വാഹനം വലതുവശത്തേയ്ക്ക് തിരിച്ചതാണെങ്കിലോ; അങ്ങനെയാകാൻ പാടില്ലേ? കൊലക്കേസാണോയെന്ന് പ്രതിപക്ഷം സംശയിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് ന്യായീകരണം കൊടുക്കണ്ട; നിങ്ങളുടെ പാർട്ടിക്കാരനൊന്നു മല്ലല്ലോ? ഇതുമായി ബന്ധപ്പെട്ട് മറ്റൊരാളെ തട്ടിക്കൊണ്ടുപോയ കേസുമുണ്ട്. കേസിലെ നിർണ്ണായക വിവരങ്ങളറിയാവുന്ന, സ്വർണ്ണക്കടത്ത് സംഘത്തിൽപ്പെട്ട ഒരാളായിരുന്നു റമീസ്. കസ്റ്റംസിൽ മൊഴികൊടുക്കാനിരിക്കെ അയാളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ഞങ്ങൾ പറയുന്നതിലെന്ത് തെറ്റാണുള്ളത്? അപ്പോൾ പോലീസ് പറഞ്ഞുകൊടുത്തതുപോലെ മുഖ്യമന്ത്രി ഇടിച്ച വാഹനത്തിന്റെ ആംഗിൾ പറയുകയാണ്. വാഹനം വലത്തോട്ട് തിരിച്ചപ്പോൾ കൊല്ലപ്പെട്ടയാൾ വന്നിടിച്ചതാണെന്നാണ്. കൊല്ലപ്പെട്ട റമീസ് സ്പീഡിൽ വരുന്നതുകണ്ട് ഇടിച്ച വാഹനം വലത്തോട്ട് തിരിച്ചതാണോയെന്ന ഞങ്ങളുടെ ചോദ്യത്തിന് മുഖ്യമന്ത്രി പറയുന്ന മറുപടിയെന്താണ്? ഇതെല്ലാം അന്വേഷിക്കണം. സ്വർണ്ണക്കള്ളക്കടത്ത് സംഘങ്ങൾ പരസ്പരം കൊലപാതകം നടത്തുകയും തട്ടിക്കൊണ്ടുപോകുകയും പണം അടിച്ചുമാറ്റുകയും ചെയ്യുകയാണ്. അത്രമാത്രം ഹീനമായ കുറ്റകൃത്യങ്ങൾ ചെയ്യാൻ മടിക്കാത്തവരാണ്. അവരെ സംരക്ഷിക്കുന്ന രീതിയിൽ, അവരുടെ പേരുപോലും നിയമസഭാ രേഖയിൽ വരരുതെന്ന് വിചാരിച്ച് മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിലും അക്രമികളെ പ്രോത്സാഹിപ്പിക്കുന്ന, അവർക്ക് കുടപിടിച്ചു കൊടുക്കുന്ന സർക്കാരിന്റെ നയത്തിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അടിയന്തരപ്രമേയത്തിന് കാരണമായ സംഭവം കുറച്ച് ദിവസങ്ങളായി സമൂഹത്തിലേറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നുതന്നെയാണ്. ഇതിലടങ്ങിയിരിക്കുന്ന വിഷയങ്ങൾ ധാരാളമാണ്. കുറ്റകൃത്യത്തിൽ ജയിലിലായ വ്യക്തിക്ക് അവിടെയിരുന്നുകൊണ്ട് ഇത്രയും വലിയ ഓപ്പറേഷൻ നിയന്ത്രിക്കാൻ കഴിയുന്നു, അതുപോലെ കുറ്റകൃത്യങ്ങൾക്കു പയോഗിക്കുന്ന പണം സമ്പാദിക്കാനായി ഈ ചാനൽ കുറേക്കാലമായി നിർബാധം പ്രവർത്തിക്കുന്നു, അതിലെ മുഖ്യസാക്ഷി കൊല്ലപ്പെടുന്നു. ഒരാൾ വളരെ സ്പീഡിൽ മോട്ടോർബൈക്കിൽ വരുമ്പോൾ റോഡിലുള്ള കാർ പെട്ടെന്ന് ബ്രേക്കിടുകയോ വലത്തോട്ട് തിരിക്കുകയോ ചെയ്യുന്നത് അയാളെ കൊല്ലാനുള്ള ഏറ്റവും നല്ലമാർഗ്ഗമല്ലേ? അതുമാത്രമല്ല, കൊന്നതല്ലെന്നും അങ്ങനെ പറയുന്നത് ഏറ്റവും

വലിയ മണ്ടത്തരമാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് എന്തിനാണെന്നെനിക്ക് മനസ്സിലായില്ല. പോലീസ് കൊന്നതാണെന്ന് ഇവിടെ കേസില്ലല്ലോ, ഇവിടെ ഉന്നയിച്ച കേസ് അയാളെ ആരോ കൊന്നുവെന്നാണ്. മറ്റാരോ കൊന്നതിനെപ്പറ്റി, അത് കൊലപാതകമല്ല എന്നുപറഞ്ഞ് ന്യായീകരിക്കേണ്ട കാര്യമെന്താണ്? സ്വർണ്ണക്കള്ളക്കടത്ത് കേസിലെ മുഖ്യ സാക്ഷിയായ ഒരാൾ പെട്ടെന്ന് മരിച്ചതിൽ ദുരൂഹതയുണ്ടെന്ന് പറയുന്നത് തള്ളിക്കളയേണ്ടതല്ല. സ്വർണ്ണക്കടത്ത് നടത്തുകയും ആ പണം കുറ്റകൃത്യങ്ങൾക്ക് ഉപയോഗിക്കുകയും ജയിലിലിരുന്ന് ഇക്കാര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്യുകയാണ്. നമുക്കെല്ലാമറിയുന്നതുപോലെ ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ വ്യക്തിയാണ് ജയിലിലിരുന്ന് ഇക്കാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്. ഇതിലേറേ ഗൗരവമുള്ള വിഷയം മറ്റെന്താണുള്ളത്? ഇത്തരം സംഭവങ്ങൾ കുറേക്കാലമായി നടക്കുന്നു, ഇനിയും നടക്കും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. സമൂഹത്തിലേറെ ചലനമുണ്ടാക്കിയതും 'നമ്മുടെ കമ്പനിയാണ്, പൊട്ടിക്കൽ' എന്നുതുടങ്ങി മലയാള ഭാഷയ്ക്ക് പുതിയ വാക്കുകൾ സംഭാവനചെയ്യതും സമൂഹത്തിൽ അത്രയേറെ വേരോടിയതുമായ വിഷയമാണിത്. അതുകൊണ്ടുതന്നെ വളരെ ഗൗരവമേറിയ വിഷമാണെന്നതിൽ സംശയമില്ല. ഈ ഗവണ്മെന്റ് രണ്ടാമതും അധികാരത്തിൽ വന്നത് നിങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനമുള്ള കാര്യമാണ്. പശ്ചിമബംഗാളിലെ ഗവണ്മെന്റ് എത്രപ്രാവശ്യം അധികാരത്തിൽ വന്നതായിരുന്നു, അവസാനം അവിടെ ഒരു തേർവാഴ്ച നടന്നുവെന്നത് വസ്തുതയല്ലേ? ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീമതി മമതാ ബാനർജിയെ റോഡിലിട്ട് തല്ലിച്ചതച്ചത് നമുക്കറിയാമല്ലോ. അവസാനം പശ്ചിമബംഗാളിലെ സ്ഥിതി എങ്ങനെയായി ത്തീർന്നു, ഒരു സീറ്റുപോലുമില്ലാത്ത സ്ഥിതി സി.പി.ഐ.(എം)-ന് വന്നുചേർന്നു. അതിവിടെയും വരുന്ന രീതിയിൽ നിങ്ങളുടെ ഭരണം കൊണ്ടുപോകാതിരിക്കണം എന്നതാണ് ജനങ്ങളുടെ ആവശ്യം. കുറ്റകൃത്യങ്ങൾ കുറയ്ക്കാനാണ് ശ്രമിക്കേണ്ടത്, അതല്ലാതെ എല്ലാവരെയും കയറൂരിവിടുന്ന നയം സ്വീകരിക്കരുതെന്നാണ് പറയാനുള്ളത്. അത്തരത്തിൽ പോസിറ്റീവായ നിലപാടെടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, സ്വർണ്ണക്കടത്തുകാർ നടത്തുന്ന പോരാട്ടവും അതുസംബന്ധിച്ച കേസിലെ സാക്ഷികൾ ദുരൂഹ സാഹചര്യത്തിൽ മരിക്കുന്ന വിഷയവും ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## III ശ്രദ്ധക്ഷണിക്കൽ

### (1) ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക വകമാറ്റം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങളാകെ വലിയ ദുരിതത്തിലാണ്. അടിക്കടിയുണ്ടായ പ്രളയങ്ങളും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇപ്പോഴും പ്രകൃതി ദുരന്തങ്ങളുണ്ടാകുന്നുണ്ട്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വലിയൊരു സഹായവും ജനങ്ങൾക്ക് ആശ്വാസമേകുന്നതുമാണ്. സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് ദുരിതാശ്വാസനിധി രൂപീകരിക്കാനുള്ള നിയമപരമായ അംഗീകാരം 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലൂടെയാണ് സാദ്ധ്യമായത്. അതിലെ പ്രസക്ത ഭാഗങ്ങൾ ഞാനിവിടെ വായിക്കാം.

"3(1) നിധി രൂപീകരണം.- പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയംമൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണ് ". ഇത് വളരെ നല്ലകാര്യമാണ്. പക്ഷേ അതിലേയ്ക്ക് ധനസ്വരൂപണം നടത്തുന്നതാണ് പ്രശ്നം. പഞ്ചായത്തുകൾക്ക് പ്രധാനമായും ഗവൺമെന്റ് നൽകുന്ന പ്ലാൻ ഫണ്ടും തനത് ഫണ്ടുമാണുള്ളത്. എന്നാൽ ഈ രണ്ട് ഫണ്ടുകളും ഇതിനുപയോഗിക്കാൻ കഴിയില്ല. അതുകൊണ്ട് ധനശേഖരണാർത്ഥം കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിക്കാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ് എന്നാണ് ചട്ടത്തിൽ പറയുന്നത്. എന്നാൽ

ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ കലാ-കായിക-വിനോദ പരിപാടികളൊന്നും സംഘടിപ്പിക്കാൻ കഴിയില്ല. ഇപ്പോൾ വ്യക്തികളും സ്ഥാപനങ്ങളുമൊന്നും കാര്യമായ സംഭാവനകൾ നൽകാൻ കഴിയുന്നൊരു സ്ഥിതിയിലുമല്ല. എല്ലായിടത്തും പ്രതിസന്ധിയാണ്. മറ്റൊരു പ്രസക്തമായകാര്യം, സംസ്ഥാനത്ത് പ്രകൃതിദുരന്തങ്ങളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ റവന്യൂ വകുപ്പിന് പ്രൊവിഷനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളും കീഴ്ക്കാംതൂക്കായ മലഞ്ചെരുവുകളാണ്. അവിടെ വീട് വയ്ക്കണമെങ്കിൽ ആദ്യം മണ്ണ് നിരത്തി സംരക്ഷണഭിത്തി കെട്ടി നിരപ്പുവരുത്തണം. എന്നാൽ സംരക്ഷണ ഭിത്തികൾ പലപ്പോഴും മഴയിലിടിഞ്ഞുപോകുന്ന സ്ഥിതിയാണ്. കഴിഞ്ഞദിവസം എന്റെ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഒരു ദുരന്തമുണ്ടായി. ഒരു വീടിന് സംരക്ഷണ ഭിത്തിയുണ്ടായിരുന്നത് പത്തുപതിനഞ്ചടി ഉയരത്തിലായിരുന്നു, കാരണം കീഴ്ക്കാംതൂക്കായ ചെരിവാണ്. കോൺക്രീറ്റ് ഫിൽചെയ്ത ആ സംരക്ഷണ ഭിത്തി ഇടിഞ്ഞ് താഴേയ്ക്കുവീണ് റോഡ് ബ്ലോക്കായി. വീടിന് കേടുപാടുകൾ സംഭവിച്ചില്ലെങ്കിലും താമസിക്കാൻ കഴിയാതെ വീട് ഉപേക്ഷിച്ച് പോകാൻ അവർ തീരുമാനിച്ചു. ഇതെല്ലാം നീക്കംചെയ്തില്ലെങ്കിൽ പ്രോസിക്യൂട്ട് ചെയ്യുമെന്നുപറഞ്ഞ് പഞ്ചായത്ത് നോട്ടീസ് നൽകിയിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോൾ ദുരിതാശ്വാസനിധിക്ക് വളരെ പ്രസക്തിയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽനിന്നോ തനത് ഫണ്ടിൽനിന്നോ 5 ശതമാനത്തിലധികരിക്കാത്ത തുക ദുരിതാശ്വാസ നിധിയിലേയ്ക്ക് വകമാറ്റുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാൽ ജനങ്ങൾക്ക് വലിയൊരു സഹായമാകുമെന്നും അതാത് പഞ്ചായത്തുകളിൽ സംഭവിക്കുന്ന ദുരിതങ്ങൾക്ക് ഫലപ്രദമായ ഇടപെടൽ ഒരുപരിധിവരെ നടത്താൻ കഴിയുമെന്നും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടിയുണ്ടായാൽ ജനങ്ങൾക്ക് വലിയ ആശ്വാസമാകുകയും പഞ്ചായത്തുകൾക്ക് ദുരന്തങ്ങളിൽ ഫലപ്രദമായി ഇടപെടാനും കഴിയും എന്നുള്ളതാണ് ഈ വിഷയം അവതരിപ്പിച്ചുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗം ഉന്നയിച്ച കാര്യം വിശദമായി പരിശോധിക്കേണ്ടതാണ്. നിലവിലുള്ള നിയമ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കോവിഡ്-19 പോലുള്ള മഹാമാരി പ്രശ്നങ്ങളിൽ ഇടപെടാനുള്ള സൗകര്യം പ്രത്യേക വകുപ്പനുസരിച്ചുതന്നെ

നൽകിക്കഴിഞ്ഞിട്ടുള്ളതാണ്. കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3(1)-ൽ ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയംമൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽനിന്ന് വേറിട്ട് സൂക്ഷിക്കുന്ന ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി എന്നറിയപ്പെടുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടം 3(2) പ്രകാരം ധനശേഖരണാർത്ഥമുള്ള കലാ-കായിക-വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 3(3) പ്രകാരം നിധിയിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ ഏതെങ്കിലും ഫണ്ടിൽനിന്നോ സർക്കാരിൽനിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഏതെങ്കിലും ഗ്രാന്റിൽനിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. മേൽസാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയിൽനിന്ന് തുക ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റുന്നതിന് സാധിക്കില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 26-4-2021-ലെ 911/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തനത് ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിക്കുന്നതിൽ നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് തടസ്സങ്ങളില്ല. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ബേസിക് ഗ്രാന്റുകൂടി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കുന്നതുമാണ്. 12-5-2021-ലെ 994/2021 നമ്പർ സർക്കാർ ഉത്തരവനുസരിച്ച് അപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുമുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിക്കാനാവശ്യമായ നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കാര്യം അംഗീകരിക്കുന്നു. പഞ്ചായത്തുകൾക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സാഹചര്യം ഗവൺമെന്റുണ്ടാക്കിയത് അഭിനന്ദനാർഹമാണ്. ദുരന്തങ്ങൾമൂലം ഒരു വ്യക്തിക്ക് സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ പഞ്ചായത്തുകൾക്ക് കഴിയില്ല. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന വ്യക്തിയാണ്. പഞ്ചായത്തുകൾക്ക് പദ്ധതി ആവിഷ്കരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനം ചെയ്യാം. പക്ഷേ വ്യക്തികൾക്ക്

സംഭവിക്കുന്ന നഷ്ടം പരിഹരിക്കാൻ ദുരിതാശ്വാസനിധിയിലൂടെ മാത്രമേ സാധിക്കൂ. ദുരന്തങ്ങൾക്കിരയാകുന്നവരെ പ്രോസിക്യൂട്ട് ചെയ്യുമെന്നുപറഞ്ഞ് പഞ്ചായത്ത് നോട്ടീസ് നൽകുന്നത് അങ്ങേയറ്റം ഖേദകരമാണ്. ഇത്തരം അധികാരങ്ങൾ പഞ്ചായത്ത് പ്രയോഗിക്കുന്നത് തെറ്റാണ്. അതിനുകൂടി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ശ്രദ്ധയുണ്ടാകണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വ്യക്തികൾക്കുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അല്ല കാര്യങ്ങൾ തീരുമാനിക്കുന്നത്. അതിന് റവന്യൂ വകുപ്പുൾപ്പെടെ നിരവധി മാർഗ്ഗങ്ങളുണ്ട്. പ്രസ്തുത വകുപ്പുകളാണ് അതുസംബന്ധിച്ച് വ്യക്തമായ തീരുമാനവും സഹായവും നൽകിക്കൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. അതിന് പഞ്ചായത്തിന്റെ പ്രത്യേക രീതിയിലുള്ള നിധിക്കുവേണ്ടി കാത്തു നിൽക്കേണ്ടതില്ല. പൊതുവായുണ്ടാകുന്ന എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം പഞ്ചായത്തുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്.

11.00 A.M.]

## (2) അനധികൃത മാലിന്യ നിക്ഷേപം

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ പോകുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും ഇടപെട്ടാൽ മാത്രമാണ് പൂർണ്ണപരിഹാരം കണ്ടെത്താൻ സാധിക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയിൽനിന്നും നല്ല മറുപടി പ്രതീക്ഷിക്കുകയാണ്. ഇന്ന് കേരളത്തിൽ വ്യാപകമായി ആളൊഴിഞ്ഞ സ്ഥലങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് പതിവായിരിക്കുകയാണ്. മാലിന്യം നീക്കംചെയ്യുന്നതിന് കരാറെടുത്ത ചില ഏജൻസികൾ അനധികൃതമായും പൊതുജനാരോഗ്യത്തിന് ഹാനികരമാകുന്ന രീതിയിലും അവരവരുടെ വാഹനങ്ങളിൽകൊണ്ടുവരുന്ന ആശുപത്രി കക്കൂസ് മാലിന്യങ്ങൾ, മറ്റ് മാലിന്യങ്ങൾ എന്നിവ പുറംതള്ളുന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. ഇത് ചോദ്യംചെയ്യുന്നവരോട് ഗുണ്ടാ സംഘത്തെപ്പോലെയാണ് പെരുമാറുന്നത്. മാലിന്യങ്ങൾ മാറ്റുന്നതിന് കരാർ ഏറ്റെടുത്ത ചില ഏജൻസികൾ ക്വട്ടേഷൻ സംഘങ്ങളെ ഈ ജോലി ഏൽപ്പിക്കുന്നത് വലിയ പ്രത്യാഘാതമുണ്ടാക്കുന്ന വിഷയമായാണ് പൊതുസമൂഹം കാണുന്നത്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മാലിന്യം 6-7-2021-ന് രാത്രി എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്തിലെ

പറമ്പയം എന്ന നാട്ടിൻപ്രദേശത്ത് വലിയ വാഹനങ്ങളിൽ കൊണ്ടുവന്ന് നിക്ഷേപിച്ചത് പ്രദേശവാസികളെ ദുരിതത്തിലാക്കി. കോട്ടയം മെഡിക്കൽ കോളേജിലെ ആശുപത്രി മാലിന്യം എപ്രകാരമാണ് എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്തിലെ പറമ്പയത്തെത്തിയത്; ഈ മാലിന്യം ആളൊഴിഞ്ഞ പ്രദേശത്തുകൊണ്ടുവന്ന് തള്ളാനുണ്ടായ സാഹചര്യമുണ്ടായത് എങ്ങനെയാണ്? കേരളത്തിലെ ജനങ്ങൾക്ക് ആരോഗ്യപരിരക്ഷ നൽകേണ്ട ആരോഗ്യ വകുപ്പ്, മെഡിക്കൽ കോളേജിലെ മാലിന്യമാണ് ജനവാസമേഖലയിൽ ഉപേക്ഷിച്ചത്. ഇക്കാര്യം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് കരാറേറ്റെടുത്തവരെ സസ്പെൻഡ് ചെയ്യണമെന്നാവശ്യപ്പെടുകയും അക്കാര്യത്തിൽ പരിഹാരമുണ്ടാക്കാമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽനിന്നും ശേഖരിച്ച മാലിന്യം പാലോട് കരിമ്പിൻകാല ആദിവാസി ഊരിലെ വനഭൂമിയിൽ നിക്ഷേപിച്ച ആളുകളെ കണ്ടെത്തി പോലീസ് അറസ്റ്റുചെയ്തിട്ടുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിച്ചിട്ടില്ല. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ ആവർത്തിക്കാൻ കാരണമാകുന്നത് മാലിന്യശേഖരണത്തിനും സംസ്കരണത്തിനും അനുമതി നൽകുന്ന ഏജൻസികൾക്ക് മതിയായ സൗകര്യമുണ്ടോയെന്ന് പരിശോധിക്കാത്തതു കൊണ്ടാണ്. ഏജൻസികൾക്ക് വളരെയധികം സാമ്പത്തികലാഭമുണ്ടാക്കുന്ന മേഖലയാണിത്. അവർക്ക് ശേഖരിക്കപ്പെടുന്ന മാലിന്യം കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കാതെ കോർപ്പറേഷനും മുനിസിപ്പാലിറ്റിയും ആരോഗ്യ വിഭാഗവും ഇത്തരം ഏജൻസികൾക്ക് അനുമതി നൽകുന്നു. മതിയായ അടിസ്ഥാന സൗകര്യമുള്ള ഏജൻസികൾക്കുമാത്രമെ അനുമതി ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തണം. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. നിരവധി ഹൈവേ പട്രോളുകൾ കടന്നതിനുശേഷമാണ് കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യം എറണാകുളം ജില്ലയിലെ ചെങ്ങമനാട് പഞ്ചായത്ത് പ്രദേശത്തെത്തുന്നത്. ഈ വിഷയത്തിൽ ഹൈവേ പോലീസിനെതിരെ എസ്.പി.-ക്ക് പരാതി നൽകിയിട്ടുണ്ട്. ഹൈവേ പോലീസും ചില സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരും കൈക്കൂലി വാങ്ങിയശേഷമാണ് മാലിന്യം നിക്ഷേപിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തിരിക്കുന്നത്. എസ്.പി. ഇവർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നാണറിയാൻ സാധിച്ചത്. പൊതുജനാരോഗ്യത്തെയും സ്വകാര്യജീവിതത്തേയും ബുദ്ധിമുട്ടിലാക്കുന്ന ഈ നിയമവിരുദ്ധ പ്രവൃത്തി അവസാനിപ്പിക്കണം. അനധികൃതമായി മാലിന്യം

നിക്ഷേപിക്കുന്നവരുടെ വാഹനപെർമിറ്റും ഡ്രൈവറുടെ ലൈസൻസും റദ്ദാക്കുമെന്ന് ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി തീരുമാനമെടുത്താൽ ഇതിന് അറുതിവരുത്താൻ സാധിക്കും. ഈ വിഷയത്തിൽ ഗതാഗതം, ആരോഗ്യം, പോലീസ് വകുപ്പുകളുടെ അടിയന്തര ഇടപെടൽ ഉണ്ടാകുന്നതിനുവേണ്ടിയാണ് ഈ വിഷയം ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുന്നത്. നാട് നേരിടാൻ പോകുന്ന ഏറ്റവും വലിയ വിപത്താണ് അനധികൃത മാലിന്യ നിക്ഷേപമെന്ന നിലയിൽ ഇതിനൊരു ശാശ്വതപരിഹാരം കണ്ടെത്തണം. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും പൊതുജനങ്ങൾക്കുംവേണ്ടിയാണ് ഈ വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. അതുകൊണ്ട് ഇതിനെതിരെ കർശന നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, കേരളത്തിൽ പൊതുവെ നഗരസഭാതിർത്തികൾക്കുള്ളിൽ പ്രത്യേകിച്ചും അനുഭവിക്കുന്ന വളരെ ഗൗരവമായൊരു പ്രശ്നത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട ആലുവ അംഗം ശ്രീ. അൻവർ സാദത്ത് സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ജനവാസ മേഖലയിൽ മാലിന്യംതള്ളുന്നത് പൊതുജനങ്ങളുടെ സ്വൈര്യജീവിതത്തിനും ആരോഗ്യത്തിനും ഹാനികരമായതും പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നതുമാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ സാഹചര്യം സൃഷ്ടിക്കുന്ന വിധത്തിലുള്ളതും വായുമലിനീകരണമുണ്ടാക്കുന്നതും പൊതുജനങ്ങളുടെ ജീവിതത്തിന് ശല്യവും മനുഷ്യജീവിതത്തിന് അപകടമുണ്ടാക്കാൻ സാദ്ധ്യതയുള്ളതുമായ വസ്തുക്കൾ കൊണ്ടുപോകുകയും പൊതുസ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യുന്ന വാഹന ഡ്രൈവർമാർക്കെതിരെ പിഴ ചുമത്താനും ലൈസൻസ് സസ്പെൻഡ് ചെയ്യാനും മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം, സെക്ഷൻ 190(2) പ്രകാരം റോഡ് സുരക്ഷ, ശബ്ദ മലിനീകരണം, വായു മലിനീകരണം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്ന മോട്ടോർ വാഹനം ഏതെങ്കിലും പൊതുസ്ഥലത്ത് ഓടിക്കുകയോ അതിന് അനുവദിക്കുകയോ കാരണമാകുകയോ ചെയ്യുന്ന കുറ്റത്തിന് ഏതൊരു വ്യക്തിയും ശിക്ഷാർഹനാണ്. ആദ്യം മൂന്നുമാസം വരെ തടവോ അല്ലെങ്കിൽ പതിനായിരം രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകാവുന്നതും മൂന്നുമാസത്തേയ്ക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യാവുന്നതുമാണ്. കുറ്റം ആവർത്തിച്ചാൽ ആറുമാസം വരെ തടവോ അല്ലെങ്കിൽ പതിനായിരം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ഉള്ള ശിക്ഷനൽകാനും വ്യവസ്ഥയുണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം, സെക്ഷൻ 190(3) പ്രകാരം ഏതെങ്കിലും പൊതുസ്ഥലത്ത് മനുഷ്യജീവിതത്തിന് അപകടകരമോ ഭീഷണി സൃഷ്ടിക്കുന്നതോ ആയ വസ്തുക്കൾ കയറ്റിയ മോട്ടോർ വാഹനം നിയമലംഘനം നടത്തി ഓടിച്ചാൽ

ആദ്യം പതിനായിരം രൂപ പിഴയോ മൂന്നുമാസത്തേയ്ക്ക് ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ രണ്ടുംകൂടിയുള്ള ശിക്ഷയോ അല്ലെങ്കിൽ ഒരു വർഷംവരെ നീളുന്ന തടവോ നൽകാനും വ്യവസ്ഥയുണ്ട്. കുറ്റമാവർത്തിച്ചാൽ ഇരുപതിനായിരം രൂപ പിഴയോ മൂന്നുവർഷം വരെ നീളുന്ന തടവോ അല്ലെങ്കിൽ രണ്ടുംകൂടിയുള്ള ശിക്ഷയോ നൽകാനും വ്യവസ്ഥയുണ്ട്. ഈ നിയമം കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്ന സമയത്തോ തദ്ദേശഭരണ സ്ഥാപനങ്ങൾ പിഴ ചുമത്തുമ്പോഴോ പ്രസ്തുത വിവരം ലൈസൻസിംഗ് അതോറിറ്റിയെ അറിയിച്ചാലും മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം ഡ്രൈവർക്കെതിരെ കർശന നടപടി സ്വീകരിക്കും. 1988-ലെ മോട്ടോർ വാഹന നിയമം, സെക്ഷൻ 79 അനുസരിച്ചാണ് ചരക്കുവാഹനങ്ങൾക്ക് ഇപ്പോൾ പെർമിറ്റ് നൽകുന്നത്. എന്നാൽ മാലിന്യം കൊണ്ടുപോകുന്നതിന് പ്രത്യേക പെർമിറ്റ് ഏർപ്പെടുത്തിയിട്ടില്ല. ഗുഡ്സ് കാര്യേജ് പെർമിറ്റുള്ള വാഹനങ്ങളിലാണ് മാലിന്യങ്ങൾ കൊണ്ടുപോകുന്നത്. വാഹനത്തിൽ കയറ്റാവുന്ന വസ്തുക്കളെ സംബന്ധിച്ച നിബന്ധനകൾ പെർമിറ്റിൽ ഉൾക്കൊള്ളിക്കാൻ വ്യവസ്ഥയുണ്ട്. ഗുഡ്സ് കാര്യേജ് പെർമിറ്റിൽ മാലിന്യംകയറ്റി പൊതുസ്ഥലങ്ങളിൽ തള്ളുന്ന വാഹന ഉടമയ്ക്കും ഡ്രൈവർക്കുമെതിരെ കൂടുതൽ ശക്തവും കർശനവുമായ നിയമനടപടി സ്വീകരിക്കുന്നതിന് കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ആവശ്യമായ നിബന്ധനകൾ ചേർത്ത് നിയമഭേദഗതി വരുത്തുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. മാലിന്യം കൊണ്ടുപോകുന്നത് പ്രാദേശിക ഭരണകൂടത്തിന്റെ അനുവാദത്തോടുകൂടി മാത്രമായിരിക്കണമെന്ന വ്യവസ്ഥയിൽ പെർമിറ്റനുവദിക്കുന്നതിനും മാലിന്യം കയറ്റുന്ന വാഹനങ്ങളെ തിരിച്ചറിയുന്നതിന് പ്രത്യേക നിറം നിശ്ചയിക്കുന്നതിനും കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ആവശ്യമായ നിയമഭേദഗതി വരുത്തുന്നകാര്യവും പരിഗണനയിലാണ്. എറണാകുളത്ത് മുനിസിപ്പാലിറ്റികളും കോർപ്പറേഷനും നിർദ്ദേശിക്കുന്ന സ്ഥലത്തല്ലാതെ മാലിന്യം നിക്ഷേപിക്കുന്നതായി വ്യാപകമായ പരാതിയുണ്ട്. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന വാഹനങ്ങളെക്കുറിച്ച് വിവരം നൽകിയാൽ കർശന നടപടി സ്വീകരിക്കാൻ സന്നദ്ധമാണെന്ന് മോട്ടോർ വാഹന വകുപ്പ് ബന്ധപ്പെട്ട പോലീസ്, കോർപ്പറേഷൻ മുനിസിപ്പാലിറ്റി, റെസിഡന്റ്സ് അസോസിയേഷൻ എന്നിവരെ അറിയിച്ചിട്ടുണ്ട്. രാത്രികാല പ്രത്യേക നിരീക്ഷണത്തിന് എറണാകുളം ജില്ലയിൽ രണ്ട് പ്രത്യേക സ്ക്വാഡുകളെ മോട്ടോർ വാഹനവകുപ്പ് നിയോഗിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, അങ്ങ് പറഞ്ഞത് തീർച്ചയായും സ്വാഗതാർഹമായ കാര്യമാണ്. പലപ്പോഴും നിയമങ്ങൾ ഉണ്ടെങ്കിൽപ്പോലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നില്ലെന്ന

വിഷയമാണ് നാട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പോലീസ് കേസെടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പിഴ ചുമത്തുന്നതിനും നിയമമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട്, ഗതാഗത വകുപ്പ് ബന്ധപ്പെട്ട പോലീസ് അധികാരികളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയും ഓർമ്മപ്പെടുത്തുന്ന നിലയിൽ ഒരിക്കൽക്കൂടി പുതിയൊരു സർക്കുലർ അയയ്ക്കാനുള്ള സാഹചര്യമുണ്ടാക്കുമോ; അങ്ങനെചെയ്താൽ ഈ പ്രശ്നത്തിന് ഏറെക്കുറെ പരിഹാരമുണ്ടാക്കാൻ സാധിക്കും.

ശ്രീ. ആന്റണി രാജു: സർ, എറണാകുളം ജില്ലയിലെ എം.എൽ.എ.-മാരുടെ അവലോകന യോഗത്തിൽ ബഹുമാനപ്പെട്ട അൻവർ സാദത്ത് ഉൾപ്പെടെയുള്ളവർ ഈ വിഷയം വളരെ സജീവമായി ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നാണ് ഇത്തരമൊരു നിർദ്ദേശം പോലീസിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും റെസിഡന്റ്സ് അസോസിയേഷനുകൾക്കും നൽകിയിട്ടുള്ളത്. അദ്ദേഹം ഈ പ്രശ്നമുന്നയിച്ച സാഹചര്യത്തിൽ പ്രത്യേക സർക്കുലർ ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

## IV സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷൻ അവതരിപ്പിക്കുമ്പോൾ പരമാവധി രണ്ട് മിനിറ്റിനുള്ളിൽ പറഞ്ഞുതീർക്കാൻ ശ്രമിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോഴും അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

### 1. കൊമേഴ്സ്യൽ കോംപ്ലക്സ് ആൻഡ് വെജിറ്റബിൾ സൂപ്പർ മാർക്കറ്റ്

ശ്രീമതി കെ. കെ. രമ: സർ, വടകര നഗരസഭയിലെ നാരായണ നഗറിൽ സർവ്വേ നമ്പർ 254/10-ൽപ്പെട്ട ഭൂമിയിൽ കൊമേഴ്സ്യൽ കോംപ്ലക്സ് ആൻഡ് വെജിറ്റബിൾ സൂപ്പർ മാർക്കറ്റ് നിർമ്മിക്കുന്നതിനായി വടകര നഗരസഭ ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 2006-ൽ ബി.ഒ.ടി. വ്യവസ്ഥയിൽ കരാറൊപ്പിട്ടിരുന്നു. പതിനെട്ട് മാസംകൊണ്ട് പണിപൂർത്തീകരിച്ച് ഇരുപത്തിയഞ്ച് വർഷം പ്രവർത്തിപ്പിച്ചശേഷം ഭൂമിയും കെട്ടിടവും നഗരസഭയ്ക്ക് കൈമാറണം എന്നായിരുന്നു കരാറിലെ വ്യവസ്ഥ. കരാർ ഒപ്പിട്ട് പതിനഞ്ച് വർഷമായിട്ടും ഈ കെട്ടിടം പ്രവർത്തനമാരംഭിക്കാതെ വടകരയിലെ പൗരാവലിക്ക് അപമാനകരമാകുംവിധം പുരാവസ്തുപോലെ ദൈനംദിനം നശിച്ചു കൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ പ്രവൃത്തി അവസാനിപ്പിക്കേണ്ട തീയതി മുതൽ ആദ്യ 120 ദിവസം

നിർമ്മാണത്തുകയുടെ 0.01 ശതമാനവും 120 മുതൽ 180 ദിവസം വരെ 0.02 ശതമാനവും 180 ദിവസത്തിനുശേഷം 0.05 ശതമാനവും പിഴയായി കമ്പനി മുനിസിപ്പാലിറ്റിക്ക് നൽകണം. കൂടാതെ കൺസഷൻ ഫീയിനത്തിൽ വാർഷിക വർദ്ധനവോടുകൂടി പതിനാല് ലക്ഷം രൂപ വർഷാവർഷം കമ്പനി അടയ്ക്കേണ്ടതുണ്ട്. ഇത്തരത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ അടയ്ക്കാതെ സർക്കാരിനെയും നഗരസഭയെയും വഞ്ചിക്കുന്ന നിലപാടാണ് കമ്പനി സ്വീകരിച്ചുപോരുന്നത്. എന്നാൽ ഈ കമ്പനിയെ സഹായിക്കുംവിധം നഗരസഭയ്ക്ക് ലഭിക്കേണ്ട പിഴകളെല്ലാം ഒഴിവാക്കിക്കൊടുത്തുവെന്ന് കാണിച്ചു കൊണ്ട് കഴിഞ്ഞ ഫെബ്രുവരി 21-ന് പുറപ്പെടുവിച്ച 514/2021-ാം നമ്പർ സർക്കാർ ഉത്തരവ് ഞെട്ടിക്കുന്നതാണ്. സർക്കാരിന് കോടിക്കണക്കിന് രൂപ നഷ്ടംവരുത്തുന്ന ഈ ഉത്തരവിന് പിന്നിലെ ചേതോവികാരം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കണം. കരാറിലെ നടപടിക്രമങ്ങളിൽ അഴിമതിയുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 2010-2015 കാലയളവിലെ മുനിസിപ്പൽ ചെയർപേഴ്സൺ ഉൾപ്പെടെയുള്ളവർക്കെതിരെയുണ്ടായിരുന്ന വിജിലൻസ് കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുകൂടി അറിയേണ്ടതുണ്ട്. അനുമതിയില്ലാതെ അനധികൃതമായി 1050 ച.മീ. അധിക നിർമ്മാണം നടത്തുകയും സർക്കാർ ഭൂമി കയ്യേറി നിർമ്മാണ പ്രവൃത്തിയിലും പ്രകടമായ ചട്ടലംഘനം നടത്തുകയും ചെയ്തു. കൂടാതെ ഇതിന് പാർക്കിംഗ്, ഡ്രെയിനേജ്, ടോയ്ലറ്റ് തുടങ്ങിയ സംവിധാനങ്ങളൊന്നുമില്ല എന്നതുകൂടി ചട്ടലംഘനമായി ബന്ധപ്പെടുത്തേണ്ടതാണ്. പ്രദേശത്തെ ജനങ്ങളും രാഷ്ട്രീയകക്ഷികളുമൊക്കെ ഇതിനെതിരെ പ്രക്ഷോഭം നടത്തുന്ന സാഹചര്യത്തിൽ അടിയന്തരമായി സ്ഥലവും കെട്ടിടവും റീസർവ്വേ ചെയ്ത് അനധികൃതമായി അധിക ഭൂമി കൈവശം വച്ചിട്ടുണ്ടോയെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഇത് 2016 സെപ്റ്റംബർ 8-ന് അന്നത്തെ പ്രതിപക്ഷ ഉപനേതാവും പിന്നീട് ആഭ്യന്തര വകുപ്പുമന്ത്രിയുമായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ഉദ്ഘാടനം ചെയ്തത്. ഇന്നത്തെ നാദാപുരം എം.എൽ.എ.-യും അന്ന് ആ ചടങ്ങിൽ പങ്കെടുത്തിരുന്നു. പക്ഷേ അന്ന് അടച്ചതിനുശേഷം ഇതുവരെയും തുറന്ന് പ്രവർത്തിച്ചിട്ടില്ല. നികുതിയിനത്തിലും മറ്റ് ഫീസിന ത്തിലുമായി മുനിസിപ്പാലിറ്റിക്കും സർക്കാരിനും ലഭിക്കേണ്ട ഭീമമായ വരുമാനനഷ്ടംകൂടി കണക്കിലെടുത്ത് മുഴുവൻ പിഴയും കമ്പനിയിൽനിന്നും ഈടാക്കണം. ഈ ഭൂമി പണയപ്പെടുത്തി ഏതെങ്കിലും തരത്തിലുള്ള മറ്റ് സാമ്പത്തിക ഇടപാടുകൾ കമ്പനി നടത്തിയിട്ടുണ്ടോ എന്നതുൾപ്പെടെ പരിശോധിക്കണം. ഈ കമ്പനിയെ കരിമ്പട്ടികയിലുൾപ്പെടുത്തി ഭൂമിയും കെട്ടിടവും സർക്കാർ അടിയന്തരമായി ഏറ്റെടുത്ത് ഉടൻ പ്രവർത്തന ക്ഷമമാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട വടകര എം.എൽ.എ. കെ. കെ. രമ ഉന്നയിച്ച വിഷയം പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഒന്നര ദശകമായി നീണ്ടുനിൽക്കുന്ന പദ്ധതിയാണിതെന്ന് കാണുകയുണ്ടായി. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ 2003-ൽ ആവിഷ്കരിച്ച Global Investors Meet (GIM) പദ്ധതിയുടെ ഭാഗമായി വടകര നഗരസഭ നാരായണ നഗറിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഒരു വെജിറ്റബിൾ സൂപ്പർ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടിയിലൂടെ ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ എന്ന കമ്പനിയുമായി 3-4-2006-ന് കരാറിലേർപ്പെട്ടിരുന്നു. കെട്ടിടത്തിന്റെ ലേഔട്ട് അപ്രൂവൽ വാങ്ങി കമ്പനിക്ക് നൽകുന്നതിന് കാലതാമസമുണ്ടായതിനാൽ 6-8-2010-ന് കമ്പനിയുമായി നഗരസഭ ഒരു സപ്ലിമെന്ററി കരാർ ഒപ്പിട്ടു. അപ്രകാരം പതിനെട്ട് മാസത്തിനകം കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതും ഇരുപത്തിയഞ്ച് വർഷത്തെ നടത്തിപ്പിനുശേഷം കെട്ടിടം നഗരസഭയ്ക്ക് കൈമാറേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. സപ്ലിമെന്ററി കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി 5-2-2012-ന് പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും സ്ഥലത്തിന്റെ പ്രത്യേകാവസ്ഥയും പ്രതികൂല കാലാവസ്ഥയും കാരണം പ്രവൃത്തിയിൽ കാലതാമസമുണ്ടായിയെന്നും എങ്കിലും പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും 5-2-2012 മുതൽ ആറുമാസത്തേയ്ക്ക് പ്രോജക്ട് പൂർത്തീകരിക്കുന്ന കാലാവധി നീട്ടി നൽകണമെന്നും കമ്പനി 13-2-2012-ലെ കത്തുപ്രകാരം അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത കത്ത് പരിഗണിച്ച് നഗരസഭാ കൗൺസിൽ 96 ലക്ഷം രൂപ പിഴയീടാക്കിക്കൊണ്ട് 180 ദിവസത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചു. ഇതിനെതിരെ 2-7-2012-ന് സമർപ്പിച്ച അപേക്ഷ നഗരസഭാ കൗൺസിൽ പരിഗണിച്ച് വിഷയം സർക്കാരിലേയ്ക്കയയ്ക്കാൻ തീരുമാനിച്ചു. ഈ വിഷയം സർക്കാർ ചർച്ചചെയ്യുകയും പ്രോജക്ട് തർക്കരഹിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് നാലുകാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. ഒന്ന്, താൽക്കാലിക പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ് ഉടൻ കെട്ടിട നിർമ്മാണം പുനരാരംഭിക്കണം. രണ്ട്, പിഴ ഒഴിവാക്കുന്ന കാര്യം നഗരസഭയ്ക്ക് തീരുമാനിക്കാവുന്നതാണ്. മൂന്ന്, താൽക്കാലിക പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് പത്ത് മാസത്തിനകം ബെയ്സ്മെന്റിലും തറനിലയിലും പണി പൂർത്തീകരിക്കേണ്ടതും മറ്റ് നിർമ്മാണങ്ങൾ അതിനുശേഷം ഇരുപത്തിനാല് മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്. നാല്, താൽക്കാലിക പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ പ്രതിവർഷം പതിനാല് ലക്ഷംരൂപ കമ്പനി

നഗരസഭയ്ക്ക് നൽകേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ 23-10-2014-ലെ നഗരസഭാ കൗൺസിൽ പരിഗണിച്ച് പിഴ ഒഴിവാക്കുകയും കെട്ടിടത്തിന്റെ പണി പൂർത്തീകരണത്തിന് മുപ്പത്തിയാറ് മാസത്തെ സമയം അനുവദിക്കുകയുംചെയ്തു. കെട്ടിടത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6-11-2014-ന് പ്രൊവിഷണൽ ഒക്കുപ്പൻസി അനുവദിക്കുകയും അന്നുമുതൽ കൺസഷൻ ഫീയിനത്തിൽ പതിനാല് ലക്ഷംരൂപ കമ്പനി നഗരസഭയിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 2.32 ഏക്കർ സ്ഥലമാണ് കമ്പനിക്കനുവദിച്ചിട്ടുള്ളത്. ഈ സ്ഥലമല്ലാതെ അധികമായി സർക്കാർ ഭൂമി കമ്പനി കയ്യേറിയിട്ടില്ല. 22,831.32 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് നഗരസഭ പെർമിറ്റ് അനുവദിച്ചിരുന്നത്. എന്നാൽ കമ്പനി 3-6-2017-ന് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണം 23,851.51 ചതുരശ്ര മീറ്ററാണ്. അധികംപണിത ഏരിയയുടെ പിഴസംബന്ധിച്ച് തീരുമാനത്തിനായി നഗരസഭാ കൗൺസിലിന്റെ 3-11-2020-ലെ തീരുമാനപ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച കെട്ടിടത്തിന് occupancy അനുവദിച്ച് കെട്ടിട നമ്പർ നൽകുന്നതിന് 20-2-2021-ലെ സർക്കാർ ഉത്തരവനുസരിച്ച് ചില വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ ഒന്നാമത്തെ വ്യവസ്ഥ അംഗീകരിച്ച്, അധികരിച്ച ഏരിയയ്ക്ക് ആനുപാതിക ഫീസിടാക്കി occupancy certificate അനുവദിക്കുന്നതിന് 31-5-2021-ലെ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അധികമായി നിർമ്മിച്ച 1,020.19 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ഓരോവർഷവും വാർഷിക ഫീസായ 14 ലക്ഷം രൂപയ്ക്കുപുറമെ 62,558 രൂപ കൂടി അധികമായി ഈടാക്കുന്നതിനും നഗരസഭ തീരുമാനിച്ചിട്ടുണ്ട്. അധികമായി പണിത ഏരിയ റെഗുലറൈസ് ചെയ്ത് ഫീസൊടുക്കുന്നതിനും വാർഷിക ഫീസിൽ കുടിശ്ശിക ഒടുക്കുന്നതിനും നഗരസഭ കമ്പനിക്ക് നോട്ടീസ് നൽകിയതുപ്രകാരം റെഗുലറൈസേഷൻ ഫീസിനത്തിൽ 4,10,147 രൂപയും കൺസഷൻ ഫീസിനത്തിൽ 21,42,870 രൂപയുമൊടുക്കിയിട്ടുണ്ട്. പദ്ധതി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിനാലും കരാർപ്രകാരം കമ്പനി കൊടുക്കാൻ ബാദ്ധ്യസ്ഥമായ പിഴ ഒടുക്കാത്തതിനാലും കെട്ടിടത്തിന് നാളിതുവരെ occupancy certificate അനുവദിച്ചിട്ടില്ല. മറ്റ് കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

## 2. റീസർവ്വേ നടപടികൾ

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി അപാകതകൾ നിലനിൽക്കുകയാണ്. ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ

വിഷയം പരിഹരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. 2014-ൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് അംഗീകാരം നൽകിയതാണ് മൈലപ്ര, ഐരവൺ (Airavon) വില്ലേജുകൾ. വേണ്ടത്ര വ്യക്തതയില്ലാതെയും മതിയായ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെയും ഉദ്യോഗസ്ഥർ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി ജനങ്ങൾ വ്യാപകമായി പരാതിപ്പെടുകയാണ്. അരനൂറ്റാണ്ടുമുൻപ് സർക്കാർ പട്ടികജാതി വിഭാഗത്തിന് നൽകിയ ഭൂമിയാണ് കുരുടൻകുഴി കോളനിയിലെ ഭൂമി. അവിടെ അവർക്ക് പട്ടയവും ഉടമസ്ഥാവകാശവും വീടും നൽകിയിരുന്നു, 2014 വരെ അവർ കരവും ഒടുക്കിയിരുന്നു. പക്ഷെ 2014-നുശേഷം ആ കോളനിയിലുള്ളവർ കരമൊടുക്കാൻ പോയപ്പോൾ റീസർവ്വേ നടപടികളുടെ ഭാഗമായി ആ ഭൂമി പുറമ്പോക്ക് ഭൂമിയാണെന്നറിയിച്ചത്. ഇതിന്റെ ഫലമായി അവിടെയുള്ളവർക്ക് കരമൊടുക്കാനോ മറ്റാനുകൂല്യങ്ങൾ കൈപ്പറ്റാനോ കഴിയുന്നില്ല. കഴിഞ്ഞദിവസം മൈലപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തനിക്ക് മൂന്ന് തലമുറയായി കൈമാറി കിട്ടിയ ഭൂമിയുടെ കരമൊടുക്കാൻ പോയപ്പോൾ ആ ഭൂമി മറ്റൊരാളുടെ പേരിലാണെന്നാണറിഞ്ഞത്. അച്ഛനും മുത്തച്ഛനുമൊക്കെ കൈമാറിക്കിട്ടിയ ആ ഭൂമിയുടെ അവകാശം ഇപ്പോൾ അന്വേഷിക്കുമ്പോൾ അയൽപക്കക്കാരന്റെ പേരിലും ഭൂമി അപേക്ഷകന്റെ പേരിലുമാണ്. മാത്രമല്ല ഭൂമിയുടെ അളവിലും അതിർത്തിയിലും വലിയ പ്രശ്നം നിലനിൽക്കുന്നതിനാൽ സാധാരണ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ്. ഇതുപരിഹരിക്കാൻ അവർ കളക്ടറേറ്റിലും താലൂക്ക്/വില്ലേജ് ഓഫീസുകളിലുമെല്ലാം കയറിയിറങ്ങിനടക്കുകയാണ്. വർഷങ്ങൾ പ്രയത്നിച്ച് വലിയ ഇടപെടലുകൾ നടത്തിയാൽ മാത്രമാണ് ചെറിയ കേസുകൾപോലും പരിഹരിച്ചുകൊടുക്കുന്നത്. ഇതിൽ വ്യക്തത വരുത്തുന്നതിനും മണ്ഡലത്തിലെ റീസർവ്വേ നടപടികളിലെ അപാകതകൾ പരിഹരിക്കുന്നതിനുമായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ട് ഇക്കാര്യത്തിൽ വളരെവേഗം തീർപ്പുകൽപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. കൂടാതെ സീതത്തോട്, ചിറ്റാർ, അരുവാപ്പുലം, തണ്ണിത്തോട്, കോന്നിത്താഴം എന്നീ വില്ലേജുകളിലെ റീസർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., കെ. യു. ജനീഷ് കുമാർ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്. എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹം കുറേക്കാലമായി ഉന്നയിക്കുന്ന വിഷയങ്ങളാണിവ. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന 3757 ഹെക്ടർ വിസ്തീർണ്ണമുള്ള അരുവാപ്പുലം വില്ലേജിൽ 36, 37,

38, 39 എന്നീ ബ്ലോക്കുകളാണുള്ളത്. ഇവയിൽ റിസർവ് ഫോറസ്റ്റ് ബ്ലോക്ക് നമ്പർ 39, ഹാരിസൺ പ്ലാന്റേഷന്റെ കൈവശവുമായി ബന്ധപ്പെട്ട കേസ് നിലനിൽക്കുന്ന ബ്ലോക്ക് നമ്പർ 38-ലെ പ്രസ്തുത ഭാഗം എന്നിവ ഒഴികെ റീസർവ്വേ, ഫീൽഡ് ജോലികൾ കൺവെൻഷണൽ രീതിയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി വില്ലേജിലെ അപ്പീൽ & ലാൻഡ് കംപ്ലെയിന്റ് പരാതികൾ തീർപ്പാക്കിയിട്ടുള്ളതും ഡാറ്റാ എൻട്രി ജോലികൾ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്. സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ ഭൂരേഖ തയ്യാറാക്കുക, ടി രേഖകൾ റവന്യൂ രജിസ്ട്രേഷൻ വകുപ്പിലെ ഭൂസംബന്ധ സേവനങ്ങളുമായി യോജിപ്പിച്ച് മാപ്പുൾപ്പെടെയുള്ള സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി എന്ന പ്രോജക്ട് വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ജീവനക്കാരുടെയും സർവ്വേ ഉപകരണങ്ങളുടെയും കുറവ് റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വേ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വേ സാങ്കേതിക വിദ്യയായ Continuously Operating Reference Station നെറ്റ്വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും RTK (Real-time kinematic positioning) ഉപകരണങ്ങളുടെ സഹായത്തോടെ സർവ്വേ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ അഭാവത്തിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വേയറുടെ സേവനംകൂടി വിനിയോഗിച്ച് ആയതിന് ആവശ്യമായ തുക RKI-യിൽനിന്ന് ലഭ്യമാക്കിയും സർവ്വേ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരികയാണ്. പ്രസ്തുത നടപടി പൂർത്തിയാകുന്നമുറയ്ക്ക് സർവ്വേ നടപടികൾ കാലതാമസമില്ലാതെ പൂർത്തിയാകും. പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിലെ ശേഷിക്കുന്ന കോന്നിത്താഴം, തണ്ണിത്തോട്, ചിറ്റാർ, സീതത്തോട് എന്നീ വില്ലേജുകളിലെ റീസർവ്വേ ജോലികൾക്ക് പ്രത്യേകമുൻഗണന നൽകി കൂടുതൽ കൃത്യതയോടെയും സമയബന്ധിതമായും പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

## 3. റവന്യൂ ടവർ നിർമ്മാണം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറത്ത് ഒരു റവന്യൂ ടവർ നിർമ്മിക്കുന്നതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലാ കളക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷ് സൈന്യത്തിന്റെ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിലാണ്. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷ്

സൈന്യത്തിന്റെ വസ്തുവകകൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ബാരക്കായി ഉപയോഗിച്ചിരുന്ന ഈ കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും തുടർന്ന് ജില്ലാ കളക്ടറുടെ ആസ്ഥാനമായി പ്രവർത്തിക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പിനെ ഏൽപ്പിക്കുകയുമാണുണ്ടായത്. ഈ കെട്ടിടങ്ങൾക്ക് ഏകദേശം നൂറ് വർഷത്തെ പഴക്കമുണ്ട്. രണ്ട് പ്രധാന ഹാളുകളുള്ള ഈ കെട്ടിട സമുച്ചയത്തിൽ 200-ലധികം ഉദ്യോഗസ്ഥർ ജോലിചെയ്തു വരികയാണ്. കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ദിവസേന നിരവധി ആളുകളാണ് ഇവിടെയെത്തുന്നത്. കാലപ്പഴക്കത്താലുണ്ടായ ചോർച്ചമൂലം മിക്ക സെക്ഷനുകളിലും കാലവർഷസമയത്ത് വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. പൊതുമരാമത്ത് വകുപ്പ് എല്ലാവർഷവും ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവഴിക്കുന്നുണ്ടെങ്കിലും കെട്ടിടത്തിന്റെ കാലപ്പഴക്കംകാരണം ഫലപ്രാപ്തി യിലെത്തുന്നില്ല. ജില്ലാ കളക്ടർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ആറ് ഡെപ്യൂട്ടി കളക്ടർമാർ, മൂന്ന് സീനിയർ സൂപ്രണ്ടുമാർ, പതിനെട്ട് സെക്ഷനുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് സൗകര്യപ്രദമായി ജോലിചെയ്യുന്നതിനാവശ്യമായ സ്ഥലസൗകര്യം നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ലഭിക്കുന്നില്ല. കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ സമയത്തും ഇലക്ഷൻപോലുള്ള അടിയന്തര ഘട്ടങ്ങളിലും കൺട്രോൾ റൂം, സംഭരണ കേന്ദ്രങ്ങൾ എന്നിവ കോൺഫറൻസ് ഹാളിൽത്തന്നെ പ്രവർത്തിക്കുന്നതിനാൽ അടിയന്തര ഘട്ടങ്ങളിൽ യോഗം നടത്തുന്നതിനായി മറ്റ് ഓഫീസുകളിലെ കോൺഫറൻസ് ഹാളുകളെ ആശ്രയിക്കേണ്ടിവരികയാണ്. റീസർവ്വേ അസ്സിസ്റ്റന്റ് ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, ജില്ലാ ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരുടെ ഓഫീസും ഇതേ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കാൻ കെട്ടിടത്തിൽ സൗകര്യം കുറവാണ്. കളക്ടറുടെയും എ.ഡി.എം.-ന്റെ ചേംബറിലുമൊക്കെ ഹിയറിംഗിനായി ദിവസേന നിരവധി ആളുകൾ എത്തുമ്പോൾ അവർക്ക് പുറത്ത് നിൽക്കേണ്ട സ്ഥിതിയാണുള്ളത്. ഓഫീസിലെ സ്ഥലപരിമിതി പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ഒരു യോഗം 25-10-2019-ൽ വിളിച്ചു ചേർക്കുകയും ചർച്ചകൾക്കുശേഷം പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും സഹിതം 65 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സമാന്തരമായി സ്ഥിതിചെയ്യുന്ന രണ്ട് കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അതേ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കാനും ജില്ലാ കളക്ടറുടെ ചേംബറിന് മുന്നിലെ മറ്റൊരു

കെട്ടിടവും ചേർത്ത് 'U' ആകൃതിയിൽ റവന്യൂ ടവർ നിർമ്മിക്കാനമാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ കെട്ടിടത്തിന്റെ പൗരാണിക സ്വഭാവം നിലനിർത്തിക്കൊണ്ട് ജില്ലാ കളക്ടറുടെ ചേംബർ ഉൾക്കൊള്ളുന്ന കെട്ടിടം അതേപടി നിലനിർത്തുന്നതിനാൽ പുരാതന ഘടകങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടാണ് ഈ പ്രൊപ്പോസൽ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി അംഗീകാരം നൽകാമെന്നറിയിച്ചിരുന്നെങ്കിലും നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പദ്ധതി അനന്തമായി നീട്ടിക്കൊണ്ടുപോകാതെ മലപ്പുറം റവന്യൂ ടവറിന് എത്രയുംവേഗം അംഗീകാരം നൽകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ന്യായവും ഗുരുതരവുമായ ഒരു പ്രശ്നമായി സർക്കാർ മനസ്സിലാക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ മലപ്പുറം ജില്ലാ കളക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷ് സൈന്യത്തിന്റെ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിൽത്തന്നെയാണ്. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷ് സൈന്യത്തിന്റെ വസ്തുവകകൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തു. ഇപ്പോൾ ആ കെട്ടിടത്തിന് ഏകദേശം നൂറ് വർഷത്തെ പഴക്കമുണ്ട്. നിലവിൽ ടി കെട്ടിടത്തിൽ കളക്ടറേറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലെന്ന് മാത്രമല്ല കെട്ടിടം ജീർണ്ണാവസ്ഥയിലുമാണ്. രണ്ട് ഹാളുകൾ മാത്രമാണ് കെട്ടിട സമുച്ചയത്തിലുള്ളത്. ദിവസേന വിവിധ ആവശ്യങ്ങൾക്കായി കളക്ടറേറ്റിലെത്തുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും അസൗകര്യംമൂലം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ ഭരണകേന്ദ്രം പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമാകും വിധത്തിൽ ക്രമീകരിച്ചാൽ കാര്യക്ഷമമായ ഭരണനിർവ്വഹണം നടത്താനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ പ്രദാനംചെയ്യാനും സാധിക്കും. മലപ്പുറം കളക്ടറേറ്റും റവന്യൂ സർവ്വേ ഓഫീസുകളും വാടകക്കെട്ടിടത്തിലുള്ള മറ്റ് സർക്കാർ ഓഫീസുകളും പ്രവർത്തിപ്പിക്കുന്നതിന് യോജിച്ച രീതിയിലുള്ള ഒരു റവന്യൂ ടവർ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് 65 കോടി രൂപയുടെ എസ്റ്റിമേറ്റ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായ ഉടനെ അടിയന്തര പ്രാധാന്യത്തോടെ മറ്റ് നടപടികൾ പൂർത്തിയാക്കി റവന്യൂ ടവർ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതാണ്. സംസ്ഥാനത്തെ ജില്ലകളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയ്ക്ക്, ഇത്രയേറെ

വർഷങ്ങളുടെ പഴക്കമുള്ള പൗരാണിക പാരമ്പര്യമുള്ള ഒരു കെട്ടിടമുണ്ടാകുകയും അത് ജില്ലയുടെ ഭരണകൂടത്തിനാവശ്യമായ സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്യുന്നത് വളരെ ഗൗരവമായെടുത്തുകൊണ്ട് കേരളത്തിൽ നടത്താൻ പോകുന്ന റവന്യൂ ടവർ നിർമ്മാണത്തിൽ മുൻഗണന നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

## 4. കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി മണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിലെ കർഷകരുൾപ്പെടെയുള്ള 512 കുടുംബങ്ങൾക്ക് 63 വർഷമായിട്ടും അർഹതപ്പെട്ട പട്ടയങ്ങൾ ലഭിക്കുന്നില്ലെന്ന നീതിപൂർവ്വമായ പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 283/1 എ എന്ന പഴയ സർവ്വേ നമ്പറിൽപ്പെട്ട 274.5 ഏക്കർ സ്ഥലം വനം വകുപ്പിന്റെ 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പരിധിക്ക് പുറത്താണോ എന്നത് സംബന്ധിച്ചായിരുന്ന തർക്കത്തിന് ആധാരമായ വസ്തുത. ജനപ്രതിനിധികൾ ഉൾപ്പെടെ നടത്തിയ നിരന്തര പ്രക്ഷോഭത്തെത്തുടർന്ന് 2018-ൽ റവന്യൂ-വനം വകുപ്പുകൾ സംയുക്ത സർവ്വേ നടത്തുകയും 88 ശതമാനം സർവ്വേനടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരം 174 മുതൽ 211 വരെയുള്ള റീ-സർവ്വേ പ്രവൃത്തികൾ നടത്തുകയും 2019 മാർച്ച് 6-ാം തീയതി ഒരു ഇടക്കാല റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ജനങ്ങളാരും ഒരിഞ്ച് വനഭൂമിപോലും കയ്യേറിയിട്ടില്ലെന്നും ഒരു കുടുംബംപോലും വനഭൂമിയുടെ ജണ്ടയ്ക്കകത്ത് താമസിക്കുന്നില്ലെന്നുമാണ് കണ്ടെത്തിയത്. അവശേഷിക്കുന്ന 12 ശതമാനം സ്ഥലത്തിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചില്ല. യഥാർത്ഥത്തിലവശേഷിക്കുന്ന 12 ശതമാനം സർവ്വേ നടത്താനുള്ള സ്ഥലം രണ്ട് റിസർവ് വനങ്ങൾക്കിടയിലുള്ള കല്ലുകളുൾപ്പെടുന്ന ഭാഗമാണ്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സ്കെച്ച് വേണമെന്നാണ് വനം വകുപ്പ് പറയുന്നത്. കഴിഞ്ഞ രണ്ട് വർഷമായിട്ടും സ്കെച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒരിഞ്ചുപോലും വനഭൂമി കയ്യേറാത്ത സാധാരണ മനുഷ്യർ തലമുറകളായി അവർക്കർഹതപ്പെട്ട പട്ടയം ലഭിക്കാത്തതുകൊണ്ട് ജനപ്രതിനിധികളുൾപ്പെടെയുള്ളവർ സമരരംഗത്താണ്. വനഭൂമി സംരക്ഷിക്കപ്പെടുകതന്നെ വേണം. പക്ഷെ വനഭൂമി കയ്യേറാത്തവർക്ക് നീതി നിഷേധിക്കപ്പെടാൻ പാടില്ല. സ്കെച്ചില്ലെന്ന കാരണംപറഞ്ഞ് ഇത് നീട്ടിക്കൊണ്ടു പോകാൻ പാടില്ല. റീ-സർവ്വേയുടേയും 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അതിർത്തി വിവരണത്തിന്റെയും അടിസ്ഥാനത്തിൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. പൊന്തൻപുഴ, പെരുമ്പെട്ടി മേഖലകളിലെ ആളുകൾക്ക് അർഹതപ്പെട്ട പട്ടയം ലഭ്യമാക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവമായതാണെന്ന് മാത്രമല്ല അതിന്റെ നടപടിക്രമങ്ങൾ കുറേയേറെ മുന്നോട്ടുപോയതുമാണ്. ബഹുമാനപ്പെട്ട പ്രമോദ് നാരായൺ സൂചിപ്പിച്ച വസ്തുതകൾ സർക്കാരിന് ബോദ്ധ്യപ്പെടുകയും അതംഗീകരിക്കുകയുമാണ്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വനം വകുപ്പ് ജണ്ടകെട്ടി സംരക്ഷിച്ചുവരുന്ന വനഭൂമിക്ക് പുറത്ത് ആറ് പതിറ്റാണ്ടിലേറെയായി കുടിയേറിപ്പാർത്തിട്ടുള്ള കർഷകർക്ക് പട്ടയം ലഭ്യമാകുന്നത് സംബന്ധിച്ച വിഷയം സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. കർഷകർക്കെത്രയുംവേഗം പട്ടയം നൽകണമെന്നതാണ് സർക്കാരിന്റെ നയം. കർഷകരുടെ കൈവശമുള്ള ഭൂമി 31-5-1958-ലെ വനം വകുപ്പിന്റെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള വനഭൂമിക്ക് പുറത്താണോയെന്നത് സംബന്ധിച്ചാണ് തർക്കം നിലനിന്നിരുന്നത്. ഇത് പരിഹരിക്കാനായി 10-1-2019-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത സർവ്വേ/ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ തീരുമാനിക്കുകയും 85 ശതമാനം സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതിചെയ്യുന്നുവെന്ന് അന്നത്തെ ഡി.എഫ്.ഒ. ഇടക്കാല റിപ്പോർട്ട് നൽകിയിരുന്നു. ശേഷിക്കുന്ന സർവ്വേ നടപടികൾക്ക് കോഴിക്കോട് ജില്ലയിലെ മിനി സർവ്വേ ടീമിനെ പ്രത്യേകമായി നിയോഗിച്ച് പൂർത്തീകരിക്കാൻ 2021 ജനുവരി മാസം 22-ാം തീയതി കൂടിയ റവന്യൂ-വനം വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത ടീം സർവ്വേ നടപടികൾ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് നൽകുന്നമുറയ്ക്ക് പട്ടയം വിതരണം ചെയ്യാവുന്നതാണ്. പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്താണെന്നുള്ള ഡി.എഫ്.ഒ.-യുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈവശക്കാർക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം നിയമാനുസൃതം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനുള്ള സൗകര്യമൊരുക്കുന്നതാണ്. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞദിവസം കളക്ടറുൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ യോഗംചേർന്നപ്പോൾ ഇതൊരു പ്രധാനപ്പെട്ട വിഷയമായി ഞാൻ ഉന്നയിച്ചിരുന്നു. ഇപ്പോൾ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനിടയിൽ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ നടത്തി 508 കുടുംബങ്ങളുടെ ഫയൽ തയ്യാറാക്കിട്ടുള്ളതാണ്; ഇത് ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ചതുപോലെ പ്രശ്നങ്ങളുണ്ടെങ്കിലും നിയമപരമായ ചില വസ്തുതകളുള്ളതു കൊണ്ട് മിനി സർവ്വേ ടീം സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് പട്ടയവിതരണം നടത്തുന്ന നടപടിയുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുമെന്ന് ഉറപ്പുനൽകുകയാണ്.

## 5. വന്യമൃഗ ശല്യം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പെരുവണ്ണാമൂഴിയിലും പരിസര പ്രദേശങ്ങളിലും വന്യമൃഗ ശല്യംകാരണം വൻതോതിൽ കൃഷിയും സ്വത്തുക്കളും നശിപ്പിക്കപ്പെടുകയാണ്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള പേരാമ്പ്ര എസ്റ്റേറ്റിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനിടയിൽ പതിനെട്ടായിരത്തിൽപ്പരം റബ്ബർമരങ്ങൾ ആനക്കൂട്ടം കയറി നശിപ്പിച്ചിട്ടുള്ളതാണ്. ആനകൾ കൂട്ടമായി ചില മേഖലകളിൽ പ്രവേശിക്കുന്ന അവസ്ഥയാണുള്ളത്. കഴിഞ്ഞദിവസം കൂത്താളി ജില്ലാ കൃഷി ഫാമിൽ രണ്ട് സ്ത്രീത്തൊഴിലാളികൾ ഒരു ആനയുടെ മുമ്പിൽപ്പെട്ടുപോയി. ഒറ്റയ്ക്കുള്ള ആനയുടെ ഇറക്കം അപകടകരമായ സ്ഥിതി വിശേഷമാണുണ്ടാക്കുന്നത്. തൊഴിലാളികളും കൃഷിക്കാരും വലിയ ഭീതിയിലാണ്. പെരുവണ്ണാമൂഴി, ചെമ്പനോട, പൂഴിത്തോട്, മുതുകാട്, ചെങ്കോട്ടക്കൊല്ലി തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ആന, പന്നി, കുരങ്ങ് തുടങ്ങിയ വന്യമൃഗങ്ങൾ പ്രവേശിച്ച് വലിയതോതിൽ കൃഷി നശിപ്പിച്ചിട്ടുണ്ട്. ആനയുടെ വരവ് തടയാൻ ചക്കിട്ടപ്പാറ പഞ്ചായത്തിൽ 34 കി.മീ. നീളത്തിൽ വനാതിർത്തിയിൽ ആനമതിൽ കെട്ടണമെന്നുള്ള പ്രധാനപ്പെട്ട ആവശ്യം കൃഷിക്കാരുടെയിടയിൽ ഉയർന്നു വരികയാണ്. വന്യമൃഗ ശല്യം എങ്ങനെ തടയാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗൗരവമായ പരിശോധന നടത്തി പരിഹാരമുണ്ടാക്കണം. അതിൽ ചിലതിപ്പോൾത്തന്നെ വനം വകുപ്പിന് ചെയ്യാൻ സാധിക്കുന്നതാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങൾ കണ്ടെത്തി വനം വകുപ്പ് മുഖാന്തരം വനസംരക്ഷണ സമിതിയുടെ വാച്ചർമാരെ നിയമിച്ചാൽ ജനങ്ങൾക്ക് ആശ്വാസം ലഭിക്കും. ജില്ലയിലെ മലയോര മേഖലകളിലെല്ലാം ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് ഇതിന് പ്രായോഗികമായ പരിഹാരമുണ്ടാക്കുന്നതിനും വന്യമൃഗത്തിന്റെ വരവിനെ തടഞ്ഞുനിർത്തുന്നതിനും കൃഷി സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചന നടത്തുന്നതോടൊപ്പം നഷ്ടപ്പെട്ട കൃഷിക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിയും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോടഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാന്യനായ പേരാമ്പ്ര എം.എൽ.എ. ടി. പി. രാമകൃഷ്ണൻ വനാതിർത്തി കളുമായി ബന്ധപ്പെട്ട് കർഷകരും ജനപ്രതിനിധികളും അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി ഫോറസ്റ്റ് റേഞ്ച് പരിധിയിലാണ് ഇവിടെ സൂചിപ്പിച്ച പ്രദേശങ്ങൾ വരുന്നത്. മലബാർ വന്യജീവി സങ്കേതം ഈ പ്രദേശത്തോടുചേർന്ന് സ്ഥിതിചെയ്യുന്നത് വന്യമൃഗങ്ങളുടെ ആക്രമണ

സാദ്ധ്യതയിലേയ്ക്കുള്ള ചൂണ്ടുവിരലാണ്. എം.എൽ.എ. സൂചിപ്പിച്ചതുപോലെ, പ്ലാന്റേഷൻ കോർപ്പറേഷൻ കൃഷിചെയ്യാതെ കാടുപിടിച്ച ഭൂമിയും ഈ പ്രശ്നത്തിന്റെ കാരണമായി കണക്കാക്കുന്നു. ഇതിന്റെ ഫലമായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സ്ഥലങ്ങൾ ഉൾപ്പെടുന്ന ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 29 കിലോമീറ്റർ സോളാർ ഫെൻസിംഗ് ഈ പ്രദേശത്ത് പ്രവർത്തനസജ്ജമാണ്. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ കൃഷിസ്ഥലങ്ങളിലേയ്ക്കെത്തുന്ന ആനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനായി ഇരുപത് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. താമരശ്ശേരി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ഈ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ജനങ്ങളുടെ ജീവനും കൃഷിക്കും ഭീഷണിയാകുന്ന കാട്ടുപന്നികളെ കൊല്ലാനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ നൂറ്റിയൻപതോളം വ്യക്തികൾക്ക് അനുവാദം നൽകുകയും ലൈസൻസുള്ള തോക്ക് കൈവശമുള്ള നാലുപേരെ കാട്ടുപന്നി നിർമ്മാർജ്ജന ത്തിനായി എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ഈ റേഞ്ചിനുകീഴിൽ നാലോളം കാട്ടുപന്നികളെ കൊന്നിട്ടുണ്ട്. തകരാറിലാകുന്ന സോളാർ ഫെൻസിംഗിന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. കൂടാതെ, മൂന്ന് കിലോമീറ്റർവരെ സോളാർ ഫെൻസിംഗ് ഈവർഷം സ്ഥാപിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും കഴിഞ്ഞദിവസം കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും പ്രസ്തുത ഉത്തരവിന്റെ പ്രയോജനം പരാതിക്കാരായ ആറുപേർക്കുമാത്രമാണ് ലഭിക്കുന്നത്. അത് മറ്റുപ്രദേശങ്ങളിലേയ്ക്ക് ലഭ്യമാക്കാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിച്ചുവരുന്നു. ഈ പ്രശ്നത്തിൽ, സ്ഥലം എം.എൽ.എ. ആയ ശ്രീ. ടി. പി. രാമകൃഷ്ണൻ ഫലപ്രദമായി ഇടപെടുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത് ആലോചനയോഗം നടത്തുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനപ്രകാരം വാച്ചർമാരെ അധികമായി നിയമിക്കാനും തോക്കിനുള്ള ലൈസൻസ് നൽകാനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കും ജീവഹാനിക്കുമുള്ള നഷ്ടപരിഹാരമായി ഈ മേഖലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി 25,48,373 രൂപ അനുവദിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള അപേക്ഷകൾ ഇനിയും ബാക്കിയുണ്ട്. ഇരുപത് ലക്ഷം രൂപകൂടി ലഭിച്ചാൽ മാത്രമെ ബാക്കിയുള്ള അപേക്ഷകർക്ക് നഷ്ടപരിഹാരത്തുക നൽകാൻ സാധിക്കുകയുള്ളൂ. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അത് ലഭ്യമാക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ഫണ്ട് ലഭിക്കുമെന്ന പ്രതീക്ഷയാണ് വനം വകുപ്പിനുള്ളത്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് എത്രയുംവേഗം നഷ്ടപരിഹാരത്തുക നൽകാൻ നടപടി സ്വീകരിക്കും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ വനമേഖലകളുമായി ബന്ധപ്പെട്ട് ഒരു ബൃഹത് പദ്ധതി തയ്യാറാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രാവർത്തികമാകുമ്പോൾ ഘട്ടംഘട്ടമായി വനമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതുപോലെ, കോഴിക്കോട് ജില്ലയിലെ വനമേഖലയുമായി ബന്ധപ്പെട്ട ഇത്തരം ഗുരുതരമായ പ്രശ്നം ചർച്ചചെയ്യുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും യോഗം ആഗസ്റ്റ് മാസം 5-ാം തീയതി 12.00 മണിക്ക് വിളിച്ചുചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## 6. ചെളി നീക്കം ചെയ്യൽ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുന്നത് സംബന്ധിച്ച സബ്മിഷനാണ് ഉന്നയിക്കുന്നത്. കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗമായ മാവൂർ റോഡ് എന്നറിയപ്പെടുന്ന ഇന്ദിരാഗാന്ധി റോഡിലാണ് കോർപ്പറേഷന്റെ ബസ്സ്റ്റാൻഡും പ്രധാനപ്പെട്ട വാണിജ്യ കേന്ദ്രവും സ്ഥിതിചെയ്യുന്നത്. ശക്തമായ മഴപെയ്താൽ പ്രദേശത്ത് മുഴുവൻ വെള്ളം കയറുന്ന അവസ്ഥയാണുള്ളത്. കനോലി കനാലിലൂടെയാണ് വെള്ളം സുഗമമായി ഒഴുകിപ്പോകേണ്ടത്. നഗരത്തെ രണ്ടായി മുറിച്ചുകൊണ്ട് 11.2 കിലോമീറ്റർ നീളത്തിൽ കനോലി കനാൽ നിലനിൽക്കുന്നതിനാൽ അതിന്റെ ആഴം വർദ്ധിപ്പിക്കുകയും കല്ലായിപ്പുഴയിലെ ചെളി നീക്കംചെയ്ത് ഒഴുക്ക് സുഗമമാക്കുകയും ചെയ്താൽ മാത്രമേ കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ടിന് പരിഹാരമുണ്ടാകുകയുള്ളൂ. പതിറ്റാണ്ടുകളായുള്ള ചെളിയാണ് കല്ലായിപ്പുഴയിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. കല്ലായിപ്പുഴ ഉയരത്തിലും കനോലി കനാൽ താഴെയുമായാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ അതിന്റെ മുകളിൽ പതിക്കുന്ന വെള്ളംമാത്രമാണ് ഒഴുകിപ്പോകുന്നത്. പ്രധാന ജലനിർഗ്ഗമനമാർഗ്ഗമായ കനോലി കനാലിലൂടെ ജലം ഒഴുകിപ്പോകുന്നില്ലെന്ന് മാത്രമല്ല ഈ കനാലിലൂടെ വരുന്ന വെള്ളംകൂടി നഗരത്തിലേയ്ക്ക് കയറുന്ന അവസ്ഥയാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അഹമ്മദ് ദേവർകോവിലിന്റെ മണ്ഡലത്തിലാണ് കല്ലായിപ്പുഴ സ്ഥിതിചെയ്യുന്നത്. ഡോ. എം. കെ മുനീർ മന്ത്രിയായിരുന്ന കാലയളവിൽ കല്ലായിപ്പുഴയിലെ ചെളി നീക്കംചെയ്യുന്നതിനായി നാലുകോടി രൂപ വകയിരുത്തി ടെണ്ടർ നൽകിയെങ്കിലും കരാറുകാരൻ തുക

കുറവാണെന്ന് പറഞ്ഞതുകൊണ്ട് പണി നിർത്തിവയ്ക്കേണ്ട സാഹചര്യമുണ്ടായി. കഴിഞ്ഞ സർക്കാർ ടെണ്ടർ തുക ആറുകോടി രൂപയായി വർദ്ധിപ്പിച്ചെങ്കിലും കല്ലായിപ്പുഴയിലെ ചെളി നിക്ഷേപിക്കാൻ സ്ഥലമില്ലാത്തതുകൊണ്ട് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത അവസ്ഥയാണ്. ഒരുസ്ഥലത്തും ചെളി നിക്ഷേപിക്കാൻ ജനങ്ങൾ അനുവദിക്കാത്തതാണ് പ്രധാന തടസ്സമായി നിൽക്കുന്നത്. വെള്ളക്കെട്ടുള്ള പ്രദേശത്ത് നിക്ഷേപിച്ചാൽ പരിസ്ഥിതിക്ക് കോട്ടംവരുമെന്നുള്ളതുകൊണ്ട് അതിനും അനുവദിക്കാത്ത അവസ്ഥയുണ്ട്. ഏകമാർഗ്ഗം ആഴക്കടലിൽ കൊണ്ടുപോയി നിക്ഷേപിക്കുക എന്നതാണ്. ഡ്രെഡ്ജ്ചെയ്ത് ചെളി നീക്കംചെയ്താൽമാത്രമെ ഇതിന് പരിഹാരമാകുകയുള്ളൂ. കഴിഞ്ഞ ദിവസം കോഴിക്കോട് കോർപ്പറേഷൻ മേയറുടെ നേതൃത്വത്തിൽ ഒരു നിവേദകസംഘം വന്നിരുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഞാനുംകൂടി മുഖ്യമന്ത്രിയോടും ജലവിഭവ വകുപ്പുമന്ത്രിയോടും ഇക്കാര്യം ചർച്ചചെയ്ത് നിവേദനം സമർപ്പിച്ചിട്ടുണ്ട്. വളരെക്കാലങ്ങളായി പ്രധാനപ്പെട്ട സ്ഥലങ്ങളിലൊക്കെ വലിയതോതിൽ വെള്ളക്കെട്ടുണ്ടാകുന്നുണ്ട്. അതുപോലെ കല്ലായിക്ക് ഒരു പ്രത്യേകത കൂടിയുണ്ട്. ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മരവ്യവസായ കേന്ദ്രമായിരുന്ന കല്ലായി. ഇന്ന് അതെല്ലാം നശിച്ച് കുറച്ച് മരങ്ങൾ മാത്രമാണുള്ളത്. മരം ഉപ്പുവെള്ളത്തിലിട്ടാൽമാത്രമെ അതിന്റെ സീസണിംഗ് ശരിയാകുകയുള്ളൂ. അതിന്റെ ഏറ്റവും വലിയ കേന്ദ്രമായ കല്ലായിയിൽ കുറെ തടിവ്യവസായമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ചെളിനീക്കുമ്പോൾ അക്കാര്യംകൂടി ശ്രദ്ധിക്കേണ്ടതാണ്. കല്ലായിപ്പുഴയിൽ ധാരാളം കയ്യേറ്റങ്ങൾ നടന്നിട്ടുള്ളത് സംബന്ധിച്ച് വലിയ പരാതികളും പ്രശ്നങ്ങളും നിലനിൽക്കുന്നത് പരിഹരിക്കണം. റിവർ മാനേജ്മെന്റിന് ധാരാളം ഫണ്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ ഏഴരക്കോടി രൂപ അതിലേയ്ക്കായി നീക്കിവച്ചിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എത്രയുംവേഗം ഇതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമെ നഗരത്തെ വെള്ളക്കെട്ടിൽനിന്നും രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇക്കാര്യങ്ങളാണ് സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, ബഹുമാന്യനായ തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചത് വളരെ പ്രസക്തമായ വിഷയമാണ്. കോഴിക്കോട് ജില്ലയിൽ ചെറുകുളത്തൂർ വില്ലേജിൽ നിന്നുത്ഭവിച്ച് കോഴിക്കോട് കോർപ്പറേഷനിലൂടെ ഒഴുകി അറബിക്കടലിൽചേരുന്ന 22 കിലോമീറ്റർ ദൈർഘ്യമുള്ളതാണ് കല്ലായിപ്പുഴ. വർഷങ്ങളായി ചെളിയും മാലിന്യങ്ങളും

അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ട അവസ്ഥയാണ് നിലവിലുള്ളത്. വർഷകാലത്ത് കോഴിക്കോട് നഗരത്തിൽ വെള്ളപ്പൊക്ക ദുരിതം അനുഭവിക്കേണ്ടിവരുന്നു. നഗരഹൃദയത്തിലൂടെ കടന്നുപോകുന്ന കനോലി കനാലും ഈ പുഴയിലാണ് വന്നുചേരുന്നത്. 2018-19 കാലയളവിലുണ്ടായ പ്രളയത്തിൽ കോഴിക്കോട് നഗരത്തിലുണ്ടായ വലിയ വെള്ളപ്പൊക്കത്തിനുകാരണമായത് കല്ലായിപ്പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യനിക്ഷേപമാണ്. ഇതിനുപരിഹാരമായി കല്ലായിപ്പുഴയിൽ കടുപ്പിനി മുതൽ കോതി വരെ 4.20 കിലോമീറ്റർ ദൂരത്തിൽ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ 7.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ജലസേചന വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 2021 മാർച്ച് 5-ാം തീയതി പ്രസ്തുത തുക ജലസേചന വകുപ്പിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, മണലും മണ്ണും ചെളിയും തടിയുടെ അവശിഷ്ടവും ഡ്രഡ്ജ് ചെയ്ത് ഉപയോഗശൂന്യമായവ എവിടെ നിക്ഷേപിക്കുമെന്ന ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 26-7-2021-ൽ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയും പ്രിയപ്പെട്ട എം.എൽ.എ.-യും കോഴിക്കോട് കോർപ്പറേഷൻ മേയറായ ഡോ. ബീനാ ഫിലിപ്പും ഡെപ്യൂട്ടി മേയർ ശ്രീ. മുസാഫർ അഹമ്മദും അടങ്ങുന്ന സംഘം ഇവിടെ വരികയും മന്ത്രി എന്ന നിലയിൽ ഞാനുമായും ചീഫ് എഞ്ചിനീയറുമായും (ജലസേചനവും ഭരണവും വിഭാഗം) കൂടിക്കാഴ്ച നടത്തുകയുംചെയ്തു. നിലവിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ജലസേചന വകുപ്പ് സാങ്കേതികമായി പുനഃപരിശോധിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതായിരിക്കും. ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന ചെളിയിലെ മണൽ, നിർമ്മാണ പ്രവർത്തനങ്ങൾക്കും ക്ലേ ഇഷ്ടിക കളിമൺ പാത്ര നിർമ്മാണത്തിനും മറ്റ് അവശിഷ്ടങ്ങൾ ഫില്ലിംഗിനായും ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച ഭരണ നടപടികൾ സ്വീകരിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യങ്ങളിൽ പ്രധാനപ്പെട്ട നഗരങ്ങൾ വെള്ളത്തിനടിയിലാകുകയാണ്. തലസ്ഥാന നഗരിയായ തിരുവനന്തപുരം അതിലൊരു പ്രധാനപ്പെട്ട സ്ഥലമാണ്. ആമയിഴഞ്ചാൻ തോട് ക്രമീകരിക്കുന്നതിനാവശ്യമായ 25 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിലും ഇതുതന്നെയാണ് സ്ഥിതി. എം.എൽ.എ. സൂചിപ്പിച്ചതുപോലെ, മറ്റിതര ഫണ്ടുകൾകൂടി കണ്ടെത്തി മെയിൻ ടൗൺഷിപ്പുകളെയും ജനവാസം കൂടുതലുള്ള മേഖലയെയും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം വകുപ്പ് ഏറ്റെടുക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കുമെന്ന് മാത്രമല്ല അടിയന്തരമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

## 7. പായൽ നീക്കം ചെയ്യൽ

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ശുദ്ധജലതടാകമാണ് വെള്ളായണി കായൽ. ഏകദേശം ഒരു ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കുന്ന 22 എം.എൽ.ഡി., മൂന്നര എം.എൽ.ഡി. പ്ലാന്റുമുൾപ്പെടെ രണ്ട് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ വെള്ളായണി കായൽ പായൽ മൂടിക്കിടക്കുകയാണ്. പായലഴുകി വെള്ളത്തിന് കട്ടികൂടുകയും പലപ്പോഴും ചുവന്ന പുഴക്കൾ പൈപ്പിലൂടെ വെള്ളത്തിൽ വരികയുംചെയ്യുന്ന സാഹചര്യത്തിൽ വേനൽക്കാലത്ത് ജലം കുടിക്കാൻ പറ്റാത്ത സ്ഥിതി വിശേഷമുണ്ടാകുന്നു. ടി പശ്ചാത്തലത്തിൽ സ്വസ്തി ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടന കായലിലെ പായൽ നീക്കംചെയ്യാനുള്ള ശ്രമങ്ങളുമായി വരികയും ഒന്നര വർഷത്തിനകം ഏകദേശം 600 ലോഡ് പായൽ നീക്കംചെയ്തിട്ടുമുണ്ട്. വവ്വാമൂല ഭാഗത്തെ പായൽ ഏകദേശം മാറ്റിയിട്ടുണ്ട്. നിലവിൽ കോവിഡ് കാരണം പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. പായൽ വാരുന്നതിനുള്ള ഡീവീഡിംഗ് മെഷീനുകളുടെ അഭാവമാണ് പ്രധാനപ്പെട്ട പ്രശ്നം. വലിയ തുകകൊടുത്ത് മെഷീൻ വാടകയ്ക്കാണ് എടുത്തുകൊണ്ടിരുന്നത്. ജലസേചന വകുപ്പ് ഒരു ഡീവീഡിംഗ് മെഷീൻ കൊണ്ടുവന്നെങ്കിലും എല്ലാ ദിവസവും മെഷീൻ തകരാറിലാകുന്നതിനാൽ പ്രവൃത്തി നടക്കുന്നില്ല. കുടിവെള്ള സ്രോതസ്സെന്ന നിലയിൽ സ്ഥിരമായി പായൽ നീക്കംചെയ്യുന്നതിനുള്ള സംവിധാന മേർപ്പെടുത്തണം. ജലസേചന വകുപ്പുതന്നെ പുതിയ ഡീവീഡിംഗ് മെഷീൻ വാങ്ങി പായൽ നീക്കംചെയ്യാൻ നടപടി സ്വീകരിക്കണം. എല്ലാ ദിവസവുമുണ്ടാകുന്ന ആവർത്തന ചെലവ് സ്വസ്തി ഫൗണ്ടേഷൻ ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അതല്ലെങ്കിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കണം. ഒരു ലക്ഷത്തോളം ആളുകളുടെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയ്ക്ക് പുതിയ ഡീവീഡിംഗ് മെഷീൻ വാങ്ങി പായൽ വാരുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് ഉന്നയിച്ച വിഷയം പൂർണ്ണമായും പരിശോധിച്ചു. നിലവിലുള്ള വാഹനം ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൊണ്ടുമാത്രം ആ പ്രശ്നം പരിഹരിക്കാവുന്നതല്ല. സ്വസ്തി ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെ നടത്തിവന്ന പ്രവർത്തനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വെള്ളായണി, അരുവിക്കര എന്നിവ ശുദ്ധജല തടാകങ്ങളാണ്. അവിടെനിന്നാണ് ഏറ്റവും കൂടുതൽ ജലം വിതരണത്തിനായി ഉപയോഗിക്കുന്നത്. കായൽ സംരക്ഷിക്കപ്പെടണമെന്ന ആവശ്യം ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്

തന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കും. വാഹനം വാങ്ങുന്നതിന് ഏകദേശം ഒരു കോടി രൂപ വിലവരും. പക്ഷെ വാഹനം വാങ്ങിയതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാൻ സാധിക്കുമോയെന്നത് തടസ്സമായാണ് കാണപ്പെടുന്നത്. കാരണം അതിന്റെ മെയിന്റനൻസ് എപ്രകാരമാണ് ചെയ്യാൻ സാധിക്കുക; സാങ്കേതിക തടസ്സങ്ങൾ ചിലപ്പോഴുണ്ടാകാം. ശുദ്ധജല തടാകമെന്ന നിലയിൽ കുടിവെള്ള വിതരണത്തിന് ഉപയോഗിക്കപ്പെടുന്ന മേഖലയിലെ ഈ വിഷയം പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി ഏത് വിധേനയാണെങ്കിലും കൃത്യമായ മോണിറ്ററിംഗ് നടത്താനും പായൽ നീക്കംചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പിച്ച് പറയുകയാണ്. അതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ പ്രത്യേകമായി ചുമതലപ്പെടുത്തി മോണിറ്ററിംഗ് നടത്തി ആവശ്യമായ എല്ലാ നടപടികളും ഇന്നുമുതൽ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തികരിച്ച് ആ മേഖലയിലെ പ്രശ്നം പരിഹരിക്കുന്നതാണ്.

## 8. കാർഷിക വിളകളുടെ വിലയിടിവ്

ശ്രീ. പി. ടി. തോമസ്: സർ, സംസ്ഥാനത്തെ കർഷകർ വലിയ ദുരിതത്തിലാണ്. പ്രകൃതിക്ഷോഭവും കാർഷിക വിളകളുടെ വിലയിടിവും നിരന്തരമായി ബാധിക്കുന്ന നിരവധി കീടബാധ രോഗങ്ങളുംകാരണം കർഷകർ വലിയ പ്രയാസം നേരിടുകയാണ്. വിളവെടുപ്പുകാലത്ത് വിള ഗണ്യമായി കുറയുന്നതുമൂലം കർഷകർ പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്ത് കാർഷിക കമ്മീഷനെ നിയമിക്കണമെന്ന ആവശ്യം കേരളത്തിലെമ്പാടും സജീവമാണ്. ഓരോ ജില്ലയിലും വിവിധങ്ങളായ പ്രശ്നങ്ങളാണ് കർഷകർ നേരിടുന്നത്. കാർഷിക മേഖലയാകെ ദുരിതത്തിലായ സാഹചര്യത്തിൽ എല്ലാ വാതിലുകളു മടഞ്ഞ് ജീവിതം വഴിമുട്ടി ആത്മഹത്യയിൽ അഭയം പ്രാപിക്കേണ്ട ഗതികേടിലാണ് നാട്ടിലെ കർഷകർ. കർഷകരെ മനസ്സറിഞ്ഞ് സഹായിക്കുന്നതിനായി എല്ലാ കൃഷിക്കാരുടെയും അക്കൗണ്ടിൽ പണമെത്തിക്കാൻ സാധിക്കുമോയെന്ന് സർക്കാർ ഗൗരവതരമായി ആലോചിക്കണം. ലോകത്തിൽ കുരുമുളക് ഉൽപ്പാദനത്തിൽ 8.1 ശതമാനം സംഭാവനയോടെ ഇന്ത്യ നാലാം സ്ഥാനത്താണ്. കാലാവസ്ഥാ വ്യതിയാനവും കീടബാധയും ഏറ്റവുംകൂടുതൽ ബാധിക്കുന്നത് കുരുമുളക് കർഷകരെയാണ്. ദ്രുതവാട്ടം എന്ന രോഗം ഇല്ലാതാക്കാൻ ശാസ്ത്രലോകത്തിനിതുവരെ കഴിഞ്ഞിട്ടില്ല. അഞ്ചുവർഷംമുൻപ് ഒരു കിലോ കുരുമുളകിന് 700 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 339 രൂപയായി വില കുറഞ്ഞിരിക്കുകയാണ്. കുരുമുളക് കൃഷിക്കാരെല്ലാം നട്ടംതിരിയുകയാണ്. കുരുമുളകിന്റെ വിലയിടിവ് തടയാൻ ശക്തമായ നടപടിയെടുക്കണം. ഏലത്തിന്റെ

സ്ഥിതിയും സമാനമാണ്. ഏലത്തിന് ഒരു കിലോയ്ക്ക് 4,000 രൂപയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 1,000-1,200 രൂപയായി കുറഞ്ഞിരിക്കുകയാണ്. റീപ്ലാന്റിംഗ് സബ്സിഡി ഏലം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഏറ്റവും കൂടുതൽ ഏലം ഉൽപ്പാദിപ്പിക്കുന്ന ഇടുക്കി ജില്ലയിലെ ഏലത്തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും തമിഴ്നാട്ടിൽനിന്നുള്ളവരായതിനാൽ കോവിഡ് സാഹചര്യത്തിൽ അവർക്ക് കേരളത്തിലെത്തിച്ചേരാൻ സാധിക്കുന്നില്ല. സ്പൈസസ് ബോർഡിന്റെ നിരവധി ഓഫീസുകൾ അടച്ചുപൂട്ടിയത് പ്രതിസന്ധിക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. 2012-13-ൽ ഒരു കിലോ റബ്ബറിന് 245 രൂപ വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 165 രൂപയിൽ താഴെയാണ്. അതിൽ 4 രൂപയോളം മറ്റുചില രീതിയിൽ നഷ്ടപ്പെട്ട് ബാക്കിയാണ് കർഷകർക്ക് ലഭിക്കുന്നത്. സംഭരണവില 150 രൂപയിൽനിന്നും 200 രൂപയാക്കി ഉയർത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ സർക്കാർ ഇതുസംബന്ധിച്ച ഉത്തരവ് ഇതുവരെയുമിറക്കിയിട്ടില്ല. സംഭരണവില 150 രൂപയിൽനിന്നും 200 രൂപയായി ഉയർത്തുമെന്ന സർക്കാർ വാഗ്ദാനം ഒരുത്തരവിലൂടെ അടിയന്തരമായി നടപ്പാക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. കർഷക കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ചും കർഷകർക്ക് മാസംതോറും നിശ്ചിത തുക പണമായി നൽകുന്നതിനെക്കുറിച്ചും ഗൗരവതരമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ഗുരുതരമായി ബാധിച്ച കോവിഡ് കാലത്ത് നാട്ടിലെ കൃഷിക്കാർ വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. മുണ്ട് മുറുക്കിയുടുത്ത് പറമ്പിൽ പണിയെടുക്കുന്ന കൃഷിക്കാരുടെ ദീനരോദനം സർക്കാർ കേൾക്കുകയും അവർക്ക് ആശ്വാസം പകരുകയും ചെയ്യണം. എല്ലാ മേഖലയിലും ബാധിച്ചിരിക്കുന്ന പ്രതിസന്ധി ഗുരുതരമായി കാർഷിക മേഖലയിലും ബാധിച്ചിരിക്കുന്നുവെന്ന വസ്തുത സത്യസന്ധമായി വിലയിരുത്തി അതിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

12.00 Noon]

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ബഹുമാന്യനായ പി. ടി. തോമസ് കാർഷികമേഖലയുമായി ബന്ധപ്പെട്ട ഗൗരവതരമായ ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിന് കേരള സർക്കാർ 2015-2016 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 1-7-2015 മുതൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആറാം ഘട്ടം 1-7-2020 മുതൽ നടപ്പിലാക്കുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ

തറവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് ഈ തുക നൽകുന്നത്. 2021 ഏപ്രിൽ ഒന്നുമുതൽ RPIS (Rubber Production Incentive Scheme) ആയി നൽകുന്ന തറവില 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം കേരളത്തിന്റെ റബ്ബർ കൃഷിക്കാർക്ക് 2015-16-ൽ 271.43 കോടി രൂപയും 2016-17-ൽ 411.82 കോടി രൂപയും 2017-18-ൽ 227.47 കോടി രൂപയും 2018-19-ൽ 360.42 കോടി രൂപയും 2019-20-ൽ 219.9 കോടി രൂപയും 2020-21-ൽ 271.62 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവായി നൽകിയിട്ടുണ്ട്. 2021-22 വർഷത്തിൽ ടി പദ്ധതി പ്രകാരം 50 കോടി രൂപ നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. കുരുമുളക് കർഷകരെ വിലത്തകർച്ചയിൽനിന്നും രക്ഷിക്കാൻ കുരുമുളകിനെ മിനിമം സപ്പോർട്ട് പ്രൈസ് (MSP) പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ 27-7-2020-ലെ എൻ.സി.എ 3/49/2019/അഗ്രി. നമ്പർ കത്തുപ്രകാരം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കിലോഗ്രാമിന് 522 രൂപയെങ്കിലും MSP ആയി കർഷകർക്ക് ലഭിക്കണമെന്നാണ് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതുസംബന്ധിച്ച തുടർനടപടിയൊന്നും കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. കോവിഡ് രോഗവ്യാപന സാഹചര്യത്തിൽ പല കർഷകർക്കും ഏലത്തോട്ടത്തിന്റെ ഒറ്റത്തവണ രജിസ്ട്രേഷനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാൻ സാധിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ സ്പൈസസ് ബോർഡ് ആക്ട് 1986-ലെ ചട്ടം 8(1) പ്രകാരം കാർഡമം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് 20-1-2021-ൽ സർക്കാർ ഉത്തരവ് (കൈ.നം.6/2021/കൃഷി) പുറപ്പെടുവിച്ചിരുന്നു. കുരുമുളക്, ഏലം എന്നിവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി അന്താരാഷ്ട്ര മാനദണ്ഡപ്രകാരം ഗുണമേന്മയുള്ള കുരുമുളക്, ഏലം എന്നിവ ഉല്പാദിപ്പിക്കാനും കയറ്റുമതി ചെയ്യാനും സ്പൈസസ് ബോർഡുമായി ചേർന്ന് നടപടികൾ കൈക്കൊള്ളുന്നതിന് വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം)-യെ ചുമതലപ്പെടുത്തുന്നതാണ്. കാർഷിക കമ്മീഷനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ കർഷകർക്ക് സഹായമെത്തിക്കാൻ കഴിയുന്ന സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അക്കാര്യങ്ങൾ പരിശോധിക്കാവുന്നതേയുള്ളൂ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## 9. ബൈപ്പാസ് നിർമ്മാണം

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ പ്രത്യേകത കണ്ണൂർ-കോഴിക്കോട് ജില്ലയെ ബന്ധിപ്പിക്കുന്നുവെന്നുമാത്രമല്ല കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിൽ കൂടിയാണ് ആ ബൈപ്പാസ് കടന്നുപോകുന്നത്. അതിന്റെ നിർമ്മാണം ഇപ്പോൾ അവസാന ഘട്ടത്തിലാണ്. നിർമ്മാണം പുരോഗതി പ്രാപിച്ച് മുന്നോട്ടുപോകുമ്പോൾ തലശ്ശേരി മുനിസിപ്പാലിറ്റിയേയും ധർമ്മടം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2018-ൽ പ്രളയം വന്നപ്പോൾ ആ പാലത്തിനോടനുബന്ധിച്ചുള്ള പ്രദേശത്തെ ജനങ്ങൾ വെള്ളത്തിനടിയിലായതിന്റെ ഭാഗമായി വലിയ രീതിയിൽ ജനരോഷമുയർന്നതിനെത്തുടർന്ന് 2018-ൽ പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയർ ഒരുത്തരവിറക്കിയതിൽ പ്രളയവും വെള്ളപ്പൊക്കവും അതിജീവിക്കാൻ പാകമായ നിലയിലായിരിക്കണം പാലം നിർമ്മിക്കേണ്ടതെന്നായിരുന്നു പറഞ്ഞിരുന്നത്. തലശ്ശേരി മുനിസിപ്പാലിറ്റിയേയും ധർമ്മടത്തേയും ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണപ്രവർത്തനം അവസാന ഘട്ടത്തിലെത്തിനിൽക്കുന്ന സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഉത്തരവ് കേരളത്തിലുടനീളം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പാലിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവർത്തനം വളരെ പെട്ടെന്ന് പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട തലശ്ശേരി അംഗം എ. എൻ. ഷംസീർ ഉന്നയിച്ച വിഷയം പ്രളയത്തെ മറികടക്കാൻ കഴിയുംവിധം പാലങ്ങൾ ഉയർത്തി നിർമ്മിക്കണമെന്ന പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ 10-9-2018-ലെ ഉത്തരവ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എത്രത്തോളം നടപ്പാക്കുന്നുണ്ട്; എന്ത് ശ്രമമാണ് നടന്നിട്ടുള്ളത് എന്നുള്ളതാണ്. ഇതുസംബന്ധിച്ച് ദേശീയ പാത അതോറിറ്റിയോട് വിശദീകരണം ചോദിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച 10-9-2018-ലെ സർക്കുലർ പ്രകാരം നടപടി സ്വീകരിക്കണമെന്ന് നാഷണൽ

ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ-(എൻ.എച്ച്.എ.ഐ.)യുടെ ഉദ്യോഗസ്ഥർക്ക് റീജിയണൽ ഓഫീസർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം അവലോകനം ചെയ്യുകയാണെന്നും അവർ അറിയിച്ചിട്ടുണ്ട്. വിശദമായ ഡി.പി.ആർ. അവാർഡ് ചെയ്ത തലപ്പാടി മുതൽ രാമനാട്ടുകരവരെയുള്ള ദേശീയപാതാ റീച്ചിൽ 2018-ലെ പ്രളയത്തെത്തുടർന്ന് ഉയർന്ന ജലനിരപ്പനുസരിച്ച് പാലം ഡിസൈൻ ചെയ്യണമെന്ന് കൺസഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എൻ.എച്ച്.എ.ഐ. പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം 2017-ൽ ആരംഭിച്ചതാണ്. 2017-ൽ ആരംഭിച്ച പ്രധാന പാലം നിർമ്മാണം പലതും പൂർത്തീകരണഘട്ടത്തിൽ എത്തിയതായും എൻ.എച്ച്.എ.ഐ. അറിയിക്കുന്നു. ഇതൊരു പ്രധാന വിഷയമാണ്. രണ്ടുദിവസം മുമ്പ് 'ദി ഹിന്ദു' ദിനപ്പത്രത്തിലെ എഡിറ്റോറിയലിലെ വിഷയം; 'A climate risk : On extreme weather events' എന്നതിനെക്കുറിച്ചായിരുന്നു. പുതിയ നിർമ്മാണങ്ങൾ പുതിയ സാഹചര്യത്തിനനുസരിച്ച് ഡിസൈൻ ഉൾപ്പെടെ ശ്രദ്ധിക്കണമെന്നും 'ദി ഹിന്ദു' എഡിറ്റോറിയലിലുണ്ട്. 4-12-2017-നാണ് തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തി ആരംഭിച്ചത്. വരുംനാളുകളിൽ ഈ ബൈപ്പാസ് പ്രവൃത്തി നേരിൽക്കണ്ട് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

## 10. പാലം നിർമ്മാണം

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, തൃശ്ശൂർ - എറണാകുളം ജില്ലയിലെ തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമാണ് അഴീക്കോട്-മുനമ്പം പാലം. മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കേരളത്തിന്റെ മൂന്നിരട്ടി ജനസാന്ദ്രതയുള്ള രണ്ട് നിയോജകമണ്ഡലങ്ങളാണ് കയ്പമംഗലവും വൈപ്പിനും. പതിനായിരക്കണക്കിനാളുകളാണ് ഈ പദ്ധതി യാഥാർത്ഥ്യമാകുമെന്ന് സ്വപ്നംകണ്ടിരിക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാകുകയാണെങ്കിൽ മത്സ്യ-വ്യവസായ-വിനോദസഞ്ചാര-ഗതാഗത മേഖലകളിൽ വലിയ ഉണർവ്വുണ്ടാകും. ഇതിലെ പ്രശ്നം, ജങ്കാർ സർവ്വീസാണ് ഇപ്പോൾ അവിടെയുള്ളത്; അത് പൂർണ്ണമായും അവിടത്തെ ജനങ്ങൾക്ക് ആശ്രയിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് മന്ത്രിമാർ അവരവരുടെ തലങ്ങളിൽ ചെറിയ വിഷയങ്ങൾ പരിഹരിക്കുന്നതിനായി ഫലപ്രദമായ ഇടപെടൽ നടത്തുകയും യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഈ പാലം പണിയുടെ ഫയലുകൾ അനന്തമായി നീണ്ടുപോകുകയാണ്. 2017-ലാണ് നിർദ്ദിഷ്ട പാലത്തിന് പ്രാരംഭ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചത്. അതിനുശേഷം സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 14 കോടി രൂപയോളം ലഭിച്ചു. അത് ഏകദേശം പൂർത്തീകരിക്കുന്ന

സന്ദർഭത്തിൽ കുറച്ചുകൂടി വീതി വേണമെന്ന ആവശ്യത്തിന്മേൽ നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 2010-ലെ ബഡ്ജറ്റ് ഫണ്ട് പാസ്സായി അഴീക്കോട്-മുനമ്പം പദ്ധതിയുമായി ബന്ധപ്പെട്ട ഈ പ്രവൃത്തി ആരംഭിച്ചിട്ട് ഇപ്പോൾ പതിനൊന്ന് വർഷം പിന്നിടുന്നു. പാലംപണി നിർമ്മാണത്തിന് മുന്നോടിയായി നടക്കേണ്ട അലൈൻമെന്റ് ഫിക്സിംഗ്, സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്ക്, പൈൽ ലോഡ് ടെസ്റ്റ് തുടങ്ങിയവ റീ-ടെണ്ടർ ചെയ്തുവെങ്കിലും ഏറ്റെടുക്കാൻ ആരുമില്ലായിരുന്നു. റീ-ടെണ്ടർ 34 ശതമാനം വർദ്ധിച്ച തുകയ്ക്കാണ് ക്വോട്ട് ചെയ്തത്. പൊതുമരാമത്ത് വകുപ്പുമന്ത്രി അടിയന്തരമായി ഇടപെട്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് എത്രയുംവേഗം പാലം നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) : സർ, ഇത് രണ്ട് ജില്ലകളിലെ രണ്ട് മണ്ഡലങ്ങളിലെ തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രധാന വിഷയമാണ്. തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോടിനെയും എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്തെയും ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന് കിഫ്ബി 2017-18 പദ്ധതിയിലുൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതിക്കായി എസ്റ്റിമേറ്റും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും കിഫ്ബിയിൽ സമർപ്പിച്ചതിൽ ആദ്യഘട്ടമായി സ്ഥലം ഏറ്റെടുക്കുന്നതിനുമാത്രം 14.616 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും തീരദേശ ഹൈവേയുടെ മാനദണ്ഡമനുസരിച്ച് പാലത്തിന്റെ വീതികൂട്ടാൻ പുതുക്കിയ എസ്റ്റിമേറ്റിന് 154.626 കോടിരൂപയുടെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പാലം നിർമ്മാണത്തിനായി കിഫ്ബി നിർദ്ദേശപ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചതിൽ രേഖപ്പെടുത്തിയ കുറഞ്ഞതുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ച നിരക്കായതിനാൽ (34.97 ശതമാനമാണ് നിരക്ക്) വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പാലം നിർമ്മാണം ആരംഭിച്ചശേഷം നടപ്പിലാക്കാവുന്നതാണെന്ന് കിഫ്ബി നിർദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരള റോഡ് ഫണ്ട് ബോർഡ് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടുതവണ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇതിൽ പ്രധാനപ്പെട്ട രണ്ടുകാര്യങ്ങളാണുള്ളത്. ഇത് രണ്ട് ജില്ലകളിലെ രണ്ട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും തീരദേശവുമാണ്. ഇതുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം ആലോചിക്കാവുന്നതാണ്.

## V ക്രമപ്രശ്നം

### ചട്ടവിരുദ്ധമായി ഉത്തരവിറക്കിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 1964-ലെ ഭൂപതിവ് ചട്ടത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചട്ടഭേദഗതിയുടെ സ്വഭാവത്തിൽ ഒരു സർക്കാർ ഉത്തരവ് 2020 ഒക്ടോബർ 24-ന് ഇറക്കുകയുണ്ടായി. ചട്ടഭേദഗതികൾ ആവശ്യമുള്ളപക്ഷം എസ്.ആർ.ഒ.-ആയി സഭയുടെ പരിഗണനയിൽകൊണ്ടുവന്ന് ചട്ടം ഭേദഗതിചെയ്യുന്ന നടപടിക്രമം പാലിക്കാതിരുന്നത് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166-ന്റെ ലംഘനമാണ്. മാത്രമല്ല, delegated legislation സംബന്ധിച്ച് 7-4-1988-ലെ ബഹുമാനപ്പെട്ട ചെയറിന്റെ വിശദമായ റൂളിംഗിന്റെ സ്പിരിറ്റിന് വിരുദ്ധവുമാണ്. ആക്ടാണ് ഏറ്റവും പ്രധാനപ്പെട്ടത്; ഭരണഘടനാവിരുദ്ധമായ കാര്യങ്ങൾ ആക്ടിലോ, ആക്ടിന് വിരുദ്ധമായ കാര്യങ്ങൾ റൂളിലോ ഉണ്ടാകാൻ പാടില്ല. റൂളിനും ആക്ടിനും വിരുദ്ധമായ കാര്യങ്ങൾ ഗവൺമെന്റുത്തരവായി ഇറക്കാനും പാടില്ല. 2020 ഒക്ടോബർ 24-ാം തീയതിയിലെ ഉത്തരവിലെ പ്രധാനഭാഗമെന്ന് പറയുന്നത്, മരംമുറിയുമായി ബന്ധപ്പെട്ട 2005-ലെ നിയമത്തിലെ 6-ാം വകുപ്പിന്റെ കൃത്യമായ ലംഘനമാണ്. പ്രസ്തുത ഉത്തരവിൽ 6-ാം വകുപ്പ് കൃത്യമായി ഉദ്ധരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉത്തരവിനെ ന്യായീകരിക്കാനും ശ്രമിച്ചു. 6-ാം വകുപ്പിൽ പറയുന്നത് രണ്ടുഭാഗങ്ങളാണ്. ആദ്യത്തെ ഭാഗത്തിൽ പറയുന്നത് കർഷകർക്കവരുടെ പട്ടയം കിട്ടിയതിനുശേഷം പറമ്പിൽ മുളച്ചുവന്നതും പിന്നീടവർ നട്ടുവളർത്തിയതുമായ ചന്ദനമൊഴികെയുള്ള മരങ്ങൾ മുറിക്കാമെന്നാണ്. ആ ഭാഗംമാത്രമാണ് ഈ ഉത്തരവിൽ ഉദ്ധരിച്ചിട്ടുള്ളത്. രണ്ടാം ഭാഗത്തിൽ പറയുന്നത്, ഗവൺമെന്റ് പട്ടയം നൽകുമ്പോൾ ആ പട്ടയ ഭൂമിയിൽ നേരത്തെയുണ്ടായിരുന്ന മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണ് എന്നാണ്. ആ മരംമുറിക്കാൻ പാടില്ലെന്നാണ് 6-ാം വകുപ്പിന്റെ പ്രൊവൈസോയിൽ പറയുന്നത്. ഇത് മരംമുറിക്കാൻ ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടിയായതുകൊണ്ട് വളരെ ബുദ്ധിപൂർവ്വം 6-ാം വകുപ്പിന്റെ രണ്ടാം ഭാഗം; 'സർക്കാരിൽ നിക്ഷിപ്തമായ മരംമുറിക്കാൻ പാടില്ല; എന്ന ഭാഗം മനഃപൂർവ്വം ഉത്തരവിൽനിന്ന് ഒഴിവാക്കി. ഞങ്ങൾ വയനാട്ടിൽ പോയപ്പോൾ അവിടത്തെ ആളുകൾ പറയുന്നത്, ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കാമെന്ന് സർക്കാർ ഉത്തരവിൽ പറയുന്നതുകൊണ്ടാണ് അവരുടെ പറമ്പിലെ മരങ്ങൾ മുറിക്കാനനുവദിച്ചത് എന്നാണ്. പക്ഷെ രണ്ടാമത്തെ ഭാഗം ആ ഉത്തരവിലില്ല. ആ ഉത്തരവുതന്നെ

നിലവിലുള്ള ആക്ടിന്റെ കൃത്യമായ ലംഘനമാണ്. ആക്ടിലെ പ്രൊവിഷനെ മനഃപൂർവ്വം മരംമുറിക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരിക്കുകയാണ്. ഈ ഉത്തരവിന്റെ രണ്ടാം ഭാഗമുണ്ടായിരുന്നെങ്കിൽ ആദിവാസികളായ ആളുകളും കർഷകരും തങ്ങൾക്ക് പട്ടയം കിട്ടിയപ്പോഴുള്ള മരമല്ല, ഇത് അതിനുമുമ്പ് വളർന്നുവന്ന മരമായതുകൊണ്ട് മുറിക്കാൻ പാടില്ലെന്നും രണ്ടാമത്തെ പാരഗ്രാഫിൽ കൃത്യമായി പറയുന്നുണ്ടല്ലോയെന്നും അവർ പറയുമായിരുന്നു. പക്ഷേ സർക്കാർ ഉത്തരവിൽ ആ ഭാഗം മനഃപൂർവ്വമായി മറച്ചുവച്ചതാണ് ഈ കള്ളത്തരങ്ങളും മരംകൊള്ളയും നടക്കാൻ കാരണമായത്. അതുകൊണ്ടാണ് 2005-ലെ നിയമത്തിന്റെ 6-ാം വകുപ്പിന്റെ ലംഘനമാണ് ഈ ഉത്തരവെന്ന് ഞാൻ പറയുന്നത്. അങ്ങനെയൊരു ഉത്തരവിറക്കാൻ സാധിക്കുമോ? ചട്ടഭേദഗതിയാണെങ്കിൽപ്പോലും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 അനുസരിച്ച് ടേബിൾ ചെയ്യണം. നിയമം പോലെതന്നെ ചട്ടങ്ങൾക്ക് ഭേദഗതിവരുത്താനുള്ള അവകാശം നിയമസഭാംഗങ്ങൾക്കുണ്ട്. അതിനെയെല്ലാം ഹനിച്ചുകൊണ്ട് ആക്ടിനും റൂളിനും വിരുദ്ധമായ ഉത്തരവിറക്കിയത് ഓർഡറിലാണോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വളരെയേറെ ധാരണയുള്ളയാളാണ്. പക്ഷേ അദ്ദേഹം ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വസ്തുതാപരമല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ അദ്ധ്യായം ഇരുപതിൽ സബോർഡിനേറ്റ് ലെജിസ്ലേഷനെക്കുറിച്ചു തന്നെയാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ 166-ാമത് ഭാഗം 'റെഗുലേഷൻ, ചട്ടം മുതലായവ മേശപ്പുറത്ത് വയ്ക്കൽ' എന്നതിനെക്കുറിച്ചാണ് പറയുന്നത്. ഇതുരണ്ടും യാഥാർത്ഥ്യമാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 1988 ഏപ്രിൽ 7-ാം തീയതിയുള്ള ഒരു റൂളിംഗുണ്ട്. പക്ഷേ അതിൽ; കൃത്യതയോടുകൂടി പറഞ്ഞാൽ; ചട്ടത്തെക്കുറിച്ചും എസ്.ആർ.ഒ.-യെക്കുറിച്ചും അതുമായി ബന്ധപ്പെട്ട റെഗുലേഷനെക്കുറിച്ചും മാത്രമാണ് പറഞ്ഞിട്ടുള്ളത്.

1964-ലെ ഭൂപതിവ് ചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചട്ടഭേദഗതിയുടെ സ്വഭാവത്തിലുള്ള സർക്കാർ ഉത്തരവിറക്കുകയും ചട്ടഭേദഗതി ആവശ്യമുള്ളപക്ഷം എസ്.ആർ.ഒ. ആയി സഭയുടെ പരിഗണനയിൽകൊണ്ടുവന്ന് ചട്ടം ഭേദഗതിചെയ്യുന്ന നടപടിക്രമം പാലിച്ചിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപം 24-10-2020-ലെ 261/2020-ാം നമ്പർ സർക്കാർ ഉത്തരവ് ചട്ടഭേദഗതി ഉദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ചതല്ല. ചട്ടഭേദഗതിയല്ലാത്തതിനാൽ സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതുമില്ല. 1964-ലെ ഭൂപതിവ് ചട്ടങ്ങൾക്ക് വിരുദ്ധമായല്ല മേൽ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. 1964-ലെ ഭൂപതിവ് ചട്ടപ്രകാരം 'കർഷകർക്ക് പതിച്ചുകൊടുത്ത ഭൂമിയിൽ അവർ നട്ടുവളർത്തിയതോ സ്വമേധയാ കിളിർത്തുവരുന്നതോ ആയ അല്ലെങ്കിൽ പണമടച്ച് റിസർവ് ചെയ്യുന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് തന്നെയാണെന്ന് വളരെ വ്യക്തമാണ്. ചട്ടങ്ങളിലെ 10(3) എ-യിലും ബി-യിലും പണമടച്ച് റിസർവ് ചെയ്യുന്ന വൃക്ഷങ്ങളുടെ അവകാശം കർഷകർക്ക് ലഭിക്കുമെന്ന് പറയുകയും അതിൽ കൃത്യതയോടുകൂടി 72 മരങ്ങളുടെ പേരുപറയുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ചന്ദനം, തേക്ക്, ഈട്ടി, എബണി ഉൾപ്പെടെയുള്ള നാല് മരങ്ങൾ ഷെഡ്യൂൾ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അവസാന ഭാഗത്തുള്ള വിശദാംശങ്ങൾ വായിച്ചാൽ, വളർന്നുവരുന്ന മരങ്ങളുടെ അവകാശം സംബന്ധിച്ച് വ്യക്തതയുണ്ടാകും. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്, Kerala Promotion of Tree Growth in Non-Forest Areas Act, 2005 പ്രകാരം മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആക്ടിന്റെ മുൻവ്യവസ്ഥകൾക്ക് വിധേയമായി വിജ്ഞാപനം ചെയ്യാത്ത വനേതരപ്രദേശത്ത് നിൽക്കുന്ന ചന്ദനം ഒഴികെയുള്ള വൃക്ഷങ്ങൾ മുറിക്കാനും കൊണ്ടുപോകാനും വനേതരഭൂമിയുടെ ഉടമസ്ഥനവകാശമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 2005-ലെ നിയമത്തിലെ ആറാമത്തെ ചട്ടത്തിന്റെ പ്രൊവൈസോ ഇവിടെ സൂചിപ്പിച്ചു. ഇത് നേരത്തെയും വന്നിട്ടുണ്ട്. 2005-നുശേഷം 2007-ൽ ഇതുൾപ്പെടുത്തിയിട്ടുണ്ട്. രണ്ടും ഞാൻ വായിച്ചിട്ടുണ്ട്. ഈ പ്രൊവൈസോയിൽ പറയുന്നത് ഭൂമി പതിച്ചുകൊടുക്കുന്ന സമയത്ത് സർക്കാരിലേയ്ക്ക് റിസർവ് ചെയ്യുന്ന വൃക്ഷങ്ങൾക്കും Kerala Promotion of Tree Growth in Non-Forest Areas Act, 2005-ലെ 5-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലോ 2003-ലെ Kerala Forest (Vesting and Management of Ecologically Fragile Lands) Act പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിലോ നിലനിൽക്കുന്ന വൃക്ഷങ്ങൾക്കും ബാധകമല്ലെന്നാണ്. ഞാൻ വകുപ്പ് വായിക്കാം. " .....എന്നാൽ ഈ വകുപ്പിന്റെ കീഴിലെ വ്യവസ്ഥകൾ അങ്ങനെ ഭൂമിനൽകുന്ന സമയത്ത് സർക്കാർ റിസർവ് ചെയ്യപ്പെട്ട വൃക്ഷങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അതിനോ..." ആ വൃക്ഷങ്ങൾ ഉപയോഗിച്ചിട്ടില്ല. പട്ടയംകൊടുക്കുന്ന സമയത്ത് ഭൂമിയിൽ ഷെഡ്യൂൾ ചെയ്യപ്പെട്ട നാല് മരങ്ങളും ടീ

രജിസ്റ്ററിൽ രേഖപ്പെടുത്തും; അത് മുറിക്കാൻ പാടില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലും അതിന് സാദ്ധ്യമല്ല. '1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്ടിന്റെ 5-ാം വകുപ്പിനുള്ളിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ഭൂമിയിൽ നിലനിൽക്കുന്ന വൃക്ഷങ്ങൾക്കോ...', വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയെക്കുറിച്ചല്ല ഈ ഉത്തരവ്. വിജ്ഞാപനം ചെയ്യപ്പെടാത്ത 1964-ലെ ചട്ടപ്രകാരം പട്ടയം കൊടുത്ത ഭൂമിയെക്കുറിച്ചാണ്. 2003-ലെ കേരളവന (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും, കാര്യകർതൃത്വം നടത്തിപ്പും) ആക്ടിന്റെ കീഴിൽ സൂക്ഷിപ്പുകാരൻ വിജ്ഞാപനംചെയ്ത പ്രദേശങ്ങൾക്കോ 24-10-2020-ൽ ഇറക്കിയ ഉത്തരവിനോ ബാധകമാകുന്ന കാര്യമല്ല. അതുകൊണ്ട് മേൽ വിവരിച്ച 1964-ലെ കേരള ഭൂപതിവ് ചട്ടത്തിന്റെയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ-ഫോറസ്റ്റ് ഏരിയാസ് ആക്ടിന്റെയും അടിസ്ഥാനത്തിൽ 1964-ലെ ഭൂപതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുകൊടുത്ത ഭൂമിയിൽ കർഷകർ നട്ടുവളർത്തുന്നതും സ്വയം കിളിർത്തുവരുന്നതുമായ ചന്ദനമൊഴികെയുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റാനുള്ള അവകാശം കർഷകർക്കാണെന്ന് വ്യക്തമാണ്. ഇക്കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ ഉദ്ധരിച്ചുകൊണ്ടുള്ള ഒരു ഉത്തരവുമാത്രമാണ്, ഇത് ചട്ടമോ എസ്.ആർ.ഒ.-യോ അല്ല; 24-10-2020-ലെ 261/2020-ാം നമ്പർ സർക്കാർ ഉത്തരവാണ്; അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട സ്പീക്കറുടെ 1988 ഏപ്രിൽ 7-ാം തീയതിയിലെ റൂളിംഗിന് വിരുദ്ധമായി ഒരുകാര്യവും നടന്നിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, 2020 ഒക്ടോബർ 24-ാം തീയതി ഇറക്കിയ ഉത്തരവിനെ ബഹുമാനപ്പെട്ട മന്ത്രി ന്യായീകരിക്കുകയാണ്. 2005-ലെ നിയമത്തിലെ ആദ്യഭാഗത്തിന് വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു സെക്ഷനിലെ ആദ്യഭാഗംമാത്രം മനഃപൂർവ്വമായി ഉദ്ധരിക്കുകയും രണ്ടാംഭാഗം മനഃപൂർവ്വമായി ഒഴിവാക്കുകയും ചെയ്ത് കൂടുതൽ അവ്യക്തത വരുത്തുകയുമാണ് ചെയ്തത്. പല്ലും നഖവും ഉപയോഗിച്ച് ഇത്രയും ന്യായീകരിക്കുന്ന ഈ ഉത്തരവെന്തിനാണ് ഫെബ്രുവരി 2-ാം തീയതി റദ്ദാക്കിയത്? എല്ലാ മരവും മുറിച്ചുകഴിഞ്ഞപ്പോൾ, അതായത് പട്ടയം കൊടുത്ത ഭൂമിയിലെ, സർക്കാരിൽ നിക്ഷിപ്തമായ മരങ്ങൾ ഒൻപത് ജില്ലകളിലും വ്യാപകമായി മുറിച്ചുനീക്കിയതിനുശേഷം ഫെബ്രുവരി 2-ാം തീയതി ഉത്തരവിൽ അവ്യക്തതയുണ്ടെന്നുപറഞ്ഞ് സർക്കാർ റദ്ദാക്കിയ ഒരുത്തരവിനെ റവന്യൂ വകുപ്പുമന്ത്രി ഈ നിയമസഭയിൽ പല്ലും നഖവും ഉപയോഗിച്ച് ന്യായീകരിക്കുന്ന വിചിത്രമായ വാദമാണിത്. അങ്ങ് അത് ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u> : സർ, .....

<u>ശ്രീ. കെ. രാജൻ</u>: സർ, ശ്രീ. കെ. ബാബുവിന് ഞാൻ വഴങ്ങുന്നില്ല. അങ്ങ് ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുന്നുണ്ടല്ലോ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിവിടെ ഉന്നയിച്ചത് ക്രമപ്രശ്നമാണ്. രണ്ടിനും മറുപടി പറയുന്നതിൽ പ്രശ്നമില്ല. ഞാൻ ഇതിനെ മറ്റൊരർത്ഥത്തിൽ ന്യായീകരിക്കുകയല്ല. സർക്കാർ ന്യായമാണെന്ന് തോന്നിയതുകൊണ്ട് ഇറക്കിയൊരു ഉത്തരവാണ്. ഞാൻ ആ ഉത്തരവിന്റെ ഭാഗം വായിക്കാം;'മേൽ സാഹചര്യത്തിൽ നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 1964-ലെ ചട്ടങ്ങൾപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും പതിച്ചുനൽകുന്ന സമയത്ത് വൃക്ഷവിലയടച്ച് റിസർവ് ചെയ്തതുമായ ചന്ദനമൊഴികെയുള്ള എല്ലാ മരങ്ങളും...' എന്നാണ്. 2005-ലെ ആക്ടിന്റെ പ്രൊവൈസോയിൽ പറയുന്ന മൂന്ന് കാര്യങ്ങളിലും ഇവിടെ പറയപ്പെടുന്ന സ്ഥലമോ വൃക്ഷങ്ങളോ ഉൾപ്പെടുന്നില്ല. 1964-ലെ ചട്ടമനുസരിച്ച് റിസർവ് ചെയ്ത മരങ്ങളും 1964-ലെ ചട്ടത്തിന്റെ പട്ടഫോറമനുസരിച്ച് ഷെഡ്യൂൾ ചെയ്ത മരങ്ങളും ഒരിക്കലും മുറിക്കാൻ പാടില്ല. അങ്ങനെ മുറിച്ചവരുണ്ടെങ്കിൽ നടപടിക്ക് വിധേയമാകും. ഇത് റദ്ദുചെയ്തത് എന്താണെന്ന ചോദ്യം ക്രമപ്രശ്നത്തിന്റെ ഭാഗമല്ലെങ്കിലും അങ്ങയുടെ അറിവിലേയ്ക്കായി പറയുകയാണ്. ഇത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ആളുകൾ മരം മുറിക്കുന്ന പ്രവണതവന്ന സാഹചര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയുള്ള ആവശ്യകത സൂചിപ്പിച്ചുകൊണ്ടാണ് ഇത് പിൻവലിച്ചത്.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: 2020 ഒക്ടോബർ 24-ാം തീയതി റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ഒരു ചട്ടഭേദഗതിയിലൂടെ വരുത്തേണ്ട മാറ്റം നടപടിക്രമങ്ങൾ പാലിക്കാതെയും 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായും പുറപ്പെടുവിച്ചു എന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. എന്നാൽ 1964-ലെ ഭൂപതിവ് ചട്ടങ്ങളിലെയും 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ

നോൺ-ഫോറസ്റ്റ് ആക്ടിലെയും 2003-ലെ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്ടിലെയും വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകുന്ന സർക്കാർ ഉത്തരവുമാത്രമാണ് പുറപ്പെടുവിച്ചതെന്നും ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ചട്ടഭേദഗതിയുടെ സ്വഭാവം ഇവിടെ ഉന്നയിക്കപ്പെട്ട സർക്കാർ ഉത്തരവിനുള്ളതായി കാണുന്നില്ല. അതുകൊണ്ട് 1988 ഏപ്രിൽ 7-ാം തീയതിയിലെ സഭാദ്ധ്യക്ഷന്റെ റൂളിംഗിന് വിരുദ്ധമായി ഒന്നുമുണ്ടായിട്ടില്ലെന്നാണ് കാണുന്നത്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VI ധനകാര്യം

### 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവനനികുതിയും കാർഷികാദായനികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ആകെ (രൂപ) | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | | |
|---|---|---|---|---|---|---|---|---|
| | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 25-1-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | ധനാഭ്യർത്ഥനയുടെ പേര് | ധനാഭ്യർത്ഥന നമ്പർ |
| | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | | |
| - | 173,32,22,000 | - | 173,32,22,000 | - | 103,99,34,000 | 138,65,78,000 | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും | V |
| - | 373,34,10,000 | - | 373,34,10,000 | - | 224,00,46,000 | 298,67,28,000 | ഭൂനികുതി | VI |
| - | 349,47,11,000 | - | 349,47,11,000 | - | 209,68,27,000 | 279,57,69,000 | ജില്ലാഭരണവും പലവകയും | XI |
| 9,05,25,000 | 46,27,73,000 | 15,08,76,000 | 61,36,49,000 | 12,07,00,000 | 27,76,64,000 | 37,02,19,000 | ഭവന നിർമ്മാണം | XXI |
| - | 536,25,42,000 | - | 536,25,42,000 | - | 321,75,25,000 | 429,00,33,000 | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | XXVI |
| 1036,78,92,000 | 97,50,70,000 | 1727,98,21,000 | 1825,48,91,000 | 1382,38,57,000 | 58,50,42,000 | 78,00,56,000 | പലവക സാമ്പത്തിക സർവ്വീസുകൾ | XXVIII |
| - | 173,32,22,000 | - | 173,32,22,000 | - | 103,99,34,000 | | | |

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ-ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്ക് സേവനനികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ V

### ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. ഷാഫി പറമ്പിൽ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി വിഹിതത്തിൽ ഇളവുനൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ സംസ്ഥാന നികുതി കുറയ്ക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധന തടയുന്നതിനായി അവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്ന കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായികുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. വകുപ്പിലെ ഉയർന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ നികുതി നിർണ്ണയം നടക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല എന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാതെ നികുതിവെട്ടിപ്പ് നടത്തുന്നത് കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി.-യിലെ വ്യാജ ഇൻപുട്ട്ടാക്സ് ഉൾപ്പെടെയുള്ള ക്രമക്കേടുകൾ തടയുന്നതിന് ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എസ്.ജി.എസ്.ടി., വാറ്റ് കുടിശ്ശികകൾ പിരിക്കുന്നതിനായി ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജി.എസ്.ടി.-യുടെ മറവിൽ നികുതി വകുപ്പിൽ അഴിമതി നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. രജിസ്റ്റേർഡ് ഡീലർമാരുടെ ജി.എസ്.ടി. നമ്പർ ഉൾപ്പെടുത്തിയ ഡാറ്റാബേസിൽ ക്രമക്കേട് നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളത്തിൽ ജി.എസ്.ടി. നടപ്പാക്കിയപ്പോൾ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതി വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതിചോർച്ച കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിലെ വീഴ്ചമൂലം സംസ്ഥാന വരുമാനത്തിൽ കുറവുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇ-വേ ബില്ല് ഉപയോഗിച്ചുള്ള നികുതിവെട്ടിപ്പ് തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ ആംനെസ്റ്റി സ്കീമുകൾ ആവിഷ്കരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലോക്ഡൗൺമൂലം വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാത്ത വ്യാപാരികൾക്കും അനുബന്ധ തൊഴിലുകാർക്കും നികുതിയിളവുകൾ അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിശദമായ പരിശോധന നടത്താതെ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി വ്യാപാരികൾക്ക് നോട്ടീസ് നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വർണ്ണ വ്യാപാരരംഗത്തെ നികുതിവെട്ടിപ്പുമൂലം ഖജനാവിന് വരുമാനനഷ്ടം സംഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതിവകുപ്പിൽ കെട്ടിക്കിടക്കുന്ന അപ്പീലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രളയ സെസ്സ് പിൻവലിക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ:

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 173,32,22,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപങ്ങൾ താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു:

1. ശ്രീ. റോജി എം. ജോൺ
2. ശ്രീ. സി. ആർ. മഹേഷ്
3. ശ്രീ. സജീവ് ജോസഫ്
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. ടി. സിദ്ദിഖ്
6. ശ്രീ. മോൻസ് ജോസഫ്

## ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീ-സർവ്വേ നടപടികൾ ഡിജിറ്റലാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മിച്ചഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിയിലെ റിസർവ് ചെയ്ത മരങ്ങൾ മുറിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂപരിഷ്കരണ നിയമങ്ങൾക്ക് വിരുദ്ധമായ ഉത്തരവിറക്കി മരംമുറിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലഹരണപ്പെട്ട പാട്ടക്കരാറുകൾ പുതുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തോട്ടംഭൂമിയുടെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരഹിതർക്ക് മിച്ചഭൂമി പതിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ മഹേഷ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുത്ത് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂമിയുടെ രജിസ്ട്രേഷനോടൊപ്പം പോക്കുവരവും നടത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (റവന്യൂ രേഖകളിലെ തെറ്റുകൾ തിരുത്തണമെന്നാവശ്യപ്പെട്ട് നൽകുന്ന പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവരാവകാശ നിയമപ്രകാരം വിവരംനൽകുന്ന ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഭൂപരിധി ലംഘിച്ച് ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മൂന്നാറിലെ ഭൂമികയ്യേറ്റം കണ്ടെത്തി നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ ക്രമക്കേട് നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ:</u>

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 373,34,10,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു:

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീ. അൻവർ സാദത്ത്
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. റോജി എം. ജോൺ
6. ഡോ. മാത്യു കുഴൽനാടൻ
7. ശ്രീ. സണ്ണി ജോസഫ്
8. ശ്രീ. ടി. ജെ. വിനോദ്
9. ശ്രീ. പി. സി. വിഷ്ണുനാഥ്
10. ശ്രീ. ഷാഫി പറമ്പിൽ.

## ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ജില്ലാഭരണകൂടവും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസനിധികളിൽനിന്ന് ധനസഹായം അനുവദിച്ച് നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആസ്തി വികസന ഫണ്ട് വഴിയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ ഉണ്ടായതായി പറയപ്പെടുന്ന കാലതാമസം ഒഴിവാക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നദികളിലെ മലിനീകരണം തടയുന്നതിനും നദീതീരം സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലാശയങ്ങളും കുളങ്ങളും മലിനമാക്കപ്പെടുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുളങ്ങളും ജലാശയങ്ങളും മലിനപ്പെടുത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കായൽ കയ്യേറ്റങ്ങൾ ഉൾപ്പെടെയുള്ള അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കായൽ കയ്യേറ്റം തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അനധികൃത മണൽകടത്ത് വ്യാപകമാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (മലയിടിക്കൽ, മണ്ണുഖനനം എന്നിവ തടയുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മണൽ മാഫിയയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിൽ വീഴ്ച ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതു ആവശ്യങ്ങൾക്കായി ഏറ്റെടുത്ത സ്ഥലങ്ങളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.:</u> സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയപാതാവികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരഹിതരായ എല്ലാവർക്കും ഭൂമിയും വീടും നൽകുമെന്ന വാഗ്ദാനം പാലിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലയോര കർഷകരുടെ പട്ടയപ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പാട്ടവ്യവസ്ഥ ലംഘിച്ചവരിൽനിന്ന് ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 349,47,11,000 രൂപയിൽനിന്ന് ഒരു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു:

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീമതി കെ. കെ. രമ
3. ശ്രീ. എ. പി. അനിൽ കുമാർ
4. ശ്രീ. പി. സി. വിഷ്ണുനാഥ്
5. ശ്രീ. ടി. ജെ. വിനോദ്
6. ശ്രീ. സി. ആർ. മഹേഷ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. സനീഷ്കുമാർ ജോസഫ്

9. ശ്രീ. സജീവ് ജോസഫ്

10. ശ്രീ. സണ്ണി ജോസഫ്

11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

12. ശ്രീ. അൻവർ സാദത്ത്.

## ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റംമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണത്തിനുള്ള ആറ്റുമണൽ നിർമ്മിതികേന്ദ്രംവഴി മിതമായ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (നിർമ്മിതികേന്ദ്രംവഴി ഭവനനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, മണൽ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നവീനവും ചെലവുകുറഞ്ഞതുമായ ഭവനനിർമ്മാണ സാങ്കേതികവിദ്യയുടെ പ്രചരണത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണരംഗത്തെ സഹകരണ സംഘങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തികക്ഷമത പരിശോധിക്കാതെ, ഭവനനിർമ്മാണ ബോർഡ് പദ്ധതികൾ ഏറ്റെടുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ ബോർഡ് ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ സാധാരണക്കാർക്ക് പ്രയോജനം ലഭിക്കുന്നവയല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനരഹിതരായ എല്ലാവർക്കും വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ:</u> സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിവിധ ഭവന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭവനനിർമ്മാണ പദ്ധതികൾക്ക് കേന്ദ്രസഹായം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയത്തിലും മറ്റുപ്രകൃതി ദുരന്തങ്ങളിലും വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയവ നിർമ്മിച്ചുനൽകുന്നതിൽ വീഴ്ചവരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 61,36,49,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു:

1. ശ്രീ. ഷാഫി പറമ്പിൽ
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. റോജി എം.ജോൺ
4. ഡോ. മാത്യു കുഴൽനാടൻ
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. ടി. സിദ്ദിഖ്

7. ശ്രീ. സജീവ് ജോസഫ്

8. ശ്രീ. സണ്ണി ജോസഫ്

9. ശ്രീമതി കെ.കെ. രമ

10. ശ്രീ. മോൻസ് ജോസഫ്.

## ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. എം. കെ. മുനീർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയായവർക്ക് യഥാസമയം ദുരിതാശ്വാസ സഹായം വിതരണംചെയ്യാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതിക്ഷോഭത്തിനിരയായവർക്കുള്ള ദുരിതാശ്വാസം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയക്കെടുതികളിൽ ദുരിതം അനുഭവിക്കുന്നവർക്കുള്ള ധനസഹായം നൽകുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൗട്ടെ ചുഴലിക്കാറ്റിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളവർക്കുള്ള ധനസഹായം നൽകുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടൽക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായം യഥാസമയം വിതരണം ചെയ്യാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ കേന്ദ്രസഹായം നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസ സഹായത്തിനുള്ള തുക വകമാറ്റി ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രളയ ദുരിതാശ്വാസത്തിന് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസ ധനസഹായം നൽകുന്നതിൽ പക്ഷപാതമുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം രാഷ്ട്രീയ നേതാക്കൾ തട്ടിയെടുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (2018, 2019-ലെ പ്രളയങ്ങളിൽ നാശനഷ്ടങ്ങളുണ്ടായവർക്കുള്ള ധനസഹായ വിതരണത്തിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കവളപ്പാറയിലെ ഉരുൾപ്പൊട്ടലിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി മനസ്സിലാക്കി മുൻകരുതൽ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 536,25,42,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു:

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ഡോ. മാത്യു കുഴൽനാടൻ
4. ശ്രീ. ഷാഫി പറമ്പിൽ
5. ശ്രീ. സണ്ണി ജോസഫ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. ടി. സിദ്ദിഖ്
8. ശ്രീ. സജീവ് ജോസഫ്
9. ശ്രീ. പി. സി. വിഷ്ണുനാഥ്
10. ശ്രീ. സി. ആർ. മഹേഷ്
11. ശ്രീ. റോജി എം. ജോൺ
12. ശ്രീ. സനീഷ്കുമാർ ജോസഫ്
13. ശ്രീ. ടി. ജെ. വിനോദ്.

## ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതിയിൽ അഴിമതിയുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് മറ്റ് ഏജൻസികളെ നിയോഗിക്കുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾ അനുവദിക്കുന്നതിൽ പ്രതിപക്ഷ ജനപ്രതിനിധികളുടെ നിയോജകമണ്ഡലങ്ങളോട് വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾക്കുള്ള തുക ന്യൂജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾക്ക് വേണ്ടിയുള്ള വായ്പകളുടെ തിരിച്ചടവ് ഭാവിയിൽ വൻബാദ്ധ്യതയാകുമെന്ന് പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്.പി. : സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബിവഴി നടപ്പാക്കുന്ന പൊതുമരാമത്ത് പണികളിൽനിന്ന് വകുപ്പിനെ ഒഴിവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകളെ ഒഴിവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളുടെ പരസ്യത്തിന് വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്നത് ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബിയുടെ ഓഫീസ് സംവിധാനത്തിന് വൻ തുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആർ.ബി.ഐ. ഹ്രസ്വകാലത്തേയ്ക്ക് 6% പലിശ നിരക്കിൽ സംസ്ഥാനങ്ങളുടെ ബോണ്ടുകളിൽ പണം നിക്ഷേപിക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടും ആയത് പ്രയോജനപ്പെടുത്താതെ മസാലബോണ്ടിലേയ്ക്ക് പണം നിക്ഷേപിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലോക ബാങ്ക് സഹായത്തോടെയുള്ള കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ യഥാസമയം പൂർത്തിയാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അളവുതൂക്ക പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കാനുള്ള പരിശീലന പരിപാടി വ്യാപകമാക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോയുടെ പ്രവർത്തനം മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. ജെ. വിനോദ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 500,00,00,000 രൂപ 270,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുമായി ചേർന്ന് നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ എസ്റ്റിമേറ്റിനേക്കാൾ 50 മുതൽ 70 ശതമാനം വരെ ഉയർന്ന തുകയ്ക്ക് പ്രവൃത്തികൾ നൽകിയതിൽ അഴിമതിയുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 500,00,00,000 രൂപ 240,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി മുഖേന നടപ്പാക്കുന്ന കെ.എസ്.ഇ.ബി. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ആയിരം കോടി രൂപയുടെ അഴിമതി നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 500,00,00,000 രൂപ 420,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ആരോപണവിധേയമായി ഒഴിവാക്കപ്പെട്ട കമ്പനിക്കുതന്നെ കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനച്ചുമതല നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്:</u> സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 500,00,00,000 രൂപ 310,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (മാനദണ്ഡങ്ങളും സാമ്പത്തിക അച്ചടക്കവും പാലിക്കാതെ കിഫ്ബിയിൽ ഉയർന്ന ശമ്പളത്തിൽ നിയമനം നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-97 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 500,00,00,000 രൂപ 450,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബിയിൽ സി. & എ.ജി. (ഡി.പി.സി.) നിയമത്തിന്റെ 20(2) വകുപ്പ് പ്രകാരമുള്ള ഓഡിറ്റിന് അനുമതി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനു കീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 620,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി മുഖേന പരസ്യപ്രചരണത്തിനായി വൻതുക ചെലവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 850,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി വായ്പകളിലൂടെ ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയുടെ തിരിച്ചടവിനായി നികുതി വരുമാനത്തിന്റെ

വലിയൊരു പങ്ക് നീക്കിവയ്ക്കേണ്ടി വരുന്നത് സംസ്ഥാനത്ത് പ്രതിസന്ധി ഉണ്ടാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 700,00,00,000 രൂപയായി കുറവുചെയ്യേണ്ടതാണ് (9.72% പലിശയ്ക്ക് മസാലബോണ്ടിലൂടെ സമാഹരിച്ച തുക അതിനേക്കാൾ കുറഞ്ഞ പലിശയ്ക്ക് ന്യൂജെൻ ബാങ്കുകളിൽ നിക്ഷേപിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 820,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (അന്താരാഷ്ട്ര മാർക്കറ്റിൽ കുറഞ്ഞ പലിശയ്ക്ക് പണം ലഭ്യമായിട്ടും 9.72% പലിശനൽകി മസാലബോണ്ടുകൾ മുഖേന പണം സമാഹരിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 660,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ തുക സമാഹരിക്കാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താതെ മസാല ബോണ്ടിലേയ്ക്ക് നീങ്ങിയതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 900,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന ഭീമമായ തുക കടമെടുത്ത് വരുമാനദായകമല്ലാത്ത പദ്ധതികളിൽ മുതൽമുടക്കുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 780,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (എസ്.എൻ.സി. ലാവ്ലിനുമായി ബന്ധമുള്ള സി.ഡി.പി.ക്യൂ കമ്പനിക്കുമാത്രം മസാലബോണ്ടുകൾ വാങ്ങാൻ അവസരമൊരുക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 5475-00-115-98 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1000,00,00,000 രൂപ 600,00,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ കിഫ്ബി ഇടപെടലുകൾ ദോഷകരമായി ബാധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1825,48,91,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീമതി കെ. കെ. രമ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇപ്പോൾ ഏകദേശം തല്ല് ചെണ്ടയ്ക്കും പണം മാരാർക്കുമെന്നൊരു ചൊല്ലുപോലെയാണ് ജി.എസ്.ടി.-യുടെ അവസ്ഥ. നികുതി കൊടുക്കാൻ സംസ്ഥാനങ്ങളിലെ സാധാരണക്കാരും ഇടത്തരക്കാരും നികുതി വരുമാനം വാങ്ങി തിന്നുതീർക്കാൻ കേന്ദ്രത്തിലെ കോർപ്പറേറ്റുകളും കൊള്ളക്കാരുമെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. 'ഒറ്റ രാജ്യം ഒറ്റ നികുതി' എന്നെല്ലാം പറഞ്ഞുകൊണ്ടുവന്ന ജി.എസ്.ടി.-യിലൂടെ പിരിക്കുന്ന മുഴുവൻ പണവും കേന്ദ്രസർക്കാർ കൈവശപ്പെടുത്തുകയാണ്. ഡസൻ കണക്കിന് നികുതികളും നൂറുകണക്കിന് നികുതിനിരക്കുകളും നാലെണ്ണമാക്കി ചുരുക്കിയപ്പോൾ വിദഗ്ദ്ധർ അന്നുപറഞ്ഞത് ഇനി കണക്കുകൂട്ടാൻ എളുപ്പമാകുമെന്നും അതുകൊണ്ടുതന്നെ നികുതിപ്പിരിവും എളുപ്പമാകുമെന്നുമാണ്. കേന്ദ്രത്തിന്

കണക്കുകൂട്ടാൻ എളുപ്പമായപ്പോൾ സംഭവിച്ചതെന്താണ്? സംസ്ഥാനങ്ങളുടെയും സാധാരണക്കാരുടെയും കണക്കുകളെല്ലാം തെറ്റുകയാണ്. സാമ്പത്തിക നീതിയുടെ ധാർമ്മിക പ്രശ്നങ്ങളൊന്നും കാണാതെ അവതരിപ്പിച്ച ജി.എസ്.ടി. നിരക്കുകളുടെ അപാകത അടിയന്തരമായി പരിഹരിക്കാൻ സർക്കാർ ഇടപെടണം. ജി.എസ്.ടി.-യിൽ ആഡംബര കാറിനും പാവപ്പെട്ടവർ വാങ്ങുന്ന ബിസ്കറ്റിനും ഏകദേശം ഒരേ നികുതിനിരക്ക് വരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ജി.എസ്.ടി. വരുന്നതിനുമുമ്പ് പല ആഡംബര വസ്തുക്കൾക്കും കേന്ദ്ര-സംസ്ഥാന നികുതി നിരക്കുകൾ 30-45 ശതമാനം വരെയുണ്ടായിരുന്നു. എന്നാൽ ഏകീകരിച്ചപ്പോൾ അവയ്ക്കെല്ലാംകൂടി 18 ശതമാനമേ കൊടുക്കേണ്ടതുള്ളൂ, ഇത് തെറ്റായ സമീപനമാണ്. പാവപ്പെട്ടവർ ഉപയോഗിക്കുന്ന ബിസ്കറ്റിന് ജി.എസ്.ടി. വരുന്നതിനുമുമ്പ് അഞ്ച് ശതമാനമായിരുന്ന നികുതി ഇപ്പോൾ 12 ശതമാനമാക്കി ഉയർത്തിയിരിക്കുന്നു. ജി.എസ്.ടി. പൂർണ്ണമായും നിരാകരിക്കണമെന്നല്ല; മറിച്ച്, ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്ത നിലനിർത്താൻ കഴിയാവുന്ന പൊളിച്ചെഴുത്ത് ജി.എസ്.ടി.-യിൽ നടത്താൻ പരിശ്രമിക്കണം. സംസ്ഥാനങ്ങൾക്ക് ഒന്നോ, രണ്ടോ ശതമാനം നികുതി വർദ്ധിപ്പിക്കാനോ കുറയ്ക്കുന്നതിനോ ഉള്ള അവകാശംപോലും ഇപ്പോഴില്ല. പ്രളയ സെസ്സ് ഏർപ്പെടുത്തിയതുപോലെ സ്റ്റേറ്റ് ജി.എസ്.ടി.-യുടെ നിരക്കിൽ ചെറിയൊരു ശതമാനം വർദ്ധിപ്പിക്കാനും കുറയ്ക്കാനുമുള്ള അവകാശം സംസ്ഥാനത്തിനുണ്ടാകണം. മുമ്പ് വാറ്റ് സമ്പ്രദായത്തിലും ഏകീകൃത നികുതി നിരക്കായിരുന്നു. എന്നാൽ, അന്ന് നികുതി നിരക്കിൽ ഏറ്റക്കുറച്ചിലുകൾ വരുത്താനുള്ള അവകാശം സംസ്ഥാനങ്ങൾക്കുണ്ടായിരുന്നതിന് സമാനമായ അവകാശമാണ് ജി.എസ്.ടി.-യുടെ കാര്യത്തിലും ആവശ്യപ്പെടുന്നത്. ഇതിനോടൊപ്പം ഒരു മറുവാദം വരുന്നുണ്ട്. ഇങ്ങനെ ലഭിക്കുന്ന ആനുകൂല്യം ഉപയോഗിച്ച് സംസ്ഥാനങ്ങൾ ജനങ്ങൾക്കുമേൽ അധിക നികുതി ഏർപ്പെടുത്തുമെന്നും അത് ജനങ്ങളെ കഷ്ടപ്പെടുത്തുമെന്ന വാദമുയർത്തിക്കൊണ്ടാണ് അതിനുള്ള അവകാശം ഇപ്പോൾ കേന്ദ്രം നൽകാതിരിക്കുന്നത്. കേരളത്തെ സംബന്ധിച്ച് എൽ.ഡി.എഫ്. ഉയർത്തിപ്പിടിക്കുന്ന വർഗ്ഗകാഴ്ചപ്പാട് സർക്കാരിന്റെ സകല സാമ്പത്തിക നയങ്ങളിലും പ്രത്യക്ഷമാണ്. അങ്ങനെയുള്ള കേരളത്തിൽ ഭേദഗതി അംഗീകരിച്ചു കിട്ടിയാൽ സാമൂഹ്യനീതി ഇനിയുമേറെ പ്രകാശപൂരിതമാകുമെന്നതിൽ ആർക്കെങ്കിലും തർക്കമുണ്ടോ; അപ്പോൾ പ്രതിപക്ഷം ഇതിനോടൊപ്പം നിൽക്കണ്ടേ? കേരളം സാമൂഹ്യക്ഷേമ മേഖലകളിൽ അവിസ്മരണീയമായ നേട്ടങ്ങൾ കൈവരിച്ച നാടാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ സൗജന്യവും ക്ഷേമപെൻഷനുകളുടെ വിപുലതയും ഇനിയും ശാക്തീകരിക്കണമെന്നാണ് എൽ.ഡി.എഫ്. ആഗ്രഹിക്കുന്നത്. ഇപ്പോൾ നൽകുന്നതിനേക്കാൾ കൂടുതൽ വർദ്ധിപ്പിക്കണെ

മെന്നാണ് ആലോചിക്കുന്നത്. സ്കാൻഡിനേവിയൻ രാജ്യങ്ങളെപ്പോലെ സാമൂഹ്യഭദ്രത സാദ്ധ്യമാക്കണം. ഡെന്മാർക്ക്, നോർവെ, സ്വീഡൻ തുടങ്ങിയ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെങ്ങനെയാണ് സാമൂഹ്യസേവന മേഖലകളിൽ വൻസൗജന്യങ്ങൾ നടപ്പാക്കാൻ കഴിയുന്നത്? അവിടെ വ്യക്തികളുടെ വരുമാനത്തിന്റെ 40-50 ശതമാനം നികുതിയായി പിരിക്കുന്നുണ്ട്. എന്നിട്ട് എല്ലാവർക്കുമാവശ്യമായ സേവനം സൗജന്യമാക്കാൻ പരിശ്രമിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അതിന് സമാനമായ സമീപനം കേരളത്തിൽ സ്വീകരിക്കണം. അതിദാരിദ്ര്യം പൂർണ്ണമായുമില്ലാതാക്കാൻ ഇടതുമുന്നണി നടത്തുന്ന ധർമ്മ സമരത്തിന് കരുത്ത് പകരുന്നതാകണം സാമ്പത്തിക നയം. നയം മാത്രമുണ്ടായാൽ പോര, സമ്പത്ത് വേണം. സമ്പത്ത് അനിവാര്യമാണ്. അതിന് തടസ്സമായി നിൽക്കുന്നത് കേന്ദ്ര ഗവണ്മെന്റിന്റെ നയങ്ങളാണ്. ജി.എസ്.ടി. വന്നപ്പോൾ സംസ്ഥാന വിഹിതത്തിന്റെ അനുപാതം 50:50 ആയിരുന്നു. യഥാർത്ഥത്തിൽ സംസ്ഥാനത്തിന് 60 ശതമാനം വിഹിതമെങ്കിലും ലഭിക്കണം. കേന്ദ്രത്തിന് നാല്പത് ശതമാനവും സംസ്ഥാനത്തിന് അറുപത് ശതമാനവും എന്നനിലയ്ക്ക് പുനഃക്രമീകരണം നടത്തേണ്ടതാണ്. ജി.എസ്.ടി.-യിൽ ലയിപ്പിച്ച കേന്ദ്ര-സംസ്ഥാന നികുതിക്കണക്ക് പരിശോധിച്ചാൽ സംസ്ഥാനം മുമ്പ് പിരിച്ചിരുന്ന നികുതി ഏതാണ്ട് 55-58 ശതമാനം വരും. അതിനോടൊപ്പം കേന്ദ്ര നികുതിയുംകൂടി കൂട്ടി 100 ശതമാനത്തിലേയ്ക്ക് വരും. സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന 58 ശതമാനത്തോളം നികുതിയാണ് ഈ ലയനത്തിലൂടെ ജി.എസ്.ടി.-യിലാകുന്നത്.അതുകൊണ്ട് സ്വാഭാവികമായും സംസ്ഥാനത്തിനർഹതപ്പെട്ട 60 ശതമാനം വിഹിതം ലഭ്യമാക്കണമെന്നത് സംസ്ഥാനത്തിന്റെ അഭിപ്രായമായി മുന്നോട്ടുവരണം. സംസ്ഥാനങ്ങൾ ജി.എസ്.ടി.-ക്ക് അനുമതി നൽകുകയും VAT ഉൾപ്പെടെയുള്ളവ ജി.എസ്.ടി.-യിൽ ലയിപ്പിക്കുകയും ചെയ്തപ്പോൾ, എല്ലാ വർഷവും 14 ശതമാനംവീതം വർദ്ധനവുണ്ടാകുമെന്ന് കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിരുന്നു. മാത്രമല്ല, വർദ്ധനവുണ്ടായില്ലെങ്കിൽ കുറവുവരുന്ന തുക 5 വർഷം നഷ്ടപരിഹാരമായി നൽകുമെന്നും കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിരുന്നു. അതിനുവേണ്ടിയാണ് പുകയില, ആഡംബര കാർ എന്നിവയ്ക്ക് പ്രത്യേക സെസ്സേർപ്പെടുത്തിയത്. ഇപ്പോൾ കണക്കുപ്രകാരമുള്ള തുക ചോദിച്ചപ്പോൾ, നികുതിയുടെ വരവുമാത്രമെ കണക്കിലുൾപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്. അത്തരത്തിൽ കേന്ദ്ര നികുതി വരുമാനം കുറച്ചുകാണിക്കുകയും നികുതിക്കുപകരം പല ഉൽപ്പന്നങ്ങൾക്കും സെസ്സ് ഏർപ്പെടുത്തുകയുമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ കാര്യം ഇവിടെ

ചർച്ചചെയ്യുതിരുന്നു. സെസ്സിലൂടെ ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ വിഹിതമൊന്നും സംസ്ഥാനങ്ങൾക്ക് കൊടുക്കുന്നില്ല. സംസ്ഥാനത്തിന് അർഹതപ്പെട്ട അത്തരം കാര്യങ്ങൾ നേടിയെടുക്കാൻ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ചുനിൽക്കണം. ഇത്തരം അഭിപ്രായങ്ങൾ പ്രതിപക്ഷാംഗങ്ങളുടെ ചർച്ചയിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇനി ഈ നിർദ്ദേശങ്ങളൊന്നും നടന്നിട്ടില്ലെന്നും കേന്ദ്രം അർഹതപ്പെട്ട ഫണ്ട് തരുന്നില്ലെന്നും നമ്മുടെ അവകാശങ്ങൾ അനുവദിക്കുന്നില്ലെന്നും നികുതി പിരിക്കുന്നതിൽ കള്ളത്തരം കാണിക്കുന്നുവെന്നും കണക്ക് ചോദിക്കുമ്പോൾ മറ്റ് നികുതികളും വേറെ സെസ്സ് തുക കാണിക്കുന്നുവെന്നും ഇങ്ങനെയൊക്കെ ചെയ്ത് നമ്മളെ പറ്റിക്കുകയാണെന്നും കരുതുക. അപ്പോൾ എന്തുചെയ്യും; ജനങ്ങൾക്ക് നൽകുന്ന സേവനം നിർത്തലാക്കാൻ പറ്റുമോ; അത് വർദ്ധിപ്പിക്കണ്ടേ? അതുകൊണ്ട് എങ്ങനെയെങ്കിലും പണമുണ്ടാക്കിയേ മതിയാകൂ. അതിനുതകുന്ന പുതിയ നികുതി നിർദ്ദേശത്തെക്കുറിച്ച് പറയാം. നുണ പറയുന്നവർക്ക് പണിഷ്മെന്റ് ടാക്സ് ഏർപ്പെടുത്തണം. അതിനൊരു ഷോർട്ട് ഫോമുണ്ടാക്കാം - 'PT for Lie' എന്ന് പേരിട്ട് 'Punishment Tax for lie' ഏർപ്പെടുത്തണം. ഇത് പറയാനുള്ള കാരണം നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാകും. എന്റെ പുറകിലിരിക്കുന്ന എം.എൽ.എ. ശ്രീമതി യു. പ്രതിഭ ഇന്നലെ രാവിലെ സഭയിലേയ്ക്ക് വരുമ്പോൾ രക്തപരിശോധനയ്ക്ക് പോയവഴി അവരുടെ ഭാരം നോക്കിയപ്പോൾ കൃത്യം 50 കിലോഗ്രാമുണ്ടായിരുന്നു. സഭാ സമ്മേളനം കഴിഞ്ഞ് തിരിച്ചുപോയപ്പോൾ അതേ ത്രാസിൽ കയറി നോക്കിയപ്പോൾ 35 കിലോഗ്രാമേ ഉണ്ടായിരുന്നുള്ളൂ. 15 കിലോഗ്രാം എവിടെപ്പോയി; എന്താണ് സംഭവിച്ചത്? ഇന്നലെ ഈ സഭയിലെ ഒരു പ്രതിപക്ഷാംഗത്തിന്റെ പ്രസംഗത്തിൽ, കായംകുളത്തെ ബി.ജെ.പി. വോട്ട് വാങ്ങിയാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി ജയിച്ചതെന്ന് പറഞ്ഞു. ഇത് കേട്ടപ്പോഴാണ് ശ്രീമതി യു. പ്രതിഭയുടെ ഭാരം ഒറ്റയടിക്ക് 15 കിലോ കുറഞ്ഞത്. കായംകുളത്തെ വോട്ടിന്റെ സത്യമെന്താണ്; അത് പറയണ്ടേ; അത് മറച്ചുവച്ച് ഇങ്ങനെ പച്ചക്കള്ളം പറയാമോ? 2016-ൽ കായംകുളം മണ്ഡലത്തിൽ ബി.ജെ.പി.-ക്ക് 13 ശതമാനവും യു.ഡി.എഫ്.-ന് 38 ശതമാനവും വോട്ടാണ് ലഭിച്ചത്. 2021-ൽ ബി.ജെ.പി.-ക്ക് ലഭിച്ച വോട്ട് 7 ശതമാനമാണ്; അതായത് 6 ശതമാനം കുറഞ്ഞു. 2021-ൽ യു.ഡി.എഫ്.-ന് ലഭിച്ച വോട്ട് 44 ശതമാനമാണ്; അവർക്ക് 6 ശതമാനം വോട്ട് കൂടുതൽ ലഭിച്ചു. 2016-ൽ ബി.ജെ.പി.-ക്ക് 13 ശതമാനവും 2021-ൽ 7 ശതമാനവും വോട്ടാണ് ലഭിച്ചത്. അവർക്കും 6 ശതമാനം വോട്ട് കുറഞ്ഞു. യു.ഡി.എഫ്.-ന്റെ വോട്ട് 38 ശതമാനത്തിൽനിന്ന് 44 ശതമാനമായി; 6 ശതമാനം വോട്ട് വർദ്ധിക്കുകയാണുണ്ടായത്. ഈ സംഭവം എൽ.ഡി.എഫ്.-ന്റെ ഉത്തരവാദിത്വമായി വച്ചാൽ പാവം ശ്രീമതി യു. പ്രതിഭയുടെ

ളുക്കം കുറയുകയല്ലാതെ എന്തുചെയ്യും; ഇത് വളരെ അപകടകരമായ പ്രവണതയല്ലേ? നുണ ഒരു മനുഷ്യന്റെ ജീവനെപ്പോലും അപകടപ്പെടുത്തിയെന്ന് വരും. അതുകൊണ്ടാണ് നുണ പറയുന്നതിന് ടാക്സ് ഏർപ്പെടുത്തണമെന്ന് ഞാൻ പറയുന്നത്. ഇന്നലത്തെ നുണയുടെ കണക്കുവച്ച് നോക്കുകയാണെങ്കിൽ, പ്രതിപക്ഷനിരയിലെ ഒരുദിവസത്തെ നുണപറച്ചിലിന് ടാക്സ് പിരിച്ചാൽ, കേരളത്തിൽ ഒരുമാസത്തെ ശമ്പളം കൊടുക്കാനുള്ള തുക ലഭിക്കുമെന്ന അഭിപ്രായമാണുള്ളത്. അത്തരത്തിൽ നുണ ടാക്സ് ഏർപ്പെടുത്തണം.

ഇവിടെ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെപ്പോലെ ഭരണം നടത്തിയാൽ പണമൊന്നും വേണ്ട; ഉള്ളതുതന്നെ അധികമായിരിക്കും. അക്കാലത്ത് അവർ പണം ജനങ്ങൾക്കൊന്നും കൊടുക്കാതെ മറ്റ് കാര്യങ്ങൾക്കുമാത്രമാണ് ചെലവഴിച്ചത്. പെൻഷൻ, അരി, വസ്ത്രം ഇവയൊന്നും കൊടുത്തില്ല, ആശുപത്രികളിലേയ്ക്കൊന്നും കൊടുത്തില്ല. ഇപ്പോഴത്തെ സ്ഥിതി അതല്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് (2011-2016) 9,011 കോടി രൂപയാണ് ക്ഷേമപെൻഷനുവേണ്ടി ആകെ കൊടുത്തത്. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ ഭരണകാലത്ത് 32,034 കോടി രൂപ കൊടുത്തിട്ടുണ്ട്. അതിന് പണം ചെലവാക്കിയില്ലേ? പൊതുവിതരണത്തിന് ആകെ 5,242 കോടി രൂപയാണ് 5 വർഷംകൊണ്ട് യു.ഡി.എഫ്. സർക്കാർ കൊടുത്തത്. എൽ.ഡി.എഫ്. സർക്കാരിന്റെ നാല് വർഷത്തെ കണക്കെടുത്തപ്പോൾ 10,692 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. ഇതുകൂടാതെ സി.എം.ഡി.ആർ.എഫ്., മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ ഫണ്ട് തുടങ്ങിയവയുമുണ്ട്. യു.ഡി.എഫ്. ഭരണകാലത്തെപ്പോലെ സമ്പർക്കം നടത്തി വെറുതെവരച്ചുവയ്ക്കുകയല്ല. അങ്ങനെയുള്ളവർക്ക് നയാപൈസ കൊടുത്തിട്ടില്ല. അഞ്ചാറ് കൊല്ലം ഓടിനടന്ന് ആകെ കൊടുത്തുതീർത്തത് 802 കോടി രൂപയാണ്. എൽ.ഡി.എഫ്. സർക്കാർ നാല് വർഷംകൊണ്ട് 5,572 കോടി രൂപയാണ് കൊടുത്തത്. അതിനുപുറമെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രത്യക്ഷപ്പെട്ട പ്രകൃതി ദുരന്തം, കോവിഡ് മഹാമാരി എന്നിവയ്ക്ക് എത്ര കോടിരൂപ ചെലവാക്കി? പ്രളയദുരന്തം സംഭവിച്ചപ്പോൾ സഹായമായി 3,779 കോടി രൂപ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കൊടുത്തിട്ടുണ്ട്. കോവിഡിന്റെ ആദ്യഘട്ടത്തിൽ 729 കോടി രൂപയും ഭക്ഷ്യക്കിറ്റിന് 350 കോടി രൂപയും ഓഖി സഹായമായി 111 കോടി രൂപയും കൊടുത്തില്ലേ? ഭക്ഷ്യക്കിറ്റുകളും സാധനങ്ങളുമെല്ലാം വിതരണം ചെയ്യുമ്പോൾ അതിനെ യു.ഡി.എഫ്. കളിയാക്കുകയാണ് ചെയ്യുന്നത്. അതിൽ ചിലരെ നാട്ടുകാർ പിടിച്ച് ലോക്കിട്ടു. അവരിപ്പോൾ ലോക്ഡൗൺ ലംഘിച്ച് എൻ.എം.ആർ. ബിരിയാണിയും കഴിച്ച് ലോകസഭയിലെ നുണച്ചിക്കഥകളും കേട്ട് കോട്ടുവായിട്ട് നടക്കുന്നുവെന്ന കഥകൂടി നമ്മൾ മനസ്സിലാക്കണം.

കേന്ദ്ര ഭരണത്തിനെതിരെ യു.ഡി.എഫ്. ഒന്നും ചെയ്യുന്നില്ല. യോഗാസനം തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും ചെയ്യുന്നതിന്റെ പേര് ശവാസനമെന്നാണ്. കോൺഗ്രസ്സുകാർ സ്ഥിരമായി ശവാസനത്തിലേയ്ക്ക് പോയിരിക്കുന്നു. കോവിഡിനിടയിൽപ്പോലും കോടീശ്വരന്മാരുടെ മോടി കൂട്ടുന്നതിന്, താടി വടിക്കാൻപോലും സമയം പാഴാക്കാതെ, സകല സാധനങ്ങൾക്കും വിലവർദ്ധിപ്പിക്കുന്ന ശ്രീ. നരേന്ദ്ര മോദിക്കെതിരെ വർത്തമാനം പറയാൻപോലും സമയമില്ല. കോൺഗ്രസ്സുകാർ സ്ഥിരം ശവാസനത്തിലായതുകൊണ്ടാണ് സ്ഥിരമായി ശവമായി കിടക്കുന്ന കോൺഗ്രസ്സിനെ ഉപേക്ഷിക്കാനും ജീവനുള്ള ഇടതുപക്ഷത്തെ വീണ്ടും ഭരണപക്ഷമാക്കാനും കേരള ജനത തീരുമാനിച്ചത്.

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. റവന്യൂ വകുപ്പ് സ്മാർട്ടായിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. രാജൻ റവന്യൂ വകുപ്പുമന്ത്രിയായപ്പോൾ അതിഗംഭീരമായി. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുടർന്നും പൂർത്തീകരിക്കാനുള്ള വിവിധ നടപടിക്രമങ്ങളുണ്ട്. ചങ്ങമ്പുഴ കൃഷ്ണപിള്ള ഒരു കവിത എഴുതിയിരുന്നു.

"വിത്തനാഥന്റെ ബേബിക്കുപാലും
നിർദ്ധനച്ചെറുക്കന്നുമിനീരും
ഈശ്വരേച്ഛയല്ലാകിലമ്മട്ടു-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ"

ചങ്ങമ്പുഴ പ്രണയകവിയാണ്, അറിയപ്പെടുന്ന വിപ്ലവകവിയുമാണ്. പണക്കാരന്റെ ബേബി എന്ന് പേരുള്ള പട്ടിക്കുപാലും പാവപ്പെട്ടവന്റെ മകന് ഉമിനീരുമെന്നത് ദൈവനിശ്ചയമല്ലെന്നും അഥവാ അങ്ങനെ ദൈവവിധിയാണെന്ന് പറയുന്നവനെ ചവിട്ടണമെന്നുമാണ് കവി പറഞ്ഞത്. ദൈവത്തിന്റെ പേരിൽ പാവപ്പെട്ടവനെ പട്ടിണിക്കിടുകയും കൊല്ലുകയുംചെയ്യുന്ന കേന്ദ്രഭരണ രാഷ്ട്രീയത്തെ ചവിട്ടിത്തെറിപ്പിക്കാൻ കൂടെനിൽക്കുന്നതിനുപകരം ഇവർ എന്താണ് ചെയ്യുന്നത്; കേരളത്തിലെ ഇടതുഭരണത്തിനെതിരെ ഓക്കാനിക്കുകയല്ലേ? ദൈവത്തെ പൂജിക്കുന്ന ശാന്തിക്കാരന്റെയും ജീവനക്കാരന്റെയുമെല്ലാം തസ്തികകളിലേയ്ക്ക് പിന്നാക്കക്കാരനെയും പട്ടികജാതിക്കാരനെയും നിയമിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. ന്യൂനപക്ഷങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതകവചം തീർത്ത നാടായി കേരളം മാറിയത് എൽ.ഡി.എഫ്.-ന്റെ കരുത്തിലാണ്. മതനിരപേക്ഷതയുടെ മാനവികത ഉയർത്തിപ്പിടിച്ച് മലയാളക്കരയെ മാറോടു ചേർക്കുന്ന മുഖ്യമന്ത്രിയെ അല്ലാതെ മറ്റാരെയാണ് ജനങ്ങൾ ആരാധിക്കുക.

അതുകൊണ്ടാണ് 'അന്നം തരുന്നവനാണ് ഞങ്ങളുടെ ദൈവമെന്ന് മലയാളനാട്ടിലെ മനുഷ്യർ പറഞ്ഞത്. അതെ, ദൈവവിശ്വാസികളുടെ കൺകണ്ട ദൈവമായി സാക്ഷാൽ ശ്രീ. പിണറായി വിജയൻ മാറിയെങ്കിൽ അതിനവർക്ക് കാരണമുണ്ട്. അതവരുടെ ജീവന്റെ വിലയുള്ള കാരണമാണ്. അതാണ് ഇടതുപക്ഷത്തിന്റെ കരുത്ത്. ആ കരുത്തിനും കരുതലിനുംവേണ്ടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുകയാണ്. നിയമസഭ തകർത്ത കേസ്സിൽ ബഹുമാനപ്പെട്ട മന്ത്രി വി. ശിവൻകുട്ടി ഉൾപ്പെടെയുള്ള പ്രതികൾ വിചാരണ നേരിടണമെന്ന സുപ്രീംകോടതി വിധിയാണിന്ന് വന്നിരിക്കുന്നത്. സർക്കാരിനെതിരെയും പ്രതികൾക്കെതിരെയും രൂക്ഷമായ വിമർശനമാണ് സുപ്രീംകോടതി നടത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വി. ശിവൻകുട്ടി മന്ത്രിസ്ഥാനം രാജിവച്ചില്ലെങ്കിൽ രാജ്യത്തെ ഭരണഘടനയോടും നിയമസംവിധാനത്തോടുമുള്ള വെല്ലുവിളിയായിട്ടുമാത്രമെ ഇതിനെ കണക്കാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ അദ്ദേഹം മന്ത്രിസ്ഥാനം രാജിവയ്ക്കണം. അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെന്റിപ്പോൾ കണ്ടു, 'നിരപരാധിത്വം ഞാൻ തെളിയിക്കും'. ഇന്നത്തെ എറ്റവും വലിയ കോമഡിയാണിത്. നിയമസഭയിലദ്ദേഹം കാണിച്ചുകൂട്ടിയ കോപ്രായങ്ങളും ഉപകരണങ്ങൾ തകർത്തതും ലോകജനത കണ്ടതാണ്. അപ്പോൾ എവിടെയാണ് നിരപരാധിത്വം തെളിയിക്കുന്നത്? അതെല്ലാം പറഞ്ഞുകൊണ്ട് അധികാരത്തിൽ പിടിച്ചുതൂങ്ങിനിൽക്കാമെന്ന് വ്യാമോഹിക്കുന്നത് നിയമസംവിധാനത്തോടുള്ള വെല്ലുവിളിയാണ്. അതാണ് ഞങ്ങൾ പറയുന്നത്, അദ്ദേഹം രാജിവയ്ക്കണമെന്ന്. സംസ്ഥാനത്തെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രത്യേകിച്ച്, ധനകാര്യ വകുപ്പിന്റെ പരാജയമാണ് സംസ്ഥാനത്തെ ഈ സ്ഥിതിയിലെത്തിച്ചത്. ധനഉത്തരവാദിത്വനിയമത്തിന്റെ മാനദണ്ഡങ്ങളനുസരിച്ച് ധനക്കമ്മിയും റവന്യൂകമ്മിയും കുറച്ചുകൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടവും വളരെയധികം വർദ്ധിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 2016 വരെ 1,57,370.33 കോടിരൂപയായിരുന്നത് 3,27,654.70 കോടി രൂപയായി ഉയർന്നിരിക്കുന്നു. ഈ കണക്കുകൾ നമ്മെ പഠിപ്പിക്കുന്നത് എന്താണ്? 2016 വരെ, കഴിഞ്ഞ 60 വർഷംകൊണ്ട് കാലാകാലങ്ങളിൽ മാറിവന്ന സർക്കാരുകൾ ചേർന്നുണ്ടാക്കിയ സംസ്ഥാനത്തിന്റെ പൊതുകടം 1,57,370.33 കോടി രൂപയാണ്. എന്നാൽ കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് പിണറായി സർക്കാർ 1,70,284.37 കോടിരൂപയാണ് കടം വരുത്തിവച്ചിരിക്കുന്നത്. 60 വർഷം കൊണ്ടുണ്ടായ കടത്തിന്റെ ഇരട്ടിയാണിത്. ചിലർ തിരിച്ചടയ്ക്കാൻ സാധിക്കില്ലെന്ന്

ബോദ്ധ്യമുണ്ടായാലും ബാങ്കിൽനിന്ന് കൂടുതൽ ലോണെടുക്കും. കരുവന്നൂർ സഹകരണ ബാങ്കിന്റെ അവസ്ഥയാണിന്ന് സംസ്ഥാന സർക്കാരിനുള്ളത്. തിരികെ വീണ്ടും അധികാരത്തിൽ വരുമെന്ന് എൽ.ഡി.എഫ്.-ന് യാതൊരു പ്രതീക്ഷയുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് ഇവർ കടങ്ങളെല്ലാം വാങ്ങിക്കൂട്ടിയത്. കാരണം തിരിച്ചടയ്ക്കാനുള്ള ഉത്തരവാദിത്വം തങ്ങളിൽ വന്നുചേരില്ലെന്നാണ് അവർ കരുതിയിരുന്നത്. പഴയ കാരണവന്മാർ പറയാറുണ്ട് 'താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീഴുമെന്ന്. പിണറായി സർക്കാർ കുഴിച്ച കുഴിയിൽ അവർതന്നെ വീണിരിക്കുകയാണ്. കേന്ദ്രസർക്കാർ പെട്രോളിനും ഡീസലിനും ഗ്യാസിനും വില വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിൽനിന്നും കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കേണ്ടതാരാണ്? സംസ്ഥാന സർക്കാരിന് അധിക വരുമാനനികുതി കുറയ്ക്കാനോ ജനങ്ങൾക്ക് സമാശ്വാസമുണ്ടാക്കാനോ സാധിക്കുന്നില്ല. ഞാൻ പഴയകാല സിനിമയെക്കുറിച്ച് ഓർക്കുകയാണ്. പഴയകാല സിനിമയിൽ ബാലൻ കെ. നായരുടെ വീട്ടിൽ ആക്രമിക്കപ്പെട്ട, പീഡിപ്പിക്കപ്പെട്ട നായിക ഓടിയെത്തുന്നത് ജോസ് പ്രകാശിന്റെ വീട്ടിലാണ്. ജോസ് പ്രകാശിന്റെ വീട്ടിൽ നായിക കയറിയാലുള്ള അവസ്ഥ എന്നുപറഞ്ഞതുപോലെയാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും ഓടിരക്ഷപ്പെട്ട് കേരളത്തിലെത്തുമ്പോൾ സംസ്ഥാന സർക്കാർ കാണിക്കുന്ന ക്രൂരതയാണ് അതിൽനിന്നും ഓർക്കാൻ സാധിക്കുന്നത്. കേരളത്തിലെ മൂന്നുലക്ഷത്തോളം പേരുടെ ഉപജീവനമാർഗ്ഗമാണ് ലൈറ്റ് ആൻഡ് സൗണ്ട്സ് മേഖല. ഇപ്പോൾ അവരുടെ അവസ്ഥ എന്താണ്; അവരിൽ നിന്നുകിട്ടുന്ന വരുമാനം ഈ സർക്കാരിനെന്തായിരുന്നു; അവരിൽ നാലഞ്ച് പേർ ആത്മഹത്യചെയ്യുന്ന സാഹചര്യമുണ്ടായി. സംസ്ഥാനത്ത് കോവിഡും ലോക്ഡൗണും കാരണം സിനിമാമേഖല തകർന്നിരിക്കുന്നു, ടെക്നീഷ്യൻമാർ, മേക്കപ്പ്, കോസ്റ്റ്യൂം, ജൂനിയർ, സ്റ്റേജ് ആർട്ടിസ്റ്റുകൾ, ലൈറ്റ് ബോയ്സ്, സഹസംവിധായകർ തുടങ്ങി ഒട്ടനവധി ആളുകൾ വലിയ പ്രതിസന്ധിയിലാണ്. ബസ്, ടാക്സി തൊഴിലാളികൾ, ടൂറിസ്റ്റ് ബസ് ഉടമകൾ, ടൂറിസ്റ്റ് ബസ് തൊഴിലാളികൾ, ടൂറിസം മേഖലയിലെ തൊഴിലാളികൾ തുടങ്ങിയവരെല്ലാം കേരളത്തിന് വരുമാനംനൽകുന്ന സ്രോതസ്സുകളായിരുന്നു. കോവിഡിന്റെ ഉത്തേജക പാക്കേജുകളിലൂടെ എന്തെങ്കിലും സഹായം ഇവർക്ക് ചെയ്യുന്നതിന് സർക്കാർ മനസ്സ് കാണിക്കുന്നുണ്ടോ? കിറ്റ് കൊടുക്കുന്നതിന് ഞങ്ങളാരുമെതിരല്ല, കിറ്റ് കൊടുക്കണം, ഇനിയും കിറ്റ് കൊടുത്തുകൊണ്ടേയിരിക്കണം. അത് ജനങ്ങൾക്കാശ്വാസമാകുമെന്നതിൽ യാതൊരു സംശയവുമില്ല. കോവിഡുമൂലം കഷ്ടതയനുഭവിക്കുന്ന ജനങ്ങളുടെ കൈകളിലേയ്ക്ക് നേരിട്ട് പണമെത്തിക്കണം. ന്യായ് പദ്ധതിപോലെ 6,000 രൂപ സർക്കാർ നേരിട്ട് ജനങ്ങളിലേയ്ക്കെത്തിക്കണം. ഇത്തരത്തിൽ സർക്കാർ നേരിട്ട് തുക കൊടുക്കാൻ തീരുമാനിക്കുകയാണെങ്കിൽ 'കിമ്പളം' കിട്ടില്ല; എന്നാണ് പൊതുജനം പറയുന്നത്.

അതിൽ അഴിമതിയുണ്ടെന്നാണ് ഞങ്ങൾ പല ഘട്ടത്തിലും ആരോപിച്ചത്. അതുകൊണ്ടാണ് സർക്കാർ 6,000 രൂപ നേരിട്ട് നൽകാൻ മടികാണിക്കുന്നത്. കേരളം മറ്റുള്ള സംസ്ഥാനങ്ങളെ മാതൃകയാക്കണം. ഏറ്റവുമൊടുവിൽ അധികാരത്തിൽ വന്ന തമിഴ്നാട് സർക്കാരിന്റെ കാര്യം ഓർക്കണം. സ്കൂൾ ബസ് ഡ്രൈവർമാർ, ക്ലീനർമാർ, തുടങ്ങിയ ധാരാളം ആളുകൾ പ്രതിസന്ധിയിൽ പ്പെട്ടിരിക്കുകയാണ്. സംസ്ഥാന സർക്കാർ റേഷൻകടക്കാരെ കിറ്റ് കൊടുക്കുന്നതിന് ചുമതലപ്പെടുത്തി. കോവിഡിന്റെ പ്രതിസന്ധിഘട്ടത്തിൽ മുടങ്ങാതെ എല്ലാ ദിവസവും റേഷൻകടയിൽനിന്ന് ജനങ്ങൾക്ക് റേഷൻവിഹിതവും കിറ്റും എത്തിച്ചുകൊടുത്തു. ഇതിലൊന്നും മുടക്കംവരുത്തിയില്ല. കോവിഡുമൂലം ഏകദേശം 51 കടയുടമകളാണ് മരണപ്പെട്ടിരിക്കുന്നത്. കോവിഡിനെ പ്രതിരോധിച്ചുകൊണ്ട് റേഷൻകടകൾ പ്രവർത്തിപ്പിച്ചവർക്കുള്ള കമ്മീഷൻ ആദ്യം ഏഴുരൂപ കൊടുക്കാമെന്ന് പറഞ്ഞെങ്കിലും പിന്നീടത് അഞ്ചുരൂപയാക്കി, അതും കൊടുക്കുന്നില്ല. 'പാലം കടക്കുവോളം നാരായണ നാരായണ, പാലം കടന്നാലോ കൂരായണ കൂരായണ' എന്നതുപോലെയുള്ള സമീപനമാണ് റേഷൻ കടയുടമകളോട് കാണിക്കുന്നത്. അത് തിരുത്തണം. പാവപ്പെട്ട റേഷൻകടക്കാരെ എന്തിനാണ് ദ്രോഹിക്കുന്നത്; സർക്കാർ അതേക്കുറിച്ച് ചിന്തിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു. പ്രാദേശിക പത്രക്കാരെ സാംസ്കാരിക ക്ഷേമനിധിൽ ഉൾപ്പെടുത്താമെന്ന് കഴിഞ്ഞ സർക്കാർ പറഞ്ഞെങ്കിലും പ്രഖ്യാപനം മാത്രമേയുള്ളൂ; നടപ്പാക്കിയിട്ടില്ല. പ്രാദേശിക പത്രക്കാരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് സർക്കാരിനെ ഓർമ്മപ്പെടുത്തുകയാണ്.

കേരളത്തിലെ 60 വയസ്സ് കഴിഞ്ഞ കന്യാസ്ത്രീകൾക്കും അച്ചൻമാർക്കും പെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ സഭയിൽ ഞാൻ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. എന്തുകൊണ്ടാണ് അവർക്കുമാത്രം പെൻഷൻ കൊടുക്കാത്തത്? അത് പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കണം. സർക്കാരിന്റെ ചെയ്തികളെക്കുറിച്ച് നമുക്കറിയാം, കോവിഡുമൂലം പ്രയാസപ്പെടുന്ന ആളുകളെ സഹായിക്കാൻ എന്തുകൊണ്ട് സർക്കാർ തയ്യാറാകുന്നില്ല. സിനിമ, ടൂറിസം, ടാക്സി തുടങ്ങിയ മേഖലകളിൽ തൊഴിൽ നഷ്ടപ്പെട്ട് വളരെയധികം ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ട്. മാസവാടകയ്ക്ക് താമസിക്കുന്ന വിധവകളുൾപ്പെടെയുള്ള ഒട്ടനവധി സഹോദരിമാർ തൊഴിലില്ലാത്തതിനാൽ വാടക കൊടുക്കാൻ നിവൃത്തിയില്ലാത്ത അവസ്ഥയിലാണ്. അത്തരക്കാർക്ക് പ്രതിമാസം 6,000 രൂപ നൽകിയാൽ ആശ്വാസമാകും; അത് പ്രോത്സാഹിപ്പിക്കണം. ആ പണം കറങ്ങിത്തിരിഞ്ഞ് ജി.എസ്.ടി.-യായും ടാക്സായും സർക്കാരിലേയ്ക്കുതന്നെ എത്തും. അതുകൊണ്ടാണ് കിറ്റ് കൊടുക്കുന്നതോടൊപ്പം പ്രതിമാസം 6,000 രൂപകൂടി കൊടുത്താൽ

ജനങ്ങൾക്കാശ്വാസമാകും എന്നുപറയുന്നത്. ഇവിടെ ജനങ്ങളുടെ ആശ്വാസമല്ല, കീശവീർപ്പിക്കുന്ന സമീപനത്തെയാണ് ഞങ്ങളെതിർക്കുന്നത്. യു.ഡി.എഫ്.-ലെ ജനപ്രതിനിധികളും പ്രവർത്തകരും അടങ്ങുന്ന ഓരോ അംഗവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഒപ്പംനിന്ന് പ്രവർത്തിക്കുന്നവരാണ്. എന്തുപറയുമ്പോഴും കോവിഡിനെക്കുറിച്ച് പറഞ്ഞ് പേടിപ്പിക്കുകയാണ്. ജനങ്ങളോടൊപ്പവും ജനങ്ങളുടെ പ്രയാസത്തിനൊപ്പവും നിൽക്കുന്നവരാണ് ജനപ്രതിനിധികളും യു.ഡി.എഫ്. പ്രവർത്തകരും നേതാക്കന്മാരുമെല്ലാം. കോൺട്രാക്ടർക്ക് കാശുകൊടുക്കേണ്ടത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. അത് കോവിഡുമായി താരതമ്യം ചെയ്യുന്നു. അവർക്ക് കാശുകൊടുക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. പാവപ്പെട്ട ജനങ്ങൾക്ക് കൈകളിൽ നേരിട്ട് പണമെത്തിക്കുന്നതിന് ധനകാര്യ വകുപ്പും സർക്കാരും തയ്യാറാകണം. ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

1.00 P.M.]

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, V, VI, XI, XXI, XXVI, XXVIII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ജനങ്ങളുമായി സംവദിക്കുന്നതും റവന്യൂ സർവ്വേ, ദുരന്തനിവാരണം എന്നിവ കൈകാര്യം ചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ വകുപ്പാണ് റവന്യൂ വകുപ്പ്. റവന്യൂ വകുപ്പിനുകീഴിൽ 1,666 വില്ലേജുകളും 18,000-ത്തിൽപ്പരം ജീവനക്കാരുമുണ്ട്. പുതിയമന്ത്രി ചുമതലയേറ്റെടുത്ത് സമാനതകളില്ലാത്ത മാറ്റമാണ് ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളിലേയ്ക്കെത്തിച്ചുകൊണ്ടിരിക്കുന്നത്. ബ്രിട്ടീഷുകാരുടെ കാലത്ത് ശിക്ഷിക്കാനും ആളെ ഇറക്കിവിടാനും ജന്മിമാർക്കനുകൂലമായി നിൽക്കുന്നവരു മായിരുന്ന അംശം അധികാരികൾ; ജന്മിമാർ തീരുമാനിക്കുന്ന ആളുകളായിരുന്നു അതിന്റെ ചുമതല ഏറ്റെടുത്തിരുന്നത്. ഇപ്പോൾ അതിൽ മാറ്റംവന്നിട്ടുണ്ട്. വില്ലേജ് ഓഫീസുകൾക്ക് വേണ്ടത്ര സ്ഥലമില്ലെന്ന പരാതിയുണ്ട്. "വെള്ളം വെള്ളം സർവ്വത്ര; ഇറ്റ് കുടിപ്പാനില്ലത്രേ" . എല്ലാ വിഭാഗങ്ങൾക്കും സ്ഥലംകൊടുക്കുന്നത് റവന്യൂ വകുപ്പാണ്. അവിടെയിരിക്കുന്നവർ ആവശ്യകത മനസ്സിലാക്കി കുറച്ച് ഭൂമി മാറ്റിവയ്ക്കണമെന്ന് തീരുമാനിച്ചില്ല. അതുകൊണ്ട് പുതിയ സാഹചര്യത്തിലുള്ള മാറ്റങ്ങൾക്ക് ശ്രമംനടത്തുമ്പോൾ ആവശ്യത്തിന് ഭൂമിയില്ല. അതൊരു കാഴ്ചപ്പാടിന്റെ പ്രശ്നമാണ്. ഒരു ഓഫീസിൽ അതിന്റെ ചുമതലക്കാരനായി വരുമ്പോൾ ആ നാല് ചുമരുകൾക്കുള്ളിലിരുന്നാൽ മതിയെന്നും അതിനപ്പുറത്ത് അവിടെ മാറ്റംവരണമെന്നും ഇത്തരം ഭൂമി കൊടുക്കുമ്പോൾ വില്ലേജ് ഓഫീസിന് സ്ഥലം വേണമെന്നും തീരുമാനിക്കുന്ന അവസ്ഥ ഇല്ലാതായിപ്പോയി എന്നതാണ്

വസ്തുത. ഇപ്പോൾ എല്ലാ ഓഫീസുകളും സ്മാർട്ടാക്കി മാറ്റാനുള്ള ശ്രമംനടത്തുമ്പോൾ സ്ഥലത്തിന്റെ പരിമിതിയുള്ളത് റവന്യൂ വകുപ്പിനാണ്. എല്ലാ ഭൂമിയുടെയും ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണ്. അത് വലിയ പ്രശ്നമായി നിൽക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. ഏറെ ഭാവനാപൂർണ്ണമായ ഈ പരിപാടി സമയബന്ധിതമായി തീർക്കാനുള്ള ശ്രമം നടത്തണം. തീർച്ചയായും കേരളത്തിൽ ഇതൊരു വലിയ മാറ്റമുണ്ടാക്കും. അതിന് സഹായകരമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ സെക്രട്ടേറിയറ്റ് രൂപീകരിച്ച് വലിയ മാറ്റംകൊണ്ടുവരാൻ ശ്രമം നടത്തുകയുമാണ്. റവന്യൂ, ഭവനനിർമ്മാണ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനാണ് റവന്യൂ സെക്രട്ടേറിയറ്റ് രൂപീകരിച്ചിരിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്.

സ്മാർട്ട് വില്ലേജ് ഓഫീസിനെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചു. വില്ലേജ് ഓഫീസിലേയ്ക്ക് ഒട്ടേറെ ആളുകൾ വരുമ്പോൾ അവർക്കിരിക്കാൻ സ്ഥലമില്ലാത്ത അവസ്ഥയാണുള്ളത്. ആളുകളെ ശിക്ഷിക്കുന്ന നിലയിലുള്ള സാഹചര്യത്തിലുണ്ടാക്കിയ വില്ലേജ് ഓഫീസുകൾ പണ്ടത്തെ കോടതിയുടെ ഒരു കൺസെപ്റ്റാണ് ഓർമ്മപ്പെടുത്തുന്നത്. ഇന്നതിൽ മാറ്റംവരികയും ജനകീയ സഹകരണത്തോടെ വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ജനകീയ ബന്ധങ്ങൾക്കനുസൃതമായി ഈ ഓഫീസിലെ സംവിധാനങ്ങൾ മാറുന്നതിന് തുടക്കംകുറിച്ചതിന്റെ ഭാഗമായി 260 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാൻ സാധിച്ചു. 125 ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിക്കഴിഞ്ഞു. എല്ലാ ഓഫീസുകളിലും ഒരു സിസ്റ്റമാറ്റിക് യൂണിഫോം സംവിധാനമുണ്ടാക്കിയാൽ ഇത് വില്ലേജ് ഓഫീസെന്ന് പറയുന്ന സംവിധാനത്തിലേയ്ക്ക് മാറുമെന്നത് നല്ല കാര്യമാണ്. ഇപ്പോൾ ഇ-ഡിസ്ട്രിക്ട് ഓഫീസാരംഭിച്ചു. വില്ലേജ് ഓഫീസിൽ ആവശ്യങ്ങൾക്കുവേണ്ടി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി സമീപിച്ചാൽ സമയബന്ധിതമായി അവ നമ്മുടെ കൈകളിലെത്തുന്ന നില സ്വീകരിച്ചത് വലിയ മാറ്റംതന്നെയാണ്. റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ സഹായകരമാക്കാൻ നിലവിലുള്ള ഓഫ്‌ലൈൻ ഓൺലൈനിലേയ്ക്കും പോക്കുവരവ് സംവിധാനവും മാറുകയാണ്. വില്ലേജ് ഓഫീസിൽ തണ്ടപ്പേര് ആവശ്യപ്പെട്ടാൽ പഴയ ജന്മിമാരുടെ പേരാണ് ലഭിക്കുന്നത്. ഈ രാജ്യത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലായിയെന്നു പോലും അറിയാത്ത വില്ലേജ് ഉദ്യോഗസ്ഥരും സർവ്വേ ഉദ്യോഗസ്ഥരും നാട്ടിലുണ്ടെന്നാണ് ഇത് തെളിയിക്കുന്നത്. അത്തരം പേരുകൾ എഴുതിക്കൊടുക്കുന്ന അനുഭവങ്ങൾ ഇപ്പോഴും കേരളത്തിൽ നടക്കുന്നുവെന്നത് ഒരു പ്രശ്നമാണ്. അത് മനസ്സിലാക്കാനുള്ള സമീപനമുണ്ടാകണം. അതുപോലെ ദുരന്തനിവാരണവുമായി

ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലാണ് പരാതി കൊടുക്കുന്നത്. വില്ലേജ് ഓഫീസിൽ പരാതി കിട്ടിക്കഴിഞ്ഞാൽ തന്റെ ചുമതല കഴിഞ്ഞെന്ന നിലയിൽ ഒരു പോസ്റ്റുമാന്റെ ജോലിയാണ് ചെയ്യുന്നത്. അത് നേരെ താലൂക്ക് ഓഫീസിലേയ്ക്ക് കൊടുക്കുകയാണ്. അത് തന്റെ ചുമതലയാണെന്ന തോന്നൽ ഓരോ റവന്യൂ ഉദ്യോഗസ്ഥനുമുണ്ടാകണം. ഒരു വില്ലേജ് ഓഫീസിന്റെ പരിധിയിൽ ഒരു വീട് അല്ലെങ്കിൽ സ്ഥലം നഷ്ടപ്പെട്ടാൽ അയാളെ സഹായിക്കേണ്ട ബാദ്ധ്യത ഓരോ റവന്യൂ ഉദ്യോഗസ്ഥനുമാണെന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന നിലയിലേയ്ക്ക് റവന്യൂ വകുപ്പിൽ മാറ്റംവരുത്താൻ റവന്യൂ വകുപ്പുമന്ത്രി പ്രത്യേകം മുൻകൈ എടുക്കണം. ഇത് അദ്ദേഹത്തിന്റെയും ശ്രദ്ധയിൽപ്പെട്ടിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു അപേക്ഷ കൊടുത്താൽ താലൂക്ക് ഓഫീസിലാണോ, കളക്ടറേറ്റിലാണോ പോകേണ്ടതെന്നറിയാൻ കഴിയാതെ ആളുകൾ പ്രയാസപ്പെടുകയാണ്. ഇപ്പോഴും പലകാരണങ്ങൾ പറഞ്ഞ് കഴിഞ്ഞ പ്രളയകാലത്തെ പണംലഭിക്കാത്തവർ നാട്ടിലുണ്ട്. അപേക്ഷ കൊടുത്താൽ വില്ലേജ് ഓഫീസിൽനിന്ന് താലൂക്ക് ഓഫീസിലേയ്ക്കയച്ചെന്നുപറഞ്ഞ് ആളുകളെ പറഞ്ഞയയ്ക്കുന്ന നില കേരളത്തിൽ എവിടെയുമുണ്ടാകാൻ പാടില്ല. അത് മാറ്റിയെടുക്കാനുള്ള ശ്രമം നടത്തണം. പി.ടി.പി. നഗറിലെ Institute of Land & Disaster Management-ൽ 'കില' മാതൃകയിൽ Center for excellence ആക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുന്നുണ്ട്. അതിനുള്ള പരിശീലനം വില്ലേജ് ഓഫീസർമാർക്ക് അവിടെ നൽകണം. ഓരോ പരാതിയും കൈകാര്യം ചെയ്യുന്നത് മനുഷ്യജീവിതമാണെന്ന് കണ്ടുകൊണ്ട് നടപടിയെടുക്കുന്ന രീതിയിലേയ്ക്ക് വില്ലേജ് ഓഫീസുകൾ മാറണം. വില്ലേജ് ഓഫീസിൽ ഒരു അപേക്ഷ നൽകുമ്പോൾ നാളെവരാൻ പറയുന്ന രീതിയോ, അത് താലൂക്ക് ഓഫീസിലേയ്ക്ക് അയച്ചെന്നുപറയുന്ന രീതിയോ ഇതിന് പരിഹാരമല്ല. മറിച്ച്, അത് തന്റെ ചുമതലയാണ്; ഇയാൾക്ക് നഷ്ടപ്പെട്ടുപോയ വീടോ മറ്റെന്തെങ്കിലും ആവശ്യങ്ങളിന്മേലോ എങ്ങനെയെങ്കിലും പരിഹാരം നൽകണമെന്നുള്ളതാണ്. തറപോയ വീടിന് ഒരു പ്രശ്നവും പറ്റിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് കൊടുക്കുന്ന നിലയിലേയ്ക്ക് ഓവർസിയർമാരും എ.ഇ.-മാരും വില്ലേജ് ഓഫീസർമാരും പോകാൻ പാടില്ല. തറപോയാൽ ആ വീട് 100 ശതമാനവും തകർന്നുവെന്ന സമീപനമാണ് വരേണ്ടതെന്ന് സൂചിപ്പിക്കുകയാണ്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ.-മാരുടെ യോഗം ജില്ലകളിൽ വിളിച്ചുചേർക്കുന്നത് സ്വാഗതാർഹമായ നിലപാടാണ്.

ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കണം. 1,27,242 കേസുകളാണ് വിവിധ ലാൻഡ്

ട്രൈബ്യൂണലുകളിലുള്ളത്. കൈവശക്കാരന്റെ കയ്യിൽ പട്ടയം കൊടുക്കണമെന്ന കാഴ്ചപ്പാടോടുകൂടിയുള്ള നില സ്വീകരിക്കുന്ന ഉദ്യോഗസ്ഥരെമാത്രമെ ലാൻഡ് ട്രൈബ്യൂണലുകളിൽ നിയമിക്കാവൂ. കാരണം ഭൂമിയുടെ അവകാശിയായി അവിടെ താമസിക്കുന്നവർക്കായി കൈവശരേഖയും പട്ടയവും ലഭിക്കുന്നതിന് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനമുള്ള ഓഫീസായി അത് മാറാൻ പാടില്ല. സർക്കാർ ഓഫീസുകൾ ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തണം. നമ്മുടെ നാടിന്റെ സ്ഥിതി മാറി, ജനങ്ങൾ പ്രതിരോധിക്കുന്ന രീതിയിലേയ്ക്ക് മാറും. അതുകൊണ്ട് ആ നിലയിലേയ്ക്ക് അതിനെ മാറ്റിക്കൊണ്ടുവരാനുള്ള സമീപനമുണ്ടാകണം. വിദേശ കമ്പനികൾക്ക് പാട്ടത്തിനുകൊടുത്ത ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനുള്ള കേസുകൾ;ഹാരിസൺ പ്ലാന്റേഷനുൾപ്പെടെയുള്ള കമ്പനികളുടെ കൈവശരേഖകൾ ഇല്ലാത്ത ഭൂമി ഏറ്റെടുക്കാനുള്ള തീരുമാനം എന്നിവ ഏറെ സ്വാഗതാർഹമാണ്. അതോടനുബന്ധിച്ച് നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചതിൽ ആദ്യം 12,000 പട്ടയങ്ങൾ നൽകുന്നു, നേരത്തെ 1,77,011 കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. ചുരുങ്ങിയ ദിവസംകൊണ്ട് 12,000 പേർക്ക് പട്ടയം ലഭിക്കുന്നത് നല്ല കാര്യമാണ്. 20 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഇതിനകം പൂർത്തീകരിക്കുന്നു. തണ്ടപ്പേർ അടിസ്ഥാനം, ഭൂനികുതി രജിസ്റ്റർ എന്നിവയുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഭൂനികുതി ഒടുക്കുന്നതിന് നവീകരിച്ച ഇ-പേമെന്റ് പോർട്ടലാരംഭിക്കുന്നു, ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനാരംഭിച്ചു. ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിന് ഓൺലൈൻ മൊഡ്യൂളും ഇതിന്റെ ഭാഗമായി തുടങ്ങിയിരിക്കുകയാണ്. അതുപോലെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളാണുണ്ടാകേണ്ടത്. അതിൽ കടലോരവും ഉൾപ്പെടുന്നുണ്ട്; കേന്ദ്രഗവൺമെന്റിന്റെ നല്ലരീതിയിലുള്ള ഇടപെടലുണ്ടാകേണ്ടതാണ്, കാരണം അത് നമ്മുടെ അതിർത്തിയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

കടലോരസംരക്ഷണത്തിനുള്ള പ്രവർത്തനത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ബൃഹത് പദ്ധതി ആവിഷ്കരിക്കണം. അതുപോലെ മലയോരവും കാർഷികമേഖലയും തമ്മിലുള്ള പ്രശ്നങ്ങളും, വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘട്ടനവും വർദ്ധിക്കുകയാണ്. അതൊക്കെ ശാശ്വതമായി പരിഹരിക്കാൻ ബൃഹത് പദ്ധതി ആവിഷ്കരിക്കണം. കർഷകരുടെ കാർഷികോല്പന്നങ്ങളാണ് നഷ്ടമാകുന്നത്. ഇപ്പോൾ വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നതിന്റെ ഫലമായി ആളുകൾ മരിക്കുന്ന സാഹചര്യമുണ്ടാകുന്നു. അതെല്ലാം പരിഹരിക്കാൻ

കിഫ്ബിയുടെയോ മറ്റോ സഹായത്തോടെ ബൃഹത് പദ്ധതി ആവിഷ്കരിച്ച്, കേരളത്തിലാകമാനം മലയോരവും കാർഷികമേഖലയും തമ്മിലുള്ള അതിര് നിർണ്ണയിക്കുന്നതിന് സർവ്വേ നടത്തേണ്ടതുണ്ട്. കേരളത്തിലെ പുഴകളിലും പുറമ്പോക്ക് ഭൂമിയിലും വലിയതോതിലുള്ള കയ്യേറ്റം നടക്കുന്നു. പുഴയിടിഞ്ഞതിന്റെ ഫലമായി ഗവൺമെന്റ് ഭിത്തി നിർമ്മിച്ചുകൊടുത്താൽ ആ ഭൂമിയുടെ സമീപത്തുള്ളവർ ഭൂമിയുടെ അവകാശികളാകുന്ന നിലയിലേയ്ക്ക് വരികയാണ്. മുഴുവൻ പുറമ്പോക്ക് ഭൂമിയും അളന്നതിട്ടപ്പെടുത്തുന്ന സർവ്വേ സംവിധാനം കേരളത്തിലാരംഭിക്കണം. ഇതിനായി സർവ്വീസിൽനിന്നും റിട്ടയർ ചെയ്തവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടിവരും. പുഴകളെയും പുറമ്പോക്ക് ഭൂമിയെയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈ കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് വളരെ ഭാവനാപൂർവ്വം നടത്തുന്ന റവന്യൂ-സർവ്വേ-ഭവനനിർമ്മാണ-ദുരന്ത നിവാരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കൊളോണിയൽ വാഴ്ചയുടെ ശേഷിപ്പാണ് റവന്യൂ വകുപ്പ്. നികുതി പിരിക്കാനും ലാ ആൻഡ് ഓർഡർ എൻഫോഴ്സ് ചെയ്യാനുമുള്ള ഒരു വകുപ്പാണ്. പഞ്ചായത്തുകളിൽ ഈ കാലഘട്ടത്തിൽ ഇങ്ങനെയൊരു വകുപ്പിന്റെ ആവശ്യമുണ്ടോ? പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകൾ പഞ്ചായത്ത് ഓഫീസിൽ ലയിപ്പിക്കുന്നതല്ലേ നല്ലത്? മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റായിരുന്ന പി. ടി. ഭാസ്കര പണിക്കർ പണ്ട് ഇങ്ങനെയൊരു അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ കമ്പ്യൂട്ടർവത്ക്കരണംപോലും ജനങ്ങൾക്കാശ്വാസകരമാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ജനങ്ങൾ സർട്ടിഫിക്കറ്റുകൾക്കുവേണ്ടി കാത്തുനിൽക്കേണ്ട ധാരാളം അനുഭവങ്ങൾ നാട്ടിലുണ്ട്. താലൂക്ക് ഓഫീസുകളിൽ ചെയ്തതുപോലെ വില്ലേജ് ഓഫീസുകളിലും വില്ലേജ് ഓഫീസർക്കും സ്പെഷ്യൽ വില്ലേജ് ഓഫീസർക്കും ചുമതലകൾ വീതിച്ചുകൊടുക്കുന്ന സാഹചര്യമുണ്ടാകണം. വില്ലേജ് ഓഫീസുകളിൽ എവിടെയും സ്വീപ്പർമാരില്ല; എന്നാൽ കാഷ്വൽ സ്വീപ്പർമാർ എല്ലായിടത്തുമുണ്ട്. അവരെ പാർട്ട്-ടൈം സ്വീപ്പർമാരാക്കി മാറ്റുന്ന സാഹചര്യമുണ്ടാകണം. റീസർവ്വേ നടപടികൾ ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. നൂറുദിന പരിപാടിയിലുൾപ്പെടുത്തി ജില്ലയിൽ റീ-സർവ്വേ നടത്താൻ ഓരോ പഞ്ചായത്തുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. അതിന്റെ വേഗത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

പ്രസ്തുത നടപടി 15-ാം തീയതിക്കുള്ളിൽ പൂർത്തിയാക്കുമെന്ന് പറഞ്ഞിരുന്നത് നടപ്പിലാക്കുമോ? ഈ പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അവ തട്ടിക്കൂട്ടി റെക്കോർഡാക്കിയാൽ അതിനേക്കാൾ വലിയ അപകടത്തിലാണ് എത്തിച്ചേരുന്നത്. ഡ്രോണുപയോഗിച്ച് സർവ്വേ നടത്താനുള്ള കേന്ദ്ര നിർദ്ദേശം കേരളത്തിന് ഗുണകരമല്ല. കേരളത്തിലെ ജനങ്ങളുടെ കൈവശമുള്ള ഭൂരിപക്ഷം സ്ഥലവും തുണ്ടുഭൂമികളാണ്. സെന്റീമീറ്ററിന് വില കണക്കാക്കാവുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. വടക്കേ ഇന്ത്യയിലെ സ്ഥിതി അങ്ങനെയല്ല? ഭവനനിർമ്മാണരംഗത്ത് പൂർണ്ണ പരാജയമാണ് ഇടതുസർക്കാരെന്ന് ഏറെ തെളിയിച്ചുകഴിഞ്ഞു. യു.എൻ. പൊതുസഭയുടെ 74-ാമത് സെഷന്റെ 2019-ലെ വാർഷിക റിപ്പോർട്ടിൽ മതിയായ പാർപ്പിടം, മതിയായ ജീവിത നിലവാരത്തിന്റെ ഒരു ഘടകവും വിവേചനരഹിതമായ അവകാശവുമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. സർക്കാർ വെറുതെ വലിയ മേനി പറയുമ്പോൾത്തന്നെ വീടും സ്ഥലവും തലചായ്ക്കാൻ ഇടവുമില്ലാതെ അനേകായിരം കുടുംബങ്ങളാണ് ചുറ്റുമുള്ളത്. ഏതുസമയത്തും നിലംപൊത്തുമെന്ന ഭയാവായ്പോടെ കഴിയുന്നവരും കുറവല്ല. തകർന്ന വീടുകൾ പുനഃസ്ഥാപിക്കാനും വീടില്ലാത്തവർക്ക് വീടെന്ന സ്വപ്നം പൂവണിയിക്കാനും സർക്കാരിന് കഴിയേണ്ടതുണ്ട്. അഞ്ചുവർഷം കൊണ്ട് വീടുകൾ നൽകുമെന്ന കഴിഞ്ഞ സർക്കാരിന്റെ പ്രഖ്യാപനം മരീചികയായില്ലേ; പി.എം.എ.വൈ., ഇ.എം.എസ്., ഇ.കെ. ഇമ്പിച്ചി ബാവ, എം.എൻ. തുടങ്ങിയ ഭവനപദ്ധതികളെല്ലാം ഒന്നാക്കി ലൈഫ് പദ്ധതിയാക്കിക്കൊണ്ടുവന്നു. ആറുലക്ഷം അപേക്ഷകൾ വന്നു. 1,35,000 പേർക്ക് വീട് കൊടുക്കാൻ സാധിച്ചുവെന്നാണ് അവകാശപ്പെടുന്നത്. തെരഞ്ഞെടുപ്പിനുമുമ്പ് വീണ്ടും അപേക്ഷ ക്ഷണിച്ചു, ഒരു തെരഞ്ഞെടുപ്പ് തട്ടിപ്പ്. 2017-ലെ തെരഞ്ഞെടുപ്പുകാലത്ത് ലഭിച്ച അപേക്ഷകൾപോലും തീർപ്പാക്കാനായില്ല. പി.എം.എ.വൈ. പദ്ധതിപ്രകാരം അനുവദിച്ച 17,000 വീടുകൾ പൂർത്തികരിക്കാൻ സാധിച്ചില്ല. കേന്ദ്രത്തിന് നൽകിയ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റിൽ മുൻകാലത്തേക്കാൾ വർദ്ധനവുണ്ടായി. ദാരിദ്ര്യ ലഘൂകരണത്തിന് പദ്ധതികളുണ്ടായിട്ടും ദരിദ്രരുടെ എണ്ണം വർദ്ധിച്ചപ്പോൾ കേന്ദ്രം വിമർശിച്ചു; അത്ഭുതപ്പെട്ടു. യു.ഡി.എഫ്. ഭരണകാലത്ത് നാലുലക്ഷംരൂപയ്ക്ക് 630 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ വീടുവയ്ക്കാൻ അനുമതി നൽകി. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അത് 430 സ്ക്വയർഫീറ്റാക്കി ചുരുക്കി. ഈ കാലഘട്ടത്തിൽ ഒരു കുടുംബത്തിന് ജീവിക്കാൻ ഇത് പര്യാപ്തമാണോയെന്ന് പരിശോധിക്കുന്നത് നല്ലതാണ്. സാധന സാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ച് ഇരട്ടിയിലധികമായി. അതുകൊണ്ട് പുതിയ സാഹചര്യത്തിൽ വീടിന്റെ വിസ്തൃതി 800 സ്ക്വയർ ഫീറ്റാക്കി ഉയർത്തുകയും പത്തുലക്ഷം രൂപയായെങ്കിലും ഉയർത്തി അർഹരായ എല്ലാവർക്കും

വീടുനൽകാനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. മുസ്ലീംലീഗ് പാർട്ടി നാലായിരത്തോളം 'ബൈത്തുറഹ്മ' എന്ന പദ്ധതി കേരളത്തിൽ ആവിഷ്കരിച്ചു. രാജ്യത്തിന്റെ പലഭാഗത്തുള്ള സംസ്ഥാനങ്ങൾ ഇന്നത് ഏറ്റെടുത്തുകഴിഞ്ഞു. ഞങ്ങളുടെ പാർട്ടിഘടകങ്ങൾ അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ കണക്കനുസരിച്ച് 800 സ്ക്വയർഫീറ്റിന് 10 ലക്ഷം രൂപയാണ് ചെലവഴിച്ചുവരുന്നത്. ഈ സർക്കാരും അത് പാലിക്കാൻ തയ്യാറാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ സൈന്യമെന്ന് നാം കൊട്ടിഘോഷിച്ച തീരദേശവാസികൾ കരുവാന്റെ ആലയിലെ മുയലിനെ പ്പോലെയാണ് കഴിയുന്നത്. ഓരോ മഴയും കാറ്റും തിരമാലയും ഭയത്തോടെ കാണേണ്ടിവരുന്നു. കഴിഞ്ഞമാസത്തെ ന്യൂനമർദ്ദം കാരണമുണ്ടായ ചുഴലിക്കാറ്റിലും പേമാരിയിലും വീടുകൾ നഷ്ടപ്പെട്ട മൂവായിരത്തിലേറെ കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയാണ്. പലർക്കും ഇപ്പോഴും വീടുകളിൽ തിരിച്ചെത്താനായിട്ടില്ല. അവരെ പൂർണ്ണമായി പുനരധിവസിപ്പിക്കുന്നതിന് സംവിധാനമൊരുക്കണം. പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും മൂലമുണ്ടാകുന്ന പ്രയാസങ്ങൾക്ക് പ്രതിരോധം തീർക്കാൻ സർക്കാർ സ്വീകരിക്കേണ്ട സമീപനങ്ങളിൽ മാറ്റംവരുത്തണം. പ്രാദേശികതലങ്ങളിൽ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കണം. നെൽവയലുകൾ ചുരുങ്ങിവരികയാണ്. കൃഷി ആവശ്യത്തിനല്ലാതെ കൃഷിയിടം വിൽക്കാൻപാടില്ലെന്ന നിയമം കൊണ്ടുവരണം. ബഹുമാന്യനായ എം.എം. മണി പതിച്ചുകിട്ടിയ ഭൂമിയിൽ വീടിനുപുറമെ കാർഷികേതര ആവശ്യങ്ങൾക്കു വേണ്ടിയുള്ള നിർമ്മാണം അനുവദിക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട് ഇന്നലെ സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. പതിച്ചുകിട്ടിയത് കൃഷിസ്ഥലമാണെങ്കിൽ അത് കൃഷിക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന നിയമമുണ്ടാകണം. മുൻസർക്കാരിന്റെ കാലത്ത് കർഷകരെ മറയാക്കി നടത്തിയ മരംകൊള്ള സംബന്ധിച്ച് ഇന്നലെയും കോടതിയിൽനിന്ന് വിമർശനമുണ്ടായി. ഇനിയും ഇതിനെ ന്യായീകരിക്കുന്നത് കാണുമ്പോൾ വാലുമുറിഞ്ഞ കുരങ്ങന്റെ മേനിപറച്ചിലിന് സമാനമായേ കാണാൻ സാധിക്കുകയുള്ളൂ. സംസ്ഥാനം സാമ്പത്തികമായി തകർന്നടിഞ്ഞിരിക്കുന്നു. ഇതിൽ നിന്നും കരകയറേണ്ടതുണ്ട്. സർക്കാരിന്റെ അവസ്ഥ 'ഉപ്പ് തിന്നവൻ വെള്ളം കുടിക്കും' എന്നനിലയിലാണ്. ജി.എസ്.ടി. വന്നാൽ കേരളം രക്ഷപ്പെടുമെ ന്നായിരുന്നു മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ വാദം. മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് ജി.എസ്.ടി. നടപ്പിലാക്കാത്തിനെക്കുറിച്ച് വിമർശിച്ച സന്ദർഭവുമുണ്ടായിട്ടുണ്ട്. അദ്ദേഹം അത് നീട്ടിക്കൊണ്ടുപോകാനുള്ള കാരണമെന്താണെന്ന് മനസ്സിലായി. പെട്രോളും ഡീസലും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന പഴയ വാദവും സി.പി.ഐ. (എം.) മാറ്റിയിരിക്കുന്നു. ജനങ്ങൾക്ക് സഹായകമാകുന്ന കാര്യങ്ങൾക്കൊന്നും

സർക്കാരിന് താൽപ്പര്യമില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ഇന്ന് മഹത്തായ വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിരിക്കുന്നു. അങ്ങിരിക്കുന്ന കസേര തല്ലിത്തകർത്തവർക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി മാന്യത നൽകിയിരിക്കുന്നു. ഇന്ന് തങ്ങളുടെ നിരപരാധിത്വം തെളിയിക്കുമെന്നാണ് പറയുന്നത്. ഈ നാട്ടിലതിന്റെ ആവശ്യമുണ്ടോ? അന്ന് അദ്ദേഹം തുണിയുടുക്കാതെ വരുന്നതായിരുന്നു ഇതിനേക്കാൾ മെച്ചമെന്ന് ആ ചിത്രം കണ്ടാൽ മനസ്സിലാകും. അവർക്ക് കഴിഞ്ഞ സർക്കാർ സ്പീക്കർ പദവി നൽകുകയും ഈ സർക്കാർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയാക്കുകയും ചെയ്തിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി അവരെ ഈ മന്ത്രിസഭയിൽനിന്നും മാറ്റി ജനാധിപത്യ മര്യാദ പ്രകടിപ്പിക്കാനെങ്കിലും തയ്യാറാകണമെന്ന് ഈ സാഹചര്യത്തിലാവശ്യ പ്പെടുകയാണ്. ഇവിടെയുള്ള ഇടതുപക്ഷ അംഗങ്ങൾക്ക് ബി.ജെ.പി.-യോടുള്ള താൽപ്പര്യം കാണുമ്പോൾ അത്ഭുതം തോന്നുകയാണ്. ഒരുകാലത്ത് ബി.ജെ.പി.-യെ വളർത്തിക്കൊണ്ടുവന്നത് ഇവരാണെന്ന് നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ സമ്മേളനത്തിലും ഇപ്പോഴും ഇവിടെയുള്ള 99 ഇടതുപക്ഷാംഗങ്ങളിൽ ഓരോരുത്തരും ബി.ജെ.പി.-യെക്കുറിച്ച് പരാമർശിക്കാതെ പോകുന്നില്ല. ആയിരം തവണയെങ്കിലും ബി.ജെ.പി.-യുടെ പേര് പരാമർശിച്ചിട്ടുണ്ടെന്ന് രേഖ പരിശോധിച്ചാൽ മനസ്സിലാകും. ഒരു സംഘടനയെ വിമർശിക്കുന്നതുപോലും അതിന്റെ വളർച്ചയ്ക്ക് കാരണമാകുമെന്ന് ഞങ്ങളേക്കാൾ അറിയുന്നവരാണിവർ. അതുകൊണ്ട് ബി.ജെ.പി.-യെ ലൈവാക്കിനിർത്താനുള്ള അവരുടെ അഭിമാനവും സന്തോഷവും കാണുമ്പോൾ എനിക്കത്ഭുതം തോന്നുന്നു. മുഖ്യമന്ത്രിക്കസേരയിൽ കുറച്ചുദിവസത്തേയ്ക്കിരുന്ന ഞങ്ങളുടെ നേതാവാണ് സി. എച്ച്. മുഹമ്മദ്കോയ സാഹിബ്. ആർ.എസ്.എസ്.-നെ വിമർശിച്ചതിന്റെ പേരിൽ കോടതി 1978-ൽ അദ്ദേഹത്തിന്റെ അംഗത്വം റദ്ദാക്കി. ഒരു തെരഞ്ഞെടുപ്പ് വിജയം ആഘോഷിക്കുന്നതിനേക്കാൾ വലിയ ആഘോഷമാണ് ഇടതുപക്ഷവും മാർക്സിസ്റ്റ് പാർട്ടിയും അന്ന് കേരളത്തിൽ നടത്തിയത്. ഞങ്ങളെയാണോ നിങ്ങൾ ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും പേരുപറഞ്ഞ് പഠിപ്പിക്കുന്നത്? ബി.ജെ.പി.-യെ ഇത്തരത്തിൽ സഭയുടെ മുന്നില വതരിപ്പിക്കാൻ നിങ്ങൾ കാണിക്കുന്ന വെമ്പൽ പഴയ താല്പര്യം സംരക്ഷിക്കുന്നതിന്റെ ഭാഗംമാത്രമാണ്. ബി.ജെ.പി. ഇല്ലാത്ത സഭയിൽ ബി.ജെ.പി. ജീവിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. ജനങ്ങളിത് തിരിച്ചറിയും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ബി.ജെ.പി.-യുടെ നേതൃത്വത്തിൽ, ആർ.എസ്.എസ്.-നാൽ

നയിക്കപ്പെടുന്ന ഒരു ഗവൺമെന്റാണ് ഇന്ത്യ ഭരിക്കുന്നത് എന്നൊരു സവിശേഷ രാഷ്ട്രീയ സാഹചര്യത്തിലാണ് രാജ്യം. എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗം ബി.ജെ.പി.-ആർ.എസ്.എസ്.-നെതിരെയുള്ള ഞങ്ങളുടെ രാഷ്ട്രീയ നിലപാടിലെ സത്യസന്ധതയെയാണ് ചോദ്യം ചെയ്യുന്നത്. കേരള നിയമസഭയുടെ ചരിത്രത്തിൽ, ഒരു ബി.ജെ.പി. അംഗം വന്നതിനെ തുടച്ചുനീക്കിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണെന്ന രാഷ്ട്രീയ യാഥാർത്ഥ്യം നിങ്ങൾ മറക്കരുത്. തീവ്രവലതുപക്ഷ നയങ്ങളാണ് ഇന്ത്യയിൽ നടപ്പിലാക്കുന്നത്. മുൻ ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളാണ് ഇവിടെ ന്യായീകരിക്കുന്നത്. ജി.എസ്.ടി. ഇന്ത്യയിൽ നടപ്പിലാക്കാൻ തുടക്കമിട്ടതാരാണ്? ഇന്ത്യയിൽ പുതിയ സാമ്പത്തികപരിഷ്കാരം നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് "ന്യൂ എക്കണോമിക് പോളിസി" എന്ന പേരിൽ ആരംഭിച്ചു. നെഹ്റുവിന്റെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും ഇന്ദിരാ ഗാന്ധിയുടെയും കാലത്ത് ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ദേശസാത്കരണത്തിൽ ഏറ്റവും ശക്തമായ നിലപാട് സ്വീകരിച്ചത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. അതിന്റെ ഭാഗമായ നിങ്ങൾ സ്വീകരിച്ച സാമ്പത്തിക നയങ്ങളാണ് ബി.ജെ.പി. ഇന്ത്യയിൽ ഏറ്റവും ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അത് നിഷേധിക്കാൻ സാധിക്കുമോ? രാജ്യത്തിലെ ജനങ്ങളുടെ ജീവിതനിലവാരവും ഭാവിയും തീരുമാനിക്കുന്നത് ആ രാജ്യം നടപ്പിലാക്കുന്ന സാമ്പത്തിക നയങ്ങളല്ലേ? ഇത്ര ദയനീയമായി നില്ക്കുന്ന ഘട്ടത്തിൽ നിങ്ങളതിനെ എതിർക്കാൻ തയ്യാറാണോ? കോൺഗ്രസ്സിന്റെ അതേ സാമ്പത്തികനയം തന്നെയാണ് രാജ്യത്ത് ഏറ്റവും ശക്തമായി ബി.ജെ.പി. നടപ്പിലാക്കുന്നത്. കോൺഗ്രസ്സിന്റെ ദേശീയ നേതാക്കളാരെങ്കിലും ഈ സാമ്പത്തിക നയത്തിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കാൻ തയ്യാറാകുന്നുണ്ടോ? അതിന് തയ്യാറാകാതെ ഞങ്ങളെ പഠിപ്പിക്കാൻ വരുന്നതിന്റെ യുക്തി എന്താണ്? പെട്രോളിന്റെയും ഡീസലിന്റെയും വില; പെട്രോളിന്റെ വില തീരുമാനിക്കുന്നതിനുള്ള അവകാശം, സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചതാരാണ്? അങ്ങനെ ഏൽപ്പിച്ച നിങ്ങൾ നിയമസഭയിൽ ഞങ്ങളെ പഠിപ്പിക്കുകയാണോ? ഡീസലിന്റെ വിലയും അതിന്റെ ഭാഗമായി മാറ്റുകയല്ലേ ബി.ജെ.പി. ചെയ്തത്. സാമ്പത്തിക ശാസ്ത്രത്തിൽ "unlimited wants and limited means" എന്നൊരു പ്രയോഗമുണ്ട്. കേരളം എന്തുംചെയ്യാൻ സാധിക്കുന്ന ഒരു ഫെഡറൽ സ്റ്റേറ്റെന്ന നിലയിലാണ് നിങ്ങൾ പറയുന്നത്. രാജ്യത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി 16 ശതമാനം വരുമാനമുണ്ടാകുമെന്ന് ആദ്യഘട്ടത്തിൽ സാമ്പത്തിക വിദഗ്ദ്ധർ പറഞ്ഞിരുന്നു. 16 ശതമാനം വരുമാനം കേരളംപോലെ ഒരു

സംസ്ഥാനത്തുണ്ടാകും; പക്ഷെ അത് 11 ശതമാനത്തിലേയ്ക്ക് പോകുകയാണ് ചെയ്തത്. മാത്രമല്ല ഡിവിഷൻ പൂളിൽനിന്നും നമുക്ക് ലഭിക്കാവുന്ന നികുതിയിൽ 2020-21 ആയപ്പോൾ 2.92 ശതമാനത്തിന്റെ കുറവുണ്ടായി. പരിഹരിക്കാനാവശ്യമായ നിലപാടാണോ കേന്ദ്രം സ്വീകരിക്കുന്നത്? എന്നാൽ ഈ സാമ്പത്തിക പ്രതിസന്ധി പറഞ്ഞ്, ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയുന്നില്ലെന്ന് പരിതപിക്കുന്ന ഒരു ഗവൺമെന്റിനെയാണോ കേരളം കണ്ടത്. ഒന്നാം പിണറായി സർക്കാരിനെയും ധനകാര്യ വകുപ്പിനെയും ഇപ്പോൾ തുടരുന്ന ഗവൺമെന്റിനെയും ധനകാര്യ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്. കേരളം ഒരു പ്രതിസന്ധിക്കുമുന്നിലും പകച്ചുനില്ക്കാതെ ഏറ്റവും മികച്ച കുതിച്ചു ചാട്ടമുണ്ടാക്കിയ, ഭരണമികവ് പ്രകടമാക്കിയ സംസ്ഥാനമാണ്. കോവിഡ് പാക്കേജിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇന്നലെ സഭയിൽ സംസാരിക്കുകയുണ്ടായി. ഇന്ന് രാവിലെ ടി.വി.-യിൽ ഒരു ബ്രേക്കിംഗ് ന്യൂസ് കണ്ടു. അമേരിക്കയിൽ വീണ്ടും മാസ്ക് വയ്ക്കാൻ ഉത്തരവിട്ടുവെന്നാണ്. വിചിത്ര സ്വഭാവമുള്ള വൈറസ്സിനെ നേരിടാൻ രാജ്യവും ലോകവും ഒറ്റക്കെട്ടായി നില്ക്കുമ്പോൾ കോവിഡ് പ്രതിരോധത്തിന്റെ പേരിൽ, കേരള സർക്കാരിനെ പരിഹസിക്കുന്നതിന്റെ യുക്തി എന്താണ്? വിചിത്രസ്വഭാവമുള്ള ഒരു വൈറസ്സാണ് കോവിഡ് 19. കൊറോണ വൈറസ്സിന്റെ ഡെവലപ്മെന്റ്, മ്യൂട്ടേഷൻ എന്നിവ അമേരിക്കയിൽ പ്രശ്നങ്ങളുണ്ടാക്കിയെന്നാണ് ഇന്ന് രാവിലെ വാർത്താചാനലുകളിലുണ്ടായിരുന്നത്. ഇവിടെ ഏറ്റവും സമർത്ഥമായ പാക്കേജല്ലേ അവതരിപ്പിച്ചത്. കോവിഡ് വന്നതിനേക്കാൾ, ലോകത്തിന്റെ പല ഭാഗങ്ങളിലും ആളുകൾ പട്ടിണികിടന്ന് മരിച്ചപ്പോൾ, ലോകത്തിലാദ്യമായി കേരള ഗവൺമെന്റാണ് "എന്റെ നാട്ടിലാരും പട്ടിണികൊണ്ട് മരിക്കില്ല" എന്ന പ്രത്യേകമായ നിലപാട് നടപ്പിലാക്കിയത്. കിറ്റുകൊടുക്കുന്നതിനെ എങ്ങനെയാണ് പരിഹസിക്കുന്നത്? ഒരു നേരത്തെ ഭക്ഷണംകൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്ന ഒരു കുടുംബത്തിന്റെ സ്ഥിതി എങ്ങനെയാണെന്ന് നാട്ടിലെ അമ്മമാർക്കും സഹോദരിമാർക്കും അറിയാം. അത് വോട്ടിനുവേണ്ടി കൊടുത്തതാണെങ്കിൽ വോട്ടിനുശേഷവും അത് തുടരുകയല്ലേ? തമിഴ്നാട് സർക്കാർ നാലായിരം രൂപയാണ് ഒരുതവണ കൊടുത്തത്. ഒരു തവണ നാലായിരം രൂപ കൊടുത്താൽ ഒരാളുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമോ? ആ ഗവൺമെന്റ് ചെയ്യുന്നത് നല്ല കാര്യം. 54 ലക്ഷം പേർക്ക് 3,200 രൂപ വീതമാണ് കേരള സർക്കാർ ഓണത്തിന് പെൻഷനായി കൊടുക്കാൻ പോകുന്നത്. നേരത്തെ സർക്കാർ 75 ലക്ഷം രൂപ ക്ഷേമപെൻഷൻ ഇനത്തിൽ വിതരണംചെയ്തു. ജനങ്ങളിൽ കാശെത്തിക്കാൻ 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചില്ലേ, 23,000 കോടി രൂപ ചെലവായില്ലേ? അത്

കോൺട്രാക്ടർമാർക്ക് കൊടുത്തതാണോ, സമൂഹത്തിലെ സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കാൻ സഹായകരമായ സാമ്പത്തിക ഇടപെടലായിരുന്നില്ലേ സർക്കാർ ചെയ്തത്. കുടുംബശ്രീയിലൂടെ വായ്പകൾ നല്കിയില്ലേ, ധാരാളം പദ്ധതികളതിന്റെ ഭാഗമായി ആവിഷ്കരിച്ചില്ലേ? ദേവസ്വങ്ങളെ സഹായിച്ചില്ലേ, തിരുവിതാംകൂർ ദേവസ്വം ബോർഡിന് വാർഷിക വരുമാനമായി 80 ലക്ഷം രൂപ ധനസഹായമെന്നത് എട്ടുകോടി രൂപയായി മാറിയില്ലേ? ക്ഷേത്ര ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ചില്ലേ, ശബരിമലയിൽ പ്രത്യേക പദ്ധതി നടപ്പിലാക്കിയില്ലേ, ഏതെല്ലാം മേഖലകളിൽ സാമ്പത്തിക ഉത്തേജനത്തിന് സഹായകരമായ സംവിധാനങ്ങൾ ഉണ്ടാക്കാൻ സാധിക്കുമോ ആ അർത്ഥത്തിലെല്ലാം ഗവൺമെന്റ് ധനകാര്യ മേഖലയിൽ ഏറ്റവും ശക്തമായി ഇടപെട്ടില്ലേ? വളരെ മികച്ച ധനകാര്യ മാനേജ്മെന്റെന്ന് അഭിമാനിക്കാൻ കഴിയുന്ന, പ്രതിസന്ധികാലത്തെ അതിജീവിക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിലുണ്ടാക്കിയത് ആർക്കാണ് വിസ്മരിക്കാൻ കഴിയുന്നത്? അതുകൊണ്ട് വളരെ മെച്ചപ്പെട്ട ഒരു ധനകാര്യ മാനേജ്മെന്റ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിഞ്ഞു എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായി കാണാൻ കഴിയും. റവന്യൂ മേഖലയിൽ, നേരത്തെ പരാമർശിച്ചതു പോലെ സ്മാർട്ട് വില്ലേജുകൾ, റവന്യൂ സെക്രട്ടേറിയറ്റ്, ഇ-ഡിസ്ട്രിക്ട്, ആർ.ആർ. ഓൺലൈൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് യൂണിറ്റ് ഇവ ആരംഭിച്ചു. കാലാവസ്ഥയിലെ വ്യതിയാനങ്ങളും മാറ്റങ്ങളുടെയും ഭാഗമായി നാട്ടിലുണ്ടായ വലിയ ദുരന്തങ്ങൾ നമ്മൾ അഭിമുഖീകരിച്ചു. കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് അതിനെ നേരിടാൻ കഴിയുന്ന സാഹചര്യമല്ല നാട്ടിൽ ഇപ്പോഴുള്ളത്. അതിന് സഹായകരമായത് മുൻകൂട്ടിക്കണ്ട്, അതിനെ പ്രതിരോധിക്കാൻ സഹായകരമായ നിലയിലേയ്ക്ക് ആ സംവിധാനത്തെ പരിഷ്കരിച്ചു. ദുരന്തഘട്ടത്തിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 17 മൾട്ടിപർപ്പസ് സൈക്ലോൺ ഷെൽറ്ററുകൾ സംസ്ഥാനത്താരംഭിച്ചു. പ്രകൃതിദുരന്തങ്ങൾ തുടർച്ചയായി ഉണ്ടാകുന്ന സ്ഥലങ്ങളിൽ ലോക്കൽ ബോഡികളുമായി ചേർന്നുകൊണ്ട് പുനരധിവാസത്തിന് സഹായകരമായ പ്രത്യേക ഷെൽറ്ററുണ്ടാക്കാൻ കഴിയുമോയെന്ന് ഗൗരവപൂർവ്വം ആലോചിക്കണമെന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ലോക്കൽ ബോഡികളുമായി സഹകരിച്ചാൽ അത്തരം സംവിധാനങ്ങൾ നിശ്ചയമായും ഉണ്ടാക്കാൻ കഴിയും. കാലാവസ്ഥയിൽവരുന്ന വലിയമാറ്റങ്ങളെ നന്നായി തിരിച്ചറിഞ്ഞ്, ജനങ്ങൾക്കനുകൂലമായ നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ സഹായകരമായ അന്തരീക്ഷമുണ്ടാക്കേണ്ടത് വളരെ പ്രധാനമാണ്. ഏതാണ്ട് 1,77,000 ആളുകൾക്ക് പട്ടയം നൽകി. പട്ടയം

നല്കുന്നതിനുവേണ്ടി പുതിയ സംവിധാനം ഏർപ്പെടുത്തുകയും 100 ദിവസംകൊണ്ട് പരമാവധി പട്ടയം നൽകുകയെന്ന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. എല്ലാ മേഖലയിലും സമഗ്രമായി സർക്കാർ ഇടപെടുന്നു. കഠിനമായ പ്രതിസന്ധി യുണ്ടായിരുന്ന നാട്ടിൽ, സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായല്ലേ കിഫ്ബി ആവിഷ്കരിച്ചത്. ലോകത്തെവിടെയെങ്കിലും അത്രമേൽ അതിജീവനത്തിന് സഹായകരമായ അന്തരീക്ഷം ഉണ്ടാക്കാൻ കഴിഞ്ഞോ; 63,000 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലുണ്ടായ സമഗ്രമായ മാറ്റം, അടിസ്ഥാന പശ്ചാത്തല മേഖലയിലുണ്ടാക്കിയ വലിയ മുന്നേറ്റം എന്നിവ കാണാതിരിക്കാൻ സാധിക്കുമോ; അതിന്റെ ഫലമായുണ്ടായ സമ്പദ്ഘടനയുടെ ചലനത്തെ ദുർബലമായി വിലയിരുത്താൻ കഴിയുമോ? പ്രതിസന്ധി കാലത്ത്, വിറച്ചുനില്ക്കുന്ന ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഏറ്റവുംനല്ല ധനകാര്യ മാനേജ്മെന്റ് കാഴ്ചവയ്ക്കാനും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മികച്ച നിലയിൽ ഇടപെടാനുള്ള സാഹചര്യമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ആ സർക്കാരിനേയും മുഖ്യമന്ത്രിയേയും പ്രതിപക്ഷം പരിഹസിക്കുകയും മുഖ്യമന്ത്രിയെ ഞങ്ങൾക്ക് ഭയമില്ല എന്നാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയുമാണ്. നിങ്ങൾ പറഞ്ഞതെന്താണ്? ഞങ്ങൾക്ക് പുതിയ മേലങ്കി ചാർത്തിത്തരികയാണ്. ഒരുകാര്യം അസന്നിഗ്ദ്ധമായി പറയാം. ഒരു സ്വർണ്ണക്കടത്തുകാരന്റെയും ഔദാര്യം കൊണ്ടല്ല കേരളത്തിലെ ഇടതുപക്ഷപ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പാർട്ടിയും വളർന്നു വന്നതെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളെ അഴിമതിക്കാരായി ചിത്രീകരിക്കാൻ ശ്രമിക്കുന്നത് നിങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യങ്ങളിൽ ഞങ്ങളെ നോക്കിക്കാണുന്നതുകൊണ്ടാണ്. അഴിമതിയെ വച്ചുപൊറുപ്പിക്കാത്ത, ഏറ്റവും ശക്തമായ നിലപാടുകൾ സ്വീകരിച്ച ഒരു ഗവൺമെന്റാണിത്. സ്വർണ്ണക്കടത്ത് കേസിൽ നിങ്ങൾ ഏതറ്റംവരെയും പോയില്ലേ; ബി.ജെ.പി.-യുമായി സഹകരിച്ച് ഞങ്ങളെ ഇല്ലാതാക്കാമെന്ന ശ്രമത്തിലല്ലേ പോയത്? അതിനുവേണ്ടി വിചിത്രമായ വഴികൾ സ്വീകരിച്ചില്ലേ? സ്വർണ്ണക്കടത്ത് കേസിന്റെ ഭാഗമായി, എയർപോർട്ട് ആരുടെ കീഴിലാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാവിലെ ഇവിടെ പറഞ്ഞു. ആ കേസന്വേഷിക്കുന്നത് ആരാണ്; കേന്ദ്ര ഗവണ്മെന്റിന്റെ കീഴിലല്ലേ; അവരുടെ ഭാഗമായിട്ടല്ലേ; അവരുടെ മുന്നിലൂടെയല്ലേ ഇക്കാര്യങ്ങളെല്ലാം വരുന്നത്? അതൊന്നും പരിശോധിക്കുകയും കണ്ടുപിടിക്കുകയുംചെയ്യാതെ ആ സമയത്ത് ഉദ്യോഗസ്ഥർ സിനിമകാണാൻ പോയിരിക്കുകയായിരുന്നോ? അതിന്റെ ഉത്തരവാദിത്വം കേരള ഗവൺമെന്റ് പറയണമെന്നത് ഏത് യുക്തിയുടെ അടിസ്ഥാനത്തിലാണ്? ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റിനെ ഏതർത്ഥത്തിലും മോശമായി ചിത്രീകരിക്കാം; അതിനുവേണ്ടി നിരവധി പരിശ്രമങ്ങൾ നടത്തി. എന്നാൽ അതിനെയെല്ലാം അതിശക്തമായി അതിജീവിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാടിനെ അഭിസംബോധന ചെയ്തുകൊണ്ട് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞത് ലോകോത്തരനിലവാരമുള്ള പുതിയ കേരളം സൃഷ്ടിക്കണമെന്നാണ്. പ്രതിസന്ധികൾക്കിടയിൽ ഈ ഗവൺമെന്റ് തളരില്ല, വികസനം മുടക്കില്ല, ഈ നാടാഗ്രഹിക്കുന്ന, ജനങ്ങളർപ്പിച്ച വിശ്വാസം നടപ്പിലാക്കാൻ ഏതർത്ഥത്തിലായാലും ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുകൊണ്ടാണ് മുഖ്യമന്ത്രി ഈ ഗവൺമെന്റിനെ; രണ്ടാം പിണറായി സർക്കാരിനെ ഏറ്റവും ശക്തമായി മുന്നോട്ട് നയിക്കുന്നത്. ഇന്നത്തെകാലം ആവശ്യപ്പെടുന്ന നിലയിൽ, ഈ നാടിന്റെ സമഗ്രപുരോഗതിക്ക് സഹായകരമാകുന്നവിധത്തിൽ ഒട്ടേറെ നൂതന പദ്ധതികളാണ് ഗവൺമെന്റിനു വേണ്ടി പുതുക്കിയ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. നിശ്ചയമായും ആ അർത്ഥത്തിൽ ഏറ്റവും ശക്തിയേറിയ, ദീർഘവീക്ഷണ ത്തോടെയുള്ള, ഭാവികേരളത്തിന്റെ വികസനത്തിന് സഹായകരമാകുന്ന നിർദ്ദേശങ്ങൾക്കുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാനത്തിതുവരെ നടപ്പാക്കിയ എല്ലാ നികുതി നിർദ്ദേശങ്ങളോടും നല്ലരീതിയിൽ സഹകരിച്ചവരാണ് കേരളത്തിലെ വ്യാപാരി-വ്യവസായി സമൂഹം. ഇപ്പോൾ ഇരട്ടപ്രഹരം പോലെയാണ്, കോവിഡിന്റെ പശ്ചാത്തലത്തിൽവന്ന ദുരിതങ്ങളും ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്നുള്ള പ്രശ്നങ്ങളും ചേർന്ന് കേരളത്തിലെ വ്യാപാരി സമൂഹത്തിന് വലിയ ബുദ്ധിമുട്ടുകളുണ്ടാക്കിയിരിക്കുന്നത്. ഇന്നലെ പ്രതിപക്ഷമുന്നയിച്ച അടിയന്തര പ്രമേയംതന്നെ ഈ പ്രതിസന്ധികളിൽ എങ്ങനെ ആശ്വാസം കൊടുക്കണമെന്നത് സംബന്ധിച്ചാണ്. ആശ്വാസ നടപടികൾ ഗവൺമെന്റ് പ്രത്യേകമായി ഏറ്റെടുക്കേണ്ട സമയത്ത് അതിന് മുന്നോട്ടുവരണമെന്ന അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളത്. മറ്റ് സംസ്ഥാനങ്ങൾ ചെയ്തതുപോലെ ഇന്നത്തെ പ്രതിസന്ധിയിൽ സഹായകരമായ, പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കാൻ എല്ലാ മേഖലകളിലുമുള്ളവർക്കും 6,000 രൂപവീതം അവരുടെ കൈകളിലെത്തിക്കാൻ കഴിയുന്നവിധത്തിലുള്ള നടപടിയിലേയ്ക്ക് ഗവൺമെന്റ് വരണമെന്ന് പറയുന്നത് അത്രയേറെ കരുതലോടെ ഈ വിഷയത്തിൽ

ഇടപെടണമെന്ന കാഴ്ചപ്പാടോടുകൂടിയാണ്. ഗവൺമെന്റ് ആ ചിന്തയിലേയ്ക്ക് വരട്ടെ എന്നാണ് ചർച്ചയുടെ ഭാഗമായി എനിക്ക് സൂചിപ്പിക്കാനുള്ളത്. വ്യാപാരികളുടെ ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടേയും നിയമസഭയുടേയും ശ്രദ്ധയിൽകൊണ്ടുവരണമെന്ന് കോട്ടയം ജില്ലയിലെ വ്യാപാരി-വ്യവസായ സമൂഹം ആവശ്യപ്പെട്ടതുകൂടി കണക്കിലെടുത്ത്, കോട്ടയം ജില്ലയിലെ എം.എൽ.എ. എന്ന നിലയിൽ, അവരുന്നയിച്ച പ്രശ്നങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. 2017 ജൂലൈ 1-ാം തീയതി ചരക്ക് സേവന നികുതി നിലവിൽ വന്നതുമുതൽ വ്യാപാരി സമൂഹത്തിനുണ്ടായ ബുദ്ധിമുട്ടുകൾ ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. പെട്ടെന്നുണ്ടായ ഒരു നിയമവ്യവസ്ഥയെന്ന നിലയിൽ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് വന്നപ്പോൾ, അതിലെ വ്യവസ്ഥകളും കാര്യങ്ങളുമൊന്നും വ്യാപാരികൾക്ക് മനസ്സിലാകാതെയും അല്ലെങ്കിൽ അവ മനസ്സിലാക്കുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും കാരണം, കണക്കുകൾ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. മുന്നെയുള്ള മാസത്തെ കണക്കുകൾ പൂർത്തിയാക്കാൻ, ഒരു നിശ്ചിത തീയതിക്കുള്ളിൽ ഇത് ക്രമീകരിച്ചുകൊടുക്കാനും കഴിയാതെവന്ന സാഹചര്യമുണ്ട്. പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ കടകൾ തുറക്കുന്നില്ല, പ്രവർത്തിക്കുന്നില്ല എന്നിങ്ങനെ നിരവധി ബുദ്ധിമുട്ടുകളുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് ആവശ്യമായ ഇളവ് അനുവദിക്കണമെന്ന അഭ്യർത്ഥനയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. സാധാരണനിലയിൽ പുതിയ നിയമങ്ങൾ നടപ്പാക്കുമ്പോൾ കുറച്ചുകാലം പരീക്ഷണ ഘട്ടമായി കണക്കാക്കാറുണ്ട്. എന്നാൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ അത് ലഭിച്ചില്ലെന്ന് മാത്രമല്ല, ഇപ്പോൾ കണക്കുകൾ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടാൽ പലിശയും പിഴയും ചേർത്തീടാക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ വലിയ ബുദ്ധിമുട്ടുകൾ വ്യാപാരികൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. സോഫ്റ്റ്വെയറിൽവന്ന പ്രശ്നങ്ങൾ കൊണ്ടുണ്ടാകുന്ന കാലതാമസവുമെല്ലാം ഈരംഗത്ത് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. അതുകൊണ്ട് 2017-18, 2018-19, 2019-20 എന്നീ മൂന്ന് ടേമിലേയും കണക്കുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിൽ ധാരാളം പിഴവുകൾ സംഭവിച്ചിട്ടുള്ളതുകൂടി കണക്കിലെടുത്ത് പലിശയിളവ് നൽകാനും പിഴപ്പലിശ ഒഴിവാക്കിക്കൊടുക്കാനും കഴിയുന്നവിധത്തിൽ സഹായകരമായ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഇപ്പോഴുണ്ടായിരിക്കുന്ന ഈ പ്രശ്നങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ സാദ്ധ്യമായ ആശ്വാസ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

2020 മാർച്ച് മാസത്തിന്റെ ആരംഭത്തിൽത്തന്നെ കോവിഡിന്റെ പിടിയിലേയ്ക്ക് കേരളം വന്നു. സാധാരണക്കാരായ ജനങ്ങൾക്ക് തൊഴിൽ

നഷ്ടപ്പെട്ടപ്പോൾ ചെറുകിട, മൊത്ത വ്യാപാരികളുൾപ്പെടെ എല്ലാവരും പ്രതിസന്ധിയിലായിത്തീർന്നു. ബാങ്ക് വായ്പ, പലിശ, വ്യാപാര സ്ഥാപനങ്ങളുടെ വാടക ഇതെല്ലാം കുടിശ്ശികയായിത്തീർന്നു. വ്യാപാര സമൂഹം ഇന്ന് നിശ്ചലാവസ്ഥയിലാണെന്നത് ഗവണ്മെന്റ് ഗൗരവമായി കണക്കിലെടുക്കണം. ഈ പ്രതിസന്ധി കാലഘട്ടത്തിലുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ആവശ്യമായ സാവകാശം കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ മാസവും നികുതി അടയ്ക്കുന്നത് ഓൺലൈൻ ബാങ്കിംഗിലൂടെ ആയതിനാൽ ഖജനാവിലേയ്ക്ക് നികുതി കിട്ടുന്നതിന് കാലതാമസം വരുന്നില്ല. സമയപരിധി സംബന്ധിച്ചുള്ള ആവശ്യവും ഉയർന്നുവരുന്നുണ്ട്. അതുകൊണ്ട് പിഴകൂടാതെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഉന്നയിക്കുന്നത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പ്രളയക്കെടുതിയുടെ കാര്യത്തിലുള്ള ആശ്വാസ നടപടികളെക്കുറിച്ചാണ്. ഏറ്റവുംകൂടുതൽ പ്രയാസം നേരിടുന്ന കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ പ്രശ്നം പരിഹരിക്കുന്നതിന്, അല്ലെങ്കിൽ ഇന്നത്തെ പ്രളയത്തിന്റെ പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് സംസ്ഥാനത്തിന് ലഭിച്ച ഏറ്റവും പ്രധാനപ്പെട്ട ശിപാർശയാണ് ഡോ. സ്വാമിനാഥൻ കമ്മീഷന്റെ നിർദ്ദേശങ്ങൾ. ഇത് നടപ്പാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ പ്രളയദുരന്തങ്ങളിൽനിന്ന് ഒരു പരിധിവരെ കുട്ടനാടിനെയും അപ്പർ കുട്ടനാട് ഉൾപ്പെടെയുള്ള മേഖലകളെയും സംരക്ഷിക്കാൻ കഴിയുമായിരുന്നു. നിർഭാഗ്യവശാൽ പല കാരണങ്ങൾ കൊണ്ടും ആ നിർദ്ദേശങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ചില്ല. ഗവൺമെന്റ് പ്രളയാനന്തര കേരളത്തിന്റെ പുനഃസൃഷ്ടിയെക്കുറിച്ച് പറയുന്നുണ്ട്. സംസ്ഥാനത്തിന്റെ ഇന്നത്തെ ഏറ്റവും വലിയ, പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയെന്ന വിധത്തിൽ ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രളയത്തിൽ തകർന്ന വീടുകൾക്ക് നാലുലക്ഷംരൂപ അനുവദിക്കുന്നുണ്ട്. ഇന്ന് നാലുലക്ഷംരൂപകൊണ്ട് പാവപ്പെട്ടവന് എങ്ങനെയാണ് ഒരു വീട് നിർമ്മിക്കാൻ സാധിക്കുക? കമ്പി, സിമെന്റ്, മറ്റ് സാധനങ്ങൾ എന്നിവയുടെയെല്ലാം വില അതിരൂക്ഷമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പ്രായോഗികമായി പാവപ്പെട്ടവന് വീടുവയ്ക്കാൻ കഴിയാത്ത; ഒരു ചടങ്ങ് നിർവ്വഹിക്കുന്നതിന് അപ്പുറത്തേയ്ക്ക് ഒന്നുംചെയ്യാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നുണ്ട്. നിലവിൽ നാലുലക്ഷംരൂപ എന്നത് എട്ടുലക്ഷം രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഭവന നിർമ്മാണ വകുപ്പെന്ന

പേരല്ലാതെ ഇന്ന് കേരളത്തിൽ വീട് നിർമ്മിക്കാനുള്ള ഒരു കാര്യത്തിലേയ്ക്കും കടക്കുന്നില്ല. വീടും സ്ഥലവുമില്ലാത്ത ആയിരക്കണക്കിനാളുകളുടെ അപേക്ഷ ഇപ്പോഴും വന്നുകൊണ്ടിരിക്കുകയാണ്. വീട് നിർമ്മാണം വലിയൊരു ആവശ്യമായി ജനങ്ങളുന്നയിക്കുന്നു. 'ലൈഫ് പദ്ധതി'യിലല്ലാതെ കേരളത്തിൽ എത്രമാത്രം വീടുകൾ ഭവന നിർമ്മാണ വകുപ്പ് കാര്യക്ഷമമായി നിർമ്മിച്ചിട്ടുണ്ട്. ആദരണീയനായ കെ. എം. മാണിയുടെയും ശ്രീ. പി. ജെ. ജോസഫിന്റെ നേതൃത്വത്തിലുമൊക്കെ ലക്ഷക്കണക്കിനാളുകൾക്ക് വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുള്ള മാതൃകാപരമായ സ്കീമുകളുണ്ടായിരുന്നു. ഇന്ന് ഭവന നിർമ്മാണ വകുപ്പ് ഒരു നോക്കുകുത്തിയായി നിൽക്കുന്ന നിർഭാഗ്യാവസ്ഥയാണ് കാണാൻ കഴിയുന്നത്. കോവിഡ് സാഹചര്യത്തെ അതിജീവിക്കാനുള്ള വലിയ പദ്ധതികൾക്ക് രൂപംകൊടുക്കുമ്പോൾ കേരളത്തിലെ പാവപ്പെട്ട മുഴുവനാളുകൾക്കും വീട് നൽകാൻ കഴിയുന്ന വിധത്തിലുള്ള പുതിയ പദ്ധതികൾ ഭവന നിർമ്മാണ വകുപ്പിന്റെ നേതൃത്വത്തിൽ ഏറ്റെടുക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. അത്തരത്തിലുള്ള നല്ല കാര്യങ്ങൾക്ക് നേതൃത്വം നൽകാൻ ഗവൺമെന്റ് മുന്നോട്ട് വരാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പ്രമോദ് നാരായൺ: സർ, 'അന്നം കൊടുക്കുക, അർത്ഥം കൊടുക്കുക, ഉള്ളിലെ ഉറവവറ്റാത്ത സ്നേഹംകൊണ്ട് ഉന്നംപിഴയ്ക്കാത്ത സ്വപ്നങ്ങൾ കൊടുക്കുക' എന്നതാണ് ഒരു ജനാധിപത്യ സർക്കാരിന്റെ പ്രവർത്തനമുദ്രയെങ്കിൽ, കിറ്റുകളിലൂടെ അന്നംനൽകിയ, ക്ഷേമപെൻഷനുകളിലൂടെ അർത്ഥംനൽകിയ, കെട്ടതികളുടെ കാലത്തും പുതിയ കേരളമെന്ന ഉജ്ജ്വലകാന്തിയുള്ള സ്വപ്നങ്ങൾ ക്കടിത്തറപാകിയ ഈ സർക്കാർ തല ഉയർത്തിത്തന്നെയാണ് നിൽക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഫെഡറൽ സംവിധാനത്തിന്റെ അന്ത:സ്സത്ത നിലനിർത്താനുതകുന്ന പൊളിച്ചെഴുത്ത് ജി.എസ്.ടി.-യിൽ വേണമെന്ന വ്യാപകമായ ചർച്ച ഉയരുകയാണ്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ നടന്നതിൽനിന്നും വ്യത്യസ്തമായി ഇന്ന് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ഗവണ്മെന്റ്, ആയുധങ്ങൾകൊണ്ടല്ല ഖജനാവുകൊണ്ട് സംസ്ഥാനങ്ങളെ കീഴ്പ്പെടുത്താം, നിയന്ത്രിക്കാമെന്ന തരത്തിലുള്ള ശ്രമമാണ് നടത്തുന്നത്. അതിനായി കേന്ദ്ര സർക്കാർ ശ്രമിക്കുമ്പോൾ സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങൾക്കുവേണ്ടി ഈ കൊച്ചുകേരളത്തിന്റെ ഒച്ചയാണ് ഇന്ത്യയിൽ ഏറ്റവുമധികം ഉയർന്നു കേൾക്കുന്നതെന്നത് അഭിമാനകരമാണ്, അക്കാര്യത്തിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാം. കോവിഡ് മഹാമാരി സൃഷ്ടിക്കുന്ന സാമ്പത്തിക അസമത്വങ്ങളെക്കുറിച്ച് ലോകത്താകെ

വലിയചർച്ചകളാണ് ഉയരുന്നത്. ഏറ്റവും അവസാനം പുറത്തിറങ്ങിയ Oxfam International Report-ന്റെ പേരുതന്നെ "അസമത്വത്തിന്റെ വൈറസ്" (Virus of Inequality) എന്നാണ്. ഇന്ത്യയിൽ 40 ദശലക്ഷം അസംഘടിത അതിഥിത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടപ്പോഴാണ് ശ്രീ. അംബാനിയുടെ സമ്പത്ത് ഇരട്ടിയായി വർദ്ധിച്ചതെന്ന് കണക്കുകൾ പറയുന്നു. അത്തരം നയങ്ങൾക്കെതിരെ പൊരുതുമ്പോൾ കേരളത്തിന് ചെയ്യാൻകഴിയുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ വിഭവ സ്രോതസ്സ് വർദ്ധിപ്പിക്കണം, നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിച്ചേ മതിയാകൂ. മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ കാലത്താരംഭിച്ച ഫാറ്റ് ടാക്സ് (Fat Tax) പോലെ, വേണമെങ്കിൽ നമുക്ക് സൈബർ ക്രൈംചെയ്യുന്ന ആളുകൾക്ക് വലിയ ഫൈൻ ഏർപ്പെടുത്താം. എല്ലാപേരെയും ബാധിക്കാത്തതരത്തിലുള്ള ഇത്തരം ചില നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കാൻവേണ്ടിയുള്ള പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വലിയ കുറവാണ് ഡിമാൻഡിലുണ്ടാകുന്നത്, സ്ഥിര വരുമാനക്കാരും സമ്പന്നരും പണം ചെലവഴിക്കുന്നത് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ വാങ്ങാൻവേണ്ടിയാണ്. കേരളത്തിന്റെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ ഡാറ്റാബാങ്ക് തയ്യാറാക്കി ഒരു എൻഡ് ടു എൻഡ് ലോജിസ്റ്റിക് സൊല്യൂഷൻ പ്രൊവൈഡറെ ചുമതലപ്പെടുത്തണം; സപ്ലൈകോയ്ക്ക് അക്കാര്യത്തിൽ മുൻകയ്യെടുക്കാൻ കഴിയും. വ്യാപാര മേഖലയുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സമിതി ആവശ്യമാണ്. ചെറുകിട വ്യാപാരികളെന്നുപറയുന്നത് ഒരു കടയ്ക്കുചുറ്റും ഒരു സ്നേഹവലയം, സൗഹൃദ വലയംകൂടിയാണ്. വ്യാപാരികളെക്കൂടി പങ്കാളികളാക്കി, തൊഴിലാളികളെ ഹോം ഡെലിവറിക്ക് ഉപയോഗപ്പെടുത്തി, ഗ്രാൻഡ് കേരള ഷോപ്പിംഗ് മാതൃകയിൽ ഒരു വലിയ ഷോപ്പിംഗ് ക്യാമ്പയിൻകൂടി നടത്തിയാൽ ഇക്കാര്യത്തിൽ വലിയ ചലനമുണ്ടാക്കാൻ കഴിയും, ചടുലമായ ഇവിടത്തെ വ്യാപാര മേഖലയെ ശക്തിപ്പെടുത്താൻ കഴിയുമെന്ന നിർദ്ദേശം വയ്ക്കുകയാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ റവന്യൂ സെക്രട്ടേറിയറ്റ്, സ്മാർട്ട് വില്ലേജ് പോലുള്ള നവീന പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. ദുരന്തങ്ങളോടുള്ള പ്രതികരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. റാന്നി മണ്ഡലത്തിലെ അയിരൂർ, എരുമറ്റൂർ മേഖലകളിൽ കൊടുങ്കാറ്റിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായപ്പോൾ റവന്യൂ വകുപ്പുമന്ത്രി നാശനഷ്ടം കണക്കാക്കാൻ പ്രത്യേക ടീമിനെ നിയോഗിക്കുകയും ജില്ലാ ഭരണകൂടം ഭംഗിയായി ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം നാശനഷ്ടങ്ങൾക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം. റാന്നിയിലുണ്ടായ നാശനഷ്ടങ്ങളുടെ സഹായധന വിതരണം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്താനുള്ള നടപടികൂടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്. ഇത്തരം

പ്രകൃതി ദുരന്തങ്ങൾ ഒരുകാലത്ത് കേട്ടറിവായിരുന്നു. എന്നാലിന്ന് പ്രകൃതി ദുരന്തങ്ങളുടെ പരമ്പരയാണ് കേരളത്തിലുണ്ടാകുന്നത്. ഇന്ത്യയിൽ ഹൈദ്രാബാദ് ആസ്ഥാനമാക്കി 2004-ലാണ് ഇൻകോയിസ് (INCOIS) സ്ഥാപിക്കപ്പെടുന്നത്. സുനാമി വന്നതിനുശേഷമാണ് ഇന്ത്യപോലും അതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞത്. ചെല്ലാനത്തുണ്ടായ കടൽമാറ്റം, കാലാവസ്ഥാ വ്യതിയാനമൊക്കെ നമുക്കറിയാൻ സാധിച്ചു. അതുകൊണ്ട് ഇക്കാര്യത്തിലുള്ള ഗവേഷണവും ഇടപെടലും ഏകോപനവും പ്രധാനപ്പെട്ടതാണ്. നമുക്ക് Natural Calamities Relief Management Software, HVRA Cell, Institute of Land and Disaster Management തുടങ്ങിയവയെല്ലാമുണ്ട്. അതുകൊണ്ട് പ്രകൃതിദുരന്തങ്ങളെക്കുറിച്ച് പഠിക്കുന്ന, അക്കാര്യങ്ങളിൽ ഇടപെടാൻകഴിയുന്ന അന്താരാഷ്ട്ര നിലവാരമുള്ള ഇൻകോയ്സ് മാതൃകയിലുള്ള ഒരു സ്ഥാപനം കേരളത്തിനാവശ്യമാണ്; കേന്ദ്ര സർക്കാരിനോട് അത് ആവശ്യപ്പെടണം അല്ലെങ്കിൽ കേരളത്തിന് അക്കാര്യത്തിൽ മുൻകയ്യെടുക്കാൻ കഴിയണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതുപോലെ ദുരന്തങ്ങളെ ഗ്രൂപ്പ്ചെയ്യാൻ കഴിയണം. നിരവധി പ്രളയക്കെടുതികൾ അനുഭവിക്കേണ്ടിവന്ന ഒരു സ്ഥലമാണ് റാന്നി. അതിന്റെ പശ്ചാത്തലത്തിൽ ഇതൊരു പ്രധാനപ്പെട്ട അഭ്യർത്ഥനയായി സമർപ്പിക്കുകയാണ്.

മറ്റൊന്ന്, ദേവസ്വവുമായി ബന്ധപ്പെട്ടതാണ്, ശബരിമല തീർത്ഥാടന കാലമാണ്. അതിനാവശ്യമായ മുന്നൊരുക്കങ്ങളും റോഡുകളുടെ പുനരുദ്ധാരണവും വളരെ വേഗത്തിലാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം ദേവസ്വത്തിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ നടപടിയെടുക്കണമെന്ന ഭ്യർത്ഥിക്കുകയാണ്. ധാരാളം പ്രവാസികൾ കേരളത്തിലേയ്ക്ക് വന്നിട്ടുണ്ട്, അവർക്ക് കുറേക്കാലത്തേയ്ക്ക് തിരിച്ചുപോകാൻ കഴിയുകയില്ല. അവരിൽ വൈദഗ്ദ്ധ്യമുള്ളവരുടെ കണക്കെടുപ്പ് നടത്തണം; കേരളത്തിന് മാൻപവർ എക്സ്പോർട്ട് ചെയ്യാൻ കഴിയില്ല, എന്നാൽ വർക്ക് എക്സ്പോർട്ട് ചെയ്യാൻ കഴിയും. പ്രവാസികൾ വിദേശത്ത് ചെയ്തുകൊണ്ടിരുന്ന സംരംഭങ്ങൾ, അവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ഉറപ്പാക്കാൻകഴിയുന്ന പ്ലാറ്റ്ഫോമുകൾ ഗവൺമെന്റിന് സൃഷ്ടിക്കാൻ കഴിഞ്ഞാൽ പ്രവാസികൾ തിരികെപോകുന്നതുവരെ കേരള വികസനത്തിൽ അവരെ പങ്കാളികളാക്കാൻ കഴിയും. എല്ലാ ജില്ലയിലും അത്തരത്തിലുള്ള പ്ലാറ്റ്ഫോമുകളുണ്ടാകണം, അത്തരം സംരംഭങ്ങൾ ആരംഭിക്കാനും കഴിയണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു, വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. സമകാലീന ചരിത്രം പരിശോധിച്ചാൽ ആപത്തുകളുടെ

ഘോഷയാത്ര നേരിട്ട ഒരുകാലമാണിത്, പ്രളയംമുതൽ ഏറ്റവും അവസാനം കോവിഡ്-19 വരെ. എന്നാൽ ഭാവികേരളത്തിന്റെ മുന്നിൽ അതിജീവനത്തിന്റെ മാർഗ്ഗരേഖയായി ഒരു ബഡ്ജറ്റുണ്ട്. നടപ്പിലാക്കാൻ കഴിയുന്ന നിരവധി പദ്ധതികൾ ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. സ്റ്റിമുലേറ്റീവ് പാക്കേജില്ലെന്നും ഡയറക്ട് മണി ജനങ്ങളിൽ എത്തുന്നില്ലെന്നുമാണ് പ്രതിപക്ഷം വിമർശനമായി ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ ഇതൊരു അസംബന്ധ പ്രസ്താവനയല്ലേ? ബഡ്ജറ്റ് പരിശോധിച്ചാൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി എങ്ങനെ മറികടക്കണമെന്നതിനെ സംബന്ധിച്ച് വളരെ വ്യക്തമായ കാഴ്ചപ്പാടാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. കാർഷിക മേഖലയിലേയ്ക്ക് ഭാവിയിൽ വയ്ക്കാൻപോകുന്ന ചുവടെന്താണ്; ഉൽപാദനക്ഷമതയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ മേഖലകളേയും സമാഹരിക്കുകയല്ലേ ഈ ഗവൺമെന്റ്? തദ്ദേശഭരണ സ്ഥാപനങ്ങളോട് കൃഷിയിൽ ഇടപെടണമെന്നും സഹകരണമേഖലയോട് അവരുടെ നിക്ഷേപങ്ങളുൾപ്പെടെ കാർഷിക മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശം നൽകുകയുമാണ്. ചെറുപ്പക്കാരെ കൃഷിയിലേയ്ക്കാകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും കാർഷികരംഗത്ത് യന്ത്രവൽക്കരണം കൊണ്ടുവരികയും ചെയ്യുന്നു. കാർഷികരംഗം അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് ഈ ഗവൺമെന്റ് ബഡ്ജറ്റിലൂടെ അവതരിപ്പിക്കുകയാണ്. മൂല്യാധിഷ്ഠിത ഉൽപന്നങ്ങൾ പ്രോൽസാഹിപ്പിക്കണം. ധനകാര്യ വകുപ്പുമന്ത്രിയുടെ പുതുക്കിയ ബഡ്ജറ്റിൽ എടുത്തുപറയുന്ന ഒരു കാര്യമാണ് മരച്ചീനിയിൽനിന്ന് സ്പിരിറ്റ് ഉൽപ്പാദിപ്പിക്കാമെന്നത്. അതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ കാര്യങ്ങളെക്കുറിച്ച് ഗൗരവമായി ചിന്തിച്ചാൽമാത്രമെ നാടിന്റെ പ്രതിസന്ധി പരിഹരിക്കാനാകൂ. മരച്ചീനിയിൽനിന്ന് സ്പിരിറ്റുൽപാദിപ്പിക്കുന്നത് സംബന്ധിച്ച് സഭയിൽ ഗൗരവകരമായ ചർച്ച നടത്തിയില്ലെങ്കിലും സഭയ്ക്കുപുറത്ത് ചർച്ചചെയ്യുന്നുണ്ട്. അതുപോലെ വൈൻ നിർമ്മിക്കുന്നതിനുള്ള ചെലവ് കൂടുതലാണെന്ന് വാർത്ത വന്നിരുന്നു. എന്റെ നാട്ടിൽ ഡ്രാഗൺ ഫ്രൂട്ട്സ് കൃഷിചെയ്യുന്ന ഒരു കൃഷിക്കാരൻ ഡ്രാഗൺ ഫ്രൂട്ട്സിൽനിന്ന് വൈൻ ഉൽപാദിപ്പിക്കുന്നത് സംബന്ധിച്ച് പ്രോജക്ട് തയ്യാറാക്കിയിരിക്കുകയാണ്. ഇത്തരത്തിൽ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുണ്ടാക്കണം. എന്റെ നാട്ടിലെ ഒരു സഹകരണ സ്ഥാപനം വെളിച്ചെണ്ണയിൽനിന്നും നാളികേരത്തിൽനിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കുകയാണ്. യഥാർത്ഥത്തിൽ നല്ല സഹായം ലഭിച്ചാൽ ഇത്തരം പദ്ധതികൾ നാടാകെ കൊണ്ടുവരാനാകില്ലേ? തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാനും ജനങ്ങളിൽ കൂടുതൽ സമ്പത്തുണ്ടാക്കാനും ഇക്കോണമിയെ മുന്നോട്ടുനയിക്കാനും ഇതൊക്കെയല്ലേ മാർഗ്ഗം? ഇതാണ്

ഗൗരവത്തോടുകൂടി ഗവൺമെന്റ് ആലോചിക്കുന്നത്. വ്യാവസായികരംഗത്ത് സൂക്ഷ്മ-ചെറുകിട വ്യവസായങ്ങളെ (എം.എസ്.എം.ഇ.) പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയാണ്. ഈ ഗവൺമെന്റ് ഭാവിയിലേയ്ക്കുവേണ്ടി വൈജ്ഞാനിക സമൂഹം കെട്ടിപ്പടക്കുന്നതോടൊപ്പം വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥകൂടി വിഭാവന ചെയ്യുകയാണ്. നാട്ടിലെത്രയോ പ്രതിഭകളുണ്ട്, അവരുടെ കഴിവുകളെല്ലാം വിദേശരാജ്യങ്ങളിലല്ലേ ഉപയോഗിക്കുന്നത്? കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിന് അവരെ പ്രയോജനപ്പെടുത്തിയാൽ നിശ്ചയമായും കേരളത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയും. അതാണ് അതിജീവനത്തിന്റെ മാർഗ്ഗങ്ങൾ. അതിനെ പിന്തുണയ്ക്കാൻ അർഹതപ്പെട്ടവരല്ലേ യഥാർത്ഥത്തിൽ പ്രതിപക്ഷം? ഇവിടെ ആദ്യം പ്രതിപക്ഷനേതാവിന്റെ മാറ്റവും ആദ്യത്തെ പ്രസംഗവുമൊക്കെ വന്നപ്പോൾ ക്രിയാത്മകമായ സഹകരണം പ്രതിപക്ഷത്തുനിന്നുമുണ്ടാകുമെന്ന് ഞങ്ങൾ കരുതിയെങ്കിലും നാളിതുവരെ അത് കാണാൻ സാധിച്ചില്ല. അവർ കഴിഞ്ഞകാലങ്ങൾ ആവർത്തിക്കുകയാണ്. എന്താണ് കഴിഞ്ഞകാലങ്ങളിൽ നടന്നത്, പ്രതിസന്ധിയിൽ ഒപ്പംനിൽക്കുമെന്ന് വർത്തമാനം പറയുന്നു, പക്ഷേ സാലറി ചലഞ്ച് വന്നപ്പോൾ അതിനെ അട്ടിമറിക്കാൻ നോക്കി, ലൈഫ് പദ്ധതിക്കെതിരെ നീക്കംനടത്തി, കിഫ്ബിയെ ആരോപണങ്ങളുടെ പുകമറയിൽ നിർത്തി തകർക്കാൻ നോക്കി. ഇപ്പോൾ നിങ്ങളെടുക്കുന്ന സമീപനമെന്താണ്? 'കോവിഡിൽ നിന്ന് ലോകമാകെ വിമോചനത്തിലേയ്ക്ക്, കേരളത്തിൽ കോവിഡ് വർദ്ധിച്ചു വരുന്നു', ഇങ്ങനെയൊക്കെ ഏത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷ ഉപനേതാവിനെപ്പോലെയുള്ള ആളുകൾ സംസാരിക്കുന്നത്? കോവിഡിനെ ഫലപ്രദമായി നേരിട്ട ഗവൺമെന്റല്ലേ ഇത്? കൊവാക്സിൻ അന്താരാഷ്ട്ര സമൂഹം അംഗീകരിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുകയാണ്. അതിന് ഈ ഗവൺമെന്റാണോ ഉത്തരവാദി? കൊവാക്സിനും കോവിഷീൽഡുമൊക്കെ കേന്ദ്ര ഗവൺമെന്റല്ലേ നൽകുന്നത്? വയനാട്ടിൽനിന്നുള്ള എം.പി. ഉൾപ്പെടെ കേരളത്തിൽനിന്നും 18 എം.പി.-മാർ നിങ്ങളുടെ ഭാഗത്തുണ്ടല്ലോ, കേരളത്തിനാവശ്യമായ വാക്സിൻ എത്തിക്കുന്നതിന് എന്ത് സമരമാർഗ്ഗങ്ങളാണ് പാർലമെന്റിൽ നടത്തിയത്? ഇന്നലെ ഇടതുപക്ഷ എം.പി.-മാർ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കാണുകയും ഇവിടെ വാക്സിൻ യഥേഷ്ടം പ്രയോജനപ്പെടുത്തുകയാണെന്നും ഇനിയും വാക്സിൻ ആവശ്യമുണ്ടെന്നും പറഞ്ഞ് നിവേദനം കൊടുക്കുകയും ചില ഉറപ്പുകൾ വാങ്ങിയിരിക്കുകയുമാണ്, അത് പാലിക്കുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി. വന്നപ്പോൾ കൺസ്യൂമർ സ്റ്റേറ്റെന്ന നിലയിൽ കൂടുതൽ വിഹിതം കേരളത്തിന് ലഭിക്കുമെന്ന

പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ ജി.എസ്.ടി. സംബന്ധിച്ച കേന്ദ്രഗവണ്മെന്റിന്റെ സമീപനമെന്തായിരുന്നു? നാടിന്റെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവച്ചുകൊണ്ട് അധികാരം മുഴുവൻ കേന്ദ്രീകരിക്കുക, അർഹതപ്പെട്ട വിഹിതം നൽകാതിരിക്കുക എന്നിവയിലൂടെ ഇഷ്ടമില്ലാത്ത സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുക എന്ന സമീപനമാണെടുത്തത്. ആ നയത്തിനെതിരെ ശക്തമായ സമീപനമെടുക്കാൻ കേരളത്തിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രിയും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിയും നേതൃത്വം കൊടുക്കുകയാണ്. ബി.ജെ.പി. ഇതര ധനകാര്യ വകുപ്പുമന്ത്രിമാരുടെ കൂട്ടായ്മ സൃഷ്ടിച്ചുകൊണ്ട് തെറ്റായ കേന്ദ്ര സമീപനങ്ങൾക്കെതിരെ ചെറുത്തു നിൽക്കുകയാണ്. കേരളത്തിനവകാശപ്പെട്ട പെട്രോളിയം സെസ്സ് വേണ്ടെന്നുവയ്ക്കണമെന്നാണ് പ്രതിപക്ഷം പറയുന്നത്. കൂടുതൽ സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് കേരളത്തെ തള്ളിവിടണമെന്നാണോ; അത് ശരിയായ സമീപനമാണോ? കേരളത്തിന് ഒരുപാട് ദൂരം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കാരൂർ നീലകണ്ഠപിള്ളയുടെ 'പൊതിച്ചോറ്' എന്നൊരു കഥയുണ്ട്. സ്വന്തം വിദ്യാർത്ഥിയുടെ പൊതിച്ചോറ് മോഷ്ടിച്ച് കഴിക്കേണ്ടിവന്ന ഒരു പ്രഥമാദ്ധ്യാപകന്റെ കഥയാണ് അതിൽപ്പറയുന്നത്. അങ്ങനെയൊരു സാമൂഹ്യാവസ്ഥ കേരളത്തിലുണ്ടായിരുന്നു. അതിൽനിന്നും പട്ടിണിരഹിത കേരളത്തിലേയ്ക്ക് ഈ നാടിനെ മാറ്റിയെങ്കിൽ അതിന് മുന്നിൽനിന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഗവൺമെന്റുകളുമാണെന്നതിൽ ആർക്കും സംശയംവേണ്ട. നമുക്കേവർക്കും അറിയാവുന്നതുപോലെ ഈ കോവിഡ് കാലത്ത് ആരും പട്ടിണികിടക്കാതിരുന്നത് ഞങ്ങൾ അവശ്യസാധന കിറ്റ് കൊടുത്തതുകൊണ്ടും സാമൂഹ്യ അടുക്കളകൾ തുറന്നതുകൊണ്ടുമാണ്, എല്ലാവരെയും ചേർത്തുനിർത്തിയതു കൊണ്ടുമാണ്. അങ്ങനെചെയ്തത് വോട്ടിനു വേണ്ടിയായിരുന്നില്ല, അത് ഇപ്പോഴും തുടരുകയാണ്. അതെല്ലാം ഞങ്ങളുടെ കരുതലാണ്, ഇടതുപക്ഷത്തിന്റെ പരിപ്രേക്ഷ്യമാണ്, നിസ്വവർഗ്ഗ പക്ഷപാതിത്വമാണ്. അത് ഈ നാടിനറിയാം. ഈ കാലവും മാറുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. കവി എൻ. എൻ. കക്കാട് 'സഫലമീയാത്ര' എന്ന കവിതയിൽപ്പറഞ്ഞ തുപോലെ,

" കാലമിനിയുമുരുളും വിഷുവരും-
വർഷംവരും തിരുവോണംവരും,
പിന്നെയോരോ തളിരിനും
പൂവരും കായ് വരും....."

അതാണ് ഞങ്ങളുടെ പ്രതീക്ഷ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിങ്ങൾ കണ്ടതെന്താണ്, ഇനിയുമൊരു പ്രളയം, അതുകഴിഞ്ഞാലൊരു വരൾച്ച, ആളുകളുടെ

അസ്വസ്ഥതകളെ കെട്ടിയുയർത്തി കുറുക്കുവഴിതേടി അധികാരത്തിലെത്താമെന്ന വ്യാമോഹമായിരുന്നില്ലേ? പക്ഷേ ജനങ്ങളത് തള്ളിക്കളഞ്ഞു. നിങ്ങൾ തോറ്റതും ഞങ്ങൾ ജയിച്ചതും ജനങ്ങളെ ഞങ്ങൾ കൂടെ നിർത്തിയതുകൊണ്ടാണ്, നിങ്ങൾ ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചതുകൊണ്ടാണ്. അക്കാര്യം മറന്നുപോകരുത്. ജയിച്ചതിൽ ഞങ്ങൾ ഊറ്റംകൊള്ളുന്നുണ്ട്; അഭിമാനിക്കുന്നുണ്ട്. അത് ആവർത്തിച്ചാവർത്തിച്ച് നിങ്ങളെ ഓർമ്മിപ്പിക്കുന്നുമുണ്ട്. എന്തുകൊണ്ടെന്നാൽ നിങ്ങൾ അനുഭവത്തിൽനിന്നും പാഠംപഠിക്കാൻ തയ്യാറാകണം. ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ചാൽ അതിൽ ഒളിഞ്ഞുനിൽക്കുന്നവരല്ല കേരളത്തിലെ ജനങ്ങൾ. ഈ ഗവൺമെന്റിന്റെ നാടിനുവേണ്ടിയുള്ള സത്യത്തിന്റെ വെളിച്ചം തിരിച്ചറിയുന്നവരാണ് കേരള ജനതയെന്ന് മനസ്സിലാക്കണം. അതിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ ആവർത്തിക്കുന്നത്. ഇത്തരത്തിൽ നാടിന്റെ ശോഭനമായ ഭാവിയെ കരുതിക്കൊണ്ട് ഓരോ പദ്ധതിയും ആവിഷ്കരിക്കുമ്പോൾ അതിനാവശ്യമായ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നതിൽ അഭിമാനമുണ്ട്.

ഇന്ന് റവന്യൂ വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയുമുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അടുത്തകാലത്ത് തിരുവനന്തപുരം ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗം കളക്ടറുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർക്കുകയുണ്ടായി. അതിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. എല്ലാ ജില്ലകളിലും അത്തരത്തിലുള്ള യോഗം വിളിച്ചുചേർക്കുമെന്ന് പറഞ്ഞിരുന്നു. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും കൈവശരേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നിങ്ങനെ പ്രതീക്ഷയുയർത്തുന്ന വാഗ്ദാനങ്ങളാണ് റവന്യൂ വകുപ്പുമന്ത്രി നാടിനുമുന്നിൽ സമർപ്പിച്ചിരിക്കുന്നത്. ഏകദേശം 1,77,011 പേർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രണ്ടാം റവന്യൂ വകുപ്പുമന്ത്രിയാണ് ഇത് പറയുന്നത്. ഭൂരേഖയുടെ കൃത്യതയില്ലായ്മ ധാരാളം ബുദ്ധിമുട്ടുകൾ നാട്ടിലുണ്ടാക്കുന്നുണ്ടെന്ന് നമുക്കറിയാം. അതിനുവേണ്ടി CORS (Continuously Operating Reference Stations) സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് ഡിജിറ്റൽ സർവ്വേ നടത്തുമെന്നും രണ്ടോ മൂന്നോ വർഷംകൊണ്ട് നാട്ടിലെ ഭൂമിക്ക് മുഴുവനും രേഖകളുണ്ടാക്കുമെന്നും പറയാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെ ഓരോ രംഗത്തും നവീന നടപടി സ്വീകരിച്ചുകൊണ്ട് ഭാവികേരളം വാർത്തെടുക്കുമെന്ന് ജനങ്ങളോട് നൽകിയ വാഗ്ദാനം പരിപാലിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു കേസ് തള്ളിക്കളഞ്ഞിരിക്കുന്നുവെന്നുപറഞ്ഞ് അപ്പുറത്ത് വലിയ ആഹ്ലാദം കൊള്ളുന്നുണ്ട്. മെരിറ്റ് നോക്കിയല്ല കോടതി അങ്ങനെ ചെയ്തത്. അത് withdrawal petition-മ്മേലുള്ള വിധിയാണ്. ഇതൊരു അവകാശത്തർക്കം

മാത്രമാണ്. ലെജിസ്ലേച്ചറിന്റെ പ്രിവിലേജിനെ സംബന്ധിച്ച് ഞങ്ങൾക്കൊരു അഭിപ്രായമുണ്ട്. നിയമസഭയ്ക്കകത്ത് നടക്കുന്ന സംഭവത്തെ സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനുള്ള അവകാശം നിയമസഭയ്ക്കുതന്നെയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വന്നത് അതുസംബന്ധിച്ച തർക്കമാണ്. കോടതി അതിലഭിപ്രായം പറഞ്ഞു, വിചാരണ നേരിടുമ്പോൾ നമുക്ക് നോക്കാം. ഇപ്പറഞ്ഞതിൽ ഒരു കോടതിയലക്ഷ്യവുമില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അഭിപ്രായത്തെ ഞാൻ നിഷേധിച്ചിട്ടില്ല. അത് അംഗീകരിക്കുന്നില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. സുപ്രീംകോടതിയും ലെജിസ്ലേച്ചറും തമ്മിൽ അവകാശത്തെ സംബന്ധിച്ച് ഒരു ഭിന്നാഭിപ്രായം വന്നു. കോടതി അക്കാര്യം പരിശോധിച്ച് വിധി പറഞ്ഞു, അത് അംഗീകരിക്കേണ്ടതുതന്നെയാണ്. കേസ് വിചാരണ ക്കോടതിയിലേയ്ക്ക് വിട്ടതേയുള്ളൂ, കേസിന്റെ മെരിറ്റ് നോക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ ക്രിമിനൽ പ്രോസിക്യൂഷൻ നിൽക്കുമെന്ന കണ്ടെത്തൽ മാത്രമെ നടത്തിയിട്ടുള്ളൂ. വിചാരണക്കോടതിയിൽ തെളിവുകളെല്ലാം വരുമല്ലോ, അപ്പോൾ നോക്കാം. അതുകൊണ്ടുതന്നെയാണ് തന്റെ നിരപരാധിത്വം കോടതിയിൽ തെളിയിച്ചോളാമെന്ന് ബഹുമാനപ്പെട്ട മന്ത്രി വി. ശിവൻകുട്ടിയും പറഞ്ഞത്. അതിലൊന്നും നിങ്ങൾ ആശങ്കപ്പെടേണ്ടതില്ല. വാടകകൊടുക്കാൻ നിവൃത്തിയില്ലാത്ത ആളുകളെപ്പറ്റി പറഞ്ഞു, 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് അധികാരത്തിലേറിയപ്പോഴത്തെ ആദ്യത്തെ ഉത്തരവ് കുടിയിറക്ക് അവസാനിപ്പിക്കുന്നതായിരുന്നു. ഭവനരഹിതരായ ഏതൊരാളും വാടകയ്ക്ക് താമസിക്കുകയാണെങ്കിൽ അവരെ ഒഴിപ്പിക്കാൻ പാടില്ലെന്ന ഉത്തരവാണ് രണ്ടാം പിണറായി ഗവൺമെന്റ് ഇറക്കിയത്. ഇപ്പോൾ ആരും വീടൊഴിപ്പിക്കുന്നില്ല. ഈ സന്ദർത്തിൽ ഭവനരഹിതരായ ആരെയെങ്കിലും താമസസ്ഥലത്തുനിന്നും ഇറക്കിവിടുകയാണെങ്കിൽ സംരക്ഷണം നൽകുമെന്നാണ് പറഞ്ഞത്. ഞാൻ പറഞ്ഞത് നാട്ടിൽ നടക്കുന്ന കാര്യങ്ങളാണ്. ഇത്തരത്തിൽ ജനങ്ങളുടെ പ്രയാസങ്ങൾ അറിഞ്ഞുകൊണ്ടും കരുതലോടെ അവരെ സംരക്ഷിച്ചും മുന്നോട്ടുപോകുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ്. ഭാവികേരളം കെട്ടിപ്പടുക്കുന്ന ധാരാളം കാര്യങ്ങൾക്ക് പ്രതിപക്ഷസഹകരണം പ്രതീക്ഷിക്കുകയാണ്. എന്നാൽ നിർഭാഗ്യവശാൽ അതുണ്ടാകുന്നില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ സാമ്പത്തിക

സാഹചര്യത്തിന്റെ സങ്കീർണ്ണത എല്ലാവർക്കും ഒരുപോലെ അറിയാവുന്നതാണ്. കേന്ദ്രം സ്വീകരിക്കുന്ന സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതമായി കേരളത്തിന് ധാരാളം സാമ്പത്തിക പ്രയാസങ്ങളുണ്ട്. കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള നിഷേധാത്മക നിലപാട് കേരളത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളെ രൂക്ഷമാക്കുന്നു. കേന്ദ്ര ഭരണകൂടത്തിന്റെ ഓരോ നിലപാടുകൾക്ക് പിന്നിലും കേരളത്തോടുള്ള രാഷ്ട്രീയരൗദ്രം കൂടിവരികയാണ്, അത് വാക്സിൻ നൽകുന്ന കാര്യത്തിലുൾപ്പെടെയുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ 3.82 ശതമാനം ഇടിവുണ്ടായി.

2.00 P.M.]

കോവിഡ് മഹാമാരിമൂലം വളർച്ചാനിരക്ക് കുറയുകയും പൊതുവരുമാനത്തിൽ 18.77 ശതമാനം ഇടിവുണ്ടാകുകയും ചെയ്തു. ഇതെല്ലാമുണ്ടാക്കുന്ന സാഹചര്യങ്ങളെ പരിഗണിക്കാൻ കേന്ദ്രഗവൺമെന്റ് സന്നദ്ധമാകുന്നില്ല. സംസ്ഥാനത്തിന് നിയമാനുസൃതം ലഭ്യമാകേണ്ട അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം അനുവദിക്കുന്നതിലുണ്ടായ ബോധപൂർവ്വമായ കാലതാമസവും അനിശ്ചിതത്വവും സംസ്ഥാനത്തെ പ്രതിസന്ധി സങ്കീർണ്ണമാക്കുകയുണ്ടായി. പെട്രോളിയം ഉല്പന്നങ്ങളുടെ സെസ്സുകളിന്മേൽ സംസ്ഥാനങ്ങൾക്ക് നൽകേണ്ട, വിഭജിക്കാവുന്ന നികുതിയിനത്തിൽ കുറവുണ്ടാക്കിയതിന്റെ ഫലമായി സമ്പദ്ഘടനയിൽ പ്രതികൂല സാഹചര്യമുണ്ടാക്കുകയും സംസ്ഥാനങ്ങൾക്ക് വലിയ അളവിൽ വായ്പ എടുക്കേണ്ടിവരികയും തൽഫലമായി റവന്യൂകമ്മി ഗണ്യമായി ഉയരാനുള്ള സാഹചര്യവും സൃഷ്ടിക്കപ്പെട്ടു. 5 വർഷത്തെ നികുതി നഷ്ടം 72,670 കോടി രൂപയാണ്. കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽനിന്ന് സംസ്ഥാനവിഹിതം ഉയർത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അതിലെന്തെല്ലാം പ്രതികരണമുണ്ടായി എന്നറിയില്ല, ചില അനുകൂല നീക്കങ്ങളുണ്ടായെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. പെട്രോളും ഡീസലും ജി.എസ്.ടി.-യുടെ കീഴിലാക്കുന്നതിനെ ധനകാര്യ വകുപ്പുമന്ത്രിമാർ എതിർക്കുകയും കോവിഡ് പ്രതിരോധ ഉപകരണങ്ങൾക്ക് 5 ശതമാനം നികുതി മാത്രമെ നൽകാൻ കഴിയുകയുള്ളൂവെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ കേന്ദ്ര സർക്കാരിൽനിന്നും പ്രതികരണമുണ്ടായിട്ടില്ല. കോവിഡ് പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതിനുപോലും കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലുള്ള കർശനമായ നിലപാട് സ്വീകരിക്കുകയാണ് ചെയ്യുന്നത്. ജില്ലാഭരണകൂടവും തദ്ദേശ ഭരണസ്ഥാപനങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നതാണെന്ന കാഴ്ചപ്പാടാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിന്റെ ഫലമായി 3,298 കോടി രൂപയാണ് അനുവദിച്ചത്. പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിലുൾപ്പെടെ തദ്ദേശ ഭരണസ്ഥാപനങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുകയുണ്ടായി. ഭവനനിർമ്മാണ

രംഗത്ത് പ്രതിവർഷം ഒരുലക്ഷം വീട് നിർമ്മിക്കാൻ പരിപാടി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. രണ്ടര ലക്ഷം വീടുകൾ കഴിഞ്ഞവർഷം പൂർത്തീകരിച്ചു. 2021-ൽ ഒന്നരലക്ഷം വീടുകൾക്കൂടി നിർമ്മിക്കുമെന്നാണ് ഭവനനിർമ്മാണ വകുപ്പിനുവേണ്ടി പ്രഖ്യാപനം നടത്തിയത്.

പ്രകൃതിക്ഷോഭവും പ്രളയവും അഭൂതപൂർവ്വമായ ഒരു ദുരന്ത സാഹചര്യം സൃഷ്ടിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന സ്വീകരിക്കുകയും ജനങ്ങൾ സഹകരണം നൽകുകയുംചെയ്തു. കേരളത്തിന്റെ പുനഃസൃഷ്ടിയാണ്, നവകേരള സൃഷ്ടിയാണെന്ന് പറഞ്ഞപ്പോൾത്തന്നെ ഈ പ്രവർത്തനങ്ങളിൽ ജാതി-മത-രാഷ്ട്രീയ ഭേദമെന്യേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ട് സാധാരണ ജനങ്ങൾ സഹകരിച്ചു. സംസ്ഥാനത്തെ ഒരാൾപോലും പട്ടിണികിടക്കരുതെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് പ്രളയകാലത്തും അല്ലാതെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത്തരത്തിലുള്ളവരെ സഹായിക്കുന്നതിനായി ഭക്ഷ്യവിതരണം നടത്താൻ തീരുമാനിച്ചത്. കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ ധാരാളം പ്രകൃതിദുരിതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രമായി ഒന്നുംചെയ്യാൻ കഴിയില്ല. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ കേരളത്തിന്റെ ഒരു പ്രത്യേകതയാണ് കടലാക്രമണം. കടലാക്രമണം ഇത്തരത്തിൽ തുടർന്നാൽ കേരളത്തിന്റെ ഭൗതിക രൂപം കുറഞ്ഞുവരും. കേരളത്തിലുണ്ടാകുന്ന കടലാക്രമണം ഒരു ദേശീയ ദുരന്തമായി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് സഹായം നൽകാൻ നിലപാട് സ്വീകരിച്ചാൽമാത്രമെ കടലാക്രമണ ദുരന്തത്തെ നേരിടാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ തീരസംരക്ഷണത്തിന് അയ്യായിരം കോടിരൂപയുടെ പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിനുമുമ്പ് താൽക്കാലികമായി വീടുകൾ നൽകുന്നതിനുള്ള പരിപാടികൂടി വേണമെന്ന് സൂചിപ്പിക്കുന്നു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് വളരെ സുപ്രധാനമായ കാര്യങ്ങൾ അടുത്തകാലത്ത് നടന്നിട്ടുണ്ട്. ഓരോ ജില്ലയിലും അതാത് ജില്ലകളിലെ എം.എൽ.എ.-മാരും ജില്ലാകളക്ടറും ഉത്തരവാദിത്വമുള്ള റവന്യൂ ഉദ്യോഗസ്ഥരുമുൾപ്പെടുന്ന യോഗം കഴിഞ്ഞദിവസം വിളിച്ചുചേർക്കുകയും വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാനും ജനകീയ ജീവിതത്തിന്റെ ഒരു സ്പന്ദനമായി പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകളെ കൂടുതൽ ജനകീയവൽക്കരിക്കാനും തീരുമാനിക്കുകയും സാങ്കേതിക-ഭൗതികസൗകര്യങ്ങൾ നൽകുന്ന പരിപാടികളെക്കുറിച്ച് പ്രസ്തുത യോഗത്തിൽ ആലോചന നടത്തുകയും ചെയ്തു. നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 12,000 പട്ടയങ്ങളുടെ വിതരണത്തിനുള്ള പരിപാടികളാണ് നിർവ്വഹിക്കാൻ

പോകുന്നതെന്ന് അദ്ദേഹം പ്രഖ്യാപിച്ചുകഴിഞ്ഞു. ഭൂമി തരംമാറ്റൽ നടപടിയുമായി ബന്ധപ്പെട്ട് അതിന്റെ വ്യക്തത കൈവരുത്തുമെന്ന് എല്ലാവർക്കുമറിയാം. റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനജീവിതവുമായി ബന്ധപ്പെട്ടതാണ്. പ്രകൃതിക്ഷോഭ മുണ്ടാകുമ്പോൾ റവന്യൂ വകുപ്പിനാണ് കൂടുതൽ നഷ്ടമുണ്ടാകുന്നത്. വീടുകൾക്ക് നാശം, കൃഷിക്ക് നാശനഷ്ടം തുടങ്ങി ഒരുപാട് ദുരന്തങ്ങൾ ഏറ്റെടുക്കേണ്ടി വരുന്നുവെന്നത് മറ്റൊരു വസ്തുതയാണ്. ആ സന്ദർഭത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ട ഉത്തരവാദിത്വംകൂടി ഏറ്റെടുക്കേണ്ടിവരുമ്പോൾ അതിന്റെ ഗൗരവം വളരെയധികം വലുതാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. വകുപ്പുകളുടെ സംയോജനംകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾക്ക് ഏകീഭാവംനൽകി മുന്നോട്ടുപോകാൻ കഴിയുന്നതാണ്. ആനുകൂല്യങ്ങളും സഹായങ്ങളും നൽകുമ്പോൾ പ്രാഥമികമായും പരിചിന്തനംചെയ്ത് അതിൽ വസ്തുതാപരവും സത്യസന്ധവുമായ കാര്യങ്ങളാണോയെന്ന് പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരുടെ വിന്യാസം ഫലപ്രദമാക്കി നടത്തേണ്ടതുണ്ട്. പ്രളയ-കോവിഡ് കാലത്തായാലും ജനജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വില്ലേജ് ഓഫീസുകളിൽ വരുന്നത് എന്നതിനാൽ പരിഷ്കരണ പരിപാടികൾ കാര്യക്ഷമമായി നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കുകയാണ്. 'എല്ലാപേർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നൊരു സന്ദേശം സമ്പൂർണ്ണമായും സാർത്ഥകമാക്കാൻ നടത്തിക്കൊണ്ടിരിക്കുന്ന പ്രാരംഭപ്രവർത്തനങ്ങളുടെ മുന്നോടിയായിട്ടാണ് ജില്ലകൾതോറും ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് വിളിച്ചുചേർത്തിട്ടുള്ള യോഗനടപടികൾ.

നിരവധി പട്ടയ വിതരണ പരിപാടികൾ പൂർത്തീകരിക്കുന്നതിന് ജീവനക്കാരെ നിയോഗിക്കുക, ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് നടത്തുന്ന പ്രവൃത്തി, ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തനം, സംസ്ഥാനത്തൊട്ടാകെ കേസുകളിൽപ്പെട്ടുകിടക്കുന്ന സർക്കാർ ഭൂമി കൈയേറ്റക്കാരിൽനിന്ന് ഒഴിപ്പിച്ച സംഭവങ്ങൾ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ശക്തമാക്കുന്ന ഭേദഗതി നടപ്പിലാക്കുക, പ്രകൃതിയുമായി ബന്ധപ്പെട്ട നടപടി തുടങ്ങിയ കാര്യങ്ങളുമായി മുന്നോട്ടു പോകുന്നതിന് വകുപ്പുമന്ത്രി സ്വീകരിച്ച നിലപാട് തീർച്ചയായും അഭിനന്ദനീയവും മാതൃകാപരവുമാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു പരമാർശത്തെക്കുറിച്ച് അഭിപ്രായം പറഞ്ഞുയെന്ന് ബഹുമാനപ്പെട്ട അംഗം ഡി. കെ. മുരളി അദ്ദേഹത്തിന്റെ സംസാരമദ്ധ്യേ സൂചിപ്പിച്ചത് സുപ്രീം കോടതിയുടെ അഭിപ്രായമല്ല,

വിധിയെക്കുറിച്ചാണ്. 13-3-2015-ൽ ഞാനീ സഭയിലുണ്ട്; നിയമസഭയ്ക്ക് അന്നൊരു കറുത്ത ദിനമായിരുന്നു. ലോകത്തെമ്പാടുമുള്ള മലയാളികൾ തലകുനിച്ച ദിവസമായിരുന്നു. അത്രമാത്രം അപഹാസ്യമായ കാര്യങ്ങൾക്കാണ് നിയമസഭാവേദി സാക്ഷ്യം വഹിച്ചത്. അങ്ങനെയുള്ള ഒരു കേസ് പിൻവലിക്കണമെന്ന് ആശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ പോയി. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത് നിയമ സഭാംഗങ്ങൾക്ക് പ്രിവിലേജുണ്ടെന്നാണ്. ശരിയാണ്; പ്രിവിലേജുണ്ട്; അതിന് പരിമിതികളുണ്ടെന്നും പറഞ്ഞു. നിയമസഭ തല്ലിപ്പൊളിക്കാനുള്ള പ്രിവിലേജല്ല. അത് എല്ലാപേരെയും ബോദ്ധ്യപ്പെടുത്തുന്ന ഒന്നാണ് ഇന്നത്തെ സുപ്രീംകോടതി വിധി എന്നുമാത്രമെ ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നുള്ളൂ.

കേരളത്തിന്റെ സാമ്പത്തിക ചിത്രം മനസ്സിലാക്കണമെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ നാട്ടിൻപുറങ്ങളിലും ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും പ്രയാസപ്പെടുന്ന ജനതയുണ്ട്; ഏത് മേഖലയിലുമുള്ളവരുമാകട്ടെ ആ പ്രദേശങ്ങളിലൊക്കെ അവർ ഒന്നരവർഷമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കണം. താങ്കൾക്ക് പരിമിതികളുണ്ടാകും, പക്ഷെ അതിനുള്ളിൽനിന്ന് ചെയ്യാനുള്ള ശ്രമം നടത്തണമെന്നാണ് ആമുഖമായി അഭ്യർത്ഥിക്കാനുള്ളത്. സാമ്പത്തിക പ്രതിസന്ധി കേരളത്തിൽ മാത്രമല്ല, ലോകത്താകെയും ഇന്ത്യയിലുമുണ്ട്. ലോകത്ത് കോവിഡ് മഹാമാരി മാത്രമാണുള്ളതെങ്കിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം കോവിഡ് മഹാമാരിയും കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് നിരോധനവുമുണ്ട്. കേരളത്തിലേയ്ക്ക് കടന്നുവരുമ്പോൾ മൂന്നാമത് ഒരുകാര്യംകൂടിയുണ്ട്; അതാണ് ശ്രദ്ധിക്കേണ്ടത്. കഴിഞ്ഞ അഞ്ചുവർഷത്തെ സാമ്പത്തിക നയങ്ങളുടെ കാഴ്ചപ്പാടിന്റെ തകർച്ചയാണ് ഇന്നനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. സാമ്പത്തികരംഗത്ത് കഴിഞ്ഞ അഞ്ചുവർഷം ഏത് രീതിയിലാണ് മുന്നോട്ടുപോയതെന്ന് വിശദീകരിക്കണമെങ്കിൽ ഏറെ സമയം വേണ്ടിവരും. പക്ഷേ ഒരുകാര്യം സൂചിപ്പിക്കാം. നികുതി വരുമാനത്തിന്റെ വളർച്ചാനിരക്ക് 2015-16-ൽ 10.68 ശതമാനമായിരുന്നു. 2019-20-ൽ നെഗറ്റീവ് ഗ്രോത്തായിരുന്നു; -.63 ശതമാനമാണ്. നികുതി ഇത്രമാത്രം കുറഞ്ഞത് കോവിഡ് സാഹചര്യമായതുകൊണ്ട് മാത്രമല്ല, ഗവൺമെന്റിന്റെ പിടിപ്പു കേടുകൊണ്ടുമാണ്. പിടിച്ചെടുക്കേണ്ട നികുതിക്കുടിശ്ശികയായ അയ്യായിരത്തോളം കോടി രൂപ തിരിച്ചുപിടിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അന്തരീക്ഷം നന്നായശേഷം നികുതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നാണ് ബഡ്ജറ്റവതരിപ്പിച്ച് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. നികുതി വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചാലോചിക്കാതെ നിലവിലുള്ള

നികുതിക്കുടിശ്ശിക എങ്ങനെ പിരിച്ചെടുക്കാമെന്നാണ് പരിശോധിക്കേണ്ടത്. വമ്പൻ സ്രാവുകളിൽനിന്നും നികുതി പിരിച്ചെടുക്കാനുള്ള കരുത്ത് കാണിക്കുന്നതിലാണ് ഗവൺമെന്റിന്റെ നിശ്ചയദാർഢ്യം. നികുതിയേതര വരുമാനത്തിന്റെ വളർച്ചാനിരക്ക് പരിശോധിക്കണം. 2015-16-ൽ 15.68 ശതമാനമായിരുന്നെങ്കിൽ 2019-20-ൽ അത് 4.9 ശതമാനമായി മാറിയിരിക്കുകയാണ്. എന്താണ് ഈ ഗവൺമെന്റ് ചെയ്യുന്നത്? നികുതി പിരിക്കുന്ന കാര്യത്തിലെടുക്കുന്ന നിലപാടിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്, നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോകുന്നില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസങ്ങളാണെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ ജനങ്ങളാണ് ബുദ്ധിമുട്ടുന്നത്. ഗവണ്മെന്റിനെന്തെങ്കിലും പ്രയാസമുണ്ടെന്ന് തോന്നുന്നില്ല. കേരള ഗവണ്മെന്റ് മാത്രമല്ല, ഇന്ത്യയിലെ മറ്റ് സംസ്ഥാന ഗവണ്മെന്റുകൾ കഴിഞ്ഞ കുറെ വർഷങ്ങളായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട കാര്യമെന്താണ്? ജി.എസ്.ഡി.പി.-യുടെ മൂന്നുശതമാനംമാത്രം വായ്പയെടുക്കാനുള്ള അനുവാദം അഞ്ചുശതമാനമാക്കണമെന്ന് മാറിമാറിവരുന്ന ഗവൺമെന്റുകളൊക്കെ പറഞ്ഞിട്ടുള്ളതാണ്. വായ്പയെടുക്കാനുള്ള അനുവാദം 2020-2021-ൽ അഞ്ചുശതമാനമാക്കി ഉയർത്തിയില്ലേ? കഴിഞ്ഞ സർക്കാർ 45,000 കോടി രൂപ വായ്പയെടുത്തില്ലേ; അതുകൂടാതെ ജി.എസ്.ടി.-യുടെ കോമ്പൻസേഷൻ കഴിഞ്ഞവർഷം വർദ്ധിപ്പിച്ചില്ലേ; ഏതാണ്ട് പതിനായിരം കോടിരൂപയോളം ലഭിച്ചില്ലേ? ഇത്രയും വലിയ വരുമാനം നിങ്ങൾക്കുണ്ടായി. ഇവിടെ നികുതി വരുമാനം കുറഞ്ഞിട്ടുണ്ടെന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ചോദിക്കട്ടെ, ഇത്രയും വലിയ തുക ലഭിച്ചിട്ടും കോവിഡിനെ നേരിടുന്നതിൽ നിങ്ങൾ എന്തുചെയ്തുവെന്നാണ് പറയുന്നത്? കിറ്റുകൊടുത്ത വകയിൽ അയ്യായിരം കോടിരൂപ ചെലവായിയെന്ന് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞങ്ങളംഗീകരിക്കുന്നു. ബാക്കിതുക നിങ്ങൾ എന്തുചെയ്തു? ഇത്രയും തുക വായ്പയെടുത്തിട്ടും കോവിഡിനെ നേരിടുന്നതിൽ പരിപൂർണ്ണ പരാജയമായി. ഇന്ന് വാക്സിനേഷൻ എവിടെയും ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് നൽകട്ടെയെന്നാണ് സർക്കാർ പറയുന്നത്. ആയിരം കോടി രൂപ വാക്സിനേഷനുവേണ്ടി നീക്കിവയ്ക്കുന്നുവെന്ന് അങ്ങുതന്നെയല്ലേ പറഞ്ഞത്. വായ്പയെടുക്കുന്ന തുകയിൽ നിന്നും ആയിരംകോടി രൂപയെടുത്ത് വാക്സിനേഷൻ സൗകര്യം എന്തുകൊണ്ട് ചെയ്തുകൊടുക്കാൻ കഴിയുന്നില്ല? ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്യുന്നില്ല, നിങ്ങൾ ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്നാണ് പറയുന്നത്. അത് മറ്റൊന്നുമല്ല, പി.ഡബ്ല്യു.ഡി., ജലവിഭവ വകുപ്പുകളുടെ കുടിശ്ശിക തീർത്തു. അതല്ലാതെ കോവിഡിനെ നേരിടുന്നതിൽ യാതൊന്നും ചെയ്യുന്നില്ല. യഥാർത്ഥത്തിൽ

നിങ്ങളുടെ സാമ്പത്തിക സ്രോതസ്സും 2019-20, 2020-2021 വർഷങ്ങളിൽ കേന്ദ്ര ഗവണ്മെന്റിന്റെ സഹായമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ, ഗവണ്മെന്റിന് മുന്നോട്ടുപോകാൻ ധാരാളം ഫണ്ട് കിട്ടിയിട്ടുണ്ട്; മറ്റുചെലവുകളില്ലല്ലോ; റവന്യൂ വരുമാനം കുറയുന്നതിനനുസരിച്ച് പദ്ധതികൾ വെട്ടിക്കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. 2017-18, 2018-19, 2019-20 കാലയളവിൽ പദ്ധതികൾ ഇരുപതുമുതൽ മുപ്പതുശതമാനംവരെ കുറഞ്ഞു. നികുതി വരുമാനം കുറയുന്ന സ്ഥാനത്ത് പദ്ധതികൾ വെട്ടിക്കുറയ്ക്കുന്നുണ്ട്. പക്ഷേ ഇത്തരം വായ്പകളെടുത്തശേഷവും ജനങ്ങളനുഭവിക്കുന്ന പ്രയാസത്തിന് പരിഹാരം കാണാൻ നിങ്ങളൊന്നും ചെയ്യുന്നില്ല. വ്യാപാരി-വ്യവസായി സമിതിയുടെ റിപ്പോർട്ടിൽ പറയുന്നത്, ജി.എസ്.ടി.-യിൽ രജിസ്റ്റർചെയ്ത ഇരുപതിനായിരം കടകളാണ് ഈയൊരു കാലഘട്ടത്തിൽ അടച്ചുപൂട്ടിയതെന്നാണ്. അങ്ങനെയെങ്കിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു; എത്രപേർക്ക് സാമ്പത്തിക നഷ്ടമുണ്ടാകും? അത് പരിഹരിക്കുന്നതിനൊന്നും ചെയ്തില്ല. ഇന്നലെ ഞങ്ങൾ ഇക്കാര്യം സൂചിപ്പിച്ചപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് അയ്യായിരം കോടിരൂപ അതിനുവേണ്ടി നീക്കിവച്ചുവെന്നാണ്. ഇത്രയുംതുക ചെലവഴിച്ചുകൊണ്ട് ബാക്കി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് പറയണം. നിങ്ങൾക്ക് ഈ കോവിഡ് കാലഘട്ടം ഏറ്റവും നല്ലസമയമാണ്. നാട്ടിൻപുറങ്ങളിൽ വീടുകളിലൊക്കെ 'ശ്രീഗുരുവായൂരപ്പൻ ഈ വീടിന്റെ ഐശ്വര്യം' എന്നെഴുതി വയ്ക്കാറുള്ളതുപോലെ 'കോവിഡ്-19 ഈ ഗവൺമെന്റിന് ഐശ്വര്യം' എന്നെഴുതിവയ്ക്കേണ്ട അവസ്ഥയിലാണ്. ജനങ്ങൾക്ക് പെൻഷൻ കൊടുക്കുന്നു, മുമ്പും കൊടുക്കുന്ന കാര്യം നിങ്ങൾ തുടർന്നിട്ടുണ്ടെന്നേയുള്ളൂ; അതിന് ഞങ്ങൾ എതിര് പറയുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിൽ പെൻഷൻപോലും കൊടുക്കുന്നില്ലെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. പഞ്ചാബ് ചൈനയിലൊന്നുമല്ലല്ലോ ഇന്ത്യയിൽത്തന്നെയല്ലേ? ഗവൺമെന്റിന്റെ കാര്യങ്ങൾ വെബ്സൈറ്റിൽ പരിശോധിച്ചുനോക്കണം. ഇന്നലെ ഞാൻ വെബ്സൈറ്റ് നോക്കിയപ്പോൾ കണ്ടത്, കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പ്രതിമാസം 1,500 രൂപ പെൻഷനും ബിരുദതലംവരെ സൗജന്യ വിദ്യാഭ്യാസവും. കോവിഡ് മരണമുണ്ടായ കുടുംബത്തിന് ആ സമയത്ത് 51,000 രൂപ ധനസഹായം, മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് വിവാഹ ധനസഹായമായി 51,000 രൂപയും കുടുംബത്തിന് 5 ലക്ഷം രൂപയുടെ ഹെൽത്ത് ഇൻഷ്വറൻസ് എന്നിങ്ങനെയാണ് നൽകുന്നത്. കോൺഗ്രസ്സ് ഭരിക്കുന്ന മറ്റൊരു സംസ്ഥാനമായ രാജസ്ഥാനിൽ കോവിഡ്-19 മൂലം അനാഥരായ കുട്ടികൾക്ക് 18 വയസ്സ് തികയുമ്പോൾ അഞ്ചുലക്ഷംരൂപ ലഭിക്കാനുള്ള പദ്ധതിയും അടിയന്തര

സഹായമായി ഒരു ലക്ഷംരൂപയും നൽകുന്നു; വിധവയായ സ്ത്രീകൾക്ക് നിലവിലുള്ള പെൻഷൻകൂടാതെ 1,500 രൂപ പ്രതിമാസ പെൻഷനും കുട്ടികളെ വളർത്തുന്നതിന് 1,000 രൂപയും നൽകിക്കൊണ്ടിരിക്കുന്നു. ഛത്തീസ്ഗഢിലെ കാര്യവും പരിശോധിക്കണം. അവിടെയെല്ലാം മറ്റ് ഗവൺമെന്റുകൾക്ക് ചെയ്യാൻകഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. തമിഴ്നാട്ടിൽ സാമ്പത്തികപ്രയാസമുള്ള കോവിഡ് ബാധിച്ച ഓരോ കുടുംബത്തിനും നാലായിരം രൂപവീതം സഹായം നൽകി. നിങ്ങൾ അത്തരം നിലപാടുകളെടുത്താൽ ഞങ്ങളംഗീകരിക്കാം. കിറ്റ് കൊടുത്തതുപോലെ, ഒറ്റത്തവണ സഹായംപോലും നിങ്ങൾക്ക് നൽകാൻ കഴിയുന്നില്ലല്ലോ; ഈ ഗവണ്മെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പണമെങ്ങനെ കണ്ടെത്താമെന്ന് ആലോചിക്കണം. പി.ഡബ്ല്യൂ.ഡി., ജലവിഭവ വകുപ്പുകളുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർത്തു, അതിന് ഗവൺമെന്റ് വേറെ പണം കണ്ടെത്തണ്ടേ? കോവിഡുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് ഈ പണം ചെലവഴിക്കേണ്ടത്. ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ മറുപടി പറഞ്ഞപ്പോൾ അയ്യായിരം കോടി രൂപ കിറ്റിന് കൊടുത്തുവെന്ന് പറഞ്ഞു. അതിനപ്പുറം വ്യത്യസ്ത സെക്ടറുകളിൽ നിങ്ങൾ എന്തൊക്കെ സഹായം നൽകിയെന്ന് പറയാനുള്ള താൽപ്പര്യം കാണിക്കണമെന്നാണ് പറയാനുള്ളത്. ഒന്നുംചെയ്യാതെ എല്ലാവരും വാചകക്കസർത്തുകൊണ്ട് കേരളം മാറ്റിമറിച്ചുവെന്ന് പറയുകയാണ്. യഥാർത്ഥ ചിത്രം എന്താണെന്നന്വേഷിക്കണം. ഇന്നത്തെ സാഹചര്യത്തിൽ കോവിഡുകൊണ്ട് വിറങ്ങലിച്ചുനിൽക്കുന്ന കേരളത്തിന്റെ രേഖാചിത്രം ഇന്നലെ പ്രതിപക്ഷനേതാവ് അവതരിപ്പിച്ചപ്പോൾ നിങ്ങളതിനെ പരിഹസിക്കുകയാണ് ചെയ്തത്. അങ്ങനെയല്ല ചെയ്യേണ്ടത്. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾകണ്ട് ഈ സാഹചര്യത്തെ അതിജീവിക്കാനുള്ള പിന്തുണ കേരളത്തിലെ ജനങ്ങൾക്ക് നൽകാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന്]

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം എ. പി. അനിൽകുമാർ മറ്റുസംസ്ഥാനങ്ങളിൽ ചെയ്ത നല്ലകാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അതിനേക്കാളേറെ കാര്യങ്ങൾചെയ്ത സംസ്ഥാനമാണിത്. നല്ല വാക്കുകൾ പറഞ്ഞില്ലെങ്കിലും അദ്ദേഹത്തിന് കുത്തുവാക്കുകൾ പറയാതിരിക്കാമായിരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ സഭയുടെ മുമ്പിൽ പ്രതിപാദിക്കാൻ ആഗ്രഹിക്കുകയാണ്. കോവിഡ് മഹാമാരിമൂലം ജനങ്ങളുടെ ജീവനും ജീവനോപാധികളുമെല്ലാം

നഷ്ടമാകുമ്പോഴും ഇന്ത്യാരാജ്യം ഭരിക്കുന്ന കേന്ദ്രസർക്കാരിന് ഇതിനെക്കുറിച്ച് ധാരണയുമില്ല, ഉത്കണ്ഠയുമില്ല. ഒരു നേരത്തെ അന്നത്തിന് വകയില്ലാതെ ജനങ്ങൾ യാചകരായി മാറാൻ ഇടയാകരുതെന്ന് കേന്ദ്രസർക്കാരിനെ ഓർമ്മിപ്പിച്ച മുൻ ആർ.ബി.ഐ. ഗവർണർ ശ്രീ. രഘുറാം രാജന്റെ വാക്കുകളാണ് ഈ അവസരത്തിൽ ഓർമ്മവരുന്നത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയെയും വികസനത്തെയും പിന്നോട്ടടിക്കുന്ന നീക്കങ്ങളാണ് കേന്ദ്രസർക്കാരിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കോവിഡ് പ്രതിസന്ധിയിൽപ്പോലും ജനദ്രോഹ പരമായ നവലിബറൽ പരിഷ്കാരങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാരിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പെട്രോൾ വിലവർദ്ധനയിലും മറ്റ് സാമ്പത്തിക കാര്യത്തിലും സാധാരണക്കാരന്റെ നടുവൊടിക്കുന്നതും എന്നാൽ കുത്തകകളെ പ്രീണിപ്പിക്കുന്ന നടപടികളുമാണ് കേന്ദ്ര സർക്കാരിൽനിന്ന് തുടർച്ചയായി ഉണ്ടാകുന്നത്. ജി.എസ്.ടി.-യുടെ കാര്യത്തിൽ വ്യാപാരികൾക്കോ ഉപഭോക്താക്കൾക്കോ സർക്കാരിനോ യാതൊരു ഗുണവും ലഭിക്കാത്ത രീതിയിലാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജി.എസ്.ടി.-യെക്കുറിച്ച് പ്രൊഫ. പ്രഭാത് പട്നായിക് പറഞ്ഞത് 'ജി.എസ്.ടി. ധൃതിപിടിച്ച് നടപ്പിലാക്കി എന്നുള്ളതല്ല പ്രശ്നം; മറിച്ച്, ജി.എസ്.ടി. തന്നെ തെറ്റായ നടപടിക്രമമായിരുന്നു' എന്നാണ്. നികുതിപിരിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അധികാരമാണ് ഇതോടെ ഇല്ലാതായത്. പകരം കേന്ദ്ര സർക്കാരിന് മേൽക്കയ്യുള്ള ജി.എസ്.ടി. കൗൺസിൽ നിലവിൽ വന്നുവെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. 'ഒരു രാഷ്ട്രം, ഒരു വിപണി' എന്ന ബി.ജെ.പി.-യുടെ രഹസ്യ അജണ്ടയും വിപണികളുടെ ഏകീകരണത്തിന് ജി.എസ്.ടി. വേണമെന്ന തെറ്റായ സമീപനവുമാണ് ഇതിലൂടെ നടപ്പിലാക്കിയത്. മുതലാളിത്ത രാജ്യമായ അമേരിക്കയിൽപ്പോലും ജി.എസ്.ടി. സംവിധാനമില്ലെന്ന കാര്യം ഓർക്കുന്നത് നന്നായിരിക്കും. സാമ്പത്തികമായും സാമൂഹ്യപരമായും വൈവിദ്ധ്യമാർന്ന ഒരു രാജ്യത്ത് 'ഒരു രാഷ്ട്രം, ഒരു വിപണി' എന്നത് എത്രത്തോളം പ്രായോഗികമാണെന്നെനിക്ക് സംശയമുണ്ട്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ ജി.എസ്.ടി. കൗൺസിലുകൾ കവർന്നെടുക്കുന്നുവെന്ന ആശങ്ക സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള ഇടതുപക്ഷ പാർട്ടികൾ നേരത്തെതന്നെ പങ്കുവച്ചിട്ടുള്ളതാണ്. നികുതി നിശ്ചയിക്കാനും പിരിക്കാനുമുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങൾ നഷ്ടപ്പെട്ട അവസ്ഥയാണ് നിലവിലുള്ളത്. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാര്യത്തിലെന്താണ് സംഭവിച്ചതെന്ന് നാം കണ്ടതാണ്. കോവിഡ് മഹാമാരിയിൽ വരുമാനമിടിഞ്ഞതിനാൽ കേന്ദ്ര സർക്കാരിൽനിന്നുള്ള നഷ്ടപരിഹാരം മാത്രമായിരുന്നു കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ആശ്രയം. എന്നാൽ ഈ തുക യഥാസമയം നൽകാതെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി

താറുമാറാക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും നിരന്തരമായ ഇടപെടലുകൾ കൊണ്ടാണ് നഷ്ടപരിഹാരയിനത്തിൽ 4,524 കോടിരൂപ കഴിഞ്ഞ ആഴ്ച ലഭിച്ചതെന്നാണ് മനസ്സിലാക്കുന്നത്. ഇതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്.

എൽ.ഡി.എഫ്. സർക്കാരിന്റെ മികച്ച പദ്ധതികളിലൊന്നാണ് ലൈഫ് മിഷൻ. സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുകൾപ്രകാരം സംസ്ഥാനത്ത് 4.32 ലക്ഷം കുടുംബങ്ങളാണ് ഭവനരഹിതർ. ഇതിൽ 1.58 ലക്ഷം പേർ ഭൂമിയില്ലാത്ത ഭവനരഹിതരാണ്. ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നതിൽ ഭൂരിഭാഗവും ഭൂമിയില്ലാത്ത ഭവനരഹിതരാണ്. ഭവനരഹിതരിൽ 10.4 ശതമാനം ആളുകൾക്ക് തങ്ങളുടെ ഭവനങ്ങൾ പണിതീർത്തെടുക്കാൻ കഴിയാത്തവരാണ്. അധിക ഫണ്ട് ആവശ്യമുള്ളവരായി വരുന്നവരും ഇത്തരത്തിൽപ്പെടുന്നവരാണ്. സ്വന്തമായി ഒരു പാർപ്പിടമെന്നത് ഏതൊരാളുടെയും സ്വപ്നമാണ്. സാധാരണക്കാരന്റെ പാർപ്പിടമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയ പദ്ധതിയാണ് ലൈഫ് മിഷൻ. മാതൃകാപരമായി ലൈഫ് മിഷൻ നടപ്പിലാക്കിയ എൽ.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കുന്നു. മാതൃവകുപ്പായ റവന്യൂ വകുപ്പ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് യാഥാസ്ഥിതിക ഭരണശൈലിയിൽനിന്നും നവീനഭരണക്രമങ്ങളിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി നിരവധി ഭരണനിർവ്വഹണ പ്രവർത്തനങ്ങൾ വകുപ്പ് നിർവഹിച്ചുവരികയാണ്. റവന്യൂ വരുമാനം, ഭൂമി സംരക്ഷണം, ഭൂവിനിയോഗം, ഭൂവിതരണം, ദുരന്തനിവാരണം, തെരഞ്ഞെടുപ്പ്, കാനേഷുമാരി, പൗരാവകാശ സംരക്ഷണം, ഭൂരേഖാ സംരക്ഷണം, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ റവന്യൂ വകുപ്പിൽ കാര്യക്ഷമമായി കൈകാര്യം ചെയ്തുവരുന്നു. റവന്യൂ വകുപ്പിനുകീഴിൽ നട്ടെല്ലായി പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനമാണ് വില്ലേജ് ഓഫീസുകൾ. ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിച്ചുകൊണ്ടിരിക്കുന്ന വില്ലേജ് ഓഫീസുകളുടെ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു; എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്, റവന്യൂ സെക്രട്ടേറിയറ്റ്, സ്മാർട്ട് വില്ലേജ്, ഇ-ഡിസ്ട്രിക്ട്, ആർ. ആർ. ഓൺലൈൻ (Revenue Recovery), സംയോജിത ഓൺലൈൻ പോക്കുവരവ്, കേരളത്തിലെ റവന്യൂ, ദുരന്തനിവാരണ വകുപ്പുകളിലെ ജീവനക്കാർക്കുള്ള പരിശീലന കേന്ദ്രം, എം.എൽ.എ.-മാർ, കളക്ടർമാർ എന്നിവരുമായുള്ള കൂടിക്കാഴ്ച, ലാൻഡ് ട്രൈബ്യൂണലുകൾ തുടങ്ങിയവ

ആ പദ്ധതികളിൽ വരുന്നു. വിവിധ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കേണ്ട 1,27,242 കേസുകൾ അടുത്ത ഒരുവർഷത്തിനകം പൂർണ്ണമായും തീർപ്പാക്കാനുള്ള ആക്ഷൻ പദ്ധതി റവന്യൂ വകുപ്പ് നടപ്പിലാക്കി വരികയാണ്. ഈ അവസരത്തിൽ റവന്യൂ വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. നിലവിൽ എഴുപത്തിയേഴ് താലൂക്ക് ലാൻഡ് ബോർഡുകളിലുള്ള 1,295 മിച്ചഭൂമിക്കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് പട്ടയംനൽകുന്നതിന് നടപടികൾ സ്വീകരിക്കണം. എന്റെ മണ്ഡലമായ കുന്നത്തുനാട്ടിൽ നിരവധി ആളുകൾ ഇത്തരത്തിൽ പട്ടയത്തിനായി കാത്തിരിക്കുന്ന വിവരം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. വിദേശ കമ്പനികൾക്ക് പാട്ടത്തിന് കൊടുത്ത ഭൂമിയിൽ സർക്കാരിന്റെ അവകാശം സ്ഥാപിക്കുന്നതിനു വേണ്ടി ആറ് സിവിൽ കേസുകളാണ് ഇതിനോടകം ഫയൽ ചെയ്തിരിക്കുന്നത്. ഹാരിസൺസ് ഉൾപ്പെടെയുള്ള കമ്പനികളുടെ കൈവശം രേഖകളില്ലാത്ത രണ്ടരലക്ഷത്തിലധികം ഏക്കർ ഭൂമികൂടി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികളെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

അടുത്തതായി കാർഷിക-കാർഷികേതര നികുതിയുടെ കാര്യമാണ് പറയാനുള്ളത്. കൃഷി കാലാകാലങ്ങളായി താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. 1990-ൽ 29 ശതമാനമായിരുന്നു ജി.ഡി.പി.-യിൽ കൃഷിയുടെ സംഭാവനയെങ്കിൽ 2016-ൽ അത് 17 ശതമാനമായി കുറഞ്ഞു. ഗ്രാമങ്ങളിൽ ജനങ്ങൾക്ക് തൊഴിൽനൽകുന്ന പ്രധാന മേഖലയായി കൃഷി ഇന്നും നിലനിൽക്കുന്നുണ്ടെന്ന വസ്തുത നാം മറക്കരുത്. ദേശീയ തൊഴിൽ ശക്തിയുടെ നാൽപ്പത്തിയേഴ് ശതമാനം കേന്ദ്രീകരിച്ചിരിക്കുന്നത് കാർഷിക മേഖലയിലാണ്. അതുകൊണ്ടുതന്നെ കാർഷിക നിയമങ്ങൾ വളരെ നിർണ്ണായകവുമാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ കാർഷിക നിയമങ്ങൾ കാർഷികോൽപ്പാദനത്തെയും വിപണനത്തെയും നേരിട്ട് ബാധിക്കുമെന്നതിലപ്പുറം പൊതുവിതരണ സംവിധാനത്തെ തകർക്കുന്നതു കൂടിയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്. കാർഷികരംഗം ബഹുമുഖ പ്രശ്നങ്ങളിൽ നട്ടംതിരിയുന്ന സന്ദർഭത്തിലാണ് നികുതി ശൃംഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷിക വരുമാനം നികുതി വിധേയമാക്കണമെന്ന നീതി ആയോഗിന്റെ ശിപാർശ വരുന്നത്. കാർഷിക മേഖല തകർന്നടിഞ്ഞിരിക്കുമ്പോൾ നികുതിഭാരംകൂടി അടിച്ചേൽപ്പിക്കുന്നത് തീർത്തും അസംബന്ധമാണ്. എന്നാൽ കേരളത്തിൽ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശപ്രകാരം തോട്ടങ്ങളിൽ നിലനിന്നിരുന്ന പ്ലാന്റേഷൻ, കാർഷികനികുതിയും തോട്ടങ്ങളിലെ ലയങ്ങളുടെ കെട്ടിട നികുതിയും ഒഴിവാക്കിയിട്ടുണ്ട്. കർഷകരുടെ വിവിധ ആവശ്യങ്ങൾ സമയബന്ധിതമായി എഴുതിത്തയ്യാറാക്കുന്നതിലുള്ള കാലതാമസമാണ്

കൃഷിഭവനകളിൽ കണ്ടുവരുന്നത്. കൃഷിഭവനകളിൽ ക്ലാർക്കിന്റെ തസ്തികയില്ലാത്ത തിനാൽ കൃഷി ഓഫീസർമാർതന്നെയാണ് ഈ ജോലി ചെയ്യേണ്ടത്. ഈ സാഹചര്യം കണക്കിലെടുത്ത് കൃഷിഭവനകളിൽ ക്ലാർക്കിന്റെ തസ്തിക സൃഷ്ടിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വിൽപ്പന നികുതിയുടെ കാര്യത്തിൽ നികുതിദായകരുടെ പ്രശ്നങ്ങൾ പഠിച്ച് കാര്യക്ഷമമായി നികുതി പിരിക്കാൻ എൽ.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസമാണ് മറ്റൊരു കാര്യം. കഴിഞ്ഞ കുറേ വർഷങ്ങളായി പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾ കേരളത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ദുരിതാശ്വാസം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഉദാരസമീപനം പ്രതീക്ഷിച്ച കേരളത്തിന് ലഭിച്ചത് അവഗണന മാത്രമാണ്. പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി പത്ത് വർഷത്തിനിടെ കേന്ദ്രം കേരളത്തിന് നൽകിയത് ചോദിച്ചതിന്റെ പത്തിലൊന്ന് തുകപോലുമില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും തികച്ചും അനുകരണീയമായ പ്രവർത്തനമാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ രംഗത്ത് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്.

കോവിഡ് മഹാമാരിമൂലം വരുമാനം നിലച്ച ക്ഷേത്രങ്ങളെ സഹായിക്കുന്ന ഒട്ടനവധി പദ്ധതികൾക്കാണ് ദേവസ്വം ബോർഡ് മുൻകയ്യെടുത്തിരിക്കുന്നത്. കൊച്ചി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് മൂന്ന് കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഹരിതക്ഷേത്രം പദ്ധതിക്കായി ഇരുപത്തിയഞ്ച് കോടി രൂപ അധികമായി വകയിരുത്തിയതിനെ അഭിനന്ദിക്കുന്നു. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന ഇരുപത് കോടി രൂപകൂടാതെ പത്തൊൻപത് കോടി രൂപകൂടി അനുവദിച്ച ദേവസ്വം വകുപ്പിന്റെ നടപടിയെ ഈ അവസരത്തിൽ സ്വാഗതം ചെയ്യുന്നു. അഞ്ചുവർഷം കഴിയുമ്പോൾ രാഷ്ട്രീയബദലോ വികസനബദലോ ആവശ്യമില്ലാത്ത കേരള മോഡലിന് ഒരു പുതിയ മുഖം ലോകർക്ക് വീക്ഷിക്കാനാകും. വളരെ പ്രത്യാശയോടുകൂടിയാണ് ജനങ്ങൾ എൽ.ഡി.എഫ്. സർക്കാരിനെ കാണുന്നത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>മി. ചെയർമാൻ</u>: സമയം പാലിച്ചതിന് നന്ദി.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു പുതുചരിത്രം എഴുതിക്കൊണ്ടാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്നത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്ന സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്ന ജനങ്ങളുടെ വിശ്വാസമാണ് നാൽപ്പത് വർഷത്തെ കേരള ചരിത്രത്തിൽ ഒരു മാറ്റംസൃഷ്ടിച്ച് തുടർ ഭരണമുണ്ടാക്കിയത്. പ്രതിപക്ഷത്തുനിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ ഒരുപാട് കാര്യങ്ങൾ പറഞ്ഞു, എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാർ, പെൻഷന്റെ കാര്യം പറഞ്ഞിരുന്നു. 600 രൂപ പെൻഷൻ - 18 മാസത്തെ ബാക്കിവച്ചുകൊണ്ടാണ് അന്നത്തെ ഗവൺമെന്റ് ഇറങ്ങിപ്പോയത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ ക്ഷേമ പെൻഷൻ 1,500 രൂപവരെയാക്കുമെന്ന് കൃത്യമായി സൂചിപ്പിച്ചിരുന്നു. അത് 1,600 രൂപയാക്കി കൃത്യമായി ഓരോ മാസവും വീടുകളിലെത്തിച്ചു കൊടുക്കുന്നു. ഒരിക്കലും അങ്ങനെയൊരു കാര്യം ചിന്തിക്കാൻപോലും സാധിക്കുമായിരുന്നില്ല. പ്രളയകാലത്തും കോവിഡ് മഹാമാരിയിലും തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ഗവൺമെന്റ് കാഴ്ചവച്ചത് ചെറിയ പ്രവർത്തനങ്ങളല്ല. സാമൂഹിക അടുക്കളകൾ തുറന്നു, ഞാൻ കോഴിക്കോട് കോർപ്പറേഷനിലിരിക്കുന്ന കാലഘട്ടത്തിൽ പന്ത്രണ്ടോളം സാമൂഹിക അടുക്കളകളാണ് തുറന്നത്, അഞ്ചുലക്ഷം പേർക്കാണ് മൂന്നുനേരവും ഭക്ഷണം നൽകിയത്. എല്ലാവരും അതിൽ സഹകരിച്ചിട്ടുണ്ട്. ഒരു പുതിയ ചരിത്രമാണ് അതിലൂടെ സൃഷ്ടിക്കാൻ സാധിച്ചത്. ഒരാളുപോലും പട്ടിണി കിടക്കേണ്ട അവസ്ഥയുണ്ടായിരുന്നില്ല. അതിനുശേഷം ജനകീയ ഹോട്ടലുകൾ തുറന്നു, 20 രൂപയ്ക്ക് ഏറ്റവും നല്ലരീതിയിൽ ഭക്ഷണം കൊടുക്കാൻ സാധിച്ചു. കോഴിക്കോട് മാത്രമായി ഇത്തരത്തിൽ 11 ഹോട്ടലുകളാണ് തുറന്നത്. 20 രൂപ കഴിക്കുന്ന ആളും 10 രൂപ സർക്കാരും നൽകുന്ന പദ്ധതിവഴി ഒരുപാട് പേർക്ക് തൊഴിലവസരം നൽകാൻ സാധിച്ച കുടുംബശ്രീയുടെ വലിയ പദ്ധതിയായി ഇന്നും അത് നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ജനങ്ങൾക്ക് ഒരുരൂപ ചെലവാക്കേണ്ടി വന്നിട്ടുണ്ടോ? കോവിഡ് ബാധിതരെ ആംബുലൻസ് വന്ന് നേരിട്ട് കൊണ്ടുപോയി സൗജന്യ ഭക്ഷണവും മരുന്നുകളും നൽകി അസുഖം ഭേദമാകുമ്പോൾ വീടുകളിൽ തിരിച്ചെത്തിക്കുകയാണ്. ഇതിൽക്കൂടുതൽ ഒരു ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുക? കൃത്യമായ ഇടപെടലുകൾ നടത്തിയതിന്റെ ഭാഗമായാണ് ഈയൊരു അവസ്ഥയിലെത്താൻ സാധിച്ചത്. മഹാമാരികളും പ്രകൃതിദുരന്തങ്ങളും സൃഷ്ടിച്ച ആഘാതം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ വലിയ തോതിൽ ബാധിച്ചിരിക്കുന്നു. സംസ്ഥാനങ്ങളെ പ്രതിസന്ധി ഘട്ടങ്ങളിൽ സഹായിക്കേണ്ട കേന്ദ്ര സർക്കാർ ഒരുതരത്തിലും

സഹായകരമായ നിലപാടല്ല സ്വീകരിക്കുന്നത്. രാജ്യത്തെ ഒറ്റ നികുതി എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. കോവിഡ് കാലത്തുപോലും അർഹതപ്പെട്ട നികുതിവിഹിതം നൽകുന്നതിനോ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിനോ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല. വൻദുരന്തങ്ങളുടെയും സാമ്പത്തിക മാന്ദ്യത്തിന്റെയും കാലഘട്ടത്തിൽ കേന്ദ്രസർക്കാരും നിരവധി സംസ്ഥാന സർക്കാരുകളും ചെലവ് വെട്ടിച്ചുരുക്കാനും സ്വകാര്യവത്ക്കരണം ശക്തിപ്പെടുത്താനുമാണ് ശ്രമിച്ചത്. എന്നാൽ ഒന്നാം പിണറായി സർക്കാരും തുടർന്നധികാരത്തിൽവന്ന ഇന്നത്തെ സർക്കാരും ജനങ്ങൾക്ക് പരമാവധി ആശ്വാസം നൽകി ദുരന്തഘട്ടത്തിൽ സ്വന്തം ജനതയെ ചേർത്തുപിടിക്കാനാണ് ശ്രമിച്ചത്. ജി.എസ്.ടി.-യുൾപ്പെടെ സംസ്ഥാനത്ത് ലഭിക്കേണ്ട നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ഭരണതലത്തിലാവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയും ഇ-സേവനങ്ങൾ മെച്ചപ്പെടുത്തിയും നികുതിച്ചോർച്ച തടയുന്നതിന് സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ വസ്തുതയാണ്. സാമ്പത്തികപ്രയാസം അനുഭവിക്കുമ്പോഴും സാധാരണക്കാരനുമേൽ പുതിയ നികുതിഭാരം അടിച്ചേൽപ്പിക്കാതെയാണ് വിഭവസമാഹരണം നടത്താൻ തീരുമാനിച്ചത്. കേന്ദ്ര സർക്കാർ കോവിഡ് കാലത്ത് പ്രഖ്യാപിച്ച പാക്കേജിൽ സാധാരണക്കാരന് നേരിട്ട് ഗുണംലഭിക്കുന്ന ഒരു പദ്ധതിയുമില്ല. എന്നുമാത്രമല്ല, കേന്ദ്ര ബഡ്ജറ്റിലും സാമ്പത്തിക പാക്കേജുകളിലും കോർപ്പറേറ്റുകൾക്ക് പരമാവധി സഹായംനൽകുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ ദുരന്ത കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ എല്ലാവിഭാഗം ജനങ്ങൾക്കും സഹായം നൽകാനാണ് ശ്രമിച്ചത്. മഹാമാരിയുടെ കാലത്ത് സ്വന്തം ആരോഗ്യംപോലും നോക്കാതെ തുച്ഛവേതനത്തിന് ജോലിചെയ്തിരുന്ന ആശാവർക്കർമാരുടെ വേതനം 500 രൂപയിൽനിന്നും 8,000 രൂപയാക്കി ഉയർത്തിയ സർക്കാരാണ് കേരളത്തിലുള്ളത്. കേരളത്തിന്റെ അവകാശങ്ങൾക്കുവേണ്ടി ഒന്നിച്ച് പൊരുതേണ്ട ഘട്ടത്തിൽ യു.ഡി.എഫ്. വിഭിന്നമായ സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ അവകാശങ്ങൾ ചോദിച്ചുവാങ്ങാൻ ശബ്ദമുയർത്തേണ്ട പാർലമെന്റിൽപ്പോലും കേരളത്തെ മോശമായി ചിത്രീകരിക്കാനുള്ള അവസരമായാണ് യു.ഡി.എഫ്. പാർലമെന്റംഗങ്ങൾ കാണുന്നതെന്ന പരിതാപകരമായ സ്ഥിതിയാണുള്ളത്. കേരളത്തിന്റെ വികസനത്തിനും കേരളത്തിനർഹമായ ധനസഹായം ലഭ്യമാക്കാനും ഒന്നിച്ചുനിൽക്കാൻ പ്രതിപക്ഷം തയ്യാറാകേണ്ടതുണ്ടെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം അൻവർ സാദത്ത് ഇവിടെ 'എൽ.ഡി.എഫ്.-നുപോലും പ്രതീക്ഷയില്ലാതെയാണ് ഇത്രയും സീറ്റുകൾ നേടിയത് എന്ന് സൂചിപ്പിച്ചിരുന്നു.

എൽ.ഡി.എഫ്. നല്ല യു.ഡി.എഫ്.നായിരുന്നു വലിയ പ്രതീക്ഷയുണ്ടായിരുന്നത്. സാധാരണനിലയിൽ ഒരുഭരണം കഴിഞ്ഞാൽ അടുത്തഭരണം പ്രതിപക്ഷത്തിനാണ് ലഭിക്കുക എന്ന തോന്നലുണ്ടായിരുന്നു. പക്ഷെ, അതിനൊരു മാറ്റമുണ്ടാകാൻ സാധിച്ചത് ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്പോഴും പറയാറുണ്ട്, ഭയപ്പെടേണ്ട കാര്യമില്ല, ഗവണ്മെന്റ് ജനങ്ങൾക്കൊപ്പമുണ്ടെന്ന്, അത് ജനങ്ങൾ വിശ്വാസത്തിലെടുത്തതിന്റെ ഭാഗമായാണ് രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ഒരു സ്ഥാനാർത്ഥിയെപ്പോലും കണ്ടെത്താൻ പ്രതിപക്ഷത്തിന് സാധിച്ചിരുന്നില്ല, വലിയ വിഷമമാണ് അനുഭവിച്ചത്. 50,000-ത്തിലധികം വോട്ടിനാണ് അദ്ദേഹം വിജയിച്ചത്. അതുപോലെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 60,000-ത്തിലധികം വോട്ടിനാണ് ജയിച്ചത്. എല്ലാ അംഗങ്ങളും വലിയ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടത് ജനങ്ങളുടെ വിശ്വാസ മാർജ്ജിക്കാൻ സാധിച്ചതിന്റെ ഭാഗമായാണ്, അക്കാര്യത്തിലൊന്നും ആർക്കും സംശയമില്ല. അതുപോലെ ദുരന്തഘട്ടത്തിൽ വ്യാപാരികളെയും വ്യവസായികളെയും സമ്മർദ്ദത്തിലാക്കി കടുത്ത നടപടികളെടുത്ത് നികുതി പിരിവ് വർദ്ധിപ്പിക്കുന്ന സമീപനമല്ല ഇടതുപക്ഷം സ്വീകരിക്കുന്നത്. നികുതി നിരക്കുകൾ ക്രമീകരിച്ചും ചട്ടങ്ങളും നിയമങ്ങളും ഭേദഗതിചെയ്ത് ലഘൂകരിച്ചും അധികവരുമാനം സമാഹരിക്കാനുള്ള സർക്കാരിന്റെ ശ്രമം കേരളത്തിന്റെ വ്യാവസായികാന്ത രീക്ഷത്തിൽ പുത്തനുണർവ് സൃഷ്ടിച്ചിരിക്കുകയാണ്. 2022 ആകുമ്പോൾ ജി.എസ്.ടി. നടപ്പിലാക്കി അഞ്ച് വർഷം പൂർത്തിയാകുകയാണ്. ജി.എസ്.ടി. ആരംഭിക്കുമ്പോൾ അഞ്ചുവർഷം ഓരോ സംസ്ഥാനത്തിനുമുണ്ടാകുന്ന നഷ്ടപരിഹാരത്തുക നൽകാമെന്നായിരുന്നു കേന്ദ്ര സർക്കാർ പറഞ്ഞിരുന്നത്. അഞ്ചുവർഷം പൂർത്തിയാകുമ്പോൾ കേന്ദ്രം നഷ്ടപരിഹാരം നൽകുന്ന കാലാവധി അവസാനിക്കുകയാണ്, ഇത് സംസ്ഥാനങ്ങളെ വൻ പ്രതിസന്ധിയിലാക്കും. കാലാവധി അഞ്ച് വർഷത്തേയ്ക്കെങ്കിലും നീട്ടുന്നതിന് സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളുടെ പിന്തുണകൂടി ഈ വിഷയത്തിലാർ ജ്ജിക്കണം. ഈ പ്രതിസന്ധികളെ മുഴുവൻ അതിജീവിച്ചുകൊണ്ടാണ് നമ്മൾ മുന്നോട്ടുവന്നത്. സ്വാഭാവികമായും ഇത് ഇനിയും കുറേകാലംകൂടി തുടരേണ്ടതുണ്ട്. ചുരുങ്ങിയത് അഞ്ച് വർഷമെങ്കിലും ലഭിച്ചെങ്കിൽ മാത്രമെ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ. സംസ്ഥാന വരുമാനത്തിലെ പ്രധാനയിനമായ ഭൂനികുതി പിരിവ് കാര്യക്ഷമമാക്കാൻ ശക്തമായ നടപടികളാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഭൂമിയുടെ വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന നടപടി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. എന്നാൽ പലകാരണങ്ങളാൽ ഭൂവിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കാത്തവർക്ക് അവസരമൊരുക്കാൻ പ്രത്യേക ഡ്രൈവ് നടത്തുന്ന

കാര്യം സർക്കാർ പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു. ഒരുപാട് പേർക്ക് ഇതിനെക്കുറിച്ചറിയില്ല. അതുപോലെ എല്ലാ ജില്ലകളിലുമുള്ള എം.എൽ.എ.-മാരെയും ഉദ്യോഗസ്ഥരെയും വിളിച്ച് അവരുടെ പ്രശ്നങ്ങൾ കാണാനും കേൾക്കാനും അതിന് പരിഹാരം നിർദ്ദേശിക്കാനുമുള്ള നടപടി സ്വീകരിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയെ ഈയവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്.

ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ രണ്ട് മഹാപ്രളയങ്ങൾ അതിജീവിക്കേണ്ടി വന്നിരുന്നു. സംസ്ഥാനത്തിനർഹതപ്പെട്ട പ്രളയദുരിതാശ്വാസ ധനസഹായം നൽകാൻ കേന്ദ്ര സർക്കാർ തയ്യാറായില്ല. പ്രളയത്തിൽ സകലതും നഷ്ടപ്പെട്ട ജനതയ്ക്ക് സഹായം അഭ്യർത്ഥിച്ചപ്പോൾ അതിനെതിരെ പ്രചരണം നടത്തിയ പ്രതിപക്ഷത്തെയാണ് നാം കണ്ടത്. സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും താൽക്കാലികമായി ഒരു വിഹിതമാവശ്യപ്പെട്ട് ഉത്തരവിറക്കി യപ്പോൾ അത് കത്തിക്കാൻ ജീവനക്കാർക്ക് ഊർജ്ജം പകർന്നവരാണ് യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും. എന്നാൽ എല്ലാ കുപ്രചരണങ്ങളെയും അതിജീവിച്ച് മഹാഭൂരിപക്ഷം വരുന്ന ലോകത്തെമ്പാടുമുള്ള മലയാളികൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർക്കാരിനൊപ്പംനിന്നു. ജനങ്ങൾക്കുമുന്നിൽ അപഹാസ്യരായ പ്രതിപക്ഷം അതിൽനിന്ന് പാഠമുൾക്കൊള്ളാൻ തയ്യാറായില്ല എന്നതിന്റെ പ്രകടമായ തെളിവാണ് വാക്സിൻ ചലഞ്ചിനെതിരെയുള്ള കുപ്രചരണം. നിശ്ചയദാർഢ്യമുള്ള സർക്കാരും സേവനതൽപ്പരരായി സർക്കാരിനോടൊപ്പം നിൽക്കാൻ തയ്യാറായ ജനതയുമാണ് പ്രകൃതിദുരന്തനിവാരണ പ്രവർത്തനം മികച്ചരീതിയിൽ നടത്താൻ സഹായിച്ചത്. പ്രകൃതിദുരന്ത നഷ്ടപരിഹാര വിതരണത്തിൽ ഉദ്യോഗസ്ഥതലത്തിൽ ക്രമക്കേട് നടത്താൻ ശ്രമം നടത്തിയപ്പോൾ അതിനെതിരെ കർശന നടപടി സ്വീകരിച്ച് സർക്കാർ നടത്തിയ ഇടപെടലുകൾ മാതൃകാപരമാണ്. സാങ്കേതികപ്രശ്നങ്ങൾ കാരണം കോഴിക്കോട് താലൂക്കിലർഹതപ്പെട്ട ചില ഗുണഭോക്താക്കൾക്ക് സഹായം ലഭിക്കാത്ത അവസ്ഥയ്ക്ക് അടിയന്തര നടപടിയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഭവനനിർമ്മാണ രംഗത്ത് കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയാകുകയാണ്. 'തല ചായ്ക്കാൻ ഒരു വീട് ' എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പ്രവർത്തനങ്ങൾ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമുണ്ടെന്ന് തോന്നുന്നില്ല. ലൈഫ് മിഷൻ വഴി പാവപ്പെട്ടവർക്ക് വീട് നൽകുന്നതിനും ഹൗസിംഗ് ബോർഡ് വഴി താഴ്ന്ന വരുമാനക്കാരുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാനും സർക്കാരിന് കഴിഞ്ഞു. രണ്ട് വർഷംകൊണ്ട് രണ്ടരലക്ഷംപേർക്കാണ് വീട് നിർമ്മിച്ചുനൽകാൻ സാധിച്ചത്. അതൊരു ചെറിയ നേട്ടമല്ല; ഇപ്പോഴും

തുടർന്നുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളിലുമുള്ള നിശ്ചയദാർഢ്യത്തോടു കൂടിയുള്ള ഇടപെടലുകളുടെ ഫലമായാണിത് സാധിച്ചത്. ഗവൺമെന്റ് ജനങ്ങൾക്കൊപ്പമുണ്ടെന്നത് നൂറുശതമാനവും അർത്ഥവത്താക്കുന്ന നിലയിലുള്ള പ്രവർത്തനങ്ങളാണ് നമ്മെ ഇവിടെ എത്തിച്ചിരിക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതിയിലൂടെ വീട്ടിലിരുന്നുകൊണ്ട് സ്മാർട്ട് ഫോൺ മുഖേന ഏതൊരു സാധാരണക്കാരനും സാധിച്ചെടുക്കാൻ കഴിയുന്നതുവഴി ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ ഒഴിവായി. റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതാണ് സർവ്വേ വകുപ്പിന്റെ പ്രധാന പ്രശ്നം. 1966-ൽ തുടങ്ങിയ റീസർവ്വേ ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിൽ 114 വില്ലേജുകളിൽ 12-ഓളം വില്ലേജുകളിൽ മാത്രമാണ് ഇതുവരെ റീസർവ്വേ നടത്തിയിട്ടുള്ളത്. മലബാർ മേഖലയെ ഇത് വളരെ ദോഷകരമായി ബാധിക്കുന്നുണ്ട്. സർവ്വേയർമാരുടെ കുറവ് വലിയ തോതിൽ അനുഭവപ്പെടുന്നതിന്റെ ഫലമായി ലാൻഡ് അക്വിസിഷന്റെ കാര്യത്തിൽ കാലതാമസമുണ്ടാകുന്നു. പട്ടയം കൊടുക്കുന്നതിലും ലാൻഡ് ബോർഡിലെ മിച്ചഭൂമി വിഷയത്തിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കൃത്യമായ ഇടപെടലുകളുണ്ടാകുന്നുണ്ട്. അത്തരത്തിൽ ഭൂമിയില്ലാത്ത അർഹരായ മുഴുവൻ പേർക്കും ഭൂമികൊടുക്കുന്ന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിവഴി നിയമത്തിനുള്ളിൽനിന്നുകൊണ്ട് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ക്വാർട്ടേഴ്സ് പദ്ധതിയുടെ നിർമ്മാണോദ്ഘാടനവും ഇതിനോടനുബന്ധിച്ച് വരുന്നുണ്ട്. ഈ ഗവൺമെന്റിനെ അധികാരത്തിലെത്തിച്ചത് ജനങ്ങളാണ്. അതിനാൽ അവരോടുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പിണറായി സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ധനാഭ്യർത്ഥനയ്ക്കുള്ള ശക്തമായ പിന്തുണ ഒരിക്കൽക്കൂടി നൽകിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. റവന്യൂ മേഖലയുമായി ബന്ധപ്പെട്ട് ചർച്ചനടത്തുമ്പോൾ കേരളത്തിലെ സാധാരണക്കാരന്റെ ഏറ്റവും പ്രധാനപ്പെട്ട ആശ്രയ കേന്ദ്രമെന്നു പറയുന്നത് താലൂക്ക് ഓഫീസുകളാണ്. കേരളത്തിന്റെ കവാടമെന്നറിയപ്പെടുന്ന മഞ്ചേശ്വരം താലൂക്ക് ഓഫീസ് കഴിഞ്ഞ 7 വർഷങ്ങളായി ഒരു കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വീൽചെയറിൽവരുന്ന പ്രായംചെന്ന ആളുകൾക്ക് തഹസീൽദാരെ കാണാൻപോലും കഴിയാത്ത

മനുഷ്യത്വരഹിതവും പ്രയാസകരവുമായ അവസ്ഥയാണ് നിലനിൽക്കുന്നത്. മഞ്ചേശ്വരം താലൂക്ക് ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു മിനി സിവിൽ സ്റ്റേഷൻ മഞ്ചേശ്വരത്ത് സ്ഥാപിക്കാനുള്ള ഇടപെടൽ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഏറ്റവുംകൂടുതൽ ഗ്രൂപ്പ് വില്ലേജുകളുള്ള ഒരു പ്രദേശമെന്ന നിലയ്ക്ക് ബഹുമാന്യനായ മന്ത്രിയെ സമീപിച്ചപ്പോൾ അദ്ദേഹം 'വിഷൻ ആൻഡ് മിഷൻ' എന്ന പദ്ധതിയിലൂടെ കാസർഗോഡ് ജില്ലയിൽ അഞ്ച് എം.എൽ.എ.-മാരെയും ജില്ലാ കളക്ടർ, ആർ.ഡി.ഒ. ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരെയും തിരുവനന്തപുരത്ത് വിളിച്ച് ജില്ലയിലെ റവന്യൂ മേഖലയിലെ അവികസിതമായ അവസ്ഥ പരിഹരിക്കാനുള്ള ചർച്ചയ്ക്ക് തുടക്കംകുറിച്ചു. എന്റെ പ്രദേശത്തെ റീ സർവ്വേയുമായി ബന്ധപ്പെട്ട് 1200-ഓളം ഫയലുകൾ ഇപ്പോഴും കെട്ടിക്കിടക്കുകയാണ്. ഓരോ ദിവസവും ഓഫീസർമാരുമായി നാട്ടുകാർ തല്ലുകൂടുന്ന അവസ്ഥയാണുള്ളത്. ഡ്രാഫ്റ്റ്സ്മാനെ ആ പ്രദേശത്തുകാർ ഇന്നുവരെ കണ്ടിട്ടില്ല, അത്രയും വലിയ ദയനീയാവസ്ഥയാണ് റീ സർവ്വേയുമായി ബന്ധപ്പെട്ടുള്ളത്. അതോടൊപ്പം വെറ്റ് ലാൻഡിൽ വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പ്രാദേശിക നിരീക്ഷണ സമിതി രൂപീകരിച്ച് അഗ്രികൾച്ചറൽ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുൾപ്പെടെയുള്ള മൂന്നംഗ സമിതിയുടെ നേതൃത്വത്തിൽ വെറ്റ് ലാൻഡ് പരിഹരിക്കാനുള്ള ഫോർമുല സംസ്ഥാനത്തുണ്ടെങ്കിലും പാവങ്ങൾക്ക് വില്ലേജ് ഓഫീസിന് മുന്നിൽ അലഞ്ഞുനടക്കാൻ അവസരം കൊടുത്തുവെന്നതല്ലാതെ ഇന്നുവരെ അത് പരിഹരിച്ചിട്ടില്ല. അതിനിടയിലാണ് 25-2-2021-നുശേഷം ഇത്തരത്തിലുള്ള വെറ്റ് ലാൻഡുകാർ പണമടയ്ക്കേണ്ടതില്ലെന്നും 25-2-2021-നുമുമ്പുള്ളവർ പണമടയ്ക്കണമെന്നുമുള്ള ഉത്തരവ് വന്നിട്ടുള്ളത്. തീർച്ചയായും അതൊരു പ്രയാസമായി ആ മേഖലയിലുള്ളവർ അനുഭവിക്കുന്ന സാഹചര്യത്തിൽ അക്കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്മാർട്ട് വില്ലേജ് നടപ്പാക്കുമ്പോൾ സാധാരണ ജനങ്ങൾ വില്ലേജ് ഓഫീസിൽ പോകുമ്പോൾ പഞ്ചായത്ത് ഓഫീസിലേതുപോലെ മികച്ച സേവനം നൽകുന്നരീതിയിൽ front office സൗകര്യം ഒരുക്കുന്നതിനെക്കുറിച്ച് അലോചിക്കണം. പ്രയാസത്തിലും സങ്കടത്തിലുംപെട്ട് കഴിഞ്ഞ ഇരുപത് വർഷമായി പ്രൊമോഷനില്ലാതെ താഴെത്തട്ടിൽ പ്രവർത്തിക്കുന്ന വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി ക്ലറിക്കൽ തസ്തികയിൽ കൊണ്ടുവരണമെന്നും അവരെ front office-ൽ ഇരുത്തിയാൽ അത് വില്ലേജ് ഓഫീസിനും ജനങ്ങൾക്കും ഉപകാരപ്രദമായി മാറുമെന്നും സൂചിപ്പിക്കുന്നു.

കാലവർഷക്കെടുതിയിൽ സമ്പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് ദുരിതാശ്വാസ നിധിയിൽനിന്ന് 4 ലക്ഷം രൂപ നൽകുന്നുണ്ട്. എന്നാൽ വീട് പകുതി നഷ്ടപ്പെട്ടവർക്ക് തകർച്ചയുടെ ശതമാനംവച്ച് 2 ലക്ഷം രൂപ, 1 ലക്ഷം രൂപ എന്നുള്ള തീരുമാനമാണ് ഇപ്പോഴുള്ളത്. വീട് പകുതിയോ പൂർണ്ണമായോ തകർന്നാൽ അതവർതന്നെ പുനർ നിർമ്മിക്കേണ്ടതാണെന്ന നിബന്ധന മാറ്റി വീടിന് കേടുപാട് സംഭവിച്ചാലും 4 ലക്ഷം രൂപനൽകുന്ന രീതിയിലേയ്ക്കുള്ള തീരുമാനമുണ്ടാകണമെന്ന് നിർദ്ദേശിക്കുന്നു.

എന്റെ പ്രദേശത്ത് ആരാധനാലയങ്ങളുടെ പട്ടയങ്ങളുമായി ബന്ധപ്പെട്ട് അറുപതോളം വർഷത്തിലധികമായി ഓഫീസുകൾ കയറിയിറങ്ങിയവരിൽ പലരും മരണപ്പെട്ടിട്ടുണ്ട്, ഇപ്പോഴും ആ പ്രശ്നം നിലനിൽക്കുകയാണ്. അത് പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജുണ്ടാക്കി ആരാധനാലയങ്ങൾക്ക് പട്ടയംനൽകുന്ന കാര്യത്തിൽ ഇടപെടലുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. സീറോ ലാൻഡുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ കയ്യാർ വില്ലേജിൽ സർവ്വേ നമ്പർ 117, 118, 122-ൽ 150 ആളുകൾക്ക് സർക്കാർ പട്ടയം നൽകിയിട്ടുണ്ട്. അവരുടെ ഭൂമി എവിടെയെന്ന് തിട്ടപ്പെടുത്തിക്കൊടുക്കാൻ ഒരുപാട് കാലമായെങ്കിലും ഇപ്പോഴും ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല; അതിനൊരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഭാഷാന്യൂനപക്ഷ പ്രദേശമെന്ന നിലയ്ക്ക് ഞങ്ങളുടെ മേഖലയിൽ പട്ടയത്തിന്റെ കാര്യത്തിൽ പലപ്പോഴും കന്നട ഉദ്യോഗസ്ഥരില്ലെന്ന കാരണംകൊണ്ട് വർഷങ്ങളോളം പട്ടയം തടഞ്ഞുവയ്ക്കുകയാണ്. കന്നട ഉദ്യോഗസ്ഥന്റെ അഭാവത്തിൽ റീ സർവ്വേ, പോക്കുവരവ് എന്നീ കാര്യങ്ങളിൽ അവരുടെ പരാതി പരിഹരിക്കാൻ കഴിയാത്ത അവസ്ഥനേരിടുന്ന സാഹചര്യത്തിൽ ആ മേഖലയിൽ കന്നട ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. അതുപോലെ കുടുംബത്തിൽ ഒരാൾ മരിച്ചാൽ ലീഗൽ ഹെയർ സർട്ടിഫിക്കറ്റിനുവേണ്ടി വില്ലേജ്/താലൂക്ക് ഓഫീസുകളിലും ഗവൺമെന്റ് പ്രസ്സിലും ഫയൽ മാസങ്ങൾ പിന്നിട്ടാലും ഒന്നും ഒന്നരയും വർഷം പ്രയാസമനുഭവിക്കുന്ന ആളുകളുണ്ട്. അതിനൊരു ശാശ്വത പരിഹാരം ബഹുമാന്യനായ മന്ത്രി ഇടപെട്ട് കണ്ടെത്തണമെന്നഭ്യർത്ഥിക്കുന്നു. വില്ലേജ് ഓഫീസിൽനിന്ന് ചികിത്സാ സഹായമായി 1,000 രൂപ പെൻഷൻ നൽകുന്ന ഏറ്റവും വലിയ ആശ്വാസംപകരുന്ന പദ്ധതിയുടെ പരിധിയിൽ നിലവിൽ ക്യാൻസർ, ക്ഷയരോഗം, കുഷ്ഠരോഗം എന്നിവ ബാധിച്ച ആളുകളാണുള്ളത്; അക്കൂട്ടത്തിൽ കിഡ്നി രോഗികളെക്കൂടി ഉൾപ്പെടുത്തണം. നിലവിൽ സാമൂഹ്യ പെൻഷൻ 1,600 രൂപയായി ഉയർത്തിയിട്ടുണ്ട്; അത് 2,000 രൂപയായി ഉയർത്തണമെന്നഭ്യർത്ഥിക്കുന്നു.

ഇത് കോവിഡുമായി ബന്ധപ്പെട്ട ബഡ്ജറ്റാണ്. വാക്സിന്റെ ദൗർലഭ്യമാണ് ഏറ്റവും വലിയ പ്രശ്നം. മഞ്ചേശ്വരം മണ്ഡലത്തിലെ മംഗൽപാടി താലൂക്കാശുപത്രിയുടെ മുന്നിൽ കഴിഞ്ഞ 26-ാം തീയതി വാക്സിനുമായി ബന്ധപ്പെട്ട് വലിയൊരു പ്രശ്നമുണ്ടായി. അത് വാർത്താമാധ്യമങ്ങളിലൊക്കെ നിറഞ്ഞു നിൽക്കുകയാണ്. എസ്.സി. വിഭാഗത്തിനാണ് 26-ാം തീയതി വാക്സിൻ നൽകാൻ ഡി.എം.ഒ.-യും കളക്ടറും തീരുമാനിച്ചിരുന്നത്. എസ്.സി. വിഭാഗത്തിലുള്ള ആളുകൾ രാവിലെ ആറുമണി മുതൽ പ്രഭാതഭക്ഷണം കഴിക്കാതെ വാക്സിനുവേണ്ടി ക്യൂ നിന്നു. പന്ത്രണ്ടര മണിവരെ അവർക്ക് വാക്സിൻ കൊടുക്കാത്ത സാഹചര്യമുണ്ടായപ്പോൾ ഡോക്ടർമാരോട് 'എന്തുകൊണ്ട് ഞങ്ങളോട് ഇങ്ങനെയൊരു അന്യായം ചെയ്യുന്നുവെന്ന് ചോദിച്ചപ്പോൾ സ്വാഭാവികമായും അതൊരു സംഘർഷത്തിലെത്തുകയും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കോളനിയിലെ ശ്രീ. അനിൽ കുമാർ, ശ്രീ. അഭിലാഷ് എന്നീ രണ്ട് ചെറുപ്പക്കാരെ വാക്സിന്റെ പേരിൽ 392/2021 നമ്പർ കേസ്സിലുൾപ്പെടുത്തുകയും ഇപ്പോൾ അവർ റിമാൻഡിലുമാണ്. അതീവദു:ഖകരമായ ഒരവസ്ഥയാണ് വാക്സിന്റെ അശാസ്ത്രീയമായ കാരണങ്ങൾകൊണ്ട് സംഭവിച്ചത്. മംഗൽപാടി പഞ്ചായത്തിൽ മാസങ്ങളായി വാക്സിനുവേണ്ടി സേവനംചെയ്ത പൊതുപ്രവർത്തകനായ മെമ്പർ ശ്രീ. ബാബുവിന്റെയും അദ്ദേഹത്തിന്റെ മകന്റെയും പേരിൽ കേസ്സെടുത്തിരിക്കുകയാണ്. എസ്.സി. വിഭാഗവുമായി ബന്ധപ്പെട്ട് മറ്റൊരുകാര്യം ശ്രദ്ധയിൽപ്പെടുത്താനുള്ളത്, അവർക്ക് കൊവാക്സിനാണ് നൽകുന്നത്, എന്തുകൊണ്ട് കോവിഷീൽഡ് വാക്സിൻ നൽകുന്നില്ല; അവരോടെന്തിനാണ് ഇത്തരത്തിലുള്ള ഒരു അയിത്തം കാണിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. മംഗൽപാടി പഞ്ചായത്തിലെ എസ്.സി. കോളനിയിൽനിന്ന് വാക്സിനേഷന് വന്ന കൂലിപ്പണിക്കാരായ രണ്ട് ആളുകളെ റിമാൻഡിലാക്കിയ വിഷയവുമായി ബന്ധപ്പെട്ട് സമഗ്ര അന്വേഷണം നടത്തണം. സ്ത്രീകളുൾപ്പെടെയുള്ളവരെ പോലീസ് തല്ലിയ വീഡിയോ വൈറലാകുന്നുണ്ട്. ഈ വിഷയത്തിൽ കൃത്യമായ ഇടപെടലും ശാസ്ത്രീയമായ ചിട്ടപ്പെടുത്തലുമുണ്ടായാലേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. പ്രതിസന്ധികളിൽ പതറാതെ കേരളത്തിന് ആത്മവിശ്വാസവും ആത്മധൈര്യവും അതിജീവനത്തിന്റെ പുതിയ പാഠങ്ങളും പകർന്നുകൊടുത്ത കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പുതിയ ചരിത്രം സൃഷ്ടിക്കുകയാണ്. പ്രതിസന്ധികൾക്കിടയിലും സമാനതകളില്ലാത്ത വികസന-ജനക്ഷേമ പ്രവർത്തനങ്ങളിലൂടെ ഭരണത്തുടർച്ചയെന്ന ചരിത്രനേട്ടം എൽ.ഡി.എഫ്. ഗവൺമെന്റ് കൈവരിച്ചിരിക്കുകയാണ്. ഈ സർക്കാരും കഴിഞ്ഞ ഇടതുപക്ഷ സർക്കാരിനെപ്പോലെ ഭരണനിർവ്വഹണത്തിൽ,

വളരെ വേഗത്തിൽ നേട്ടങ്ങൾ കൈവരിക്കാൻ പുതിയ വഴികളിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് നിസ്സംശയം പറയാൻ സാധിക്കും. ഇപ്പോഴും പ്രതിപക്ഷത്തുള്ള മുതിർന്ന അംഗങ്ങളായ ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ ഉൾപ്പെടെയുള്ളവർ പ്രസംഗിക്കുമ്പോൾ, അസഹിഷ്ണുത ശരിയായ ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് തടസ്സവും ജനാധിപത്യത്തിന്റെ ഹിംസയുമാണ് കാരണ മാകുമെന്ന് മഹാത്മാഗാന്ധി പറഞ്ഞത് ഓർമ്മവരികയാണ്. ഒരു സർക്കാരിനേയും കുറച്ചുകാണുന്നില്ല, കോൺഗ്രസ് സർക്കാർ ചെയ്ത നേട്ടങ്ങൾ കുറച്ചുകണ്ടുകൊണ്ട് പറയുന്നതല്ല. 2020-ലെ സുസ്ഥിര വികസന സർവ്വേയിൽ തുടർച്ചയായി മൂന്നാംതവണയും ഒന്നാംസ്ഥാനം നേടിയ സംസ്ഥാനമാണ് കേരളം. അതെങ്ങനെയാണ് നേടിയത്; ദാരിദ്ര്യം ഇല്ലാതാക്കുന്നതുമുതൽ അന്തസ്സുറ്റ ജീവിതം നയിക്കാനുള്ള മനുഷ്യശേഷി ഉയർത്തുന്നതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് സുസ്ഥിര വികസന സർവ്വേയിലെ പലഘടകങ്ങളിലും കേരളം പൂർണ്ണത കൈവരിച്ചത്. അതിനെ അസഹിഷ്ണുതയുടെ കണ്ണിലൂടെ നോക്കുമ്പോഴാണ് പ്രതിപക്ഷത്തിന് സഹിക്കാൻ കഴിയാത്തതെന്നാണ് മനസ്സിലാകുന്നത്. ഇതിന്റെ അടിസ്ഥാനം സർക്കാരിന്റെ മികച്ച ധനകാര്യ മാനേജ്മെന്റാണ്. നോട്ട് നിരോധനം, ജി.എസ്.ടി., പ്രകൃതിദുരന്തം തുടങ്ങിയ പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ പ്രതിസന്ധികളിൽ ജനങ്ങളുടെ കയ്യിൽ പരമാവധി പണമെത്തിക്കുന്ന സാമ്പത്തിക സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷമുന്നണി സർക്കാർ ഭക്ഷ്യക്കിറ്റ് നൽകി നിലനിൽക്കുന്നുവെന്നാണ് പ്രതിപക്ഷം പറയുന്നത്. 'മുഖം വികൃതമായതിന് കണ്ണാടി തല്ലിപ്പൊട്ടിച്ചിട്ട് കാര്യമില്ലെന്ന്' പറയും. നയങ്ങൾ തമ്മിലുള്ള വ്യത്യാസം യു.ഡി.എഫ്. തിരിച്ചറിയണം. ഇടതുപക്ഷം പുലർത്തുന്ന ജനപക്ഷ സമീപനങ്ങളാണ് കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഭരണത്തുടർച്ചയുണ്ടാക്കിയതെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. ജനപക്ഷ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ പുതുതായി സേവനസംസ്കാരം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. സർക്കാർ വകുപ്പുകളിൽ മാതൃവകുപ്പാണ് റവന്യൂ. പഴയ കമ്മ്യൂണിസ്റ്റ് മന്ത്രിമാർ നിരവധി പരിഷ്കാരങ്ങൾ റവന്യൂ വകുപ്പിൽ നടത്തിയിട്ടുണ്ട്. ഇപ്പോൾ ഊർജ്ജസ്വലനായ, യുവത്വത്തിന്റെ പ്രതീകമായ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു നവീന സേവന സംസ്കാരം രൂപപ്പെടുത്താൻ സമയബന്ധിത പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. 'വിഷൻ ആൻഡ് മിഷൻ' എന്ന പേരിൽ നടത്തുന്ന പ്രവർത്തനങ്ങൾ കേരളത്തിൽ പുതിയ സേവനസംസ്കാരം രൂപപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും ഭൂരേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്നതാണ് റവന്യൂ വകുപ്പിന്റെ മുദ്രാവാക്യമായി

പ്രഖ്യാപിച്ചിരിക്കുന്നത്. വളരെ വലിയ പ്രതീക്ഷയാണ് പല എം.എൽ.എ.-മാരും അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് പങ്കുവച്ചത്. ഇതെല്ലാം റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വലിയ ഊർജ്ജം പകരുന്നതാണ്. റവന്യൂ വകുപ്പിന്റെ നട്ടെല്ലായി ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം. ഒരു സർക്കാരിന്റെ മുഖമെന്ന് പറയുന്നത് ആ പ്രദേശത്തെ സർക്കാർ ഓഫീസുകളാണ്. 1,666 വില്ലേജ് ഓഫീസുകളിൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതും പ്രവർത്തനങ്ങൾ നടന്നുവരുന്നതുമായ ഏതാണ്ട് 515 വില്ലേജ് ഓഫീസുകൾ വിവിധ ഘട്ടങ്ങളിലായി സ്മാർട്ടാക്കാനുള്ള നടപടി ആരംഭിച്ചിരിക്കുകയാണ്. 515 വില്ലേജ് ഓഫീസുകളിലുൾപ്പെടാത്ത, ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 9 വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. സ്മാർട്ട് വില്ലേജിനുള്ള പ്ലാൻ ഫണ്ടിലുള്ള പ്രോഗ്രാം ആരംഭിക്കുന്നതിനുമുമ്പുതന്നെ വില്ലേജ് ഓഫീസിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ 9 വില്ലേജ് ഓഫീസുകളും സ്മാർട്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇപ്പോൾ ജനപങ്കാളിത്തത്തോടുകൂടി മുഴുവൻ വില്ലേജ് ഓഫീസുകളെയും നവീകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിൽ കേരളത്തിന് വലിയ പ്രതീക്ഷയാണുള്ളത്. എല്ലാ സർക്കാർ ഓഫീസുകളും നവീകരിക്കുക എന്ന 'ജനപക്ഷം ചാത്തന്നൂർ' പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിലാണ് വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നത്. അതിന്റെ ഭാഗമായി ജനകീയ സമിതികൾ വിവിധ ഘട്ടങ്ങളിലായി യോഗം കൂടിയതിന്റെ അടിസ്ഥാനത്തിൽ, ഉദ്യോഗസ്ഥർക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ജനകീയ സമിതി ഒരുക്കണമെന്നും ജനങ്ങളാഗ്രഹിക്കുന്ന സ്മാർട്ട് സേവനം ഉദ്യോഗസ്ഥർ ഒരുക്കണമെന്നുമായിരുന്നു ചർച്ചയിൽ ഉയർന്നുവന്നത്. പരസ്പരം കമിറ്റ് ചെയ്തുകൊണ്ട് ആരംഭിച്ച പ്രവർത്തനങ്ങളുടെ ഫലമായി ഭൗതിക സാഹചര്യങ്ങളിൽ വില്ലേജ് ഓഫീസ് മെച്ചപ്പെടുത്തുന്നതിനുപുറമേ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളും സ്മാർട്ടാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുക്കുകയും അതിന് നേതൃത്വം നൽകുകയുംചെയ്ത ബഹുമാനപ്പെട്ട മന്ത്രിക്ക് നന്ദിപറയുന്നതിന് ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്. ഇ-ഡിസ്ട്രിക്ട് സംവിധാനമുൾപ്പെടെയുള്ള വിവിധ സ്മാർട്ട് സേവനങ്ങളെക്കുറിച്ച് പറയുമ്പോഴും എല്ലാ ഉദ്യോഗസ്ഥരുടെയും മൈൻഡ്സെറ്റ് അതിന് പര്യാപ്തമാകുന്നില്ല. ഇ-ഡിസ്ട്രിക്ട് സംവിധാനം എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് സംബന്ധിച്ച അവബോധം, അക്ഷയ സെന്ററുകളെ ആശ്രയിക്കാതെതന്നെ ജനങ്ങൾക്ക് ഇതൊക്കെ നേടാൻ കഴിയുന്ന സംവിധാനങ്ങൾ, ഉദ്യോഗസ്ഥർക്ക് പരിശീലനം, ജനങ്ങൾക്കുള്ള

ബോധവൽക്കരണം തുടങ്ങി വിവിധ തരത്തിലുള്ള കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഉദാഹരണമായി, വില്ലേജ് ഓഫീസിൽനിന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഒരു വ്യക്തി അക്ഷയ സെന്റർവഴി അപേക്ഷ സമർപ്പിക്കുമ്പോൾ, സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ എല്ലാരേഖകളും അക്ഷയസെന്റർ ഹാജരാക്കിയില്ലെങ്കിൽ ആ വ്യക്തിക്ക് വീണ്ടും വില്ലേജ് ഓഫീസിൽ പോകേണ്ട സ്ഥിതിയുണ്ടാകുന്നു. അതിനാൽ ഇക്കാര്യങ്ങളിൽ അക്ഷയ സെന്ററുകൾക്കാവശ്യമായ പരിശീലനവും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടിവരും. സ്മാർട്ട് സേവനമാകുന്നതിന് മുന്നോടിയായി ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. ലോണുമായി ബന്ധപ്പെട്ട ആർ.ആർ. നടപടികൾ നടക്കുമ്പോൾത്തന്നെ സർഫാസി ആക്ടനുസരിച്ച് നടപടി സ്വീകരിക്കുന്ന ചില ബാങ്കുകളുണ്ട്. ആർ.ആർ. നടപടികളും റീസർവ്വേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. റീസർവ്വേ പൂർത്തിയായ സ്ഥലങ്ങളിൽപ്പോലും പുതിയ സബ്ഡിവിഷൻമാത്രം നൽകി പരിഹരിക്കേണ്ട കേസ്സുകളിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പരിഹരിക്കപ്പെടാതെയുള്ള കേസ്സുകൾ എത്രയുംവേഗം പരിഹരിക്കുന്നതിന് ഉത്തരവിറക്കണം. സംയോജിത ഓൺലൈൻ പോക്കുവരവുമായി ബന്ധപ്പെട്ട്, രജിസ്ട്രാർ ഓഫീസിൽനിന്നും ഓൺലൈനായി പോക്കുവരവ് ചെയ്യുന്നതിന് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയാലും കക്ഷി വീണ്ടും വില്ലേജ് ഓഫീസിൽ പോകേണ്ട സ്ഥിതിയാണുള്ളത്. പോക്കുവരവ് ഫീസ് രജിസ്ട്രാർ ഓഫീസിലും വാങ്ങുന്നുണ്ട്. ഓൺലൈനായി പോക്കുവരവ് ചെയ്യാനുള്ള നടപടി സ്വീകരിച്ചാൽ രജിസ്ട്രാർ ഓഫീസിൽ പോകാതെതന്നെ പോക്കുവരവ് ചെയ്ത് ലഭിക്കുന്നതാണ്. പക്ഷെ തെറ്റായ ആധാരം രജിസ്റ്റർ ചെയ്താൽ ഇത് തിരിച്ച് രജിസ്ട്രാർക്കോ കക്ഷിക്കോ അയയ്ക്കണമെന്നുള്ള രീതിയിലുള്ള സോഫ്റ്റ്‌വെയറില്ല. ഇത്തരത്തിൽ കൃത്യമായി നടപ്പിലാക്കാൻ കഴിയാത്ത ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട നിരവധി പ്രായോഗിക പ്രശ്നങ്ങൾ ഫീൽഡ് റിയാൽറ്റിയിലുണ്ട്. ആധാറും ഫോൺനമ്പരും ഭൂരേഖയുമായി ബന്ധിപ്പിക്കണമെന്ന നിർദ്ദേശം വയ്ക്കുകയാണ്. ഇങ്ങനെ ചെയ്യുന്നതിന്റെ ഫലമായി ഒരുവ്യക്തിക്ക് കേരളത്തിൽ എവിടെ ഭൂമിയുണ്ടായിരുന്നാലും സേവനം പെട്ടെന്ന് ലഭ്യമാക്കാനും പതിനഞ്ച് ഏക്കറിൽക്കൂടുതൽ ഭൂമി കൈവശമുള്ളവരെ കണ്ടെത്താനും സാധിക്കും. അതിനാൽ ഭൂരേഖയിൽ ആധാറും ഫോൺനമ്പരും തമ്മിൽ ബന്ധിപ്പിക്കുന്ന നടപടി സ്വീകരിക്കണം. ഫീൽഡ് റിയാൽറ്റിയുമായി ബന്ധപ്പെട്ട ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരാഞ്ഞുകൊണ്ട് പ്രത്യേക സമിതിയെ നിയോഗിച്ച് ആവശ്യമായ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ചും സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ചും ആലോചിക്കണം. അത്തരത്തിൽ വളരെ

സുതാര്യമായ, ജനപക്ഷ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ വകുപ്പ് മുന്നോട്ടുപോകുമ്പോൾ അവിടെ 'കൈക്കൂലി പാൽക്കടലിലെ അനന്തന്മാരായി' ചില ഉദ്യോഗസ്ഥർ ഈ ഗവൺമെന്റിന്റെ ശോഭ കെടുത്താറുണ്ട്. മരംമുറിയുമായി ബന്ധപ്പെട്ട് അതാണ് കണ്ടുവരുന്നത്. അഴിമതി നടത്തുന്ന അത്തരക്കാരെ നിഷ്കരുണം നശിപ്പിക്കണം. കേരളത്തിലെ ജനങ്ങളുടെ സുസ്ഥിര ജീവിത വികസനം ലക്ഷ്യമിട്ട് സമാനതകളില്ലാത്ത വികസനപ്രവർത്തനം നടത്തുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

3.00 P.M.]

ശ്രീ. എം. രാജഗോപാലൻ: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ V, VI, XI, XXI, XXVI, XXVIII എന്നീ നമ്പർ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. കായിക പ്രേമികളുടെ മാമാങ്കം ടോക്യോയിൽ ആരംഭിച്ചിരിക്കുകയാണ്. ലാറ്റിൻ വാക്കുകളായ "Citius, Altius, Fortius" (വേഗത്തിൽ, ഉയരത്തിൽ, കരുത്തോടെ) എന്നതാണ് ഒളിമ്പിക്സിന്റെ മുദ്രാവാക്യം. ഇത്തവണ മഹാമാരിയെ നേരിടാൻ പുതിയ ഒരു മുദ്രാവാക്യംകൂടി IOC (International Olympic Committee) President Thomas Bach പ്രഖ്യാപിക്കുകയുണ്ടായി, Communiter എന്നാൽ 'ഒരുമിച്ച്' എന്നാണ്. അക്ഷരാർത്ഥത്തിൽ ഈ സന്ദേശങ്ങളാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഓരോ പ്രവർത്തനങ്ങളിലും പ്രതിഫലിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ എപ്പോഴും ജനങ്ങളോടൊപ്പമുണ്ട്. അവർക്കാശ്വാസം പകർന്നും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ജനങ്ങളും എൽ.ഡി.എഫ്.-ഉം തമ്മിലുള്ള പരസ്പര വിശ്വാസത്തിന്റെ കണ്ണാടിയായിരുന്നു കേരളത്തിലെ ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് ഫലം. ജനപക്ഷ-ജനവിരുദ്ധ രാഷ്ട്രീയങ്ങൾ ഏറ്റുമുട്ടുകയായിരുന്നു. ജനസേവന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളുമായി മുന്നോട്ടുപോകുമ്പോൾ ഗീബത്സ്യൻ തന്ത്രങ്ങളാൽ ഈ സർക്കാരിനെ ദുർബലപ്പെടുത്താൻ കഴിയില്ല. നെഞ്ചുകീറി നേരുകാട്ടുന്ന ഒരു ഭരണാധികാരി ഇവിടെയുണ്ട്. മാനവദർശനമുള്ള ഒരു ജനകീയ ഭരണസംവിധാനമാണ് ഇവിടെയുള്ളത്. ആത്മാർത്ഥതയും അർപ്പണ ബോധവും ഉദ്ദേശ്യശുദ്ധിയും നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും എക്കാലവും ചാലകജ്വാലയാക്കി കുതിച്ചുപായുകയാണ് വികസന വിസ്മയത്തിലൂടെ ഈ ജനകീയ അശ്വം. അധഃസ്ഥിത ചോരകൊണ്ട് വീരഗാഥ രചിച്ച വയലാറിന്റെ ചുവന്ന മണ്ണിൽനിന്നുമാണ് ഈ സർക്കാരിന്റെ രണ്ടാംവരവിന് തുടക്കംകുറിച്ചത്. മലയും മരങ്ങളും പുഴയും മനുഷ്യന്റെ മിഴിനീരും വിറ്റ് കാശാക്കാൻ കമനീയ വാഗ്ദാന പെരുമാരിയായി മുന്നിലവതരിക്കുകയാണ് ഇന്ത്യയിലെ കോർപ്പറേറ്റ് മോദി കിരാത

ഭരണസംവിധാനം. കൊച്ചുകേരളം ഇതിനെതിരായി പ്രാദേശിക ബദലുകൾ സൃഷ്ടിച്ച പ്രതിരോധങ്ങൾ തീർത്താണ് മുന്നോട്ടുപോകുന്നത്. കാലത്തിനൊപ്പമല്ല, ഒരു പടിമുന്നിലാണ് ജനാധിപത്യ കേരളം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. കർമ്മപദ്ധതികളിലൂടെ അനുദിനം അത് തെളിയിക്കപ്പെടുകയാണ്. അതിദാരിദ്ര്യ നിർമ്മാർജ്ജനം, പ്രകൃതി സൗഹൃദമായ വികസന പരിപ്രേക്ഷ്യം, സാമ്പത്തിക സാമൂഹിക അസമത്വങ്ങളില്ലായ്മ ചെയ്യാനുള്ള ശക്തമായ ഇടപെടലുകൾ, എല്ലാ തലത്തിലും നവീന ശാസ്ത്രീയയുഗത്തിൽ ഉചിതമായ ഇടപെടലുകൾ, ഉന്നത വിദ്യാഭ്യാസം, കൃഷി, നൈപുണ്യവികസനം, തൊഴിലവസര സൃഷ്ടി എന്നിവയ്ക്കെല്ലാം ഊന്നൽനൽകാൻ സർക്കാർ തയ്യാറായിരിക്കുകയാണ്. അഞ്ചുലക്ഷം കുടുംബങ്ങളുടെ പട്ടിണിമാറ്റാൻ മൈക്രോപ്ലാൻ തയ്യാറാകുകയാണ്. ശിരസ്സ് അപമാനഭാരത്താൽ കുനിയുന്ന കേരളമായിരുന്നു യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ കഴിഞ്ഞകാല സംഭാവന. എന്നാൽ, ഇന്ന് നാടിന്റെ വികസന ചരിത്രത്താളുകളിൽ അഭിമാനിക്കാവുന്ന ഉജ്ജ്വല അദ്ധ്യായങ്ങൾ വിരചിച്ചുകൊണ്ട് മുന്നേറുന്ന കേരളത്തെയാണ് കാണുന്നത്. പ്രശസ്തനായ ബ്രിട്ടീഷ് പത്രപ്രവർത്തകനായ Miles Kington-ന്റെ ഒരു വാചകമുണ്ട്, "തക്കാളിയെന്നത് പഴമാണെന്ന് അറിയുന്നത് അറിവുതന്നെ. എന്നാൽ അത് ഫ്രൂട്ട്സ് സലാഡിൽ ചേർക്കാനാകില്ലെന്ന് മനസ്സിലാക്കാൻ വിവേകവും തിരിച്ചറിവുംതന്നെ വേണം". ഇതാണ് ഇവിടെയുള്ള യു.ഡി.എഫ്.-ന്റെ പ്രശ്നം. വിവേകവും തിരിച്ചറിവും കൈമോശം വന്നുപോയ പ്രതിപക്ഷത്തെയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പലവിഷയങ്ങളിലും ഇവർ സഭയ്ക്കകത്തും പുറത്തും സ്വീകരിക്കുന്ന സമീപനമതാണ്. കുറച്ചുനാളുകളായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നാവിൻ തുമ്പിൽനിന്നും ഉതിർന്നുവീഴുന്ന വാക്ക്, 'വിമർശിക്കാൻ ഞങ്ങൾക്കവകാശമില്ലേ' എന്നാണ്. വിമർശിക്കാൻ തീർച്ചയായും അവകാശമുണ്ട്. ഇത്തരുണത്തിൽ എബ്രഹാം ലിങ്കണിന്റെ ഒരുവാചകം ഞാൻ ഓർത്തുപോകുകയാണ്. "സഹായിക്കാനുള്ള മനസ്സുള്ളവനേ വിമർശിക്കാനും അവകാശമുള്ളൂ". ജനങ്ങൾക്കും നാടിനുംവേണ്ടി ക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സർക്കാർ വ്യാപൃതരാകുമ്പോൾ അതിനെയെല്ലാം നിസ്സാരവത്കരിച്ച് ജനവിരുദ്ധ സമീപനം സ്വീകരിച്ച് തകർക്കാൻ ശ്രമിക്കുന്നവർക്ക് എങ്ങനെയാണ് ക്രിയാത്മക പ്രതിപക്ഷമായി പ്രവർത്തിക്കാൻ സാധിക്കുക? ഒരു നിയമ നിർമ്മാണ സഭയുടെ സാദ്ധ്യത വളരെ വലുതാണെന്ന തിരിച്ചറിവാണ് പുതിയ കാലത്തിന്റെ പൊതുമണ്ഡലത്തെ നയിക്കുന്നത്. നിയമസഭ ജനസേവനത്തിനുള്ള ഒരു വലിയ സാദ്ധ്യതയാണെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളമുള്ളത്, അതാണിവിടെ എൽ.ഡി.എഫ്. സ്വീകരിക്കുന്നത്.

കേരളത്തിന്റെ പഴയകാല ചരിത്രം നമുക്കറിയാം. വാരം, പാട്ടം, നൊരി, ചീലക്കാശ്, കങ്കാണി, വെച്ചുകാണൽ തുടങ്ങിയ എല്ലാ അർത്ഥത്തിലും അക്രമപ്പിരിവുകളുടെ പൊങ്കാലയായിരുന്ന ജന്മിത്വം കൊടികുത്തിവാഴുന്ന കാലത്ത് കേരളം അനുഭവിച്ചത്. ആ ജന്മിത്വത്തിന്റെ വിഷപ്പല്ല് പറിച്ചെറിഞ്ഞ് പുരോഗമനകേരളം ഏറെ മുന്നോട്ടുപോയി. 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് കാർഷിക പരിഷ്കരണത്തിനും ഭൂപരിഷ്കരണ പദ്ധതികൾക്കും തുടക്കംകുറിച്ചത്. ഇത് വളരെ പെട്ടെന്നുള്ള ഒരു തീരുമാനമല്ല. 1957-ലെ ഗവൺമെന്റ് രൂപം കൊള്ളുന്നതിനുമുൻപ് 1956-ൽ തൃശ്ശൂരിൽവച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു കൺവെൻഷൻ നടന്നു. അതിൽവച്ചാണ് കേരളത്തിന്റെ ഭൂവ്യവസ്ഥയെക്കുറിച്ച് അന്ന് വളരെ കൂലങ്കഷമായ പരിശോധനയും ക്രിയാത്മകമായിട്ടുള്ള ചർച്ചയും ഉയർന്നുവന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് 1957-ൽ കേരളം ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ഭരണനിർവ്വഹണത്തിലേയ്ക്ക് പോയപ്പോൾ ഒഴിപ്പിക്കലിനെതിരായി നടപടി സ്വീകരിക്കാനും കാർഷിക പരിഷ്കരണത്തിലേയ്ക്ക് പോകാനുമുള്ള നിദാനം കുറിച്ചത്. അന്തിയുറങ്ങാൻ, കൂരകെട്ടാനിടമില്ലാത്തവർക്ക് കൂരയും ഇടവും നൽകുന്ന പിണറായി സർക്കാർ അഭിമാനബോധത്തോടെയാണ് ജനഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ചിട്ടുള്ളതെന്ന് നമുക്കറിയാം. 1957-നുമുമ്പുള്ള കേരളവും ഇ.എം.എസ്. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള കേരളത്തിലെ അനുഭവവും നമുക്കറിയാം. മംഗല്യഭാഗ്യം ലഭിച്ച മലയാളം മക്കളുടെ ജാതകം ആ കാലത്ത് മാറ്റിക്കുറിക്കുകയായിരുന്നു. വേലചെയ്യുന്നവർ വേർപണി മണ്ണിന്റെ നേരവകാശി കളായതും കുടമയും കുമ്പയും കുരുതി വൃക്ഷങ്ങളും കൂലിപ്പടയും വിറച്ചത്, വേലയും കൂലിയും നേരായി നിജപ്പെടുത്തിയ കാലവുമായിരുന്നു. ചത്താൽ കുഴിച്ചിടാൻ നാഴിമണ്ണില്ലാത്ത ചാത്തനെനോക്കി ചരിത്രം പെറ്റമണ്ണിനവകാശി നീയാണെന്ന് പ്രഖ്യാപിച്ചതാണ് 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലഘട്ടം. ജീവിതം വഴിമുട്ടിനിൽക്കുന്ന, പട്ടിണികൊണ്ട് കഷ്ടപ്പെടുന്ന, ചോദ്യചിഹ്നംപോലെ വളഞ്ഞു നിൽക്കുന്ന സാധാരണ മനുഷ്യന്റെ കൈപിടിച്ചുയർത്തി അഭിമാന ബോധമുള്ളവനാക്കി കയറിക്കിടക്കാൻ ഒരിടംനൽകാൻ ആ സർക്കാർ തീരുമാനിച്ചു. ആ ഉജ്ജ്വലമായ പാരമ്പര്യവും അനുഭവസമ്പത്തുമാണ് വർത്ത മാനകാല കേരളത്തിന്റെ ഭരണസംവിധാനമായ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിനുള്ള പ്രേരകശക്തിയും പ്രചോദനവുമെന്ന കാര്യത്തിൽ തർക്കമില്ല. വിവിധ മേഖലകൾ ഉൾപ്പെടുന്ന റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിച്ചതിനാൽ ഞാൻ വിശദീകരിക്കുന്നില്ല. 1.76 ലക്ഷം വീടുകളിൽ പട്ടയമെത്തിക്കാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞു. 1,76,711 പട്ടയം വിതരണം ചെയ്തു. വിതരണസമയത്ത് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി തണ്ടാടിയിൽ ചെല്ലപ്പൻ ചേട്ടന്റെയും അമ്മിണിച്ചേച്ചിയുടെയും പ്രതികരണ

മുണ്ടായിരുന്നു. അത് നമ്മളെല്ലാവരും മാദ്ധ്യമങ്ങളിൽ വായിച്ചതാണ്. 'ചോരനീരാക്കിയതാ; സന്തോഷമൊന്ന് വേറെയാടാ ഉവ്വേ'; ഇതാണ് പ്രതികരണം. അത് ഒരായിരം കണ്ഠങ്ങളിൽനിന്ന് ഉയർന്നുവന്ന സംതൃപ്തിയുടെ പ്രതികരണ ത്തിന്റെ സാക്ഷ്യപത്രമായിട്ടാണ് എല്ലാവർക്കുമനുഭവപ്പെടുന്നത്. യു.ഡി.എഫ്.-ന്റെ കാലത്തെന്തായിരുന്നു? ഭൂരഹിതരില്ലാത്ത കേരളമെന്ന പദ്ധതിയിലൂടെ ഉപയോഗശൂന്യമായ സ്ഥലങ്ങൾ നൽകി ഭൂരഹിതരെ കബളിപ്പിച്ച ഒരു സംവിധാനമായിരുന്നു. ധനകാര്യ മാനേജ്മെന്റിനെക്കുറിച്ച് വിമർശനം നടത്താൻ ചിലർ ഇവിടെ ശ്രമിക്കുകയുണ്ടായി. കേരളത്തിലെ ധനകാര്യ സ്ഥിതിയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ നമുക്കറിയാം, അതിൽ ഒന്നാം പ്രതിക്കൂട്ടിൽ നിർത്തേണ്ടത് കേന്ദ്ര ഭരണാധികാരികളെയാണ്. നികുതിവിഹിതം, ഗ്രാന്റ്, ജി.എസ്.ടി. ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സംസ്ഥാനത്തിന്റെ അധികാര അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് ഒരു ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോട് കാണിക്കുന്ന ധനസമീപനത്തെ എല്ലാ അർത്ഥത്തിലും സാമ്പത്തിക പ്രതിരോധം ഉറപ്പുവരുത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോയത്. കോവിഡ് മഹാമാരിയുണ്ടായത് ഇതിനുപുറമെയാണ്. ഇക്കാലങ്ങളിലെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ധനസമീപനത്തിനെതിരെ അതിശക്തമായ പ്രതിഷേധവും പ്രതിരോധവും വളർന്നുവരേണ്ട വർത്തമാനകാലമാണ്. എന്നിട്ടും നമ്മുടെ സാദ്ധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞ് ജനക്ഷേമ പ്രവർത്തനങ്ങൾക്ക് കോട്ടംതട്ടാതെ ഈ ഗവൺമെന്റ് പിടിച്ചുനിൽക്കുകയാണ്.

ജനക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെന്നറിയാം. പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നഷ്ടം, എക്സൈസ് ഡ്യൂട്ടി, സെയിൽസ് ടാക്സ് എന്നിങ്ങനെ വിവിധ മേഖലകളിലുണ്ടായ നഷ്ടങ്ങളെക്കുറിച്ചും ബോദ്ധ്യമുണ്ട്. പ്രവാസി മലയാളികളുടെ തിരിച്ചുവരവ് സംബന്ധിച്ച കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ നാടിനെ രക്ഷിക്കാൻ ഒരുമിച്ചു നിൽക്കേണ്ട സന്ദർഭമാണിതെന്നുകൂടി ഓർക്കണം.

വരുമാനമാർഗ്ഗമില്ലാത്തവരെ സംരക്ഷിക്കുന്നതിനായി ഉള്ളവരിൽനിന്നും നികുതിപിരിക്കാൻ കഴിയണം. നികുതിപിരിവ് കർശനമായി മുന്നോട്ടു കൊണ്ടുപോകണം. ആഡംബര കാറായാലും ആഡംബര ജീവിതമായാലും ഫൈവ് സ്റ്റാർ വീടുകളായാലും ഇത്തരം സംവിധാനമെല്ലാമുണ്ടാകുമ്പോൾ മതിയായ നികുതി പിരിക്കാനുള്ള തീരുമാനങ്ങളിലേയ്ക്ക് പോകുകയാണ് വേണ്ടത്. ജി.എസ്.ടി.-യുടെ സാമൂഹിക പ്രത്യാഘാതം ഏറ്റവുംകൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് വ്യവസായ മേഖലയെയാണ്. രാജ്യം കമ്പോളമായി മാറുന്നത് കേരളത്തിന് ദോഷംചെയ്യുന്ന രീതിയാണ്. റവന്യൂ വകുപ്പിന്റെ ഉപവകുപ്പെന്ന രീതിയിൽ

ദേവസ്വത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. ഒന്നാം പിണറായി സർക്കാരിന്റെ ദേവസ്വം വകുപ്പിലെ പ്രഥമ ഇടപെടൽതന്നെ ഒരു നിശബ്ദ വിപ്ലവത്തിന്റെ തുടക്കംകുറിക്കലായിരുന്നു. 19 പട്ടികജാതിക്കാർക്ക് തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ശാന്തിയായി നിയമനം നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പിന്നോക്ക സമുദായത്തിൽപ്പെട്ട 133 പേരെയും ശാന്തിമാരായി ഇക്കാലയളവിൽ നിയോഗിക്കുകയുണ്ടായി. നവോത്ഥാന സ്മൃതികളിരമ്പുന്ന വഴികളിലൂടെ സഞ്ചരിക്കുന്ന ഒരു സർക്കാരിനല്ലാതെ ആർക്കാണ് ഇത്തരം ധീരോദാത്തമായ നിലപാടും തീരുമാനവും കൈക്കൊള്ളാൻ കഴിയുക? അതുപോലെ ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉറപ്പു വരുത്താനുള്ള സംവിധാനത്തിലേയ്ക്ക് സർക്കാർ പോയി; ഇന്ത്യയിലാദ്യമായി നിയമനത്തിന് സാമ്പത്തിക പിന്നാക്കാവസ്ഥ മാനദണ്ഡമാക്കി; മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിൽ 10 ശതമാനം സംവരണം നൽകാൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചു. ദേവസ്വം നിയമനങ്ങൾക്ക് ഹിന്ദുക്കൾക്കുമാത്രമെ അർഹതയുള്ളൂ വെന്നതിനാൽ ആകെ സംവരണം 50 ശതമാനത്തിൽ നിജപ്പെടുത്തി മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സംവരണ ക്വാട്ട വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഇതുപ്രകാരം മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണം ലഭിക്കുന്നു. അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചെടുക്കുന്നതിനായി പ്രത്യേക ദേവസ്വം ട്രൈബ്യൂണൽ രൂപീകരികരണവും ശ്രീപത്മനാഭ സ്വാമിക്ഷേത്രം, ശബരിമല, ഗുരുവായൂർ എന്നീ ക്ഷേത്രങ്ങളുടെ സമഗ്ര വികസനവും സാദ്ധ്യമായി. ശബരിമലയ്ക്കുമാത്രം 767 കോടി രൂപ കിഫ്ബിയിലൂടെ നീക്കിവയ്ക്കാൻ കഴിഞ്ഞു. അങ്ങനെ ഒട്ടേറെ ഇടപെടലുകൾ നടത്താൻ ഈ ഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞു. തൃശ്ശൂരിൽ കലവറ പദ്ധതി, പരിശീലന കേന്ദ്രങ്ങളാരംഭിക്കുക തുടങ്ങി ഓരോ സ്ഥലങ്ങളിലും ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ ഭവന നിർമ്മാണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

ഇവിടെ വർഗ്ഗീയതയ്ക്കെതിരെയും വർഗ്ഗീയ ഫാസിസത്തിനെതിരെ യുമെല്ലാം മുസ്ലീംലീഗിലെ സുഹൃത്തുക്കൾ ഗംഭീരമായി പ്രസംഗിക്കുകയും ഭൂരിപക്ഷവർഗ്ഗീയതയും ന്യൂനപക്ഷ മതതീവ്രവാദവും ഈ നാടിന് ആപത്താണെന്നും പറയാറുണ്ട്. ഇവ രണ്ടും ഇരുതലമൂർച്ചയുള്ള വാളാണ്. ലീഗിന്റെ തീവ്രവാദബന്ധം സംശയിക്കുന്ന വാർത്ത ഇന്നത്തെ പത്രത്തിൽ വന്നിട്ടുള്ളത് നിങ്ങൾ കണ്ടിട്ടുണ്ടാവും. 'ലീഗിൽ പ്രതിഷേധം, ജമാഅത്തെ വാരികയെ പ്രകീർത്തിച്ച് ലീഗ് നേതാവ്'. ജമാഅത്തെ ഇസ്ലാമിയുടെ താത്വികവാരികയായ

പ്രബോധനത്തിന് സഭയിലുള്ള സഹപ്രവർത്തകനും മുതിർന്ന അംഗവുമായ മുസ്ലീംലീഗ് നേതാവിന്റെ ഗുഡ് സർട്ടിഫിക്കറ്റ്. ശ്രീ. കെ. പി. എ. മജീദ്, എം.എൽ.എ.-യാണ് മതരാഷ്ട്രവാദികളുടെ മുഖവാരികയെ പ്രകീർത്തിച്ചുകൊണ്ട് വാർത്തയെഴുതിയത്. എന്തഭിപ്രായമാണ് മുസ്ലീംലീഗിന് ഇതിനെക്കുറിച്ച് പറയാനുള്ളത്? ഇതിൽ ലീഗിന്റെ നിലപാട് വ്യക്തമാക്കണം. നിങ്ങൾക്കെങ്ങനെ രാജ്യത്തെ വർഗ്ഗീയതയെ ചെറുത്തുതോൽപ്പിക്കാൻ കഴിയും? മതനിരപേക്ഷ രാഷ്ട്രീയം കൈകാര്യംചെയ്യുന്ന മതനിരപേക്ഷ മനസ്സുള്ള, കേരളത്തിൽ വർഗ്ഗീയതയ്ക്കെതിരെ സന്ധിയില്ലാപോരാട്ടം നടത്തുന്ന, അതിന് നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മതേതര പ്രസ്ഥാനങ്ങൾക്കുമാത്രമെ വർഗ്ഗീയതയെ പ്രതിരോധിക്കാൻ കഴിയുകയുള്ളൂ. പത്ത് മണ്ഡലങ്ങളിൽ കൃത്യമായ ബി.ജെ.പി.-യു.ഡി.എഫ്. ബന്ധം സ്ഥിരീകരിച്ചുകൊണ്ടാണ് നിങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളത്തെ അഭിമുഖീകരിച്ചത്. തെളിവുകൾ വേണമെങ്കിൽ കൃത്യമായി വരുംനാളുകളിൽ ചർച്ചചെയ്യാം. ഇത്തരം ഒരു സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്. കേരളത്തിനെ വർഗ്ഗീയാസ്വാസ്ഥ്യമില്ലാത്ത വർഗ്ഗീയ കലാപമില്ലാത്ത നാടായി മാറ്റാൻ കഴിയുന്നത് വർഗ്ഗീയതയ്ക്കെതിരെ, സന്ധിയില്ലാപോരാട്ടം നടത്തുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ശ്രദ്ധേയമായ ഇടപെടലിന്റെ ഭാഗമായികൂടിയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കെടുകാര്യസ്ഥതയും അഴിമതിയും ഒഴിവാക്കി നികുതി വരുമാനം ഗണ്യമായി ഉയർത്തുമെന്നും റവന്യൂ ചെലവ് വർദ്ധന നിയന്ത്രണ വിധേയമാക്കുമെന്നുമായിരുന്നു ഒന്നാം പിണറായി സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഇപ്പോൾ സ്ഥിതിയെന്താണ്? പലിശയിനത്തിൽ സർക്കാർ ഇതുവരെ 83,485 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. അടുത്ത മാർച്ചാകുമ്പോൾ സർക്കാർ പലിശയിനത്തിൽ പൊതുഖജനാവിൽനിന്നും 1,05,425 കോടി രൂപ കൊടുക്കേണ്ടിവരും. കടബാദ്ധ്യത റവന്യൂ വരുമാനത്തിന്റെ 288.51 ആയി ഉയർത്തി റെക്കോർഡ് സൃഷ്ടിക്കാൻ സാധിച്ചുവെന്നുള്ളതാണ് നിങ്ങളുടെ ഏറ്റവുംവലിയ നേട്ടം. ഇതിനോടൊപ്പം കിഫ്ബിയുടെ കടബാദ്ധ്യതയുംകൂടി ചേർത്താൽ ഈ സർക്കാർ ഇതിനകം തന്നെ നാലുലക്ഷം കോടിരൂപയുടെ കടബാദ്ധ്യതയുണ്ടാക്കി വച്ചിരിക്കുകയാണ്. എന്നിട്ടും ധനകാര്യ മാനേജ്മെന്റിനെക്കുറിച്ചാണ് പറയുന്നത്. കുളിച്ചില്ലെങ്കിലും കൗപീനം പുരപ്പുറത്ത് കിടക്കട്ടെ എന്ന ഒരു ചിന്തയും വർത്തമാനവുമുണ്ട്. ഇതിനെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. നികുതി പിരിച്ചെടുക്കുന്നതിൽ ഇത്രയും പരാജയപ്പെട്ട സർക്കാർ

കേരളത്തിലുണ്ടായിട്ടില്ല. നിങ്ങൾ പറയുന്നത് ഇത് കോവിഡ്മൂലമാണെന്നാണ്. കോവിഡിനുമുമ്പുള്ള കാര്യമാണ് ഞാൻ പറയുന്നത്. 31-3-2019 വരെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം നികുതി കുടിശ്ശിക 20,146 കോടി രൂപയാണ്. അന്ന് കോവിഡില്ല. നികുതി കുടിശ്ശികയുടെ അപ്-ടു-ഡേറ്റ് രേഖപോലും വകുപ്പിൽ ലഭ്യമല്ലെന്നാണ് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തൽ. കുടിശ്ശികയിനത്തിൽ 5,362 കോടി രൂപ വിവിധ അധികാര സ്ഥാപനങ്ങളിൽ സ്റ്റേ ചെയ്യുന്നു. ഈ സ്റ്റേ വെക്കേറ്റ് ചെയ്ത് നികുതി പിരിച്ചെടുക്കാൻ യാതൊരുനടപടിയും സ്വീകരിച്ചിട്ടില്ല. സെയിൽസ് ടാക്സുമായി ബന്ധപ്പെട്ട് 13,305 കോടി രൂപയാണ് പിരിച്ചെടുക്കാനുള്ളത്. ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി 2016-17-നുശേഷം കൂടിയിട്ടില്ല. അതുപോലെ നികുതിപിരിക്കാൻ കേരള സർക്കാർ സൃഷ്ടിച്ച Back End Module വൻപരാജയമായി. വാണിജ്യ-നികുതി വകുപ്പിന്റെ സമഗ്രമായ പുനഃസംഘടന നടത്തുന്നതിൽ പരാജയപ്പെട്ടു. വാറ്റ് ആംനെസ്റ്റി സ്കീം മറ്റൊരു പരാജയമായി മാറി. ഇതാണ് നികുതി പിരിവിന്റെ അവസ്ഥ. പീരിയോഡിക്കലായും മാസംതോറും ക്വാർട്ടർലിയായും ഫയൽ ചെയ്യുന്ന റിട്ടേൺ സ്ക്രൂട്ടിണി വർക്കും അസസ്സ്മെന്റ് വർക്കും കൃത്യമായി നടക്കുന്നില്ല. നാലുവർഷമായിട്ടും full fledged ആയിട്ടുള്ള അസസ്സ്മെന്റ് വർക്ക് നടക്കുന്നില്ല. ആഡിറ്റ് അസസ്സ്മെന്റ് വിംഗ് നാല് വർഷമായിട്ടും ഇതുവരെ രൂപീകരിച്ചിട്ടില്ല. നികുതിപിരിവിന്റെ കാര്യത്തിൽ തികഞ്ഞ പരാജയമാണ് ഈ സർക്കാർ.

ഭവനനിർമ്മാണ വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ, തലയ്ക്കുമീതെ ഒരു കൂര എന്ന പാവപ്പെട്ടവരുടെ സ്വപ്നം സാക്ഷാത്കരിക്കാൻ എന്നതാണ് 2017-ലെ നയപ്രഖ്യാപനം. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ 2021-ഓടെ കേരളത്തിൽ നൂറുശതമാനം പാർപ്പിട ഉടമസ്ഥരുള്ള സംസ്ഥാനമാക്കി മാറ്റുമെന്നതായിരുന്നു മുദ്രാവാക്യം. നിലവിൽ 6.24 ലക്ഷം പേർ വീടില്ലാത്തവരും 2.70 ലക്ഷം പേർ വീടും സ്ഥലവുമില്ലാത്തവരുമായി നമ്മുടെ നാട്ടിലുണ്ട്. തോട്ടം തൊഴിലാളികൾക്ക് പ്രത്യേക ഭവനപദ്ധതിയുണ്ടാക്കുമെന്ന് 2017-ൽ പ്രഖ്യാപിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. ഇക്കൂട്ടത്തിൽ ഒരു കാര്യം റവന്യൂ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കുകയാണ്, നാച്വറൽ കലാമിറ്റിയുടെ ഭാഗമായി വീടുകൾ തകർന്നവർക്കുള്ള നഷ്ടപരിഹാരം ഒരുലക്ഷം രൂപയാണ്. പൂർണ്ണമായും തകർന്ന വീടിന് ഒരുലക്ഷം രൂപയെന്നത് ഉയർത്തണം. പെൻഷന്റെ കാര്യം പറഞ്ഞു, സാമൂഹ്യ പെൻഷൻ തുക വർദ്ധിപ്പിച്ചു. പക്ഷേ 2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ പെൻഷൻ കിട്ടുന്നവരുടെ വരുമാനപരിധി 22,000 രൂപയായിരുന്നത് ഒരുലക്ഷം രൂപയായി ഉയർത്തുകയും 65 ആയിരുന്ന

പ്രായപരിധി 60 ആയി കുറയ്ക്കുകയും ചെയ്തു. ആൺമക്കളുള്ള അമ്മമാർക്ക് പെൻഷനില്ലായിരുന്നു; ഞങ്ങൾ ആൺമക്കളുണ്ടെങ്കിലും അമ്മമാർക്ക് പെൻഷൻ കൊടുത്തു. ഒരുലക്ഷംരൂപ എന്നുള്ള വരുമാനപരിധി ഉയർത്തണമെന്നാണ് ഇപ്പോൾ എനിക്ക് ആവശ്യപ്പെടാനുള്ളത്. നിങ്ങൾ എപ്പോഴും പറയുന്നത്, ബദൽ സാമ്പത്തിക നയം നടപ്പാക്കിയെന്നാണ്. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽപ്പോയി മണിയടിക്കലാണോ നിങ്ങളുടെ ബദൽ സാമ്പത്തികനയം. അതോ മാർക്സിസവും ലെനിനിസവും അടിസ്ഥാനമാക്കിയുള്ള നിലപാടാണോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നിങ്ങൾ ഈ മണിയടി ഒരുപാട് ആഘോഷിച്ചില്ലേ; ഞാൻ തൃപ്പൂണിത്തുറയിലുള്ള ദിവസങ്ങളിൽ പലപ്പോഴും ഈ മണിയടിയൊച്ച പള്ളിയിൽനിന്ന് കേൾക്കാറുണ്ട്. ഓരോ ഡെഡ്ബോഡി വരുമ്പോഴും അവിടെ കപ്യാർ മണിയടിക്കും. ഇതിൽക്കവിഞ്ഞ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഈ മണിയടിക്കൊരു പ്രാധാന്യവുമില്ല. എന്നിട്ടും നിങ്ങൾ ആഘോഷിക്കുകയാണ്, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ കോട്ടും സ്യൂട്ടുമിട്ട് മുഖ്യമന്ത്രി മണിയടിച്ചുവെന്ന് പറയുകയാണ്. നേരത്തെ നിങ്ങളുടെ മുദ്രാവാക്യം കയ്യൂരെന്നായിരുന്നു, അവിടെനിന്നാണ് നിങ്ങൾ ആവേശംകൊണ്ടിരുന്നത്. ഇപ്പോൾ ആവേശം കിട്ടാൻ കരുവന്നൂരും വെള്ളൂരും. കരുവന്നൂർ, വെള്ളൂർപോലെയുള്ള സഹകരണ ബാങ്കുകളിൽനിന്നും നഷ്ടപ്പെട്ട പാവങ്ങളുടെ പണം ഗവൺമെന്റ് കൊടുക്കുമോ? 7,615 മരണം മറച്ചുവച്ചുവെന്ന് ഇന്നത്തെ പത്രത്തിൽ ഒരു കണക്കുവന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് കോവിഡ് മരണം സംഭവിച്ച ആളുകൾക്ക് കേന്ദ്രഗവൺമെന്റ് നഷ്ടപരിഹാരം കൊടുത്താൽ നിങ്ങളേത് കണക്ക് കൊടുക്കും; മറച്ചുവച്ച കണക്കുകൂടി അതിലുൾപ്പെടുത്തുമോ; അത് വ്യക്തമാക്കണം. പാവപ്പെട്ട ആളുകളുടെ അത്താണിയായിരുന്ന സഹകരണ ബാങ്കുകൾ കൊള്ളയടിക്കുന്ന പുതിയ ധനതത്വശാസ്ത്രം നിങ്ങളാവിഷ്കരിച്ചു. ശ്രീ. വിജയ്മല്യ, ശ്രീ. ചോംസ്കി തുടങ്ങിയവർ വൻതോതിലും നിങ്ങളും ആയവിധത്തിലൊക്കെ ബാങ്കുകൾ കൊള്ളയടിച്ചു. പാവപ്പെട്ടവരുടെ സ്വപ്നങ്ങളാണ് നിങ്ങൾ തകർത്തത്. എന്നിട്ട് നിങ്ങൾ ഇവിടെ വന്നിരുന്ന് വലിയ വർത്തമാനം പറയരുത്. ഈ പത്രത്തിൽ - (പത്രം ഉയർത്തിക്കാട്ടി) ദൈനിക് ഭാസ്കറും ഭാരത് സമാചാറും ആദായ നികുതി വകുപ്പ് റെയ്ഡ് ചെയ്തു, ഇന്ത്യയിലെ എല്ലാ മുഖ്യമന്ത്രിമാരും പ്രതികരിച്ചു. കേരള മുഖ്യമന്ത്രി പ്രതികരിച്ചോ; കാരണം ശ്രീ. നരേന്ദ്ര മോദിയെ പിണക്കാൻ നിവൃത്തിയില്ല. ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിനെതിരെയുള്ള കാര്യമാണിത്. നിങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറി പ്രതികരിച്ചു. ഇത് കാണാതെ പോയ ഏക സംസ്ഥാനം കേരളമാണ്. എന്നിട്ടാണ്

ബി.ജെ.പി.-ക്കെതിരായി ഞങ്ങളാണ് പൊരുതുന്നതെന്ന് പറയുന്നത്. കൊല്ലാനുള്ള ഇരയെ തീരുമാനിക്കുക, ആയുധങ്ങൾ ഒരുക്കിക്കൊടുക്കുക, പ്രതികളെ നിയമത്തിന് പിടികൊടുക്കാതെ ഒളിവിൽ താമസിപ്പിക്കുക, നിയമസഹായം നൽകുക, ജയിലിൽനിന്ന് എത്രയുംവേഗം ജാമ്യത്തിലിറക്കുക, കൊലയാളികളുടെ കുടുംബത്തിന് മാസപ്പടിനൽകി സംരക്ഷിക്കുക, ഏറ്റവും മുന്തിയ അഭിഭാഷകരെ കണ്ടെത്തി പ്രതികളെ കുറ്റകൃത്യങ്ങളിൽനിന്ന് മുക്തരാക്കുക, ജയിലിൽ കിടക്കുന്ന കൊടുംകുറ്റവാളികൾ യുവാക്കളാണെങ്കിൽ അവരുടെ വിവാഹം നടത്തിക്കൊടുക്കുക ഇതൊക്കെയാണ് നിങ്ങളുടെ പരിപാടി. ഈ ധനാഭ്യർത്ഥനകളെ ഞാനെതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, രണ്ട് ധനാഭ്യർത്ഥനകളെ സംബന്ധിച്ച മറുപടിയാണ് പറയാനുള്ളത്. സാമ്പത്തിക രംഗത്തെ സംബന്ധിച്ച് ലോകമാകെ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ചർച്ചകൾ നാട്ടിലും ആവർത്തിക്കേണ്ടതാണ്. അതിന്റെ സ്പിരിറ്റ് ഇവിടെ നടത്തിയ ചർച്ചകളിലെല്ലാമുണ്ട്. പക്ഷേ അതിനെ രാഷ്ട്രീയമായി, എൽ.ഡി.എഫ്. സർക്കാരിനെതിരെ വസ്തുതാപരമല്ലാത്ത രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നുവെന്നതാണ് പ്രശ്നം. സംസ്ഥാനത്തെ പൊതുസാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് ധാരാളം റിപ്പോർട്ടുകൾ വരുന്നുണ്ട്. ഐ.എം.എഫ്.-ന്റെ World Economic Outlook 2021-ൽ ജി.ഡി.പി.-യിൽ ലോകത്താകെ വലിയ ഇടിവ് ഉണ്ടായിരിക്കുന്നുവെന്ന കണക്ക് വന്നിരിക്കുകയാണ്. ഇന്ത്യയിൽ ആ ഇടിവ് ഏട്ട് ശതമാനമാണ്. മറ്റ് ഏഷ്യൻ രാജ്യങ്ങളുമായും ലോകത്തെ മറ്റുരാജ്യങ്ങളുമായും താരതമ്യംചെയ്യുമ്പോൾ വലിയതോതിലുള്ള ഇടിവാണ് ഇന്ത്യയിലുള്ളത്. ഇത് സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക മേഖലയെ വളരെയധികം ബാധിച്ചിട്ടുണ്ട്. വികസിതരാജ്യമായ ജപ്പാനിൽ 9.2 ശതമാനവും കൊറിയയിൽ 8.5 ശതമാനവും കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ധനക്കമ്മി വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടാക്കും. യൂറോപ്യൻ യൂണിയനിൽ നേരത്തെ 0.3 ശതമാനമായിരുന്ന ധനക്കമ്മി ഇപ്പോൾ ജി.ഡി.പി.-യുടെ 11.4 ശതമാനമായി എന്നതാണ് ഏറ്റവും ഒടുവിലത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. National Institute of Public Finance and Policy-യുടെ പഠനമനുസരിച്ച് ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും വലിയ തോതിൽ ജി.എസ്.ടി. കളക്ഷൻ കുറയുമെന്ന് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഗോവ, ഗുജറാത്ത്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞാൽ ജി.എസ്.ടി. വരുമാനനഷ്ടം ഏറ്റവും കൂടുതലുണ്ടായിട്ടുള്ളത് കേരളത്തിലാണെന്നാണ് ഈ പഠനം വ്യക്തമാക്കുന്നത്. സംസ്ഥാനങ്ങളുടെ വരുമാനംകുറയാനുള്ള കാരണം നമുക്കറിയാം. ഇപ്പോൾ വ്യാപാര-വ്യവസായ മേഖലകളിലും തകർച്ചയുണ്ടായതിന്റെ ഭാഗമായി തൊഴിൽ നഷ്ടവും കാർഷിക

മേഖലയിൽ പരുങ്ങലും ജനങ്ങളുടെ വാങ്ങൽശേഷിയിൽ കുറവുമുണ്ടായിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ നികുതി അടയ്ക്കുന്നതിന് ഇളവ് കൊടുക്കേണ്ടിവരും. അതിന്റെ ഭാഗമായി tax payment deferment, റിട്ടേൺ ഫയൽ ചെയ്യാനുള്ള തീയതി നീട്ടുന്നത് തുടങ്ങിയവ കാരണം ടാക്സ് ലഭ്യമാകുന്നതിൽ കാലതാമസം വരുന്നു. ഇത്തരത്തിൽ സാമ്പത്തികസ്ഥിതിക്ക് തകർച്ചവരുമ്പോൾ കൂടുതൽ കടമെടുക്കേണ്ടിവരും. ജനങ്ങൾക്ക് സഹായമെത്തിക്കുന്നതിനാണ് കടമെടുക്കുന്നത്. കടമെടുക്കുന്നത് നിർബന്ധമാകുന്ന സ്ഥിതിയുണ്ടെങ്കിൽ അതിനും ചില നിയന്ത്രണങ്ങളുണ്ട്. 2019-20-ലെ സി. & എ.ജി. റിപ്പോർട്ട് പ്രകാരം ആകെയുള്ള Debt GSDP ratio അനുസരിച്ച് പഞ്ചാബിൽ 41.03 ശതമാനവും പശ്ചിമബംഗാളിൽ 35 ശതമാനവും രാജസ്ഥാനിൽ 34.4 ശതമാനവും കേരളത്തിൽ 31.2 ശതമാനവുമാണ് കടം. ആരെയും കുറ്റംപറയേണ്ട കാര്യമില്ല, നേരത്തെതന്നെ ഇത്തരം കണക്കുകൾ പരിശോധിച്ചാൽ എല്ലാ സംസ്ഥാനങ്ങൾക്കും കടമെടുക്കേണ്ടിവരും. ഫെഡറൽ സംവിധാനത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതത്തിൽ വന്നകുറവ് വലുതാണെന്നത് കാണാതെ ഇക്കാര്യംമാത്രം ചർച്ചചെയ്തിട്ട് കാര്യമുണ്ടോ; മൂന്നുതരത്തിലാണ് കുറവ് സംഭവിക്കുന്നത്. സംസ്ഥാനത്തിന് കിട്ടേണ്ട കേന്ദ്രഗവൺമെന്റിന്റെ ടാക്സ് പൂളിൽനിന്നുള്ള Devolution നേരത്തെ 42 ശതമാനമായിരുന്നത് ഇപ്പോൾ 41 ശതമാനമായി. ഇത് തൊട്ടുമുമ്പത്തെ ഫിനാൻസ് കമ്മീഷനിൽനിന്നാണ്. ഇതിന്റെ ഭാഗമായി കുറവ് മാത്രമല്ല, 41 ശതമാനമാനത്തിൽനിന്ന് തൊട്ടുമുമ്പത്തെ വർഷംവരെ ലഭിച്ചത് 2.5 ശതമാനമാണ്; ആകെ വിഭജിച്ചുതരുന്നതിന്റെ 2.5 ശതമാനം കിട്ടുമായിരുന്നു. ഒറ്റയടിക്കത് arbitrary-യായി എന്ന അഭിപ്രായമാണുള്ളത്. ഇപ്പോൾ ഇത് 1.9 ശതമാനമാണ്. സംസ്ഥാനത്തെ ഭരണ-പ്രതിപക്ഷത്തിന് കേരളത്തിന് കിട്ടേണ്ട വിഹിതത്തെ സംബന്ധിച്ച് തർക്കമുണ്ടെന്ന് ഞാൻ കരുതുന്നില്ല. 1.9 ശതമാനം എന്നത് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യംചെയ്യുമ്പോൾ വളരെ കുറവാണ്. സംസ്ഥാനങ്ങളുടെ അധികാരത്തെ നിയന്ത്രിക്കാൻ ശ്രമിക്കുന്ന പുതിയതരത്തിലുള്ള കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ പ്രശ്നമാണ് നാട്ടിലുള്ളത്. ഇക്കാര്യം സംയുക്തമായി നേരിടണ്ടേ? 1987-ൽ ആകെ Devolution-നുവേണ്ടി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് കൊടുക്കുന്ന വിഹിതത്തിന്റെ 03.92 ശതമാനമായിരുന്നു അന്ന് കേരളത്തിന്റെ വിഹിതം. ഇക്കാര്യം 1987-ലെ ഗവൺമെന്റിന്റെ സമയത്ത് വിശ്വനാഥമേനോൻ ബഡ്ജറ്റവതരിപ്പിച്ചുകൊണ്ട് ആമുഖപ്രസംഗത്തിൽ പറഞ്ഞിരുന്നു. നമുക്ക് കിട്ടേണ്ട വിഹിതം നേരത്തേ ഉള്ളതിനെക്കാൾ കുറച്ചു. തൊട്ടുമുമ്പുവരെ അത് 2.5 ശതമാനമായിരുന്നു, അതിപ്പോൾ 1.92 ശതമാനമായി. അത്തരത്തിൽ ലഭിക്കേണ്ട വിഹിതത്തിൽ പതിനായിരക്കണക്കിന് കോടി രൂപയുടെ കുറവുണ്ടായി. അതിന്

അടിസ്ഥാനകാര്യങ്ങളുണ്ട്. നേരത്തെ ജനസംഖ്യയുടെ അടിസ്ഥാനം 1971 ആയിരുന്നു, ഇപ്പോൾ 2011 ആണ്. ജനസംഖ്യ ഒരു ഘടകവും മറ്റുവികസന കാര്യങ്ങൾ മറ്റൊരു ഘടകവുമാണ്. ഈ ഘടകങ്ങൾവച്ച് നമ്മുടെ വരുമാനം കുറയുന്നു. ഇതുകൂടാതെ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പുതിയൊരു വഴിയാണ് ടാക്സേഷന് സ്വീകരിച്ചിരിക്കുന്നത്. പെട്രോളിയം സെസ്സിന്റെ കാര്യത്തിൽ ഇന്നും ചർച്ച വന്നപ്പോൾ ബഹുമാനപ്പെട്ട അംഗം ഇവിടെ അവതരിപ്പിച്ചത് 'ബാലൻ കെ. നായരുടെ അടുത്തുനിന്ന് ഓടി രക്ഷപ്പെടുന്ന നായിക ചെന്നെത്തുന്നത് ജോസ് പ്രകാശിന്റെ അടുത്താണെന്ന്' പഴയ സിനിമയിലെ കഥ പറഞ്ഞാണ്. കേന്ദ്ര ഗവൺമെന്റ് സെസ്സോ, സ്പെഷ്യൽ ഡ്യൂട്ടിയോ ആയി കളക്ട് ചെയ്യുന്നതൊഴികെ ബാക്കിയെല്ലാ നികുതിവിഹിതവും സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യണം, അതാണ് നേരത്തെ സൂചിപ്പിച്ച 41 ശതമാനം. സെസ്സായി കളക്ട് ചെയ്തതിൽ മൂന്നേമുക്കാൽ ലക്ഷത്തിലധികം കോടിരൂപ ലഭിച്ചുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സെസ്സിൽനിന്നുള്ള വിഹിതം ലഭിച്ചിരുന്നെങ്കിൽ കേരളത്തിന് ഏറ്റവും കുറഞ്ഞത് പതിനായിരം കോടിരൂപ ലഭിക്കുമായിരുന്നു. ഈ കാലയളവിൽ കേന്ദ്ര സർക്കാർ സെസ്സിൽനിന്നും 8,000 കോടിയോളംരൂപ അധികം കളക്ട് ചെയ്തിട്ടുണ്ട്. അതിലുൾപ്പെടുന്ന 50 പൈസയും 20 പൈസയും കേരളത്തിന് കുറച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതുണ്ട്. ടാക്സ് കുറയ്ക്കണമെന്നും ജനങ്ങൾക്ക് സഹായം നൽകണമെന്നുമാവശ്യപ്പെടാം. പക്ഷെ കേരളത്തിന്റെ പ്രതിസന്ധിയെ കാണുന്നില്ല. കേന്ദ്രം പ്രസ്തുത തുക ടാക്സായി കളക്ട് ചെയ്താൽ അതിന്റെ നിശ്ചിത ശതമാനം സംസ്ഥാനത്തിന് നൽകേണ്ടി വരുമായിരുന്നു. അത് നൽകേണ്ടതില്ല എന്ന നിലപാടാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ കേന്ദ്ര സർക്കാരിന്റെ പുതിയ നടപടി വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ കോവിഡ് സാഹചര്യത്തിലും കേന്ദ്രത്തിന്റെ ഡെവല്യൂഷൻ തിയറിയിലും മാറ്റംവന്നിട്ടുണ്ട്. പുതിയ തരത്തിൽ സെസ് കളക്ട് ചെയ്യുന്നതു കാരണം സംസ്ഥാനത്തിനർഹമായ ഫണ്ട് ലഭിക്കുന്നില്ല. ഇതിനോടൊപ്പമാണ് കടംവാങ്ങുന്നതിനുള്ള നിയന്ത്രണവും. കഴിഞ്ഞവർഷം അഞ്ചുശതമാനമെന്ന നിലയിൽ വർദ്ധിപ്പിക്കാൻ സമ്മതിച്ചിരുന്നു. അതിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെക്കുറിച്ച് ചർച്ചചെയ്തതാണ്. ഈ വർഷവും ചില നിബന്ധനകൾ വച്ചിട്ടുണ്ട്.

ജി.എസ്.ടി. വന്നതിനുശേഷമുണ്ടായ പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്തതാണ്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ പറഞ്ഞിരുന്ന വ്യവസ്ഥ എന്തായിരുന്നു? ഓരോവർഷവും 14 ശതമാനം വീതം ടാക്സ് വർദ്ധിക്കുമെന്നാണ് പറഞ്ഞത്. ടാക്സ് 14 ശതമാനം വന്നില്ലെങ്കിൽ 14 ശതമാനമാകാനുള്ള പണം പ്രൊട്ടക്ടഡ് റവന്യൂ എന്നനിലയിൽ തരേണ്ടതാണ്. ജി.എസ്.ടി. നടപ്പിലാക്കി

ത്തുടങ്ങുന്ന സമയത്ത് ആകെ ഉൽപ്പന്നങ്ങളുടെ വിലയുടെ 16 ശതമാനമായിരുന്ന ശരാശരി ടാക്സെങ്കിൽ, ഇപ്പോഴത് 11 ശതമാനമായിട്ടുണ്ട്. മൂന്നിലൊന്ന് ടാക്സ് കേന്ദ്രഗവൺമെന്റിന്റെ ഏകപക്ഷീയമായ നയങ്ങൾ കാരണം കുറഞ്ഞുവെന്ന പ്രശ്നം നിലനിൽക്കുകയാണ്. അതിനോടൊപ്പം കോമ്പൻസേഷൻ ഗ്രാന്റ് തരണമെന്നുള്ളതും കൃത്യമായി പാലിക്കുന്നില്ല. ഈ അടുത്തിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുകയും നിരന്തരം കത്തുകളയയ്ക്കുകയും ചെയ്തിരുന്നു. മുഖ്യമന്ത്രി പോയതിന്റെ അടുത്ത ദിവസങ്ങളിൽ ഞാനും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. നമുക്ക് ലഭിക്കാനുണ്ടായിരുന്ന നാലായിരത്തിൽപ്പരം കോടി രൂപ ഇപ്പോൾ ലഭിച്ചിട്ടുണ്ട്. പക്ഷെ, അപ്പോഴും അതിന് മുൻവർഷത്തെ 3,107 കോടിരൂപ ലഭിക്കേണ്ടതുണ്ട്. ബി.ജെ.പി. ഇതര സംസ്ഥാനങ്ങൾ ഒരുമിച്ചുചേർന്ന് ഇക്കാര്യങ്ങളുന്നയിക്കുന്നുണ്ട്. അക്കാര്യത്തിൽ ശക്തമായ നിലപാടാണെടുക്കുന്നത്. രാഷ്ട്രീയ പ്രശ്നത്തിൽ ശക്തമായ നിലപാടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇടതുപക്ഷ മന്ത്രിസഭയുമെടുക്കുന്നത്. ഇത്തരം രാഷ്ട്രീയകാര്യങ്ങൾക്ക് ശക്തമായ അഭിപ്രായം പറഞ്ഞുതന്നെയാണ് കേരളം മുന്നോട്ടുപോകുന്നത്. ഇന്ത്യയിലെ പതിനൊന്ന് സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർക്ക് ഇവിടത്തെ മുഖ്യമന്ത്രി കത്തെഴുതി. കോവിഡ് വാക്സിൻ ഫ്രീ വാക്സിനായത് എങ്ങനെയാണ്? വിവിധ സംസ്ഥാനങ്ങളെ മൊബിലൈസ് ചെയ്യുന്നതിനും ഫ്രീ വാക്സിനുവേണ്ടി ആവശ്യപ്പെടുന്നതിനും മുഖ്യമന്ത്രിയാണ് മുൻകയ്യെടുത്തത്. രാഷ്ട്രീയമായി അത്തരം നിലപാടുകളെടു ക്കുന്നുണ്ട്. രാഷ്ട്രീയമായ നിലപാടുകളിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന സമീപനമില്ല. ടൂറിസം, ഗതാഗതം, നിർമ്മാണം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ എല്ലാ മേഖലകളിലും കോവിഡ്മൂലമുള്ള പ്രതിസന്ധിയുണ്ട്. അതുസംബന്ധിച്ച് കൃത്യമായ കണക്കുകളുണ്ട്. 2019-20-ൽ 11,826 കോടി രൂപ തനത് നികുതി വരുമാനമായി ലഭിച്ചപ്പോൾ അടുത്തവർഷം അത് 4,929 കോടി രൂപയായി. ഇത് ടാക്സിന്റെ പഠനം നടത്താത്തതുകൊണ്ടും അസസ്സ്മെന്റ് നടത്താത്തതുകൊണ്ടുമല്ല. ഇപ്പോൾ കോവിഡ് ഏറ്റവും രൂക്ഷമാണ്. എല്ലാ സംസ്ഥാനങ്ങളിലും രോഗനിരക്ക് കുറഞ്ഞ്, കുറേശ്ശെയായി റീഗെയിൻ ചെയ്തുവരുന്നുണ്ടെങ്കിലും ഇപ്പോഴും അതേപ്രശ്നം നിലനിൽക്കുകയാണ്. അപ്പോൾ എങ്ങനെ ഇക്കാര്യങ്ങൾ നടപ്പിലാക്കും? കോവിഡ് പ്രതിസന്ധിഘട്ടത്തിൽ നിങ്ങളെന്താണ് ചെയ്തതെന്ന് ചോദിച്ചാൽ എന്ത് മറുപടിയാണ് പറയേണ്ടത്? ഇതിന് മറുപടി പറഞ്ഞാൽ ബധിരകർണ്ണങ്ങളിൽ പറയുന്നതുപോലെയാകുമെന്ന് മാത്രമേയുള്ളൂ. കോവിഡിനെ നേരിടാൻ എന്തൊക്കെയാണ് ഈ ഗവൺമെന്റ് ചെയ്തതെന്ന് ഇന്നലെ വിശദമായി ചർച്ചചെയ്തതാണ്; അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നാം പിണറായി സർക്കാർ ചെയ്തകാര്യങ്ങളെക്കുറിച്ച് വിശദമായി മറുപടി പറയുകയും ചെയ്തു. ആ

മറുപടി ഒന്നുകൂടി വായിച്ചുനോക്കാനല്ലാതെ മറ്റൊന്നും വിശദീകരിക്കാനില്ല. റിസർവ് ബാങ്കിന്റേയോ ആരോഗ്യ വകുപ്പിന്റേയോ മറ്റേതെങ്കിലും സ്റ്റഡി റിപ്പോർട്ടുകളിലായാലും വരുന്നത് കേരളത്തിന്റെ കോവിഡ് രംഗത്തെ ഇടപെടൽ ഏറ്റവും മാതൃകാപരമായ രീതിയിലാണെന്നാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ വളരെ വിശദമായി പത്രം നിവർത്തിയിരുന്ന് വായിക്കുന്നത് ശ്രദ്ധയിൽപ്പെടുന്നുണ്ട്. അതനുവദനീയമല്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോവിഡിന്റെ കാര്യത്തിൽ എന്തുചെയ്തുവെന്ന് ചോദിച്ചുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുന്നു. തമിഴ്നാട്ടിൽ 4,000 രൂപ കൊടുത്തുവെന്നത് നല്ല കാര്യമാണ്. മറ്റ് സംസ്ഥാനങ്ങളെല്ലാം ചെയ്യുന്ന കാര്യങ്ങൾ അംഗീകരിക്കുകയാണ്. പുതിയ മുഖ്യമന്ത്രി വന്നു, അവിടെ എല്ലാവരും കൂടിയാലോചിച്ച് കാര്യങ്ങൾ ചെയ്തു. പക്ഷെ, കേരളത്തിൽ ചെയ്ത നല്ലകാര്യങ്ങൾ അംഗീകരിക്കണ്ടേ? 1,600 രൂപ ഒരുമാസം കൊടുക്കുന്നു, പഴയ കണക്കുകളൊക്കെ നമുക്കുണ്ടല്ലോ? പതിനെട്ട് മാസം പെൻഷൻ കൊടുക്കാതിരുന്ന കണക്ക് കയ്യിലുണ്ട്. ഇത് നിയമസഭയിൽ അന്നത്തെ മന്ത്രി നൽകിയ മറുപടിയിലുള്ളതാണ്. എന്താണ് എൽ.ഡി.എഫ്. ഗവൺമെന്റ് കൊടുത്തതെന്ന് ഇവിടെ ചോദിച്ചു. കോൺട്രാക്ടർമാർക്കുള്ള പേമെന്റും പെൻഷനും കൊടുത്തതല്ലേയുള്ളൂവെന്ന് പറഞ്ഞു. യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോഴുള്ള സ്ഥിതി സംബന്ധിച്ച് അതിനുശേഷംവന്ന ഗവൺമെന്റ് ഒരു ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. അന്ന് കൊടുക്കാനുള്ള കുടിശ്ശിക മാത്രം ആറായിരത്തി മുന്നൂറിൽപ്പരം കോടി രൂപയാണ്. ഇത് ഗവൺമെന്റിന്റെ കണക്കുകളാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് കൊടുക്കാനുള്ള പേമെന്റുകളാണ്. കൊടുക്കാതിരുന്നിട്ടില്ല ഈ ഗവൺമെന്റ്, കൊടുക്കാനുള്ള പണം സമയത്ത് കൊടുത്തിട്ടുണ്ട്. ജൂൺ മാസത്തിൽമാത്രം ജനങ്ങളുടെ കൈകളിലേയ്ക്കെത്തിയത് പതിനയ്യായിരം കോടിരൂപയിലധികമാണ്. അതിനുമുമ്പത്തെ മാസവും അതുപോലെ എത്തിച്ചിരുന്നു. പണം കൊടുക്കുന്നുണ്ട്; കിറ്റുകളുടെ കാര്യം പരിശോധിച്ചാൽ, 1,600 രൂപയും 430 രൂപ ശരാശരി ഒരു കിറ്റിനും സാധാരണ വരുന്നുവെങ്കിൽ 2,030 രൂപ ഒരുമാസം വരില്ലേ? ഒരു വർഷത്തേയ്ക്ക് ഇത് 24,360 രൂപ ആകില്ലേ? 55 ലക്ഷം പേർക്ക് ഒരു വർഷം ഏറ്റവും കുറഞ്ഞത് 24,360 രൂപ കൊടുക്കുന്ന ഗവൺമെന്റാണിത്. ഇത് പെൻഷനുംകൂടി ലഭിക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കണക്കാണ്. പെൻഷൻ ലഭിക്കാത്ത വേറെ 35 ലക്ഷത്തോളം പേരുണ്ട്, അവർക്കും കിറ്റ് ലഭിക്കുന്നുണ്ട്. സർക്കാർ ചെയ്ത കാര്യങ്ങളെ ഇല്ലെന്ന് പറയരുത്. ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് പറഞ്ഞാലത് അംഗീകരിക്കാം. ഇനിയും നല്ലകാര്യങ്ങൾ കുറച്ചുകൂടി നമുക്ക്

ചെയ്യണം. വാണിജ്യ-വ്യാപാര- നിർമ്മാണ മേഖലകളെ സഹായിക്കാൻ കുറേയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഒന്നാം കോവിഡ് പാക്കേജിൽ ഇരുപതിനായിരം കോടി രൂപ പ്രഖ്യാപിച്ചു. രണ്ടാം കോവിഡ് പാക്കേജിൽ ചെയ്ത കാര്യങ്ങൾ, പന്ത്രണ്ട് മാസത്തെ കണക്കുകൂട്ടിയാണ് ഞാൻ പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആഴ്ചയിൽ 430 രൂപവച്ച് മാസത്തിൽ കൊടുക്കുന്നുവെന്നാണ്. പിന്നെ 24,000 രൂപ ഒരുവർഷം വരുന്നതെങ്ങനെയാണ്? കണക്ക് വ്യക്തമാക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പറഞ്ഞത് 1,600 രൂപ പെൻഷനുണ്ടല്ലോ, അതിന്റെ കൂടെ 430 രൂപ കൂടി വരുമ്പോൾ 2,030 രൂപ ആയില്ലേ? 2030x12 അതാണ് ഒരാൾക്ക് 24,360 രൂപയെന്നുപറഞ്ഞത്. ഇത് രേഖാമൂലം എഴുതിക്കൊണ്ടുവന്ന, കണക്കുകൂട്ടിയ പേപ്പറിൽനിന്ന് വായിക്കുകയാണ് ചെയ്യുന്നത്. 24,000 രൂപ ഏറ്റവും കുറഞ്ഞത് ഇത്രയും പേർക്ക് കൊടുക്കുന്നു. കണക്കുകളുടെ കാര്യത്തിലായതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും കേട്ടതിന്റെ തെറ്റായിരിക്കും. ഞാൻ വായിച്ചത് ഇതുതന്നെയാണ്. രണ്ടുതവണയായി ചെയ്ത പാക്കേജുകളുടെ കാര്യങ്ങൾ നടന്നുവരികയാണ്. കോവിഡുമായി ബന്ധപ്പെട്ട് ഏറ്റവും നന്നായി ഇടപെട്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അത് കേരളത്തിന് അഭിമാനമല്ലേ? കേരളത്തിനുപുറത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പോകുമ്പോൾ ബഹുമാനം കിട്ടും. കോവിഡിനെ ഇത്രയും നന്നായി നേരിടുന്ന ഒരുസംസ്ഥാനത്തെ പ്രതിപക്ഷനേതാവെന്ന് പറയുന്നതുതന്നെ നല്ല വെയ്റ്റാണ്. ഭരണപക്ഷമായാലും പ്രതിപക്ഷമായാലും കേരളത്തിലെ എം.എൽ.എ. എന്നുപറഞ്ഞാൽ അതൊരംഗീകാരമാണ്. അത്തരത്തിൽ അതിനെ കാണാൻ ശ്രമിക്കണം. ബഹുമാനപ്പെട്ട ചില അംഗങ്ങൾ അടിസ്ഥാനമില്ലാത്ത തരത്തിലുള്ള വിമർശനങ്ങൾ നടത്തുകയും 'കൊറോണ ഈ സ്റ്റേറ്റിന്റെ ഐശ്വര്യം' എന്നെഴുതിവയ്ക്കണമെന്നും തൃപ്പൂണിത്തുറ പള്ളിയിൽ മണിയടിക്കാറുണ്ടെന്നും അവിടെ മണിയടിക്കുന്നതുപോലെയാണ് ലണ്ടൻ സ്റ്റോക്ക് എക്‌ചേഞ്ചിൽപ്പോയി മണിയടിച്ചതെന്നും ശവമടക്കുമ്പോൾ മാത്രമെ മണിയടിക്കാറുള്ളൂവെന്നും പള്ളിയിൽ മണിയടിക്കുന്നത് ശവമടക്കുമ്പോൾ മാത്രമാണെന്നും പറയുകയുണ്ടായി. ഇങ്ങനെയുള്ള തമാശയല്ല പറയേണ്ടത്. അദ്ദേഹം ചിലപ്പോൾ അബദ്ധത്തിൽ പറഞ്ഞതായിരിക്കും. പള്ളികളിൽ നല്ലസമയത്തും മണിയടിക്കാറുണ്ടെന്ന് മനസ്സിലാക്കണം. അങ്ങയുടെ മനസ്സിൽ ഈയൊരു ചിന്ത മാത്രമെ വന്നിട്ടുള്ളൂവെങ്കിൽ എനിക്കെന്ത് ചെയ്യാൻ കഴിയും? നികുതി വരുമാനത്തിന്റെ വളർച്ച സംബന്ധിച്ച് ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്, 2017-18-ൽ 10.6 ശതമാനവും 2019-20-ൽ 0.63 ശതമാനവുമാണ് വളർച്ച എന്നാണ്. അത് ശരിയാണ്, നമ്മുടെ കണക്കിലുണ്ടല്ലോ; വളർച്ച കുറയുന്നുണ്ട്. അതിന്റെ ഭാഗമായി

നാട്ടിൽ വലിയ പ്രതിസന്ധിയുണ്ട്. മറ്റ് പല സംസ്ഥാനങ്ങളിലേതുപോലെ ആർക്കും മരുന്നും ചികിത്സയും ഭക്ഷണവും ലഭിക്കാത്ത അവസ്ഥ കേരളത്തിലുണ്ടായിട്ടില്ലെന്ന് ഉറപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വ്യാപാരി വ്യവസായികളുടെ പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ചില കാര്യങ്ങളെ സംബന്ധിച്ച് അവരോട് സംസാരിക്കുകയും ചില പ്രത്യേക കാര്യങ്ങൾ നോക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വ്യാപാരികളുടെ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ചില കാര്യങ്ങൾ ആലോചിക്കുന്നുണ്ട്. മൊറട്ടോറിയത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു; അത് നമ്മുടെ കയ്യിൽ നിൽക്കുന്ന വിഷയമല്ല. അതിനെക്കുറിച്ച് ഇന്നലെയും സംസാരിച്ചതാണ്. എങ്കിലും നാളെ ബാങ്കുദ്യോഗസ്ഥരെ ചർച്ചയ്ക്ക് വിളിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നിങ്ങളവരെ ഇതുവരെ വിളിച്ചില്ലല്ലോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അവരെ ഇതുവരെ വിളിച്ചില്ല എന്നല്ല. മൊറട്ടോറിയത്തിന്റെ കാര്യത്തിൽ റിസർവ് ബാങ്കാണ് ഇടപെടേണ്ടതെന്നറിയാമല്ലോ, അവരുമായി സംസാരിച്ചു. റിസർവ് ബാങ്കാണ് നിലാപടെടുക്കേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് ചർച്ച നടത്തുകയും ചെയ്തെങ്കിലും അതുസംബന്ധിച്ച തീരുമാനത്തിലേയ്ക്കെത്തിയിട്ടില്ല. ധനകാര്യ വകുപ്പും ഫോളോ അപ് നടത്തിയിട്ടുണ്ട്. കെ.എഫ്.സി., കെ.എസ്.എഫ്.ഇ. തുടങ്ങി സംസ്ഥാന ഗവൺമെന്റിനിടപെടാൻ കഴിയുന്ന സ്ഥാപനങ്ങളുമായെല്ലാം അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇപ്പോൾ പലിശ നിരക്ക് കുറച്ചിട്ടുണ്ട്. ബഡ്ജറ്റിന്റെ സമയത്ത് പ്രഖ്യപിച്ചതുപോലെ അധികം പണം കൊടുക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് തരണംചെയ്യുന്നതിനുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. ടൂറിസംപോലെ മറ്റ് മേഖലകളിലും ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കശുവണ്ടി വ്യവസായികൾ ഇന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും നേരിട്ട് കണ്ടിരുന്നു. പരമ്പരാഗത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കാര്യങ്ങൾചെയ്യാനുള്ള ശ്രമമാണ് നടക്കുന്നത്. കുറെയധികം കാര്യങ്ങൾ ചെയ്തിട്ടുണ്ട്, തുടർന്നും ചെയ്യുന്നതാണ്. ആംനെസ്റ്റിയുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, പഴയ ടാക്സിൽ ആംനെസ്റ്റി പ്രഖ്യാപിച്ചിരുന്നു. ആംനെസ്റ്റിയിൽ നേരത്തെ പറഞ്ഞതിനെക്കാളും മൂന്നുമാസംകൂടി പണമടയ്ക്കാനും റിട്ടേൺ കൊടുക്കാനുമുള്ള തീയതി ദീർഘിപ്പിച്ചുനൽകുന്നതിനെക്കുറിച്ച് നേരത്തെ ആലോചിച്ചിരുന്നു. അത് ധനകാര്യ ബില്ലിൽ ഉൾപ്പെടേണ്ടതാണ്; അതുകൂടി ചേർത്ത് അവർക്കല്പം സമയപരിധി ദീർഘിപ്പിച്ചുകൊടുക്കേണ്ടതുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് ആംനെസ്റ്റി സ്കീമും പൂർണ്ണമായി പരാജയപ്പെട്ടു. മൂന്നാമത്തെ ആംനെസ്റ്റി സ്കീം വീണ്ടും കൊണ്ടുവന്നിരിക്കുകയാണ്. ആദ്യത്തെ രണ്ട് ആംനെസ്റ്റി സ്കീമുകളും എന്തുകൊണ്ടാണ് പരാജയപ്പെട്ടതെന്ന് പരിശോധിക്കാതെ അതേരീതിയിൽ വീണ്ടും കൊണ്ടുവന്നിരിക്കുകയാണ്. യഥാർത്ഥത്തിൽ തെറ്റായ വിലയിരുത്തൽ നടത്തിയിരിക്കുകയാണ്. 5 ലക്ഷം രൂപ കൊടുക്കേണ്ടയാൾക്ക് 50 ലക്ഷം രൂപയെന്ന് തെറ്റായി അസസ്സ് ചെയ്താൽ ആ കച്ചവടക്കാരൻ ഈ 50 ലക്ഷം രൂപ സെറ്റിൽ ചെയ്യാൻ ആംനെസ്റ്റിയിലേയ്ക്ക് പോകുമോ? തെറ്റായ അസസ്സ്മെന്റുകൾ കറക്ട് ചെയ്യാനുള്ള സംവിധാനമില്ലെങ്കിൽ ഗവൺമെന്റിന്റെ ആംനെസ്റ്റി സ്കീം പരാജയപ്പെടും. വലിയ അനിശ്ചിതത്വം വന്നിരിക്കുകയാണ്. കാരണം അഞ്ചെട്ട് വർഷത്തെ കുടിശ്ശിക വരികയാണ്; അവസാനമത് എഴുതിത്തള്ളേണ്ടിവരും. വലിയ തുകയാണ് സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരേണ്ടത്. 15,000 കോടിയോളം രൂപ കുടിശ്ശികയായി പിരിച്ചുകിട്ടേണ്ടത് ഈ തെറ്റായ ആംനെസ്റ്റി സ്കീംമൂലം സർക്കാരിന് നഷ്ടപ്പെടുന്ന സ്ഥിതിയാണ് വരാൻപോകുന്നത്. കുറച്ചുനാൾ കഴിഞ്ഞ് ആളുകൾ കോടതിയിൽ പോയാൽ ഇതെഴുതിത്തള്ളാൻ പറയുന്ന സ്റ്റേജിലേയ്ക്ക് കാര്യങ്ങളെത്തും. വളരെ അപകടകരമായ രീതിയിലാണ് മൂന്നാമത്തെ ആംനെസ്റ്റി സ്കീം വരാൻപോകുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ഘട്ടത്തിലായതുകൊണ്ട് അടവിന്റെ കുറവ് വരുന്നത് കാണണം. സാമ്പത്തിക പ്രതിസന്ധിയുള്ള സമയമാണ്. ആംനെസ്റ്റിയുടെ സമയത്ത് ആദ്യം കുറഞ്ഞ ശതമാനമാണ് പറഞ്ഞത്. ആ സമയത്ത് അടവ് അത്ര വന്നില്ല. എന്നാലും തീർത്തും പരാജയപ്പെട്ടെന്നല്ല, കുറേയേറെ പണം വന്നിട്ടുണ്ട്. ഇപ്പോൾ തീയതി നീട്ടിനൽകണമെന്നവർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം മൂന്നുമാസം കൂടി കാലാവധി നീട്ടാൻ തീരുമാനിച്ചു; സെപ്റ്റംബർ 30 വരെ നീട്ടി. അതുപോലെ അടയ്ക്കുന്നതിനുള്ള സമയവും ഒക്ടോബർ 31 വരെ നീട്ടി. ഇതെല്ലാം ധനകാര്യ ബില്ലിൽ ചേർക്കേണ്ടതുണ്ട്. അതിനോടൊപ്പം ഒരു കാര്യംകൂടി ചെയ്തു. ആദ്യത്തെ ആംനെസ്റ്റി സ്കീമുകൾ പരാജയമാണെന്ന് പ്രതിപക്ഷനേതാവ് പറയുകയുണ്ടായി. അവർ ചൂണ്ടിക്കാണിച്ചത്, 5 വർഷത്തെ കുടിശ്ശികയുണ്ടെങ്കിൽ, അതെല്ലാംകൂടി ഒരുമിച്ച് അടച്ചാൽ മാത്രമെ തീരുകയുള്ളൂ; ഇപ്പോഴത് പ്രത്യേകമാക്കിയിട്ടുണ്ട്; ഇത് നല്ല ആശ്വാസമാണെന്നാണ് വ്യാപാരികൾ പറഞ്ഞത്. അവർക്കിനിയും പരാതികളുണ്ടാകും. സെപ്പറേറ്റാക്കിയതിനുശേഷം ആരെങ്കിലും ഒരു വർഷത്തെ കാര്യവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസിനുപോയാൽ അത് പിൻവലിച്ചിട്ട് അടച്ചാൽമാത്രമെ അംഗീകരിക്കുകയുള്ളൂ എന്ന നിബന്ധന മാറുകയും ഓരോ വർഷത്തേത് സെറ്റിൽചെയ്യാനും ആംനെസ്റ്റിവഴി അടയ്ക്കാനുമുള്ള സംവിധാനം ഇപ്പോൾ കൊടുത്തിട്ടുണ്ട്. അത് ബില്ലിൽ ചേർക്കേണ്ടതാണ്. മറ്റ് ചില

മേഖലയിലെ കാര്യങ്ങൾ ഇവിടെ സജീവമായി ചർച്ചചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് സംസ്ഥാനത്തിന്റെ പരിമിതിക്കുള്ളിൽനിന്ന് ആലോചിച്ച് കാര്യങ്ങൾ ചെയ്യേണ്ടിവരും. സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യാൻ സർക്കാർ എല്ലാ ശ്രമവും നടത്തുന്നുണ്ട്.

വ്യാപാരികളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നോട്ടീസുകളയയ്ക്കുന്നതും നികുതിനിർണ്ണയം നടത്തുന്നതുമൊക്കെ ഈ സമയത്തൊഴിവാക്കണമെന്ന് പറഞ്ഞു, അതിന് കഴിയില്ല. എന്നാലും ഇത്തരമൊരു ദുരിതകാലത്ത് പരമാവധി വ്യാപാരികളെ ഹരാസ് ചെയ്യുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും ഇക്കാര്യം വ്യക്തമാക്കിയിരുന്നു. എന്നാലും അവരടയ്ക്കാനുള്ള തുകയ്ക്ക് നോട്ടീസ് കൊടുക്കും. ആളുകളെ ബുദ്ധിമുട്ടിക്കുന്ന സമീപനം സ്വീകരിക്കില്ലെന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. നികുതി പിഴകൂടാതെ അടയ്ക്കുന്നതിന് മാസത്തിന്റെ അവസാന ദിവസംവരെ സമയം അനുവദിക്കണം, ജി.എസ്.ടി. റിട്ടേണിന്റെ കാര്യത്തിൽ സമയം നീട്ടിക്കൊടുക്കണം, GSTR-1 റിട്ടേണിനെ സംബന്ധിച്ച കാര്യങ്ങളിൽ 5 കോടി രൂപവരെ വിറ്റുവരവുള്ള വ്യാപാരികളെ ഒഴിവാക്കണം തുടങ്ങിയ മൂന്നുനാല് കാര്യങ്ങൾ ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതു സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥരുമായി സംസാരിച്ചിരുന്നു. പക്ഷെ ഇതെല്ലാം ജി.എസ്.ടി. കൗൺസിലാണ് തീരുമാനിക്കേണ്ടത്. സംസ്ഥാനത്തെ നിയമമനുസരിച്ചല്ല, കോവിഡ് പശ്ചാത്തലത്തിൽ ഇത്തരം കാര്യങ്ങൾ സെൻട്രൽ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ് വേണ്ടത്. പൊതുവിൽ വന്നിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് ചെയ്യാം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, കോവിഡ് പശ്ചാത്തലത്തിലുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി സർക്കാർ ചെയ്യുന്ന കാര്യങ്ങളെ ഞങ്ങൾ എതിർക്കുന്നുവെന്നല്ല. ഇവിടെനടന്ന ചർച്ചയുടെ ഇംപാക്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്തുതന്നെ വിളിച്ചുചേർക്കാൻ പോകുന്ന യോഗത്തിലുണ്ടെങ്കിൽ അത് വളരെ ജനാധിപത്യപരമാണ്. ഇപ്പോൾ വീണ്ടും കോവിഡ് വർദ്ധിക്കുകയാണ്. മൂന്നാം തരംഗമാണോയെന്ന് ദേശീയ തലത്തിൽ ചർച്ചചെയ്യുകയാണ്. വ്യാപാരികൾ, വ്യവസായികൾ, മറ്റ് ആക്ടിവിറ്റീസ് ചെയ്യുന്നവർ, കൂലിപ്പണിക്കാർ ഇവർക്കൊക്കെ അവരുടേതായ തൊഴിൽ ചെയ്യണമല്ലോ, ഇങ്ങനെ നീണ്ടുപോകാൻ പറ്റില്ലല്ലോ; അതുകൊണ്ട് live with Covid എന്നാണ് ഇന്നലത്തെ യോഗത്തിലുണ്ടായ നിർദ്ദേശം. ഇതാണിപ്പോൾ ലോകംമുഴുവനും നടക്കുന്നത്. കോവിഡ് മാറിയിട്ട് ഇനിയെല്ലാം നടത്താമെന്ന് വിചാരിച്ചാൽ കാത്തിരിക്കേണ്ടി വരും. അതുകൊണ്ട് live with Covid എന്ന നിർദ്ദേശമാണു ണ്ടായിരിക്കുന്നത്. അങ്ങനെ നടക്കണമെങ്കിൽ സംസ്ഥാനത്തെ നിലവിലെ രീതിയനുസരിച്ച് എല്ലാം കുറച്ചുദിവസത്തേയ്ക്ക് അടച്ചിടുക, പിന്നെ രണ്ട് ദിവസത്തേയ്ക്ക് തുറന്നുകൊടുക്കുക

എന്നുള്ളത് മാറ്റി എല്ലാമേഖലയിലും ഒരു സിസ്റ്റം ഡെവലപ് ചെയ്യുന്ന കാര്യം സർക്കാർ ആലോചിക്കുമോ? ഇതാണ് ഇന്നലത്തെ ഞങ്ങളുടെ ചർച്ചയുടെ നിർദ്ദേശം. കൂടാതെ കുറച്ച് പണം സാധാരണക്കാർക്ക് നേരിട്ട് കൊടുക്കുകയും വേണം. അത് ഇക്കണോമിയെ ബൂസ്റ്റ് ചെയ്യാൻ സഹായിക്കും. ഈ രണ്ട് നിർദ്ദേശങ്ങളും സർക്കാർ ആലോചിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: ആരോഗ്യരംഗത്തെ സംരക്ഷിക്കുന്ന തരത്തിൽ, വാണിജ്യ- വ്യവസായരംഗത്തെ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടു പോകുന്ന തരത്തിലുള്ള തീരുമാനമെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ അടിയന്തരപ്രമേയത്തിന് വിശദമായി മറുപടി പറഞ്ഞതാണ്. ഒരു കാര്യംകൂടി മനസ്സിലാക്കണം, പെരുന്നാളിനും മറ്റും ഇളവ് കൊടുത്തതിനെക്കുറിച്ച് നേരത്തെ പരാമർശിച്ചിരുന്നു. മറ്റൊരു കാര്യം, സുപ്രീംകോടതി പറഞ്ഞതോർമ്മയുണ്ടല്ലോ? നിയന്ത്രണങ്ങളൊന്നുമില്ലാതെ പോയാൽ രോഗം വലിയതോതിൽ വർദ്ധിക്കുന്നു വെന്നുള്ള വിമർശനം വരാൻ പാടില്ല. മരണനിരക്ക് വളരെ നിയന്ത്രിച്ച് ആരോഗ്യം സംരക്ഷിച്ച് മുന്നോട്ടുപോകുന്നുണ്ട്. ലോകത്തെല്ലായിടത്തുമുണ്ടാകുന്ന ബുദ്ധിമുട്ട് രാജ്യത്തുണ്ടാകാതിരിക്കാൻ ശ്രമിക്കുന്നുണ്ട്. പൊതുവിൽ പറഞ്ഞാൽ, പണമില്ലാത്തതുകൊണ്ട് ഏതെങ്കിലും വിഭാഗത്തിന്റെ സൗകര്യങ്ങളോ ജീവിതമോ അത് ശമ്പളം, പെൻഷൻ, മറ്റാനുകൂല്യങ്ങൾ, ഭക്ഷണം തുടങ്ങി എന്തായാലും മറ്റൊരു പ്രദേശത്തുണ്ടാകുന്നതുപോലെയുള്ള വീഴ്ചവരാതെ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകുന്നത് ചെറിയ കാര്യമല്ല. എല്ലാ മേഖലയിലും സാദ്ധ്യമായ കൂടുതൽ കാര്യങ്ങൾ ചെയ്യാം. സർക്കാർ മേഖല അല്ലാതെ അർദ്ധസർക്കാർ മേഖലയിലും കോർപ്പറേഷനിലും സ്വകാര്യ മേഖലയിലും വാണിജ്യം നടക്കാത്തതുകൊണ്ടും വരുമാനമില്ലാത്തതുകൊണ്ടും ശമ്പളമുൾപ്പെടെയുള്ള കാര്യങ്ങൾ വലിയ പ്രതിസന്ധിയിലാണ്. എല്ലാവരുടെയും എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിലും ചെയ്യാൻ കഴിയുന്നത്രയും കാര്യങ്ങളിൽ ഗവൺമെന്റിടപെടാൻ ശ്രമിക്കുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അതിലൊരു പ്രസ്റ്റീജിന്റെ പ്രശ്നവുമില്ല. ഒരുമിച്ച് ഇക്കാര്യങ്ങൾ ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ നയം. അതനുസരിച്ച് പരമാവധി കാര്യങ്ങൾ ചെയ്യുമെന്നുള്ളതിൽ യാതൊരു സംശയവും വേണ്ട.നേരത്തെ സഹകരണ ബാങ്കുകളുടെ കാര്യത്തിൽ അതിശയോക്തിപരമായ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. ഒരുകാര്യം മനസ്സിലാക്കണം, അതിൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ട്. അത്രയും രൂക്ഷമായി ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പത്രസമ്മേളനത്തിലും ബന്ധപ്പെട്ട മന്ത്രിമാരും അക്കാര്യത്തിൽ ഇടപെട്ട് മറുപടി പറഞ്ഞല്ലോ? സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ ഇത്തരം അവസരങ്ങൾ ഉപയോഗിക്കരുത്. ഇത്

രണ്ടുലക്ഷം കോടിരൂപ നിക്ഷേപമുള്ള വളരെ ബൃഹത്തായ ഒരു സഹകരണ പ്രസ്ഥാനമാണ്. സഹകരണ പ്രസ്ഥാനമെന്ന് പറഞ്ഞാൽ കേവലം ക്രെഡിറ്റ് സൊസൈറ്റീസും ബാങ്കും മാത്രമല്ല, വിപുലമായ സഹകരണ പ്രസ്ഥാനമാണ്. തെറ്റുചെയ്ത ആരെയും ഒഴിവാക്കുന്ന പ്രശ്നമില്ല. അതിൽ ആരുടെയും മുഖം നോക്കിയിട്ടല്ല നടപടിയെടുക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഇവിടെ ചില കഴുകന്മാർ രണ്ടുലക്ഷം കോടി രൂപയുടെ സ്വത്തുള്ള ഈ മേഖലയെ നോക്കി വട്ടമിട്ട് പറക്കുന്നുണ്ട്. അവർക്ക് കേരളത്തിലെ സഹകരണ മേഖലയെ വിട്ടുകൊടുക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനം നമ്മുടെ ഭാഗത്തുനിന്നുണ്ടാകരുത്. തെറ്റുകളെല്ലാം തിരുത്തി മുന്നോട്ട് പോകുകയെന്നുള്ളതാണ് നയം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, സഹകരണ പ്രസ്ഥാനത്തെ കഴുകന്മാർക്ക് വിട്ടുകൊടുക്കുന്ന നിലപാടല്ല ഞങ്ങളുടേത്. നിങ്ങളുടെ നിലപാടാണ് അതിന്റെ വിശ്വാസ്യത തകർത്തത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, തെറ്റായ ധാരണ ആളുകളുടെ മനസ്സിലേയ്ക്ക് കൊടുക്കരുത്, തെറ്റായ തരത്തിലേയ്ക്ക് ഇക്കാര്യങ്ങളെ കൊണ്ടുപോകരുത്. സഹകരണ പ്രസ്ഥാനമെന്നുപറഞ്ഞാൽ ശക്തമായ നിലപാടാണ് അതിലുള്ളത്. കേരളത്തിലെ സഹകരണ പ്രസ്ഥാനം എല്ലാവരുംചേർന്ന് വളരെ ബുദ്ധിമുട്ടി കൊണ്ടുവരുന്നതാണ്. ഒറ്റപ്പെട്ട തെറ്റുകളുണ്ടെങ്കിൽ അതിന് ശക്തമായ നിലപാടെടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ഇവിടെവന്ന പ്രധാനപ്പെട്ട കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇത്രയും കാര്യങ്ങളാണ് മറുപടിയായി പറയാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി <u>(ശ്രീ. കെ. രാജൻ)</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പരും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പരും ഭവനനിർമ്മാണം എന്ന XXI-ാം നമ്പരും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പരും ധനാഭ്യർത്ഥനകളാണ് സഭയുടെ മുമ്പാകെ അവതരിപ്പിച്ചത്. സ്വാഭാവികമായും റവന്യൂവും സർവ്വേയും ഭവനനിർമ്മാണവും വളരെ വിപുലമായിട്ടുള്ള വകുപ്പെന്ന നിലയിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ട വിഷയങ്ങളാണ്. എന്നാൽ ചിലരുടെ അപൂർവ്വമായിട്ടുള്ള കുറ്റപ്പെടുത്തലുകളൊഴികെ റവന്യൂ വകുപ്പ് കൈക്കൊള്ളുന്ന നവനവങ്ങളായ സമീപനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പൊതുമനസ്സാണ് കാണിച്ചതെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. റവന്യൂ വരുമാനം, ഭൂസംരക്ഷണം, ഭൂവിനിയോഗം, കാനേഷുമാരി, പൗരാവകാശ സംരക്ഷണം,

വിവിധ സർട്ടിഫിക്കറ്റുകളുടെ സേവനം, ക്ഷേമപ്രവർത്തനങ്ങൾ, ഭൂരേഖകളുടെ സംരക്ഷണം എന്നിവ നടപ്പാക്കുന്ന ഏതാണ്ട് 19,000-ത്തോളം ആളുകളടങ്ങുന്ന ഒരു വലിയ മിനിസ്റ്റീരിയൽ കുടുംബമാണ് റവന്യൂ വകുപ്പ്. സർവ്വേ വകുപ്പും അതിന്റെ ഭാഗമായി വരും. ആധുനിക കാലത്തിനനുസൃതമായി ഭൂപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുകയും പുതിയ കാലത്തിന്റെ ഭൂവിഷയങ്ങളോട് ഗൗരവമായി പ്രതികരിക്കുകയും ചെയ്യേണ്ട സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ് യഥാർത്ഥത്തിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ ഏറ്റെടുക്കാനുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ, കഴിഞ്ഞ 5 വർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് സമാനതകളില്ലാത്ത മുന്നേറ്റങ്ങളുടെ വഴിയൊരുക്കിയതിന്റെ അനുഭവമാണ് മുന്നിലുള്ളത്. ഇവിടെ പലരും എത്രപേർക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ചോദിച്ചു. കഴിഞ്ഞ 5 വർഷത്തിനിടയിൽ 1,77,011 ആളുകൾ ഭൂമിയുടെ അവകാശികളായി മാറിയ വലിയ ജനകീയ മുന്നേറ്റത്തിനാണ് കേരളം സാക്ഷ്യംവഹിച്ചത്. കേരളത്തിൽ 144 തസ്തികകളുൾപ്പെടുന്ന പുതിയ 6 റവന്യൂ ഡിവിഷനുകളും 110 തസ്തികകൾ ഉൾപ്പെടുന്ന പുതിയ 2 താലൂക്കുകളും 20 തസ്തികകളുൾപ്പെടുന്ന 4 പുതിയ വില്ലേജ് ഓഫീസുകളും കഴിഞ്ഞ 5 വർഷത്തിനിടയിൽ കൊണ്ടുവരാൻ ഗവൺമെന്റിന് സാധിച്ചു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള 'റവന്യൂ മിത്രം' ഉൾപ്പെടെ ജനങ്ങളുമായി ബന്ധപ്പെടാനുള്ള നിരവധി പദ്ധതികളുണ്ട്. ഈ ഗവൺമെന്റ് പുതിയതായി 2,090 ഏക്കർ ഭൂമി ലാൻഡ് ബാങ്കിലേയ്ക്ക് കയ്യേറ്റക്കാരെ ഒഴിപ്പിച്ച് സംരക്ഷിച്ചുവെന്ന് മാത്രമല്ല, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൂടുതൽ ശക്തമാക്കുന്നതിനുള്ള ഭേദഗതിയും നടപ്പിലാക്കി. കേരളത്തിൽ ഭൂരേഖ നവീകരണ മിഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾക്ക് ശ്രദ്ധാപൂർവ്വമായ നേതൃത്വം നൽകി 5 വർഷം കേരളത്തിലെ ജനങ്ങളുടെ സാമൂഹികപ്രശ്നങ്ങളോട് യുക്തമായ തരത്തിൽ ജനപക്ഷനിലപാടുകളെടുത്ത് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ വലിയ ഭൂരിപക്ഷത്തോടെ ഇടതുപക്ഷ ജനാധിപത്യമുന്നണി സഖാവ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പദ്ധതികൾ പോലെതന്നെ ഈ മുന്നണി പൊതുജനത്തിന്റെ മുന്നിൽവച്ച നയങ്ങളും നിലപാടുകളും സമയബന്ധിതമായി പൂർത്തീകരിച്ച് കൂടുതൽ കരുത്തോടെ കേരളത്തിന്റെ വിവിധ മേഖലകളെ മുന്നോട്ടുകൊണ്ടുപോകാനുള്ള വലിയ ശ്രമങ്ങളാണ് കേരളത്തിൽ നടത്തുന്നത്.

ഈ ജൂലൈ മാസം 5-ാം തീയതി വൈക്കം മുഹമ്മദ് ബഷീറിന്റെ ചരമദിനമാചരിച്ചു. 'ഭൂമിയുടെ അവകാശികൾ' എന്ന അദ്ദേഹത്തിന്റെ വളരെ ശ്രദ്ധേയമായ കൃതി നമ്മുടെ മനസ്സിലുണ്ട്. കേവലം മനുഷ്യർ മാത്രമല്ല, ഭൂമിയിലെ

സകലജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണെന്ന് പ്രഖ്യാപിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ നോവൽപോലെ ഈ നാട്ടിൽ ഭൂമിയുടെ അവകാശികളായി മനുഷ്യനെ മാറ്റുകയെന്ന പ്രധാനപ്പെട്ട പ്രവർത്തനത്തിന്റെ പ്രയാണമാണ് റവന്യൂ വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, 'Vision, Mission 2021-26' എന്ന ശ്രദ്ധേയമായ മുദ്രാവാക്യം മുന്നോട്ടുവച്ച് 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ശ്രദ്ധേയമായ മുദ്രാവാക്യം കേരളത്തിൽ കൊണ്ടുവരാനുള്ള പരിശ്രമത്തിലാണ് റവന്യൂ വകുപ്പ്. ഇവിടെ സൂചിപ്പിച്ചതുപോലെ, മനുഷ്യനെ സംബന്ധിച്ചിടത്തോളം ഭൂമി ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. എല്ലാവർക്കും ഭൂമി എന്നുപറയുമ്പോൾ തലമുറകളും അണുകുടുംബങ്ങളുമായി മനുഷ്യൻ പരിണമിക്കുന്നിടത്തോളംകാലം ഭൂമിയുടെ അവകാശികൾ പിന്നെയുമുണ്ടായിക്കൊണ്ടിരിക്കും. എന്നാൽ നിലവിലുള്ള എല്ലാവർക്കും ഭൂമി കൊടുക്കുക, അർഹരായ മുഴുവൻ മനുഷ്യർക്കും പട്ടയം കൊടുക്കുകയെന്ന ശ്രദ്ധേയമായ ചുമതല നിർവ്വഹിക്കാൻ പ്രതിജ്ഞാബദ്ധമായ നടപടികളിലൂടെ കേരളത്തിലെ ഗവൺമെന്റ് മുന്നോട്ടുപോകും. കടലിന്റെ തീരത്ത് മഞ്ഞക്കല്ലുകൊണ്ട് അടയാളപ്പെടുത്തിയ പ്രദേശത്തിനും വനത്തിന്റെ തീരത്ത് ജണ്ടയിട്ട് തിരിച്ച പ്രദേശത്തിനുമിടയിൽ കാണുന്നതാണ് കേരളത്തിലെ റവന്യൂ വകുപ്പ് വിതരണം ചെയ്യാനുദ്ദേശിക്കുന്ന വിവിധങ്ങളായ പട്ടയങ്ങളും ഭൂമിയുമെന്ന് എല്ലാവർക്കുമറിയാം. കേരളത്തിലെ ഭൂവിനിയോഗ ബില്ലിനെയും അതിനെത്തുടർന്നുണ്ടായ 10 ചട്ടങ്ങളുടെയുമടിസ്ഥാനത്തിൽ അർഹരായവർക്ക് ഭൂമികൊടുക്കാനുള്ള ശ്രദ്ധേയമായ പരിശ്രമം കേരളത്തിൽ നടത്താനുണ്ട്. അതിനുള്ള നിർലോഭമായ ഇടപെടലായിരിക്കും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുക. കേരളത്തിലിപ്പോൾ പട്ടയത്തിന്റെ വിവിധങ്ങളായ അന്വേഷണങ്ങളിൽ ഏതാണ്ട് ഒന്നരലക്ഷം പേർ അപേക്ഷകളുമായി കാത്തിരിക്കുന്നുണ്ട്.

4.00 P.M.]

ലാൻഡ് ട്രൈബ്യൂണലിൽ 1,27,242 അപേക്ഷകളും 77 ലാൻഡ് ബോർഡുകളിലായി 1295 കേസുകളും തീർപ്പാക്കാനുണ്ട്. ഇത്തരം നടപടികൾ, കേരളത്തിലെ സാധാരണക്കാരായവർക്ക് ഭൂമി നൽകാനുള്ള പരിശ്രമങ്ങൾ വെറുതെപോകുന്ന നിലവാരത്തിലല്ല, കൃത്യമായ അജണ്ട ഏകീകരിച്ചുകൊണ്ട് അത്തരത്തിലുള്ളവർക്ക് ഭൂമികൊടുക്കാനാവശ്യമായ ഉത്തരവുകളോ ഭേദഗതികളോ വേണമെങ്കിൽ അതുചെയ്ത് സാധാരണക്കാരായ മുഴുവൻ മനുഷ്യരെയും മണ്ണിന്റെ ഉടമകളാക്കുകയെന്ന സമീപനമായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്. പക്ഷേ എല്ലാവർക്കും ഭൂമിയെന്ന സമീപനം കേരളത്തിലെ കുത്തകകൾക്ക് കൊടുക്കാനുള്ള സമീപനമാകില്ല. അതുകൊണ്ടുതന്നെ ലാൻഡ് ട്രൈബ്യൂണലുകൾ ശക്തമാക്കി ഭൂമി

കൊടുക്കുന്നതോടൊപ്പം ലാൻഡ് ബോർഡുകളിലെ 1,295 കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അധികഭൂമി കൈവശംവച്ച് കേരളത്തെ അപായപ്പെടുത്തുന്ന ഭൂപരിഷ്കരണ നിയമത്തിന്റെ അന്തഃസത്തയെ ചോദ്യംചെയ്യുന്നവരെ വെറുതെവിടാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല, ഭൂമി തിരിച്ചുപിടിക്കുകതന്നെ ചെയ്യും, അതാണ് കേരളത്തിന്റെ ഭൂനയവുമായി ബന്ധപ്പെട്ട് അവതരിപ്പിക്കാനുള്ളത്. എല്ലാവർക്കും ഭൂമി എന്ന പ്രശ്നം വരുമ്പോൾ എല്ലാ ഭൂമിക്കും രേഖ എന്നത് അതിനേക്കാൾ പ്രധാനപ്പെട്ട പ്രശ്നമായി മുന്നിൽ വരികയാണ്. കേരളത്തിൽ 1,666 വില്ലേജുകളിൽ 1966-ൽ ആരംഭിച്ച റീസർവ്വേ ഇപ്പോഴെത്തിനിൽക്കുന്നത് 54 ശതമാനം സ്ഥലത്തുമാത്രമാണ്. 909 സ്ഥലങ്ങളിലാണ് യഥാർത്ഥത്തിൽ റീസർവ്വേ പൂർത്തീകരിച്ചത്, അതിലും ധാരാളം കേസുകൾ നിലനിൽക്കുന്നുണ്ട്. 909 കേന്ദ്രങ്ങളിൽ 87 സ്ഥലത്താണ് ടോട്ടൽ സ്റ്റേഷനുപയോഗിച്ച് റീസർവ്വേ നടത്താൻ കഴിഞ്ഞത്. ബാക്കി സ്റ്റേഷനുകളിൽ മാന്വലായി, ദീർഘസമയമെടുത്താണ് റീസർവ്വേ നടത്തിയത്. പിണറായി വിജയൻ ഗവൺമെന്റിന്റെ രണ്ടാം വരവിൽ ആദ്യത്തെ നൂറുദിവസംകൊണ്ട് നൂറ് കേന്ദ്രങ്ങളിൽ ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയപ്പോൾ കേവലം ടോട്ടൽ സ്റ്റേഷൻ നടപടികൾകൊണ്ടിത് പൂർത്തീകരിക്കാൻ കഴിയില്ലെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ മനസ്സിലാക്കുകയും അതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്തു. റവന്യൂ ഭരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ കൃത്യമായ സർവ്വേ റിക്കാർഡുകളാവശ്യമാണ്. കുറഞ്ഞ സമയത്തിനുള്ളിൽ അത് പൂർത്തീകരിക്കേണ്ടതുമുണ്ട്. ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ സർവ്വേ പ്രവർത്തനം ഗവൺമെന്റ് പരിശോധിച്ചു. സെൻട്രൽ സർവ്വേ ഓഫ് ഇന്ത്യയുമായി ആവശ്യമായ ചർച്ചകൾ നടത്തുകയും എത്രയുംപെട്ടെന്ന് ഇക്കാര്യങ്ങൾ പരിശോധിക്കാൻ കഴിയുന്ന Continuously Operating Reference Stations (CORS) എന്ന ആധുനിക സാങ്കേതിക വിദ്യ കേരളത്തിലേയ്ക്ക് കൊണ്ടുവരാനും 28 കേന്ദ്രങ്ങളിൽ അതിന്റെ പ്രത്യേക സിഗ്നൽ സ്റ്റേഷനുകൾ സ്ഥാപിക്കാനും അതിന്റെ അടിസ്ഥാനത്തിൽ RTK rover-കളുടെ സഹായത്തോടുകൂടി മൂന്നുവർഷംകൊണ്ട് സമ്പൂർണ്ണ റീസർവ്വേ നടപടികൾ പൂർത്തീകരിക്കാനുമുള്ള ശ്രമം വളരെ ഗൗരവത്തോടെ കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലയിൽ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. CORS എന്ന സാങ്കേതിക വിദ്യയെ പരിചയപ്പെട്ടു, RTK (Real-Time Kinematic) rover-കളുടെ ഉപയോഗം പരിശോധിച്ചു. ഇപ്പോൾ ടോട്ടൽ സ്റ്റേഷനുകളായി ഉപയോഗിക്കുന്നത് ETS (Electronic Total Station) എന്ന മെഷീനാണ്. ആ മെഷീനെക്കാൾ എത്രയോ ഭാരം കുറഞ്ഞതാണ് RTK rover-കൾ. ETS മെഷീനുപയോഗിച്ച് പരിശോധന

നടത്തുമ്പോൾ ഒരേസമയം മൂന്ന് സർവ്വേയർമാരും രണ്ട് ഹെൽപ്പർമാരുമുൾപ്പെടെ അഞ്ചുപേരെ ഉപയോഗിക്കേണ്ടിടത്ത് RTK rover ഉപയോഗിച്ചാൽ രണ്ടുപേരുടെ സേവനം മതിയാകും. സർവ്വേ ഓഫ് ഇന്ത്യ അക്കാര്യത്തിൽ ഡ്രോണുപയോഗിച്ച് നടത്താവുന്ന SVAMITVA എന്ന സംവിധാനംകൂടി പരിശോധിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഡ്രോണിന്റെ സാധ്യതകളെക്കുറിച്ചുള്ള സംശയം ഗവൺമെന്റിനുണ്ട്. അതുകൊണ്ടുതന്നെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പൂർത്തീകരിച്ച രണ്ട് വില്ലേജുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തെ എതിർക്കാനാവില്ല എന്നതിനാൽ SVAMITVA ഡ്രോണുപയോഗിച്ച് വർക്കലയിലും ഒല്ലൂരിലും ആദ്യപരീക്ഷണം നടത്തി, അതിന്റെ കൃത്യത പരിശോധിച്ചുമാത്രം അടുത്ത ഘട്ടത്തിലേയ്ക്ക് കടന്നാൽമതിയെന്ന് തീരുമാനിച്ചു. ഭൂരേഖ സംബന്ധിച്ച് ബഹുമാന്യനായ തിരൂർ അംഗം സൂചിപ്പിച്ചു. ഓരോ ഇഞ്ച് ഭൂമിയിലും ആവശ്യപ്പെടുന്നത് മനുഷ്യന്റെ ജീവിതപ്രശ്നമാണ്. അതുകൊണ്ടുതന്നെ ടൈറ്റിൽ എങ്ങനെയാകണമെന്നതിനെക്കുറിച്ച് ധാരണയുണ്ടാകണം. ഇപ്പോൾ കേരളത്തിലുള്ളത് Presumptive title ആണ്. Presumptive title-ന്റെ പ്രധാനപ്രശ്നം burden of proof on the part of person ആണ്, വ്യക്തിക്കാണ് അതിന്റെ ഉത്തരവാദിത്തമുണ്ടാകുന്നത്. എന്നാൽ നമുക്കൊരു Conclusive title ഉണ്ടാകണം. അത് നമ്മുടെ മോഹവും ലക്ഷ്യവുമാണ്. സർക്കാരിനുത്തരവാദിത്തമുള്ള ഒരു ടൈറ്റിൽ കേരളത്തിലെ ഓരോ വ്യക്തിക്കും കൊടുക്കാൻകഴിയുന്ന വിധത്തിൽ എന്തുകൊണ്ട് രേഖകളെ പരിണമിപ്പിച്ചുകൂടാ എന്ന് പരിശോധിക്കുമ്പോൾ അതിവേഗത്തിൽ അക്കാര്യം ചെയ്യാൻകഴിയുമോ എന്ന വീക്ഷണത്തിലേയ്ക്ക് ഗവൺമെന്റ് രംഗപ്രവേശനം ചെയ്യുകയാണ്. 'സർവ്വേ ചെയ്യാത്ത ഭൂമി' എന്ന അവസ്ഥ കേരളത്തിലുണ്ടാകാൻ പാടില്ല. ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിച്ചാൽ കേരളത്തിൽ ഒരു ഇന്റഗ്രൽ പോർട്ടലുണ്ടാക്കാൻ കഴിയും. ഇപ്പോൾ രജിസ്ട്രേഷൻ വകുപ്പ് ഏറ്റവും നന്നായി കേരളത്തിനുവേണ്ടി അവതരിപ്പിക്കുന്ന പോർട്ടലാണ് PEARL. വളരെ മോനോഹരമായി അവർ അതിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. റവന്യൂ വകുപ്പിന്റെ പോർട്ടലാണ് ReLIS. സർവ്വേ വകുപ്പ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് ഇ-മാപ്പ് എന്ന സംവിധാനമാണ്. PEARL, ReLIS, e-MAP എന്നിവ സംയോജിപ്പിച്ച് ഒരു ഇന്റഗ്രൽ പോർട്ടലിന്റെ നടപടിക്രമങ്ങൾ കേരളത്തിലാരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഒരു മിഷൻതന്നെ കേരളത്തിൽ രൂപീകരിക്കുമ്പോൾ വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഡിജിറ്റൽ സർവ്വേ കേരളത്തിൽ പൂർത്തീകരിക്കാൻ സാധിച്ചാൽ നമുക്ക് ഇന്റഗ്രൽ പോർട്ടലിലേയ്ക്ക് കടക്കാൻ കഴിയും. കേരളത്തിൽ ഏകീകൃതമായ യുണീക് തണ്ടപ്പേർ എന്ന സിസ്റ്റമുണ്ടാക്കിയാൽ വേലികെട്ടി

ത്തിരിക്കാതെ, രേഖകളുടെ അടിസ്ഥാനത്തിൽ ഭൂമിയെ തരംതിരിച്ച് സംരക്ഷിക്കാൻ കഴിയുന്ന സംവിധാനം രൂപീകരിക്കാൻ സാധിക്കും. കേരളത്തിലെ വില്ലേജുകൾ സ്മാർട്ടാക്കൽ റവന്യൂ വകുപ്പിന്റെ പ്രധാന മുഖമുദ്രയാണ്. വില്ലേജുകൾ സ്മാർട്ടാക്കുമ്പോൾ അടിസ്ഥാനപരമായി കേരളത്തിലെ മൂന്നരക്കോടി മലയാളികളിൽ പതിനെട്ട് വയസ്സുകഴിഞ്ഞ മുഴുവൻ ആളുകളും സമീപിക്കേണ്ട ഓഫീസെന്നനിലയിൽ അതിന്റെ സേവനം കുറച്ചുകൂടി സ്മാർട്ടാക്കണം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ വില്ലേജ് ഓഫീസുകളിലെത്താത്ത വിധത്തിൽ ജനങ്ങൾക്ക് സേവനം ലഭിക്കാൻ കഴിയുന്ന സംവിധാനങ്ങളിലേയ്ക്ക് കടക്കുമ്പോൾ അതിന്റെ അകവുംപുറവും ഒരുപോലെ നന്നാക്കേണ്ടതുണ്ട്. കേരളത്തിൽ വില്ലേജ് ഓഫീസുകളുടെ സ്മാർട്ട്വൽക്കരണം ഒരു മിഷനാക്കിമാറ്റാൻ എം.എൽ.എ.-മാരുടെ സേവനം സവിനയം അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് ഐ.എൽ.ഡി.എം. എന്ന വിദ്യാഭ്യാസ കേന്ദ്രത്തിൽവച്ച് കാസർഗോഡ് ജില്ലയിൽനിന്നാരംഭിച്ച് ഓരോ ജില്ലയിലും എം.എൽ.എ.-മാരുമായി കൂടിക്കാഴ്ച നടത്തി വില്ലേജ് ഓഫീസുകളെ സ്മാർട്ടാക്കാൻ ജനകീയമായ ഇടപെടലുകളിലൂടെ എങ്ങനെ സാധിക്കുമെന്ന് ചർച്ച ചെയ്തുവരികയാണ്. 1,666 വില്ലേജുകളിൽ ഓഫീസുള്ളത് 1,543 സ്ഥലങ്ങളിലാണ്. 260 സ്ഥലങ്ങളിൽ പ്ലാൻ ഫണ്ടുപയോഗിച്ച് സ്മാർട്ട് ഓഫീസ് വരികയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽനിന്നും 225 സ്ഥലങ്ങളിൽ സ്മാർട്ട് വില്ലേജിനുവേണ്ടി പണംമുടക്കിയിരിക്കുകയാണ്. 485 വില്ലേജുകൾ ഇപ്പോൾ സ്മാർട്ടാകും. കേവലം മെയിന്റനൻസ് നടത്തിയാൽ 580 വില്ലേജുകൾ സ്മാർട്ടാക്കാൻ കഴിയും. ബാക്കി വില്ലേജുകൾ ഈ കാലയളവിൽത്തന്നെ ജനകീയമായ പരിശ്രമത്തിലൂടെ എം.എൽ.എ.-മാരുടെയും മറ്റ് വിവിധങ്ങളായ ഏജൻസികളുടെയും ഇടപെടലിലൂടെ സ്മാർട്ട് വില്ലേജുകളാക്കാൻ കഴിയും. ബഹുമാനപ്പെട്ട ചാത്തന്നൂർ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, ഒറ്റ സ്മാർട്ട് വില്ലേജിന്റെപോലും പണമുപയോഗിക്കാതെ, എം.എൽ.എ. ഫണ്ടും പി.ഡബ്ല്യു.ഡി. ഫണ്ടും റവന്യൂവിന്റെ മെയിന്റനൻസ് ഫണ്ടും ഉപയോഗിച്ച് 9 വില്ലേജുകൾ സ്മാർട്ടാക്കിയ ഏറ്റവും പ്രധാനപ്പെട്ട റവന്യൂവിന്റെ മോഡലാണ് ചാത്തന്നൂർ മോഡൽ. അത് ഗൗരവമായി കേരളത്തിൽ നടപ്പിലാക്കാനുള്ള പരിശ്രമത്തിലേയ്ക്ക് കടക്കുകയാണ്. വില്ലേജ് ഓഫീസുകൾ ജനസൗഹൃദങ്ങളാക്കാനും വരുന്നവർക്ക് ഇരിക്കാൻ സൗകര്യമൊരുക്കാനും കുടിവെള്ളം കൊടുക്കാനും ജനങ്ങളുമായി തർക്കമില്ലാത്തവിധത്തിൽ ഇടപെടാനും കഴിയുന്ന, അഴിമതിരഹിത സുതാര്യമായ ഇടങ്ങളായും കേരളത്തിലെ റവന്യൂ വകുപ്പിന്റെ ആസ്ഥാനങ്ങളായും ഈ കേന്ദ്രങ്ങളെ മാറ്റണമെന്നാണാഗ്രഹിക്കുന്നത്. റവന്യൂ വകുപ്പിന്റെ വിദ്യാഭ്യാസകേന്ദ്രമായ ഐ.എൽ.ഡി.എം.-നെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാനുള്ള പരിശ്രമത്തിലേർപ്പെട്ടിരിക്കുകയാണ്. വില്ലേജ്

ഓഫീസർമാർക്ക് റവന്യൂ വിദ്യാഭ്യാസത്തിന്റെ അഭാവത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരളത്തിലെ വില്ലേജ് ഓഫീസർ മുതൽ റവന്യൂ രംഗത്തുള്ള ഉയർന്ന ഉദ്യോഗസ്ഥർക്കുവരെ കൃത്യമായ വിദ്യാഭ്യാസ പദ്ധതിക്ക് വിധേയരാക്കാൻ കഴിയുന്ന വിധത്തിലുള്ള സിലബസ് തയ്യാറാക്കി തീയതികൾ തീരുമാനിച്ച്, കൃത്യതയോടെ ട്രെയിനിംഗ് നൽകുന്ന നിലയിൽ ഐ.എൽ.ഡി.എം. കേരളത്തിലെ റവന്യൂ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമായി മാറ്റാനാണ് നിശ്ചയിച്ചിരിക്കുന്നത്.

ഭവനനിർമ്മാണത്തെക്കുറിച്ച് പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ഭവന നിർമ്മാണ വകുപ്പ് സാദ്ധ്യമായ ചുമതലകൾക്കനുസരിച്ച് പ്രവർത്തിക്കുകയാണ്. ഇപ്പോൾ ഭവനനിർമ്മാണ വകുപ്പ് കൊണ്ടുവന്ന ഗൃഹശ്രീ പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന പൗരന്മാർക്കും വാടകയ്ക്ക് താമസസൗകര്യം നൽകുന്ന കേന്ദ്രങ്ങൾ ആരംഭിച്ചിരിക്കുകയാണ്. കേരളത്തിലെ നാല് കേന്ദ്രങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. തൃശ്ശൂരിലും ആലപ്പുഴയിലും തറക്കല്ലിട്ട് അതിന്റെ പ്രവർത്തനമാരംഭിക്കും. മെഡിക്കൽ കോളേജുകളിൽ ആശ്വാസ് എന്ന പദ്ധതികൊണ്ടുവന്ന് സാധാരണക്കാരായ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസിക്കാൻ സാധിക്കുന്ന കേന്ദ്രങ്ങൾ ആരംഭിക്കുകയാണ്. മടങ്ങിവരുന്ന പ്രവാസി തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞനിരക്കിലുള്ള അഫോർഡബിൾ ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്നതിനും നടപടി ആരംഭിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ച വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ കേരളത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ലഭ്യമാക്കാൻ ശ്രമിക്കുകയാണ്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ നിർമ്മാണ മേഖലയിലെ ഒരു Centre of Excellence ആക്കുന്നതിനായി പി.ടി.പി. നഗറിലുള്ള KESNIK Campus-നെ എല്ലാ സൗകര്യങ്ങളോടും കൂടിയ ബിൽഡിംഗ് ടെക്നോളജി ഹബ്ബായി രൂപപ്പെടുത്താനുള്ള ആദ്യഘട്ട ആലോചനകൾ പൂർത്തീകരിച്ചു. തൃശ്ശൂരിലുൾപ്പെടെ 'കലവറ' എന്ന പുതിയ സംവിധാനം നിലവിൽവരികയാണ്. ഗ്രാമപഞ്ചായത്തുകളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് 'ലൈഫ്' ഉൾപ്പെടെയുള്ള പദ്ധതികളിൽ വീടുകൾ വയ്ക്കേണ്ടവർക്ക് ഏറ്റവുംകുറഞ്ഞ ചെലവിൽ അതിനാവശ്യമായ സാമഗ്രികൾ വലിയ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് വിതരണംചെയ്യുന്നതിന് 'കലവറ' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്.

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ഇവിടെ രണ്ടുമൂന്ന് ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. 2019-ൽ കേരളത്തിലെ ദുരിതാശ്വാസ ക്യാമ്പിലുണ്ടായിരുന്ന ഗുണഭോക്താക്കളുടെ എണ്ണം 1,44,077 ആണ്. അവർക്ക് വിതരണംചെയ്തത്

144.077 കോടിരൂപയാണ്. മാറ്റിപ്പാർപ്പിച്ച 2,18,753 പേർക്കുവേണ്ടി വിതരണംചെയ്തത് 218.753 കോടി രൂപയാണ്. ആകെ 3,62,830 ഗുണഭോക്താക്കളാണ് ഇതിലുൾപ്പെട്ടിരുന്നത്; എന്നാൽ ഗുണഭോക്താക്കളുടെ ഇരട്ടിക്കൽ കാരണം 6,289 പേരെ ഒഴിവാക്കുകയുണ്ടായി. ബാക്കി 3,56,541 പേർക്ക് അടിയന്തര സഹായവും സേവനങ്ങളും നൽകിയിട്ടുണ്ട്, ബാക്കി 3,204 പേർക്ക് ലഭിക്കാത്തതുസംബന്ധിച്ച് അടുത്ത ദുരന്തനിവാരണ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം പരിഗണിച്ച് ആവശ്യമായ സഹായങ്ങൾ നൽകുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ പ്രളയ ദുരിതാശ്വാസത്തിന് നൽകിയ ഫണ്ടിൽ കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടത്തിയത് അങ്ങേയ്ക്കറിയാമല്ലോ. അതിനുശേഷം ക്രൈം ബ്രാഞ്ച് ഈ ഫയലുകളുമായി പോകുകയും കഴിഞ്ഞ ഒരു വർഷത്തിലധികമായി ആ സെക്ഷൻതന്നെ ക്ലോസ് ചെയ്തിരിക്കുകയുമാണ്. ഏറ്റവുംകൂടുതൽ പ്രളയദുരന്തമുണ്ടായ ജില്ലയാണിത്. പല ആളുകൾക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നില്ല. ഒരു വർഷമായി ആനുകൂല്യങ്ങൾ ലഭിക്കാതെ, വീടുപണി പൂർത്തിയാക്കാതെ, പല ഘട്ടങ്ങളിലായി പണംകിട്ടാതെ ആളുകൾ പ്രയാസപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് ആ വിഷയങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയലുകൾ ലഭ്യമാക്കി എത്രയുംപെട്ടെന്ന് ദുരിതാശ്വാസ വിതരണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രത്യേകമായ പ്രശ്നങ്ങളുണ്ടെങ്കിൽ പരിശോധിക്കാവുന്നതേയുള്ളൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, റവന്യൂ റിക്കാർഡിൽ നിലമായി രേഖപ്പെടുത്തി, 2008-നുമുൻപ് നികത്തിയ ഭൂമികൾ പരിവർത്തനപ്പെടുത്താൻ നിയമപരമായി അവകാശമുണ്ട്. പക്ഷേ ഇതുപോലുള്ള കേസുകളെല്ലാം റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്, ഒരു തീരുമാനവുമെടുക്കുന്നില്ല. മറ്റൊരുകാര്യം, 25 സെന്റിൽ താഴെയുള്ള ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ഫീസ് അടയ്ക്കേണ്ടതില്ലെന്ന് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നു, ഇക്കാര്യത്തിൽ അങ്ങിടപെട്ട് ഒരു തീരുമാനമുണ്ടാക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച കാര്യം പരിശോധിച്ച് നടപടിയെടുക്കുകയും അങ്ങയെ അറിയിക്കുകയും ചെയ്യാം. ബഹുമാനപ്പെട്ട കെ. ബാബു ഇപ്പോൾ പഴയതുപോലെ അത്ര ലൈവല്ല എന്നാണ് തോന്നുന്നത്. കാരണം, ഒരാഴ്ചമുമ്പ് ഇക്കാര്യത്തിൽ പ്രശ്നം പരിഹരിച്ച് ബന്ധപ്പെട്ട ആർ.ഡി. ഓഫീസുകളിൽ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കഴിഞ്ഞ ഞായറാഴ്ച ഞാൻ ഇവിടെ വരുന്നതുവരെ അത്തരമൊരു ഉത്തരവ് വന്നിട്ടില്ല.

ശ്രീ. കെ. രാജൻ: സർ, അങ്ങ് ഞായറാഴ്ച പോയി അന്വേഷിച്ചത് എവിടെയാണെന്നെനിക്കറിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഈ സദസ്സിൽ ഉത്തരവാദിത്വത്തോടുകൂടി ഞാൻ പറയുകയാണ്, അതുമായി ബന്ധപ്പെട്ട എസ്.ആർ.ഒ. 2021 ഫെബ്രുവരി മാസം 24-ാം തീയതി പുറത്തിറക്കിയിരുന്നു. അതുസംബന്ധിച്ച് സംസ്ഥാനത്തെ റവന്യൂ ഡിവിഷണൽ ഓഫീസർമാർ ചില സംശയങ്ങൾ സർക്കാരിന്റെ മുന്നിൽ സമർപ്പിച്ചിരുന്നു. അപ്പോഴേയ്ക്കും പെരുമാറ്റച്ചട്ടം നിലവിൽവന്നു. പെരുമാറ്റച്ചട്ടം മാറിയതിനുശേഷം ആ വിഷയങ്ങൾ ക്രമീകരിച്ച്, അവ പരിശോധിക്കുകയും കൃത്യതയോടുകൂടി സർക്കാർ വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. നിയമ വകുപ്പിനെ ആ വിഷയം അറിയിക്കുകയും അവിടെനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ഒരാഴ്ചമുമ്പ് വ്യക്തത വരുത്തിയ ഉത്തരവ് പുറത്തിറക്കിയിട്ടുമുണ്ട്. ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാരോട് ചോദിച്ചാലത് ലഭ്യമാകും. അവിടെ കെട്ടിക്കിടക്കുന്ന വിഷയങ്ങൾ പരിഹരിക്കാനുള്ള നടപടി ഉണ്ടാകുകയും ചെയ്യും.

ശ്രീ. പി. കെ. ബഷീർ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ സഭയിൽ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. 50-55 വർഷം വില്ലേജിൽ നികുതി അടച്ച ഭൂമിക്ക് ഒരു സുപ്രഭാതത്തിൽ പറയുന്നു, ഇത് ഫോറസ്റ്റിന്റെ പുറമ്പോക്കാണ്, അല്ലെങ്കിൽ ഫോറസ്റ്റിന്റെ ജണ്ടവച്ച് അവരിൽനിന്നും നികുതി വാങ്ങാത്ത സാഹചര്യം സംസ്ഥാനത്തുണ്ട്. അന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറയുന്നതിനിടയ്ക്ക് ബഹുമാന്യനായ മുഖ്യമന്ത്രി അതിലിടപെട്ട് 40-45, 50-55 വർഷം നികുതി വാങ്ങി താമസിക്കുന്ന ആളുകളെ ഒരു കാരണവശാലും ഇറക്കുകയില്ലെന്നും അക്കാര്യങ്ങൾ പരിശോധിച്ച് അവരിൽനിന്നും തുടർന്നും നികുതി വാങ്ങുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്നും പറഞ്ഞു. ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, പല ജില്ലയിലും ഈ വിഷയമുണ്ട്. റവന്യൂ, വനം എന്നീ വകുപ്പുകളുമായി സംയോജിച്ച് ഒരു അദാലത്തിലൂടെ, കാലാകാലങ്ങളിലായി ഭൂമിക്ക് 45-50 വർഷം നികുതി വാങ്ങിയിരുന്ന ആളുകളിൽനിന്നും തുടർന്നും നികുതി വാങ്ങാനുള്ള സംവിധാനമുണ്ടാകണം. അവർക്ക് റേഷൻ കാർഡും മറ്റ് സൗകര്യങ്ങളുമില്ലാത്ത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയങ്ങൾ പ്രത്യേകം പരിശോധിക്കാവുന്നതാണ്. കാസർഗോഡ്, തിരുവനന്തപുരം, കണ്ണൂർ

ജില്ലകളിലെ എം.എൽ.എ.-മാരോട് ചോദിച്ചാൽ അതിനെക്കുറിച്ച് അറിയാൻ സാധിക്കും. വരുന്നദിവസം മലപ്പുറത്തുള്ള യോഗത്തിൽ അങ്ങും പങ്കെടുക്കണം. വിവിധ ജില്ലകളിലെ എം.എൽ.എ.-മാരെ ഐ.എൽ.ഡി.എം. എന്ന വിദ്യാഭ്യാസ കേന്ദ്രത്തിൽ വിളിച്ച് പ്രിൻസിപ്പൽ സെക്രട്ടറി മുതൽ ജില്ലയിലെ എ.ഡി.എം. വരെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ ഓരോ പ്രശ്നങ്ങളും പരഗണനയ്ക്കെടുത്ത്, അവ പ്രത്യേകമായി പരിശോധിക്കുന്നതാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ അതിനുവേണ്ടി ഒരു സെക്ഷൻ ആരംഭിച്ച് എം.എൽ.എ.-മാർ നൽകുന്ന വിഷയങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംവിധാനങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായി കേരള ചരിത്രത്തിലാദ്യമായി എല്ലാ ബുധനാഴ്ചകളിലും യോഗംചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ് രൂപീകരിച്ചു. റവന്യൂ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി പ്രിൻസിപ്പൽ സെക്രട്ടറിയും ലാൻഡ് റവന്യൂ കമ്മീഷണറും സർവ്വേ ഡയറക്ടർമാരും ഐ.എൽ.ഡി.എം.-ന്റെ ഡയറക്ടറും ഹൗസിംഗ് കമ്മീഷണറും ഉൾപ്പെടെ സംസ്ഥാനത്ത് ഈ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള യോഗങ്ങൾ കൂടുകയും നിങ്ങളുന്നയിക്കുന്ന പ്രശ്നങ്ങൾ ഓരോന്നായി പരിഹരിക്കാനുള്ള ശ്രമം നടത്തിവരികയും ചെയ്യുന്നുണ്ട്.

ചർച്ചയിൽ പങ്കെടുത്ത എല്ലാ എം.എൽ.എ.-മാർക്കും ആവശ്യമായ വിധത്തിലുള്ള ഇടപെടലുകൾ നടത്താൻ കഴിഞ്ഞു. ഈ ചർച്ചയിൽ റവന്യൂ വകുപ്പിനെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് സംസാരിച്ചത് മഞ്ചേശ്വരം എം.എൽ.എ. ആണ്. വളരെ പ്രസക്തമായ കാര്യങ്ങൾ, വളരെ പോസിറ്റീവായി, രാഷ്ട്രീയത്തിനതീതമായി അദ്ദേഹം ഇവിടെ ചോദിക്കുകയുണ്ടായി. അക്കാര്യങ്ങളിലെല്ലാം പ്രത്യേകം വ്യക്തത വരുത്തേണ്ടതാണ്. മഞ്ചേശ്വരത്ത് പുതിയതായി രൂപീകരിച്ച താലൂക്കിന് ആസ്ഥാനകേന്ദ്രം വേണമെന്ന അങ്ങയുടെ ആവശ്യം തീർച്ചയായും ഗവൺമെന്റ് വളരെ ഗൗരവത്തോടെ എടുക്കുകയാണ്. 2021-ൽത്തന്നെ അതിന്റെ നടപടി ആരംഭിക്കും. മഞ്ചേശ്വരത്ത് ആസ്ഥാനമുണ്ടാകും. അതുമായി ബന്ധപ്പെട്ട സംവിധാനങ്ങളുമായി ഞങ്ങൾ മുന്നോട്ടു പോകും. ഇവിടെ പറഞ്ഞതുപോലെ വി.എഫ്.എ. (വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്)-യുടെ പ്രൊമോഷൻ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. സ്മാർട്ട് വില്ലേജിന്റെ ഫ്രണ്ട് ഓഫീസ് ഗവൺമെന്റിന്റെ മുമ്പിലുള്ള വിഷയമാണ്. മഞ്ചേശ്വരത്ത് കന്നഡ ഉദ്യോഗസ്ഥർ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. നേരത്തെ മലയാളത്തിൽമാത്രം അച്ചടിച്ച റെസീപ്റ്റുകൾ മാത്രമെ റവന്യൂ വകുപ്പിനുണ്ടായിരുന്നുള്ളൂ. ഭാഷാ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന ഇടങ്ങളിൽ അതിൽ മാറ്റംവരുത്തണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് മാറ്റുന്നതിനുള്ള സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട നാദാപുരം എം.എൽ.എ. സി.എം.ഡി.ആർ.എഫ്.-ലൂടെയുള്ള പ്രളയസഹായങ്ങൾ സുതാര്യമായി

കാണാനുള്ള സംവിധാനമില്ലെന്ന് രേഖപ്പെടുത്തുകയുണ്ടായി. അതിനുവേണ്ടി ഒരു പോർട്ടൽ ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. കയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടിയുണ്ട്. ലാൻഡ് ട്രൈബ്യൂണലിന്റെ പ്രവർത്തനം വേഗതയിലാക്കുന്ന സംവിധാനങ്ങളും സൗകര്യങ്ങളുമൊരുക്കിയിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് അട്ടപ്പാടിയിൽ പുതിയ താലൂക്ക് പ്രഖ്യാപിച്ചത്. മണ്ണാർക്കാട് താലൂക്കിന്റെ ലാൻഡ് ട്രൈബ്യൂണൽ ഓഫീസ് അട്ടപ്പാടിയിലായിരുന്നു. അട്ടപ്പാടി താലൂക്ക് പ്രഖ്യാപിച്ചപ്പോൾ പ്രസ്തുത ലാൻഡ് ട്രൈബ്യൂണൽ നിർത്തലാക്കിയിട്ട് അട്ടപ്പാടി താലൂക്കിന്റെ ആസ്ഥാനവും ഓഫീസും അതായി മാറ്റുകയുണ്ടായി. ആയിരക്കണക്കിനാളുകളുടെ പ്രൊസീഡിംഗ്സും പലതുമുൾപ്പെടുന്ന, പട്ടയം കൊടുക്കേണ്ടൊരു ഓഫീസാണ് പെട്ടെന്ന് നിർത്തലാക്കിയത്. അട്ടപ്പാടിയിലെ ടി ലാൻഡ് ട്രൈബ്യൂണൽ ഓഫീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, അതേ ഓഫീസ് അവിടെ പുനരാരംഭിക്കുക എന്നുള്ളതല്ല. പ്രസ്തുത വിഷയം പാലക്കാട് ജില്ലാ കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ പരിശോധിച്ചു. അതിനൊരു പരിഹാരം കണ്ടിട്ടുണ്ട്. ഗവൺമെന്റിന്റെ മുന്നിൽ ആ വിഷയം എത്തിയിട്ടുണ്ട്, അത് പരിശോധിക്കാവുന്നതേയുള്ളൂ.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഫ്രണ്ട് ഓഫീസിന്റെ കാര്യം അങ്ങയുടെ പ്രസംഗത്തിൽ വന്നു. ഫ്രണ്ട് ഓഫീസ് കൺസെപ്റ്റ് എന്നുപറയുന്നത് അപേക്ഷകൾ സ്വീകരിച്ച് കൃത്യമായി പ്രോസസ്സ് ചെയ്ത് ഓഫീസിൽ കൊടുക്കുകയെന്നുള്ളതാണ്. ഓൺലൈൻ സംവിധാനം വരുമ്പോൾ അക്ഷയ വഴിയോ അല്ലെങ്കിൽ മറ്റു പൊതുസേവന കേന്ദ്രങ്ങൾ വഴിയോ അപേക്ഷകൾ പ്രോസസ്സ് ചെയ്തുകൊടുക്കുമ്പോൾ പ്രത്യേകമായ ഓഫീസ് നടപ്പിലാക്കേണ്ടതുണ്ടോ?

ശ്രീ. കെ. രാജൻ: സർ, അക്കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്. അതാവശ്യമാണ്, കാരണം ഒരാൾ വില്ലേജ് ഓഫീസിൽ എത്തിച്ചേർന്നാൽ അവിടെ എങ്ങനെ ഇടപെടണം, ഏത് നിലവാരത്തിൽ കൈകാര്യം ചെയ്യണം, റവന്യൂവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചചെയ്യേണ്ടതുണ്ട്. ഐ.എൽ.ഡി.എം.-ന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഈ വരുന്ന ഗാന്ധിജയന്തി (ഒക്ടോബർ 2-ന്) ദിനത്തിൽ, ജനങ്ങൾക്ക് റവന്യൂ പ്രശ്നങ്ങൾ ചർച്ചചെയ്യാനും സംശയങ്ങൾ ദൂരീകരിക്കാനും കഴിയുന്ന തരത്തിൽ ഒരു കോൾ സെന്റർ ആരംഭിക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. ആ കോൾ

സെന്ററിന്റെ ടോൾ ഫ്രീ നമ്പറുമായി ബന്ധപ്പെട്ടാൽ നിങ്ങൾക്കാവശ്യമായ മുഴുവൻ സേവനങ്ങളും ലഭ്യമാകുന്നതാണ്. ചാലക്കുടിയിലെ റവന്യൂ ടവറിന്റെ കാര്യവുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് നൽകിയ മറുപടിയിൽ കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സനീഷ്‌കുമാർ ജോസഫ് ചോദിക്കാനുദ്ദേശിച്ച കാര്യത്തിൽ ഗൗരവതരമായ പരിശോധന നടത്തുന്നതാണ്. മഞ്ചേശ്വരത്തെ അംഗം ആരാധനാലയങ്ങളുടെ പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടൊരു പ്രശ്നം ഇവിടെ ഉന്നയിച്ചിരുന്നു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജി.ഒ. (എം.എസ്.) 40/2020 പ്രകാരം ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, വായനശാലകൾ എന്നിവയ്ക്ക് കൈവശത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ പട്ടയം നൽകാൻ 2020-ൽതന്നെ ഉത്തരവുണ്ടായിട്ടുണ്ട്. ആരാധനാലയങ്ങൾക്ക് ഒരേക്കർ വരെ പതിച്ചുനൽകാനുള്ള ആലോചനയാണ് നടത്തിയിട്ടുള്ളത്. 1947-നുമുൻപ് കൈവശമുള്ള ഭൂമിയാണെങ്കിൽ ഫെയർവാല്യൂവിന്റെ 10 ശതമാനവും കേരളപ്പിറവിക്കുമുമ്പുള്ള സ്ഥലങ്ങളാണെങ്കിൽ ഫെയർവാല്യൂവിന്റെ 25 ശതമാനവും 1990 ജനുവരി 1-ന് മുമ്പുള്ളതാണെങ്കിൽ ഫെയർവാല്യൂവും 1990 ജനുവരി 1 മുതൽ 25-8-2008 വരെയുള്ളതാണെങ്കിൽ കമ്പോളവിലയും ഈടാക്കി നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 62 അപേക്ഷകൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. അപേക്ഷകൾ നിയമാനുസൃതമായി പരിഗണിക്കുന്നതായിരിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, ഭൂമി തരംമാറ്റുന്ന വിഷയത്തിൽ സ്പഷ്ടീകരണവുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് 23-ാം തീയതി ഇറക്കിയിട്ടുണ്ട്. 25 സെന്റിൽ താഴെയുള്ളവർക്ക് സൗജന്യമായി തരംമാറ്റിക്കൊടുക്കുന്നുവെന്ന് ഒരംഗത്തിന് മറുപടി നൽകിയിരുന്നു. ഇതിലെ പ്രശ്നം, ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് 25-2-2021-ന് മുൻപ് അപേക്ഷ കൊടുത്തവർക്കത് ബാധകമല്ല, അവർ പഴയതുപോലെ ഫീസ് അടയ്ക്കണമെന്നാണ്. 25-2-2021-ന് മുൻപുള്ള അപേക്ഷകൾ പെൻഡിംഗിലാണ്. പഴയ അപേക്ഷ പിൻവലിച്ച് പുതിയ അപേക്ഷ സമർപ്പിക്കാൻ പാടില്ലെന്ന് ഈ ഉത്തരവിൽ പറയുന്നുണ്ട്. അപ്പോൾ രണ്ടുതരത്തിലുള്ള നീതിയാകും. ഈ ഉത്തരവ് വന്ന അന്നുമുതലുള്ള പ്രാബല്യമാണ് കൊടുത്തിരിക്കുന്നത്. ഹൈക്കോടതി വിധിയെത്തുടർന്നാണ് ഈ ഉത്തരവ് വന്നിരിക്കുന്നത്. ഇപ്പോൾ പെൻഡിംഗിലുള്ള എല്ലാ അപേക്ഷകൾക്കും സൗജന്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കാൻ മുൻകയ്യെടുക്കുമോ? ഇപ്പോൾ പ്രോസ്പക്ടീവ് ഇഫക്ട് മാത്രമാണ് പറഞ്ഞിരിക്കുന്നത്, റിട്രോസ്പക്ടീവ് ഇഫക്ട് പറഞ്ഞിട്ടില്ല. 23-7-2021-നിറക്കിയ ഉത്തരവാണ്, അക്കാര്യംകൂടി പരിഗണിക്കേണ്ടതാണ്.

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞ പ്രശ്നം എന്റെ മുൻപിൽ ഇല്ലാത്തതുകൊണ്ടല്ല. ഈ പ്രശ്നം റിട്രോസ്പക്ടീവ് ഇഫക്ടായി അംഗീകരിക്കാനാവശ്യപ്പെട്ടാൽ ഇന്ന് രാവിലെ ഉന്നയിച്ചതുപോലുള്ള ക്രമപ്രശ്നം അടുത്ത ആഴ്ച ഉന്നയിക്കും. അതാണ് പ്രധാനപ്പെട്ട പ്രശ്നം. മറ്റ് സാദ്ധ്യതകളില്ലാത്തതുകൊണ്ടല്ല, എസ്.ആർ.ഒ. ഇറങ്ങുന്നതിനുമുൻപ് നിയമപരമായി പരിഗണിക്കാൻ കഴിയില്ല. ഈ വിഷയം നിയമ വകുപ്പുമായി ചർച്ചചെയ്തപ്പോൾ അതിനുമുൻപ് ഏതെങ്കിലും തരത്തിലുള്ള നിയമനടപടികൾ ആരംഭിക്കാത്തതിന് കൊടുക്കാമെന്നാണ് മറുപടി ലഭിച്ചത്. നിയമ വകുപ്പ് ഇങ്ങനെയൊരു നിർദ്ദേശം നൽകിയിരിക്കുന്ന സാഹചര്യത്തിൽ പുതിയതായി ഇത് പരിഗണിക്കാൻ കഴിയില്ല. ഈ വിധിയെത്തുടർന്ന് ഗവൺമെന്റ് എസ്.ആർ.ഒ. ഇറക്കുന്നതിനുമുമ്പുതന്നെ അപേക്ഷ സമർപ്പിച്ചവർ ആ സ്ലാബിനനുസരിച്ച് ഭൂമിയെടുക്കാമെന്ന് കരുതിയവരായിരിക്കും. ആഗ്രഹമുണ്ടെങ്കിലും ഇപ്പോൾ അതിന് സാദ്ധ്യമല്ലാത്ത വിധത്തിൽ നിയമതടസ്സങ്ങളുള്ളതുകൊണ്ടാണ്. ബഹുമാന്യനായ തിരൂർ എം.എൽ.എ., എന്നേക്കാൾ കൂടുതൽ രാഷ്ട്രീയ പരിചയം അദ്ദേഹത്തിന് കാണും, എന്നേക്കാൾ കൂടുതൽ വില്ലേജ് ഓഫീസുകളും അദ്ദേഹം കണ്ടിട്ടുണ്ടായിരിക്കും. അദ്ദേഹം പറഞ്ഞത് 'പഞ്ചായത്തും വില്ലേജും തമ്മിൽ യോജിപ്പിക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുകയായിരിക്കും നല്ലതെന്നാണ്, എന്തിനാണ് വില്ലേജ് ഓഫീസ്, പഞ്ചായത്തുമായി കൂട്ടിയോജിപ്പിച്ചാൽ പോരെ' എന്നാണ്. 140 എം.എൽ.എ.-മാരല്ല. പ്രിയപ്പെട്ടവരേ, മൂന്നരക്കോടി മലയാളികളെ പ്രതിനിധീകരിച്ച് ഇങ്ങോട്ടയച്ചിട്ടുള്ള ആളുകളാണ്. കുറച്ചുകൂടി ഗൗരവത്തോടെ കാണണം, അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കി കൊണ്ടുവന്ന 73-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് രാജ്യത്ത് പഞ്ചായത്തീരാജ്-നഗരപാലിക സംവിധാനം നിലവിൽ വന്നിട്ടുള്ളത്. സംസ്ഥാന സർക്കാരുകൾക്കുള്ള പല അധികാരങ്ങളും വിതരണം ചെയ്തുകൊണ്ടാണ് ഗ്രാമസഭ അടിസ്ഥാനഘടകമാക്കി, പഞ്ചായത്തുകളെ കൊണ്ടുവരണമെന്ന് ആലോചിച്ചിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിലാണ് മുനിസിപ്പാലിറ്റി-പഞ്ചായത്ത് രാജ് ആക്ട് കൊണ്ടുവന്നത്. ഒരേ വിഷയത്തിൽത്തന്നെ പഞ്ചായത്ത് നോക്കാനും മുനിസിപ്പാലിറ്റി നോക്കാനും അങ്ങയുടെ പാർട്ടിക്കകത്ത് രണ്ട് വകുപ്പിനും രണ്ട് മന്ത്രിമാരുണ്ടായിരുന്നു. എന്നിട്ടും ഇത്ര ചെറിയ ഒരു കാര്യം, ഭൂമി സംബന്ധമായ എല്ലാ കാര്യങ്ങളും കൈകാര്യംചെയ്യുന്ന റവന്യൂ വകുപ്പിന്റെ ഏറ്റവും അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ, പഞ്ചായത്തിൽ ലയിപ്പിക്കാമെന്നൊക്കെ അശ്രദ്ധകൊണ്ട് പറഞ്ഞതാകുമെന്ന് ഞാൻ കരുതുന്നു. അതുപോലെ ഗൗരവകരമായി ഉന്നയിച്ച പ്രശ്നമാണ് 'യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 670 സ്ക്വയർഫീറ്റ് വീടിന് അനുമതിനൽകി, എൽ.ഡി.എഫ്. ഇതൊന്നും ചെയ്തില്ല, വീട്, ഭൂമി വെറുതെ മേനി പറഞ്ഞ് നടക്കുകയാണ് എന്നെല്ലാം പറഞ്ഞത്. എന്താണ് ആലോചിക്കുന്നതെന്ന് എനിക്ക്

മനസ്സിലായില്ല. കേരളത്തിൽ അഞ്ച് വർഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിലിരിക്കുമ്പോൾ 1,77,011 പേർക്ക് മണ്ണുകൊടുത്താണ് ഈ ഗവണ്മെന്റ് കഴിഞ്ഞ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ലൈഫ് പദ്ധതി കേരളത്തിൽ കൊണ്ടുവന്ന് മണ്ണിന്റെ മാറിൽ അന്തിയുറങ്ങാൻ കഴിയാതെയിരുന്ന രണ്ടുലക്ഷത്തി അൻപത്തിനാലായിരത്തിലേറെ മനുഷ്യരെ മണ്ണിനും ഭൂമിക്കും വീടിനും അധികാരം കൊടുത്തൊരു ഗവണ്മെന്റിന്റെ തുടർച്ചയായിട്ടാണ് ഈ ഗവൺമെന്റ് വരുന്നത്. ഈ ധനാഭ്യർത്ഥനകളെ പിൻതുണയ്ക്കണമെന്ന് മാത്രമല്ല, റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന് സഹകരിക്കണമെന്നുകൂടി ഞാനഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗവും എന്റെ ജ്യേഷ്ഠസുഹൃത്തുമായ ശ്രീ. കെ. ബാബു സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ചുണ്ടാക്കിയതല്ലേ ഈ ഗവൺമെന്റെന്ന് പറയുകയുണ്ടായി. തൃപ്പൂണിത്തുറയിൽ മൃതശരീരം വരുന്ന നേരത്ത് മണിയടിക്കുന്നത് കേൾക്കുന്നതുപോലെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മണിയടിച്ച് ഉണ്ടാക്കിയതാണ് ഈ ഗവൺമെന്റെന്ന് അങ്ങ് ധരിക്കുന്നുണ്ടെങ്കിൽ അങ്ങനെയുണ്ടായതല്ല ഈ കേരളമെന്ന് മനസ്സിലാക്കേണ്ടതുണ്ടെന്ന് പറയാനാണ് ഞാനിത് സൂചിപ്പിച്ചത്. നിയമങ്ങളും ചട്ടങ്ങളുമൊക്കെ രൂപീകരിക്കുന്നതിനുമുൻപ് കേരളത്തിലെ മുൻ തലമുറയ്ക്ക് ഒരു ഇരുണ്ടകാലമുണ്ടായിരുന്നു. മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണ് സ്വന്തമല്ലാതെ, പീടികത്തിണ്ണകളിലും വെളിപ്പറമ്പുകളിലും കിടന്നുറങ്ങേണ്ടിവന്ന ലക്ഷക്കണക്കിന് മനുഷ്യരുടെ ആലയമായിരുന്നു ഇത്. 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരുന്നതിനുമുൻപുള്ള കാലത്താണ് ശ്രീനാരായണഗുരുവും സഹോദരൻ അയ്യപ്പനും അയ്യൻകാളിയും വാഗ്ഭടാനന്ദനും പൊയ്കയിൽ അപ്പച്ചനും കേരളത്തിന്റെ മണ്ണിൽ നവോത്ഥാനത്തിന്റെ വഴികൾ ഉഴുതുമറിച്ചത്. അവർ ഉഴുതുമറിച്ചിട്ട മണ്ണിലാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ വിത്ത് വിതയ്ക്കുന്നത്, 1957-ൽ ആദ്യത്തെ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. മനുഷ്യന് ഭൂമികൊടുക്കാൻ തീരുമാനിച്ച 1957-ലെ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റ്. 1959-ൽ ആ ഗവണ്മെന്റിനെ വിമോചനസമരത്തിലൂടെ പ്രമാണിമാർക്കുവേണ്ടി അട്ടിമറിച്ചിടുമ്പോൾ അങ്കമാലിയിലെ ഫ്ലോറിയുടെ കല്ലറയിൽ നിങ്ങൾ വിളിച്ച മുദ്രാവാക്യം "തമ്പ്രാനെന്ന് വിളിപ്പിക്കും, പാളയിൽ കഞ്ഞികുടിപ്പിക്കും" എന്നല്ലേ. ആരെക്കുറിച്ചാണ് ആ മുദ്രാവാക്യം വിളിപ്പിച്ചത്? ആ ഭൂമി കൊടുക്കാനുള്ള ഒരു ഗവണ്മെന്റിന്റെ തുടർച്ചയാണ് ഈ ഗവണ്മെന്റ്, ഇത് മണിയടിച്ചുണ്ടായ ഗവണ്മെന്റല്ല, മണ്ണ് കൊടുത്ത് മനുഷ്യനെ വളർത്തിയ ഗവണ്മെന്റാണ്. അതുകൊണ്ട് വനവും നാട്ടിലെ മണ്ണും മനുഷ്യന് കൊടുക്കാനുള്ള പ്രതിജ്ഞാബദ്ധതയോടെ ഈ ഗവണ്മെന്റ് മുന്നേറും. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ദേവസ്വം വകുപ്പുകൂടി ഇന്ന് ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. ധനാഭ്യർത്ഥനയുടെ മേജർ ഹെഡ്ഡിൽ ഇല്ലാത്തതുകൊണ്ട് ഭൂരിപക്ഷം അംഗങ്ങളും അക്കാര്യം തിരിച്ചറിഞ്ഞതായി തോന്നുന്നില്ല. പതിനാറംഗങ്ങൾ സംസാരിച്ചതിൽ മൂന്നംഗങ്ങൾ മാത്രമാണ് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഏതാനും കാര്യങ്ങൾ സൂചിപ്പിച്ചത്. ദേവസ്വം ബോർഡിനെ ഭാവിയിൽ മേജർ ഹെഡ്ഡിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് 1922-ൽത്തന്നെ തിരുവിതാംകൂറിൽ ദേവസ്വം വകുപ്പുണ്ടായിരുന്നുവെങ്കിലും പിന്നീട് ശ്രദ്ധിക്കാത്ത സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയായിരുന്നു. അതുകൊണ്ട് ദേവസ്വം വകുപ്പിനെ കുറച്ചുകൂടി മെച്ചപ്പെടുത്താനുള്ള പ്രവർത്തനം ഗവൺമെന്റ് ചെയ്യുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള അഞ്ച് ദേവസ്വം ബോർഡുകളും വലിയ രീതിയിലുള്ള പ്രയാസം നേരിടുകയാണ്. പ്രത്യേകിച്ചും കോവിഡ് മഹാമാരിക്കാലത്ത് വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. സംസ്ഥാനത്തെ അഞ്ച് ദേവസ്വം ബോർഡുകളിലായി ഏകദേശം 15,695 ജീവനക്കാരും ഏകദേശം 8,316 പെൻഷൻകാരുമുണ്ട്. അവരുടെ ജീവിതം വലിയ രീതിയിലുള്ള പ്രയാസത്തിലേയ്ക്ക് പോകുന്ന സ്ഥിതിയാണുള്ളത്. രണ്ടുമൂന്ന് വർഷമായി ദേവസ്വം ബോർഡുകളിലെ വരുമാനം നിശ്ചലമായിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് നൽകുന്ന നല്ലരീതിയിലുള്ള സഹായങ്ങൾ കൊണ്ടുമാത്രമാണ് ദേവസ്വം ബോർഡുകൾ നിലനിന്നുപോകുന്നത്. അവയുടെ പ്രവർത്തനങ്ങൾ കുടുതൽ മെച്ചപ്പെടുത്തണമെങ്കിൽ തുടർന്നും സംസ്ഥാന ഗവൺമെന്റ് നല്ലതുപോലെ സഹായിക്കേണ്ടതുണ്ട്. എന്നാൽ അതുകൊണ്ടുമാത്രം ദേവസ്വം ബോർഡുകളുടെ പ്രവർത്തനം ഭാവിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. അതുകൊണ്ടുതന്നെ ദേവസ്വം ബോർഡുകളിൽ നിലവിലെ സ്ഥിതി മെച്ചപ്പെടുത്താനുള്ള ഇടപെടലുകൾ നടത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കുടുതൽ കാര്യക്ഷമമാക്കുന്നതിനും ബോർഡുകളിൽ ലഭ്യമാകുന്ന പണത്തിന് ചോർച്ചയുണ്ടാകാതെ നോക്കുന്നതിനും വഴിപാടിതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനും സാധിക്കണം. അത് സാദ്ധ്യമാകണമെങ്കിൽ ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തിൽ ചെറിയ മാറ്റങ്ങൾ വരുത്തുന്നതിനായി എല്ലാഭാഗത്തുനിന്നും സഹായ സഹകരണങ്ങളുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഏകദേശം 3,300 ഏക്കർ സ്ഥലമുള്ളതിൽ പലതും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥിതിയിലാണ്. ഈ ഭൂമി

പ്രായോഗികമായി ഉപയോഗപ്പെടുത്തിയാൽ ദേവസ്വം ബോർഡിന് ലഭ്യമാകുന്ന വഴിപാടിതര വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. അതിന് സഹായകരമായ നിലപാട് സ്വീകരിച്ചുപോകേണ്ടതുണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഏകദേശം 266 ഏക്കർ സ്ഥലവും കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഏകദേശം 200 ഏക്കർ സ്ഥലവുമുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള അധീനതയിൽ ഭൂമിയില്ലെങ്കിലും ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 1,357 ക്ഷേത്രങ്ങളുടേതായി ഏകദേശം 31,122 ഏക്കർ സ്ഥലം അവശേഷിക്കുന്നുണ്ട്. ഇതിൽത്തന്നെ ഏകദേശം 24,693 ഏക്കർ സ്ഥലം വ്യത്യസ്ത രീതിയിലുള്ള കയ്യേറ്റങ്ങൾക്ക് വിധേയമായിരിക്കുകയാണ്. ഈ ഭൂമിയെല്ലാം ശരിയായ രീതിയിൽ വിനിയോഗിച്ചാൽ ദേവസ്വം ബോർഡുകളുടെ പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. പ്രസ്തുത ലക്ഷ്യത്തിനായി പ്രവർത്തിക്കുമ്പോൾ പലതരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവരാൻ സാദ്ധ്യതയുണ്ട്. ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് ഒരുപക്ഷേ വിശ്വാസത്തിന്റെയും വിശ്വാസികളുടെയും പേരിലായിരിക്കും. പലപ്പോഴും ആക്ഷേപങ്ങളുയർത്തുന്നത് വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനായിരിക്കും. വിശ്വാസികളുടെ വിശ്വാസ പ്രമാണങ്ങൾക്ക് കോട്ടംതട്ടാതെ ദേവസ്വത്തിന്റെ ഭൂമി ശരിയായായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ അത് നാടിനുതന്നെ പുരോഗതിയുണ്ടാക്കും. തീർച്ചയായും അതിന് കഴിയണമെങ്കിൽ ഒന്നിച്ച് പ്രവർത്തിക്കണം. രാഷ്ട്രീയ സങ്കുചിത താത്പര്യത്തോടെ ഇക്കാര്യങ്ങളെ നോക്കിക്കാണരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഗവണ്മെന്റുകളെ തകർക്കാൻ ശ്രമിക്കുന്നത് പലപ്പോഴും വിശ്വാസികളെ ഇളക്കിവിട്ടുകൊണ്ടാണ്. അക്കാര്യം റവന്യൂ വകുപ്പുമന്ത്രി നേരത്തെ സഭയിൽ പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ശബരിമല വിഷയത്തിൽ സംഭവിച്ചത് നമ്മൾ കണ്ടതാണ്. പലപ്പോഴും വിശ്വാസികളെ ഇളക്കിവിട്ട് രാഷ്ട്രീയ മുതലെടുപ്പിനും ശ്രമിക്കാറുണ്ട്. അതിനവസരം നൽകാതെ എല്ലാവരും യോജിച്ച് നിൽക്കുകയാണെങ്കിൽ ദേവസ്വം ബോർഡുകളെ ഇന്നുള്ളതിനേക്കാൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ പോസിറ്റീവായ ഒരുകാര്യം സൂചിപ്പിക്കാനുണ്ട്. അട്ടപ്പാടിയിൽ മല്ലീശ്വരൻ കോവിൽ എന്നൊരു ക്ഷേത്രമുണ്ട്. അവിടെ ആചാരപ്രകാരം ആദിവാസി വിഭാഗങ്ങൾക്കിടയിൽ നടത്തേണ്ട ചില ആചാരങ്ങളുണ്ട്. മലബാർ ദേവസ്വം ബോർഡ് ഇടപെട്ടുകൊണ്ട് അവിടത്തെ ആചാരങ്ങൾ തെറ്റിച്ചതിനാൽ വലിയ പ്രശ്നം നടക്കുന്നുണ്ട്. അതിനാൽ ഗവൺമെന്റിടപെട്ട് ഇന്നേവരെ നടന്നുപോന്നിരുന്ന ആചാരങ്ങൾ അതേരീതിയിൽ തുടരുന്നതിനുള്ള സൗകര്യമുണ്ടാക്കണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, നിലവിലുള്ള ആചാരാനുഷ്ഠാനങ്ങളൊന്നും മാറ്റുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നില്ല. ആചാരാനുഷ്ഠാനങ്ങളെല്ലാം നടത്തേണ്ടതാണെങ്കിലും അവ നാടിനെ തെറ്റായ രീതിയിലേയ്ക്ക് കൊണ്ടു പോകുന്നത് പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. ആചാരങ്ങളുടെ പേരിൽ പ്രചരിപ്പിക്കുന്ന അന്ധവിശ്വാസങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച് മുന്നോട്ടുപോകേണ്ടിവരും. ആചാരത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ സമൂഹത്തിൽ പ്രചരിപ്പിക്കുന്ന അന്ധവിശ്വാസങ്ങൾ തടയപ്പെടേണ്ടതുണ്ട്. ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി കാര്യക്ഷമമാക്കാനുള്ള സംവിധാനമുണ്ടാകണം. ദേവസ്വം ബോർഡ് ജീവനക്കാരുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ എഞ്ചിനീയറിംഗ് വിംഗ് വളരെ ശക്തമാണ്. അവിടെ രണ്ട് ചീഫ് എഞ്ചിനീയർമാരും ആറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഇരുപത്തേഴോളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും നാൽപ്പതോളം ഓവർസിയർമാരുമുണ്ട്. അവരുടെ പ്രവർത്തനങ്ങൾ കൃത്യമായി പരിശോധിച്ചുകൊണ്ട് ആ വിംഗിനെ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയും. ദേവസ്വം ബോർഡിന്റെ വികസനത്തിനും പുരോഗതിക്കുംവേണ്ടി വളരെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതരത്തിൽ ജീവനക്കാരെ മാറ്റിത്തീർക്കാനുള്ള ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളുടെ പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളേറ്റെടുക്കും; കഴിഞ്ഞ ഗവൺമെന്റും അത്തരം കാര്യങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ശബരിമലയുടെ വികസനം. 2009-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു റിട്ടയേർഡ് ജഡ്ജിയുടെ നേതൃത്വത്തിൽ നിർദ്ദിഷ്ട ശബരിമല മാസ്റ്റർപ്ലാൻ നടപ്പിലാക്കാനായി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണമെന്നാണ് ചർച്ചയിൽനിന്നും മനസ്സിലാക്കുന്നത്. 11 വർഷമായി ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ കുറവുകൾ കാണുന്നുണ്ട്. ആ കമ്മിറ്റിയുടെ ഇടപെടലില്ലാത്തതുകൊണ്ട് നേരത്തേ നിശ്ചയിച്ച പല പദ്ധതികളും കൃത്യമായി നടപ്പിലാക്കാനും കഴിയുന്നില്ല. ശബരിമല മാസ്റ്റർപ്ലാൻ കൃത്യമായി നടപ്പിലാക്കാൻ കഴിയേണ്ടതായിരുന്നു. പ്രസ്തുത പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ശബരിമല മാസ്റ്റർപ്ലാൻ കൃത്യമായി നടപ്പിലാക്കാനായി വിവിധ വകുപ്പുകളെ യോജിപ്പിച്ചുകൊണ്ട് വലിയ ഇടപെടൽ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ശബരിമല വികസനത്തിനായി കിഫ്ബിയുടെ പ്രത്യേക സാമ്പത്തിക സഹായം നേരത്തേതന്നെ ലഭ്യമാക്കിയിട്ടുണ്ട്, അത് പൂർണ്ണതയിലെത്തിക്കാനുള്ള ഇടപടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഏകദേശം 150 കോടി രൂപയാണ് കിഫ്ബിയിൽനിന്നും ശബരിമല വികസനത്തിനായി ലഭ്യമായിട്ടുള്ളത്. ധനവിനിയോഗത്തിനായി 118 കോടി രൂപയുടെ പ്രൊപ്പോസൽ

തയ്യാറായിക്കഴിഞ്ഞു. അവശേഷിക്കുന്ന ഫണ്ടുകൂടി ഉപയോഗപ്പെടുത്താനായി പുതിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. രണ്ടുമൂന്ന് വർഷമായി ശബരിമലയിലെത്തുന്ന ഭക്തരുടെ എണ്ണത്തിൽ കുറവുണ്ട്. ശബരിമല സീസണിൽ വിവിധ സ്ഥലങ്ങളിൽനിന്ന് വരുന്ന ഭക്തർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയാതെ വരുന്നുണ്ട്. പുതിയ ഗവൺമെന്റ് അധികാരമേറ്റ ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ പ്രത്യേക താൽപര്യമെടുത്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഏകദേശം 10,75,54,000 രൂപ ചെലവഴിച്ചുകൊണ്ട് ചിറങ്ങരയിൽ ഒരു ഇടത്താവളം സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ കഴക്കൂട്ടം ഇടത്താവളത്തിനായി ഏകദേശം 9,61,33,000 രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചുകഴിഞ്ഞു. നിലയ്ക്കൽ ഇടത്താവളത്തിനായി 39,79,87,000 രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. ചെങ്ങന്നൂർ ഇടത്താവളത്തിനായി 10,47,34,000 രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വച്ചിട്ടുണ്ട്. എരുമേലി ഇടത്താവള വികസനത്തിനായി 14,44,57,683 രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ട് ഇടത്താവളങ്ങൾക്കുകൂടി അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും ടെക്നിക്കൽ സാംഗ്ഷനും ലഭ്യമാക്കി ടെണ്ടർ നടപടി ആരംഭിച്ചുകഴിഞ്ഞു. വയനാട് കൽപ്പറ്റയിലെ മണിയൻകോട് ഇടത്താവളത്തിന് 10,12,27,000 രൂപ വകയിരുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ശിവപുരം ഇടത്താവളത്തിന് 8,58,21,000 രൂപയുടെ ടെണ്ടർ ക്ഷണിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനത്തിനോടനുബന്ധിച്ച് ഭക്തർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനുള്ള ഇടപെടലാണ് നടത്തുന്നത്. നിലയ്ക്കലിൽ നബാർഡിന്റെ സഹായത്തോടുകൂടി കുടിവെള്ള പദ്ധതി ആരംഭിക്കുന്നുണ്ട്. വർഷങ്ങളായി മുടങ്ങിക്കിടന്ന ഈ പദ്ധതി സംബന്ധിച്ച് ജലസേചന വകുപ്പുമന്ത്രിയുമായി ചർച്ചനടത്തിയതിന്റെ ഭാഗമായി നിലയ്ക്കലിൽ ഏകദേശം 60 ലക്ഷം ലിറ്റർ വെള്ളം സപ്ലൈ ചെയ്യുന്ന 120 കോടി രൂപയുടെ ബൃഹത്തായ ഒരു കുടിവെള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ 22 കിലോമീറ്റർ ദൂരത്തിൽ 6 കിലോമീറ്റർ ദൂരം പൈപ്പിടൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനായി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ എല്ലാ സഹായവുമുണ്ടായിട്ടുണ്ട്. 22 കി.മീ. പി.ഡബ്ല്യു.ഡി. റോഡിലൂടെ പൈപ്പ് ലൈൻ കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഒരുക്കിത്തരാൻ പി.ഡബ്ല്യു.ഡി. തയ്യാറായിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട് ദേവസ്വവുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ട്. വനം, ദേവസ്വം വകുപ്പുമന്ത്രിമാർ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സംയുക്തയോഗം വിളിച്ച് ചർച്ചനടത്തിയതിന്റെ ഭാഗമായി വർഷങ്ങളായി നിലനിൽക്കുന്ന തടസ്സങ്ങൾ മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ

തയ്യാറാക്കിയെങ്കിലും നടപ്പിലാക്കാൻ തടസ്സമായിരുന്ന വനം-ദേവസ്വം വകുപ്പുകൾ തമ്മിലുള്ള തർക്കം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം 12 വർഷമായി നടപ്പിലാക്കിയിട്ടില്ലായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശബരിമലയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവന മാദ്ധ്യമങ്ങളിൽ കണ്ടു. ദേവസ്വം ബോർഡിൽ സാമ്പത്തിക ക്ലേശം വളരെ രൂക്ഷമാണ്. ശബരിമലയിൽ പഴയതുപോലെ ഭക്തജനങ്ങൾ പോകാത്തതിനാൽ വരുമാനത്തിൽ വലിയ കുറവുണ്ടായിരിക്കുകയാണ്. അത് നികത്തുന്നതിന് ബോർഡിന്റെ കയ്യിൽ വരുമാനമില്ലാത്തതുകൊണ്ട് വളരെ പഴക്കമുള്ള വിളക്കുകൾപോലും വിൽക്കുന്നതിനുള്ള തീരുമാനമെടുക്കുന്നുവെന്നാണ് മനസ്സിലാക്കിയത്. ഏതെങ്കിലും രൂപത്തിൽ ഗവൺമെന്റ് അവരെ സഹായിക്കുമോ; ഇപ്പോൾ അവർ പറഞ്ഞ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള നടപടി എന്താണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ദേവസ്വം ബോർഡുകൾ സാമ്പത്തികമായി വളരെ ഞെരുക്കത്തിലാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് സംസ്ഥാനത്തിന്റെ പൊതുഖജനാവിൽനിന്ന് ഏകദേശം 135 കോടി രൂപ നൽകിയത്. അവിടത്തെ വിളക്ക് വിൽക്കേണ്ട ആവശ്യമില്ല. ഇതെല്ലാം ആരെങ്കിലും വിവാദമാക്കാൻവേണ്ടി ശ്രമിക്കുന്നതാണ്. അവിടെയുണ്ടായിരുന്ന വിളക്കുകളെല്ലാം എങ്ങനെയാണ് ചെലവായിപ്പോയതെന്ന് പരിശോധിക്കുകയാണ് വേണ്ടത്. കാലാകാലങ്ങളായുള്ള കിണ്ടികളും വിളക്കുകളും എവിടെയാണെന്ന് പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പൗരാണിക വിളക്കുകളും അവിടത്തെ സാധനസാമഗ്രികളും വിൽക്കാൻ ദേവസ്വം ബോർഡാണ് തീരുമാനിച്ചത്. അത് ശരിയല്ല. എന്തിനാണ് വിൽക്കുന്നതെന്ന് അവരോട് ചോദിക്കണം; അതെല്ലാം പൗരാണിക വസ്തുക്കളാണ്. അതെന്തിനാണ് വിൽക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതെല്ലാം പൗരാണികമാണെന്ന് വേണമെങ്കിൽ വാദിക്കാം. മുൻകാലങ്ങളിലുണ്ടായിരുന്നവയുടെയും അവശേഷിക്കുന്നവയുടെയും കണക്കുകൾ പരിശോധിക്കുമ്പോൾ വിളക്കുകളും കിണ്ടികളും എവിടെപ്പോയി എന്നാണ് ഞാൻ ചോദിക്കുന്നത്; ഞാൻ അങ്ങയോടും മുൻപ്രതിപക്ഷനേതാവിനോടും തർക്കിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവർ പറയുന്ന കാര്യത്തിൽ എന്തെങ്കിലും വസ്തുതയുണ്ടെങ്കിലത് പരിശോധിക്കണമെന്നാണ് പറഞ്ഞത്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ദേവസ്വം ബോർഡിന്റെ വൈകാരികമായ ആ പ്രശ്നം കൈകാര്യംചെയ്യാൻ ഗവൺമെന്റ് തീരുമാനിക്കുന്നില്ല. അവശേഷിക്കുന്ന വിളക്കുകളുടെയും കിണ്ടികളുടെയും കണക്ക് കൃത്യമായി സൂക്ഷിച്ചുവയ്ക്കാൻ നടപടി സ്വീകരിക്കും. വിളക്കും കിണ്ടിയും വിറ്റതിന്റെ ഭാഗമായി ദേവസ്വം ബോർഡുകൾ സാമ്പത്തികമായി രക്ഷപ്പെടാൻ പോകുന്നില്ലെന്നാണ് ഞാൻ പറഞ്ഞത്. ദേവസ്വം ബോർഡിന്റെ സ്ഥലങ്ങൾ ശരിയായ രീതിയിൽ വിനിയോഗിച്ചാൽ ഓരോ ദേവസ്വത്തെയും സ്വയംപര്യാപ്തതയിലെത്തിക്കാൻ കഴിയും. അതുപോലെ ജീവനക്കാരുടെ പ്രശ്നമുണ്ട്. മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് എല്ലാവർക്കുമറിയാം. അവിടെ ഓരോ ക്ഷേത്രങ്ങൾക്കും പ്രത്യേകം ഭരണമാണുള്ളത്. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളെ പോലെയല്ല മലബാർ ദേവസ്വം ബോർഡ്. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടുകൊണ്ട് സമഗ്ര നിയമം കൊണ്ടുവരണമെന്നുള്ളത് ചർച്ച ചെയ്ത കാര്യമാണ്. 2008-ൽ കൊണ്ടുവന്ന നിയമം വേണ്ടത്ര പ്രായോഗികമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സമഗ്ര നിയമം കൊണ്ടുവരണമെന്ന് ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ബഹുമാന്യനായ ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ട് ധനകാര്യ, നിയമ വകുപ്പുകൾ പരിശോധിച്ച് എത്രയുംപെട്ടെന്ന് മലബാർ-ദേവസ്വം ബിൽ എന്ന ചിരകാല അഭിലാഷം നടപ്പിലാക്കാൻ ശ്രമിക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം 12 വർഷമായി നടപ്പിലാക്കിയിട്ടില്ലായിരുന്നു. എന്നാൽ കഴിഞ്ഞ ജനുവരിയിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കിയെങ്കിലും അവർക്കതിനനുസരിച്ച് ശമ്പളം ലഭിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. ധനകാര്യ വകുപ്പ് അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ശമ്പളപരിഷ്കരണം തീർച്ചയായും നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അതുപോലെതന്നെയാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്. 2015-ലാണ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നത്. ശ്രീ. എം. രാജഗോപാലനും മറ്റുള്ള അംഗങ്ങളുമെല്ലാം ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മുഴുവൻ നിയമനവും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ കീഴിൽതന്നെ കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി ആയിരത്തിലധികം ഉദ്യോഗാർത്ഥികൾക്ക് റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനം നൽകിയിട്ടുണ്ട്. അതിൽ പിന്നാക്ക പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റിസർവേഷനിലൂടെ ജോലി ലഭിക്കുന്നുവെന്നത് ഏറ്റവും വലിയ പ്രത്യേകതയാണ്. അത് കേരളത്തിന്റെ ഒരു പ്രത്യേകതയായിത്തന്നെ കാണേണ്ടതാണ്. അവിടെ നിയമിക്കുന്ന ഏകദേശം ആയിരത്തിലധികം ആളുകളിൽ നല്ലൊരു ശതമാനവും എസ്.സി./എസ്.ടി വിഭാഗങ്ങളിൽനിന്നാണ്. അവിടെയും ചില പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കാരണം

അമ്പലങ്ങളിലെ പൂജാരിമാരായി എസ്.സി./എസ്.ടി. പിന്നാക്ക വിഭാഗങ്ങൾ വരികയാണ്. അതിനോട് സമൂഹം പൂർണ്ണമായും ഉൾക്കൊള്ളുന്നില്ല. അതെന്തുകൊണ്ടാണെന്ന് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അടുത്തകാലത്താണ് തമിഴ്നാട്ടിൽ സ്ത്രീകൾ പൂജാരികളായി മാറുന്ന സ്ഥിതിയുണ്ടായത്. കയ്യടിക്കേണ്ട, ഇവിടെ അത് നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളുണ്ട്. സ്ത്രീകളെ പൂജാരികളാക്കണമെന്ന വാദം ശക്തമായി മുന്നോട്ട് വരുന്നുണ്ട്. ശബരിമല മേൽശാന്തി നിയമനവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനിൽ തമിഴ് ബ്രാഹ്മണർ എന്നാണ് വന്നത്. അങ്ങനെ പാടില്ലെന്ന് പല സംഘടനകളും ആവശ്യപ്പെടുന്നുണ്ട്. നിലവിലുള്ള കാര്യങ്ങൾ പെട്ടെന്ന് മാറ്റുന്നത് വലിയ രീതിയിലുള്ള വിവാദങ്ങളിലേയ്ക്ക് പോകുകയാണ്. കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് നാം അവകാശപ്പെടാറുണ്ട്. മഹാരാഷ്ട്രയിൽ 600 കൊല്ലമായി സ്ത്രീകൾക്ക് പ്രവേശനമില്ലാത്ത സ്ഥലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി അനുവാദം നൽകിയപ്പോൾ അവരത് നല്ലതുപോലെ സ്വീകരിക്കുകയാണ് ചെയ്തത്. എന്നാൽ ഇവിടത്തെ സ്ഥിതി വ്യത്യസ്തമാണ്. കേരളത്തിൽ ഒരുപാട് മാതൃക സൃഷ്ടിച്ചവരാണെന്ന് പറയുമ്പോഴും ചില കാര്യങ്ങളിൽ ഇപ്പോഴും ഉൾക്കൊള്ളാൻ കഴിയിന്നില്ല. എന്നുകൂടി മനസ്സിലാക്കി ഗവൺമെന്റ് വിവാദത്തിലേയ്ക്ക് പോകുന്നില്ല. സാമൂഹ്യ മാറ്റംവേണം, എല്ലാപേർക്കും തുല്യത വേണം എന്ന കാര്യത്തിൽ ഉറച്ചുനിൽക്കുമ്പോഴും അനാവശ്യ വിവാദങ്ങളിലേയ്ക്ക് വഴുതിവീഴാൻ ഗവൺമെന്റ് തയ്യാറല്ല എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ആവശ്യമായി വരുന്ന സന്ദർഭത്തിൽ അക്കാര്യത്തിൽ ഇടപെട്ട് പോകാൻ കഴിയും. ദേവസ്വം വകുപ്പ് കേരളത്തിലെ പ്രധാനപ്പെട്ട വകുപ്പാക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തിൽ എല്ലാപേരുടെയും സഹായ സഹകരണങ്ങളും പിന്തുണയുമുണ്ടാകണമെന്നാണഭ്യർത്ഥിക്കാനുള്ളത്. അനാവശ്യ വിവാദങ്ങൾ ഒഴിവാക്കാം, ക്രിയേറ്റീവായി കാര്യങ്ങൾ ചിന്തിക്കാം. ആ രീതിയിൽ കേരളത്തിൽ ഇനിയും ഒരുപാട് സാദ്ധ്യതകൾ ഉണ്ടാക്കിയെടുക്കാൻ കഴിയും. ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയണം. തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രമായ ഗുരുവായൂർ ക്ഷേത്രത്തെ 'ടെമ്പിൾ സിറ്റി ഓഫ് കേരള' എന്ന രീതിയിലേയ്ക്ക് ഉയർത്തിയെടുക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്താൻ കഴിയണം. ചോറ്റാനിക്കര ക്ഷേത്രം, ശബരിമല ക്ഷേത്രം തുടങ്ങിയ വിവിധ പ്രധാനപ്പെട്ട ക്ഷേത്രങ്ങളുമായി ലിങ്ക് ചെയ്ത് പിൽഗ്രിം ടൂറിസം വർദ്ധിപ്പിക്കാൻ കഴിയണം. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം എന്ന വാക്ക് പറയുന്നതിനോട് താൽപ്പര്യമില്ല, എന്നാൽ കേന്ദ്രഗവൺമെന്റ് അങ്ങനെ പറയുന്നുണ്ട്. കേന്ദ്ര ടൂറിസം ഡിപ്പാർട്ടുമെന്റ് ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി എകദേശം 99 കോടി രൂപ ടൂറിസവുമായി ബന്ധപ്പെട്ട് നൽകാൻ തയ്യാറായിട്ടുണ്ട്. കേരളത്തിന്റെ സാദ്ധ്യത ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. ഇതര

സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഭക്തർക്ക് എറ്റവും നല്ല സൗകര്യങ്ങൾ ക്ഷേത്രങ്ങളിൽ ഒരുക്കിക്കൊടുക്കാൻ കഴിയണം. അങ്ങനെ ഈ രംഗത്ത് വലിയ രീതിയിലുള്ള ഉയർച്ചയുണ്ടാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അതിന് എല്ലാപേരുടെയും സഹായസഹകരണവും പിന്തുണയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല, ഇത് മെയിൻ ഡിമാൻഡുകളിൽ വരുന്നതല്ലെങ്കിൽപ്പോലും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ V

### ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

മി. സ്പീക്കർ: സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. പി. എ. മജീദ്, പി. കെ. ബഷീർ, ടി. വി. ഇബ്രാഹിം, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, പി. സി. വിഷ്ണുനാഥ്, എ. പി. അനിൽ കുമാർ, കെ. ബാബു (തൃപ്പൂണിത്തുറ), നജീബ് കാന്തപുരം, എൻ. എ. നെല്ലിക്കുന്ന്, പി. കെ. കുഞ്ഞാലിക്കുട്ടി, എൻ. ഷംസുദ്ദീൻ, സണ്ണി ജോസഫ്, പി. ഉബൈദുള്ള, പി. അബ്ദുൽ ഹമീദ്, എ. കെ. എം. അഷ്റഫ്, കുറുക്കോളി മൊയ്തീൻ, റോജി എം. ജോൺ, സി. ആർ. മഹേഷ്, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, ടി. സിദ്ദിഖ്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ

23. ശ്രീമതി കാനത്തിൽ ജമീല

24. ശ്രീ. ജി. എസ്. ജയലാൽ

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. യു. ജനീഷ് കുമാർ

27. ശ്രീ. ജോബ് മൈക്കിൾ

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. കെ. കൃഷ്ണൻകുട്ടി

31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

33. ശ്രീ. കോവൂർ കുഞ്ഞുമോൻ

34. ശ്രീ. ലിന്റോ ജോസഫ്

35. ശ്രീ. ടി. ഐ. മധുസൂദനൻ

36. ശ്രീ. പി. മമ്മിക്കുട്ടി

37. ശ്രീ. എം. എം. മണി

38. ശ്രീ. മാത്യു. ടി. തോമസ്

39. ശ്രീ. കെ. ജെ. മാക്സി

40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

41. ശ്രീ. കെ. പി. മോഹനൻ

42. ശ്രീ. എ. സി. മൊയ്തീൻ

43. ശ്രീ. എം. മുകേഷ്

44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി

46. ശ്രീ. മുരളി പെരുനെല്ലി

47. ശ്രീ. പി. നന്ദകുമാർ

48. ശ്രീ. എം. നൗഷാദ്

49. ശ്രീ. എ. പ്രഭാകരൻ

50. ശ്രീ. പ്രമോദ് നാരായൺ

51. ശ്രീ. പി. പ്രസാദ്

52. ശ്രീ. വി. കെ. പ്രശാന്ത്

53. ശ്രീ. കെ. ഡി. പ്രസേനൻ

54. ശ്രീമതി യു. പ്രതിഭ

55. ശ്രീ. കെ. പ്രേംകുമാർ

56. ശ്രീ. കെ. രാധാകൃഷ്ണൻ

57. ശ്രീ. പി. ടി. എ. റഹീം

58. ശ്രീ. എ. രാജ

59. ശ്രീ. എം. രാജഗോപാലൻ

60. ശ്രീ. കെ. രാജൻ

61. ശ്രീ. പി. രാജീവ്

62. ശ്രീ. കെ. കെ. രാമചന്ദ്രൻ

63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

64. ശ്രീ. ടി. പി. രാമകൃഷ്ണൻ

65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

66. ശ്രീ. റോഷി അഗസ്റ്റിൻ

67. ശ്രീ. കെ. എം. സച്ചിൻദേവ്

68. ശ്രീ. സജി ചെറിയാൻ

69. ശ്രീ. എച്ച്. സലാം

70. ശ്രീമതി ശാന്തകുമാരി കെ.

71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശി
73. ശ്രീ. ഐ. ബി. സതീഷ്
74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. എ. എൻ. ഷംസീർ
77. ശ്രീ. വാഴൂർ സോമൻ
78. ശ്രീ. പി. വി. ശ്രീനിജിൻ
79. ശ്രീ. ജി. സ്റ്റീഫൻ
80. ഡോ. സുജിത് വിജയൻപിള്ള
81. ശ്രീ. കെ. വി. സുമേഷ്
82. ശ്രീ. പി. പി. സുമോദ്
83. ശ്രീ. വി. ആർ. സുനിൽ കുമാർ
84. ശ്രീ. പി. എസ്. സുപാൽ
85. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
86. ശ്രീ. തോമസ് കെ. തോമസ്
87. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
88. ശ്രീ. വി. എൻ. വാസവൻ
89. ശ്രീമതി വീണാ ജോർജ്ജ്
90. ശ്രീ. ഇ. കെ. വിജയൻ
91. ശ്രീ. പിണറായി വിജയൻ
92. ശ്രീ. എം. വിജിൻ
93. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. സി. ആർ. മഹേഷ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 93

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ VI

### ഭൂനികുതി

മി. സ്പീക്കർ: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, സനീഷ്കുമാർ ജോസഫ്, എ. കെ. എം. അഷ്റഫ്, സജീവ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, സി. ആർ മഹേഷ്, പി. അബ്ദുൽ ഹമീദ്, പി. ഉബൈദുള്ള, പി. കെ. കുഞ്ഞാലിക്കുട്ടി, ടി. വി. ഇബ്രാഹിം, കെ. പി. എ. മജീദ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അൻവർ സാദത്ത്, തിരുവഞ്ചൂർ

രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, റോജി എം. ജോൺ, സണ്ണി ജോസഫ്, ടി. ജെ. വിനോദ്, പി. സി. വിഷ്ണുനാഥ്, ഷാഫി പറമ്പിൽ, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ VI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു

9. ശ്രീ. എം. എസ്. അരുൺ കുമാർ

10. ശ്രീമതി സി. കെ. ആശ

11. ശ്രീ. കെ. ബാബു (നെന്മാറ)

12. ശ്രീ. പി. ബാലചന്ദ്രൻ

13. ശ്രീ. കെ. എൻ. ബാലഗോപാൽ

14. ഡോ. ആർ. ബിന്ദു

15. ശ്രീ. ഇ. ചന്ദ്രശേഖരൻ

16. ശ്രീമതി ജെ. ചിഞ്ചുറാണി

17. ശ്രീ. പി. പി. ചിത്തരഞ്ജൻ

18. ശ്രീമതി ദെലീമ

19. ശ്രീ. ചിറ്റയം ഗോപകുമാർ

20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

21. ശ്രീ. സി. കെ. ഹരീന്ദ്രൻ

22. ഡോ. കെ. ടി. ജലീൽ

23. ശ്രീമതി കാനത്തിൽ ജമീല

24. ശ്രീ. ജി. എസ്. ജയലാൽ

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. യു. ജനീഷ് കുമാർ

27. ശ്രീ. ജോബ് മൈക്കിൾ

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. കെ. കൃഷ്ണൻകുട്ടി

31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു. ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
41. ശ്രീ. കെ. പി. മോഹനൻ
42. ശ്രീ. എ. സി. മൊയ്തീൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ

55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ
69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശി
73. ശ്രീ. ഐ. ബി. സതീഷ്
74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. എ. എൻ. ഷംസീർ
77. ശ്രീ. വാഴൂർ സോമൻ

78. ശ്രീ. പി. വി. ശ്രീനിജിൻ

79. ശ്രീ. ജി. സ്റ്റീഫൻ

80. ഡോ. സുജിത് വിജയൻപിള്ള

81. ശ്രീ. കെ. വി. സുമേഷ്

82. ശ്രീ. പി. പി. സുമോദ്

83. ശ്രീ. വി. ആർ. സുനിൽ കുമാർ

84. ശ്രീ. പി. എസ്. സുപാൽ

85. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

86. ശ്രീ. തോമസ് കെ. തോമസ്

87. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

88. ശ്രീ. വി. എൻ. വാസവൻ

89. ശ്രീമതി വീണാ ജോർജ്ജ്

90. ശ്രീ. ഇ. കെ. വിജയൻ

91. ശ്രീ. പിണറായി വിജയൻ

92. ശ്രീ. എം. വിജിൻ

93. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. സി. ആർ. മഹേഷ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 93

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XI

### ജില്ലാഭരണവും പലവകയും

മി. സ്പീക്കർ: സർവ്വശ്രീ പി. ഉബൈദുള്ള, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, ടി. വി. ഇബ്രാഹിം, റോജി എം. ജോൺ, പി. കെ. ബഷീർ, ഷാഫി പറമ്പിൽ, എ. കെ. എം. അഷ്റഫ്, പി. കെ. കുഞ്ഞാലിക്കുട്ടി, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, ടി. സിദ്ദിഖ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, എ. പി. അനിൽ കുമാർ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, കെ. ബാബു (തൃപ്പൂണിത്തുറ), സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി

17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു. ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

41. ശ്രീ. കെ. പി. മോഹനൻ
42. ശ്രീ. എ. സി. മൊയ്തീൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ

65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

66. ശ്രീ. റോഷി അഗസ്റ്റിൻ

67. ശ്രീ. കെ. എം. സച്ചിൻദേവ്

68. ശ്രീ. സജി ചെറിയാൻ

69. ശ്രീ. എച്ച്. സലാം

70. ശ്രീമതി ശാന്തകുമാരി കെ.

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. വി. ശശി

73. ശ്രീ. ഐ. ബി. സതീഷ്

74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. എ. എൻ. ഷംസീർ

77. ശ്രീ. വാഴൂർ സോമൻ

78. ശ്രീ. പി. വി. ശ്രീനിജിൻ

79. ശ്രീ. ജി. സ്റ്റീഫൻ

80. ഡോ. സുജിത് വിജയൻപിള്ള

81. ശ്രീ. കെ. വി. സുമേഷ്

82. ശ്രീ. പി. പി. സുമോദ്

83. ശ്രീ. വി. ആർ. സുനിൽ കുമാർ

84. ശ്രീ. പി. എസ്. സുപാൽ

85. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

86. ശ്രീ. തോമസ് കെ. തോമസ്

87. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

88. ശ്രീ. വി. എൻ. വാസവൻ

89. ശ്രീമതി വീണാ ജോർജ്ജ്

90. ശ്രീ. ഇ. കെ. വിജയൻ

91. ശ്രീ. പിണറായി വിജയൻ

92. ശ്രീ. എം. വിജിൻ

93. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )

8. ശ്രീ. പി. കെ. ബഷീർ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. സി. ആർ. മഹേഷ്

13. ശ്രീ. കെ. പി. എ. മജീദ്

14. ഡോ. മാത്യൂ കുഴൽനാടൻ

15. ശ്രീ. കുറുക്കോളി മൊയ്തീൻ

16. ശ്രീ. മോൻസ് ജോസഫ്

17. ഡോ. എം. കെ. മുനീർ

18. ശ്രീ. നജീബ് കാന്തപുരം

19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

20. ശ്രീ. ഉമ്മൻ ചാണ്ടി

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 93

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXI

### ഭവനനിർമ്മാണം

മി. സ്പീക്കർ: സർവ്വശ്രീ ടി. വി. ഇബ്രാഹിം, പി. കെ. കുഞ്ഞാലിക്കുട്ടി, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, അൻവർ സാദത്ത്, പി. അബ്ദുൽ ഹമീദ്, എൻ. ഷംസുദ്ദീൻ, കെ. പി. എ. മജീദ്, പി. ഉബൈദുള്ള, എ. കെ. എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, ഷാഫി പറമ്പിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോജി എം. ജോൺ, എ. പി. അനിൽ കുമാർ, ടി. സിദ്ദിഖ്, സജീവ് ജോസഫ്, സണ്ണി ജോസഫ്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക

5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു. ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
41. ശ്രീ. കെ. പി. മോഹനൻ
42. ശ്രീ. എ. സി. മൊയ്തീൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്

53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ
69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശി
73. ശ്രീ. ഐ. ബി. സതീഷ്
74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. എ. എൻ. ഷംസീർ

77. ശ്രീ. വാഴൂർ സോമൻ
78. ശ്രീ. പി. വി. ശ്രീനിജിൻ
79. ശ്രീ. ജി. സ്റ്റീഫൻ
80. ഡോ. സുജിത് വിജയൻപിള്ള
81. ശ്രീ. കെ. വി. സുമേഷ്
82. ശ്രീ. പി. പി. സുമോദ്
83. ശ്രീ. വി. ആർ. സുനിൽ കുമാർ
84. ശ്രീ. പി. എസ്. സുപാൽ
85. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
86. ശ്രീ. തോമസ് കെ. തോമസ്
87. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
88. ശ്രീ. വി. എൻ. വാസവൻ
89. ശ്രീമതി വീണാ ജോർജ്ജ്
90. ശ്രീ. ഇ. കെ. വിജയൻ
91. ശ്രീ. പിണറായി വിജയൻ
92. ശ്രീ. എം. വിജിൻ
93. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. സി. ആർ. മഹേഷ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്
26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 93

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVI

## പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്

മി. സ്പീക്കർ: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, എ. കെ. എം. അഷ്റഫ്, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, പി. ഉബൈദുള്ള, പി. കെ. കുഞ്ഞാലിക്കുട്ടി, നജീബ് കാന്തപുരം, ടി. വി. ഇബ്രാഹിം, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, എ. പി. അനിൽ കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഷാഫി പറമ്പിൽ, സണ്ണി ജോസഫ്, അൻവർ സാദത്ത്, ടി. സിദ്ദിഖ്, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, സി. ആർ. മഹേഷ്, റോജി എം. ജോൺ, സനീഷ്കുമാർ ജോസഫ്, ടി. ജെ. വിനോദ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ

പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ

19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു. ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
41. ശ്രീ. കെ. പി. മോഹനൻ
42. ശ്രീ. എ. സി. മൊയ്തീൻ
43. ശ്രീ. എം. മുകേഷ്

44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ

69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.
71. ശ്രീ. എ. കെ. ശശീന്ദ്രൻ
72. ശ്രീ. വി. ശശി
73. ശ്രീ. ഐ. ബി. സതീഷ്
74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. എ. എൻ. ഷംസീർ
77. ശ്രീ. വാഴൂർ സോമൻ
78. ശ്രീ. പി. വി. ശ്രീനിജിൻ
79. ശ്രീ. ജി. സ്റ്റീഫൻ
80. ഡോ. സുജിത് വിജയൻപിള്ള
81. ശ്രീ. കെ. വി. സുമേഷ്
82. ശ്രീ. പി. പി. സുമോദ്
83. ശ്രീ. വി. ആർ. സുനിൽ കുമാർ
84. ശ്രീ. പി. എസ്. സുപാൽ
85. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
86. ശ്രീ. തോമസ് കെ. തോമസ്
87. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
88. ശ്രീ. വി. എൻ. വാസവൻ
89. ശ്രീമതി വീണാ ജോർജ്ജ്
90. ശ്രീ. ഇ. കെ. വിജയൻ
91. ശ്രീ. പിണറായി വിജയൻ
92. ശ്രീ. എം. വിജിൻ
93. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. സി. ആർ. മഹേഷ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 93

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVIII

### പലവക സാമ്പത്തിക സർവ്വീസുകൾ

മി. സ്പീക്കർ: സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, നജീബ് കാന്തപുരം, പി. അബ്ദുൽ ഹമീദ്, ടി. വി. ഇബ്രാഹിം, എ. കെ. എം. അഷ്റഫ്, പി. കെ. കുഞ്ഞാലിക്കുട്ടി, അൻവർ സാദത്ത്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, പി. കെ. ബഷീർ, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, എ. പി. അനിൽ കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ), സണ്ണി ജോസഫ്, ഷാഫി പറമ്പിൽ, സജീവ് ജോസഫ്, റോജി എം. ജോൺ, സി. ആർ. മഹേഷ്, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺ കുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ

16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു. ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
41. ശ്രീ. കെ. പി. മോഹനൻ

42. ശ്രീ. എ. സി. മൊയ്തീൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. പി. പ്രസാദ്
52. ശ്രീ. വി. കെ. പ്രശാന്ത്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്

68. ശ്രീ. സജി ചെറിയാൻ

69. ശ്രീ. എച്ച്. സലാം

70. ശ്രീമതി ശാന്തകുമാരി കെ.

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. വി. ശശി

73. ശ്രീ. ഐ. ബി. സതീഷ്

74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. എ. എൻ. ഷംസീർ

77. ശ്രീ. വാഴൂർ സോമൻ

78. ശ്രീ. പി. വി. ശ്രീനിജിൻ

79. ശ്രീ. ജി. സ്റ്റീഫൻ

80. ഡോ. സുജിത് വിജയൻപിള്ള

81. ശ്രീ. കെ. വി. സുമേഷ്

82. ശ്രീ. പി. പി. സുമോദ്

83. ശ്രീ. വി. ആർ. സുനിൽ കുമാർ

84. ശ്രീ. പി. എസ്. സുപാൽ

85. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

86. ശ്രീ. തോമസ് കെ. തോമസ്

87. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

88. ശ്രീ. വി. എൻ. വാസവൻ

89. ശ്രീമതി വീണാ ജോർജ്ജ്

90. ശ്രീ. ഇ. കെ. വിജയൻ

91. ശ്രീ. പിണറായി വിജയൻ

92. ശ്രീ. എം. വിജിൻ

93. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. ജെ. ജോസഫ്
12. ശ്രീ. സി. ആർ. മഹേഷ്
13. ശ്രീ. കെ. പി. എ. മജീദ്
14. ഡോ. മാത്യു കുഴൽനാടൻ
15. ശ്രീ. കുറുക്കോളി മൊയ്തീൻ
16. ശ്രീ. മോൻസ് ജോസഫ്
17. ഡോ. എം. കെ. മുനീർ
18. ശ്രീ. നജീബ് കാന്തപുരം
19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
20. ശ്രീ. ഉമ്മൻ ചാണ്ടി
21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
22. ശ്രീ. രമേശ് ചെന്നിത്തല
23. ശ്രീമതി കെ. കെ. രമ
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ
27. ശ്രീ. സനീഷ്കുമാർ ജോസഫ്
28. ശ്രീ. വി. ഡി. സതീശൻ
29. ശ്രീ. ഷാഫി പറമ്പിൽ
30. ശ്രീ. ടി. സിദ്ദിഖ്
31. ശ്രീ. സണ്ണി ജോസഫ്
32. ശ്രീ. പി. ടി. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്.

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 93

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ......... ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ 29-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.56-ന് പിരിഞ്ഞു.)

## അനുബന്ധം

### സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച 4(*123)-ന്റെ (ഡി) ഉത്തരത്തിന് മുഖ്യമന്ത്രി നൽകിയ വിശദീകരണം

ഡ്രോൺ സാങ്കേതികവിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ചും പഠിക്കുകയെന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്നു. Unmanned Arial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന കേന്ദ്രമാക്കി മാറ്റാൻ ഇതുവഴി സാധിക്കും. ഡ്രോണുകളുടെ ദുരുപയോഗം കണക്കിലെടുത്ത്, അവയുടെ സഞ്ചാരപഥവും മറ്റുവിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായിക്കുന്ന ഡ്രോൺ ഫോറൻസിക് ലാബ് ആരംഭിക്കും. ഡാർക്ക് നെറ്റ് മോണിറ്ററിംഗ് ടൂൾ ഡാർക്ക് നെറ്റ് വഴി മയക്കുമരുന്ന് കടത്ത്, ഭീകരവാദ പ്രവർത്തനങ്ങൾ, ചൈൽഡ് പോണോഗ്രാഫി, റാൻസംവെയർ/മാൽവെയർ അറ്റാക്ക് തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങളും തടയേണ്ടത് അനിവാര്യമാണ്. റിസർച്ച് & അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസിനുവേണ്ടി ഒരു ബേസിക് ടൂൾ ഡെവലപ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്കുപുറമെ ഈ ടൂളിനോടുകൂടി കൂടുതൽ ഫീച്ചർ ഉൾപ്പെടുത്തിയുള്ള ടൂൾ ഡെവലപ്മെന്റ്, ' Hac-KP 2021-ന്റെ ഭാഗമായി നടന്നുവരുന്നു. വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം - സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിലുള്ള അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും കുട്ടികളെ വിദഗ്ധ കൗൺസലിംഗിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കംചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.